## സഞ്ചിക
## 1

INTERNATIONAL
CONGRESS ON
KERALA STUDIES

അഞ്ചാം അന്താരാഷ്ട്ര
കേരള പഠനകോൺഗ്രസ്

# നവകേരളകാലത്തെ ഭരണനിർവഹണം
## ദ്വിദിന സെമിനാർ

**2023 ജൂലൈ 29-30 • ഗവ. വിമൻസ് കോളേജ്**
തിരുവനന്തപുരം

**എ.കെ.ജി. പഠനഗവേഷണകേന്ദ്രം • തിരുവനന്തപുരം**
കാട്ടായിക്കോണം വി ശ്രീധർ പഠനഗവേഷണ കേന്ദ്രം, തിരുവനന്തപുരം

# ആമുഖം

കേരളം ഇന്നു നേരിടുന്ന വികസന വെല്ലുവിളികളെ നേരിടാൻ ഒരു ജനകീയ അജണ്ട രൂപീകരിക്കുകയാണ് അന്തർദേശീയ കേരള പഠന കോൺഗ്രസുകളിലെ ജനകീയ വികസന സംവാദത്തിന്റെ ലക്ഷ്യം. 1994-ൽ ഇഎംഎസ് ആണ് ഒന്നാമത് സമ്മേളനം വിളിച്ചു ചേർത്തത്. തുടർന്ന് 2005, 2011, 2015 എന്നിങ്ങനെ മൂന്ന് പഠന കോൺഗ്രസുകൾ കൂടി നടന്നു. ഇവയ്ക്കു വ്യക്തമായ ഒരു ലക്ഷ്യബോധം ഉണ്ടായിരുന്നു.

ഐക്യകേരള രൂപീകരണ കാലത്ത് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം രൂപം നൽകിയ വികസന അജണ്ടയുടെ ചാലുകളിലൂടെയാണ് പൊതുവിൽ പറഞ്ഞാൽ കേരളം മുന്നോട്ടു പോയത്. കൂലി വർദ്ധിച്ചു. ഭൂപരിഷ്കരണം നടന്നു. ജനങ്ങൾക്ക് വിദ്യാഭ്യാസവും ആരോഗ്യവും സാമൂഹ്യസുരക്ഷയും ഉറപ്പുവരുത്തി. എന്നാൽ ഈ നേട്ടങ്ങൾ പുതിയ വികസന വെല്ലുവിളികൾ ഉയർത്തി. സംസ്ഥാനത്തെ ഉല്പാദന വളർച്ചയിൽ ഗണ്യമായ കുതിച്ചുചാട്ടം സൃഷ്ടിക്കണം. സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തണം. പശ്ചാത്തലസൗകര്യങ്ങളിലെ കുറവു പരിഹരിക്കണം. അഭ്യസ്തവിദ്യർക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കണം. ഇതിനൊരു പുതിയ അജണ്ട വേണം.

രാജ്യത്ത് ഇന്ന് പിന്തുടരുന്ന നിയോലിബറൽ നയങ്ങൾക്ക് ബദലായി ഉയർത്തുന്ന അജണ്ട നടപ്പാക്കുന്നതിൽ സംസ്ഥാന സർക്കാരിന് നിർണ്ണായക പങ്കുണ്ടാകും. കൂടുതൽ സജീവമായി സർക്കാർ വികസന മേഖലകളിൽ ഇടപെട്ടുകൊണ്ടേ ബദൽ വിജയിപ്പിക്കാനാകൂ. നിയോലിബറൽ സർക്കാരിനു ബദലായി ജനകീയ സർക്കാരാണ് നമുക്കു വേണ്ടത്. ഈയൊരു സാഹചര്യത്തിൽ ഭരണയന്ത്രത്തിന്റെ മികവും കാര്യക്ഷമതയും ഉയർത്തുന്നതിനു വേണ്ടിയുള്ള പരിഷ്കാരങ്ങൾക്ക് വളരെയേറെ പ്രാധാന്യമുണ്ട്.

ഈ പശ്ചാത്തലത്തിലാണ് 2024-ൽ നടക്കാൻ പോകുന്ന അഞ്ചാം അന്തർദേശീയ കേരള പഠന കോൺഗ്രസിന്റെ മുന്നോടിയായി "നവകേരള കാലത്തെ ഭരണ നിർവ്വഹണം" എന്ന സെമിനാർ സംഘടിപ്പിക്കുന്നത്. ഇതുപോലെ 20 അനുബന്ധ സെമിനാറുകൾ സംഘടിപ്പിക്കാൻ പരിപാടിയുണ്ട്. ഇവയിൽ പൊതുവിദ്യാഭ്യാസം, കാർഷിക മേഖല, ധനകാര്യ നയം എന്നിവയെക്കുറിച്ചുള്ള സെമിനാറുകൾ നടന്നു

കഴിഞ്ഞു. ഈ സെമിനാർ പരമ്പരയിൽ നാലാമത്തേതാണ് "നവകേരള കാലത്തെ ഭരണനിർവ്വഹണം".

പണ്ഡിതർ, വിദഗ്ദർ, നയകർത്താക്കൾ, ജീവനക്കാർ, സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകർ തുടങ്ങി ആയിരത്തിലേറെ പ്രതിനിധികൾ ഈ സെമിനാറിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. അനുബന്ധ സെമിനാറുകളിലെല്ലാംകൂടി 25000 പേർ പങ്കാളികളാകും. തുടർച്ച മാത്രമല്ല വിപുലമായ പങ്കാളിത്തവും അന്തർദേശീയ കേരള പഠന കോൺഗ്രസിന്റെ പ്രത്യേകതയാണ്.

കേരളത്തിലെ ഇടതുപക്ഷ വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിൽ മുകളിൽ സൂചിപ്പിച്ച തുടർച്ചയായ സംവാദം വലിയ സംഭാവന നൽകിയിട്ടുണ്ട്. കേരളത്തിൽ ഇടതുപക്ഷം മുൻകൈയെടുത്ത ഭരണപരിഷ്കാര നടപടികളെ മുൻകാല കോൺഗ്രസുകൾ ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ട്. ഇവ സംബന്ധിച്ച് ഒരു കുറിപ്പ് ഈ സമാഹാരത്തിൽ പ്രത്യേകമായി നൽകിയിട്ടുണ്ട്. ഭരണപരിഷ്കാര നടപടികൾ ത്വരിതപ്പെടുത്താനുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഞങ്ങൾ ഈ സെമിനാറിൽ നിന്നു പ്രതീക്ഷിക്കുന്നു.

ഇതൊരു തുറന്ന സെമിനാറാണ്. എന്നുവച്ചാൽ ഏതൊരാൾക്കും പ്രബന്ധങ്ങൾ അയച്ചുതരാം. രജിസ്റ്റർ ചെയ്ത് ചർച്ചകളിൽ പങ്കെടുക്കാം. ലഭിച്ചിട്ടുള്ള പ്രബന്ധങ്ങളിൽ നിന്നും കുറിപ്പുകളിൽ നിന്നും ഒന്നുപോലും അക്കാദമിക് കമ്മിറ്റി ഉപേക്ഷിക്കുകയുണ്ടായില്ല. ഞങ്ങൾക്കു ലഭിച്ച 250 ഓളം പ്രബന്ധങ്ങളുടെ സംഗ്രഹങ്ങളാണ് ഒന്നാം വാല്യത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ബാക്കിയുള്ള പ്രബന്ധങ്ങൾ രണ്ടാം വാല്യത്തിൽ ഉൾപ്പെടുത്തും. പ്രബന്ധങ്ങളുടെ പൂർണ്ണരൂപം പിന്നീട് പഠന കോൺഗ്രസ് വെബ്സൈറ്റിൽ നൽകുന്നതാണ്.

ഈ അഭിപ്രായക്കുറിപ്പുകൾ നൽകി ഞങ്ങളെ സഹായിച്ചതിനും ഫലവത്തായ ചർച്ചകൾക്കുള്ള തയ്യാറെടുപ്പിന് ഏവരെയും സഹായിച്ചതിനും എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയാണ്.

2023 ജൂലൈ 29-31 തീയതികളിൽ തിരുവനന്തപുരം വിമൻസ് കോളേജിൽവച്ച് നടക്കുന്ന "നവകേരള കാലത്തെ ഭരണനിർവ്വഹണം" എന്ന സെമിനാറിന്റെ സംഘാടനത്തിനു ചുക്കാൻ പിടിക്കുന്നത് രണ്ട് സമിതികളുണ്ട്. ഒന്ന്, എകെജി പഠന ഗവേഷണ കേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഭരണനിർവ്വഹണ സെമിനാർ അക്കാദമിക് കമ്മിറ്റിയാണ്. ശ്രീ. എസ്.എം. വിജയാനന്ദ് ചെയർമാനും, ഡോ. സി. മോഹനചന്ദ്രൻ കൺവീനറുമാണ്. ഇവരെ സഹായിക്കുന്നതിന് വി.ജി. മനമോഹൻ, ഇ. ശിവരാമകൃഷ്ണൻ, പി. കൃഷ്ണൻമാഷ്, സഞ്ജയൻ, എന്നിവരുടെ ചെറിയൊരു സെക്രട്ടറിയേറ്റ് എകെജി പഠന ഗവേഷണ കേന്ദ്രത്തിൽ പ്രവർത്തിക്കുന്നുണ്ട്.

രണ്ടാമത്തേത്, കാട്ടായിക്കോണം വി ശ്രീധർ പഠന ഗവേഷണ കേന്ദ്രത്തിനു കീഴിൽ പ്രവർത്തിക്കുന്ന അഡ്വ. വി. ജോയ് ചെയർമാനും, എം.എ. അജിത് കുമാർ കൺവീനറുമായുള്ള സംഘാടകസമിതിയാണ്. കഷ്ടിച്ചു രണ്ട് മാസംകൊണ്ടാണ് അവർ ഈ വിപുലമായ സെമിനാറിനു വേണ്ടുന്ന ഭൗതികസൗകര്യങ്ങൾ ഒരുക്കിയത്. സെമിനാർ വാല്യങ്ങൾക്കുള്ള പരസ്യങ്ങൾ നൽകി സഹായിച്ചവരോടും ഞങ്ങൾക്കു കടപ്പാടുണ്ട്.

മേൽപ്പറഞ്ഞ എല്ലാവരുടെയും കൂട്ടായ പ്രവർത്തനത്തിന്റെ വിജയമാണ് ഈ പ്രൗഢമായ പ്രബന്ധ സംഗ്രഹവും നടക്കാൻ പോകുന്ന സെമിനാറും. എകെജി പഠന ഗവേഷണ കേന്ദ്രം ഡയറക്ടർ എന്ന നിലയിൽ ഇവരോടെല്ലാമുള്ള കടപ്പാട് കൃതജ്ഞതയോടെ സ്മരിക്കുന്നു.

**ടി.എം. തോമസ് ഐസക്**
ഡയറക്ടർ
എകെജി പഠന ഗവേഷണ കേന്ദ്രം

# FOREWORD

Kerala's development experience is often called a "Model". Indeed it is a Model in matters like welfare, decentralization, functioning of Self Help Groups (SHGs) and so on. Of late, the State is endeavouring to move on from "welfare" to "care and compassion" reaching out to the poorest and the weakest aiming to leave none behind. This is the vision of "Nava Keralam".

It is ironical that Kerala cannot boast of a governance model other than Decentralization. It has had four Administrative Reforms Committees/ Commissions. The first and the third headed by the Chief Ministers themselves and fourth by a former Chief Minister. Yet one cannot see a concerted attempt to improve governance in a holistic manner.

In this background, the Seminar on the topic of "Governance for Nava Keralam" assumes special importance. It has been structured in a way to get multi stakeholder points of view from national level experts, professionals, senior policy makers, employees' organizations, trade unions and political leaders.

It has to be noted that Kerala has the largest number of Public Sector Undertakings (PSUs) as also Autonomous Bodies particularly in the social sector, administering them requires special priority. Any Government is judged by the quality of services it provides to its citizens and the services would be classified as follows:

- Administrative Services
- Regulatory Services

- Development Services
  - Human Development
  - Economic Development
- Welfare Services
- Care Services
- Environment Related Services

This Seminar attempts to address all of them and papers have been collected covering a wide range of topics.

It is hoped that the discussions in the Seminar would help in developing an Agenda for Good Governance for New Kerala, which is owned up by the political leadership, policy makers, officials and understood and pushed by its citizens through strong Public Action – as Good Governance is a precious Citizen Right in a democracy.

July 26, 2023

**S.M. Vijayanand**
*Former Chief Secretary, Government of Kerala*
*Chairman, Academic Committee*

# മുഖക്കുറിപ്പ്

രാജ്യത്ത് വികസന രംഗങ്ങളിൽ ഒന്നാം സ്ഥാനത്ത് നിലയുറപ്പിച്ച കേരളത്തിന്റെ മാനവ വികസന സൂചികകൾ വികസിത രാജ്യങ്ങളോട് തുലനം ചെയ്യാവുന്നവയാണ്. അടിസ്ഥാന സൗകര്യങ്ങളിലും സേവന ഗുണമേന്മയിലും തൊഴിൽ ലഭ്യതയിലും പാർശ്വവൽക്കരിക്കപ്പെട്ടവരെ മുഖ്യധാരയിൽ എത്തിക്കുന്നതിലും ഊന്നൽ നൽകി നവകേരള സൃഷ്ടിക്ക് സിവിൽ സർവീസും നവീകരിക്കപ്പെടേണ്ടതുണ്ട്. ജനാഭിലാഷത്തോടൊപ്പം ഉയരുകയും നിർമ്മിതബുദ്ധി അടക്കമുള്ള സാങ്കേതികവിദ്യാ വളർച്ചയെ സ്വാംശീകരിക്കുകയും ചെയ്ത് നവകേരള കാലത്തെ ഭരണ നിർവഹണം എന്ന ലക്ഷ്യത്തിലേക്കുള്ള ചർച്ചകൾ വിവിധ വിഷയ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ നടത്തുകയും ലീഡ് പേപ്പറുകളായും മികച്ച മാതൃകകളെ സംബന്ധിച്ചും ഇതര മേഖലകളിലും 25 വിഷയ മേഖലകളിൽ തയ്യാറാക്കപ്പെട്ട പ്രബന്ധങ്ങളുടെ അബ്സ്ട്രാക്റ്റുകളാണ് ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

പൊതു സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും വിവിധ വിഷയങ്ങൾ 15 സെഷനുകളിലായി ക്രമീകരിക്കുകയും എല്ലാ സർക്കാർ വകുപ്പുകളുടെയും പൊതുമേഖല സ്വയംഭരണ സ്ഥാപനങ്ങളുടെയും സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകളുടെയും നവീകരണത്തിൽ പരിശോധിക്കപ്പെടേണ്ട ക്രോസ് കട്ടിംഗ് വിഷയങ്ങൾ 10 സെഷനുകളിലൂടെ പരിശോധിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അവയുടെ അബ്സ്ട്രാക്ടുകളാണ് രണ്ടു വാല്യങ്ങളായി പ്രസിദ്ധീകരിക്കുന്നത്. അഞ്ചാമത് അന്താരാഷ്ട്ര പഠന കോൺഗ്രസിൽ ചർച്ച ചെയ്യപ്പെടേണ്ട വിഷയങ്ങൾ മുൻഗണനാക്രമത്തിൽ തയ്യാറാക്കുന്നതിന് ഇവയുടെ ആഴത്തിലുള്ള പരിശോധനയും വിശകലനവും സഹായിക്കും എന്ന് പ്രതീക്ഷിക്കുന്നു.

**ഡോ. എസ്.ആർ. മോഹനചന്ദ്രൻ**
കൺവീനർ
നവകേരളകാലത്തെ ഭരണനിർവ്വഹണം – സെമിനാർ
അക്കാദമിക് കമ്മിറ്റി

# ഉള്ളടക്കം


| | | |
|---|---|---|
| 1 | തദ്ദേശസ്വയംഭരണം<br>**ബിജി എസ്.എസ്.** | 23 |
| 2 | തദ്ദേശ ഭരണ വകുപ്പിലെ ഇ-സേവന സംവിധാനങ്ങൾ<br>**സതീഷ് കുമാർ** | 23 |
| 3 | തദ്ദേശസ്വയംഭരണത്തിൽ സാമൂഹ്യനീതിയും സാമ്പത്തികവികസനവും ഉറപ്പാക്കുന്നതിന് പ്രാദേശിക സർക്കാരുകളെ പ്രാപ്തമാക്കുന്നതിൽ അക്കൗണ്ടിംഗ് ഓഡിറ്റ് സംവിധാനങ്ങളുടെ പങ്ക് എന്ത്?<br>**സാങ്കി** | 24 |
| 4 | തദ്ദേശസ്വയംഭരണം – ഗ്രാമപഞ്ചായത്തുകളുടെ അതിർത്തി പുനഃസംഘടന<br>**ടി.എ. പ്രേമരാജൻ** | 25 |
| 5 | വികേന്ദ്രീകൃത ആസൂത്രണവും നിർവ്വഹണവും<br>**ഡോ. ബി. ശ്രീജിത്** | 26 |
| 6 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ - വിവരശേഖരണം | 27 |
| 7 | തിരുവനന്തപുരം നഗരസഭയുടെ ഓൺലൈൻ അധിഷ്ഠിത സെപ്റ്റേജ് ശേഖരണ-പരിപാലന സംവിധാനം<br>**അനൂപ് റോയി** | 28 |
| 8 | ജനകീയാസൂത്രണം- തദ്ദേശസ്ഥാപനങ്ങളുടെ വേറിട്ട മാതൃകകൾ | 29 |
| 9 | നൂതനവും അനുകരണീയവുമായ പ്രൊജക്ടുകൾ<br>**എസ്.എസ്. ബിജി** | 30 |
| 10 | സഹകരണ സ്ഥാപനങ്ങൾ (സംഘങ്ങൾ) – നിയമങ്ങളിൽ മാറ്റം അനിവാര്യം<br>**മാത്യു ജോസ് കെ.** | 30 |
| 11 | പോലീസ് – ക്രമസമാധാന മേഖല<br>**ഡോ. പി.എം. സലിം** | 31 |
| 12 | പോലീസ് വകുപ്പിന്റെ സേവനങ്ങൾ ജനസൗഹൃദമാക്കുന്നതിനുള്ള Kerala Administrative Reforms commission ന്റെ ശുപാർശയിന്മേലുള്ള പ്രായോഗിക നിർദ്ദേശങ്ങൾ<br>**സി.ജെ. ജോസഫ് പഠന ഗവേഷണ കേന്ദ്രം** | 32 |
| 13 | പോലീസ് വകുപ്പ് - കമ്മ്യൂണിറ്റി പോലീസ്<br>**ശ്രീജിത്ത് സി.എസ്.** | 33 |
| 14 | പോലീസ് വകുപ്പ്<br>**ശ്രീജിത്ത് സി.എസ്.** | 34 |

| | | |
|---|---|---|
| 15 | പോലീസ് വകുപ്പ് – ബെസ്റ്റ് പ്രാക്ടീസ്<br>**ദീപക് വിഷ്ണു പി.എസ്.** | 34 |
| 16 | പോലീസ് വകുപ്പ് - ഭാവിയിലെ പോലീസ്<br>**ഷെമി കൃഷ്ണ** | 35 |
| 17 | സ്റ്റുഡന്റ് പോലീസ്<br>**സുധാകരൻ പി.പി.** | 36 |
| 18 | ജനകീയ പോലീസ്<br>**ഷാജേഷ് എസ്.** | 37 |
| 19 | പോലീസ് വകുപ്പ് - ബെസ്റ്റ് പ്രാക്ടീസസ് - ജനമൈത്രി സുരക്ഷ<br>**ദീപക് വിഷ്ണു പി.എസ്.** | 37 |
| 20 | പോലീസ് - ഇതര വകുപ്പുകളുമായിട്ടുള്ള കമ്പ്യൂട്ടർ സംയോജനം<br>**മുഹമ്മദ് സാദിഖ് കെ.പി. & ജംഷീദ് പി.** | 38 |
| 21 | സ്റ്റുഡന്റ്സ് പോലീസിൽ നിന്നും സിറ്റിസൺ പോലീസിലേക്ക്<br>**സുധാകരൻ പി.പി.** | 39 |
| 22 | ജനമൈത്രി പോലീസ്<br>**ശ്രീജിത് സി.എസ്.** | 39 |
| 23 | പോലീസ് – ഭരണനിർവ്വഹണം<br>**ബിനോ ജയിംസ് ജോസഫ് & ഗിരീഷ് കുമാർ വി.എസ്.** | 40 |
| 24 | പോലിസ് വകുപ്പ് - ഭരണ നിർവ്വഹണവും നിലവിലുള്ള<br>മാനവ വിഭവ ശേഷിയുടെ ശരിയായ വിനിയോഗവും<br>**രാംകുമാർ എൻ.എസ്.** | 41 |
| 25 | രാസപരിശോധന സംവിധാനവും ആധുനിക സാങ്കേതികവിദ്യകളും<br>**മോഹനൻ എം.ജി.** | 41 |
| 26 | രാസപരിശോധനയും ഇൻവെസ്റ്റിഗേഷനും - Best Practice in Chemical Analysis<br>**സുധാകരൻ പി.പി.** | 42 |
| 27 | ഫിംഗർ പ്രിന്റ് ബ്യൂറോ<br>**അരവിന്ദ് എസ്.** | 42 |
| 28 | ജയിൽ വകുപ്പ്<br>**സുമന്ത് വി.എസ്.** | 43 |
| 29 | ജയിലുകളിലെ ആൾപ്പെരുപ്പം കുറയ്ക്കലും ജയിലിതര<br>ക്രിമിനൽ ജസ്റ്റിസ് സംവിധാനങ്ങളും: ഒരു കേരള മാതൃക<br>**സുബൈർ അരിക്കുളം കെ.എ.എസ്.** | 44 |
| 30 | സൈനിക ക്ഷേമ വകുപ്പ്<br>**സുരേഷ് കുമാർ ടി.** | 44 |
| 31 | ഫയർഫോഴ്സ്<br>**അശോക് കുമാർ** | 45 |
| 32 | റവന്യൂ വകുപ്പ് - മാതൃകാ പദ്ധതി - പട്ടയവിതരണം<br>**വേണുഗോപാൽ പി.** | 45 |
| 33 | സർവ്വേ വകുപ്പ്<br>**സബീർ എ.** | 46 |

| | | |
|---|---|---|
| 34 | 'എന്റെ ഭൂമി' ഡിജിറ്റൽ സർവെ പദ്ധതി<br>**പുഷ്പ ടി.പി.** | 47 |
| 35 | മാതൃകാ പ്രവർത്തനം സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്<br>ഫയൽ തീർപ്പാക്കൽ തീവ്രയത്ന പരിപാടി - 2019<br>**അജിത്ത് എസ്.** | 48 |
| 36 | നികുതി വകുപ്പ്<br>**നവനീത് കൃഷ്ണൻ എസ്.** | 49 |
| 37 | വാണിജ്യനികുതി വകുപ്പ്<br>**രഘുനാഥ് വി.ജി. & ശ്യാംകൃഷ്ണൻ** | 49 |
| 38 | വാണിജ്യ വകുപ്പ്<br>**അജിത്ത് പി.** | 50 |
| 39 | അഴിമതി രഹിത വാളയാർ – ഒരു മാതൃകാ ഇടപെടൽ<br>**ഷാഹുൽ ഹമീദ് കെ.** | 51 |
| 40 | രജിസ്ട്രേഷൻ - സേവനം<br>**ജ്യോതികുമാർ എം.** | 52 |
| 41 | രജിസ്ട്രേഷൻ വകുപ്പിന്റെ സേവനങ്ങൾ - ഒരു നവകേരള പരിപ്രേക്ഷ്യം<br>**ജ്യോതികുമാർ എം.** | 52 |
| 42 | രജിസ്ട്രേഷൻ വകുപ്പും സർക്കാർ വരുമാനവും - നൂതന മാർഗങ്ങൾ<br>**ജ്യോതികുമാർ എം.** | 54 |
| 43 | രജിസ്ട്രേഷൻ വകുപ്പ് - ഭൂമികൈമാറ്റത്തിലെ ആധികാരികതയും<br>സുതാര്യതയും വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ<br>**ജ്യോതികുമാർ എം.** | 55 |
| 44 | രജിസ്ട്രേഷൻ - ജനസൗഹൃദമായ സേവനം - വെല്ലുവിളികൾ<br>**ജോതികുമാർ എം.** | 56 |
| 45 | ഇൻഷ്വറൻസ് വകുപ്പ്<br>**സി.പി. സുരേഷ് & ശ്രീജുകുമാർ ബി.** | 57 |
| 46 | സിവിൽ സപ്ലൈസ് വകുപ്പ് - പൊതുജന സൗഹൃദമാക്കൽ,<br>കാര്യശേഷി വർദ്ധിപ്പിക്കൽ, ഗുണമേന്മ വർദ്ധിപ്പിക്കൽ<br>**വി. സുഭാഷ്** | 58 |
| 47 | സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്<br>**മായ എൻ. പിള്ള** | 59 |
| 48 | ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്<br>**ഗിരീഷ് കുമാർ** | 60 |
| 49 | മോട്ടോർ വാഹന വകുപ്പ്: സേവനം മെച്ചപ്പെടുത്തൽ, ജനസൗഹൃദ സേവനം ഉറപ്പാക്കൽ | 60 |
| 50 | ജലഗതാഗത വകുപ്പ്<br>**ജ്യോതീശ്വരൻ കെ.** | 61 |
| 51 | നവകേരള ഭരണ നിർവ്വഹണം<br>സംസ്ഥാന ജലഗതാഗത വകുപ്പ്<br>**ജ്യോതീശ്വരൻ കെ.** | 62 |

| | | |
|---|---|---|
| 52 | ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം<br>**ജെറോഷ് കുമാർ വി.** | 63 |
| 53 | തുറമുഖ വകുപ്പ് (കേരളാ മാരിടൈം ബോർഡ്)<br>**ജീവാനന്ദ് എം.** | 64 |
| 54 | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്<br>**ശ്രീജി എം.** | 65 |
| 55 | വനം - വന്യജീവി വകുപ്പ്<br>**സന്തോഷ് കുമാർ കെ.** | 66 |
| 56 | Forest: Man- Animal Conflict<br>**B.N. Nagaraj** | 66 |
| 57 | വനം വകുപ്പിൽ നേരിടുന്ന വെല്ലുവിളികൾ മറികടക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ<br>**സന്തോഷ് കുമാർ കെ.** | 67 |
| 58 | വനം – സർപ്പ കേരളം<br>**മുഹമ്മദ് അൻവർ വൈ.** | 68 |
| 59 | Sarpa: Initiative To Mitigate Snake Bite Casualties In Kerala<br>**Muhammed Anvar Y.** | 69 |
| 60 | വനം വകുപ്പ്<br>**ശ്രീലേഖ പി.റ്റി. & സന്തോഷ് കുമാർ കെ.** | 69 |
| 61 | 'പുനർജീവനം' – നിലനിൽപ്പിന്റെ അവസാന വിത്ത്<br>**പി.എം. പ്രഭു** | 70 |
| 62 | നവകേരള കാലത്തെ ഭരണ നിർവഹണം - മൃഗസംരക്ഷണ വകുപ്പ്<br>**ഡോ. റാണാരാജ് ബി.ആർ.** | 71 |
| 63 | കേരളത്തിലെ മൃഗസംരക്ഷണ ചെക്ക് പോസ്റ്റുകൾ<br>ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത<br>**ബിജു പി.എം.** | 72 |
| 64 | ജന്തുജന്യരോഗങ്ങൾക്കെതിരെ കർമ്മോന്മുഖരാവുക<br>**ഡോ. എൻ. അജയൻ** | 73 |
| 65 | നവകേരള കാലത്തെ ഭരണ നിർവഹണം ഭക്ഷ്യ സുതാര്യതാ സർട്ടിഫിക്കറ്റ്<br>**ഡോ. റാണാരാജ്** | 74 |
| 66 | കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും - ഭേദഗതി<br>"അറവുശാലകളും ഭക്ഷ്യ മാലിന്യ സംസ്കരണവും"<br>**ഡോ. റാണാരാജ്** | 75 |
| 67 | തെരുവുനായ നിയന്ത്രണം<br>**ഡോ. രാജേഷ് കുമാർ** | 76 |
| 68 | സർവ്വീസ് ഡെലിവറി – മൃഗസംരക്ഷണ വകുപ്പ്<br>**ഡോ. രാജേഷ് കുമാർ** | 77 |
| 69 | ക്ഷീര വികസനം<br>**അനൂപ് പി.എ.** | 77 |
| 70 | മത്സ്യബന്ധന വകുപ്പ്<br>**സന്തോഷ് കുമാർ എസ്.** | 78 |

| | | |
|---|---|---|
| 71 | ഒരു മത്സ്യ കർഷകന്റെ കാഴ്ചപ്പാട്<br>**ടി. പുരുഷോത്തമൻ** | 79 |
| 72 | കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല (കുഫോസ്) – വിദൂരഭാവിയിലേക്കുള്ള സ്വതന്ത്ര കാഴ്ചപ്പാടുകൾ<br>**പ്രൊഫ. (ഡോ.) ദിനേശ് കൈപ്പിള്ളി** | 80 |
| 73 | മത്സ്യബന്ധന വകുപ്പ് മാതൃകാ ഇടപെടലുകൾ - 1<br>വിദ്യാതീരം<br>**സ്മിത ആർ. നായർ** | 81 |
| 74 | മത്സ്യബന്ധന വകുപ്പ് മാതൃകാ ഇടപെടലുകൾ - 2<br>പുനർഗേഹം–രാജ്യത്തെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് മാതൃക<br>**എസ്. സന്തോഷ് കുമാർ** | 82 |
| 75 | മത്സ്യബന്ധന വകുപ്പ്: മാതൃകാ ഇടപെടലുകൾ - 3<br>തീരസദസ്സ്<br>**സ്മിത ആർ. നായർ** | 83 |
| 76 | മത്സ്യബന്ധന വകുപ്പ്: മാതൃകാ ഇടപെടലുകൾ - 4<br>ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം<br>**ഗോപകുമാർ എസ്.** | 84 |
| 77 | കേരളത്തിലെ സമുദ്ര മലിനീകരണം: ഒരു മാനേജ്മെന്റ് പരിപ്രേക്ഷ്യം<br>**ഡോ. എ. ബിജുകുമാർ** | 85 |
| 78 | മത്സ്യബന്ധന വകുപ്പ് മാതൃകാ ഇടപെടലുകൾ - 5<br>ശുചിത്വസാഗരം സുന്ദരതീരം - കടലിലെ പ്ലാസ്റ്റിക് മാലിന്യം<br>**താജുദ്ദീൻ എം.** | 86 |
| 79 | മത്സ്യകൃഷിയിലൂടെ ഉല്പാദിപ്പിക്കപ്പെടുന്ന മത്സ്യത്തിന് ന്യായവില ഉറപ്പാക്കാൻ സഹകരണ സംഘ രൂപീകരണവും പ്രവർത്തനവും<br>**ആതിര പി.കെ., അഖിൽ ആർ.എസ്. & അക്ഷയ് എ. കുമാർ** | 87 |
| 80 | വീട്ടുമുറ്റത്ത് മത്സ്യം വളർത്തൽ-ബയോഫ്ളോക് മത്സ്യകൃഷിയിലൂടെ<br>**ബെൻസൺ കെ.** | 88 |
| 81 | മത്സ്യകൃഷിയിലൂടെ ഭക്ഷ്യസുരക്ഷയും മാംസ്യ സുരക്ഷയും<br>**ബാലു ശേഖർ** | 89 |
| 82 | ഫിഷറീസ് മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ<br>**പി. അനീഷ്** | 90 |
| 83 | നവകേരള ഭരണ നിർവഹണം-വനിതാ ശിശു വികസന വകുപ്പ്<br>**ഷിഫ താഴത്തുവീട്ടിൽ** | 90 |
| 84 | സാമൂഹ്യനീതി വകുപ്പ്<br>**വിനോദ് ബി.എൽ.** | 91 |
| 85 | സാമൂഹ്യനീതി വകുപ്പിന്റെ ശാക്തീകരണം<br>**ബിനോയ് വി.ജെ.** | 92 |
| 86 | സാമൂഹ്യനീതി വകുപ്പ് - വയോജന സൗഹൃദ നയം<br>**വിനോദ് ബി.എൽ. & വിനോദ് കുമാർ വി.** | 92 |
| 87 | എഞ്ചിനിയറിംഗ് വിദ്യാഭ്യാസം - നവകേരള കാലത്തെ ഭരണനിർവഹണം<br>**ഡോ. ആർ. ശശികുമാർ** | 93 |

| | | |
|---|---|---|
| 88 | സാങ്കേതികവിദ്യാഭ്യാസം<br>**സുനിൽ ഷൺമുഖദാസ്** | 94 |
| 89 | സർവകലാശാല ലൈബ്രറി സേവനങ്ങൾ<br>ചില മാതൃകകളും പുതുതായി നടപ്പിലാക്കേണ്ട പദ്ധതികളും<br>**ഡോ. മെഹബൂബുള്ള കെ. & ശ്രീമതി സുമ പി.ബി.** | 95 |
| 90 | സർവകലാശാല - വിഭവശേഷി അടിസ്ഥാനമാക്കിയുള്ള പഠനത്തിന്റെ പ്രസക്തി<br>**പ്രിയ ടി.കെ. & അനീഷ് കുമാർ കെ.പി.** | 96 |
| 91 | വടക്കേ മലബാറിലെ ഉന്നത വിദ്യാഭ്യാസ മേഖല: വികസനവും ഭരണനിർവഹണവും<br>**പി.സി.എച്ച്. ശശിധരൻ** | 97 |
| 92 | ഭക്ഷ്യ സുരക്ഷാ വകുപ്പ്<br>**വിജിത്ത് വി.എൽ.** | 98 |
| 93 | ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കസ്റ്റമർ ഫ്രണ്ടിലി ഇ-ഗവേണൻസ്<br>**പ്രവീൺ** | 99 |
| 94 | ഭക്ഷ്യ സുരക്ഷാ വകുപ്പ് - ലാബുകളുടെ വിപുലീകരണം<br>**ഡോ. ഹേംലാൽ എച്ച്.** | 100 |
| 95 | ഭക്ഷ്യസുരക്ഷാ വകുപ്പിലെ മൈക്രോബയോളജി വിഭാഗം<br>**ഡോ. ആർദ്ര അശോകൻ** | 100 |
| 96 | ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന്<br>സ്വീകരിക്കാവുന്ന മാർഗ്ഗങ്ങൾ<br>**വിജിത്ത് വി.എൽ.** | 102 |
| 97 | ഭക്ഷ്യസുരക്ഷ – വിവിധ സംവിധാനങ്ങൾ<br>**മായാദേവി എസ്.** | 102 |
| 98 | ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ<br>**പ്രവീൺ വി.എസ്. ദേവ്** | 103 |
| 99 | ഭക്ഷ്യസുരക്ഷാ വകുപ്പ്<br>**ബേബിച്ചൻ എം.ടി.** | 104 |
| 100 | ഭക്ഷ്യ സുരക്ഷ സംബന്ധിച്ച മികച്ച ശീലങ്ങൾ<br>**ജയകുമാർ** | 105 |
| 101 | സുസ്ഥിര ആരോഗ്യ സംവിധാനം - കേരള മോഡൽ - കൂടുതൽ ഇടപെടലുകൾ<br>**ഡോ. വി. ജയരാജൻ** | 106 |
| 102 | മെഡിക്കൽ സർവീസസ് വകുപ്പ്<br>**സജിത്ത് എസ്. & ഹരിചന്ദ്രൻ പിള്ള എസ്.** | 107 |
| 103 | ഭാരതീയ ചികിത്സാ വകുപ്പ്<br>**മനോജ് എസ്.എസ്., മനു എം., ഡോ. ഷൈൻ, ജയന്തി കെ.ജി. & ഡോ. കബീർ** | 108 |
| 104 | ക്ഷാരസൂത്ര പദ്ധതി<br>**ഡോ. ഷഹന എ.കെ.** | 109 |
| 105 | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് ആയുർവേദ<br>ആന്റ് റിസർച്ച് (KISAR) പ്രത്യേകതകളും പരിമിതികളും<br>**ഡോ. അബ്ദുൾ ഷെരീഫ് എ.എം.** | 109 |

| | | |
|---|---|---|
| 106 | ജീവിതശൈലീജന്യരോഗങ്ങളിൽ യോഗയുടെപ്രാധാന്യം<br>**ഡോ. കബീർ എ.എം. & ഡോ. അനുപമ കൃഷ്ണൻ** | 110 |
| 107 | യോഗയും ആരോഗ്യസംരക്ഷണവും<br>**ഡോ. അനുപമ കൃഷ്ണൻ, ഡോ. കബീർ എ.എം. & ഡോ. അഞ്ജലി ദാസ്** | 110 |
| 108 | കേരളത്തിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ആയുർവേദത്തിന്റെ പങ്ക്<br>**ഡോ. രാജ്മോഹൻ വി.** | 111 |
| 109 | നാഷണൽ ആയുഷ് മിഷൻ<br>**ഡോ. സജി പി.ആർ.** | 112 |
| 110 | ഭാരതീയ ചികിത്സാ വകുപ്പ് - സാന്ത്വന ചികിത്സാരംഗത്തെ അനിവാര്യത<br>**ഡോ. എസ്. പത്മകുമാർ B.A.M.S** | 113 |
| 111 | ഗവണ്മെന്റ് ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റൽ ഹെൽത്ത് ആന്റ് ഹൈജീൻ -<br>ഒരു ലഘു വിവരണം<br>**ഡോ. പാർവതി** | 114 |
| 112 | Enhancing efficiency in Indian System of Medicine Department<br>**Dr. Sunitha R.T.** | 115 |
| 113 | സ്പോർട്സ് ആയുർവേദ റിസർച്ച് സെല്ലുകൾ<br>**ഡോ. ഷൈൻ എസ്.** | 116 |
| 114 | ഹോമിയോവകുപ്പ്<br>**ഡോ. ടിൻങ്കിൾ സുരേന്ദ്** | 116 |
| 115 | ഹോമിയോപ്പതി വിദ്യാഭ്യാസ മേഖല - പ്രശ്നങ്ങളും നിർദ്ദേശങ്ങളും<br>**ഡോ. റിതേഷ്** | 117 |
| 116 | ഹോമിയോ വിദ്യാഭ്യാസം<br>**ഡോ. റിതേഷ്** | 117 |
| 117 | ഡ്രഗ്സ് കൺട്രോൾ വകുപ്പ്<br>**ടി.എസ്. കൃഷ്ണകുമാർ** | 118 |
| 118 | ഔഷധ നിയന്ത്രണ വകുപ്പ് - അനലിറ്റിക്കൽ വിഭാഗം<br>(Drugs Control Department - Analytical Wing)<br>**അബ്ദുൾ നാസർ** | 119 |
| 119 | സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പുനസംഘടന<br>**ഡോ. നിഷിത് എം.സി., അരുൺ കുമാർ ആർ. & അനസ് ടി.എം.** | 120 |
| 120 | പട്ടികജാതി വികസന വകുപ്പ് അഴിമതി നിർമ്മാർജനം<br>**ദിജി എം.ടി.** | 120 |
| 121 | പട്ടികജാതി വികസന വകുപ്പ് - പരിശീലനം<br>**ദിജി എം.ടി.** | 121 |
| 122 | പട്ടികജാതി-പട്ടികവർഗ്ഗം -<br>അട്ടപ്പാടിയിലെ ശിശുമരണങ്ങൾ യാഥാർത്ഥ്യവും പരിഹാരവും<br>**പ്രദീപ് പി.കെ.** | 122 |
| 123 | പട്ടികജാതി വികസന വകുപ്പ്- മാതൃക പദ്ധതികളുടെ പരിഷ്കരണം<br>**ദിജി എം.ടി.** | 123 |
| 124 | സംസ്ഥാന പിന്നാക്ക വിഭാഗ വികസന വകുപ്പ് | 123 |

| | | |
|---|---|---|
| 125 | ന്യൂനപക്ഷ ക്ഷേമ വകുപ്പ്<br>**രഘുവരൻ** | 124 |
| 126 | പൊതുമരാമത്തു വകുപ്പ് വഴിയുള്ള പദ്ധതിനിർവഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നൂതന ആശയങ്ങൾ നടപ്പിലാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ<br>**എ.പി. അജിത്** | 125 |
| 127 | പൊതുമരാമത്ത് വകുപ്പ്<br>**അജിത്ത് എ.പി. & ശേഖർ എ.സി.** | 126 |
| 128 | ജലസേചന വകുപ്പ് | 127 |
| 129 | എഞ്ചിനീയറിംഗ് സർവീസ് - പ്രൊഫഷണലിസവും കാര്യക്ഷമതയും<br>**കൃഷ്ണൻ ബി.ടി.വി.** | 129 |
| 130 | പാലം നിർമ്മാണത്തിലെ സാങ്കേതിക മാറ്റങ്ങൾ<br>**സജു എസ്സ്.** | 130 |
| 131 | പൊതുമരാമത്ത് വകുപ്പ് പ്രവർത്തനം അഴിമതി രഹിതവും സുതാര്യവുമാക്കുന്നതിന്<br>**കെ. സുന്ദരൻ** | 130 |
| 132 | പൊതുമരാമത്ത് വകുപ്പ് – പ്രവൃത്തി അടിസ്ഥാനത്തിലുള്ള പുനക്രമീകരണം<br>**വിഷ്ണു ജി.എസ്.** | 131 |
| 133 | “പ്രൈസ്”-പ്രവർത്തി നിർവ്വഹണ-നിയന്ത്രണ സംവിധാനത്തിലെ വിപ്ലവകരമായ മാറ്റം<br>**ഷാൻ എസ്.എൽ.** | 131 |
| 134 | നിർമാണ മേഖലയിൽ അൾട്രാഹൈപെർഫോമൻസ് ഫൈബർ റീയിൻഫോഴ്സ്ഡ് കോൺക്രീറ്റ് (UHPFRC) ന്റെ ആവശ്യകത<br>**അരുൺ കെ.വി.** | 132 |
| 135 | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്<br>**സുഭാഷ് ടി.കെ.** | 133 |
| 136 | കേരള വാട്ടർ അതോറിറ്റി<br>**പി. ഉണ്ണികൃഷ്ണൻ** | 134 |
| 137 | വ്യവസായം<br>**ടി.ഒ. ഗംഗാധരൻ** | 134 |
| 138 | വ്യവസായം: ജനറൽ ഇൻഡസ്ട്രീസ്, കൈത്തറി, കയർ, പ്ലാന്റേഷൻ, കശുവണ്ടി | 135 |
| 139 | ഇന്റഗ്രേറ്റഡ് കേരള (Integrated in Kerala)<br>**ഡോ. അനിരുദ്ധൻ പി.** | 136 |
| 140 | സംരംഭക വർഷം 2022-23: - 139,842 - സംരംഭങ്ങൾ<br>**ഷാനിദ് കെ.കെ.** | 137 |
| 141 | തൊഴിൽ വകുപ്പിലെ ഭരണ നിർവ്വഹണം<br>**ഫിറോസ് പി.എം.** | 138 |
| 142 | നവകേരള കാലത്തെ ഭരണ നിർവ്വഹണം - തൊഴിൽ വകുപ്പ്<br>**ഫിറോസ് പി.എം.** | 139 |
| 143 | ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്<br>**വിപിൻ പി.എം.** | 140 |

| | | |
|---|---|---|
| 144 | ഐ.ടി.ഐ.കൾ- പദ്ധതികൾ<br>**സുരേഷ് കുമാർ എം.** | 140 |
| 145 | തൊഴിൽ - അഡ്വാൻസ്ഡ് വൊക്കേഷണൽ ട്രെയിനിംഗ് സിസ്റ്റം (എ.വി.ടി.എസ്)<br>**രഘുനാഥൻ പി.കെ.** | 141 |
| 146 | നൈപുണ്യ വികസനത്തിന്റെ ഐ.ടി.ഐ. മാതൃക<br>**മൊയ്തീൻകുട്ടി കെ.** | 141 |
| 147 | പ്ലേസ്മെന്റ്<br>**എ.ജി. സുധീർ & ആർ. ചന്ദ്രമോഹൻ** | 142 |
| 148 | Tracer Study of ITI Graduates in Kerala<br>**Dr. S.R. Sajeev, A.G. Sudheer & R. Chandra Mohan** | 143 |
| 149 | Duties and Responsibilities of Trainers of ITD<br>**Dr. S.R. Sajeev** | 143 |
| 150 | പ്രൊഡക്ഷൻ സെന്ററും നൈപുണ്യ കർമ്മസേനയും<br>**ദിലീപൻ ബി.എസ്.** | 144 |
| 151 | അഡ്മിഷൻ - ഐ.ടി.ഐ<br>**ജീവൻ ജോൺസ്** | 144 |
| 152 | എംപ്ലോയ്മെന്റ് വകുപ്പ്<br>**ബൈജു ചന്ദ്രൻ ആർ.** | 145 |
| 153 | ടൂറിസം - സാധ്യതകളുടെ വിശാല ലോകം<br>**രാജീവ് ജി.എൽ.** | 146 |
| 154 | കേരള ടൂറിസം-വികസന കാഴ്ചപ്പാട്<br>**ജി.എൽ. രാജീവ്** | 146 |
| 155 | കേരള സംസ്ഥാന കായിക യുവജന വകുപ്പ്<br>**ശ്രീജേഷ് എസ്., മഹേഷ് എം. & ഡോ. സുനിൽകുമാർ കെ.ജി.** | 147 |
| 156 | സംസ്ഥാന പുരാരേഖാ വകുപ്പ്<br>**ആർ. അശോക് കുമാർ** | 148 |
| 157 | വിജ്ഞാന സമൂഹനിർമിതിയിൽ സർവവിജ്ഞാനകോശം<br>ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസക്തിയും സാധ്യതകളും പ്രതിബന്ധങ്ങളും<br>**പ്രത്യൂഷചന്ദ്രൻ എം.** | 149 |
| 158 | കേരള ഭാഷ ഇൻസ്റ്റിട്യൂട്ട് - പ്രശ്നങ്ങൾ പരിഹാര നിർദ്ദേശങ്ങൾ<br>**ഡോ. റ്റി. ഗംഗ** | 150 |
| 159 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്<br>സാബു സി. ജോർജ്ജ്, ഷെർലി പീറ്റർ, എം. എസ്. ഗോപകുമാർ,<br>**റെഫി ജോൺ, സജിത ദാസ് & ആർ. വിനീത്** | 150 |
| 160 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്<br>**ബി. ജയചന്ദ്രൻ** | 151 |
| 161 | Kerala State Audit Department: Audit Information Management System [AIMS]<br>**Manoj K. Nair** | 151 |
| 162 | ഭാവിയിലേക്കുള്ള വികസനാത്മക ആസൂത്രണ അവലോകന സംവിധാനം<br>**എം. കലാമുദ്ദീൻ** | 153 |

| | | |
|---|---|---|
| 163 | നവകേരള നിർമ്മാണത്തിൽ ജില്ലാ ആസൂത്രണ സമിതികളുടെ പങ്ക്<br>**എസ്.ആർ. സനൽ കുമാർ** | 153 |
| 164 | സ്റ്റാറ്റിസ്റ്റിക്കൽ ഡാറ്റയുടെ സമഗ്രത<br>**ശശീന്ദ്രൻ എസ്.** | 155 |
| 165 | പോലീസ് സേവനത്തിൽ തുല്യനീതി ഉറപ്പാക്കൽ<br>**ബിന്ദു വി.സി.** | 155 |
| 166 | സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി<br>**ബിജു എസ്.ബി.** | 156 |
| 167 | സംസ്ഥാന പൊതുമേഖല - പ്രശ്നങ്ങൾ, പരിഹാരങ്ങൾ<br>**ബിന്ദു വി.സി. & പ്രദീപ് കുമാർ പി.** | 157 |
| 168 | Public Sector Administration System In Kerala | 158 |
| 169 | പൊതുമേഖല ഇന്നലെ – ഇന്ന് - നാളെ<br>**പ്രദീപ് കുമാർ പി.** | 159 |
| 170 | സ്വയംഭരണ സ്ഥാപനങ്ങളും ഭരണസംവിധാനവും<br>**ബിജു എസ്.ബി.** | 159 |
| 171 | സ്വയംഭരണ സ്ഥാപനങ്ങളും നവകേരളവും<br>**ടി.പി. സുധാകരൻ** | 160 |
| 172 | നവകേരളത്തിൽ സി എം ഡി യുടെ വികസന സാദ്ധ്യതകൾ-ഒരു പരിശോധന<br>**ഡോ. എം. മോഹനൻ** | 161 |
| 173 | കേരളത്തിന്റെ അപെക്സ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് ഐ എം ജി യും<br>നവകേരള കാലത്തെ ഭരണ നിർവഹണവും - സാധ്യതകളും പ്രതിബന്ധങ്ങളും<br>**ഡോ. അനീഷ്യ ജയദേവ്** | 162 |
| 174 | കെൽട്രോൺ<br>**അനിൽ കുമാർ കെ.വി.** | 163 |
| 175 | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ<br>**പ്രേംനാഥ് രവീന്ദ്രനാഥ്** | 164 |
| 176 | വനിതാ വികസന കോർപ്പറേഷൻ<br>**ആശ എസ്.** | 165 |
| 177 | മിത്ര 181 – മാതൃകാ സേവനം<br>**ദിവ്യ എം.എ.** | 166 |
| 178 | കേരള സംസ്ഥാന ഐ ടി മിഷന്റെ നിലനിൽപ്പും പുനഃസംഘടനയും<br>**അമ്പിളി കെ., സ്മിത ഡി.ആർ. & അശ്വതി എസ്.** | 167 |
| 179 | കേരള ക്ലേയ്സ് & സിറാമിക്സ് ലിമിറ്റഡ് കണ്ണൂർ<br>**ആനക്കൈ ബാലകൃഷ്ണൻ** | 168 |
| 180 | കേരള ഫീഡ്സ്<br>**പ്രമോദ് എം.** | 169 |
| 181 | കെ എം എം എല്ലും കേരളത്തിന്റെ കരിമണൽ വ്യവസായത്തിന്റെ ഭാവിയും<br>**സൂരജ് പദ്മനാഭൻ, അജേഷ് ചന്ദ്രൻ ബി.സി., മുഹമ്മദ് ഷബീർ പി.കെ.** | 170 |
| 182 | മലബാർ സിമന്റ്സ് ലിമിറ്റഡ്<br>**ജിതേഷ് വി.** | 171 |

| | | |
|---|---|---|
| 183 | കേരള സിറാമിക്സ് ലിമിറ്റഡ് | 171 |
| 184 | നിയമസഭാ കമ്മിറ്റികളും പാർലമെന്ററി ജനാധിപത്യവും<br>**സോണിമോൾ വി.** | 172 |
| 185 | സാമാജികർ നിയമസഭാ പ്രവർത്തനങ്ങളിൽ ക്രിയാത്മകമായി<br>ഇടപെടേണ്ടത് സംബന്ധിച്ച്<br>**ഡി.ഡി. ഗോഡ്ഫ്രീ** | 173 |
| 186 | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ<br>**ബി. ജയകുമാർ** | 174 |
| 187 | ഇ-ഗവേർണൻസ് ജനോന്മുഖത – കാര്യക്ഷമത<br>**ഗിരീഷ് ഐ.** | 175 |
| 188 | വിജ്ഞാന സമ്പദ് വ്യവസ്ഥയിലെ ഭരണ നിർവ്വഹണം<br>**പ്രൊഫ. (ഡോ.) കെ.ജെ. ജോസഫ്** | 176 |
| 189 | വിജ്ഞാന സമ്പദ് വ്യവസ്ഥ<br>**പ്രൊഫ. (ഡോ) കെ.ജെ. ജോസഫ്** | 177 |
| 190 | വിവര സാങ്കേതിക സമന്വയം ഭരണ നിർവഹണത്തിൽ - കേരള സ്റ്റേറ്റ് പോർട്ടൽ<br>**താര ഇ.ടി.** | 178 |
| 191 | സേവനം സർവീസ് പോർട്ടൽ<br>**താര ഇ.ടി. & ഗോപിക എസ്.** | 179 |
| 192 | മാനുവൽ നവീകരണം കാലവിളമ്പം കൂടാതെയുള്ള സേവനം | 179 |
| 193 | ആരോഗ്യരംഗത്ത് ഭരണപരമായ ഇടപെടലുകളും<br>പരിഷ്കാരങ്ങളും ആവശ്യമുള്ള കാര്യങ്ങൾ<br>(Governance issues in Health and administrative reforms)<br>**ഡോ. ജഗദീഷ്** | 180 |
| 194 | സേവനാവകാശ നിയമം – പ്രായോഗിക പരിമിതികൾ<br>**മാത്യു ജോസ് കെ.** | 181 |
| 195 | ഡിജിറ്റലൈസ്ഡ് പരാതി പരിഹാര സംവിധാനം<br>**ജയൻ എം.വി.** | 181 |
| 196 | പരാതി പരിഹാര സംവിധാനം<br>**മാത്യു ജോസ് കെ.** | 182 |
| 197 | നഷ്ടോത്തരവാദിത്തവും പൊതുജന പരാതി പരിഹാരവും<br>**പി.എസ്. പ്രിയദർശനൻ** | 182 |
| 198 | Responsive Governance for Kerala: A case Competency-Based Civil Service<br>**Dr. Ram Mohan R. & Aswin T.K.** | 183 |
| 199 | Accountability, Social Audit, and Corruption<br>**Dr. Gita Gopal** | 184 |
| 200 | നവകേരളകാലത്തെ ഭരണ നിർവ്വഹണം അഴിമതി നിർമ്മാർജ്ജനം | 185 |
| 201 | ഭിന്നശേഷി സൗഹൃദ കേരളം: എത്തിപ്പെടാൻ കഴിയാത്തവരിലേക്ക് എത്തിച്ചേരൽ<br>**ശ്രീജ സി.എസ്., സിജോ എ.എസ്. & സി. ചന്ദ്രബാബു** | 185 |

| | | |
|---|---|---|
| 202 | ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിയുള്ളവരുടെ സാമൂഹ്യ പുനരധിവാസം - പ്രശ്ങ്ങൾ, പരിഹാരങ്ങൾ<br>**ഡോ. ജയരാജ് എം.കെ.** | 186 |
| 203 | ഭരണപരിഷ്കാര കമ്മീഷൻ ശുപാർശകളോടുള്ള പ്രതികരണം<br>**സി.ജെ. ജോസഫ് പഠനഗവേഷണ കേന്ദ്രം** | 188 |
| 204 | വയോജന ക്ഷേമം | 189 |
| 205 | സ്ത്രീകൾ, കുട്ടികൾ, ഭിന്നശേഷി, വയോജനം, അതിഥി തൊഴിലാളികൾ<br>**എം. വിജയകുമാർ** | 189 |
| 206 | ദുർബല വിഭാഗങ്ങളുടെ പരിഗണന ഭരണ പരിഷ്കാര കമ്മീഷൻ ശുപാർശ പ്രതികരണം<br>**സി.ജെ. ജോസഫ് പഠന ഗവേഷണ കേന്ദ്രം** | 190 |
| 207 | സ്ത്രീസുരക്ഷ - ഭരണപരിഷ്കാര കമ്മീഷൻ മൂന്നാം റിപ്പോർട്ട് ശുപാർശകളിന്മേലുള്ള പ്രതികരണം<br>**സി.ജെ. ജോസഫ് പഠന ഗവേഷണ കേന്ദ്രം** | 190 |
| 208 | പരിസ്ഥിതി സൗഹൃദ ഭരണനിർവഹണം<br>**ഫാസിൽ മുഹമ്മദ്** | 192 |
| 209 | Comments on ARC Report VII Public Infrastructure Development and Management<br>**C.J. Joseph Padana Gaveshana Kendram** | 192 |
| 210 | എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം | 193 |
| 211 | ക്ലീൻ കേരള കമ്പനി<br>**പി. കേശവൻ നായർ** | 193 |
| 212 | അതിഥി തൊഴിലാളികൾ | 194 |
| 213 | നവകേരള ഭരണനിർവഹണത്തിൽ പൗരൻമാരുടെ കടമകൾ | 194 |
| 214 | പൊതുഭരണത്തിൽ സോഷ്യൽമീഡിയ സ്വാധീനം<br>**അനുജ വി.എൻ. & ഭാവപ്രിയ ജെ.യു.** | 196 |
| 215 | സിവിൽ സർവ്വീസിൽ നിന്നും വിരമിച്ചവരും നവ കേരള കർമ്മ പദ്ധതിയിൽ അണിചേരുക<br>**ജി. പ്രസാദ്** | 196 |
| 216 | നവകേരളകാലത്തെ ഭരണ നിർവ്വഹണം റിട്ടയർ ചെയ്തവരുടെ സന്നദ്ധ സേവനത്തിനുള്ള കർമ്മ പരിപാടി<br>**ഡോ. അജിത, എസ്. പ്രസൂൺ മംഗലത്ത് & ബിജുമോൾ കെ.ടി.** | 197 |
| 217 | ശേഷി വികസനം - ഭരണ പരിഷ്കാര കമ്മീഷൻ ശുപാർശകൾ സംബന്ധിച്ച പ്രതികരണം<br>**സി.ജെ. ജോസഫ് പഠനഗവേഷണ കേന്ദ്രം** | 198 |
| 218 | സദ്ഭരണം - യോഗ്യത ചട്ടക്കൂടിന്റെ അനിവാര്യത (ARC റിപ്പോർട്ട്) പ്രതികരണം<br>**സി.ജെ. ജോസഫ് പഠന ഗവേഷണകേന്ദ്രം** | 199 |
| 219 | സർക്കാർ ഇടപാടുകൾ പ്രൊഫഷണലിസത്തിലേക്ക് നീങ്ങണം<br>**വിപിൻ കെ.എം.** | 202 |
| 220 | Capacity Building | 203 |
| 221 | കാര്യശേഷി വികസനം (Capacity Building) | 204 |

1

## തദ്ദേശസ്വയംഭരണം

ബിജി. എസ്.എസ്.

1960ലെ കേരള പഞ്ചായത്ത് ആക്ട്, കേരള മുൻസിപ്പൽ ആക്ട് എന്നിവ ഏകീകൃതമായ തദ്ദേശഭരണത്തിന് വഴിതെളിച്ചു. 1996-ൽ എൽഡിഎഫ് സർക്കാർ അധികാര വികേന്ദ്രീകരണം ജനകീയ ആസൂത്രണത്തിലൂടെ യാഥാർത്ഥ്യമാക്കി. 2022-ൽ ഗ്രാമപഞ്ചായത്ത്, ഗ്രാമവികസനം. അർബൻ അഫയേഴ്സ്, ടൗൺ ആൻഡ് കൺട്രി പ്ലാനിങ്, എൽ എസ് ജി ഡി എൻജിനീയറിങ് വിഭാഗം എന്നിവ സംയോജിപ്പിച്ച് ഇടതുമുന്നണി സർക്കാർ തദ്ദേശഭരണപൊതു സർവീസ് യാഥാർത്ഥ്യമാക്കി. പ്രാദേശിക ഭരണകൂടവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നത് തദ്ദേശ പൊതുഭരണ വകുപ്പിന്റെ ചുമതലയാണ്. വസ്തു നികുതി, തൊഴിൽ നികുതി, വിനോദ നികുതി തുടങ്ങിയ വിവിധതരം നികുതികൾ, കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ്, ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നുള്ള വരുമാനം, ലൈസൻസിംഗ് ഫീസ്, ടെൻഡറുകൾ വഴിയുള്ള വരുമാനം തുടങ്ങിയവയാണ് പ്രധാന വരുമാന സ്രോതസ്സുകൾ. എന്നാൽ തദ്ദേശ സ്ഥാപനങ്ങൾ വഴി നൽകുന്ന സേവനങ്ങൾക്കുള്ള ഫീസുകൾ കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്. അഴിമതി നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇന്റേണൽ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തണം.

പരിസ്ഥിതിക്ക് ഹാനികരം അല്ലാത്ത സുസ്ഥിരവികസന പദ്ധതികളാണ് നാടിന് ആവശ്യം. പ്രാദേശിക വിഷയങ്ങളിൽ കൂടുതൽ ശ്രദ്ധയോടെ ഇടപെടണം. സംസ്ഥാനം പൊതുവായി നേരിടുന്ന വെല്ലുവിളികൾ പരിഗണിച്ചു കൊണ്ടുള്ള വികസനമാണ് വേണ്ടത്. തൊഴിലില്ലായ്മ ശാശ്വതമായി പരിഹരിക്കണം. ഇതിന് കുടുംബശ്രീ, കെ ഡിസ്ക്, സ്റ്റാർട്ടപ്പുകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തണം. വയോജന സംരക്ഷണത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

ഏകീകൃതമായ ഇ-സേവന പദ്ധതി നടപ്പാക്കണം. വകുപ്പിൽ മതിയായ ജീവനക്കാർ ഇല്ല എന്നത് കാര്യക്ഷമതയെ ബാധിക്കുന്നുണ്ട്. മിനിസ്റ്റീരിയൽ ജീവനക്കാരുടെ എണ്ണം അടിയന്തിരമായി വർദ്ധിപ്പിക്കേണ്ടതുണ്ട്. ടൂറിസം വികസനത്തിന് കൂടുതൽ പ്രാധാന്യം നൽകണം. പ്രാദേശിക വികസനത്തോടൊപ്പം തദ്ദേശ ഭരണകൂടത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഫാം ടൂറിസം ഉപയോഗപ്പെടുത്താൻ കഴിയും. സിറ്റിസൺ പോർട്ടൽ കൂടുതൽ ലഘൂകരിച്ച് കാര്യക്ഷമമാക്കണം. ജീവനക്കാർക്ക് സമയബന്ധിതമായി വിഷയാധിഷ്ഠിത പരിശീലനം കൃത്യമായ ഇടവേളകളിൽ നൽകണം. എൽ എസ് ജി ഡി മാനുവൽ പരിഷ്കരിക്കണം. കൂടുതൽ അധികാരങ്ങളും ഉദ്യോഗസ്ഥതലവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണം.

സീനിയർ സൂപ്രണ്ട്, പ്രിൻസിപ്പൽ ഡയറക്ടർ ഓഫീസ്, എൽ.എസ്.ജി.ഡി
9446402950

2

## തദ്ദേശഭരണവകുപ്പിലെ ഇ-സേവന സംവിധാനങ്ങൾ

സതീഷ് കുമാർ

പൊതുജനങ്ങൾക്ക് സേവനം നൽകുന്നതിൽ പരമപ്രധാനമായ ഓഫീസുകൾ ഉള്ള തദ്ദേശ ഭരണ വകുപ്പിൽ ഏകീകൃതമായ ഇ-സേവന സംവിധാനമല്ല നിലവിൽ ഉള്ളത്. ഗ്രാമപഞ്ചായത്തുകളിൽ ഉപയോഗിക്കുന്നവയും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയിലും വ്യത്യസ്തങ്ങളായ സോഫ്റ്റ് വെയറുകളാണ് ഉപയോഗിക്കുന്നത്. പ്രധാനമായും information kerala mission തയ്യാറാക്കിയ Software കൾ ആണ് സേവനം നല്കുന്നതിനും വിവിധങ്ങളായ രജിസ്ട്രേഷനുകൾ നടത്തുന്നതിനും ഉപയോഗിക്കുന്നത്. ഗ്രാമ പഞ്ചായത്തുകളിൽ ഫയൽ ട്രാക്കിംഗ് ഉൾപ്പെടെ പ്രവർത്തനങ്ങൾക്കായി ILGMS എന്ന ഓൺലൈൻ പ്ലാറ്റ്ഫോം ഉപയോഗിക്കുന്നു. മുൻസിപ്പാലിറ്റിയിലും കോർപ്പറേഷനിലും സൂചിക എന്ന സോഫ്റ്റ് വെയർ ഫയൽ ട്രാക്കിങ്ങിനായി ഉപയോഗിക്കുന്നു. കൂടാതെ ജനന-മരണ-വിവാഹരജിസ്ട്രേഷനുകൾ, കെട്ടിട നിർമ്മാണ അനുമതി നികുതി പിരിവ് എന്നിവക്കും പ്രത്യേക സോഫ്റ്റ്വെയർ ഉപയോഗിച്ചു വരുന്നു. ജില്ലാ സംസ്ഥാനഓഫീസുകളിൽ e-LSGD സോഫ്റ്റ്വെയറുകളും ആണ് ഉപയോഗിക്കുന്നത്.

മുൻസിപ്പാലിറ്റികളിൽ ഫയൽ ട്രാക്കിംഗിനായുംഫയലുകൾക്ക് നമ്പർ നൽകുന്നതിനായും സൂചിക ഉപയോഗിക്കുന്നു. എന്നാൽ ബാക്ക് ഓഫീസ് പ്രവർത്തനം കൃത്യമായി നടത്താത്തതിനാൽ പൊതുജനങ്ങൾക്ക് ഓഫീസുകളിൽ ഫയൽ ട്രാക്കിംഗ് നടത്തുന്നതിന് കഴിയുന്നില്ല. മറ്റ് ആവശ്യങ്ങൾക്കായി വിവിധങ്ങളായ സോഫ്റ്റ്വെയറുകൾ ഉപയോ

ഗിക്കുന്നു. കോർപ്പറേഷനുകളിൽ സൂചിക ഉപയോഗിക്കുന്നില്ല. പഴയ രീതിയിൽ തന്നെ ഫയലുകൾക്ക് നമ്പർ നൽകി കൈകാര്യം ചെയ്യുന്നു. 2021 മുതൽ സിവിൽ രജിസ്ട്രേഷൻ സൂചികയിൽ ആക്കിയിട്ടുണ്ട്. എന്നാൽ മുൻകാല രേഖകൾ സോഫ്റ്റ്‌വെയറുകളിൽ ഉൾപ്പെടുത്തുന്ന നടപടി പൂർത്തീകരിച്ചിട്ടില്ല. അതിനാൽ പൊതുജനങ്ങൾക്ക് ഓൺലൈനായി സർട്ടിഫിക്കറ്റ് നൽകാൻ കഴിയുന്നില്ല.

നിലവിൽ 5 വകുപ്പുകളുടെ ഏകീകരണം നടന്നതിന്റെ ഭാഗമായി മൂന്നുതരം പി എഫ് നിലവിലുണ്ട്. പഞ്ചായത്തിൽ കെ പി ഇ പി എഫുംമുനിസിപ്പൽ ജീവനക്കാർക്ക് സിപിഎഫും മറ്റുള്ളവർക്ക് ജി പി എഫും ആണ്. അതുതന്നെ കെ പി ഇ പി എഫിന് സ്ഥാപന സോഫ്റ്റ്‌വെയർ സിപിഎഫിന് മറ്റൊരു സ്ഥാപന സോഫ്റ്റ്‌വെയർ മറ്റുള്ളവർക്ക് സ്പാർക്ക് മുഖേനയുമാണ് നിലവിലുള്ളത്.

ഇപ്പോൾ ഗ്രാമപഞ്ചായത്തുകൾക്ക് ജി സ്പാർക്ക് നിലവിൽ വന്നതോടെ ശമ്പളം ജി സ്പാർക്ക് മുഖേനയും ജില്ല സംസ്ഥാന ഓഫീസിലെ ജീവനക്കാർക്ക് സ്പാർക്ക് മുഖേനയുമാണ് ശമ്പളം മാറുന്നത്. പരസ്പരം സ്ഥലംമാറ്റം നടക്കുക വഴി ജീവനക്കാർക്ക് രണ്ടുതരം ഐഡി ഉണ്ടാകുന്ന സാഹചര്യവും മുൻസിപ്പാലിറ്റികളിൽ നിന്നും മറ്റ് ഓഫീസുകളിലേക്ക് സ്ഥലം മാറിപ്പോയവർക്ക് ശമ്പള വിതരണത്തിന് പ്രയാസം ഉണ്ടാകുന്ന സാഹചര്യവും ഉണ്ട്. ആയതിനാൽവിദഗ്ധമായ രീതിയിൽ സാങ്കേതികമായ പുതിയ സംവിധാനം കണ്ടെത്തേണ്ടത് ഉണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പ് എന്ന നിലയിൽ പൊതുവായി പ്രവർത്തിക്കേണ്ട അവസ്ഥയിലും ഓരോ വിഭാഗത്തിനും പ്രത്യേകം സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നതിനും ഒരു കാര്യത്തിന് ഒന്നിലധികം സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കേണ്ടിവരുന്നതും ജീവനക്കാർക്കും പൊതുജനങ്ങൾക്കും വളരെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു. കൂടാതെ സമയനഷ്ടവും സേവനം കൃത്യസമയത്ത് നൽകാൻ കഴിയാതെയും വരുന്നു.

3

# തദ്ദേശസ്വയംഭരണത്തിൽ സാമൂഹ്യനീതിയും സാമ്പത്തികവികസനവും ഉറപ്പാക്കുന്നതിന് പ്രാദേശിക സർക്കാരുകളെ പ്രാപ്തമാക്കുന്നതിൽ അക്കൗണ്ടിംഗ് ഓഡിറ്റ് സംവിധാനങ്ങളുടെ പങ്ക് എന്ത്?

സാങ്കി

ഇന്നുള്ളത്പോലെ മോട്ടോർ വാഹന സാങ്കേതിക സംവിധാനം ആധുനികമാകുന്നതിന് മുൻപുള്ള ദശാബ്ദങ്ങളിൽ സെൽഫ് സ്റ്റാർട്ടർ സംവിധാനം പ്രവർത്തിക്കാത്ത വാഹനങ്ങൾ ആളുകൾ ചേർന്നു തള്ളി സ്റ്റാർട്ടാക്കുന്ന കാഴ്ച്ച നമ്മുടെ തെരുവുകളിൽ പതിവായിരുന്നു. വാഹനങ്ങളുടെ കാര്യത്തിൽ സെൽഫ് സ്റ്റാർട്ടർ പോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ നിർണ്ണായകമാണ് “സ്വയംഭരണം” എന്ന നിയമ സങ്കൽപ്പനത്തിലെ അക്കൗണ്ട് ഓഡിറ്റ് സംവിധാനം. “സ്വയം” എന്നതിൽ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളും ഗ്രാമ വാർഡ് സഭ അംഗങ്ങളും നികുതിദായകരും വിവിധ കമ്മിറ്റി അംഗങ്ങളും നിർവ്വഹണ ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും സ്ഥാപനതലത്തിലും ജില്ലാതലത്തിൽ ഇതര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ജില്ലാ ആസൂത്രണ സമിതിയും സംസ്ഥാന തലത്തിൽ നിയമസഭയും സംസ്ഥാന സർക്കാരും വിവിധ ഭരണ വകുപ്പുകളും ചേർന്നു പരസ്പരം ഉത്തരവാദപ്പെട്ടുകൊണ്ട് പ്രാവർത്തികമാകുന്ന വിധമാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ നിയമങ്ങളിൽ രൂപകൽപ്പന ചെയ്യപ്പെട്ടിട്ടുള്ളത്. എന്നാൽ മേൽ പറഞ്ഞവയിലേതെങ്കിലും തമ്മിൽ ഉത്തരവാദപ്പെടുന്നതിന്റെ ഫലമായല്ല മറിച്ച് കേന്ദ്രധനകമ്മീഷൻ ഗ്രാന്റ് ലഭിക്കുന്നതിനു സംസ്ഥാനങ്ങൾ പാലിക്കേണ്ട മുന്നുപാധി എന്ന നിലയിൽ മാത്രമാണ് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടും ഓഡിറ്റും വർഷങ്ങളായി നടന്നുവരുന്നത്. ഇപ്രകാരം സാങ്കേതികമായി കുറ്റമറ്റതല്ലെങ്കിലും, സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെല്ലാം ഔപചാരികമായ വാർഷിക കണക്കുസമർപ്പണവും ഓഡിറ്റും സമയബന്ധിതമായി നടന്നുവരുന്ന നില നിലവിലുണ്ട് എന്നതാണ് വസ്തുത. ആയത് പക്ഷെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിയോജകമണ്ഡലാടിസ്ഥാനത്തിലും സ്ഥാപനതലത്തിലും ജില്ലാ സംസ്ഥാനതലങ്ങളിലും കണക്കുപറയാൻ നിയമാനുസൃതം ഉത്തരവാദപ്പെടുകയാൽ അപ്രകാരം സ്വയം സന്നദ്ധമായി ലഭ്യമാക്കിയതോ, തങ്ങളുടെ നിയമപരമായ അവകാശം എന്ന നിലക്കു ഏതെങ്കിലും തലത്തിൽ കണക്കു ചോദിച്ചു വാങ്ങിയതോ, അപ്രകാരം അവകാശം ഉറപ്പാക്കിയേ അനുമതി നൽകൂ എന്നൊരു ഉപാധി (ഗ്രാമ വാർഡ് സഭകളോ, സംസ്ഥാന നിയമസഭയോ അടക്കമുള്ള അവകാശികൾ) മുന്നോട്ടു വെക്കുകയാൽ നിബന്ധനക്കു വഴങ്ങി കണക്കു ഓഡിറ്റിനു വിധേയമാക്കിയശേഷം താൽപ്പര്യ വിഭാഗങ്ങൾക്കു മുറപ്രകാരം തദ്ദേശ സ്ഥാപനങ്ങൾ നൽകി വരുന്നതോ അല്ല.

ഇപ്രകാരം നിലവിലെ തദ്ദേശസ്വയംഭരണത്തിൽ നിയമനിർവചിതമായ വിഷയങ്ങളിലും അളവുകളിലും തങ്ങൾക്കു നൽകപ്പെട്ട വിവേചനാധികാരപ്രയോഗത്തിനുള്ള ഉത്തരവാദിത്തങ്ങളും ആനുഷംഗിക കർത്തവ്യങ്ങളും അതതുതലങ്ങളിലെ ഭരണപങ്കാളികൾ സ്വയം ഏറ്റെടുത്തു പ്രവർത്തിച്ചുവരുന്നതായോ അപ്രകാരം പ്രാദേശികമായി സ്വയം ഭരണത്തിന് ഉത്തരവാദിത്തമുള്ളവരാണ് തങ്ങളെന്നു ഭരിക്കുന്നവർക്കോ ഭരിക്കപ്പെടുന്നവർക്കോ ബോധ്യപ്പെടുന്നതായോ വസ്തുതാപരമായി വിലയിരുത്താൻ നിലവിൽ മാർഗ്ഗമില്ല. കാരണം പ്രാദേശിക സർക്കാരുകൾ എന്ന നിലയിൽ അതത് തലങ്ങളിൽ സ്വതന്ത്രമായി പ്രവർത്തിക്കുന്നതായി കരുതാവുന്നവിധം ജനാധിപത്യപരമായ ഉത്തരവാദിത്തബന്ധങ്ങളോടുകൂടി ഭരണപങ്കാളികൾ തമ്മിൽ പരസ്പരം കണക്കു ബോധിപ്പിക്കുന്നതിലേക്കു ആവശ്യമാകുന്ന ബജറ്റ് അക്കൗണ്ടിംഗ് ഓഡിറ്റ് സംവിധാനങ്ങൾ രാജ്യത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇനിയും ഉരുതിരിഞ്ഞു വന്നിട്ടില്ല.

അതിനാൽ പ്രാദേശികസർക്കാരുകളിലെ ഭരണപങ്കാളികൾ പരസ്പരം ബാധ്യസ്ഥമായ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നുവോ എന്നു തദ്ദേശ്ശീയമായി സ്വയം ഉറപ്പാക്കാൻ നിലവിലുള്ള ഭരണനടപടി ക്രമീകരണങ്ങളിലൂടെയോ വിവരവിനിമയ സാങ്കേതിക സംവിധാനങ്ങളിലൂടെയോ അനൗപചാരികമായെങ്കിലും കഴിയുന്നുണ്ടോ എന്ന അന്വേഷണം പ്രസക്തമാണ്. അതത് സ്ഥാപനങ്ങൾക്കും ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും സ്ഥാപനതലത്തിലും യൂണിയൻ സംസ്ഥാന സർക്കാർതലങ്ങളിലെ ഉപരിതല അധികാരസ്ഥാനങ്ങൾക്കും തദ്ദേശഭരണ നിർവ്വഹണത്തിൽ ഭാഗഭാക്കാകേണ്ട ജനങ്ങൾക്കും ഉൾപ്പെടെ തൽപ്പരരായ ഏവർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെകുറിച്ചു ഉറപ്പുനൽകാൻ ഒറ്റക്കും കൂട്ടായും പ്രാപ്തിയുണ്ടാകും വിധം അവയുടെ ബജറ്റ് അക്കൗണ്ട് ഓഡിറ്റ് സംവിധാനങ്ങൾ പരിണമിക്കാത്തത് എന്തുകൊണ്ട്? സ്വയംഭരണ ഉപാധികളായി പ്രയോജനപ്പെടും വിധം അവയുടെ ബജറ്റ് അക്കൗണ്ട് ഓഡിറ്റ് സംവിധാനം ജനാധിപത്യപരമായി നവീകരിക്കാനാകുമോ? എങ്കിൽ എപ്രകാരം? എന്നിത്യാദി അന്വേഷണങ്ങളാണ് ഇവിടെ ആഗ്രഹിക്കുന്നത്.

---

ഡയറക്ടർ (Rtd.) KSAD, Mob: 9447288241

## 4

# തദ്ദേശസ്വയംഭരണം – ഗ്രാമപഞ്ചായത്തുകളുടെ അതിർത്തി പുനഃസംഘടന

ടി.എ. പ്രേമരാജൻ

ഭരണഘടനയുടെ 73, 74 ഭേദഗതിയിലൂടെ സ്ഥാപിക്കപ്പെട്ട പഞ്ചായത്തിരാജ്, നഗരപാലിക വികേന്ദ്രീകൃത സ്വയംഭരണ സംവിധാനം നിലവിൽ വന്ന് 25 വർഷം പൂർത്തിയാക്കിയിരിക്കയാണ്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ ഗ്രാമ പഞ്ചായത്തുകൾ വിസ്തൃതികൊണ്ടും ജനസംഖ്യ കൊണ്ടും വലിപ്പമുള്ളവയാണ്. ഇന്നുള്ള 941 എണ്ണവുമായി അതിന് യാതൊരുവിധ താരതമ്യവുമില്ല. കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ 13 മുതൽ 23 വരെ വാർഡുകളാണുള്ളത്. 23 വാർഡുകൾ ഉള്ള 58 പഞ്ചായത്തുകളും 22 വാർഡുകൾ ഉള്ള 30 എണ്ണവുമുണ്ട്. ഇവയിൽ വിസ്തൃതികൊണ്ടും, ജനസംഖ്യകൊണ്ടും വിഭജിക്കേണ്ടതായ പഞ്ചായത്തുകൾ ഉണ്ട്. വളരെയേറെ വിസ്തൃതിയുള്ള ഇത്തരം പഞ്ചായത്തുകൾ രണ്ടായി വിഭജിക്കുകയോ, അടുത്തുള്ള ഒന്നിലേറെ പഞ്ചായത്തുകളുടെ ഭാഗങ്ങൾ കൂട്ടിച്ചേർത്ത് പുതിയ പഞ്ചായത്ത് രൂപീകരിക്കുകയോ ചെയ്യാവുന്നതാണ്. ചില പഞ്ചായത്തുകൾക്കിടക്ക് ഭൂമിശാസ്ത്രപരമായി വേർതിരിച്ച് അറിയാനാകാത്ത അതിരുകൾ ആയതിനാൽ ഒരു പഞ്ചായത്തിനുള്ളിൽ അടുത്തുള്ള മറ്റൊരു പഞ്ചായത്തിലെ കെട്ടിടങ്ങൾ മറ്റ് ആസ്തികൾ തുടങ്ങിയവ ഉൾക്കൊള്ളുന്ന പ്രവണത അപൂർവമായെങ്കിലും ദൃശ്യമാണ്. അതേപോലെ ഒരു റവന്യൂ വില്ലേജിന്റെ വലിയൊരു ഭാഗം ഒരു പഞ്ചായത്തിലും ചെറിയൊരു ഭാഗം മറ്റൊരു പഞ്ചായത്തിലുമായി വരുന്ന സ്ഥിതിയും ഉണ്ട്. അതിനാൽ ഒരു വില്ലേജ് പൂർണമായും ഒരു പഞ്ചായത്തിനുള്ളിൽ വരുംവിധം അതിർത്തി പുനർനിർണയിക്കേണ്ടതുണ്ട്. അത് ചുരുങ്ങിയത് 15 വാർഡുകളും പരമാവധി 21വാർഡുകളുമായി നിജപ്പെടുത്തണം. 21ലേറെ വാർഡുകൾ ഉള്ള 88 പഞ്ചായത്തുകൾ ആണുള്ളത്. അവ വിഭജിച്ച് കൂടുതൽ പഞ്ചായത്തുകൾ പുതുതായി രൂപീകരിക്കേണ്ടത് നേരത്തെ സൂചിപ്പിച്ചിട്ടുള്ളതാണ്.

പുതിയ പഞ്ചായത്തുകൾ രൂപീകരിച്ച ശേഷം ഉണ്ടാകുന്ന സാമ്പത്തിക ചെലവ് കണ്ടെത്താൻ, വരുമാനം വർദ്ധിപ്പിക്കാനുള്ള ശുപാർശകൾ ആറാം ധനകാര്യ കമ്മീഷന്റെ പരിഗണനയിൽ ഉള്ളതാണ്. ഓരോ തിരഞ്ഞെടുപ്പിലും വാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് ഒഴിവാക്കിയാൽ അതുമായി ബന്ധപ്പെട്ട് ചെലവഴിക്കേണ്ടി വരുന്ന വലിയ അളവിലുള്ള മനുഷ്യവിഭവശേഷി മറ്റ് കാര്യങ്ങൾക്കായി വിനിയോഗിക്കാം. അതിരുകൾ മാറാതിരുന്നാൽ ഗ്രാമസഭകളിൽ ഉണ്ടാകുന്ന കുറെ അസ്വാരസ്യങ്ങൾ ഒഴിവാക്കാൻ കഴിയും. വാർഡ് വിഭജന പ്രക്രിയ രണ്ടു വർഷം

മുൻപ് തുടങ്ങുകയും കൃത്യമായ സ്വാഭാവിക അതിരുകൾ വാർഡുകൾക്ക് ഉണ്ടെന്ന് ഉറപ്പ് വരുത്താൻ പൊതുജനങ്ങളുടെ ആക്ഷേപങ്ങളും അഭിപ്രായങ്ങളും കേട്ട് അന്തിമ തീരുമാനം എടുക്കുകയും ചെയ്യാവുന്നതാണ്. അടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിലേക്ക് നമ്മൾ പോകുന്നത്, കൃത്യമായ അതിരുകളുള്ള വാർഡുകളും, ഗ്രാമ പഞ്ചായത്തുകളും ആയിട്ടായിരിക്കണം.

ഒരു ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് ഡിവിഷനിൽ യഥാക്രമം രണ്ടിലധികം ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളിലെ വാർഡുകൾ വരുന്നില്ല എന്ന് ഉറപ്പു വരുത്തുന്നത് പഞ്ചായത്തുകളിൽ തുടർന്ന് നടക്കുന്ന പരിപാടികൾ സംഘടിപ്പിക്കുന്നത് എളുപ്പമാക്കും.

റിട്ട. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, തലപ്പിള്ളി വീട്, ആർത്താറ്റ് തപാൽ കുന്നംകുളം 680521, മൊബൈൽ 9447777469.

5

# വികേന്ദ്രീകൃത ആസൂത്രണവും നിർവ്വഹണവും

ഡോ. ബി. ശ്രീജിത്

നമ്മുടെ സംസ്ഥാനത്തെ വൈജ്ഞാനിക സമൂഹമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. അറിവ് ഉത്പാദിപ്പിക്കുകയും അവ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ഉന്നമനത്തിനായി പ്രയോജനപ്പെടുത്തുകയും ചെയ്യുന്ന ഒന്നാണ് നാം വിഭാവനം ചെയ്യുന്ന ജ്ഞാന സമൂഹം. ജനാധിപത്യത്തിലും മതനിരപേക്ഷതയിലും തുല്യ നീതിയിലും അധിഷ്ഠിതമായ ഒരു സമൂഹമാണ് അത്. യുക്തിപൂർവ്വം ചിന്തിക്കാനും സർഗാത്മകമായ പുതിയ ആശയങ്ങൾ മുന്നോട്ടു വെയ്ക്കാനും അവ നടപ്പിലാക്കാനും നമുക്ക് കഴിയേണ്ടതുണ്ട്. നടപ്പിലാക്കപ്പെടുന്ന അതിനൂതനമായ ആശയങ്ങൾ നിരന്തരമായി വിലയിരുത്തുകയും മികവുകളും പ്രശ്നങ്ങളും കണ്ടെത്തി പരിഹാര തന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും വേണം. അതിനായി ചിന്താശേഷി, അപഗ്രഥന വിശകലന ശേഷികൾ, വിമർശനാത്മക ബുദ്ധി തുടങ്ങിയവയിൽ അവഗാഹവും നൈപുണ്യവുമുള്ള ജനാധിപത്യ സംവിധാനം താഴേത്തട്ടിൽ രൂപപ്പെടുത്തേണ്ടതുണ്ട്.

വിവിധ മേഖലകളിൽ വൈദഗ്ധ്യമുള്ളവരുടെ സഹകരണത്തോടെ രൂപപ്പെടുത്തുന്ന ജനകീയ സംവിധാനമാണ് ഇതിന് ഏറ്റവും അനുയോജ്യമാവുന്നത്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ നേതൃത്വത്തിൽ ഇന്നൊവേഷൻ കൂട്ടായ്മകൾ വിവിധ തലങ്ങളിൽ രൂപപ്പെടുത്തേണ്ടത് അനിവാര്യമാണ്. നാട്ടിലെ എല്ലാത്തരം പ്രശ്നങ്ങളും നന്നായി അറിയാവുന്ന കുടുംബശ്രീക്ക് ഇക്കാര്യത്തിൽ ഗണ്യമായ പങ്കു വഹിക്കാനാവും. ഓരോ പ്രദേശത്തിന്റെയും വിഭവസ്രോതസ്സുകളും അനന്തമായ സാധ്യതകളും അയൽക്കൂട്ട അംഗങ്ങൾക്ക് ഹൃദിസ്ഥമാണ്. നിരന്തരമായ ചർച്ചകളിലൂടെയും സാമൂഹ്യ ഇടപെടലുകളിലൂടെയും കുടുബശ്രീ അംഗങ്ങൾ രൂപപ്പെടുത്തിയ അറിവും അനുഭവവും ഇതിനു വേണ്ടി സമഗ്രമായി പ്രയോജനപ്പെടുത്താനാവും. വാർഡ് തലത്തിൽ എ.ഡി.എസ്സുകളുടെ സഹകരണത്തോടെ വില്ലേജ് ഇന്നവേഷൻ കമ്മിറ്റികൾ രൂപപ്പെടുത്താനാവും. പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ തലങ്ങളിൽ ഇന്നൊവേഷൻ കമ്മിറ്റികൾ നിലവിൽ വരേണ്ടതുണ്ട്. സാമൂഹിക ശാസ്ത്ര മേഖലകളിൽ കൂടുതൽ അറിവും ശേഷിയും ആർജ്ജിച്ചിട്ടുള്ള വിദഗ്ധരെയും വിവരസാങ്കേതികവിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ളവരേയും വിദ്യാഭ്യാസ വിദഗ്ധരെയും വ്യവസായ കാർഷിക രംഗത്തെ പ്രതിനിധികളെയുമൊക്കെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന സമിതികൾക്ക് അതത് തലങ്ങളിലെ ജനപ്രതിനിധികൾ നേതൃത്വം നൽകണം. തദ്ദേശ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെക്കൂടാതെ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരും ഇതിന്റെ ഭാഗമാവണം. വികേന്ദ്രീകൃതമായ അറിവ് നിർമ്മാണ പ്രക്രിയയിൽ സജീവമായി പങ്കെടുക്കുകയും അതിന് രാസത്വരക ശക്തിയായി പ്രവർത്തിക്കുകയും ചെയ്യേണ്ടുന്ന വ്യക്തികളായി ജീവനക്കാർ പരിണമിക്കേണ്ടതുണ്ട്. അതിനായി ജനകീയ ജ്ഞാന നിർമ്മിതിയെ അടിസ്ഥാനപ്പെടുത്തിയുള്ള പങ്കാളിത്ത ഗവേഷണ പഠന സംവിധാനം, ഈ സംവിധാനത്തിന്റെ നേതൃത്വത്തിലുള്ള മാതൃകകളുടെയും നയരേഖകളുടെയും പരിശീലന മൊഡ്യൂളുകളുടെയും നിർമ്മാണം, ശാസ്ത്രീയവും ഘടനാപരവുമായ പങ്കാളിത്ത പരിശീലനം – ഇന്നൊവേഷൻ സമിതി അംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും, പൊതുജനങ്ങൾക്കുള്ള ഓറിയന്റേഷൻ, അന്വേഷണങ്ങൾ, പഠനങ്ങൾ പ്രശ്നങ്ങൾ കണ്ടെത്തൽ, പ്രശ്ന വിശകലനവും സാധ്യതകൾ കണ്ടെത്തലും, നൂതന ആശയങ്ങളുടെ രൂപീകരണം (ചർച്ചകൾ, സംവാദം, ബ്രെയിൻ സ്റ്റോമിംഗ്), പരീക്ഷണങ്ങളും ട്രൈ ഔട്ടുകളും, വിവരാപഗ്രഥനം, നിഗമനങ്ങൾ രൂപപ്പെടുത്തൽ, പദ്ധതികളുടെ ആസൂത്രണവും നിർവ്വഹണവും, നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ, മെച്ചപ്പെടുത്തിയ അവതരണവും നിർവ്വഹണവും തുടങ്ങിയ സംവിധാനങ്ങൾ രൂപപ്പെടുത്താവുന്നതാണ്.

സംസ്ഥാനത്തെ സ്കൂളുകളുടെയും കോളേജുകളുടെയും പാഠ്യപദ്ധതിയെയും പഠന രീതിയെയും ഇന്നവേഷൻ കമ്മിറ്റികളുമായി ബന്ധിപ്പിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടത്തുന്ന അന്വേഷണാത്മക പ്രവർത്തനങ്ങൾ പ്രോജക്റ്റുകൾ, അസൈൻമെന്റുകൾ തുടങ്ങിയവ പ്രാദേശിക പ്രശ്നങ്ങളുമായും സാധ്യതകളുമായും ബന്ധിപ്പിക്കണം. അങ്ങനെ വിദ്യാലയ പ്രവർത്തനങ്ങൾ കൂടുതൽ അർത്ഥപൂർണ്ണവും ജീവിതഗന്ധിയുമാക്കി മാറ്റാനാവും. പാഠപുസ്തകത്തിലുള്ള സാങ്കല്പികമായ പഠനപ്രശ്നങ്ങളെക്കാൾ യഥാർത്ഥമായ പ്രശ്നങ്ങൾ കുട്ടികളുടെ അന്വേഷണത്തിന് വിഷയമാവുമ്പോൾ അത് അവരുടെ എല്ലാ പഠന ശേഷികളും ബൗദ്ധിക ശേഷികളും കൂടുതൽ മെച്ചപ്പെടുത്താൻ സഹായകരമാവും. അതുകൊണ്ടു തന്നെ അധ്യാപനവും ഭരണ നിർവ്വഹണവും ബന്ധിപ്പിച്ചു കൊണ്ടുള്ള ഉദ്ഗ്രഥിതമായ സംവിധാനമാണ് നവകേരള സൃഷ്ടിക്ക് അനിവാര്യമായിട്ടുള്ളത്.

അതിനായി വൈജ്ഞാനിക സമൂഹവുമായി ബന്ധപ്പെട്ട സമഗ്ര പദ്ധതി രൂപീകരിക്കേണ്ടതുണ്ട്. ജനകീയ ജ്ഞാന സമ്പദ് വ്യവസ്ഥയിലധിഷ്ഠിതമായ പ്രസ്തുത പദ്ധതി പ്രകാരം മുഴുവൻ ജീവനക്കാർക്കും അധ്യാപകർക്കും ഇന്നൊവേഷൻ കമ്മിറ്റി അംഗങ്ങൾക്കും തുടർന്ന് പൊതു സമൂഹത്തിനും പരിശീലനം ലഭിക്കേണ്ടതുണ്ട്. പരിശീലനം ലഭിക്കുന്നതോടെ ഓരോരുത്തർക്കും അവരവരുടെ റോൾ കൃത്യമായി ബോധ്യപ്പെടുകയും പ്രവർത്തന സജ്ജരാകുകയും ചെയ്യും. തുടർന്ന് ഉത്സവാന്തരീക്ഷത്തിൽ സംസ്ഥാനത്ത് മുഴുവനായി ഈ പദ്ധതി ആരംഭിക്കാനാവും. ഇങ്ങനെ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ വിദഗ്ധരുടെ പിന്തുണയോടെ ഉദ്യോഗസ്ഥരുടെ സംഘാടനമികവിൽ ബഹുജനങ്ങളുടെ സമ്പൂർണ്ണ പങ്കാളിത്തത്തോടെ നവകേരള നിർമിതിക്കു വേണ്ട പുതുസംവിധാനം പടുത്തുയർത്താനാവും.

സംസ്ഥാന പ്രോഗ്രാം ഓഫീസർ, കുടുംബശ്രീ സംസ്ഥാന മിഷൻ

## 6

## തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ - വിവരശേഖരണം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമാക്കുന്നതിന് പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ്, മുനിസിപ്പൽ കോമൺ സർവീസ് എന്നീ വകുപ്പുകളെ സംയോജിപ്പിച്ച് കൊണ്ട് തദ്ദേശ സ്വയംഭരണ പൊതു സർവീസ് രൂപീകരിക്കുകയും തദ്ദേശ സ്വയം ഭരണ പൊതു സർവീസ് സംസ്ഥാന ജില്ലാ ഓഫീസുകളുടെ പ്രവർത്തന മാർഗരേഖ (കരട്) പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

തദ്ദേശസ്വയംഭരണ പൊതുസർവീസ് നിലവിൽ വന്നു കഴിഞ്ഞ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത്തലം മുതൽ വിവിധ തലങ്ങളിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന്, സ്ഥിതിവിവരക്കണക്കുകളുടെ ശരിയായ ലഭ്യത ഒരു പ്രധാന ഘടകമാണ്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തിന് ആവശ്യമായ ഗ്രാമപഞ്ചായത്ത് / മുനിസിപ്പാലിറ്റി / ബ്ലോക്ക്/ കോർപ്പറേഷൻ / ജില്ലാപഞ്ചായത്ത് അടിസ്ഥാനത്തിലുള്ള സ്ഥിതിവിവരക്കണക്കുകളുടെ ശേഖരണം, തരംതിരിക്കൽ, വിശകലനം എന്നിവയുടെ കൃത്യമായ ലഭ്യത കാര്യക്ഷമമായ വികസനപ്രക്രിയയ്ക്ക് ഗുണകരമാകും.

ജനസംഖ്യ, വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന സൗകര്യങ്ങൾ, സാമൂഹിക-സാമ്പത്തിക സൂചകങ്ങൾ എന്നിവയുൾപ്പെടെ പ്രാദേശിക ഭരണത്തിന്റെ വിവിധ വശങ്ങളുമായി ബന്ധപ്പെട്ട ഡാറ്റ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം ശേഖരിക്കുകയും സമാഹരിക്കുകയും വിശകലനം ചെയ്യുന്നത് വഴി.നിലവിലുള്ള സാഹചര്യം മനസ്സിലാക്കുന്നതിനും ട്രെൻഡുകൾ തിരിച്ചറിയുന്നതിനും തെളിവുകളെ അടിസ്ഥാനമാക്കിയുള്ള നയങ്ങളും പ്രോഗ്രാമുകളും രൂപപ്പെടുത്താനും ഇത് സഹായിക്കുന്നു.

ഡാറ്റ വിശകലനം ചെയ്യുന്നതിലൂടെയും സർവേകൾ നടത്തുന്നതിലൂടെയും, പ്രാദേശിക ജനസംഖ്യയുടെ ആവശ്യങ്ങളെയും മുൻഗണനകളെയും കുറിച്ചു മനസ്സിലാക്കി വികസന പദ്ധതികൾ രൂപീകരിക്കുന്നതിനും വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനും സംരംഭങ്ങളുടെ പുരോഗതി നിരീക്ഷിക്കുന്നതിനും കഴിയുന്നു. ഇതുവഴി പ്രാദേശിക ഭരണത്തിൽ ഉത്തരവാദിത്തവും സുതാര്യതയും തുടർച്ചയായ പുരോഗതിയും ഉറപ്പാക്കാൻ ഈ പ്രക്രിയ സഹായിക്കുന്നു. പ്രാദേശിക സമ്പദ്‌വ്യവസ്ഥ, വരുമാന ഉൽപ്പാദനം, ചെലവ് പാറ്റേണുകൾ, അടിസ്ഥാന സൗകര്യ ആവശ്യകതകൾ എന്നിവയെക്കുറിച്ചുള്ള ഡാറ്റ നൽകിക്കൊണ്ട് റിസോഴ്സ് അലോക്കേഷനും ബജറ്റിംഗും കാര്യക്ഷമമാക്കാവുന്നതാണ്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതി രൂപീകരണം, നിർവഹണം, കെട്ടിടനിർമ്മാണ അനുമതി, നികുതി-നികുതിയേതര വരുമാനം, വിവിധതരം ലൈസൻസുകൾ, ഫീസുകൾ, സിവിൽ രജിസ്ട്രേഷനുകൾ, വിവിധതരം ആസ്തികൾ, ജീവനകാര്യം, പൊതുജനപരാതി പരിഹാരം എന്നിവയുമായി ബന്ധപ്പെട്ട് ജനറേറ്റ് ചെയ്യപ്പെടുന്ന ഡാറ്റകളുടെ വിശകലനം, പദ്ധതി ആസൂത്രണം, സ്ഥിതിവിവരക്കണക്കുശേഖരണം, വിലയിരുത്തൽ സർവേകൾ, പദ്ധതി നിർവഹണ മോണിറ്ററിംഗ് എന്നിവ കാര്യക്ഷമമായും ഫലപ്രദവുമാക്കുന്നതിന് ഇത്തരത്തിലുള്ള ഡാറ്റാ ശേഖരണവും വിശകലനവും കാര്യക്ഷമമായ റിസോഴ്സ് മാനേജ്മെന്റിലധിഷ്ഠിതമായ നയരൂപീകരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കും

കൃത്യവും പ്രസക്തവുമായ ഡാറ്റ ലഭ്യമാക്കുന്നതിലൂടെ ജനങ്ങളുടെ മൊത്തത്തിലുള്ള വികസനത്തിനും ക്ഷേമത്തിനും ഗണ്യമായ സംഭാവന നല്കാൻ കഴിയുന്നതാണ്. അധികാരവികേന്ദ്രീകരണ മേഖലയിൽ ഒരു പുതിയ പന്ഥാവ് വെട്ടിത്തെളിയിക്കുവാനും നവകേരള സൃഷ്ടിയിൽ പുത്തൻ അധ്യായങ്ങൾ എഴുതിച്ചേർക്കുവാനും ഇതുവഴി സാധിക്കും.

7

# തിരുവനന്തപുരം നഗരസഭയുടെ ഓൺലൈൻ അധിഷ്ഠിത സെപ്റ്റേജ് ശേഖരണ-പരിപാലന സംവിധാനം

അനൂപ് റോയി

2019 ഏപ്രിൽ മുതലാണ് തിരുവനന്തപുരം നഗരസഭ സെപ്റ്റേജ് മാലിന്യ ശേഖരണത്തിനും പരിപാലനത്തിനും പൂർണ്ണമായും ഓൺലൈൻ അധിഷ്ഠിതമായ ഒരു സംവിധാനം ഏർപ്പെടുത്തിയത്. 107 എം.എൽ.ഡി സംസ്കരണ ശേഷിയുള്ള ഒരു പ്ലാന്റ് നഗരത്തിലുണ്ടെങ്കിലും അതിന്റെ ശേഷിയുടെ 50 ശതമാനം മാത്രമേ ഉപയോഗിക്കുന്നുള്ളൂ. തിരുവനന്തപുരം നഗരത്തിലെ 45 വാർഡുകളിൽ മാത്രമാണ് സ്വീവർ നെറ്റ് വർക്ക് നിലവിലുള്ളത്. അതും ഭാഗികമായി മാത്രം. നഗരത്തിന്റെ ഇതര പ്രദേശങ്ങളിൽ ഇപ്പോഴും സെപ്റ്റിക് ടാങ്കുകളോ പിറ്റുകളോ തന്നെയാണുള്ളത്. ഈ ടാങ്കുകൾ നിറയുന്ന അവസരത്തിൽ അവ ശേഖരിച്ച് സംസ്കരിക്കുന്നതിന് നഗരസഭയുടെ ടാങ്കർ സംവിധാനം നിലവിലുണ്ടായിരുന്നു. അൻപതോളം സ്വകാര്യ ടാങ്കറുകൾ നഗര ശുചിത്വത്തിനും നഗരവാസികളുടെ ആരോഗ്യത്തിനും വലിയ ഭീഷണിയാകും വിധം പ്രവൃത്തിക്കുന്നത് തടയുന്നതിനു ലക്ഷ്യമിട്ട് നഗരസഭാ ആരോഗ്യ വിഭാഗം പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് അനധികൃതമായി പ്രവർത്തിക്കുന്ന സ്വകാര്യ ടാങ്കറുകളെ പിടികൂടി വൻതുക പിഴ ചുമത്തിയെങ്കിലും അവർ ആ തുക ഒടുക്കി വീണ്ടും നിയമ വിരുദ്ധ പ്രവൃത്തി തുടർന്നു വന്നു. ഈ സാഹചര്യത്തിലാണ് തിരുവനന്തപുരം നഗരസഭ സെപ്റ്റേജ് മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് ഒരു ബൈലോ തയ്യാറാക്കി തുടർ നടപടികൾ സ്വീകരിക്കുന്നത്.

സെപ്റ്റേജ് മാലിന്യ ശേഖരണ സേവനം നല്കുന്ന വാഹനങ്ങൾ ബൈലോയിൽ നിഷ്കർഷിക്കുന്ന സുരക്ഷാ സംവിധാനങ്ങൾ ക്രമീകരിച്ച ശേഷം നഗരസഭാ ലൈസൻസ് നേടണം. സെപ്റ്റേജ് ശേഖരണത്തിനായുള്ള ഓർഡറുകൾ സ്വീകരിക്കുന്നതും അവ ടാങ്കറുകൾക്ക് നിശ്ചയിച്ചു നല്കുന്നതുമെല്ലാം ഓൺലൈൻ സംവിധാനത്തിലൂടെ മാത്രമാണ്. പണമിടപാടുകളും ഓൺലൈനിലൂടെ തന്നെ. ഇതിലേയ്ക്കായി നഗരസഭയുടെ 'സ്മാർട്ട് ട്രിവാൻഡ്രം' മൊബൈൽ ആപ്പിലും സ്മാർട്ട് ട്രിവാൻഡ്രം വെബ് പോർട്ടലിലും സംവിധാനമുണ്ട്. ഈ സേവനങ്ങൾ ഏകോപിപ്പിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനുമായി നഗരസഭയിൽ 24 മണിക്കൂറും കോൾ സെന്റർ / കൺട്രോൾ റൂം പ്രവർത്തിക്കുന്നു. വാഹനങ്ങളിൽ ജി.പി.എസ്. ട്രാക്കറും ക്യാമറയും സജ്ജമാക്കിയിട്ടുണ്ട്. സേവനം ബുക്ക് ചെയ്യുന്ന സമയം മുതൽ ശേഖരിച്ച മാലിന്യം ട്രീറ്റ്മെന്റ് സെന്ററിൽ എത്തുന്നതു വരെ ഉപഭോക്താവുമായി കോൾ സെന്ററിൽ നിന്ന് കൃത്യമായ ഇടവേളകളിൽ ബന്ധപ്പെടും. മാലിന്യം ശരിയായ രീതിയിൽ സുരക്ഷിതമായി ശേഖരിക്കുന്നുവെന്നും, സുരക്ഷിതമായി തന്നെ പരിവഹനം ചെയ്യപ്പെട്ട് ട്രീറ്റ്മെന്റ് പ്ലാന്റിൽ ഡിസ്ചാർജ്ജ് ചെയ്യപ്പെടുന്നുവെന്നും ഉറപ്പാക്കുന്ന കുറ്റമറ്റ മോണിറ്ററിംഗ് സംവിധാനമാണ് ഇവിടെ പ്രവർത്തിക്കുന്നത്.

സ്വകാര്യ ടാങ്കറുകൾ ശേഖരിച്ച് പൊതുസ്ഥലങ്ങളിലും ജലാശയങ്ങളിലും നിക്ഷേപിച്ചിരുന്ന മനുഷ്യ വിസർജ്യം പൊതുജനാരോഗ്യത്തിന് വലിയ ഭീഷണിയും നഗരസഭയ്ക്ക് വലിയ വെല്ലുവിളിയുമായിരുന്നു. ഈ സാഹചര്യത്തിലാണ് സെപ്റ്റേജ് മാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട് നഗരസഭ ബൈലോ തയ്യാറാക്കി പാസാക്കുന്നത്. ബൈലോയുടെ അടിസ്ഥാനത്തിൽ നിലവിൽ വന്ന ഓൺലൈൻ സംവിധാനത്തിലൂടെ മണിക്കൂറുകൾക്കുള്ളിൽ സേവനം

ലഭ്യമാക്കാനായി. മാത്രമല്ല സേവനം ആവശ്യമായ സമയം ഉപഭോക്താവിന് മുൻകൂട്ടി നിശ്ചയിച്ച് ബുക്ക് ചെയ്യുന്നതിനും കഴിയും. ആസാദി-കാ-അമൃത് മഹോത്സവത്തിന്റെ ഭാഗമായി ദേശീയതലത്തിൽ തെരഞ്ഞെടുത്ത 75 ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ സ്റ്റോറീസിൽ ഒന്നായി മാറുന്നതിന് ഈ സംവിധാനത്തിന് കഴിഞ്ഞു. കമ്പ്യൂട്ടർ സൊസൈറ്റി ഓഫ് ഇന്ത്യയുടെ ഇ-ഗവേണൻസ് അവാർഡും നേടാൻ കഴിഞ്ഞു.

നഗരസഭയ്ക്കുള്ളിൽ നിലവിൽ സെപ്റ്റേജ് മാലിന്യം പൂർണ്ണമായും ഈ സംവിധാനത്തിലൂടെ തികച്ചും സുരക്ഷിതമായി ശേഖരിച്ച് സംസ്കരിക്കപ്പെടുന്നു. ഇതിന്റെ സാമ്പത്തിക വശം വിശകലനം ചെയ്താൽ, 2019 ൽ ആരംഭിച്ചതു മുതലിന്നു വരെയുള്ള 4 വർഷക്കാലത്തിനുള്ളിൽ 21.34 കോടി രൂപയാണ് ഈ സംവിധാനത്തിലൂടെ യൂസർ ഫീയായി ലഭിച്ചത്. ഇതിൽ നിന്ന് ടാങ്കർ ഉടമകൾക്ക് 15.81 കോടി രൂപ നല്കിയിട്ടുണ്ട്. 5.50 കോടി രൂപയാണ് ഇതിലൂടെ നഗരസഭയ്ക്ക് വരുമാനമായി ലഭിച്ചത്.

ഹെൽത്ത് സൂപ്പർവൈസർ, തിരുവനന്തപുരം നഗരസഭ, 9447451549

8

# ജനകീയാസൂത്രണം- തദ്ദേശസ്ഥാപനങ്ങളുടെ വേറിട്ട മാതൃകകൾ

73, 74 ഭരണഘടന ഭേദഗതിയോടെ പ്രാദേശിക സർക്കാരുകളായി രൂപാന്തരപ്പെട്ട തദ്ദേശസ്ഥാപനങ്ങൾ 9-ാം പദ്ധതി ജനകീയ പദ്ധതിയായി ജനകീയാസൂത്രണവും അധികാര വികേന്ദ്രീകരണവും ആരംഭിച്ചതോടെ കൂടുതൽ സാമ്പത്തികശേഷി കൈവരുകയും ആസൂത്രണ പ്രക്രിയകളിലൂടെ വേറിട്ട മാതൃകകൾ സൃഷ്ടിക്കാൻ തദ്ദേശസ്ഥാപനങ്ങൾക്ക് കഴിയുകയും ചെയ്തു. അവയിൽചില ഉദാഹരണങ്ങൾ പരിശോധിക്കാം

### 1.മലപ്പട്ടം ഗ്രാമ പഞ്ചായത്ത് - സമഗ്ര വിവര ശേഖരണ പരിപാടി

ആസൂത്രണപ്രക്രിയയ്ക്ക് ഏറ്റവും അത്യാവശ്യമായത് അടിസ്ഥാന വിവരങ്ങളുടെ ലഭ്യതയാണ്. അതുകൊണ്ടാണ് 2007 ൽ കണ്ണൂർ ജില്ലയിലെ മലപ്പട്ടം ഗ്രാമ പഞ്ചായത്ത് കാർഷിക കാർഷികേതര വിഭവങ്ങളെ കുറിച്ചുള്ള സമഗ്രമായ പഠനം സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ മേൽനോട്ടത്തിലും സാങ്കേതിക സഹായത്തോടെയും നടപ്പിലാക്കിയത് ജനകീയമായി 400-ൽ അധികം പേരെ പങ്കെടുപ്പിച്ചുകൊണ്ട് 2007 സെപ്റ്റംബർ ഒന്നു മുതൽ നാലു വരെയായി നടന്ന ഈ പ്രവർത്തനം സംസ്ഥാനത്ത് ഇത്തരത്തിൽ ആദ്യത്തേത് ആയിരുന്നു എന്നാൽ 2007-ൽ നടത്തിയ ഈ സർവ്വേ കാലികമാക്കുന്ന പ്രവർത്തനങ്ങൾ തുടർന്ന് ഏറ്റെടുക്കാത്തതിനാൽ അത് പഞ്ചായത്തിന്റെ തുടർ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയാതെ വന്നു ഇന്ന് ശാസ്ത്ര സാങ്കേതികവിദ്യ കൂടുതൽ വളർന്ന സാഹചര്യത്തിൽ കൂടുതൽ ഫലപ്രദമായി ഇത്തരം പഠനങ്ങൾക്ക് സർക്കാർ തലത്തിൽ നിർദ്ദേശം ഉണ്ടാകണം

### 2.ചെറുകുന്ന് ഗ്രാമപഞ്ചായത്ത് സാമൂഹിക സാമ്പത്തിക സർവ്വേ

2002ൽ കുടുംബശ്രീ, ഹരിതകേരള മിഷൻ എന്നിവയുടെ സഹായത്തോടെ നടത്തിയ സാമൂഹിക സാമ്പത്തിക സർവ്വേയുടെ ഫലങ്ങൾ പഞ്ചായത്തിന്റെ 2022 -23 വർഷത്തെ പദ്ധതി രൂപീകരണത്തിൽ വലിയ തോതിൽ പ്രയോജനപ്പെടുത്താൻ കഴിഞ്ഞു

### 3. കണ്ണൂർ ജില്ലാ പഞ്ചായത്ത് വിവര സഞ്ചയിക

മലപ്പട്ടം പഞ്ചായത്തിന്റെയും ചെറുകുന്ന് പഞ്ചായത്തിന്റെയും മാതൃക പിന്തുടർന്ന് കണ്ണൂർ ജില്ലയിലെ പഞ്ചായത്തുകളുടെ സമഗ്ര വിവരശേഖരണം ലക്ഷ്യമിട്ട് വിഭാവനം ചെയ്യുന്ന പദ്ധതിയാണ് വിവര സഞ്ചയിക. സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും നടത്തുന്നതിനും തദ്ദേശ സ്ഥാപനങ്ങൾ നേരിടുന്ന ഡാറ്റ ഗ്യാപ്പ് ഒഴിവാക്കുന്നതിനും വികേന്ദ്രീകൃത ആസൂത്രണം കൂടുതൽ ഫലപ്രദമാക്കുന്നതിനും കഴിയും വിവരശേഖരണത്തിന്റെ ഭാഗമായി ജില്ലയിലെ മുഴുവൻ കെട്ടിടങ്ങളും ജിയോ ടാഗ്ചെയ്തു സ്ഥലപരമായ വിവരങ്ങൾ ശേഖരിക്കുന്നു. തുടർന്ന് ജനസംഖ്യാ വിവരങ്ങൾ, കുടുംബ വിവരങ്ങൾ, സാമൂഹ്യക്ഷേമം, കൃഷി, മൃഗ സംരക്ഷണം എന്നീ വിവരങ്ങൾ, പട്ടികവർഗ്ഗ . പട്ടികജാതി വിഭാഗങ്ങളുടെ വിശദാംശങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യം, മാലിന്യ സംസ്കരണം, കുടിവെള്ളം, മത്സ്യ മേഖല, ടൂറിസം മറ്റ് സ്ഥാപനങ്ങൾ എന്നിങ്ങനെ സമഗ്രമായ വിവരങ്ങൾ ശേഖരിക്കുന്നു ഇതിനുവേണ്ടി പ്രത്യേക സോഫ്റ്റ്വെയറും മൊബൈൽ ആപ്പും തയ്യാറാക്കുന്നു. സാമ്പത്തിക സ്ഥിതിവിവര കണക്ക് ഡെപ്യൂട്ടി ഡയറക്ടർ ആയിരിക്കും ജില്ലാതലത്തിൽ നിർവഹണ ഉദ്യോഗസ്ഥൻ. ഇത് സംബന്ധിച്ച

ചോദ്യാവലി സാമ്പത്തിക സ്ഥിതിവിവര കണക്കു വകുപ്പ് രൂപീകരിക്കും ബ്ലോക്ക്തലത്തിൽ ബ്ലോക്ക്പ ഞ്ചായത്ത് സെക്രട്ടറിയും പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് സെക്രട്ടറിയും നിർവഹണ ഉദ്യോഗ സ്ഥർ ആയിരിക്കും. ഓരോ വാർഡിനും ഒന്നോ രണ്ടോ എന്യൂമറേറ്റർമാരും ഒരു സൂപ്പർവൈസറും അടങ്ങുന്ന ടീമാണ് വിവരങ്ങൾ ശേഖരിക്കുന്നത്. പ്ലസ് ടു അല്ലെങ്കിൽ അതിന് മുകളിൽ യോഗ്യതയുള്ള വരെ പഞ്ചായത്ത് തലത്തിൽ എന്യൂമറേറ്റർമാരായി തെരഞ്ഞെടുക്കുന്നുഅവർക്ക് പ്രത്യേക പരിശീലനം നൽകും ലഭ്യമാകുന്ന വിവരങ്ങൾ അപഗ്രഥിച്ച് പ്രാദേ ശിക സർക്കാരുകൾക്ക് ഡാറ്റകൾ കൈമാറും

9

## നൂതനവും അനുകരണീയവുമായ പ്രൊജക്ടുകൾ

എസ്.എസ്. ബിജി

പരിഗണിക്കേണ്ട ജനവിഭാഗങ്ങളായ വിദ്യാർത്ഥികൾ, കർഷകർ, വനിതകൾ, എന്നിവരുടെ ക്ഷേമവും ഒപ്പം പ്രാദേശിക സാമ്പത്തിക വികസനവും ഉറപ്പുവരുത്തു ന്ന പദ്ധതികളാണ് 2021 22 വർഷം എറണാകുളം ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തു നടപ്പിലാക്കിയിട്ടുള്ള ത്.

കാർഷിക മേഖലയിൽ കേര കൃഷിയിലും ഉൾനാടൻ മത്സ്യ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് കൂടുകൃഷി യിലുമാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. കേരകൃഷിയുടെ ന്യൂനതകൾ പരിഹരിക്കുന്നതിൽ ഏറ്റവും പ്രധാനം ഗുണനിലവാരമുള്ള തെങ്ങും തൈകളുടെ ലഭ്യതയും മണ്ണിന്റെ ഫലഭൂയിഷ്ഠിത കുറവുമാണ്. ഇത് പരിഹ രിക്കുന്നതിനു മികച്ച മാതൃ വൃക്ഷങ്ങൾ കണ്ടെത്തി അവയിൽ നിന്നുള്ള വിത്തു തേങ്ങ പാകി 60,000 തെങ്ങിൻ തൈകളും, നിശ്ചിത അളവിൽ ജൈവവ ളവും വിതരണം ചെയ്യുന്ന പദ്ധതി ഈ മേഖലയ്ക്ക് പുത്തൻ ഉണർവേകി. ഉൾനാടൻ മത്സ്യകൃഷി മേഖ ലയിൽ പുതിയതരം മീനുകളുടെ (കാളാഞ്ചി) കൂട് കൃഷി പ്രോത്സാഹിപ്പിച്ച് മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകാതെ തന്നെ മത്സ്യം ലഭ്യമാക്കാനായി.

വനിതാ മേഖലയിൽ സംരംഭകത്വ വികസനവും ആരോഗ്യ പരിപാലനവും ഉറപ്പാക്കാൻ 2 മാതൃക പദ്ധതികളിലായി മൂന്നു അംഗങ്ങളുള്ള ഗ്രൂപ്പുകൾക്ക് ചോക്ലേറ്റ് നിർമ്മാണവും (₹3.87 ലക്ഷം) തെരഞ്ഞെ ടുത്ത അഞ്ചു സ്കൂളുകളിൽ കൗമാരക്കാരായ പെൺ കുട്ടികൾക്കായി ഷീ-ജിംനേഷ്യവും (₹5,00,000) നട പ്പിലാക്കി. കുട്ടികൾക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും അവരുടെ പ്രശ്നങ്ങൾ അറിയുന്നതി നുമുള്ള ജില്ലാ വെബ്ബ് പോർട്ടൽ ഗ്രാമപഞ്ചായത്തുക ളുമായി ചേർന്ന് സംയുക്തമായി നടപ്പിലാക്കി. അറി യപ്പെടാത്ത ഗ്രാമീണ വനിതകളുടെ സർഗാത്മകതയ്ക്ക് നിറം പകരുവാൻ അവരിൽ 100 പേരുടെ കവിതകൾ തെരഞ്ഞെടുത്ത് പ്രസിദ്ധീകരിക്കുകയും അവരെ ആദരിക്കുകയും ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കു കയുണ്ടായി.

സീനിയർ സൂപ്രണ്ട്, LSGD, Mob: 9446402950

10

## സഹകരണ സ്ഥാപനങ്ങൾ (സംഘങ്ങൾ) – നിയമങ്ങളിൽ മാറ്റം അനിവാര്യം

മാത്യു ജോസ് കെ.

സഹകരണ സർവീസ് നിയമങ്ങളിൽ കാതലായ മാറ്റം അനിവാര്യമാണ്. ഇന്നത്തെ സഹകരണസം ഘം ഭരണരംഗം പരിശോധിച്ചാൽ പലപ്പോഴും അവിടെ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ, ഏതാണ്ട് അടിമ വ്യവസ്ഥ രീതിയിലാണ് അനുദിന ജോലികൾ ചെയ്തു പോരുന്നത് എന്ന് കാണാം. സഹകരണ സം ഘത്തിലെ ബോർഡ് അംഗങ്ങളുടെ സമ്മർദ്ദങ്ങൾക്ക് വിധേയമാകുന്ന ജീവനക്കാർക്ക് വളരെയധികം മാനസിക ക്ലേശങ്ങൾ ഉണ്ടാകുന്നുണ്ട്. ഈ സ്ഥിതി വിശേഷം മാറുന്നതിന് സഹകരണ രംഗത്തെ സർവീസ് നിയമങ്ങളിൽ അടിസ്ഥാനപരമായ മാറ്റങ്ങ ൾ ആവശ്യമാണ്.

നിയമനാധികാരി എന്ന നിലയിൽ അച്ചടക്ക അധികാ രവും, പിന്നീട് വരുന്ന അപ്പീൽ അധികാരവും ഒരേ സമിതിക്ക് ലഭിച്ചിരിക്കുന്ന വിചിത്രമായ കാഴ്ചയാണ് സഹകരണസംഘങ്ങളിൽ നിലനിൽക്കുന്നത്. സഹ കരണസംഘം ജീവനക്കാരനെതിരെ പിരിച്ചുവിടൽ ഉൾപ്പെടെയുള്ള കടുത്ത അച്ചടക്ക നടപടികളും ഡയ

റക്യർ ബോർഡ് അംഗങ്ങളുടെ കുത്തകയാണ്. ഇത് സ്വാഭാവിക നീതിക്ക് എതിരാണെങ്കിൽ കൂടി ഇതിനെ മറികടന്ന്, നിലപാട് എടുക്കുവാൻ ഈ രംഗത്ത് നിൽക്കുന്ന ട്രേഡ് യൂണിയൻ സംഘടനകൾക്ക് പോലും കഴിയുന്നില്ല എന്നുള്ള നിസ്സഹായാവസ്ഥ നേരിടുന്നവരാണ് സഹകരണസംഘം ഉദ്യോഗസ്ഥർ. എത്ര വലിയ സംഘമായാലും, തന്റെ കീഴിലുള്ള ചെറിയ ഉദ്യോഗസ്ഥർക്കെതിരെ, ഒരു താക്കീതുപോലും നൽകാൻ അവിടത്തെ സെക്രട്ടറിക്ക് നിയമപ്രകാരം അധികാരമില്ല. സഹകരണമേഖല കൂടുതൽ നന്നാകണമെങ്കിൽ, നിയമത്തിൽ ചില മാറ്റങ്ങൾ അനിവാര്യമാണ്.

അഡീഷണൽ സെക്രട്ടറി ടു ഗവൺമെന്റ് (റിട്ട.), Mob: 9447033457, കവടിയാർ, തിരുവനന്തപുരം

11

# പോലീസ് – ക്രമസമാധാന മേഖല

ഡോ. പി.എം. സലിം

ഭരണകൂടത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തെയും ക്രമസമാധാന പരിപാലനത്തെയും അടയാളപ്പെടുത്തുന്നത് പോലീസിന്റെ പ്രവർത്തനങ്ങളിലൂടെയാണ്.

വികസനത്തിന്റെ പല മേഖലകളിലും കേരളം ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽനിന്നും വളരെ മുന്നിലാണ്. ഏറെ പ്രസിദ്ധമായ 'കേരള വികസന മാതൃകയുടെ കാര്യത്തിൽ, വികസന പ്രക്രിയയോട് കേരളത്തിലെ ജനകീയ സർക്കാരുകളുടെ ക്രമസമാധാന നയം എപ്രകാരം ചേർന്നുപോകുന്നുവെന്നുള്ളത് പരിശോധന അർഹിക്കുന്ന കാര്യമാണ്. പോലീസ് ഭരണ സംവിധാനത്തിന്റെ കാര്യത്തിലും കേരളത്തിലെ ഇടതുപക്ഷ സർക്കാരുകൾ രാജ്യത്തിന് ഒരു ബദൽ വിചിന്തനത്തിനുള്ള സാഹചര്യങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

ഇ എം എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ രൂപീകരിച്ച കേരളത്തിലെ ആദ്യത്തെ ജനകീയ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പോലീസ് നയം, കേരളത്തിൽ തുടർന്നുള്ള കാലങ്ങളിൽ മാറി മാറി വന്ന സർക്കാരുകൾക്കുമാത്രമല്ല ഇന്ത്യയിലെ ഇതര സംസ്ഥാന സർക്കാരുകൾക്കും മാതൃകയായി മാറി. ദീർഘവീക്ഷണത്തോടുകൂടി ആവിഷ്കരിച്ച വിപ്ലവകരമായ ഭരണനടപടികൾ സംസ്ഥാനത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും അടിത്തറ പാകി. കേരളത്തിൽ നിലനിന്നിരുന്ന കടുത്ത അനീതികളും വിവേചനങ്ങളും ഒരു പരിധിവരെ തടയുന്നതിൽ ഇ. എം. എസ്. സർക്കാരിന്റെ പുരോഗമനപരമായ പോലീസ് നയവും ക്രമസമാധാന പരിപാലനവും വലിയ പങ്കു വഹിച്ചു.

1960ൽ അധികാരത്തിലെത്തിയ പട്ടം ശങ്കർ മന്ത്രിസഭയുടെ ആഭ്യന്തര പോലീസ് നയം (ആഭ്യന്തരവകുപ്പ് മന്ത്രി പി. ടി. ചാക്കോ) അടിസ്ഥാന ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾക്ക് അനുകൂലമായിരുന്നില്ല. കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വത്തിലുണ്ടായിരുന്ന 1967-69ലെ ഐക്യ ഇടതുപക്ഷ മുന്നണി സർക്കാർ ആദ്യ ഇഎംഎസ് സർക്കാരിന്റെ പോലീസ് നയം തന്നെയാണ് പിന്തുടർന്നത്.

1969 ൽ അധികാരത്തിലെത്തിയ വലത് മുന്നണി മന്ത്രിസഭയിൽ മുസ്ലിം ലീഗ് നേതാവ് സി എച്ച് മുഹമ്മദ് കോയ രണ്ടുവർഷം (1969-71) ആഭ്യന്തരവകുപ്പ് ഭരിച്ചിരുന്നു. കരുതൽ തടങ്കൽ നിയമം, മിസ (Maintanance of Internal Security Act) തുടങ്ങിയ കടുത്ത നിയമങ്ങളുടെ വക്താവായിരുന്ന സി എച്ച് മുഹമ്മദ് കോയ മുൻ ഇഎംഎസ് സർക്കാരുകളുടെ കാലത്ത് നടപ്പാക്കപ്പെട്ടിരുന്ന ആഭ്യന്തരവകുപ്പിന്റെയും പോലീസ് ഭരണത്തിനെയും സുതാര്യമായ രീതികളെ അപ്പാടെ മാറ്റിമറിച്ചു.

അച്യുതമേനോൻ മന്ത്രിസഭയിൽ 1971 മുതൽ കെ കരുണാകരന്റെ കീഴിലുണ്ടായിരുന്ന ആഭ്യന്തരവകുപ്പ് സർക്കാരിനെ തന്നെ നിയന്ത്രിക്കുന്ന ഒരു ഘടകം എന്നപോലെ പ്രവർത്തിച്ചിരുന്നു. കെ കരുണാകരന്റെ പോലീസ് ഭരണത്തിലെ അപ്രമാദിത്വവും പോലീസിന്റെ അടിച്ചമർത്തൽ പ്രവർത്തനങ്ങൾക്ക് വേണ്ടി വിഭവസൗകര്യങ്ങൾ ഒരുക്കുന്നതിനുമായി സംസ്ഥാന ഖജനാവിനെ പോലും അമിതമായി ഉപയോഗപ്പെടുത്തിയിരുന്നു.

1980 മുതൽ 2011 വരെയുള്ള കാലഘട്ടത്തിൽ കേരളത്തിൽ യുഡിഎഫ് എൽഡിഎഫ് സർക്കാരുകൾ മാറിമാറി അധികാരത്തിൽ ഇരുന്നു. 1970 മുതലുള്ള ഒരു പതിറ്റാണ്ടുകാലം പൊതുവേയും അടിയന്തരാവസ്ഥക്കാലം പ്രത്യേകിച്ചും മാറ്റി നിർത്തിയാൽ കേരളത്തിലെ ആദ്യ ജനകീയ സർക്കാർ ആവിഷ്കരിച്ച ക്രമസമാധാനനയത്തിൽ അടിസ്ഥാനപരമായി ഗൗരവതരമായ മാറ്റങ്ങൾ മറ്റു സർക്കാരുകൾ ഒന്നും കൊണ്ടുവന്നിരുന്നില്ല.

പോലീസ് ക്രമസമാധാന മേഖലയെ സംബന്ധിച്ച് 1957 മുതലുള്ള കാലഘട്ടത്തെ പഠനത്തിന്റെ ഭാഗമായി അഞ്ചായി തിരിച്ചിരിക്കുന്നു.

ഒന്നാം ഘട്ടം- 1957- 59 വർഷങ്ങൾ.

രണ്ടാം ഘട്ടം:- 1960- 69 കാലഘട്ടം.

മൂന്നാം ഘട്ടം 1970 മുതൽ 77 വരെ.

നാലാം ഘട്ടം 1977- 2005.

അഞ്ചാം ഘട്ടം 2006 മുതൽ ഇന്നുവരെ.

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെക്കാൾ കൃത്യത യോടെയും കാര്യക്ഷമതയോടെയും പ്രവർത്തിക്കുന്ന പോലീസ് സംവിധാനമാണ് കേരളത്തിലുള്ളത്. ശ്രദ്ധ യിൽപ്പെടുന്ന കേസുകൾ ഒന്നൊഴിയാതെ എല്ലാം തന്നെ രജിസ്റ്റർ ചെയ്ത് കാര്യക്ഷമമായും ഫലപ്രദമായ രീതിയിലും പോലീസ് അന്വേഷിക്കുന്ന ഇന്ത്യയിലെ ഒരേയൊരു സംസ്ഥാനമാണ് ഇന്ന് കേരളം. കുറ്റകൃ ത്യങ്ങൾ കൃത്യമായി അന്വേഷിക്കുകയും കുറ്റവാളിക ളുടെ മേൽ നടപടികൾ സ്വീകരിക്കുകയും നിയമത്തി ന്റെ വഴിയിലൂടെ തന്നെ ഉചിതമായ ശിക്ഷാവിധികൾ നടപ്പിലാക്കി എടുക്കുകയും ചെയ്യുന്നത് കേരള പോ ലീസിന്റെ പ്രത്യേകതയാണ്.

അൽത്തൂസർ പ്രതിപാദിച്ചിട്ടുള്ള "ഭരണകൂടത്തിന്റെ അടിച്ചമർത്തൽ ഉപകരണമാണ് (Repressive State Apparatuses) പോലീസ്" എന്ന കാര്യം അക്കാദമികസ മൂഹത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. 1957ൽ കേരളത്തിൽ അധ്വാനിക്കുന്ന ജനവിഭാഗത്തിന്പ ങ്കാളിത്തമുള്ള സർക്കാർ ആദ്യമായി അധികാരത്തി ലെത്തിയ കാലം മുതൽതന്നെ ഭരണത്തിൽ പങ്കാളി യാകാൻ സാധാരണ ജനവിഭാഗത്തിന് അവസരം ലഭിച്ചപ്പോഴൊക്കെയും കേരളത്തിലെ പോലീസിന്റെ അടിച്ചമർത്തൽ നടപടികൾ കുറയുന്നു. കേരളത്തിൽ ഭയാശങ്കകൾ ഇല്ലാതെ സാധാരണക്കാരന് പരാതി ബോധിപ്പിക്കുന്നതിന് പോലീസ് സ്റ്റേഷനിലേക്ക് കട ന്നുചെല്ലുവാനുള്ള സാഹചര്യത്തിന് തുടക്കം കുറിച്ച ആദ്യ ഇഎംഎസ് സർക്കാർ ആവിഷ്കരിച്ച "പുതിയ പോലീസ് നയം" (New Police Policy) "പോലീസ് ജനകീയ പ്രശ്നങ്ങളെ അടിച്ചമർത്തുന്നതിന് വേണ്ടി യല്ല നിലകൊള്ളേണ്ടത്, പകരം ജനകീയ പ്രശ്ന ങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി ജനാധിപത്യ സർ ക്കാരുകളോടൊപ്പം ചേർന്ന് പ്രവർത്തിക്കുകയാണ് വേണ്ടത്" എന്ന നിലപാട് കേരളത്തിന്റെ സാമൂഹിക -രാഷ്ട്രീയ- സാമ്പത്തിക -സാംസ്കാരികപരമായ സമഗ്ര പുരോഗതിക്ക് വഴിതെളിച്ചിട്ടുണ്ട്. ക്രമസമാധാന പരി പാലനത്തിൽ മാത്രമല്ല, പ്രകൃതി ദുരന്തങ്ങളിലും, കോവിഡ് പോലുള്ള മഹാമാരികളിലുമെല്ലാം ഇടപെ ട്ടുകൊണ്ട് നൽകിയ നിസ്തുല സേവനം പരിശോധി ച്ചാൽ നാടിന്റെ പുരോഗതിയിലും വികസനത്തിലും സംരക്ഷണത്തിലും കേരള പോലീസ് സമഗ്രമായ സംഭാവനകൾ നൽകുന്നുവെന്ന് നിസംശയം പറയാ വുന്നതാണ്.

Poozhikalayil, Udinur PO, Trikaripur Via, Kasaragod, 9446268989, pmsalimudayagiri@gmail.com

12

# പോലീസ് വകുപ്പിന്റെ സേവനങ്ങൾ ജനസൗഹൃദമാക്കുന്നതിനുള്ള Kerala Administrative Reforms commission ന്റെ ശുപാർശയിന്മേലുള്ള പ്രായോഗിക നിർദ്ദേശങ്ങൾ

സി.ജെ. ജോസഫ് പഠന ഗവേഷണ കേന്ദ്രം

എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും പി.ആർ.ഒ പരി ശീലനം നൽകി ARC ശുപാർശ സമയബന്ധിതമായി നടപ്പാക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ, പി.ആർ.ഓക്ക് ഒരു supporting സംവിധാനത്തോടെ help desk ഒരുക്കുക എന്ന ബദൽ സംവിധാനം പരിഗ ണിക്കേണ്ടതുണ്ട്. ഇതിനായി Computer പരിജ്ഞാന മുള്ള MA sociology, MA Psychology, MSW തുട ങ്ങിയ യോഗ്യതയുള്ള യുവതികളെ contract വ്യവസ്ഥയിൽ പി.ആർ.ഒ.യെ സഹായിക്കുന്നതിന് engage ചെയ്താൽ PRO സംവിധാനം കൂടുതൽ കാര്യ ക്ഷമമാക്കാൻ കഴിയുന്നതാണ്.

Contract basis ൽ engage ചെയ്യുന്ന യുവതികളുടെ സേവനം counseling നടത്തുവാനും മറ്റും പ്രയോജന പ്പെടുത്താൻ കഴിയും. താലൂക്ക് തലത്തിൽ മാസത്തി ലൊരിക്കൽ നടന്നു വരുന്ന Legal Aid Clinic കൂടുതൽ ദിവസങ്ങളിൽ ഏർപ്പെടുത്തുന്നതും ഗുണകരമാണ്.

സ്റ്റേഷനിൽ വരുന്ന എല്ലാ പരാതികളും നിലവിലുള്ള iAPS portal മുഖേന എളുപ്പത്തിൽ രജിസ്റ്റർ ചെയ്യാവു ന്നതാണ്. PRO സംവിധാനം കാര്യക്ഷമമാക്കി ഹെൽപ് ഡെസ്ക് വിപുലീകരിച്ച് ഇക്കാര്യം പരിഹരി ക്കാൻ കഴിയും. iAPS മുഖേന രജിസ്റ്റർ ചെയ്യപ്പെടുന്ന പരാതിക്ക് ഈ സംവിധാനത്തിലൂടെ രസീത് നൽകാനും കഴിയും.

'തുണ' എന്ന പോർട്ടലിനെപ്പറ്റി പൊതുജനങ്ങൾക്ക് അറിവ് ലഭിക്കുന്നതിനുള്ള പ്രചരണ പരിപാടി നടപ്പി ലാക്കണം

iAPS ൽ തങ്ങളുടെ പരാതി നമ്പർ വെച്ച് സെർച്ച് ചെയ്താൽ പരാതിയുടെ നിലവിലെ അവസ്ഥ അറിയാൻ കഴിയും എന്നുള്ള വിവരം, ജനങ്ങളെ അറിയിക്കേണ്ടതും അത് ചെയ്യുന്ന വിധം പരാതി രജി സ്റ്റർ ചെയ്യുന്ന സമയത്ത് അവരെ കാണിച്ചു കൊടു ക്കേണ്ടതുമാണ്.. തീർപ്പാക്കിയ പരാതികളുടെ എണ്ണം നോട്ടീസ് ബോർഡിലോ മറ്റോ പ്രദർശിപ്പി ച്ചാൽ കൂടുതൽ സുതാര്യത, പ്രതിബദ്ധത എന്നിവ

ഉറപ്പാക്കാൻ കഴിയും.

RTS Act ൽ FIR രജിസ്റ്റർ ചെയ്യുന്നതിന് മുമ്പ് പ്രാഥമിക അന്വേഷണം നടത്തുന്നതിനുള്ള സമയപരിധി 15 ദിവസമാണെന്നത് കുറയ്ക്കണം. പരാതികൾ രജിസ്റ്റർ ചെയ്യുന്നതും മഹസർ തയ്യാറാക്കുന്നതും ഉൾപ്പെടെയുള്ള സേവനങ്ങൾ RTS ആക്റ്റിന്റെ കീഴിൽ കൊണ്ടുവരണം. CPO/WCPO തെരഞ്ഞെടുപ്പിന് Computer Awareness കൂടി യോഗ്യതയാക്കാവുന്നതാണ്. പല കേസുകളുടേയും അന്വേഷണം താമസിക്കുന്നത് Forensic Report കൾ കിട്ടാൻ താമസിക്കുന്നതുകൊണ്ടാണ് അതിനാൽ Forensic Unit കൾ ശക്തിപ്പെടുത്തണം. ARC ശുപാർശയിൽ പറയുന്നതുപോലെ Social Justice Department ലെ വിദ്യാസമ്പന്നരായ ഉദ്യോഗസ്ഥരുടെ സേവനം പൂർണ്ണമായും പോലീസ് വകുപ്പിന് ലഭ്യമാകത്തക്കവിധം Inter departmental policy രൂപപ്പെടുത്തേണ്ടതാണ്.

13

# പോലീസ് വകുപ്പ് - കമ്മ്യൂണിറ്റി പോലീസ്

ശ്രീജിത്ത് സി.എസ്.

ഇന്ത്യയിലെ ഏറ്റവും കാര്യക്ഷമമായ പോലീസ് സംവിധാനം ആണ് കേരള പോലീസ്.

സംസ്ഥാനത്ത് താമസിക്കുന്നവരും, ജോലി ചെയ്യുന്നവരും, സന്ദർശകരുമായ എല്ലാ വിഭാഗം ജനങ്ങൾക്കും മികച്ച നിലവാരത്തിലുള്ള പോലീസ് സേവനങ്ങൾ നൽകുക എന്നതാണ് കേരള പോലീസിന്റെ ധർമം.

സുരക്ഷ ഉറപ്പുവരുത്തുക, ക്രമക്കേടുകൾ, കുറ്റകൃത്യം, കുറ്റകൃത്യം ഉണ്ടാകുമെന്ന ഭയം എന്നിവ കുറച്ചുകൊണ്ടു വരിക,സംസ്ഥാനത്തെ നിയമസംവിധാനം സുഗമമായി നടപ്പാക്കുന്നതിൽ പങ്കു വഹിക്കുക വഴി പൊതുജനവിശ്വാസം ഉറപ്പിക്കുക, നീതി നിർവഹണം സാധ്യമാക്കുക എന്നിവ കേരള പോലീസിന്റെ പ്രധാന ചുമതലകൾ ആണ്.

ഈ ചുമതലകൾ ഭംഗിയായി നിർവ്വഹിക്കുന്നതിന് സമൂഹത്തിന്റെ സുരക്ഷയ്ക്ക് പ്രാധാന്യം നൽകികൊണ്ടും, സമൂഹത്തിൽ തന്നെ ലഭ്യമായ വിവരങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടും പൊതുജന സഹകരണത്തോടെ നടപ്പാക്കുന്ന ഒരു നൂതന പദ്ധതിയാണ് കമ്മ്യൂണിറ്റി പോലീസിംഗ്.

സമൂഹത്തിലെയും പോലീസിലെയും ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ചുകൊണ്ട്, സമൂഹത്തിന്റെ സുരക്ഷയ്ക്ക് ഭീഷണിയാകുന്ന കുറ്റകൃത്യങ്ങൾക്കെതിരെ പോരാടുവാനും ജനകീയ തലത്തിൽ കുറ്റകൃത്യങ്ങൾ തടയുന്നതിനുമായി ജനങ്ങളുടെ ഉത്തരവാദിത്തപൂർണമായ പങ്കാളിത്തം കൂടി ആവശ്യപ്പെടുന്ന ഒന്നാണ് ഈ പദ്ധതി.

പോലീസിനെ ജനസൗഹൃദമാക്കുന്നതിന് ആവിഷ്കരിച്ച കമ്മ്യൂണിറ്റി പോലീസിംഗിന്റെ കേരളീയ പതിപ്പ് ആണ് ജനമൈത്രി സുരക്ഷാ പദ്ധതി.

ജനമൈത്രി സുരക്ഷാ പദ്ധതിയുടെ പ്രധാന ഗുണഫലങ്ങൾ, കുറ്റകൃത്യങ്ങൾ തടയൽ, മെച്ചപ്പെട്ട പോലീസ് പൊതുജന സഹകരണം, മുതിർന്ന പൗരന്മാരുടെയും ശാരീരിക അസ്വാസ്ഥ്യങ്ങൾ ഉള്ളവരുടെയും പ്രത്യേക ആവശ്യങ്ങൾ നിറവേറ്റുന്നതിന് അത്തരം ആളുകൾ ഒറ്റക്ക് താമസിക്കുന്ന വീടുകൾ കണ്ടെത്തി അവർക്കായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കൽ, ഹെൽപ് ലൈൻ രൂപീകരണം,സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം ഉറപ്പാക്കുന്ന പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കൽ, സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള സുരക്ഷാ ജാഗ്രത പദ്ധതികൾ എന്നിവയാണ്.

എല്ലാ പോലീസ് സ്റ്റേഷൻ പരിധിയിലും ഒരു ജനമൈത്രി സുരക്ഷ സമിതി രൂപീകരിച്ച് ആണ് ജനമൈത്രി പദ്ധതി നടപ്പാക്കുന്നത് .ഓരോ ബീറ്റ് മേഖലയിലും പ്രദേശത്തെ പൗരപ്രമുഖരും റസിഡന്റ്സ് ഭാരവാഹികളും ഉൾപ്പെടുന്ന ഇത്തരത്തിലുള്ള സമിതി ഉണ്ടായിരിക്കും.

### പരിഗണിക്കപ്പെടേണ്ട ചില വിഷയങ്ങൾ

നിലവിൽ സംസ്ഥാന അടിസ്ഥാനത്തിൽ ഈ പദ്ധതിക്ക് ഒരു നോഡൽ ഓഫീസർ ഇല്ല. എല്ലാ ജില്ലയിലും നോഡൽ ഓഫീസർമാരെ മറ്റു ചുമതലകളിൽ നിന്നും മാറ്റി ജനമൈത്രി പദ്ധതിക്കായി മാത്രം ഉപയോഗപ്പെടുത്തണം. ഫണ്ടിന്റെ അഭാവം ഈ പദ്ധതിയെ വലിയ രീതിയിൽ ബാധിക്കുന്നു.

സംസ്ഥാനത്ത് വലിയ രീതിയിൽ കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരുന്നു. മയക്കുമരുന്ന് വലിയ ഭീഷണി ആകുന്നു. ഇത് ഫലപ്രദമായി കുറക്കുന്നതിനും നടപടി എടുക്കുന്നതിനും ജനമൈത്രി സംവിധാനത്തിന് വലിയ പങ്ക് വഹിക്കാൻ ഉണ്ട്. എന്നാൽ അത് ഗൗരവമായി കണ്ട് ഈ പദ്ധതി കൂടുതൽ ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിന് സർക്കാരിന്റെ ഭാഗത്ത് നിന്നും കൂടുതൽ ഇടപെടലുകൾ ഉണ്ടാകേണ്ടതുണ്ട്.

ആദിവാസി മേഖലകളിൽ ജനമൈത്രി പദ്ധതിയുടെ സേവനം കൂടുതൽ എത്തേണ്ടതുണ്ട്. വയനാട് പോലുള്ള ജില്ലകളിൽ നിരവധി പദ്ധതികൾ നടപ്പിലാക്കിയെങ്കിലും കൂടുതൽ ആഴത്തിൽ എത്തേണ്ടതുണ്ട്. ഇതിന് പ്രധാന കാരണം ഫണ്ടിന്റെ അഭാവം ആണ്.

---

9745424676

14

# പോലീസ് വകുപ്പ്

ശ്രീജിത്ത് സി.എസ്.

1956-ലാണ് കേരള പൊലീസ് രൂപീകൃതമായത്. ഭരണകൂടത്തിന്റെ മർദ്ദനോപകരണം എന്നാണ് പോലീസ് ലോകമെങ്ങും വിലയിരുത്തപ്പെടുന്നത്. 1957 ലെ ഇഎംഎസ് സർക്കാരാണ് പോലീസിനെ ജനകീയമാക്കുന്നതിനുള്ള പരിഷ്കരണങ്ങൾ ആരംഭിച്ചത്. ഇത്തരം പരിഷ്കരണങ്ങളുടെ തുടർച്ചയായി 2011 ൽ കേരള പോലീസ് ആക്ട് പരിഷ്കരിച്ച് നടപ്പാക്കി. ഭരണഘടനക്കും നിയമങ്ങൾക്കും വിധേയമായി രാഷ്ട്രത്തിന്റെ അഖണ്ഡതയും മനുഷ്യാവകാശ സംരക്ഷണവും ഉറപ്പുവരുത്തി നിയമപ്രകാരം എല്ലാ ആളുകൾക്കും ലഭ്യമാകുന്ന സ്വാതന്ത്ര്യങ്ങളും അവകാശങ്ങളും അവർ അനുഭവിക്കുന്നു എന്ന് ഉറപ്പാക്കുക എന്നതാണ് പോലീസിന്റെ ധർമ്മം. പോലീസിന്റെ ഏറ്റവും പ്രധാന കടമകളിൽ ഒന്ന് ക്രമസമാധാന പാലനമാണ്. കുറ്റാന്വേഷണത്തിന് നേതൃത്വം നൽകുന്നത് ക്രൈം ബ്രാഞ്ച് ആണ്. സങ്കീർണമായ സംഘടിത കുറ്റകൃത്യങ്ങൾ, വലിയ സാമ്പത്തിക കുറ്റകൃത്യങ്ങൾ, അന്തർ സംസ്ഥാന വേരുകളുള്ള കുറ്റകൃത്യങ്ങൾ തുടങ്ങിയവ ക്രൈം ബ്രാഞ്ച് ആണ് അന്വേഷിക്കുന്നത്. ഇന്റലിജൻസ്, ഇന്റേണൽ സെക്യൂരിറ്റി, സെക്യൂരിറ്റി തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച് ആണ്. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ, പോലീസ് ടെലികമ്മ്യൂണിക്കേഷൻ, ഫോറൻസിക് സയൻസ് ലബോറട്ടറി, കേരള സ്റ്റേറ്റ് ഫിംഗർ പ്രിന്റ് ബ്യൂറോ, ഫോട്ടോഗ്രാഫിക് ബ്യൂറോ, ഷോർട്ട് ഹാൻഡ് ബ്യൂറോ തുടങ്ങി വിവിധ സ്പെഷ്യലൈസ്ഡ് വിഭാഗങ്ങളും പോലീസിന്റെ ഭാഗമായി പ്രവർത്തിക്കുന്നുണ്ട്. പോലീസിങ്ങിന്റെ ഭാഗമായി ക്രമസമാധാന പാലനത്തിന് വേഗത്തിലുള്ള ഇടപെടൽ, കുറ്റകൃത്യങ്ങളിൽ വേഗത്തിലുള്ള അന്വേഷണം, അക്രമങ്ങളെയും ആക്രമണകാരികളെയും അമർച്ച ചെയ്യൽ, മുൻകൂട്ടിയുള്ള കുറ്റകൃത്യ പ്രതിരോധ നടപടികൾ എന്നിവയാണ് സമൂഹം ആവശ്യപ്പെടുന്നത്. മുകളിൽ സൂചിപ്പിച്ച പ്രവർത്തനങ്ങളിൽ ഇന്ത്യയിൽ ഒന്നാമതാണ് കേരളമെങ്കിലും നിരവധി പ്രതിബന്ധങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ജില്ലാതലം വരെ പോലീസിന്റെ കൃത്യമായ ചുമതല വിഭജനം നടത്തിയിട്ടുണ്ട്. എന്നാൽ പോലീസ് സ്റ്റേഷനുകളിൽ ഇത്തരത്തിലുള്ള ചുമതല വിഭജനം ഉണ്ടായിട്ടില്ല. അതുപോലെ പരമ്പരാഗത പോലീസ് പ്രവർത്തനങ്ങൾക്കപ്പുറം ജനമൈത്രി സുരക്ഷാ പദ്ധതി, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി അടക്കമുള്ള നിരവധി പുതിയ പദ്ധതികൾ നടപ്പാക്കുന്ന പോലീസ് സേനയ്ക്ക് മതിയായ അംഗബലം ഇല്ല. പോലീസ് സ്റ്റേഷനുകളിൽ വാഹനം അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. പോലീസ് സ്റ്റേഷൻ കെട്ടിടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിക്കണം. ജനമൈത്രി സുരക്ഷാ പദ്ധതി കാലോചിതമായി പരിഷ്കരിക്കണം. ആധുനിക സാങ്കേതികവിദ്യകൾ പരമാവധി ഉപയോഗപ്പെടുത്തണം. ട്രാഫിക് പരിഷ്കരണത്തിന്റെ ഭാഗമായി എ ഐ ക്യാമറ അടക്കമുള്ള സംവിധാനങ്ങൾ കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷൻ പരിധികളിലും വ്യാപിപ്പിക്കണം.

9745424676

15

# പോലീസ് വകുപ്പ് – ബെസ്റ്റ് പ്രാക്ടീസ്

ദീപക് വിഷ്ണു പി.എസ്.

ക്രമസമാധാന പാലനത്തിനും കുറ്റാന്വേഷണത്തോടും ഒപ്പം പോലീസിനെ ജനകീയവൽക്കരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ കേരള പോലീസ് നടപ്പാക്കുന്നുണ്ട്. കേരള പോലീസിന്റെ ചരിത്രത്തിലെ ഏറ്റവും മികച്ച ജനസമ്പർക്ക പദ്ധതിയാണ് ജനമൈത്രി. സമൂഹത്തിന്റെയും പോലീസിന്റെയും ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ചുകൊണ്ട് സമൂഹത്തിന്റെ സുരക്ഷയ്ക്ക് ഭീഷണിയാകുന്ന കുറ്റകൃത്യങ്ങൾക്കെതിരെ പോരാടുവാനും ജനകീയതലത്തിൽ കുറ്റകൃത്യങ്ങൾ തടയുന്നതിനുമായി ജനങ്ങളുടെ ഉത്തരവാദിത്വപൂർണ്ണമായ പങ്കാളിത്തം കൂടി ആവശ്യപ്പെടുന്ന ഒന്നാണ് ഈ പദ്ധതി. കേരളത്തിലെ 127 ഹൈസ്കൂൾ/ ഹയർ സെക്കൻഡറി സ്കൂളുകളിലായി 2019 ഓഗസ്റ്റ് 2ന് ആരംഭിച്ച ഒരു പദ്ധതിയാണ് കേരള പോലീസിന്റെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി. വിദ്യാർത്ഥികളിൽ നിയമത്തോടുള്ള ബഹുമാനം, അച്ചടക്കം,

പൗരബോധം എന്നിവ വളർത്തിയെടുത്ത് അസഹിഷ്ണുത, അക്രമം, ലഹരി ഉപയോഗം, അച്ചടക്കം ഇല്ലായ്മ മുതലായ നിഷേധാത്മക പ്രവണതകളെ പ്രതിരോധിക്കുവാൻ അവരെ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾ തടയുന്നതിനായി ആഭ്യന്തരവകുപ്പ് ആരംഭിച്ച പദ്ധതിയാണ് "നിർഭയ " . കുട്ടികളെ ദുരുപയോഗം ചെയ്യൽ, വാണിജ്യപരമായ ലൈംഗിക ചൂഷണം, മനുഷ്യകടത്ത് തുടങ്ങിയ ഏറ്റവും മോശമായ അതിക്രമങ്ങൾക്കെതിരെ ഈ പദ്ധതി പ്രകാരം നടപടി സ്വീകരിക്കുന്നു. സന്നദ്ധ സംഘടനകളെ ഏകോപിപ്പിച്ച് സാമൂഹ്യ ക്ഷേമം, പട്ടികജാതി/ പട്ടികവർഗ്ഗ വികസനം, പോലീസ്, ആരോഗ്യം, തൊഴിൽ,തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകൾ സംയുക്തമായാണ് ഈ പദ്ധതി നടപ്പാക്കുന്നത്. UNICEF ന്റെ സജീവ പങ്കാളിത്തത്തോടെ നടപ്പാക്കപ്പെടുന്ന പദ്ധതിയാണ് "ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകൾ ". കുട്ടികൾക്കെതിരെയുള്ള അക്രമവും ദുരുപയോഗങ്ങളും അന്വേഷിക്കുകയും കുറ്റവാളികളെ നിയമത്തിനു മുന്നിൽ കൊണ്ടുവരികയും, കുട്ടികളുടെ അവകാശങ്ങളെ കുറിച്ച് മുതിർന്നവരെ ബോധവാന്മാരാക്കുകയും ഒരു കുട്ടി പോലും ബാലവേല, ഭിക്ഷാടനം എന്നിവയിൽ ഏർപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തുകയും കുട്ടികളുടെ അവകാശങ്ങളെ കുറിച്ച് അവരെ ബോധവൽക്കരിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷ വർധിപ്പിക്കുന്നതിനായി കേരള പോലീസ് ആരംഭിച്ച പദ്ധതിയാണ് "പിങ്ക് ബീറ്റ് പട്രോളിങ് ". ഇതിൽ പ്രത്യേക പരിശീലനം സിദ്ധിച്ച വനിതാ പോലീസ് ഉദ്യോഗസ്ഥരെ ഉപയോഗപ്പെടുത്തുന്നു. ഓൺലൈൻ അതിക്രമങ്ങളിൽ നിന്ന് സ്ത്രീകളെയും പെൺകുട്ടികളെയും സംരക്ഷിക്കുന്നതിനുള്ള ദ്രുത പ്രതികരണ സംവിധാനമാണ് "അപരാജിത ഓൺലൈൻ". സ്ത്രീകളെ ഓൺലൈൻ മുഖാന്തരം ഉപദ്രവിക്കുന്ന പരാതികൾ കൈകാര്യം ചെയ്യുന്നതിന് വുമെൺസെൽ സൂപ്രണ്ട് ഓഫ് പോലീസിന്റെ നേതൃത്വത്തിൽ സംസ്ഥാനതലത്തിലും പോലീസ് സ്റ്റേഷൻ തലത്തിലും സംവിധാനം ഉണ്ട് .സമഗ്രമായ ബോധവൽക്കരണം മുഖേനയും പ്രായോഗിക പരിശീലനത്തിലൂടെയും സ്ത്രീകളെയും പെൺകുട്ടികളെയും മാനസികമായും കായികമായും ശാക്തീകരിക്കുക എന്ന പദ്ധതിയാണ് വനിതാ സ്വയം പ്രതിരോധ പരിശീലന പദ്ധതി. സൈബർ ലോകത്ത് വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾക്കെതിരെ കുട്ടികളെ സജ്ജരാക്കുവാനായി കേരള പോലീസ് ബച്ച്പൻ ബച്ചാവോ അന്തോളൻ സംഘടനുമായി ചേർന്ന് കേരളത്തിൽ നടപ്പാക്കുന്ന സമഗ്ര ബോധവൽക്കരണ നിയമസഹായ പദ്ധതിയാണ് "കൂട്ട് ". 2022 ജൂലൈ 26ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ പദ്ധതി ഉദ്ഘാടനം ചെയ്തു. കേരളത്തിലെ സ്കൂളുകൾ കേന്ദ്രീകരിച്ച് ആധുനിക വിവരസാങ്കേതികവിദ്യകളിലൂടെ ബോധവൽക്കരണം നടത്തി ഓൺലൈൻ കുറ്റകൃത്യങ്ങളെക്കുറിച്ചും അവ ഒഴിവാക്കേണ്ട രീതികളെ കുറിച്ചും കുട്ടികളെ പഠിപ്പിക്കുന്നു. കേരളത്തിൽ ലോക്ക്ഡൗൺ തുടങ്ങിയതു മുതൽ 2020 ജൂൺ അവസാനം വരെ 66 കുട്ടികൾ ആത്മഹത്യ ചെയ്തതായി കണക്കുകൾ സൂചിപ്പിക്കുന്നു. കുട്ടികളുടെ കടുത്ത മാനസിക സമ്മർദ്ദം ഉത്കണ്ഠ മറ്റു മാനസികാരോഗ്യ പ്രശ്നങ്ങൾ എന്നിവ പരിഹരിക്കുന്നതിനായി വേണ്ട ശാസ്ത്രീയമായ ഇടപെടലുകളാണ് ചിരി ഹെൽപ്പ് ഡെസ്ക് പദ്ധതി ലക്ഷ്യം വെക്കുന്നത്.

9745212792

## 16

# പോലീസ് വകുപ്പ് - ഭാവിയിലെ പോലീസ്

ഷെമി കൃഷ്ണ

ഇന്ത്യൻ പോലീസ് സേനയുടെ നിലവിലെ ഭരണ ഉപകരണം 1861-ലെ പോലീസ് ആക്ട് ആണ്. ഇന്ത്യയിൽ നിലവിലുള്ളതും എന്നാൽ കാലഹരണപ്പെട്ടതുമായ പോലീസ് സംവിധാനം ആണ് നിലവിലുള്ളത്. ഭരണഘടന പ്രകാരം ഇന്ത്യയിൽ, പോലീസ് ഒരു സംസ്ഥാന വിഷയമാണ്. ഉത്തരവാദിത്തങ്ങൾ പ്രധാനമായും പതിവ് ക്രമസമാധാനപാലനം, കലാപ നിയന്ത്രണം, കുറ്റകൃത്യ അന്വേഷണം, സംസ്ഥാന സ്വത്തുക്കളുടെ സംരക്ഷണം, വിഐപി സംരക്ഷണം, ഗതാഗത നിയന്ത്രണം എന്നിങ്ങനെയാണ്. ഇന്ത്യൻ പോലീസ് സംവിധാനത്തെ സംസ്ഥാന തലത്തിലും അഖിലേന്ത്യാ തലത്തിലും പരിഷ്കരിക്കാൻ നിരവധി ശ്രമങ്ങൾ നടന്നിട്ടുണ്ട്. 1971 മുതൽ ആറ് പ്രധാന പരിഷ്കരണ സമിതികൾ ഉണ്ടായിട്ടുണ്ട്. അനാവശ്യമായ രാഷ്ട്രീയ ഇടപെടലുകൾ, അമിതഭാരമുള്ള പോലീസ് സേന എന്നിങ്ങനെയുള്ള വിഷയങ്ങളാണ് റിപ്പോർട്ടുകൾ എടുത്തുകാണിച്ചിട്ടുള്ളത്. പരിഹാര നിർദ്ദേശങ്ങളായുള്ളത് മതിയായ പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുക, പോലീസ് ഉദ്യോഗസ്ഥരുടെ പരിശീലനം, സാങ്കേതിക അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വിഭവങ്ങൾ എന്നിങ്ങനെയാണ്.

ഇന്ത്യയിൽ ഒരു പോലീസ് ഉദ്യോഗസ്ഥൻ 1:750 പൗര

ന്മാർ എന്ന തോതിൽ സേവനം ചെയ്യുന്നു യുകെയിൽ അത് 1:268 ഉം ദക്ഷിണാഫ്രിക്കയിൽ 1:382 ഉം ആണ്. അതിശയകരമെന്നു പറയട്ടെ, ഫിംഗർ പ്രിന്റ് ഫോറൻസിക് ലബോറട്ടറിയുള്ള ലോകത്തിലെ ആദ്യത്തെ രാജ്യം ഇന്ത്യയാണെങ്കിലും സ്പെഷ്യലൈസേഷന്റെ കാര്യത്തിൽ ഇനിയും മുന്നോട്ട് പോകേണ്ടതായി റിപ്പോർട്ടുകൾ പറയുന്നു. നിലവിൽ ഇന്ത്യയിൽ മൂന്ന് ഡിറ്റക്ടീവ് ട്രെയിനിംഗ് സ്കൂളുകൾ മാത്രമാണ് ഉള്ളത്. ട്രെയിനിംഗ് സ്കൂളുകളുടെ എണ്ണവും കുറവാണ്. ഇതിനാൽ ഇന്ത്യൻ പോലീസ് സേനയ്ക്ക് തുടർച്ചയായ പരിശീലനം ഉറപ്പാക്കുൻ സാധിക്കാതെ വരുന്നു. ഫോറൻസിക് ലബോറട്ടറികളുടെയും ശേഷി വർധിപ്പിക്കാൻ കൂടുതൽ വിഭവങ്ങൾ അനുവദിക്കേണ്ടതുണ്ട്. ഉത്തരേന്ത്യയിൽ പോലീസും പൊതുജനങ്ങളും തമ്മിലുള്ള ബന്ധം, പൗരന്മാർ ഒരു കുറ്റകൃത്യം പോലീസിൽ റിപ്പോർട്ട് ചെയ്യുന്നത് ഒഴിവാക്കുക എന്ന നിലയിലേക്ക് എത്തിയിരിക്കുന്നു

ട്രാൻസ്പരൻസി ഇന്റർനാഷണൽ ഇന്ത്യ 2005-ൽ നടത്തിയ ഒരു സർവേയിൽ പങ്കെടുത്തവരിൽ 87% പേരും പോലീസിൽ അഴിമതിയുണ്ടെന്ന് സമ്മതിച്ചു. 74% പേർ തങ്ങൾക്ക് ലഭിച്ച സേവനത്തിന്റെ ഗുണനിലവാരം അപര്യാപ്തമാണെന്നും 47% പേർ അവരുടെ എഫ് ഐ ആർ ഫയൽ ചെയ്യുന്നതിനായി കൈക്കൂലി നൽകാൻ നിർബന്ധിതരായെന്നും കണ്ടു. കേരള പോലീസ് സേനയുടെ പ്രവർത്തനം ഗണ്യമായി മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങളെ സഹായിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളെ മൂന്ന് തരത്തിൽ വിഭജിക്കാൻ നിർദ്ദേശിക്കുന്നു: 1. ഒരു സ്വതന്ത്ര കുറ്റകൃത്യ അന്വേഷണ സംവിധാനം, 2. ക്രമസമാധാന പരിപാലനം, 3. ലോക്കൽ പോലീസ് സേന (ജില്ലാതലം) യൂണിറ്റുകൾ. പോലീസിന്റെ നീതിന്യായ രാഹിത്യം, അധികാര ദുർവിനിയോഗം തുടങ്ങിയവ സംബന്ധിച്ച പരാതികളുടെ തീർപ്പ് കല്പിക്കാൻ പ്രാദേശിക തലത്തിൽ ഒരു ലോക്കൽ പോലീസ് ഓംബുഡ്സ്മാനെ ഉറപ്പാക്കണം. കൂടാതെ സ്വതന്ത്രമായ ഒരു മേൽനോട്ട സമിതി രൂപീകരിക്കണം.

ക്ലർക്ക്, ജില്ലാ പോലീസ് ഓഫീസ്, തൃശ്ശൂർ റൂറൽ. Mob : 8301830972, Email : shemykrishna@gmail.com

17

# സ്റ്റുഡന്റ് പോലീസ്

സുധാകരൻ പി.പി.

രാജ്യത്ത് വളരെ വിജയകരമായി പ്രവർത്തിച്ച വരുന്ന സ്റ്റുഡന്റ്സ് പോലീസ് സംവിധാനം വിദ്യാർത്ഥികളുടെ സ്വഭാവരൂപീകരണത്തിലും അച്ചടക്കത്തിലും സാമൂഹിക വിപത്തുകൾക്കെതിരെയുള്ള ജാഗ്രതയിലും മികവ് പുലർത്തുന്ന സംവിധാനമാണ്. പ്രസ്തുത സംവിധാനത്തെ സമൂഹത്തിന്റെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി എങ്ങനെ മാറ്റാം എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. സമൂഹത്തിന്റെ അവിഭാജ്യ ഘടകമായ വിദ്യാർത്ഥികളെ പോലെ യുവാക്കൾ, വനിതകൾ, സീനിയർ സിറ്റിസൺ എന്നീ മേഖലകളിൽ കമ്മ്യൂണിറ്റി പോലീസ് സംവിധാനത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താൻ കഴിയണം. ഓരോ പഞ്ചായത്തിലും താല്പര്യമുള്ള സീനിയർ സിറ്റിസൺ വിഭാഗത്തിൽപ്പെട്ടവരെ അവരുടെ താൽപര്യമനുസരിച്ച് വിവിധ ഗ്രൂപ്പുകൾ ആക്കി മാറ്റി സാമൂഹ്യ പുരോഗതിക്ക് അനിവാര്യമായ ഘടകമായി മാറ്റാവുന്നതാണ്.

അതുപോലെതന്നെ കുടുംബശ്രീ കൂട്ടായ്മയിൽ നിന്നും താല്പര്യമുള്ള വനിതകളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു സിഡിഎസിന് കീഴിലും കുടുംബശ്രീ പോലീസിംഗ് സംവിധാനം കൊണ്ടുവരാൻ കഴിയും.

സ്റ്റുഡന്റ്സ് പോലീസ് സംവിധാനം കോളേജുകളിൽ കൂടി വ്യാപിപ്പിക്കുന്നതിലൂടെ യുവാക്കളെയും ഈ രംഗത്തേക്ക് ആകർഷിക്കാൻ കഴിയും. അങ്ങനെ വിദ്യാർത്ഥികൾ, യുവാക്കൾ, വനിതകൾ സീനിയർ, സിറ്റിസൺ മെമ്പർമാർ എന്നിവരുടെ സന്നദ്ധ സേവനത്തിലൂടെ കുറ്റകൃത്യങ്ങളുടെ അളവിൽ വലിയ കുറവുണ്ടാക്കാൻ സഹായിക്കും.

അസി. കെമിക്കൽ എക്സാമിനർ, റീജിയണൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി, കോഴിക്കോട്, 9446301691, ppsudhakarankal@gmail.com

## 18

# ജനകീയ പോലീസ്

ഷാജേഷ് എസ്.

രഹസ്യ വിവരങ്ങൾ ശേഖരിച്ച് (ഇന്റലിജൻസ് കളക്ഷൻ) സംഭവിക്കാൻ സാധ്യതയുള്ള കുറ്റകൃത്യം തടയുക എന്നതാണ് പോലീസിന്റെ പ്രഥമമായ കർത്തവ്യം കാര്യം. ഇത്തരത്തിൽ തടയാൻ സാധിക്കാത്ത കുറ്റകൃത്യങ്ങൾ നടന്നാൽ അത് ഡിറ്റക്ട് ചെയ്യുക എന്നതാണ് രണ്ടാമത്തെ കാര്യം. (ഡിറ്റക്ഷൻ) ശരിയായ രീതിയിൽ അന്വേഷണം (ഇൻവെസ്റ്റിഗേഷൻ) നടത്തി പ്രതികൾക്കെതിരെ കോടതിയിൽ കുറ്റപത്രം സമർപ്പിക്കുകയും തുടർന്ന് കോടതി വിചാരണയിൽ ക്രിയാത്മകമായി ഇടപെട്ട് (പ്രോസിക്യൂഷൻ) പ്രതികൾക്ക് അർഹമായ ശിക്ഷ വാങ്ങി കൊടുക്കുകയും ചെയ്യുകയെന്നത് പോലീസിന്റെ ധർമ്മമാണ്. ശിക്ഷാ കാലാവധി കഴിഞ്ഞ് പുറത്തിറങ്ങുന്നവരെയും അതുപോലെ കുറ്റവാസന ഉള്ളവരെയും നിരീക്ഷിച്ച് (സർവൈയലൻസ്) അവർ വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതിൽ നിന്നും തടയുക എന്നതും പോലീസിന്റെ ജോലിയുടെ ഭാഗമാണ്. ഈ കാര്യങ്ങൾ എല്ലാം വേണ്ടപോലെ നിർവഹിച്ചു സമൂഹത്തിൽ സുരക്ഷിതത്വബോധം ഉണ്ടാക്കുമ്പോഴാണ് അവിടെ പോലീസിംഗ് വേണ്ട വിധത്തിൽ നടക്കുന്നു എന്ന് നമുക്ക് പറയാനാവുക. ജനമൈത്രി പോലീസ് അത്തരത്തിൽ ഒരു സുരക്ഷിതത്വബോധവും സമൂഹത്തിന് പോലീസുമായി ഇടപെടാൻ തക്ക അവസരം നല്കുന്ന ഒരു സ്കീം ആണ്.

പോലീസ് ഉദ്യോഗസ്ഥരുടേയും, ജീവനക്കാരുടെയും ലീവ്, പി.എഫ് തുടങ്ങിയ എല്ലാ അപേക്ഷകളും അതാത് ജില്ലാ കാര്യാലയങ്ങളിൽ ലഭിക്കുമ്പോൾ മുതൽ ആയതിന്റെ നടപടികൾ പൂർത്തിയാക്കുന്നത് വരെയുള്ള അവസ്ഥ (Present Status) അറിയുവാൻ നിലവിൽ സംവിധാനം ഇല്ല, ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്. പോലീസ് ഉദ്യോഗസ്ഥർക്കും മറ്റും തങ്ങൾ നൽകിയ അപേക്ഷകളുടെ നിലവിലെ സ്ഥിതി ജില്ലാ കാര്യാലയങ്ങളിൽ പോകാതെ തന്നെ അറിയുവാൻ കഴിയുന്ന സംവിധാനം വന്നാൽ അവർ പ്രവർത്തിയെടുത്ത് വരുന്ന വിദൂര സ്റ്റേഷനുകളിൽ നിന്നും ജില്ലാ കാര്യാലയങ്ങളിൽ വന്ന് പോകുന്നത് ഒഴിവാക്കാൻ കഴിയുകയും കൂടുതൽ മെച്ചപ്പെട്ട സേവനം സമൂഹത്തിന് നൽകുവാൻ കഴിയുകയും ചെയ്യും. ഓൺലൈൻ തട്ടിപ്പുകൾ, ഫോൺ മോഷണം, സൈബർ കുറ്റകൃത്യങ്ങൾ എന്നിവ പരതിപ്പെടുന്നതിന് നേരിട്ടോ, ഇ- മെയിൽ മുഖേനേയോ സൗകര്യമുള്ളത് ഇത് എല്ലാവർക്കും സൗകര്യത്തിനായി ഒരു പുതിയ app തയ്യാറാക്കൽ, മുതിർന്ന പൗരൻമാരുടെയും/വികലാംഗരുടെയും പരാതി നേരിട്ട് വിടുകളിൽ പോയി സ്വീകരിക്കുന്നതിനും, പരാതിയിന്മേൽ എന്ത് നടപടി സ്വികരിച്ചുവെന്നു നേരിട്ട് അറിയിക്കുന്നതിനുള്ള സംവിധാനമൊരുക്കൽ, പാസ്പോർട്ട് വെരിഫിക്കേഷൻ, PCC പോലീസ് വകുപ്പ് മുഖാന്തിരം ലഭിക്കുന്ന മറ്റ് സർട്ടിഫിക്കറ്റുകൾ എല്ലാ app/online വഴി സമയബന്ധിതമായി കൊടുക്കാൻ സംവിധാനം ഏർപ്പെടുത്തൽ എന്നിവ കാലോചിതമായ കാര്യങ്ങളാണ്.

ജനമൈത്രി പോലീസ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നീ സംവിധാനങ്ങൾ ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്നപ്പോൾ നടപ്പിലാക്കിയ മാതൃകയാണ്. ഇതുവഴി പോലീസിനെ ഒരു പരിധിവരെ ജനകീയവൽക്കരിക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ ഇനിയുമേറെ ജനകീയമായാൽ മാത്രമേ ജനങ്ങളുടെ സുഹൃത്ത് എന്ന നിലയിലേക്ക് ഉയരാൻ കഴിയുകയുള്ളു. ഇതിനായി പരിശീലനത്തിലടക്കം കാലോചിതമായി മാറ്റം വരുത്തണം. തെറ്റായ സമീപനം സ്വീകരിക്കുന്നവരെ മാതൃകാപരമായി ശിക്ഷിക്കുന്ന സംവിധാനവും വരേണ്ടതുണ്ട്.

Mob: 9947507564

## 19

# പോലീസ് വകുപ്പ് - ബെസ്റ്റ് പ്രാക്ടീസസ് - ജനമൈത്രി സുരക്ഷ

ദീപക് വിഷ്ണു പി.എസ്.

ലോക്കൽ പോലീസ് സ്റ്റേഷനുകളിലെ പോലീസ് ഉദ്യോഗസ്ഥരെ സമൂഹത്തിലെ ഓരോ വിഭാഗങ്ങളുടെയും വ്യത്യസ്തങ്ങളായ പ്രശ്നങ്ങൾ നേരിടുന്നതിനും, കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ 2008 മാർച്ചിൽ കേരള സർക്കാർ തിരഞ്ഞെടുക്കപ്പെട്ട 20 പോലീസ് സ്റ്റേഷനുകളിൽ ജനമൈത്രി സുരക്ഷാപദ്ധതി നടപ്പാക്കുകയുണ്ടായി. കേരളാ പോലീസിന്റെ ചരിത്രത്തിലെ ഏറ്റവും മികച്ച ജനസമ്പർക്ക പദ്ധതിയായി ജനമൈത്രി സുരക്ഷാ പദ്ധതി ഇതിനോടകം വളർന്നു. കമ്മ്യൂ

ണിറ്റി പോലീസിംഗ് പദ്ധതിയുടെ തത്വങ്ങളും, ചിന്തകളും, നടപടി ക്രമങ്ങളും അടിസ്ഥാനമാക്കിയാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഈ പദ്ധതിക്കായി ശരിയായ മനോഭാവവും, മികച്ച അറിവും നൈപുണ്യവും വളർത്തിയെടുക്കുന്നതിനായി ബീറ്റ് ഓഫീസർമാർ, അസിസ്റ്റന്റ് ബീറ്റ് ഓഫീസർമാർ, കമ്മ്യൂണിറ്റി ലെയ്സൻ വിഭാഗം എന്നീ വിഭാഗത്തിലുള്ളവർക്ക് മികച്ച പരിശീലനം നൽകി വരുന്നു.

ജനമൈത്രി പോലീസ് എന്ന സങ്കൽപ്പത്തിന് കൂടുതൽ പ്രചാരം നൽകുന്നതിനായി ജില്ലാ / ബറ്റാലിയൻ ആസ്ഥാനങ്ങളിലും ജനമൈത്രി കേന്ദ്രങ്ങൾ തുറന്നിട്ടുണ്ട്. ജനങ്ങൾക്ക് ഈ കേന്ദ്രങ്ങൾ സന്ദർശിച്ച് പോലീസുമായി സമ്പർക്കം പുലർത്താവുന്നതാണ്. ഈ കേന്ദ്രങ്ങൾക്ക് ജനങ്ങൾക്കിടയിൽ വലിയ അംഗീകാരം ലഭിച്ചിട്ടുണ്ട്. ജനമൈത്രി സുരക്ഷയ്ക്ക് വേണ്ട പ്രചാരണം നൽകുവാനും കൂടുതൽ ആൾക്കാരെ ഈ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരുവാനും വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടുതൽ ജനങ്ങളെ ഈ പദ്ധതിയെക്കുറിച്ച് അവബോധം നൽകുന്നതിനും ഇതിലേക്ക് ആകർഷിക്കുന്നതിനുമായി വിവിധ ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ വഴി മികച്ച പ്രവർത്തനങ്ങൾ നടത്തിവരുന്നു. ദൃശ്യമാധ്യമങ്ങൾ, റേഡിയോ എന്നിവയിലൂടെ വിവിധ സ്പോൺസേർഡ് പരിപാടികൾ, ഷോർട്ട് ഫിലിമുകൾ എന്നിവ പ്രക്ഷേപണം ചെയ്യുന്നു. സമൂഹത്തിലെയും പോലീസിലെയും ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ചുകൊണ്ട്, സമൂഹത്തിന്റെ സുരക്ഷയ്ക്ക് ഭീഷണിയാകുന്ന കുറ്റകൃത്യങ്ങൾക്കെതിരെ പോരാടുവാനും ജനകീയ തലത്തിൽ കുറ്റകൃത്യങ്ങൾ തടയുന്നതിനുമായി ജനങ്ങളുടെ ഉത്തരവാദിത്തപൂർണമായ പങ്കാളിത്തം കൂടി ആവശ്യപ്പെടുന്ന ഒന്നാണ് ഈ പദ്ധതി.

പോലീസിന്റെ കടമകൾ ഭംഗിയായി ചെയ്യുന്നതിന് പൊതുസമൂഹത്തിന്റെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതുവഴി നിയമ നിർവഹണം കൂടുതൽ കാര്യക്ഷമമാക്കുവാൻ സാധിക്കുന്നതാണ്.

സംസ്ഥാനത്തെ വിവിധ വകുപ്പുകളുമായി യോജിച്ച സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, നിർഭയ പദ്ധതി, നിർഭയ ഓട്ടോകളും ടാക്സികളും, ശിശുസൗഹൃദ പോലീസ് സ്റ്റേഷൻ, പിങ്ക് പോലീസ് പട്രോൾ, അപരാജിത ഓൺലൈൻ, വനിതാ സ്വയം പ്രതിരോധ പരിശീലന പദ്ധതി, ശുഭയാത്ര, ചിരി ഹെൽപ് ഡെസ്ക് എന്നിവ ഇപ്പോൾ വകുപ്പിൽ നടപ്പിലാക്കുന്ന നൂതന പദ്ധതികളാണ്. കാലോചിതമായ പുതിയ പദ്ധതികൾ നടപ്പാക്കി കൂടുതൽ ജനകീയവും കാര്യക്ഷമവുമായ പോലീസ് സേവനം ജനങ്ങൾക്ക് പ്രദാനം ചെയ്യാൻ പോലീസ് വകുപ്പ് സന്നദ്ധമാണ്.

സീനിയർ ക്ലർക്ക്, ജില്ലാ പോലീസ് ഓഫീസ്, തൃശ്ശൂർ റൂറൽ, Mob : 9745212792, Email : deepakvishnu@gmail.com

## 20

# പോലീസ് - ഇതര വകുപ്പുകളുമായിട്ടുള്ള കമ്പ്യൂട്ടർ സംയോജനം

മുഹമ്മദ് സാദിഖ് കെ.പി. & ജംഷീദ് പി.

പോലീസ് വകുപ്പിന് ഓരോ ദിവസവും പുതിയ പുതിയ സാഹചര്യങ്ങളും വെല്ലുവിളികളും നേരിടേണ്ടി വരുന്നുണ്ട്. അതുകൊണ്ടുതന്നെ ക്രമസമാധാന പാലനവും കേസ് അന്വേഷണവും വേർതിരിക്കേണ്ടത് വളരെ അത്യാവശ്യമാണ്. പോലീസിന് ഏറ്റവും പ്രധാന പ്രവർത്തനങ്ങളിൽ ഒന്നാണ് കുറ്റാന്വേഷണം. അന്വേഷണത്തിൽ വേണ്ടത്ര പരിശീലനം ലഭിച്ചിട്ടില്ലാത്ത ഉദ്യോഗസ്ഥരുടെ അപര്യാപ്തത അന്വേഷണത്തിന്റെ ഗുണനിലവാരത്തെ കാര്യമായി ബാധിക്കുന്നുണ്ട്. ക്രമസമാധാന പരിപാലനത്തിന് പട്രോളിങ്, നിരീക്ഷണം, പ്രതിരോധ അറസ്റ്റ്, ഇന്റലിജൻസ് റിപ്പോർട്ടുകളുടെ ശേഖരണം എന്നിവയെല്ലാം പ്രധാനമാണ്. ഇതിൽ വീഴ്ച വരുമ്പോഴാണ് കലാപങ്ങളും മറ്റും ഉണ്ടാകുന്നത്. ക്രമസമാധാന പാലനത്തിനും കുറ്റാന്വേഷണത്തിനും പ്രത്യേക സംവിധാനങ്ങൾ രൂപപ്പെടുത്തിയാൽ ക്രമസമാധാനം മെച്ചപ്പെടുത്തുന്നതിനും കൺവിക്ഷൻ റേറ്റ് വർദ്ധിപ്പിക്കുന്നതിനും കഴിയും. പോലീസ് വകുപ്പിൽ നിലവിൽ ഓൺലൈൻ സേവനങ്ങൾ കാര്യക്ഷമമായി നടക്കുന്നുണ്ട്.എന്നാൽ മറ്റു വകുപ്പുകളും ആയി ഓൺലൈൻ സേവനങ്ങൾ ബന്ധപ്പെടുത്താത്തത് കാരണം മോഡണൈസേഷന്റെ ഗുണങ്ങൾ പൂർണ്ണമായും ജനങ്ങൾക്ക് ലഭ്യമാകുന്നില്ല.

ഫിംഗർ പ്രിന്റ് ബ്യൂറോയുടെ സേവനം കൂടുതൽ വേഗത്തിൽ ലഭ്യമാക്കുന്നതിന് എല്ലാ പോലീസ് സ്റ്റേഷനുകളിലും വിരലടയാളം സ്കാൻ ചെയ്യാനുള്ള സംവിധാനം, മറ്റു വകുപ്പുകളുടെ സൈറ്റുകളിൽ നിന്ന് ഡാറ്റ ശേഖരിക്കാനുള്ള ഔദ്യോഗിക സംവിധാനം എന്നിവ പോലീസിന്റെ അന്വേഷണ സംവിധാനത്തെ കൂടുതൽ കാര്യക്ഷമമാക്കും. സൈബർ പോലീസ് വിഭാഗത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നത് ശാസ്ത്രീയ കുറ്റാന്വേഷണത്തിന് കൂടുതൽ സഹായകരമാകും.

1 ജൂനിയർ സൂപ്രണ്ട്, ക്രൈംബ്രാഞ്ച്, മലപ്പുറം, മൊബൈൽ: 9497345960

2 സീനിയർ ക്ലർക്ക്, എം.എസ്.പി. മലപ്പുറം, മൊബൈൽ: 9446733344

## 21

# സ്റ്റുഡന്റ്സ് പോലീസിൽ നിന്നും സിറ്റിസൺ പോലീസിലേക്ക്

സുധാകരൻ പി.പി.

രാജ്യത്ത് വളരെ വിജയകരമായി പ്രവർത്തിച്ച് വരുന്ന സ്റ്റുഡന്റ്സ് പോലീസ് സംവിധാനം വിദ്യാർത്ഥികളുടെ സ്വഭാവ രൂപീകരണത്തിലും അച്ചടക്കത്തിലും സാമൂഹിക വിപത്തുകൾക്കെതിരെയുള്ള ജാഗ്രതയിലും മികവ് പുലർത്തുന്ന സംവിധാനമാണ്. പ്രസ്തുത സംവിധാനത്തെ സമൂഹത്തിന്റെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി എങ്ങനെ മാറ്റാം എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു

സമൂഹത്തിന്റെ അവിഭാജ്യ ഘടകമായ യുവാക്കൾ, വനിതകൾ, സീനിയർ സിറ്റിസൺ എന്നീ മേഖലകളിലും വിദ്യാർത്ഥികളെപ്പോലെ കമ്മ്യൂണിറ്റി പോലീസ് സംവിധാനത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താൻ കഴിയണം. ഓരോ പഞ്ചായത്തിലും താൽപര്യമുള്ള സീനിയർ സിറ്റിസൺ വിഭാഗത്തിൽപ്പെട്ടവരെ അവരുടെ താല്പര്യം അനുസരിച്ച്,വിവിധ ഗ്രൂപ്പുകൾ ആക്കി മാറ്റി സാമൂഹ്യ പുരോഗതിക്ക് അനിവാര്യമായ ഗ്രൂപ്പുകൾ ആക്കി മാറ്റാവുന്നതാണ്.

ഇതേപോലെ തന്നെ കുടുംബശ്രീ കൂട്ടായ്മയിൽ നിന്നും താല്പര്യമുള്ള വനിതകളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു സി ഡി എസ്സിന് കീഴിലും കുടുംബശ്രീ പോലീസിംഗ് സംവിധാനം കൊണ്ടുവരാൻ കഴിയും.

സ്റ്റുഡന്റ്സ് പോലീസ് സംവിധാനം കോളേജുകളിൽ കൂടി വ്യാപിപ്പിക്കുന്നതിലൂടെ യുവാക്കളെയും ഈ രംഗത്തേക്ക് ആകർഷിക്കാൻ കഴിയും. അങ്ങനെ വിദ്യാർത്ഥികൾ, യുവാക്കൾ, വനിതകൾ, സീനിയർ സിറ്റിസൺ, മെമ്പർമാർ എന്നിവരുടെ സന്നദ്ധ സേവനത്തിലൂടെ കുറ്റകൃത്യങ്ങളുടെയും നിയമലംഘനങ്ങളുടെയും അളവിൽ വലിയ കുറവുണ്ടാവുകയും ചെയ്യും.

Mob: 9446301691, E-mail: ppsudhakarankankol@gmail.com

## 22

# ജനമൈത്രി പോലീസ്

ശ്രീജിത് സി.എസ്.

ഇന്ത്യയിലെ ഏറ്റവും കാര്യക്ഷമമായ പോലീസ് സംവിധാനം ആണ് കേരള പോലീസ്. പോലീസിനെ ജനസൗഹൃദമാക്കുന്നതിന് ആവിഷ്കരിച്ച കമ്മ്യൂണിറ്റി പോലീസിംഗിന്റെ കേരളീയ പതിപ്പ് ആണ് ജനമൈത്രി സുരക്ഷാ പദ്ധതി.

ജനമൈത്രി സുരക്ഷാ പദ്ധതിയുടെ പ്രധാന ഗുണഫലങ്ങൾ, കുറ്റകൃത്യങ്ങൾ തടയൽ, മെച്ചപ്പെട്ട പോലീസ് - പൊതുജന സഹകരണം, മുതിർന്ന പൗരന്മാരുടെയും ശാരീരിക അസ്വാസ്ഥ്യങ്ങൾ ഉള്ളവരുടെയും പ്രത്യേക ആവശ്യങ്ങൾ നിറവേറ്റുന്നതിന് അത്തരം ആളുകൾ ഒറ്റക്ക് താമസിക്കുന്ന വീടുകൾ കണ്ടെത്തി അവർക്കായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കൽ, ഹെൽപ് ലൈൻ രൂപീകരണം, സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം ഉറപ്പാക്കൽ, പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കൽ, സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള സുരക്ഷാ ജാഗ്രത പദ്ധതികൾ എന്നിവയാണ്.

നിലവിൽ സംസ്ഥാന അടിസ്ഥാനത്തിൽ ഈ പദ്ധതിക്ക് ഒരു നോഡൽ ഓഫീസർ ഇല്ല. ജില്ലയിലെ നോഡൽ ഓഫീസർമാർക്ക് മറ്റു അനവധി ചുമതലകൾ നൽകുന്നത് മൂലം ഇതിൽ കൂടുതൽ ശ്രദ്ധ കൊടുക്കാൻ കഴിയുന്നില്ല. ആയതിനാൽ ഉടൻ തന്നെ ഒരു നോഡൽ ഓഫിസറെ നിയമിക്കുകയും എല്ലാ ജില്ലകളിലും നോഡൽ ഓഫീസർമാരെ മറ്റു ചുമതലകളിൽ നിന്നും മാറ്റി ജനമൈത്രി പദ്ധതിക്കായി മാത്രം ഉപയോഗപ്പെടുത്തുകയും ചെയ്യണം. പദ്ധതി നടപ്പിലാക്കുന്നതിന് മതിയായ ഫണ്ട് അനുവദിക്കുല്ല. ഫണ്ടിന്റെ അഭാവം ഈ പദ്ധതിയെ വലിയ രീതിയിൽ ബാധിച്ചിട്ടുണ്ട്. ബീറ്റ് കൃത്യമായി നടക്കുന്നില്ല. ഓരോ സ്റ്റേഷനിലും രണ്ട് ബീറ്റ് ഓഫീസർമാരുണ്ടാകും. എന്നാൽ മറ്റു ഡ്യൂട്ടികൾ നൽകുന്നത് കൃത്യമായി ബീറ്റ് പോകുന്നതിനു തടസം ഉണ്ടാക്കുന്നുണ്ട്. എല്ലാ ഓഫീസർമാർക്കും പ്രത്യേക പരിശീലനവും ബോധവൽക്കരണവും നടത്തണം. കൃത്യമായി ചുമതലകൾ വഹിക്കുന്നുണ്ടോ എന്ന് ജില്ലാ നോഡൽ ഓഫീസർമാർ ഉറപ്പാക്കണം. പോലീസിന്റെ അംഗബലത്തിൽ ഉള്ള കുറവ് ആണ് ഈ പദ്ധതി നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ടതും ഉടൻ പരിഹരിക്കേണ്ടതുമായ വിഷയം. അധിക തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് .

ആദിവാസി മേഖലകളിൽ ജനമൈത്രി പദ്ധതിയുടെ സേവനം കൂടുതൽ എത്തേണ്ടതുണ്ട്. വയനാട് പോലുള്ള ജില്ലകളിൽ നിരവധി പദ്ധതികൾ നടപ്പിൽ ആക്കിയെങ്കിലും കൂടുതൽ ആഴത്തിൽ എത്തേണ്ടതുണ്ട്.

മൊബൈൽ 9745424676, sreejithcs26@gmail.com

23

# പോലീസ് – ഭരണനിർവ്വഹണം

ബിനോ ജയിംസ് ജോസഫ് & ഗിരീഷ് കുമാർ വി.എസ്.

കേരള സംസ്ഥാനത്തെ പ്രധാനപ്പെട്ട നിയമ നിർവ്വഹണ വകുപ്പ് ആണ് കേരളാ പോലീസ്. രാജ്യത്തെ ഏറ്റവും മികച്ച പോലീസ് സേന എന്ന ബഹുമതി കേരളാ പോലീസിന് സ്വന്തമാണ്. ക്രമസമാധാന പാലനത്തിൽ മുൻ നിരയിലുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. നിയമ സംഹിതയിലൂടെ കമ്മ്യൂണിറ്റി പോലീസിങ് സംവിധാനം നടപ്പിലാക്കിയ ദക്ഷിണേഷ്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. രാജ്യത്ത് ഏറ്റവുമധികം കുറ്റകൃത്യങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുന്നത് കേരളത്തിലാണ്. ഈ കാര്യത്തിൽ തൊട്ടടുത്ത് നിൽക്കുന്നത് രാജ്യ തലസ്ഥാനമായ ഡൽഹിയാണ്. പോലീസിന് നേരിട്ട് പ്രഥമവിവരറിപ്പോർട്ട് (FIR) രജിസ്റ്റർ ചെയ്യാവുന്ന കുറ്റകൃത്യങ്ങൾ യഥാസമയം രജിസ്റ്റർ ചെയ്യുന്നതിലും, സുതാര്യവും കാര്യക്ഷമവുമായ നിലപാടുകളുടെ ഫലമായിട്ടാണ് കേരളത്തെ ഇത്തരത്തിൽ ഒന്നാം സ്ഥാനത്തെത്തിക്കാൻ കഴിഞ്ഞിട്ടുള്ളത്.

2011ൽ നടപ്പിലാക്കിയ പുതിയ കേരള പോലീസ് ആക്ട് രാജ്യത്തെ മറ്റ് സംസ്ഥാന പോലീസ് സേനകൾക്കും അവരുടെ പ്രാദേശിക പോലീസ് നിയമങ്ങൾ തയ്യാറാക്കുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ ഉപയോഗിച്ച് വരുന്നു. നൂതന ആശയങ്ങളായ പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ബോർഡ്, പോലീസ് പരാതി പരിഹാര അതോറിറ്റി, സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ, പോലീസ് വെൽഫയർ ബ്യൂറോ, കമ്മ്യൂണിറ്റി പൊലീസിങ് തുടങ്ങിയവ കേരളാ പോലീസ് ആക്ട് പ്രകാരം രൂപീകരിച്ചു.

കേരള സമൂഹത്തിലെ ഉയർന്ന വിദ്യാഭ്യാസ നിലവാരം പോലീസ് ഉദ്യോഗസ്ഥരുടെ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയിലും പ്രതിഫലിക്കുന്നു. പുതുതായി നിയമനം ലഭിച്ച പോലീസ് ഉദ്യോഗസ്ഥർക്ക് ആധുനിക പോലീസ് വിഷയങ്ങളിൽ പരിശീലനം നൽകുകയും കേരള പോലീസിന്റെ പ്രമാണസൂക്തം അനുസരിച്ച് ജീവിക്കാൻ അഭ്യസിപ്പിക്കുകയും ചെയ്യുന്നു.

സുരക്ഷ ഉറപ്പുവരുത്തുക, ക്രമക്കേടുകൾ കുറച്ചുകൊണ്ടു വരിക, കുറ്റകൃത്യം, കുറ്റകൃത്യം ഉണ്ടാകുമെന്ന ഭയം എന്നിവ കുറച്ചുകൊണ്ടു വരിക. സംസ്ഥാനത്തെ നിയമസംവിധാനം സുഗമമായി നടപ്പാക്കുന്നതിൽ പങ്കു വഹിക്കുക വഴി പൊതുജനവിശ്വാസം ഉറപ്പിക്കുക, നീതി നിർവഹണം സാധ്യമാക്കുക എന്നിവയാണ് പോലീസ് വകുപ്പിന്റെ കടമകൾ.

പോലീസ് വകുപ്പിൽ iAPS- സവിധാനം നിലവിൽ വന്നെങ്കിലും ടെസ്റ്റ് ക്വാളിഫിക്കേഷൻ പരിഷ്കരിച്ചിട്ടില്ല. പോലീസ് വകുപ്പിന്റെ MOP പുതിയ കാലത്തിനൊത്ത് പരിഷകരിക്കേണ്ടതുണ്ട്. ഒട്ടനവധി തസ്തികകൾ പോലീസ് വകുപ്പിൽ കാലാകാലം മുതൽ ഉണ്ടായിട്ടുണ്ടെങ്കിലും പിന്നീട് അതിൽ കുറവും കൂടുതലും വന്നിട്ടുണ്ട്. എല്ലാ തസ്തികകളും സംയോജിപ്പിച്ച് ഒരു ഉത്തരവാക്കി എല്ലാ വർഷവും ജനുവരി മാസം അപ്ഡേറ്റ് ചെയ്തു പോലീസ് വകുപ്പിലെ വിവിധ ഓഫീസുകളിൽ നൽകുകയാണെങ്കിൽ റാങ്ക്ഹോൾഡർമാരുടെ പരാതികൾ വിവിധ കോടതി വ്യവഹാരങ്ങളിലെ പരാതികൾ എന്നിവ കുറയ്ക്കാൻ സാധിക്കും. പോലീസ് വകുപ്പിലെ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തണം. പോലീസ് വകുപ്പിൽ നിന്ന് ഡെപ്യൂട്ടേഷനിൽ നിയമിക്കുന്ന പോലീസ് ഓഫീസർമാരും പോലീസുകാരുമാണ് വിജിലൻസ് വകുപ്പിലുള്ളത്. ഈ രീതി മാറ്റി വിജിലൻസിൽ നേരിട്ട് നിയമനം നടത്തണം എന്നതാണ്. ഇത് നടപ്പിലായാൽ വിജിലൻസ് കൂടുതൽ കാര്യക്ഷമമാകും. എല്ലാ വകുപ്പുകളിലും വിജിലൻസിന്റെ നിരീക്ഷണം ഉണ്ടാകണം. അഴിമതി നടത്തിയാൽ പിടിക്കപ്പെടുമെന്നുള്ള ഭയം ഉണ്ടാകണം പോലീസ് ഉദ്യോഗസ്ഥർക്ക് ആഴ്ചയിൽ ഒരു വിശ്രമ ദിനം അനുവദിക്കണമെന്നുള്ള ഉത്തരവ് നടപ്പിലാക്കണം. പോലീസ് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത, അഴിമതിരഹിത സിവിൽ സർവ്വീസ് പോലീസ് ആഫീസർമാരുടെ പ്രൊഫഷണലിസം മെച്ചപ്പെടുത്തുന്നതും റിക്രൂട്ട്മെന്റ് നിലവാരമുയർത്തി ഉദ്യോഗസ്ഥരുടെ നിയമപരിശീലനം മെച്ചപ്പെടുത്തി, സംശയമുള്ളവരെ കൈകാര്യം ചെയ്യുന്നതിലും അന്വേഷണ ഉദ്യോഗസ്ഥർ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പോലീസ് വകുപ്പ് ജനകീയമാക്കുക എന്നതാണ് പരമപ്രധാനമായ ലക്ഷ്യം.

1 എ ആർ ക്യാഷ്യർ, കോട്ടയം ഡിപിഒ, MOB-9744235408, Email-bjjvallayil1982@gmail.com

2 സീനിയർ ക്ലർക്ക്, കോട്ടയം ഡിപിഒ, MOB-8089181864, Email-girishktym@gmail.com

24

# പോലിസ് വകുപ്പ് - ഭരണ നിർവ്വഹണവും നിലവിലുള്ള മാനവ വിഭവ ശേഷിയുടെ ശരിയായ വിനിയോഗവും

രാംകുമാർ എൻ.എസ്.

പോലിസ് വകുപ്പ് നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നം അംഗബലത്തിലെ കുറവ് എന്നാണ് പറയപ്പെടുന്നതെങ്കിലും നിലവിലെ അനുവദിക്കപ്പെട്ട അംഗബലം ശരിയായി വിനിയോഗിക്കുന്നതിലൂടെ പരിഹരിപ്പെടാവുന്നതാണ്. സാങ്കേതിക വിഭാഗം (Technical Cadre) എന്ന രൂപത്തിൽ പോലിസ് സേനയിൽ പൊതുസേവനത്തിന് നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. വകുപ്പിനുള്ളിൽ ജോലി ക്രമീകരണ വ്യവസ്ഥ (Working arrangement) പരിമിതപ്പെടുത്തുകയും വരും കാലഘട്ടങ്ങളിൽ പൂർണ്ണമായും അവസാനിപ്പിക്കുകയും ചെയ്യുക. സുരക്ഷാഭീഷണി ഉള്ള ഉദ്യോഗസ്ഥർക്ക് മാത്രമായി Personal Security Guard / Personal Security Officer സംവിധാനം ചുരുക്കുക. നിലവിലുള്ള മോട്ടോൾ വാഹന വകുപ്പിന് കീഴിലും പോലിസ് വകുപ്പിന്റെ അധികാരപരിധിയിൽ വരുന്ന എല്ലാ നിരീക്ഷണ ക്യാമറകളും കേന്ദ്രീകൃത നിരീക്ഷണ സംവിധാനത്തിൻ കീഴിൽ കൊണ്ടുവരിക. വിചാരണതടവുകാരുടെ കോടതി വിചാരണ വീഡിയോ കോൺഫറൻസിംഗ് സംവിധാനം മുഖേന നടത്തുക. ഡി എച്ച് ക്യൂ എന്ന പേരിൽ ജില്ലാ സായുധ വിഭാഗത്തിന് സമാനമായ എണ്ണം ഉദ്യോഗസ്ഥർ ഇപ്പോഴും ജില്ലാ ആസ്ഥാനത്ത് നിലനിർത്തികാണുന്നു. ടി ഉദ്യോഗസ്ഥരെ അംഗബലം കുറവുള്ള സ്റ്റേഷനുകളിലേക്ക് പുനർവിന്യസിക്കാവുന്നതാണ്. പോലിസ് ഉദ്യോഗസ്ഥരുടെ പരിശീലനത്തിൽ മാറ്റം വരുത്തി ജനങ്ങളോടുള്ള സൗമ്യമായ പെരുമാറ്റം ഉറപ്പ് വരുത്താവുന്നതാണ്. പോലിസ് പട്രോളിംഗ് ശക്തമാക്കുക വഴി കുറ്റകൃത്യങ്ങൾ ഗണ്യമായി കുറക്കുവാൻ കഴിയും. പൊതുജനങ്ങളുടെ പരാതി പരിശോധിക്കുന്ന പോലിസ് ആസ്ഥനത്തെയും ജില്ലാ ഓഫീസുകളിലെയും വിഭാഗങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്. മൂന്ന് വർഷം കൂടുമ്പോൾ സ്പെഷ്യൽ യൂണിറ്റുകളിൽ അടക്കം ഉദ്യോഗസ്ഥരെ സ്ഥലംമാറ്റം നടത്തേണ്ടതും സമ്മതം അറിയിക്കുന്നതും കഴിവുള്ളതും ആയ പോലിസ് ഉദ്യോഗസ്ഥരെ നിയമിക്കേണ്ടതും ആണ്. പോലിസ് സ്റ്റേഷനുകളിൽ ഏറ്റവും കുറഞ്ഞത് അഞ്ചു വർഷം നിബന്ധിത സർവ്വീസ് എന്ന ചട്ടം നിലവിൽ വരികയും നടപ്പിലാക്കുകയും വേണ്ടതുണ്ട്.

ജൂനിയർ സൂപ്രണ്ട്, പോലിസ് ആസ്ഥാനം, Mob: 9446460608, E-mail: ramminst@gmail.com

25

# രാസപരിശോധന സംവിധാനവും ആധുനിക സാങ്കേതികവിദ്യകളും

മോഹനൻ എം.ജി.

കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട തൊണ്ടി സാധനങ്ങളുടെ രാസപരിശോധന നടത്തി ശാസ്ത്രീയമായ തെളിവുകൾ കോടതികളിൽ നൽകുന്നതിനായി രൂപീകരിക്കപ്പെട്ട വകുപ്പാണ് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി സംസ്ഥാനത്ത് തിരുവനന്തപുരത്ത് ചീഫ് കെമിക്കൽ എക്സാമിനറുടെ അഡ്മിനിസ്ട്രേറ്റീവ് നിയന്ത്രണത്തിലും എറണാകുളത്തും, കോഴിക്കോടും ജോയിന്റ് കെമിക്കൽ എക്സാമിനറുടെ കീഴിലുമാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്.

കുറ്റകൃത്യങ്ങളുടെ എണ്ണത്തിലും സ്വഭാവത്തിലും വളരെയധികം മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. മയക്കുമരുന്നുമായി ബന്ധപ്പെട്ട കേസുകളിൽ അഭൂതപൂർവമായ വർദ്ധനവാണ് അടുത്തകാലത്തായി ഉണ്ടായിട്ടുള്ളത്. അതിനാൽതന്നെ പരിശോധനയ്ക്കായി എത്തുന്ന സാമ്പിളുകളുടെ അനാലിസിസ് പൂർത്തീകരിക്കാൻ വളരെയധികം താമസം നേരിടുന്നു. സമയബന്ധിതമായി പരിശോധന പൂർത്തിയാക്കുന്നതിനും സർട്ടിഫിക്കറ്റുകൾ നൽകുന്നതിനും സാധിക്കുന്നില്ല. മനുഷ്യ വിഭവശേഷിയുടെ കുറവും ലബോറട്ടറികളുടെ ആധുനികവൽക്കരണത്തിന്റെ അഭാവവും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുമാണ് പ്രധാന കാരണം. അത് പരിഹരിക്കപ്പെട്ടാൽ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കും. അതോടൊപ്പം ലഭ്യമായ സൗകര്യങ്ങളുടെ ശാസ്ത്രീയമായ വിനിയോഗവും നടപ്പിലാക്കേണ്ടതുണ്ട്.

സയന്റിഫിക് ഓഫീസർ, 8547904640

## 26

# രാസപരിശോധനയും ഇൻവെസ്റ്റിഗേഷനും - Best Practice in Chemical Analysis

സുധാകരൻ പി.പി.

കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിനായുള്ള ശാസ്ത്രീയ തെളിവുകൾ നൽകുന്നതിനുള്ള സർക്കാർ സംവിധാനമാണ് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി. കുറ്റാന്വേഷണം നടക്കുമ്പോൾ തന്നെ രാസപരിശോധനയും നടത്തി അതിന്റെ ഫലം കൂടി അന്വേഷണ ഏജൻസികൾക്ക് ലഭിച്ചാൽ വളരെ വേഗത്തിലും ശാസ്ത്രീയമായും കുറ്റങ്ങൾ തെളിയിക്കാനാകും അത്തരം ഒരു പ്രവർത്തനമാണ് പിണറായിയിൽ 2017 ഏപ്രിൽ മാസത്തിൽ നടന്നത്. സൗമ്യ എന്ന യുവതി 9 മാസം മുമ്പ് തന്റെ നാല് വയസ്സായ മകൾക്ക് എലിവിഷം നൽകി കൊലപ്പെടുത്തി. വിഷപ്രയോഗത്തിന്റെ പാർശ്വ ഫലമായി കാണപ്പെടുന്ന ശർദ്ധി കാരണം കുട്ടി മരണപ്പെട്ടു എന്ന് തീരുമാനിച്ചതിനാൽ Post മോർട്ടം നടത്താതെ കുട്ടിയെ അടക്കം ചെയ്തു തുടർന്ന് അമ്മയെ ഇതേ പോലെ വളരെ കുറച്ച് അളവിൽ തുടർച്ചയായി വിഷം നൽകി കൊന്നു. അച്ഛനേയും ഇതേ രീതിയിൽ കൊന്ന് കഴിഞ്ഞപ്പോൾ ഉണ്ടായ സംശയം കുട്ടിയുടെ Re-postmortem-ത്തിൽ കലാശിക്കുകയും മൂന്ന് ശവശരീരങ്ങളിലും അലുമിനിയം ഫോസ്സൈഡ് എന്ന മാരക വിഷം കണ്ടെത്തിയതാണ് പ്രതിയെ അറസ്റ്റ് ചെയ്ത് ശിക്ഷിക്കുന്നതിന് കാരണമായത്. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ എല്ലാ കേസുകളിലും ചെയ്യാൻ കഴിയുന്നില്ല എന്ന പരിമിതി മറികടക്കാൻ കൂടുതൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികൾ സംസ്ഥാനത്ത് വളരെ അത്യാവശ്യമാണ്

അഡി. കെമിക്കൽ എക്സാമിനർ, Mob: 9446301691

## 27

# ഫിംഗർ പ്രിന്റ് ബ്യൂറോ

അരവിന്ദ് എസ്.

ശാസ്ത്രീയ കുറ്റാന്വേഷണത്തിൽ ഏറ്റവും ആധികാരികവും (Conclusive) 100% കുറ്റമറ്റതുമാണ് വിരലടയാളം. പ്രകൃതിദുരന്തങ്ങൾ, അപകടങ്ങൾ, യുദ്ധങ്ങൾ എന്നിവയിൽ മരണമടയുന്നവരെയും അജ്ഞാത മൃതദേഹങ്ങളെയും തിരിച്ചറിയുന്നതിനും അതീവസുരക്ഷാ മേഖലകളിൽ പ്രവേശനം നിയന്ത്രിക്കുന്നതിനും വിരൽ അടയാളം ഉപയോഗിക്കുന്നു. ലോകത്തിലെ ആദ്യത്തെ ഫിംഗർപ്രിന്റ് ബ്യൂറോ 1897ൽ കൽക്കട്ടയിൽ സ്ഥാപിതമായി. രണ്ടാമത്തേത് 1900 ൽ തിരുവിതാംകൂറിലും. 1956 ലാണ് കേരള സ്റ്റേറ്റ് ഫിംഗർ പ്രിന്റ് ബ്യൂറോ പ്രവർത്തനമാരംഭിച്ചത്. കുറ്റാന്വേഷണത്തിൽ കേരള പോലീസിനെ സഹായിക്കുക എന്നതാണ് കേരളാ സ്റ്റേറ്റ് ഫിംഗർപ്രിന്റ് ബ്യൂറോയുടെയും പ്രിന്റ് ബ്യൂറോകളുടെയും ചുമതല. എല്ലാദിവസവും കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും അറസ്റ്റ് ചെയ്യപ്പെടുന്ന ആളുകളുടെ മുൻ ശിക്ഷാവിവര പരിശോധന കേരള സ്റ്റേറ്റ് ഫിംഗർ പ്രിന്റ് ബ്യൂറോയിലും ഓരോ പോലീസ് ജില്ലയിലും നടക്കുന്ന കുറ്റകൃത്യങ്ങളിലെ വിരലടയാള പരിശോധന ജില്ലാ ഫിംഗർ പ്രിന്റ് ബ്യൂറോകളിലുമാണ് നടക്കുന്നത്. മറ്റെല്ലാ ശാസ്ത്രീയ തെളിവുകളിലും കുറ്റാരോപിതനെ കണ്ടെത്തിയാൽ മാത്രമേ താരതമ്യ പരിശോധന സാധ്യമാവുകയുള്ളൂ. എന്നാൽ വിരലടയാള പരിശോധനയിൽ മുൻ കുറ്റവാളികളുടെ വിരലടയാള ഡാറ്റാബേസിൽ നിന്നും വേഗത്തിൽ കുറ്റവാളിയെ കണ്ടെത്താൻ കഴിയും. മറ്റെല്ലാ പരിശോധനകളെക്കാളും ചെലവ് കുറവും ആധികാരികവുമാണ് വിരലടയാള താരതമ്യ പരിശോധന. പരമ്പരയായി ഏഴു കൊലപാതകങ്ങൾ നടത്തിയ റിപ്പർ ജയാനന്ദൻ, വിഖ്യാത മോഷ്ടാവ് മണിയൻപിള്ള അടക്കമുള്ള പല കുറ്റവാളികളെയും വിരലടയാളം ഉപയോഗിച്ചാണ് കണ്ടെത്തിയത്. എന്നാൽ വിരലടയാളം അടക്കമുള്ള ശാസ്ത്രീയ തെളിവുകൾ ഉപയോഗപ്പെടുത്തുന്നതിന് പോലീസ് വകുപ്പ് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല. കേരള സ്റ്റേറ്റ് ഫിംഗർ പ്രിന്റ് ബ്യൂറോക്കും, ജില്ലാ ഫിംഗർപ്രിന്റ് ബ്യൂറോകൾക്കും സ്വന്തമായി കെട്ടിടങ്ങൾ ഇല്ല. പരിമിതമായ സൗകര്യങ്ങളിലാണ് ബ്യൂറോകൾ പ്രവർത്തിക്കുന്നത്. ലാബുകളും ലൈബ്രറിയും പരിശീലനകേന്ദ്രവും ആധുനിക ഉപകരണങ്ങളും അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉള്ള കെട്ടിടങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. കേരളത്തിലാകെ 93 ജീവനക്കാർ മാത്രമാണ് ഉള്ളത്. ജനസംഖ്യയും കുറ്റകൃത്യങ്ങളും പോലീസ് സേനയുടെ അംഗബലവും പലമടങ്ങ് വർദ്ധിച്ചെങ്കിലും 1975ലെ സ്റ്റാഫ് പാറ്റേൺ

ആണ്ഇപ്പോഴും തുടരുന്നത്.ഇത് കാര്യക്ഷമതയെ ബാധിക്കുന്നു.തികച്ചും അശാസ്ത്രീയമായ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കേണ്ടതുണ്ട്. 2000 മുതൽ കമ്പ്യൂട്ടറൈസ്ഡ് വിരലടയാള പരിശോധനാ സംവിധാനം ആരംഭിച്ചുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം കുറ്റവാളികളുടെ വിരലടയാളം തയ്യാറാക്കുന്നതിനുള്ള ഡിജിറ്റൽ സ്കാനർ എല്ലാ പോലീസ് സ്റ്റേഷനുകളിലും നൽകാത്തത് വിരലടയാള ഡാറ്റാ ബേസ് തയ്യാറാക്കുന്നതിനെ ഗുരുതരമായി ബാധിക്കുന്നുണ്ട്. മുൻ ശിക്ഷയുള്ള കുറ്റവാളികളുടെ വിരലടയാളങ്ങൾ മാത്രമാണ് ഇപ്പോൾ ഡാറ്റാബേസിലുള്ളത്. എന്നാൽ രാജ്യത്തെ മുഴുവൻ പൗരന്മാരുടെയും വിരലടയാളം ലഭ്യമാക്കിയാൽ ഏതു കുറ്റവാളിയെയും ഉടൻ കണ്ടെത്തുന്നതിന് സാധിക്കും. ആധാർ ഡാറ്റാ ബേസിലുള്ള വിരലടയാളങ്ങൾ കുറ്റാന്വേഷണത്തിനു ലഭ്യമാക്കിയാൽ ഈ പരിമിതി മറികടക്കാൻ കഴിയും. എക്സൈസ്,ഫോറസ്റ്റ്, റെയിൽവേ പോലീസ് എന്നീ വിഭാഗങ്ങളിലും കുറ്റാന്വേഷണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ വിരലടയാള പരിശോധന ഉപയോഗപ്പെടുത്താൻ കഴിയും.

വിരലടയാള വിദഗ്ധൻ, Mob: 9447141175, E-mail: Aravind.fpe@gmail.com

28

## ജയിൽ വകുപ്പ്

സുമന്ത് വി.എസ്.

കുറ്റകൃത്യങ്ങളുടെ ഭാഗമായി ശിക്ഷ വിധിക്കപ്പെട്ടവരെ സുരക്ഷിതമായി കസ്റ്റഡിയിൽ സൂക്ഷിക്കുക, അവരെ മാനസാന്തരപ്പെടുത്തുക, തൊഴിൽ പരിശീലനം നൽകുക, പുനരധിവസിപ്പിക്കുക എന്നിവയാണ് വകുപ്പിന്റെ ചുമതലകൾ. കേരളത്തിൽ 4 സെൻട്രൽ ജയിലുകൾ, 3 ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോമുകൾ, ഒരു അതിസുരക്ഷാ ജയിൽ, 3 വനിതാ ജയിലുകൾ, 13 ജില്ലാ ജയിലുകൾ, 16 സ്പെഷ്യൽ സബ് ജയിലുകൾ, 16 സബ്ജയിലുകൾ എന്നിവ നിലവിലുണ്ട്. ഇതോടൊപ്പം ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിന് വേണ്ടി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കറക്ഷൻ അഡ്മിനിസ്ട്രേഷനും പ്രവർത്തിക്കുന്നു. തടവുകാരുടെ തൊഴിൽ പരിശീലനത്തിന്റെ ഭാഗമായി ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ കഫറ്റേറിയ പെട്രോളിയം ഔട്ട് ലെറ്റ്, ബ്യൂട്ടി പാർലർ, ബൈൻഡിങ് യൂണിറ്റുകൾ, വെട്ടുകൽ നിർമ്മാണ യൂണിറ്റ് എന്നിവയും പ്രവർത്തിക്കുന്നു. തടവുകാരുടെ ബാഹുല്യമാണ് വകുപ്പ് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി . അതിനനുസൃതമായ കെട്ടിടങ്ങൾ ഇല്ലാത്തതിനാൽ കുറ്റവാളികളായ തടവുകാരെയും റിമാൻഡ് പ്രതികളെയും ഒരുമിച്ച് താമസിപ്പിക്കേണ്ടി വരുന്നു. പല കെട്ടിടങ്ങളും 100 വർഷത്തിലേറെ പഴക്കമുള്ളവയാണ്. ജയിൽ ചട്ടം ആവശ്യപ്പെടുന്ന അടിസ്ഥാന സൗകര്യങ്ങൾക്ക് അനുസൃതമായി പഴയ കെട്ടിടങ്ങൾ നവീകരിക്കുകയും പുതിയ ബ്ലോക്കുകൾ നിർമ്മിക്കുകയും വേണം.റിമാൻഡ് ജയിലുകൾ സ്ഥാപിക്കണം. കൂടുതൽ സെമി / ഓപ്പൺ ജയിലുകൾ സ്ഥാപിക്കണം.

നിലവിൽ സെൻട്രൽ ജയിലുകളിൽ മാത്രമാണ് ചികിത്സാ സൗകര്യങ്ങൾ ഉള്ളത്. അതും പരിമിതമാണ്. എല്ലാ ജയിലുകളിലും ചികിത്സാ സൗകര്യങ്ങളും ആംബുലൻസുകളും ലാബോറട്ടറി സംവിധാനങ്ങളും ഏർപ്പെടുത്തണം. മാനസികാസ്വാസ്ഥ്യമുള്ള തടവുകാർക്ക് പ്രത്യേക ബ്ലോക്കും ചികിത്സാ സൗകര്യവും ഏർപ്പെടുത്തണം. കൂടുതൽ വെൽഫെയർ ഓഫീസർമാരുടെയും സൈക്കോളജിസ്റ്റുകളുടെയും തസ്തികകൾ സൃഷ്ടിക്കണം. ആധുനിക കാലത്തിനനുസരിച്ച് തൊഴിൽ പരിശീലനത്തിൽ വൈവിധ്യവും ആധുനികവൽക്കരണവും നടപ്പിലാക്കണം. ജയിലുകളിൽ ആധുനിക സുരക്ഷാസംവിധാനങ്ങൾ ഏർപ്പെടുത്തണം. തടവുകാരുടെയും കുടുംബാംഗങ്ങളുടെയും പുനരധിവാസത്തിനായി ക്ഷേമനിധി രൂപീകരിക്കണം.

വെൽഫെയർ ഓഫീസർ ഗ്രേഡ് 1, സ്പെഷ്യൽ സബ്ജയിൽ, തിരുവനന്തപുരം, 9447024393

## 29

# ജയിലുകളിലെ ആൾപ്പെരുപ്പം കുറയ്ക്കലും ജയിലിതര ക്രിമിനൽ ജസ്റ്റിസ് സംവിധാനങ്ങളും: ഒരു കേരള മാതൃക

സുബൈർ അരിക്കുളം കെ.എ.എസ്.

07.07.23 ലെ കണക്കനുസരിച്ച് കേരളത്തിലെ 57 ജയിൽ സ്ഥാപനങ്ങളിലായി 9546 തടവുകാരുണ്ട്. വനിതാ ജയിലുകൾ ഒഴികെയെല്ലായിടത്തും തടവുകാർ തിങ്ങി ഞെരുങ്ങി ജീവിക്കുന്ന സാഹചര്യമാണ്. ഇതിൽ മൂന്നിൽ രണ്ട് ഭാഗവും വിചാരണ തടവുകാരും. ശിക്ഷാ തടവുകാരിൽ 2 വർഷത്തിൽ താഴെ ശിക്ഷ കിട്ടി ജയിലിൽ കിടക്കുന്നവരുമാണ്. ഈ പ്രതിസന്ധിയെ നേരിടാൻ വീണ്ടും വീണ്ടും ജയിലുകൾ സ്ഥാപിക്കുക എന്നത് അവസാനത്തെ പരിഹാരം മാത്രമാണ്. പകരം നീതിന്യായ സംവിധാനത്തിൻ വികസിത രാജ്യങ്ങൾ ഗൗരവമായി ഉപയോഗപ്പെടുത്തുന്ന ജുഡീഷ്യൽ പ്രൊബേഷൻ സംവിധാനം, പ്ലീഡർ ഗൈഡിങ്ങിലൂടെ കേസ് തീർപ്പാക്കൽ, സാമൂഹ്യ സേവനം ശിക്ഷയായി നൽകൽ, നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളെ സാമൂഹ്യമായി പുനരധിവസിപ്പിക്കൽ, ആദ്യകുറ്റവാളികളായെത്തുന്ന യുവാക്കളെ സാമൂഹ്യ- മന:ശാസ്ത്ര ഇടപെടൽ നടത്തി വീണ്ടും കേസിൽ പെടാതെ നോക്കൽ, കുറ്റകൃത്യത്തിനിരയാവുന്നവരെയും ആശ്രിതരെയും ഭരണകൂടം സംരക്ഷിക്കൽ, ലഹരിമോചന ചികിത്സ നിർബന്ധമാക്കൽ, ശിക്ഷായിളവ് നൽകി എക്സിക്യൂട്ടീവ് പ്രൊബേഷനിൽ അയക്കൽ, ജയിൽ സ്ഥാപനങ്ങളിൽ നിന്നും അവധി നൽകൽ തുടങ്ങിയ സാമൂഹ്യ പ്രതിരോധ മാർഗ്ഗങ്ങൾ ശക്തമാക്കേണ്ടതുണ്ട്. ഇതിൽ നമ്മുടെ സംസ്ഥാനം ഇപ്പോൾ അനുവർത്തിക്കുന്നവയെ കൂടുതൽ ശക്തമാക്കാനും ഇതുവരെ തുടങ്ങാത്തവയെ കുറിച്ച് ആലോചിക്കാനും നിയമമുണ്ടാക്കാനും നമുക്ക് കഴിയേണ്ടതുണ്ട്.

1990 ൽ ഐക്യരാഷ്ട്രസഭ മുന്നോട്ടുവെച്ച ജയിലിതര സംരക്ഷണ രീതികൾ സംബന്ധിച്ച ചട്ടങ്ങളാണ് സാമൂഹ്യ പ്രതിരോധ രീതികളുടെ അടിസ്ഥാന രേഖയായി നിലനിൽക്കുന്നത്. ഈ ചട്ടങ്ങൾ ടോക്യോ റൂൾസ് എന്നറിയപ്പെടുന്നു. കുറ്റകൃത്യത്തെ അതിജീവിച്ചവർ, കുറ്റവാളികൾ, സമൂഹത്തിന്റെ പൊതുവായ സുരക്ഷ എന്നീ മൂന്ന് ഭാഗങ്ങൾ കണക്കിലെടുക്കുകയും അവ പരസ്പരം തുലനം ചെയ്ത് നടപ്പാക്കുകയും ചെയ്യേണ്ടതാണ് മേൽ ചട്ടങ്ങൾ. എന്നാൽ ഇന്ന് നമ്മുടെ രാജ്യത്ത് ഇങ്ങനെ പരസ്പരം ഏകോപിപ്പിക്കുന്ന സംവിധാനം വികസിച്ചു വന്നിട്ടില്ല. 1958ൽ ആരംഭിച്ച പ്രൊബേഷൻ സംവിധാനം പോലും ഗൗരവമായി നടപ്പാക്കുന്ന കാര്യത്തിൽ നാം വിജയിച്ചിട്ടില്ല. ഇന്ത്യ ടോക്യോ ചട്ടങ്ങൾ അംഗീകരിച്ചതുകൊണ്ട് തന്നെ ജയിലിതര സംവിധാനങ്ങൾ ശക്തിപ്പെടുത്താൻ നാം പ്രതിജ്ഞാബദ്ധമാണ്.

നീതിന്യായ വ്യവസ്ഥയുമായി ബന്ധപ്പെട്ട് പ്രാകൃതമായ ശിക്ഷാരീതികൾ തന്നെയാണ് ശരി എന്നു വാദിക്കുന്ന വിഭാഗത്തിന് മേൽക്കൈ കൈവരുന്ന കാഴ്ചയും നാം രാജ്യത്ത് കാണുന്നു. പരിഷ്കൃതവും കൂടുതൽ ശാസ്ത്രീയവുമായ സിദ്ധാന്തങ്ങൾ പ്രചരിക്കുമ്പോഴും കുട്ടികളെ പോലും നിഷ്ഠൂര ശിക്ഷാരീതിക്ക് വിധേയമാക്കണം എന്ന ആശയത്തിന് പ്രാമുഖ്യം കിട്ടുന്ന അവസ്ഥ കേരളത്തിലും കാണാൻ കഴിയുന്നു.

2021 ൽ കേരളം സാമൂഹ്യ പ്രതിരോധം സംബന്ധിച്ച സംസ്ഥാന നയം രൂപീകരിച്ചെങ്കിലും ഗൗരവമായ പ്രവർത്തനങ്ങളിലേക്ക് ഇനിയും കടന്നിട്ടില്ല. ജുഡീഷ്യറി, ജയിൽ, പോലീസ്, പ്രോസിക്യൂഷൻ, സാമൂഹ്യനീതി, തദ്ദേശ സ്വയം ഭരണം,സാമൂഹ്യ സംഘടനകൾ തുടങ്ങി വിവിധ സംവിധാനങ്ങളുടെ സഹായത്തോടെ കുറ്റവാളികളില്ലാത്ത കേരളം എന്ന സ്വപ്നത്തിലേക്ക് സംസ്ഥാനം നടന്നടുക്കേണ്ടതുണ്ട്. ഇതിനുള്ള വിശദമായ രൂപരേഖ അവതരിപ്പിക്കുക എന്നതാണ് ഈ പ്രബന്ധത്തിലൂടെ ഉദ്ദേശിക്കുന്നത്.

## 30

# സൈനിക ക്ഷേമ വകുപ്പ്

സുരേഷ് കുമാർ ടി.

വിമുക്തഭടന്മാർ, യുദ്ധ വിധവകൾ അവരുടെ ആശ്രിതർ എന്നിവരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും സൈനികരുടെയും ആശ്രിതരുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി കേരള സർക്കാരിന്റെ പൊതു ഭരണ വകുപ്പിന് കീഴിൽ ആണ് സൈനിക ക്ഷേമ വകുപ്പ് പ്രവർത്തിക്കുന്നത്. 2023 ജനുവരി ഒന്നു വരെ സംസ്ഥാനത്തെ ജില്ലാ സൈനിക ക്ഷേമ ഓഫീസുകളിൽ 1,63,959 വിമുക്തഭടന്മാരും,

50,687 വിധവകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരുടെ ക്ഷേമ- പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ കേന്ദ്ര -സംസ്ഥാന സർക്കാരുകൾ തുല്യ പങ്ക് വഹിക്കുന്നു.

കേരള സർക്കാരിന്റെ പൂർണ്ണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാന സൈനിക ക്ഷേമ കാര്യാലയത്തിന് ഡയറക്ടറേറ്റ് ജനറൽ റീ സെറ്റിൽമെന്റ്(DGR) കേന്ദ്രീയ സൈനിക ബോർഡ് എന്നീ കേന്ദ്ര സ്ഥാപനങ്ങളുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ട ചുമതല കൂടിയുണ്ട്. സംസ്ഥാന സൈനിക ക്ഷേമ കാര്യാലയം ജില്ലാ സൈനിക ക്ഷേമ ഓഫീസുകൾ മുഖാന്തരം നടപ്പിലാക്കുന്ന ക്ഷേമ- പുനരധിവാസ പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തിക സ്രോതസ്സ് അമാൽഗമേറ്റഡ് ഫണ്ട് സ്റ്റേറ്റ് മിലിറ്ററി ബെനവലന്റ് ഫണ്ട്(SMBF)ജില്ലാ മിലിട്ടറി ബെനവലെന്റ് ഫണ്ട്(DMBF), സൈനിക ക്ഷേമനിധി അടക്കമുള്ള സംസ്ഥാന സർക്കാർ ധനസഹായമാണ്. സംസ്ഥാനതലത്തിൽ ഡയറക്ടറേറ്റും, ജില്ലാതലത്തിൽ ഓഫീസുകളും ഇതിനായി പ്രവർത്തിക്കുന്നു.

വിമുക്തഭടന്മാരുടെയും ആശ്രിതരുടെയും സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എസ്. എം.ബി എഫ് ൽ നിന്നും 3500 മുതൽ 4000 രൂപ വരെയും, ഡി. എം. ബി. എഫ്. ൽ നിന്നും 2000 മുതൽ 2500 രൂപ വരെയും അർഹതയനുസരിച്ച് സാമ്പത്തിക സഹായം നൽകുന്നു. കൂടാതെ വിമുക്തഭടന്മാർക്കും ആശ്രിതർക്കും പെട്ടെന്നുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാനായി അടിയന്തര സാമ്പത്തിക സഹായവും എസ് എം ബി എഫ് ൽ നിന്നും മുഖ്യമന്ത്രിയും സൈനിക ക്ഷേമ വകുപ്പ് മേധാവിയും നേതൃത്വം നൽകുന്ന കമ്മിറ്റിയും, ജില്ലാ തലത്തിൽ ഡി എം ബി എഫ് ൽ നിന്നും ജില്ലാ കളക്ടർമാരും ജില്ലാ സൈനിക ഓഫീസർമാരും അടങ്ങുന്ന കമ്മിറ്റിയും അനുവദിക്കുന്നു. വിമുക്തഭടന്മാരുടെ ചെലവുകൾക്കായി ആശ്രിതർക്ക് ധനസഹായവും, വിമുക്തഭടന്മാരുടെ രണ്ടു പെൺമക്കൾക്ക് വിവാഹ ഗ്രാന്റും നൽകുന്നുണ്ട്. കൂടാതെ അന്ധരായ വിമുക്തഭടന്മാർക്കും, മാനസികവൈകല്യമുള്ള കുട്ടികൾക്കും പ്രതിമാസബത്തയും, ഓണാഘോഷം, ശാരീരിക വൈകല്യമുള്ള കുട്ടികൾ, അനാഥരായ കുട്ടികൾ, വൃദ്ധസദനങ്ങളിൽ കഴിയുന്ന വിമുക്തഭടന്മാർ, വിധവകൾ, ധീരത പുരസ്കാരം നേടിയവർ എന്നിവർക്ക് ധനസഹായവും അനുവദിക്കുന്നു. ചികിത്സാസഹായം, ഭവന നിർമ്മാണ സഹായം, വിദ്യാഭ്യാസ സഹായം എന്നിവയും വകുപ്പിലൂടെ വിമുക്തഭടന്മാർക്ക് ലഭ്യമാക്കുന്നു.

അസി. ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് സൈനിക് വെൽഫെയർ, തിരുവനന്തപുരം

## 31

## ഫയർഫോഴ്സ്

അശോക് കുമാർ

പോലീസ് വകുപ്പിന്റെ കീഴിലായിരുന്ന ഫയർ ഫോഴ്സ് 1963ലാണ് ആഭ്യന്തരവകുപ്പിന് കീഴിലുള്ള സ്വതന്ത്ര വകുപ്പായി മാറിയത്. അഗ്നിശമന പ്രവർത്തനങ്ങളോടൊപ്പം റോഡ് അപകടങ്ങൾ, വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ തുടങ്ങിയ അപകടങ്ങളിൽ രക്ഷാപ്രവർത്തനം നടത്തുക എന്നതും വകുപ്പിന്റെ ചുമതലയാണ്. ഇതിനായി വകുപ്പിലെ ജീവനക്കാരോടൊപ്പം ഹോം ഗാർഡ്സ്, സിവിൽ ഡിഫൻസ്, ആപ്ത മിത്ര, സ്കൂബ ടീം, സ്പെഷ്യൽ ടാസ്ക് ഫോഴ്സ് എന്നിവയും പ്രവർത്തിക്കുന്നു. സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റിന്റെ കീഴിൽ പ്രധാന കണ്ണിയായി പ്രവർത്തിക്കുന്നു.വിവിധ സ്ഥാപനങ്ങളിലെ അഗ്നിശമന ദുരന്തനിവാരണ സംവിധാനങ്ങൾ പരിശോധിച്ചു റിപ്പോർട്ട് നൽകിവരുന്നു. മനുഷ്യശേഷിയുടെ കുറവ് പരിഹരിക്കുകയും ആധുനിക ഉപകരണങ്ങളും സാങ്കേതികവിദ്യയും പ്രയോജനപ്പെടുത്തുകയും ചെയ്താൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ ആകും.

## 32

## റവന്യൂ വകുപ്പ് - മാതൃകാ പദ്ധതി - പട്ടയവിതരണം

വേണുഗോപാൽ പി.

രാജ്യത്ത് ആദ്യമായി ഭൂപരിഷ്കരണ നിയമം ഫലപ്രദമായി നടപ്പിലാക്കിയ സംസ്ഥാനമാണ്. കേരളം. പരിധിയിൽ കൂടുതൽ ഭൂമി കൈവശം വച്ചുവരുന്ന കൈവശക്കാരിൽ നിന്നും ഭൂമി ഏറ്റെടുത്ത്, ഭൂരഹിതർക്ക് വിതരണം ചെയ്യുകയും, നിലവിൽ ഭൂമിയിലെ കുടിയായ്മ-കുടികിടപ്പുകാർക്ക് കൈവശരേഖയായ

പട്ടയം വിതരണം ചെയ്യുകയും ചെയ്യുക എന്നതാണ് ഭൂപരിഷ്കരണനിയമത്തിന്റെ കാതൽ. എന്നാൽ ഭൂപരിഷ്കരണ നിയമം നിലവിൽ വന്ന് അരനൂറ്റാണ്ട് പിന്നിട്ടുകഴിഞ്ഞിട്ടും ഭൂപരിഷ്കരണ നിയമത്തിന്റെ ലക്ഷ്യങ്ങൾ പൂർണ്ണ അർത്ഥത്തിൽ നിറവേറ്റാൻ കഴിഞ്ഞില്ല എന്നത് വലിയ പോരായ്മയായി നിലനിൽക്കുന്നു. അതിലേറ്റവും പ്രധാനമാണ് പട്ടയവിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ.

നിയമം നടപ്പാക്കുന്നതിലെ അലംഭാവവും കൈവശ രേഖകൾ സമ്പാദിക്കുന്നതുമായി ബന്ധപ്പെട്ട ഭൂ ഉടമകളുടെ അജ്ഞതയുമാണ് ഇത്രയേറെ കാലമായിട്ടും പട്ടയവിതരണം പൂർത്തിയാക്കാത്തതിന്റെ കാരണം. തന്മൂലം ചെറുകിട കൈവശക്കാരായ പാവപ്പെട്ടയാളുകൾക്ക് സർക്കാരിൽ നിന്നുലഭിക്കേണ്ട വീടുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാകാത്ത സാഹചര്യം നിലനിൽക്കുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി നേതൃത്വത്തിൽ കഴിഞ്ഞ ഏഴുവർഷകാലയളവിൽ നടത്തിവരുന്ന പട്ടയമേളകൾ വഴി ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള ശ്രമമാണ് നടക്കുന്നത്

2023 ൽ നടന്ന പട്ടയമേളയുമായി ബന്ധപ്പെട്ട് ഭൂരേഖകളില്ലാത്ത പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട മുഴുവൻ കൈവശക്കാർക്കും പട്ടയം വിതരണം ചെയ്യുക എന്ന ഉദ്ദേശത്തോടെ പെരിന്തൽമണ്ണ താലൂക്കിലെ പെരിന്തൽമണ്ണ മണ്ഡലത്തിലെ മുഴുവൻ വില്ലേജുകൾ കേന്ദ്രീകരിച്ചും കേരളത്തിലാദ്യമായി പദ്ധതി വിജയകരമായി നടപ്പിലാക്കി. റവന്യൂ വകുപ്പിന്റെയും പട്ടികജാതി വികസനവകുപ്പിന്റെയും സംയുക്ത ഇടപെടലുകളാണ് പദ്ധതിയിലുണ്ടായിരുന്നത്. പദ്ധതിയുടെ നോഡൽ ഓഫീസറായി പെരിന്തൽമണ്ണ സബ് കലക്ടറെ നിയോഗിച്ചു. പട്ടികജാതി വികസന വകുപ്പാണ് ഭൂ രഹിതരായ കൈവശക്കാരെ കണ്ടെത്തിയത്. ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ വില്ലേജുകളിലായി 233 കൈവശക്കാരെ താഴെ പറയും പ്രകാരം കണ്ടെത്തി. ആലിപ്പറമ്പ് -56, ആനമങ്ങാട്-4, പാതായ്ക്കര -5, പെരിന്തൽമണ്ണ-1, അരക്കുപറമ്പ് -63, വെട്ടത്തൂർ -26, കാര്യാവട്ടം -9, മേലാറ്റൂർ-45, ഏലംകുളം -11, പുലാമന്തോൾ-13, ആകെ - 233

വില്ലേജ് ഓഫീസർമാർ മുഴുവൻ കൈവശ ഭൂമിയും പരിശോധിച്ചു. കൈവശക്കാരുടെ ഭൂമി അളന്നു തിരിച്ച് സ്കെച്ച് തയ്യാറാക്കുന്നതിന് പ്രത്യേക സർവ്വെ ടീമിനെ നിയോഗിക്കുകയും, അവർ സർവ്വെ നടപടികൾ പൂർത്തിയാക്കി സ്കെച്ചുകൾ തയ്യാറാക്കി. ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർ റിപ്പോർട്ടുകൾ തയ്യാറാക്കി എൽ.ആർ തഹസിൽദാർ മുമ്പാകെ സമർപ്പിക്കുകയും, വിചാരണാ നടപടികൾ പൂർത്തിയാക്കി ആറുമാസത്തിനുള്ളിൽ പട്ടയം വിതരണം ചെയ്യാൻ കഴിഞ്ഞു എന്നതും ശ്രദ്ധേയമാണ്. ഒരു പൈലറ്റ് പ്രോജക്ട് എന്ന രീതിയിൽ പെരിന്തൽമണ്ണ മണ്ഡലത്തിൽ വിജയകരമായി നടപ്പിലാക്കിയ ഈ പദ്ധതി കേരളത്തിൽ മുഴുവനായി വ്യാപിപ്പിക്കുകയാണെങ്കിൽ പട്ടയ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയും.

---

വില്ലേജ് ഓഫീസർ, ആലിപ്പറമ്പ്

## 33

# സർവ്വേ വകുപ്പ്

സബീർ എ.

1882 മുതൽ 1902 കാലഘട്ടത്തിൽ ശാസ്ത്രീയമായി നടന്ന സെറ്റിൽമെന്റ് സർവേയാണ് റവന്യൂ പ്രവർത്തനങ്ങളുടെ അടിസ്ഥാന രേഖയായി കണക്കാക്കുന്നത്. ഇത്തരത്തിൽ തയ്യാറാക്കപ്പെട്ട സർവ്വേ റെക്കോർഡുകളിൽ ഭൂമിയുടെ ക്രയ വിക്രയങ്ങൾ മൂലമുണ്ടാക്കുന്ന മാറ്റങ്ങൾ ഉൾപ്പെട്ട് വരാത്തതിനാൽ സർവ്വേ റെക്കോർഡുകളും ഭൂസ്ഥിതി തമ്മിൽ വളരെയേറെ വ്യത്യാസങ്ങൾ ഉണ്ടാവുകയും, പല റെക്കോർഡുകളും കാലഹരണപ്പെട്ടു പോവുകയും ചെയ്തതിനാലും, പുതിയൊരു സർവ്വേ ആവശ്യമായ സാഹചര്യത്തിലാണ് 1964-ൽ റീസർവ്വേ ആരംഭിച്ചത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അധീനതയിലുള്ള ഭൂമി അതിന്റെ അവകാശികൾക്ക് നിലവിലുണ്ടായിരുന്ന നിയമങ്ങൾക്ക് വിധേയമായി സർവ്വേ ചെയ്തു, പേരിൽ ചേർത്ത്, ഭൂരേഖകൾ തയ്യാറാക്കുന്ന ജോലിയാണ് ഭൂരേഖയും സർവ്വേയും വകുപ്പുകൾ നിർവഹിക്കുന്നത്.

നിലവിൽ സംസ്ഥാനത്ത് ആകെ 1666 വില്ലേജുകളിൽ 920 വില്ലേജുകളിൽ റീസർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ തുടർന്നുവരുന്ന സർവ്വേ രീതിയിൽ റീസർവ്വേ സംസ്ഥാനത്ത് പൂർത്തിയാക്കുന്നതിന് നിരവധി വർഷങ്ങൾ വേണ്ടിവരികയും, സമയബന്ധിതമായി ടി പ്രക്രിയ പൂർത്തീകരിക്കാൻ കഴിയാതെ വരികയും ചെയ്യും. ഇത് നമ്മുടെ നാടിന്റെ സമഗ്ര വികസനത്തിന് തടസ്സം ഉണ്ടാക്കുന്നു. ആയതിനാൽ റീസർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നൂതന ശാസ്ത്ര സാങ്കേതികവിദ്യയുടെ സഹായത്തോടെ മാത്രമേ മുന്നോട്ടു

പോകാൻ കഴിയൂ.

സാമൂഹ്യ വികസനം, സാമ്പത്തിക വളർച്ച, ഭൂസ്വത്ത് സംബന്ധിച്ച തർക്കങ്ങൾ ഇല്ലാതാക്കൽ, സമഗ്രമായ പ്രാഥമിക തല ആസൂത്രണം നടത്തൽ തുടങ്ങിയ നടപടികൾ സാക്ഷാത്കരിക്കേണ്ടതുണ്ട്. ആധികാരികവും കലാനുസൃതവുമായ സർവ്വേ റെക്കോർഡുകൾ ഭൂഉടമകൾക്ക് ലഭ്യമാക്കുക, സംസ്ഥാനത്തിന്റെ എല്ലാ ഭൂപ്രദേശത്തിന്റെയും സർവ്വേ രേഖകൾ ഡിജിറ്റൽ ആക്കി തയ്യാറാക്കി വിവരം പൊതുജനങ്ങൾക്ക് ലഭ്യമാക്കുക. ദുരന്ത നിവാരണം ഉൾപ്പെടെയുള്ള വകുപ്പുകളുടെ ഉപയോഗത്തിനായി മൾട്ടി സർവീസ് കാഡാസ്ട്രൽ ഡേറ്റാ ബേസ് സൃഷ്ടിക്കുക റവന്യൂ,, സർവ്വേ, രജിസ്ട്രേഷൻ വകുപ്പുകളുടെ ഓൺലൈൻ സംവിധാനങ്ങളുമായി സംയോജിപ്പിച്ച് ഒരു പോർട്ടലിൽ നിന്നും ഭൂമിയുമായി ബന്ധപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിന് പര്യാപ്തമായ ഐ. റ്റി സംവിധാനം വികസിപ്പിക്കുക.

ഡിജിറ്റൽ സർവ്വേ പദ്ധതിയിൽ CORS, RTK, Rover, R-ETS Drone തുടങ്ങിയ നൂതന വിദ്യകളുടെ സേവനം പൂർണമായി പ്രയോജനപ്പെടുത്തുക.CORS നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തെ മുഴുവൻ ഭൂരേഖ വിവരങ്ങളും ഒരു നെറ്റ്‌വർക്കിനു കീഴിൽ കൊണ്ടുവരുന്നതിനും, ഭൂമിയുടെ അളവ് കൃത്യമായി സർവ്വേ ചെയ്യുന്നതിനും സാധിക്കും.ഇതിലൂടെ സംസ്ഥാനത്തുള്ള എല്ലാ കൈവശ ഭൂമിയുടെയും സ്ഥാനം, അതിർത്തി നിർണയം സാധ്യമാകുന്നു. നികുതി വരുമാനം വർദ്ധിപ്പിക്കുക സർക്കാർ ഭൂമി പ്രത്യേകം തിരിച്ച് സർവ്വേ ചെയ്യുന്നതിലൂടെ അനധികൃത കയ്യേറ്റങ്ങൾ ഒഴിവാക്കാൻ സാധിക്കുന്നു. ഇതുമൂലം ഭൂരഹിതർക്ക് ഭൂമി നൽകുന്നതിന് വേഗത്തിൽ സാധിക്കുന്നു. വകുപ്പിന്റെ പ്രവർത്തനം വളരെ മെച്ചപ്പെടുന്നതുവഴി ജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ സാധിക്കും.

ഭരണപരിഷ്കാര കമ്മീഷന്റെ xxvi, xxvii, xxviii, xxix, xxx, xxxi, xxxii എന്നീ നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ടും നാടിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന രീതിയിൽ ഒരു നവകേരളം പടുത്തുയർത്തുവാൻ നിർണായകമായ പങ്കുവഹിക്കാൻ കേരളത്തിന്റെ സർവ്വേ വകുപ്പിന് സാധിക്കും.

Mob: 9446196422

34

# 'എന്റെ ഭൂമി' ഡിജിറ്റൽ സർവെ പദ്ധതി

പുഷ്പ ടി.പി.

"എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്ന സർക്കാർ നയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി കേരളം പൂർണ്ണമായും നാലുവർഷം കൊണ്ട് ഏറ്റവും ശാസ്ത്രീയമായ രീതിയിൽ ഡിജിറ്റലായി അളന്ന് കൃത്യമായ റിക്കാർഡുകൾ തയ്യാറാക്കുന്നതിന് ആരംഭിച്ചിട്ടുള്ള ബൃഹത് പദ്ധതിയാണ് 'എന്റെ ഭൂമി' എന്ന ഡിജിറ്റൽ സർവെ പദ്ധതി ഭൂസംബന്ധമായ എല്ലാ സേവനങ്ങളും ഓൺലൈൻ മുഖേന പൊതു ജനങ്ങൾക്ക് ലഭ്യമാക്കുക. ദുരന്ത നിവാരണ വകുപ്പ് ഉൾപ്പെടെ വിവിധ ഏജൻസികൾക്ക് ഡിജിറ്റൽ മാപ്പ് അടിസ്ഥാന രേഖയായി ലഭ്യമാക്കുക, സർവെ സ്കെച്ച് ഉൾപ്പെടെ പോക്ക് വരവ് രേഖ സാധ്യമാക്കുക എന്നിവയാണ് ഡിജിറ്റൽ സർവെയുടെ പ്രധാന ഗുണങ്ങൾ. പദ്ധതി പൂർത്തിയാകുന്നതോടെ സർവെ, റവന്യൂ രജിസ്ട്രേഷൻ വകുപ്പുകളുടെ ഭൂമിസംബന്ധമായ സേവനങ്ങൾ സംയോജിപ്പിച്ച് ഒരു ഏകജാലക സംവിധാനത്തിലും, ഭൂസംബന്ധമായ ഓൺലൈൻ സേവനങ്ങളും ജനങ്ങളിലേക്ക് എത്തിക്കുന്നതിന് സാധിക്കുന്നതാണ്. കൂടാതെ കൃത്യമായ ഭൂരേഖകളും സ്കെച്ചും ജനങ്ങൾക്ക് ലഭ്യമാകുന്നതും ഭൂസംബന്ധമായ എല്ലാ സേവനങ്ങളും വിവിധ ഓഫീസുകൾ സന്ദർശിക്കാതെ തന്നെ ഓൺലൈനായി നിർവ്വഹിക്കുന്നതിനും സാധിക്കും എന്നത് പദ്ധതിയുടെ പ്രധാന സവിശേഷതയാണ്. പൂർണ്ണമായും പൊതുജന പങ്കാളിത്തത്തോടെ അത്യാധുനിക സർവെ ഉപകരണങ്ങളായ Continuously Operating Reference Station (CORS), Real Time Kinematic (RTK) Rover, Robotic Total Station, Tablet PC mu ഉപയോഗിച്ച് പൂർണ്ണമായും സോഫ്റ്റ് വെയർ അധിഷ്ഠിതമായാണ് സർവെ നടപടികൾ നടത്തുന്നത്. ഈ പദ്ധതിക്ക് വേണ്ടി "എന്റെ ഭൂമി" എന്ന പേരിൽ സമഗ്രമായ ഒരു പോർട്ടൽ സജ്ജീകരിച്ചിട്ടുണ്ട്. പദ്ധതി പ്രകാരമുള്ള എല്ലാ നടപടികളും ഓൺലൈൻ പോർട്ടലായ 'എന്റെ ഭൂമി മുഖേനയാണ് നിർവ്വഹിച്ചു വരുന്നത്. പദ്ധതിയുടെ ആദ്യത്തെ മൂന്ന് വർഷങ്ങളിൽ 400 വില്ലേജുകൾ വീതവും, നാലാം വർഷം 350 വില്ലേജുകളും സർവ്വേ ചെയ്ത് ആകെ 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവെ നാലു വർഷത്തിനുള്ളിൽ പൂർത്തിയാക്കുന്ന വിധത്തിലാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. സംസ്ഥാനമൊട്ടാകെ നടപ്പാക്കുന്ന ഡിജിറ്റൽ സർവ്വേ പദ്ധതിക്ക് ആകെ 858.42 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 2022 നവംബർ 1ന് സംസ്ഥാനത്ത് ടി പദ്ധതിയുടെ പ്രവർത്തനത്തിന് തുടക്കം കുറിക്കുകയും, ആദ്യ

ഘട്ടത്തിൽ 200 വില്ലേജുകളിൽ സർവെ ജോലികൾ പുരോഗതിയിലുമാണ്. ഇതിൽ മാതൃകാ വില്ലേജായി തിരഞ്ഞെടുത്തിട്ടുള്ള 15 വില്ലേജുകളുടെ സർവെ നടപടികൾ പൂർത്തിയാക്കി 22 നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. സർവെ പൂർത്തിയായ വില്ലേജുകളിലെ മാപ്പ്, ഭൂവുടമസ്ഥരുടെ പേര്, ഭൂമിയുടെ തരം തുടങ്ങിയ എല്ലാ വിവരങ്ങളും പോർട്ടൽ പരിശോധിച്ച് അറിയാൻ സാധിക്കുന്നതാണ്. കൂടാതെ അപാകതകൾ ശ്രദ്ധയിൽപെട്ടാൽ അത് പോർട്ടൽ മുഖേന അറിയിക്കുന്നതിനുള്ള സംവിധാനവും പോർട്ടലിൽ നൽകിയിട്ടുണ്ട്. പൂർണ്ണ ജനപങ്കാളിത്തത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഡിജിറ്റൽ സർവെ പദ്ധതിയിൽ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചു കൊള്ളുന്നു.

ഡെപ്യൂട്ടി ഡയറക്ടർ, സർവേ ഡിപ്പാർട്ട്മെന്റ്, 9496247941

35

# മാതൃകാ പ്രവർത്തനം സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഫയൽ തീർപ്പാക്കൽ തീവ്രയത്ന പരിപാടി - 2019

അജിത്ത് എസ്.

ശ്രീ. പിണറായി വിജയൻ ആദ്യമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പദത്തിൽ സ്ഥാനമേറ്റശേഷം കേരളത്തിലെ ഉദ്യോഗവൃന്ദത്തെ അഭിസംബോധനചെയ്തു കൊണ്ട് പറഞ്ഞ വാക്കുകൾ ഇങ്ങനെയായിരുന്നു. “നിങ്ങളുടെ മുൻപിലെ ഓരോ ഫയലും ഓരോ ജീവിതമാണെന്നോർക്കുക.” കേരളത്തിൽ വരാനിരിക്കുന്ന പുത്തൻ ഔദ്യോഗിക സംസ്കാരത്തിന്റെ വിളംബരധ്വനിയായി ആ വാക്കുകളെ കേരള ജനത തിരിച്ചറിയുകയായിരുന്നു. ആ സംസ്കാരത്തിനൊപ്പം സഞ്ചരിക്കുക എന്നത് കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന ഉത്തമ ബോധ്യത്തിൽ സംസ്ഥാന സർക്കാർ വകുപ്പുകളോരോന്നും സജ്ജരാവുകയായിരുന്നു.

കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ പല വിധത്തിലുള്ള പരാധീനതകൾ കൊണ്ടും പരിമിതികൾ കൊണ്ടും വകുപ്പിന്റെ ഉപഭോക്താക്കളായ ജീവനക്കാർക്ക് പൂർണ്ണമായ അർത്ഥത്തിലുള്ള സേവനങ്ങൾ സമയബന്ധിതമായി നൽകുന്നതിന് അന്ന് കഴിഞ്ഞിരുന്നില്ല. പ്രധാനമായും ജീവനക്കാരുടെ എസ്.എൽ.ഐ, ജി.ഐ.എസ് അപേക്ഷകളിൻമേൽ നൽകേണ്ടിയിരുന്ന പോളിസി സർട്ടിഫിക്കറ്റുകളാണ് കുടിശ്ശികകളായി 14 ജില്ലാ ഇൻഷ്വറൻസ് ഓഫീസുകളിലും കെട്ടിക്കിടന്നത്. വർഷങ്ങളായുള്ള ഈ കുടിശ്ശിക ഫയലുകളുടെ എണ്ണം ഏകദേശം 2,22,691 ആയിരുന്നു. പൂർണ്ണമായ കംപ്യൂട്ടറൈസേഷന്റെ അഭാവത്തിലും സ്റ്റാഫുകളുടെ പരിമിതിയിലും വലിയ തോതിലുള്ള പരാധീനതകൾക്ക് നടുവിലാണ് ഒരു പുതിയ ഉണർവെന്ന വണ്ണം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വാക്കുകളും അതിനുവേണ്ടുന്ന അടിയന്തര സാഹചര്യങ്ങൾ ഒരുക്കി നൽകുന്നതിൽ സർക്കാർ എടുത്ത പ്രോത്സാഹന ജനകമായ നടപടികളും ഇൻഷ്വറൻസ് വകുപ്പിന് കരുത്തായി മാറിയത്. സർക്കാർ സംവിധാനങ്ങളും ഇടതുപക്ഷ സർവ്വീസ് സംഘടനാ പ്രവർത്തകർ മുൻകൈയെടുത്ത് വകുപ്പിലെ ജീവനക്കാരും ഒരേ മനസ്സോടെ ഉണർന്ന് പ്രവർത്തിച്ചതിന്റെ അടിസ്ഥാനത്തിൽ 4 മാസക്കാലയളവ് (01.08.2019 മുതൽ 30.10.2019 വരെ) കൊണ്ടു മുഴുവൻ കുടിശ്ശിക ഫയലുകളും തീർപ്പാക്കാനായി. യഥാർത്ഥത്തിൽ പെൻഡിംഗ് ഫയലുകൾ ഇല്ലാതായി എന്നതു മാത്രമായിരുന്നില്ല ആ മഹായജ്ഞത്തിന്റെ പരിണതഫലം, മറിച്ച് അതിലൂടെ ലഭിച്ച നവീനമായ ഉന്മേഷത്തിന്റെയും സമാശ്വാസത്തിന്റെയും പുതിയ പരിതസ്ഥിതിയിൽ ഒരുമ, കോവിലൈഫ്, കോ-ഇൻഷ്വറൻസ്, ജീവൻരക്ഷ, അങ്കണം, കരുതൽ തുടങ്ങി ഒട്ടനവധി പദ്ധതികൾ ഏറ്റെടുക്കുന്നതിന് സാധിച്ചു. വകുപ്പിന്റെ ചരിത്രത്തിലാദ്യമായി പൊതുജനങ്ങൾക്കുകൂടി ഉപകാരപ്രദമാകുന്ന തരത്തിലുള്ള വ്യത്യസ്തമായ നിരവധി പദ്ധതികളുമായി വകുപ്പ് മുന്നോട്ടു പോവുകയാണ്.

അസിസ്റ്റന്റ് ജില്ലാ ഇൻഷ്വറൻസ് ഓഫീസർ, കൊല്ലം, Mob: 9400292861

## 36

# നികുതി വകുപ്പ്

നവനീത് കൃഷ്ണൻ എസ്.

സംസ്ഥാനത്തിന്റെ നികുതി പിരിക്കാനുള്ള അധികാരവും സാമ്പത്തികമായ അവകാശങ്ങളും കവർന്നെടുക്കപ്പെടുകയും വരുമാനമാർഗ്ഗം പ്രതിസന്ധിയിൽ ആയിരിക്കു കയും ചെയ്ത സാഹചര്യത്തിൽ സാമ്പത്തിക ബദൽ യാഥാർത്ഥ്യമാക്കാൻ കാര്യക്ഷമവും അഴിമതിരഹിതവും കൃത്യവുമായി സേവനങ്ങൾ നികുതി ദായകരിൽ എത്തിക്കുക എന്നുള്ളതാണ് സർക്കാർ സംവിധാനങ്ങളുടെ ചുമതല.

ജിഎസ്ടി സംവിധാനങ്ങൾ ഓൺലൈനായ ശേഷം സൈദ്ധാന്തികമായി ഈ ലക്ഷ്യം നടപ്പിലായെങ്കിലും വ്യാപാരികൾക്കിടയിൽ വേണ്ടത്ര പ്രായോഗിക പരിജ്ഞാ നമില്ലാത്തതു മൂലമുള്ള അപാകതകൾ കഷ്ടനഷ്ടങ്ങൾക്ക് കാരണമാകുന്നുണ്ടെന്നാണ് ഇതുവരെയുള്ള അനുഭവങ്ങളിൽ നിന്ന് വ്യക്തമാകുന്നത്. ഓൺലൈൻ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി സുതാര്യതയും നികുതിപിരിവിലെ കൃത്യതയും ഉറപ്പു വരുത്തുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുകയും അതുവഴി പരമാവധി വരുമാനം ഉറപ്പു വരുത്തുകയും ചെയ്യേണ്ടതുണ്ട്.

പുനഃസംഘടിപ്പിക്കപ്പെട്ട വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ഓൺലൈൻ ജി എസ് ടി സേവനങ്ങൾ ഒഴിച്ച് നിർത്തിയാൽ അവശേഷിക്കുന്ന വാറ്റ് സേവനങ്ങൾ ഗുണഭോക്താക്കൾക്ക് കൃത്യമായി നൽകുന്നതിനെ കുറിച്ചാണ് ടാക്സ് പെയർ യൂണിറ്റുകളിൽ ഇന്ന് ആശങ്കകൾ പ്രധാനമായും നിലനിൽക്കുന്നത്.

തീർപ്പാകാതെ കിടക്കുന്ന അനേകായിരം അപ്പീൽ കേസുകൾ, അതിനെ തുടർന്ന് പിരിച്ചെടുക്കാനുള്ള നികുതി കുടിശികകൾ, അനുബന്ധമായുള്ള മോഡിഫൈഡ്, റിമാൻഡെഡ് കേസുകൾ ഇവയെല്ലാം കൃത്യമായി തീർപ്പാക്കുകയും പിരിച്ചെടുക്കുകയും ചെയ്യാനുള്ള ഒരു സംവിധാനം കൂടി നിലവിൽ സാധ്യമാക്കേണ്ടതുണ്ട്. VAT സംവിധാനത്തിലും മുൻപ് ഉണ്ടായിരുന്ന കെജിഎസ് ടി വ്യവസ്ഥയിലും അനവധി എസ് ബി കേസുകളും അതുമായി ബന്ധപ്പെട്ട ബോണ്ട് റിലീസ് ചെയ്യാനുള്ളത്, സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ റിലീസ് ചെയ്യാനുള്ളത് തുടങ്ങിയവയുമായി ബന്ധപ്പെട്ട ക്ലിയറൻസുകൾ, ആർ ആർ വില്ലേജ് ഓഫീസുമായി ബന്ധപ്പെട്ട ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ അങ്ങനെ നിരവധി കേസുകളുമായി പൊതുജനങ്ങൾ ഇപ്പോൾ ഓഫീസുകളെ സമീപിക്കുന്നുണ്ട്. നിലവിൽ ഉണ്ടായിരുന്ന പല ഓഫീസുകളും ആ പേരിൽ നിലനിൽക്കാത്തതു കൊണ്ട് ഇത്തരം കേസുകളെ സംബന്ധിച്ച കൃത്യമായ ഒരു വിവരം, ഏത് ഓഫീസിലാണ് അത് കൈകാര്യം ചെയ്യപ്പെടേണ്ടത് എന്നുള്ള നിർദ്ദേശങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കേണ്ടതുണ്ട്. ഇങ്ങനെ നിലവിൽ വരുന്ന നിർദ്ദേശങ്ങൾ എല്ലാ ജീവനക്കാർക്കും എത്തിക്കാനും എല്ലാ ജീവനക്കാരെയും ഇതിനെക്കുറിച്ച് ബോധവാന്മാരാക്കാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

എല്ലാ ഓഫീസുകളിലും ഫ്രണ്ട് ഓഫീസുകളുടെ പ്രവർത്തനം കൃത്യമായി വിലയിരുത്തപ്പെടേണ്ടതുണ്ട്. ഒരു ജീവനക്കാരൻ നൽകുന്ന സേവനം എത്ര ദിവസത്തിനുള്ളിൽ ഗുണഭോക്താവിന് ലഭ്യമാക്കാൻ കഴിയും എന്നുള്ള വിവരം കൂടി അവരെ ധരിപ്പിക്കാൻ സാധിക്കുമാറാകണം. ഒരു dealer പുതുതായി registration എടുക്കുമ്പോൾ അടിസ്ഥാനപരമായി അറിഞ്ഞിരിക്കേണ്ട വ്യവസ്ഥകൾ അടങ്ങിയ ലഘുലേഖ നൽകാനുള്ള നടപടികളും നല്ലതാണ്. ലക്കി ബിൽ ആപ്പിൽ ജില്ല തിരിച്ചുള്ള വെണ്ടർമാരുടെ ഡിസ്കൗണ്ട് /ഓഫർ കൂപ്പണുകൾ, കൂടി ഉൾപ്പെടുത്തുന്നതും നല്ലതായിരിക്കും.

---

9496837358

## 37

# വാണിജ്യനികുതി വകുപ്പ്

രഘുനാഥ് വി.ജി. & ശ്യാംകൃഷ്ണൻ

കേരളത്തിലെ നികുതി ദായകനും, നികുതി അധികാരിയും തമ്മിൽ കുറഞ്ഞ വ്യക്തിഗത ഇടപെടൽ മാത്രമേ ഉണ്ടാകുന്നുള്ളൂ. കേന്ദ്ര സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥരെ പരസ്പര കൃത്യങ്ങൾക്കായ് അധികാരപ്പെടുത്തുന്നു (CROSS EMPOWERMENT). സെൻട്രൽ-GST ഉദ്യോഗസ്ഥരെ സ്റ്റേറ്റ്-GST കാര്യങ്ങൾക്കും തിരിച്ചും അധികാരപ്പെടുത്തുന്നു. റെജിസ്ട്രേഷൻ ഓൺലൈൻ ആയി നൽകുകയും മൂന്ന് പൊതു പ്രവർത്തി ദിനത്തിനുള്ളിൽ കുറവുകളൊന്നും അപേക്ഷനെ അറിയിച്ചില്ലെങ്കിൽ അപേക്ഷ പരിശോധി

ക്കാൻ ചുമതലപെട്ട നികുതി അധികാരി റെജിസ്ട്രേഷൻ അനുവദിച്ചതായി കണക്കാക്കുകയും ചെയ്യും. മുൻകാലങ്ങളിൽ ഓഫീസുകളിൽ നേരിട്ട് ഹാജരായി വിവരങ്ങൾ നൽകുന്ന രീതി ഇപ്പോൾ ഒഴിവായിട്ടുണ്ട്.

GST നിയമപ്രകാരം നികുതി ദായകർക്കുള്ള റീഫണ്ട് നൽകുന്നതിന് നിലവിൽ കാലതാമസം നേരിടുന്നുണ്ട്. വകുപ്പിലെ ഉദ്യോഗസ്ഥരുടെ എണ്ണത്തിൽ ഉള്ള കുറവ്ആണ് ഇതിനുള്ള കാരണം. വകുപ്പ് പുനഃ സംഘടനക്ക് ശേഷം KGST നിയമത്തിൽ തീർക്കേണ്ടതായ അസ്സെസ്സ്മെന്റുകൾ സമയ ബന്ധിതമായി തീർക്കുന്നതിന് വകുപ്പിന് സാധിക്കുന്നില്ല. അസ്സെസ്സ്മെന്റുകളിൽ ഉള്ള തർക്കങ്ങളിൽ നികുതി വ്യാപാരികൾ സമർപ്പിക്കുന്ന അപ്പീലുകളിൽ സമയ ബന്ധിതമായി തീർപ്പു കൽപിക്കുന്നതിനു ഇപ്പോൾ കാലതാമസം നേരിടുന്നു. വകുപ്പ് നടപ്പിലാക്കുന്ന നികുതി കുടിശിക തീർപ്പാക്കൽ യജ്ഞം പലപ്പോഴും വിജയകരമായി നടപ്പിലാക്കാൻ സാധിക്കുന്നില്ല. ഈ പദ്ധതിയെ കുറിച്ച് വ്യാപാരികളിൽ നല്ല രീതിയിൽ ഉള്ള അവബോധം ഉണ്ടാക്കുന്നതിനുള്ള ശ്രമങ്ങൾ വകുപ്പ് തലത്തിൽ നടക്കാത്തത് ഇത്തരം പദ്ധതികളുടെ പരാജയത്തിന് കാരണമാകുന്നു. GST പോർട്ടൽ ഉപയോഗിക്കുന്നതിനുള്ള ശരിയായ പരിജ്ഞാനം പൊതു വ്യാപാരി സമൂഹത്തിന് ഇല്ലാത്തതിനാൽ സമയ ബന്ധിതമായി മറുപടി കൊടുക്കേണ്ട ഷോകോസ് നോട്ടീസുകളിൽ ഉദ്യോഗസ്ഥർക്ക് കൃത്യമായ മറുപടി കിട്ടാത്ത സാഹചര്യം സൃഷ്ടിക്കുകയും ഉത്തരവുകൾ നടപ്പിലാക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നു. GST പോർട്ടൽ പൂർണമായും ഓൺലൈൻ സംവിധാനത്തിൽ പ്രവർത്തിക്കുന്നതായതിനാൽ ഒരു നികുതി ദായകന് അയാളുടെ രെജിസ്ട്രേഷൻ ഉള്ള ഓഫീസ്ഏതാണെന്നും അയാളുടെ ഓഫീസർ ആരെന്നും എളുപ്പം അറിയുന്നതിന് സാധിക്കാത്ത സാഹചര്യം നിലവിൽ ഉണ്ട്. GST നിയമം നടപ്പിൽ വന്നിട്ട് ആറുവർഷം തികയുന്ന ഈ സമയത്ത് ഉദ്യോഗസ്ഥർക്ക് കൊടുക്കേണ്ടതായിട്ടുള്ള പരിശീലനത്തിന്റെ അഭാവം വകുപ്പിന്റെ കൃത്യമായ പ്രവർത്തനത്തെ കാര്യമായി ബാധിച്ചിരിക്കുന്നു.

1 Mob: 9446573041

2 Mob: 944724221

## 38

# വാണിജ്യ വകുപ്പ്

അജിത്ത് പി.

ഇന്ത്യയിൽ ചരക്കുകളുടെ വിൽപനയ്ക്കും പരസ്യങ്ങൾക്കും നികുതി ചുമത്തി തുടങ്ങിയത് 1935 ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ടിന്റെ കാലം മുതൽക്കാണ്. 1938 ൽ മോട്ടോർ സ്പിരിറ്റിനും ലൂബ്രിക്കന്റുകൾക്കും നികുതി ചുമത്തി 1938 മുതൽ മദ്ധ്യേന്ത്യയിൽ ആദ്യമായി നടപ്പിലാക്കി. 1939 ൽ മദ്രാസ് പ്രെസിഡൻസിയിൽ ശരിയായ പദ്ധതിയോടു കൂടി വിൽപന നികുതി ആദ്യമായി അവതരിപ്പിച്ചു.

Kochin Sales Tax Act പ്രകാരം 1946 ൽ സംസ്ഥാനത്ത് വിൽപന നികുതി ഏർപ്പെടുത്തി. ഇതിനു 2 വർഷത്തിനു ശേഷം തിരുവിതാംകൂറിൽ വിൽപന നികുതി ഏർപ്പെടുത്തി. തിരു കൊച്ചി സംയോജനത്തിനു ശേഷം 1950 ൽ United State of Travancore & Cochin General Sales Tax Act എന്ന പേരിൽ ഒരു ഏകീകൃത നിയമം നിലവിൽ വന്നു. പിന്നീട് കേരള സംസ്ഥാനം രൂപീകൃതമായതിനു ശേഷം ഭേദഗതി പ്രകാരം മലബാർ മേഖലയിലേക്ക് ഈ നിയമം വ്യാപിപ്പിച്ചു.

അന്തർ സംസ്ഥാന വിൽപനകൾക്ക് നികുതി ചുമത്താനുള്ള തുടക്കമായിരുന്നു വിൽപന നികുതി നിയമ ഭരണത്തിലെ സുപ്രധാന മാറ്റം Central Sales Tax Act, 1956 പ്രകാരമുള്ള നികുതി ചുമത്തൽ 1957 ജൂലൈ 1 മുതൽ ആരംഭിച്ചു.

വിൽപന നികുതി നിയമത്തിന്റെ പുരോഗതിയിൽ ഉണ്ടായ മറ്റൊരു സുപ്രധാന ചുവടുവെയ്പ്പ് 1958 ലെ ചെക്ക്പോസ്റ്റ് സ്ഥാപിക്കാനുള്ള നിയമം നടപ്പിലാക്കിയതാണ്. പിന്നീട് കേരള ജനറൽ സെയിൽസ് ടാക്സ്, 1963, എന്ന പേരിൽ പുതിയൊരു നിയമം പാസ്സാക്കപ്പെട്ടു. 1998 ജൂലൈയിലെ Board of Revenue Abolition Act പ്രകാരം Board of Revenue എന്നതു മാറ്റി വാണീജ്യ നികുതി വകുപ്പ് എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു.

ആഢംബര നികുതി നിയമം, കാർഷികാദായ നികുതി നിയമം, മൂല്യവർദ്ധിത നികുതി നിയമം എന്നിവ നികുതി വകുപ്പിലെ പ്രധാന നിയമങ്ങളാണ്. ചരക്കുസേവന നികുതി എന്ന പുതിയ സംവിധാനം 01.07.2017 ൽ പ്രാബല്യത്തിൽ വന്നു.

പരോക്ഷ നികുതി ശേഖരണമാണ് സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ അടിസ്ഥാന ലക്ഷ്യം. കാലാനുഗതമായി നികുതിദായകരുടെ മാറിയ മനോഭാവത്തിനനുസരിച്ച് പൗരന്മാർ അവർക്ക് കിട്ടേണ്ട പൊതുസേവനങ്ങളും കൂടുതൽ നീതിയുക്തമായതും തുല്യമായതുമായിരിക്കാൻ ആഗ്രഹിക്കുന്നവരാണ്. നികുതി നിയമങ്ങൾ സ്വമേധയാ പാലിക്കലാണ് ഏറ്റവും ചെലവു കുറഞ്ഞ നികുതി പിരിക്കാനുള്ള മാർഗം. ഉപയോക്തൃ സൗഹൃദവും കാര്യക്ഷമവുമായ

വകുപ്പിന്റെ പ്രകടനത്തെ സുഗമമാക്കുന്നത് മെച്ചപ്പെട്ട ഉദ്യോഗസ്ഥർ കൂടിയാണ്. അതിനാൽ ഉദ്യോഗസ്ഥരുടെ മെച്ചപ്പെട്ട പ്രകടനം വഴി നികുതി ശേഖരണം സുഗമമാക്കുന്നതിനായിട്ടാണ് വകുപ്പ് പരിശീലനം നൽകുന്നത്. മനുഷ്യ വിഭവശേഷിയുടെ പരമാവധി ഉപയോഗം വർദ്ധിപ്പിക്കലാണ് ഇതുവഴി ലക്ഷ്യമിടുന്നത്. നിലവിൽ ചരക്കുസേവന നികുതി വകുപ്പെന്നറിയപ്പെടുന്ന വാണിജ്യ നികുതി വകുപ്പിലും ശമ്പള പരിഷ്കരണങ്ങളുമായി ബന്ധപ്പെട്ട് സാങ്കേതികവിദ്യയിലധിഷ്ഠിതമായി മാനവശേഷി വിഭവം പൂർണ്ണമായി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള വികസന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി കേന്ദ്രീകൃത സമീപനത്തിലുള്ള പാഠ്യ പദ്ധതി, മികച്ച പരിശീനം, മേൽനോട്ട സംവിധാനം എന്നിവ ആവശ്യമാണെന്ന് ബോധ്യപ്പെട്ടു. ഇതിന്റെ ഭാഗമായി എല്ലാ ജീവനക്കാർക്കും ജി.എസ്.ടി.യുമായി ബന്ധപ്പെട്ട ശേഷി വർദ്ധിപ്പിക്കുന്നതിനും ഓഫീസിലും, സ്ക്വാഡിലും ജോലി ചെയ്യുന്ന ജീവനക്കാർക്കുൾപ്പെടെ സോഫ്റ്റ് സ്കിൽ വർദ്ധിപ്പിക്കുന്നതിനും പ്രശ്നരഹിതമായി ജോലി ചെയ്യാനാവശ്യമായ സാഹചര്യം നടപ്പിലാക്കാനും തീരുമാനിച്ചു. രണ്ട് തരത്തിലുള്ള പരിശീലന പരിപാടി ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനായി നടപ്പിലാക്കാൻ തീരുമാനിച്ച് പുതുതായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് 'ഇൻഡക്ഷൻ-' കോഴ്സുകളും സർവ്വീസിലിരിക്കുന്ന ജീവനക്കാർക്ക് റിഫ്രഷ്മെന്റ് കോഴ്സുകളുമാണ് നിർദ്ദേശിക്കപ്പെട്ടത്. ജീവനക്കാർക്കിടയിലെ പരിശീലനം, ആധുനിക സാങ്കേതികവിദ്യ, വിദഗ്ദ്ധ പരിശീലനം, മൊഡ്യൂളുകൾ തയ്യാറാക്കൽ തുടങ്ങി വിവിധ തരം പരിശീലനോപാധികൾ ഒരേ സമയം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ഒരു പരിശീലന കലണ്ടർ 2015 മുതൽ നടപ്പിലാക്കി വരുന്നു. സാങ്കേതിക പരിശീലനം നടത്തുന്നതിനാവശ്യമായ ഫണ്ടുകൾ ബഡ്ജറ്റിൽ ഉറപ്പാക്കുവാൻ അന്നത്തെ ധനകാര്യ മന്ത്രി ശ്രീ. തോമസ് ഐസക്ക് നിർദ്ദേശം നൽകി. ഇത്തരം പരിശീലന പരിപാടികൾ വകുപ്പിലും, ഉദ്യോഗസ്ഥരിലും വരുത്തുന്ന മാറ്റം വ്യാപാരി സമൂഹത്തിനും, നികുതി ശോഷണം തടയുന്നതിനും ഗുണകരമായി ഭവിക്കും.

2015-16 മുതൽക്കാണ് വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കി തുടങ്ങുന്നത്. വാർഷിക റിപ്പോർട്ടുകളുടെ വിലയിരുത്തലുകളിൽ നിന്ന് നമുക്ക് താഴെ പറയുന്ന വസ്തുതകളിലേക്കെത്തിച്ചേരാം. ഇതിനായി 2015-16 കാലയളവ് മുതൽ തുടർച്ചയായ മൂന്നു വർഷ റിപ്പോർട്ടുകൾ വിലയിരുത്താം.

കേരള മണിലെന്റിങ്ങ്, കേരള സർചാർജ്ജ് ആക്ട്, കേരള ടാക്സ് ഓൺ ലക്ഷ്വറീസ് (ആഢംബര നിയമം), മൂല്യവർദ്ധിത നികുതി നിയമം, പേപ്പർ ലോട്ടറി ആക്ട് എന്നിവക്കുള്ള നികുതികൾ വകുപ്പ് കൈകാര്യം ചെയ്യുന്നു. ദീർഘകാല തന്ത്രമെന്ന നിലയിൽ ആദ്യ വർഷം പുതിയ സംരംഭങ്ങൾ അവതരിപ്പിക്കുന്നതിന്റെ വർഷമായും രണ്ടാം വർഷം ഇവയുടെ ഏകീകരണത്തിനും മൂന്നാം വർഷം മികച്ച പ്രകടനം നടത്താനും തീരുമാനിച്ച് രാജ്യത്തെ ഏറ്റവും മികച്ച നികുതി വകുപ്പായി മാറുകയെന്നതാണ് ഈ തന്ത്രങ്ങളുടെ പരമമായ ലക്ഷ്യം. ഇതിനായി കാര്യക്ഷമത വർദ്ധിപ്പിക്കൽ, കപ്പാസിറ്റി മെക്കാനിസം, ഫീൽഡ് ആക്ടിവിറ്റികൾ കൂടുതലാക്കൽ, തെളിവുകളോടെയുള്ള ഇടപെടലുകൾ എന്നിവ നടപ്പിലാക്കി. ഈ വകുപ്പിൽ നിരന്തരമായി നടപ്പാക്കിയ പരിഷ്കാരങ്ങൾ വകുപ്പിനെ രാജ്യത്തെ മികച്ച നികുതി വകുപ്പാക്കി മാറ്റി.

ഡെ. കമ്മീഷണർ, പത്തനംതിട്ട, 9447561569

39

## അഴിമതി രഹിത വാളയാർ – ഒരു മാതൃകാ ഇടപെടൽ

ഷാഹുൽ ഹമീദ് കെ.

സംസ്ഥാനത്തിന് ഏറ്റവുമധികം നികുതി വരുമാനം പ്രദാനം ചെയ്ത സംസ്ഥാന നികുതി വകുപ്പിന്റെ കീഴിലുള്ള ഒരു ചെക്ക്പോസ്റ്റായിരുന്നു വാളയാർ വാണിജ്യനികുതി ചെക്ക്പോസ്റ്റ് സംസ്ഥാന ഭരണസംവിധാനത്തിലെ അഴിമതിയുടെയും കെടുകാര്യസ്ഥതയുടേയും ഏറ്റവും അപമാനകരമായ പ്രതീകമായി വാളയാർ വാണിജ്യ നികുതി ചെക്ക്പോസ്റ്റ് മാറിയിരുന്നു. 2006ലെ സർക്കാരിന്റെ ഇച്ഛാശക്തിയോടെയുള്ള ഒരു ഉറച്ച തീരുമാനമായിരുന്നു 'അഴിമതി രഹിത വാളയാർ പദ്ധതി'. വാളയാർ അഴിമതി രഹിതമാക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ തുടക്കം 2006 സെപ്റ്റംബറിൽ നടപ്പിലാക്കിയ ഓപ്പറേഷൻ ഗ്യാപ്പായിരുന്നു. തുടർന്ന് 'അഴിമതി രഹിത വാളയാർ പദ്ധതി' പ്രഖ്യാപിക്കപ്പെട്ടതും 2007 ആഗസ്റ്റ് 8 ന് അന്നത്തെ മുഖ്യമന്ത്രി സഖാവ് വി.എസ് അച്ചുതാനന്ദൻ പ്രസ്തുത പദ്ധതി ഉദ്ഘാടനം ചെയ്തതും. വകുപ്പിൽ നിന്നു തന്നെ ജീവനക്കാരെ കണ്ടെത്തുകയും, അവർക്ക് വേണ്ട പരിശീലനം നൽകി അവരെ വാളയാറിൽ മാത്രമല്ല വാളയാറിനോട് അനുബന്ധിച്ച മറ്റ് ചെക്ക്പോസ്റ്റുകളായ വേലന്താവളം, ഗോപാലപുരം, ഗോവിന്ദാപുരം, നടുപ്പുണി, മീനാക്ഷിപുരം എന്നീ ചെക്ക്പോസ്റ്റുകളിലും മറ്റ് അനുബന്ധ സാറ്റലൈറ്റ് ചെക്പോസ്റ്റുകളിലും നിയോഗിച്ചാണ് 'അഴിമതി രഹിത വാളയാർ പദ്ധതി' നടപ്പിലാക്കിയത്.

നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ സർക്കാർ മാത്രമല്ല, പൊതുജനവും വെറുതെ വിടില്ല

എന്ന തോന്നൽ ഈ പദ്ധതിയെ തുടർന്നുണ്ടായ സോഷ്യൽ ഓഡിറ്റിലൂടെയും മറ്റുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കുണ്ടായി. ഉദ്യോഗസ്ഥരെല്ലാം തന്നെ ഊർജ്ജസ്വലരായി പ്രവർത്തിക്കാൻ തുടങ്ങി. അങ്ങനെ വാണിജ്യ നികുതി പിരിവിൽ സർവ്വകാല റെക്കോർഡ് സൃഷ്ടിക്കാനും ഇതേ തുടർന്ന് വകുപ്പിന് സാധിച്ചു.

ശരിയായ രീതിയിലുള്ള റിട്ടേൺ സ്ക്രൂട്ണിയും അസസ്സ്മെന്റ് ഉത്തരവുകളും ഉണ്ടായി. വകുപ്പിലെ ജീവനക്കാരെ മൊത്തത്തിൽ വിശ്വാസത്തിൽ എടുത്തുകൊണ്ട് നടപ്പിലാക്കിയ ഈ അഴിമതി രഹിത വാളയാർ പദ്ധതി പിന്നീട് മറ്റ് പ്രധാന ചെക്ക്പോസ്റ്റുകളായ അമരവിള, മഞ്ചേശ്വരം എന്നിവിടങ്ങളിലേക്ക് വ്യാപിപ്പിക്കുകയും തുടർന്നു വന്ന സർക്കാരും ഈ പദ്ധതി തുടർന്നു കൊണ്ടു പോവുക തന്നെ ചെയ്തു.

മൊബൈൽ: 9605207764, Shahulhameedk@gmail.com

40

## രജിസ്ട്രേഷൻ - സേവനം

ജ്യോതികുമാർ എം.

സംസ്ഥാനത്തെ ആദ്യകാല വകുപ്പുകളിൽ ഒന്നാണ് രജിസ്ട്രേഷൻ വകുപ്പ്. ആധാരങ്ങളുടെ ആധികാരികതക്ക് നിരാക്ഷേപമായ തെളിവുണ്ടാക്കുക, വസ്തു ഇടപാടുകൾക്ക് പ്രചാരം നൽകുക, വഞ്ചന (കൃത്രിമം) തടയുക, ഒരു വസ്തു കൈകാര്യം ചെയ്യപ്പെട്ടിട്ടുണ്ടോ എന്ന് ഉറപ്പുവരുത്താൻ സൗകര്യം നൽകുക, അവകാശപത്രങ്ങൾക്ക് സുരക്ഷിതത്വം നൽകുക, അസ്സലാധാരങ്ങൾ നഷ്ടപ്പെടുകയോ നശിച്ചുപോകുകയോ ചെയ്താൽ അവകാശങ്ങൾ സ്ഥാപിക്കുന്നതിന് സൗകര്യം നൽകുക തുടങ്ങയവയാണ് വകുപ്പ് ഭരണനിർവഹണം നടത്തുന്ന രജിസ്ട്രേഷൻ നിയമത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ. പൗരജനങ്ങൾക്ക് ഈ സേവനം പരമാവധി വേഗത്തിലും കുറ്റമറ്റ രീതിയിലും കാര്യക്ഷമതയോടെ നൽകപ്പെടുന്നു എന്നുറപ്പാക്കുകയാണ് ഈ വകുപ്പിന്റെ പ്രധാന കർത്തവ്യം. അതോടൊപ്പം കേരളത്തിലെ ചിട്ടികളുടെ നടത്തിപ്പും നിയന്ത്രണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, പ്രത്യേക വിവാഹ നിയമ പ്രകാരമുള്ള നടപടികൾ, പങ്കാളിത്ത സ്ഥാപനങ്ങളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട നടപടികൾ, നോൺട്രേഡിംഗ് കമ്പനികളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട നടപടികൾ, ചാരിറ്റബിൾ സൊസൈറ്റികളുടെ രജിസ്ട്രേഷനും മേൽനോട്ടവും സംബന്ധിച്ച നടപടികൾ എന്നിവയും വകുപ്പ് നിർവഹിച്ചു വരുന്നു.

ഇപ്പോൾ വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം നടത്തിക്കഴിഞ്ഞിട്ടുണ്ട്. “പേൾ” എന്ന പോർട്ടലിൽ വകുപ്പിന്റെ രജിസ്ട്രേഷൻ സംബന്ധമായ പ്രധാന ഇടപാടുകൾ നടത്തി വരുന്നു. ഇ-സ്റ്റാമ്പിങ് സംവിധാനത്തിലൂടെ സേവനത്തിന്റെ ഗുണമേന്മ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. സഹവകുപ്പുകളായ ട്രഷറി, റവന്യൂ തുടങ്ങിയ വകുപ്പുകളുമായി കമ്പ്യൂട്ടർ സംയോജനം നടത്തി കൂടുതൽ മെച്ചപ്പെട്ട സേവനം നൽകിവരുന്നു. വകുപ്പിന്റെ സേവനം ഗ്രാമതലത്തിലേക്ക് വ്യാപിപ്പിക്കാൻ കൂടുതൽ ഓഫീസുകൾ തുടങ്ങണം. രേഖകൾ സൂക്ഷിക്കലും ലഭ്യമാക്കലും പൂർണമായി കമ്പ്യൂട്ടർവൽക്കരിക്കേണ്ടതുണ്ട്.

സബ്-രജിസ്ട്രാർ, 9447361207

41

## രജിസ്ട്രേഷൻ വകുപ്പിന്റെ സേവനങ്ങൾ - ഒരു നവകേരള പരിപ്രേക്ഷ്യം

ജ്യോതികുമാർ എം.

രജിസ്റ്റർ ചെയ്യപ്പെടുന്ന ആധാരങ്ങളുടെ ഓഫീസ് കോപ്പിയായി നിലവിലുള്ള ഫയലിംഗ് ഷീറ്റിനു പകരം ആധാരത്തിന്റെ ശരിയായ പകർപ്പ് സൂക്ഷിക്കുന്ന സംവിധാനം ഏർപ്പെടുത്തണം. ആധാരം സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. മാതൃകാ ആധാരങ്ങളുടെ സഹായത്തോടെ പൊതുജനങ്ങൾക്ക് സ്വയം ആധാരങ്ങൾ തയ്യാറാക്കുന്നതിന് സഹായിക്കുന്ന തരത്തിൽ ആധാരങ്ങൾ ടെംപ്ലേറ്റ് രൂപത്തിൽ ആക്കുക. തന്മൂലം ഇടനിലക്കാരുടെ ഇടപെടൽ ഒഴിവാക്കാൻ സാധിക്കും. വസ്തു ഇടപാടുകൾക്ക് ആധാർ നിർബന്ധമാക്കുന്നതു വഴി ബിനാമി ഇടപാടുകൾ തടയാനും മിച്ചഭൂമി കണ്ടെത്താനും സാധിക്കും. ഇതുവഴി വീടില്ലാത്ത ആളുകൾക്ക് വീടിനായി കൈമാറാൻ സൗകര്യമേർപ്പെടുത്താനും സാധിക്കും. ആധാരം തയ്യാറാക്കുന്നതിനെക്കുറിച്ചും വകുപ്പിൽ നിന്ന് ലഭിക്കുന്ന

മറ്റ് സേവനങ്ങളെക്കുറിച്ചും ഓരോ ഓഫീസ് പരിധിക്കുള്ളിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും വിദ്യാർത്ഥികൾക്ക് അവബോധം സൃഷ്ടിക്കുക. വേഗത്തിലുള്ള സേവനം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി ജോലിഭാരം കൂടുതലുള്ള ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ രൂപീകരിക്കേണ്ടതുണ്ട്. രജിസ്ട്രേഷൻ ഫീസ് പട്ടിക സാധാരണക്കാർക്ക് കൂടി മനസ്സിലാകുന്ന വിധത്തിൽ പരിഷ്കരിക്കുക. കെട്ടിടങ്ങളുടെ വിലനിർണയത്തിന് നിലവിലുള്ള ചാർട്ടേർഡ് എഞ്ചിനീയർമാരെ ആശ്രയിക്കേണ്ടി വരുന്നതോടുകൂടി മറ്റൊരു ഇടത്തട്ടുകൂടി സൃഷ്ടിക്കപ്പെട്ടിരിക്കുകയാണ്. ഇക്കാര്യത്തിന് പരിഹാരം കാണേണ്ടതുണ്ട്. ഏതെങ്കിലും ഒരു ആധാരത്തിന് എത്ര മുദ്ര ആവശ്യമുണ്ട് എന്ന് മുൻകൂട്ടി അറിയാനുള്ള സംവിധാനം നിലവിലുള്ളപോലെ രജിസ്ട്രേഷൻ ഫീസ് സംബന്ധിച്ച് ഒരു സംവിധാനം കൂടി ഏർപ്പെടുണം. രജിസ്ട്രേഷൻ നിയമവും ചട്ടങ്ങളും സർക്കുലർ ഉത്തരവുകളും പൊതുജനങ്ങൾക്ക് എളുപ്പത്തിൽ ലഭ്യമാകത്തക്ക വിധത്തിൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണം. ഏതൊരു വ്യക്തിക്കും താൻ നടത്തിയിട്ടുള്ള ഇടപാടുകളെക്കുറിച്ച് വിവരം ലഭിക്കുന്നതിനും വകുപ്പിന്റെ സേവനങ്ങൾ ലഭിക്കുന്നതിനും ഉതകുന്ന വിധത്തിൽ ഒരു മൊബൈൽ ആപ്പ് തയ്യാറാക്കാവുന്നതാണ്.

വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണത്തോടെ ജനങ്ങൾക്ക് ലഭിച്ചിരുന്ന ഓഫീസ് രേഖകൾ പരിശോധിക്കാനുള്ള സൗകര്യം ഭാഗികമായി നിഷേധിക്കപ്പെട്ട സ്ഥിതിയാണുള്ളത്. മുമ്പ്, ഓഫീസിലെ രേഖകൾ കക്ഷികൾക്ക് നേരിട്ട് പരിശോധിക്കാൻ സൗകര്യമുണ്ടായിരുന്നു. എന്നാൽ, വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്തതോടെ ആ സൗകര്യം ഇപ്പോൾ ജനങ്ങൾക്ക് ലഭ്യമല്ല. ഇതിനായി ഓഫീസ് ജീവനക്കാരുടെ സേവനത്തിലൂടെ ലഭിക്കുന്ന ബാദ്ധ്യതാ സർട്ടിഫിക്കറ്റിനെ മാത്രം ആശ്രയിക്കേണ്ട അവസ്ഥയാണുള്ളത്. ഇത് മാറി ജനങ്ങൾക്ക് വിവരങ്ങൾ നേരിട്ട് പരിശോധിക്കാൻ സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

## മറ്റ് വിഷയങ്ങൾ

ഒന്നിലധികം ഓഫീസുകളിലുള്ള രേഖകളുടെ തെരച്ചിലിന് ഒരു ഓഫീസിൽ മാത്രം അപേക്ഷ സമർപ്പിക്കുന്ന സാഹചര്യം ഒരുക്കുക. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിക്കുന്നതിന് സ്ഥിരമായ സംവിധാനം ഏർപ്പെടുത്തുക ലിസ്റ്റ് സർട്ടിഫിക്കറ്റ് തയ്യാറാക്കുന്നതിൽ അക്ഷരങ്ങളുടെയും ലിപിയുടെയും പരിമിതി ഒഴിവാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക. വസ്തു കൈമാറ്റത്തിൽ ഏർപ്പെടുന്നതിനു മുമ്പ് ആ വസ്തുവിന്മേൽ ഏതെങ്കിലും തരത്തിലുള്ള പണയ ബാദ്ധ്യത, കോടതി അറ്റാച്ച്മെന്റ്, റവന്യൂ റിക്കവറി നടപടികൾ തുടങ്ങിയവയുണ്ടോ എന്ന് അറിയുന്നതിനുള്ള സൗകര്യം ഏർപ്പെടുത്താവുന്നതാണ്. ഒരു ബാദ്ധ്യതാ സർട്ടിഫിക്കറ്റ് വിതരണം ചെയ്യണമെങ്കിൽ ഒരാൾ തയ്യാറാക്കിയ സർട്ടിഫിക്കറ്റ് മറ്റൊരാൾ കൂടി പരിശോധിച്ചിരിക്കണമെന്നുള്ള നിയമവ്യവസ്ഥ എടുത്തുകളയുകയാണെങ്കിൽ ഒരു സർട്ടിഫിക്കറ്റ് തയ്യാറാക്കുന്ന സമയം കൊണ്ട് രണ്ട് സർട്ടിഫിക്കറ്റുകൾ തയ്യാറാക്കാൻ കഴിയുന്നതാണ്.

## വിവാഹ രജിസ്ട്രേഷൻ

ആഗോളമായി ചലിച്ചുകൊണ്ടിരിക്കുന്ന ഒരു വികസിത സമൂഹമാണ് ഇന്ന് കേരളീയർ. എന്നാൽ, മലയാളികൾക്ക് വിദേശ പൗരന്മാരുമായി വിവാഹബന്ധത്തിലേർപ്പെടുന്നതിന് സ്പെഷ്യൽ മാര്യേജ് നിയമത്തിലുള്ള നടപടിക്രമങ്ങളിലെ ആശയക്കുഴപ്പം പരിഹരിക്കണം. അതുപോലെ തന്നെ, വിവാഹത്തിലേർപ്പെടുന്ന കക്ഷികൾ ഓഫീസിൽ ഹാജരാകാതെ ഓൺലൈനായി തന്നെ വിവാഹകർമം നടത്തിക്കൊടുക്കേണ്ടതാണെന്ന് വിവിധ കോടതി വിധികൾ നിലവിലുണ്ട്. ഇക്കാര്യം പരിശോധിച്ച് സർക്കാർ ഉചിതമായ നിയമനിർമാണം നടത്തേണ്ടതുണ്ട്. സ്പെഷ്യൽ മാര്യേജ് ആക്ട് അനുസരിച്ച് വിവാഹത്തിന് നോട്ടീസ് നൽകിയ വിവരം യഥാസമയം രക്ഷിതാക്കൾ അറിയുക എന്നത് പൊതുവേ രക്ഷിതാക്കൾ ആഗ്രഹിക്കുന്നുണ്ട്. മുൻപ് വിവാഹനോട്ടീസുകൾ വകുപ്പിന്റെ വെബ്സൈറ്റിൽ കൂടി പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ, പെൺകുട്ടികളുടെ സ്വകാര്യത കണക്കിലെടുത്ത് അടുത്ത കാലത്ത് ആ നടപടി പിൻവലിച്ചിരുന്നു. എന്നാൽ, സ്വകാര്യതയേക്കാളുപരി അവരുടെ സുരക്ഷിതത്വത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടും നിയമത്തിന്റെ അന്ത:സ്സത്ത ഉൾക്കൊണ്ടുകൊണ്ടും വിവാഹ നോട്ടീസുകൾ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന നടപടി പുന:സ്ഥാപിക്കേണ്ടതാണ്. ക്രിസ്തുമത വിശ്വാസികൾക്കുള്ള വിവാഹനിയമം കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ വ്യത്യസ്തമാണ്. The Indian Christian Marriage Act, 1872, The Cochin Christian Civil Marriage Act, 1095 ME എന്നീ വിവിധ നിയമങ്ങൾ ഈ വിഷയത്തിൽ പ്രാബല്യത്തിലുണ്ട്. ഈ നിയമങ്ങൾ ഏകീകരിച്ച് കേരളമൊട്ടുക്ക് ഒരേ നിയമം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്.

വിവിധ വ്യക്തിനിയമങ്ങൾ പ്രകാരമുള്ള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായതിനാൽ പ്രത്യേക വിവാഹ നിയമപ്രകാരമുള്ള വിവാഹം രജിസ്റ്റർ ചെയ്യുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിലാക്കുന്നത് ഇക്കാര്യത്തിൽ അഭിലഷണീയമാണ്. അതോടുകൂടി ജനനം, വിവാഹം, മരണം തുടങ്ങിയ ഒരു വ്യക്തിയെ സംബന്ധിച്ച എല്ലാ വ്യക്തിവിവരങ്ങളും ഒരു അധികാരസ്ഥാനത്ത് ലഭ്യമാകുകയും സംസ്ഥാനത്തിന്റെ നയരൂപീകരണത്തിന് അത് സഹായകരമാവുകയും ചെയ്യും. ശരിയായ ഫോട്ടോയും ഒപ്പും പതിച്ച സർട്ടിഫിക്കറ്റ് തന്നെ നൽകാവുന്ന വിധത്തിലുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. വകുപ്പിൽ നിന്ന് നൽകുന്ന വിവാഹ സർട്ടിഫിക്കറ്റുകൾ വിദേശ ഏജൻസികൾ വരെ പരിശോധനക്ക് വിധേയമാക്കുന്ന സാഹചര്യമുള്ളതിനാൽ ഓൺലൈൻ സംവിധാന

ത്തിലൂടെ സർട്ടിഫിക്കറ്റുകളുടെ ആധികാരികത ഉറപ്പാക്കാൻ സാധിക്കേണ്ടതുണ്ട്.

### ചിട്ടി രജിസ്ട്രേഷൻ

നിയമം വിഭാവനം ചെയ്യുന്ന ശരിയായ അർത്ഥത്തിൽ ഉത്തരവാദിത്തം നിർവഹിക്കുന്നതിന് നിലവുള്ള ഉദ്യോഗസ്ഥ സംവിധാനം അപര്യാപ്തമാണ്. സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന ചിട്ടി സ്ഥാപനങ്ങളുടെ നിരീക്ഷണം, അനധികൃത ചിട്ടി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് തടയൽ, ചിട്ടി സ്ഥാപനങ്ങളുടെ പരിശോധന, ഓഡിറ്റ്, ചിട്ടിയിൽ ചേർന്ന വരിക്കാരുടെ അവകാശ സംരക്ഷണം ഉറപ്പുവരുത്തുക തുടങ്ങിയ പ്രാഥമിക ജോലികൾ കൃത്യമായി നിർവഹിക്കുന്നതിന് നിലവിലുള്ള ഉദ്യോഗസ്ഥ സംവിധാനം ഉടച്ചുവാർക്കേണ്ടതുണ്ട്.

ചിട്ടി രജിസ്ട്രേഷനും അനുബന്ധ നടപടികളും പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുക. നിയമനിർവഹണം ശരിയായ രീതിയിൽ സാധ്യമാക്കാത്തതിന്റെ പ്രശ്നങ്ങൾ കാരണം ചിട്ടി ബിസിനസ്സ് അവസാനിപ്പിക്കുകയോ വ്യാജമായ രീതി സ്വീകരിക്കുകയോ ചെയ്യുന്ന നിരവധി സ്ഥാപനങ്ങൾ ഇപ്പോൾ ഉണ്ട്. തമിഴ്നാട്ടിൽ രജിസ്റ്റർ ചെയ്ത് കേരളത്തിൽ ശാഖ മാത്രം എന്ന രീതിയിൽ പല ചിട്ടി സ്ഥാപനങ്ങളും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. വേഗത്തിലുള്ളതും അനാവശ്യ നൂലാമാലകളില്ലാത്തതുമായ സേവനം നമുക്ക് നൽകാൻ കഴിയുന്ന വിധത്തിൽ സോഫ്റ്റ്വെയർ സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്.

### സൊസൈറ്റി രജിസ്ട്രേഷൻ

Societies Registration Act 1955 ലെ Travancore-Cochin Literary, Scienti c and Charitable Societies Registration Act എന്നീ രണ്ട് നിയമങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ട്. ഇത് ഏകീകരിക്കുക. ചട്ടങ്ങൾ രൂപീകരിക്കുക. കൃത്യമായ നടപടിക്രമങ്ങൾ നിർദേശിക്കുക. സൊസൈറ്റി സംബന്ധിച്ച വെബ്സൈറ്റ് കാലാനുസൃതമായി പരിഷ്കരിക്കുക. സൊസൈറ്റിയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചും ഭാരവാഹികളെ സംബന്ധിച്ചുമുള്ള വിവരങ്ങൾ ജനങ്ങൾക്കും മറ്റ് അധികൃതർക്കും കൂടി ലഭ്യമാക്കുക. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഡിജിറ്റൽ രൂപത്തിൽ നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക. റിക്കാർഡുകൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

### ട്രസ്റ്റുകളുടെ രജിസ്ട്രേഷൻ

സംസ്ഥാനത്തെ പൊതുട്രസ്റ്റുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള സംവിധാനം ഇല്ല എന്നുള്ളതാണ് യഥാർത്ഥ വസ്തുത. ഇക്കാരണത്താൽ വ്യാജട്രസ്റ്റുകളുടെ മറവിൽ നടക്കുന്ന പ്രവർത്തനങ്ങളിൽ ബലിയാടാകുന്നവരെ സംരക്ഷിക്കുന്നതിനും സർക്കാരിന് സാദ്ധ്യമല്ല. ഇതിന് ഒരു മാറ്റം വരണമെങ്കിൽ സൊസൈറ്റികളുടെ രജിസ്ട്രേഷൻ നിയമത്തിന്റെ മാതൃകയിൽ ട്രസ്റ്റുകൾക്ക് ഒരു രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. Bombay Public Trust Act ന്റെ കീഴിൽ Charity Commissioner ക്ക് കീഴിൽ ട്രസ്റ്റുകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള രജിസ്ട്രേഷൻ, നിയന്ത്രണ വ്യവസ്ഥകൾ ഇക്കാര്യത്തിൽ മാതൃകയാക്കാവുന്നതാണ്.

സബ്-രജിസ്ട്രാർ, 9447361207

42

# രജിസ്ട്രേഷൻ വകുപ്പും സർക്കാർ വരുമാനവും - നൂതന മാർഗങ്ങൾ

ജ്യോതികുമാർ എം.

സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ രജിസ്ട്രേഷൻ വകുപ്പിന് അതീവ പ്രാധാന്യമാണുള്ളത്. പതിറ്റാണ്ടുകളായി റവന്യൂ വരുമാനത്തിൽ രണ്ടാമത്തെയോ മൂന്നാമത്തെയോ സ്ഥാനത്താണ് രജിസ്ട്രേഷൻ വകുപ്പ്. അതുകൊണ്ടുതന്നെ നികുതി ഘടനയിൽ വരുന്ന സൂക്ഷ്മമായ മാറ്റങ്ങൾ പോലും റവന്യൂ വരുമാനത്തിൽ ഗണ്യമായ മാറ്റം ഉണ്ടാക്കാൻ പോന്നതാണ്. സംസ്ഥാനം രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന ഇക്കാലത്ത് ജനങ്ങളുടെ മേൽ അമിതമായ നികുതി ഭാരം ഏർപ്പെടുത്താതെ തന്നെ റവന്യൂ വരുമാനം ഉയർത്തുന്നതിനുള്ള മാർഗങ്ങളെക്കുറിച്ച് ഈ പ്രബന്ധം ചർച്ച ചെയ്യുന്നു.

ന്യായവില: രജിസ്ട്രേഷൻ വകുപ്പിലൂടെ ലഭിക്കുന്ന നികുതി വരുമാനത്തിൽ സിംഹഭാഗവും ഭൂമികൈമാറ്റ നികുതിയിലൂടെയാണ് ലഭിക്കുന്നത്. വസ്തു വിൽക്കുമ്പോൾ ലഭിക്കുന്ന/നൽകുന്ന യഥാർത്ഥ പ്രതിഫലം അല്ലെങ്കിൽ വസ്തുവിന്റെ ന്യായവില ഇതിൽ ഏതാണോ കൂടുതൽ അതിനാണ് നികുതി ഈടാക്കുന്നത്. യഥാർത്ഥ വില കാണിക്കാതെ ന്യായവിലയിൽ അൽപം കൂടുതൽ മാത്രം പ്രതിഫലമായി കാണിക്കുന്ന പ്രവണതയാണ് കണ്ടുവരുന്നത്. അതിനാൽ, വസ്തുവിന്റെ ന്യായവിലക്ക് ആനുപാതികമായാണ് നികുതി ലഭിക്കുന്നത്. എന്നാൽ, ന്യായവിലയിൽ ധാരാളം അപാകതകൾ കടന്നുകൂടിയിട്ടുള്ളതിനാൽ അത് റവന്യൂ വരുമാനത്തെയും കാര്യമായി സ്വാധീനിക്കുന്നുണ്ട്. പല ഭാഗത്തും നിശ്ചയിച്ചിട്ടുള്ള ന്യായവില അതിന്റെ യഥാർത്ഥവിലക്ക് ഒട്ടും ആനുപാതികമല്ലാതെയാണ്. ന്യായവില യുക്തിസഹമായി

പരിഷ്കരിക്കുന്നതിലൂടെ വരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കുന്നതാണ്.

ചിട്ടി സെക്യൂരിറ്റി നിക്ഷേപം: സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുന്ന ചിട്ടികൾക്കുള്ള സെക്യൂരിറ്റി നിക്ഷേപം ഏതെങ്കിലും അംഗീകൃത ബാങ്കിൽ ചിട്ടി അസിസ്റ്റന്റ് രജിസ്ട്രാറുടെ പേരിൽ ആയിരിക്കണമെന്ന് മാത്രമാണ് ചട്ട വ്യവസ്ഥ. എന്നാൽ, നിലവിൽ ബാങ്കിൽ സ്ഥിരനിക്ഷേപമായാണ് ഇപ്പോൾ സെക്യൂരിറ്റി സ്വീകരിച്ചുവരുന്നത്. ഇത് മാറ്റി സർക്കാരിന്റെ കറന്റ് അക്കൗണ്ടിലേക്ക് നിക്ഷേപിക്കാൻ ആവശ്യപ്പെടുകയോ ട്രഷറിയിൽ നിക്ഷേപിക്കാനുതകുന്ന വിധത്തിൽ ചട്ടം ഭേദഗതി ചെയ്യുകയോ ചെയ്യുന്നതുവഴി സർക്കാരിന് നല്ലൊരു തുക റോളിംഗ് ഫണ്ട് ആയി ലഭിക്കുന്നതാണ്. ഇതിന്റെ നിയമ വിഷയങ്ങൾ ഈ ഭാഗം പരിശോധിക്കുന്നു.

ചിട്ടി ഫീസ് പരിഷ്കരണം : ചിട്ടി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ഫീസുകളിൽ പ്രധാനപ്പെട്ട ചില ഫീസ് നിരക്കുകൾ 1989 ൽ നിശ്ചയിച്ചവയാണ്. അത് പരിഷ്കരിക്കാനുള്ള ശ്രമം കോടതി ഇടപെടലിനെ തുടർന്ന് തടസ്സപ്പെട്ടിരിക്കുകയാണ്. തടസ്സങ്ങൾ നീക്കി ഫീസ് പരിഷ്കരിക്കുന്നതിനലൂടെ അധിക വരുമാനം ലഭിക്കുന്നതാണ്. വിശദാംശങ്ങൾ പ്രബന്ധത്തിൽ ഉൾപ്പെടുത്തുന്നതാണ്.

സൊസൈറ്റി രജിസ്ട്രേഷൻ: സംസ്ഥാനത്ത് നിലവിൽ സൊസൈറ്റികളുടെ രജിസ്ട്രേഷന് രണ്ട് നിയമങ്ങളാണ് ഉള്ളത്. മലബാർ ഭാഗത്ത് ഒന്നും തിരു-കൊച്ചി ഭാഗത്ത് മറ്റൊന്നും. ഇതിൽ മലബാർ ഭാഗത്തെ നിയമത്തിനു കീഴിൽ രജിസ്റ്റർ ചെയ്യുന്ന സൊസൈറ്റികളിൽ നിന്നും രജിസ്ട്രേഷൻ സമയത്ത് ഒരു ചെറിയ ഫീസ് ഈടാക്കുന്നതൊഴിച്ചാൽ കാര്യമായ മറ്റൊരു ഫീസും ഈടാക്കി വരുന്നില്ല. നിയമങ്ങൾ ഏകീകരിക്കുന്നതിലൂടെ ഗണ്യമായ തോതിൽ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

ട്രസ്റ്റുകളുടെ രജിസ്ട്രേഷൻ: നിലവിൽ സംസ്ഥാനത്ത് ട്രസ്റ്റുകളുടെ രജിസ്ട്രേഷന് നിയമസംവിധാനങ്ങളൊന്നും തന്നെയില്ല. അതിന് ഒരു സംവിധാനം ഏർപ്പെടുത്തുന്നതിലൂടെ അവയുടെ നിരീക്ഷണം സാദ്ധ്യമാവുകയും അതോടൊപ്പം ഗണ്യമായ തോതിൽ വരുമാനം ലഭിക്കുകയും ചെയ്യു.

രജിസ്ട്രേഷൻ ഫീസ് നിരക്കുകളുടെ പരിഷ്കരണം: പവർ ഓഫ് അറ്റോർണി പോലുള്ള രേഖകളുടെ ഫീസ് നിരക്കിലും മറ്റ് ചില സേവനങ്ങളുടെ ഫീസ് നിരക്കിലും മാറ്റം വരുത്തുന്നതുവഴി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

ഇ-മുദ്ര : സംസ്ഥാനത്ത് ഇ-മുദ്ര നടപ്പിലാക്കിയതിനെ തുടർന്ന് നികുതിവെട്ടിപ്പിലൂടെ വരുമാന ചോർച്ചയുണ്ടാകാൻ സാദ്ധ്യത തെളിഞ്ഞിരിക്കുകയാണ്. അതിലെ അപകടങ്ങളെക്കുറിച്ചും അതിനുള്ള പരിഹാരവും പരിശോധിക്കേണ്ടതുണ്ട്.

സബ്-രജിസ്ട്രാർ, 9447361207

43

# രജിസ്ട്രേഷൻ വകുപ്പ് - ഭൂമികൈമാറ്റത്തിലെ ആധികാരികതയും സുതാര്യതയും വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ

ജ്യോതികുമാർ എം.

ഭൂമികൈമാറ്റം സംബന്ധിച്ച ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിലൂടെയാണ് ഒരു പരിധി വരെ ഈ മേഖലയിലുള്ള കൃത്രിമം, വഞ്ചന, കബളിപ്പിക്കൽ തുടങ്ങിയവ ഒഴിവാക്കപ്പെടുന്നത്. എന്നാൽ, ആധാര രജിസ്ട്രേഷനിലൂടെ മാത്രം ഒരു വ്യക്തിക്ക് തന്റെ അവകാശം തർക്കരഹിതമാണെന്ന് ഉറപ്പിക്കാൻ സാധിക്കില്ല. അതായത്, ആധാരം എന്നത് ഭൂമികൈമാറ്റത്തിന്റെ അവസാനവാക്കല്ല. രജിസ്റ്റർ ചെയ്ത ആധാരത്തിലൂടെ ലഭിക്കുന്ന അവകാശവും ഭാവിയിൽ ചോദ്യം ചെയ്യപ്പെട്ടേക്കാം. എന്നാൽ, സർക്കാരിന്റെ ചില വകുപ്പുകളുടെ ഏകോപനത്തിലൂടെ ഈ ആശങ്കക്ക് ഒരു പരിധി വരെ പരിഹാരം കാണാവുന്നതാണ്. ഇത്തരത്തിൽ, ഒരു ഭൂമികൈമാറ്റ രേഖ ഒരു പരിപൂർണമായ അവകാശരേഖ ആക്കുന്നതിന് ഏതൊക്കെ സർക്കാർ സംവിധാനങ്ങളുടെ ഏകോപനം ആവശ്യമാണെന്നതിനെക്കുറിച്ച് ഈ പ്രബന്ധം വിലയിരുത്തുന്നു. സർവ്വെ, റവന്യൂ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ ഏകോപനത്തിലൂടെ 'സേവനം' മെച്ചപ്പെടുത്താൻ കഴിയും.

കൂടാതെ, കെട്ടിടങ്ങളുടെ കൈമാറ്റവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയം ഭരണവകുപ്പുമായി ചേർന്നുള്ള നടപടികൾ സ്വീകരിക്കുന്നതിലൂടെ കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശ കൈമാറ്റത്തിനും ആധികാരികത ഏർപ്പെടുത്താനും നികുതി ചോർച്ച പരിഹരിക്കാനും സാധിക്കും.

Real Estate Regulatory Authority, GST വകുപ്പ് എന്നിവയുമായി സഹകരിച്ചുള്ള പ്രവർത്തനം വകുപ്പിന്റെ കാര്യക്ഷമതയ്ക്ക് ഗുണം ചെയ്യും.

സബ്-രജിസ്ട്രാർ, 9447361207

44

# രജിസ്ട്രേഷൻ - ജനസൗഹൃദമായ സേവനം - വെല്ലുവിളികൾ

ജോതികുമാർ എം.

ഏതൊരു സർക്കാർ വകുപ്പിനും അതിൽ നിക്ഷിപ്തമായ കർത്തവ്യങ്ങൾ ആത്മാർത്ഥമായും ശരിയായും നിർവഹിക്കണമെങ്കിൽ അതിന്റെ നട്ടെല്ലായ ജീവനക്കാർക്ക് തങ്ങളുടെ സേവനം സംതൃപ്തമായ രീതിയിൽ നിർവഹിക്കാൻ സാധിക്കണം. ഇക്കാര്യത്തിൽ വകുപ്പ് നേരിടുന്ന വെല്ലുവിളികളും അവ പരിഹരിക്കുന്നതിലൂടെ ജനങ്ങൾക്ക് ലഭിക്കുന്ന സേവനത്തിന്റെ ഗുണനിലവാരത്തിൽ വരാവുന്ന ഗുണപരമായ മാറ്റവും ഉണ്ടാവേണ്ടതുണ്ട്.

സേവനങ്ങൾ ജനസൗഹാർദപരമാക്കുന്നതിൽ പലതും ആധുനിക സാങ്കേതിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിലൂടെ മറികടക്കാവുന്നവയാണ്. സർവീസ് സംബന്ധമായ പ്രശ്നങ്ങളും നിലനിൽക്കുന്നു. സേവനം നൽകുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, സർവീസ് സംബന്ധമായ പ്രശ്നങ്ങൾ എന്നീ രണ്ട് വിഭാഗങ്ങളിലായി ഈ പ്രശ്നങ്ങൾ ഇവിടെ ചർച്ച ചെയ്യുന്നു. അവയുടെ സ്വഭാവം മനസ്സിലാക്കുന്നതിനായി ചില പ്രശ്നങ്ങൾ താഴെ ചേർക്കുന്നു.

മുൻകാലങ്ങളെ അപേക്ഷിച്ച് ആധാരങ്ങളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടും ജോലിഭാരം ലഘൂകരിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യകൾ വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്താൻ വകുപ്പിന് സാധിക്കുന്നില്ല. ആധാര പകർപ്പുകൾ സ്കാൻ ചെയ്ത് സൂക്ഷിക്കുന്നതിനു നടപടികളെടുക്കണം.

കൈമാറ്റം വിലക്കപ്പെട്ട ഭൂമി തിരിച്ചറിയുന്നതിന് ഫലപ്രദമായ സംവിധാനമില്ലാത്തത് ജീവനക്കാരെ പലപ്പോഴും ബുദ്ധിമുട്ടിലാക്കുന്നുണ്ട്. വനഭൂമി, സർക്കാർ ഭൂമി എന്നിവയുടെ കൈയേറ്റം ഉൾപ്പെടുന്ന ആധാരങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ അത് പരിശോധിക്കാൻ നിയമപരമായ ബാദ്ധ്യതയില്ലെങ്കിൽപോലും ജീവനക്കാർ പലപ്പോഴും ക്രൂശിക്കപ്പെടുന്നു. കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമി വനഭൂമിയാണോ സർക്കാർ ഭൂമിയാണോ, മറ്റുതരത്തിൽ കൈമാറ്റം വിലക്കപ്പെട്ട ഭൂമിയാണോ എന്നൊക്കെ പരിശോധിക്കേണ്ടത് ഇടപാട് നടത്തുന്ന വ്യക്തികളാണെങ്കിലും അതിന് കുറ്റമറ്റ സംവിധാനമില്ലെന്നുള്ളത് പ്രധാന പ്രശ്നമാണ്. വനഭൂമിയും സർക്കാർ ഭൂമിയും കൃത്യമായി നോട്ടിഫൈ ചെയ്യുകയും വകുപ്പിന്റെ വെബ് സൈറ്റിലൂടെ പ്രസിദ്ധപ്പെടുത്തുന്നത് ജനങ്ങൾക്ക് അവ തിരിച്ചറിയുന്നതിനും അത്തരം ഭൂമി കൈമാറ്റങ്ങൾ അറിയാതെ പോലും സംഭവിക്കാതിരിക്കുന്നതിനും സഹായകരമാണ്. ആധാരത്തിന്റെ നികുതി നിരക്കുകൾ കണക്കാക്കുന്നതിലെ സങ്കീർണതകൾ ജീവനക്കാർക്കും ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്. ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് അനുവദിച്ചിട്ടുള്ള സമയത്തിലെ കുറവാണ് മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം. ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് മുൻകൂട്ടി ടോക്കൺ ഓൺലൈനായി അനുവദിക്കുകയും അതുപ്രകാരം ആധാരങ്ങൾ സ്വീകരിച്ച് രജിസ്റ്റർ ചെയ്യുകയുമാണ് നിലവിലെ രീതി. നിലവിലുള്ള ടോക്കൺ സമയക്രമം അനുസരിച്ച് 10 മിനുട്ടിൽ താഴെ മാത്രമാണ് ഒരു ആധാരം രജിസ്റ്റർ ചെയ്യുന്നതിന് സമയം ലഭിക്കുന്നത്. ഇത് പ്രായോഗികമായി നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

ഓഫീസുകളിലെ ജോലി ഭാരത്തെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്തി സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കേണ്ടതുണ്ട്. ഈ വിഷയത്തിൽ ഭരണപരിഷ്കാര കമ്മീഷന്റെ നിരീക്ഷണങ്ങളും ശ്രദ്ധേയമാണ്. ഭരണ നിർഹണത്തിനായി വിപുലമായ ഉദ്യോഗസ്ഥ സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. ജീവനക്കാർക്ക് പരിശീലനത്തിനായി പ്രത്യേകവും കാര്യക്ഷമവുമായ സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. വകുപ്പുതല പരീക്ഷക്കായി ഉപയോഗിക്കാവുന്ന പുസ്തകങ്ങൾ സർക്കാർ പ്രസിദ്ധീകരിക്കുകയോ സ്വകാര്യ പ്രസിദ്ധീകരണങ്ങൾ അനുവദിക്കുകയോ ചെയ്യുക

മേൽ വിവരിച്ചതും അല്ലാത്തതുമായ നിരവധി സർവീസ് സംബന്ധമായ പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാര നിർദേശങ്ങളും പരിശോധിച്ച് നടപടി സ്വീകരിക്കുന്നതുവഴി രജിസ്ട്രേഷൻ വകുപ്പിനെ കൂടുതൽ ജനോപകാരപ്രദമായ ഒരു വകുപ്പായി മാറ്റാൻ സാധിക്കുന്നതാണ്.

---

സബ് രജിസ്ട്രാർ, Mob: 9447361207

45

# ഇൻഷ്വറൻസ് വകുപ്പ്

സി.പി. സുരേഷ് & ശ്രീജുകുമാർ ബി.

സർക്കാർ ജീവനക്കാർക്ക് ലൈഫ് ഇൻഷ്വറൻസ് പരിരക്ഷ നൽകുക എന്ന ലക്ഷ്യത്തോടെ പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ തിരുവിതാംകൂർ സർക്കാർ രൂപീകരിച്ച വകുപ്പാണിത്. 1956-ൽ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ രൂപീകരിച്ചതിനെ തുടർന്ന് എല്ലാ സ്വകാര്യ ഇൻഷ്വറൻസ് കമ്പനികളും ദേശസാൽക്കരിച്ചു. ഇതേ തുടർന്ന് വകുപ്പിന്റെ പബ്ലിക് ബ്രാഞ്ച് എൽ.ഐ.സി.-യിൽ ലയിപ്പിച്ചു. ബന്ധപ്പെട്ട ആക്ടിലെ 44(F) വകുപ്പിലെ എക്സപ്ഷൻ പ്രകാരം ഒഫീഷ്യൽ ബ്രാഞ്ച് മാത്രം വകുപ്പിൽ നിലനിർത്തിപ്പോന്നു. എന്നാൽ സർക്കാർ ജീവനക്കാർക്ക് ഈ പദ്ധതി നിർബന്ധമാവാതിരുന്നതിനാൽ ഈ ബ്രാഞ്ചിന്റെ പ്രവർത്തനം നഷ്ടത്തിലായിരുന്നു. മെച്ചപ്പെട്ട ഇൻഷ്വറൻസ് പരിരക്ഷ നൽകുക മികച്ച സൗകര്യം നൽകുക എന്ന ലക്ഷ്യത്തോടെ 1976-ൽ ഈ പദ്ധതി എല്ലാ ജീവനക്കാർക്കും നിർബന്ധമാക്കി. തുടർന്ന് 1927ൽ ഈ വകുപ്പിനെ വാണിജ്യ വകുപ്പായി പ്രഖ്യാപിച്ചു. തുടർന്ന് വിവിധ വർഷങ്ങളിലായി പഞ്ചായത്ത്, എയ്ഡഡ് സ്കൂൾ, കോളേജ്, പോളിടെക്നിക്, സർവകലാശാല, വിവിധ കമ്പനികൾ, ബോർഡുകൾ, കോർപ്പറേഷനുകൾ തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാരെയും ഇതിലെ പങ്കാളികളാക്കി. തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്നു. വകുപ്പിന് 14 ജില്ലയിലും ജില്ലാ ഓഫീസുകൾ പ്രവർത്തിച്ച് വരുന്നു. 1984-ൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയും, 1972-ൽ ജനറൽ ഇൻഷ്വറൻസ് പദ്ധതിയും തുടർന്ന് ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയും നിലവിൽ വന്നു. വകുപ്പിലെ പ്രധാന ഇടപാടുകാരായ ജീവനക്കാരുടെ SLI, GIS പദ്ധതികളിലെ പ്രതിമാസ വരിസംഖ്യ വിവരങ്ങൾ ഡിജിറ്റലായി ക്രോഡീകരിച്ച് ആന്വൽ സ്റ്റേറ്റ്മെന്റ് നൽകുന്നതിന് നൂതന വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

നോൻ ലൈഫ് ഇൻഷ്വറൻസിന്റെ കാലാവധി ഒരു വർഷമാണ്. ഒരു വർഷത്തിനുള്ളിൽ ക്ലെയിം ഉണ്ടായില്ലെങ്കിൽ അത് വകുപ്പിന് ലാഭമാണ്. എന്നാൽ പോളിസി കാലാവധിക്ക് ശേഷവും ക്ലെയിം ഉണ്ടാവുകയാണെങ്കിൽ അങ്ങനെയുള്ള ക്ലെയിം കമ്പനികൾ Outstanding Claim Provision ആയി ഒരു തുക മാറ്റി വെക്കുന്നുണ്ട്. അത്തരത്തിൽ, വകുപ്പിനും ഒരു തുക മാറ്റിവെക്കാവുന്നതാണ്. അങ്ങനെ മാറ്റിവെക്കുന്ന തുക ഫണ്ട് ബാലൻസ് വർദ്ധിപ്പിക്കാനും മറ്റൊരു വിഹിതം സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് മാറ്റാവുന്നതുമാണ്.

കോ-ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായി പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളുമായി ചേർന്ന് നടത്തുന്ന ഇടപാടിൽ വകുപ്പിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നത് പരിഹരിക്കുന്നതിന് ടി ഇൻഷ്വറൻസ് പദ്ധതികൾ വകുപ്പിന് നേരിട്ട് ചെയ്യാവുന്നതാണ്. സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഏർപ്പെടുത്തിയിട്ടുള്ള Medisep വകുപ്പിന് നേരിട്ട് നടത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്. 1956-ൽ ലൈഫ് ഇൻഷ്വറൻസ് മേഖല ദേശസാൽക്കരിക്കുന്നത് വരെ വകുപ്പിൽ പൊതുജനങ്ങൾക്കായി ലൈഫ് ഇൻഷ്വറൻസ് പദ്ധതികൾ ഉണ്ടായിരുന്നു. നിലവിൽ സ്വകാര്യ കമ്പനികൾക്കു പോലും ലൈഫ് ഇൻഷ്വറൻസ് പദ്ധതികൾ ചെയ്യാമെന്നിരിക്കെ IRDAയുമായി ബന്ധപ്പെട്ട് വകുപ്പിൽ പബ്ലിക് ബ്രാഞ്ച് പുനഃരാരംഭിക്കാവുന്നതാണ്. രാജ്യത്തെ മുഴുവൻ പൌരന്മാർക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുക എന്നൊരു ആശയം IRDA മുന്നട്ട് വെച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ സംസ്ഥാനത്തെ മുഴുവൻ ജനവിഭാഗങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ വകുപ്പിന് കീഴിൽ നൽകേണ്ടതുണ്ട്. അതുവഴി ആരോഗ്യമുള്ള മനസ്സും ശരീരവും ഉള്ളവരാക്കി കേരളത്തിലെ ജനങ്ങളെ മാറ്റി എടുക്കുന്നതിന് പ്രധാന പങ്ക് വഹിക്കാൻ വകുപ്പിന് കഴിയും.

1 ADIO, കോഴിക്കോട്, 9447268813

2 സീനിയർ സൂപ്രണ്ട്, ഇൻഷുറൻസ് ഡയറക്ടറേറ്റ്, 8075447972

46

# സിവിൽ സപ്ലൈസ് വകുപ്പ് - പൊതുജന സൗഹൃദമാക്കൽ, കാര്യശേഷി വർദ്ധിപ്പിക്കൽ, ഗുണമേന്മ വർദ്ധിപ്പിക്കൽ

വി. സുഭാഷ്

കേരളത്തിലെ പൊതുവിതരണ സമ്പ്രദായത്തിന് ദീർഘമായ ചരിത്രമാണുള്ളത്. 1964 നവംബർ 1-ന് നിലവിൽ വരികയും ആയത് 1965 ജൂലൈ 1-ന് സാർവ്വത്രികവും നിയമവിധേയവുമായ റേഷനിംഗ് സമ്പ്രദായത്തിലേക്ക് കടക്കുകയുണ്ടായി. സംസ്ഥാനതലത്തിൽ കമ്മീഷണറേറ്റ്, മേഖലാതലത്തിൽ DYCR ഓഫീസ് (2), ജില്ലാതലത്തിൽ ജില്ലാ ഓഫീസുകൾ (14), താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസുകൾ (77), സിറ്റി കേന്ദ്രീകരിച്ച് സിറ്റി റേഷനിംഗ് ഓഫീസുകൾ (6) എന്നിങ്ങനെ 4 തലത്തിൽ ചുമതലകൾ കൈകാര്യം ചെയ്യുന്നു.

സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുക എന്നതാണ് പ്രധാനലക്ഷ്യവും കർത്തവ്യവും. പൊതുവിതരണ സമ്പ്രദായം ഫലപ്രദമായി നടപ്പാക്കുക, റേഷൻ വിതരണത്തിലെ പരാതി പരിഹരിക്കുക, റേഷൻ കാർഡ് അർഹതയനുസരിച്ച് വിതരണം ചെയ്യുക, കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് മുതലായവ തടയുക എന്നിവയാണ് പ്രധാന ചുമതലകൾ.

ഭക്ഷ്യഭദ്രതാ നിയമം 2013 കേരളത്തിൽ 01.11.2016 മുതൽ നടപ്പിലാക്കുകയുണ്ടായി. ഈ നിയമപ്രകാരം AAY, PHH എന്നീവിഭാഗം കാർഡുകളാണ് ഉള്ളത്. ഈ രണ്ട് വിഭാഗത്തിലും നിരവധിയായിട്ടുള്ള അനർഹർ കടന്നുകൂടിയിട്ടുണ്ട്. കേന്ദ്ര നിയമപ്രകാരം കേന്ദ്രം നിശ്ചയിച്ചിട്ടുള്ള എണ്ണം കാർഡുകൾ മാത്രമാണ് ഈ വിഭാഗങ്ങൾക്ക് നൽകാൻ കഴിയുക. ആയതിനാൽ അടിയന്തിരമായി മുഴുവൻ അനർഹരേയും കണ്ടെത്തി ഒഴിവാക്കുകയും പകരം അർഹരായവരെ ഉൾപ്പെടുത്തുകയും വേണം. AAY വിഭാഗത്തിന് പ്രതിമാസം അർഹമായ വിഹിതം 35 കിലോയും PHH ന് അർഹമായ വിഹിതം ആളൊന്നിന് 5kg എന്നത് എല്ലാ ഗുണഭോക്താക്കളെയും ബോദ്ധ്യപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. സാർവ്വത്രിക റേഷൻ വിതരണം യാഥാർത്ഥ്യമാകണമെങ്കിൽ സമൂഹത്തിലെ മുഴുവൻപേർക്കും റേഷൻ ലഭിക്കണം. എന്നാൽ ഇന്ന് NPS (നീലകാർഡ്), NPNS (വെള്ള കാർഡ്) എന്നിവയ്ക്ക് കൂടെ കേന്ദ്ര വിഹിതം ലഭ്യമാക്കുന്നതിനുള്ള ഇടപെടൽ ആവശ്യമാണ്.

അർഹരായ എല്ലാപേർക്കും റേഷൻ ലഭ്യമാക്കുവാനായി ആദിവാസി മേഖലകളിൽ റേഷൻ നേരിട്ട് നൽകി വരുന്നുണ്ട്. ഇത് കൂടുതൽ വ്യാപിപ്പിച്ച് കൂടുതൽ പ്രചാരണം നൽകി മുഴുവൻ ഗുണഭോക്താക്കളെയും അറിയിക്കേണ്ടതുണ്ട്.

2016 മുതൽ പൊതുമേഖലാ സ്ഥാപനമായ സപ്ലൈകോ മുഖേന 13 ഇനം നിത്യോപയോഗ ആവശ്യസാധനങ്ങൾ ഒരേ വിലയ്ക്ക് (2016-ന്റെ വിലയിൽ) ഇപ്പോഴും നൽകിവരുന്നുണ്ട്. എന്നാൽ സപ്ലൈകോ ഔട്ട്ലെറ്റുകൾ ഇല്ലാത്ത പ്രദേശങ്ങളിൽ ഈ സാധനങ്ങൾ റേഷൻകടകൾ വഴി വിതരണം ചെയ്യുന്നത് സാധാരണക്കാർക്ക് കൂടുതൽ ഉപകരിക്കും. ഇതിനായി കെ-സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. ഇത് കൂടുതൽ വ്യാപിപ്പിക്കേണ്ടതുണ്ട്. റേഷൻ കാർഡുമായി ബന്ധപ്പെട്ട സേവനങ്ങൾ സിറ്റിസൺ പോർട്ടൽ, അക്ഷയ എന്നിവയ്ക്ക് പുറമേ കുടുംബശ്രീ യൂണിറ്റുകൾക്ക് പരിശീലനം നൽകി അവരെക്കൂടെ ഇതിന്റെ ഭാഗമാക്കിയാൽ കൂടുതൽ ജനസൗഹൃദമാകും. റേഷൻ സാധനങ്ങൾ റേഷൻ കടയിൽ എത്തി എന്ന എസ്.എം.എസ്. ഗുണഭോക്താവിന് നൽകിയാൽ വളരെ പ്രയോജനകരമായിരിക്കും. സാധനങ്ങൾ എത്തിയോ എന്ന് അന്വേഷിച്ച് നടക്കേണ്ടി വരില്ല. അതുപോലെ തന്നെ ഒരാൾ വാങ്ങുന്ന സാധനങ്ങൾ മലയാളത്തിൽ എസ്.എം. എസ്. ആയി നൽകിയാൽ ചൂഷണം ഒഴിവാക്കാൻ സാധിക്കും.

NFSA ആക്ടിൽ പറയുംപ്രകാരം സോഷ്യൽ ഓഡിറ്റും, വിജിലൻസ് കമ്മിറ്റികളുടെ രൂപീകരണവും അടിയന്തിരമായി ചെയ്യേണ്ടതുണ്ട്. ഇത് ഓരോ റേഷൻ കടകളുടെയും പ്രവർത്തനക്ഷമതയും പുരോഗതിയും വിലയിരുത്തുന്നതിന് സഹായകമാകും. ഭക്ഷ്യധാന്യ സംഭരണത്തിനായി ബ്ലോക്ക് തലത്തിൽ സംഭരണ കേന്ദ്രങ്ങൾ വേണമെന്ന് നിയമത്തിൽ പറയുന്നെങ്കിലും താലൂക്ക് അടിസ്ഥാനത്തിൽ എങ്കിലും (77+6=83) അടിയന്തിരമായി ഗോഡൗണുകൾ പണിയേണ്ടതുണ്ട്. വകുപ്പിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ജീവനക്കാർക്ക് കൃത്യമായ ട്രെയിനിംഗ് നൽകുകയും സ്ഥലംമാറ്റം സുതാര്യമാക്കുന്നതിനായി ഓൺലൈൻ ട്രാൻസ്ഫർ നടപ്പിലാക്കുകയും വേണം.

സീനിയർ ഫിനാൻസ് ഓഫീസർ (HG), 9946359558

47

# സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്

മായ എൻ. പിള്ള

നികുതിയിതര വരുമാനം സ്വരൂപിക്കുക എന്ന ലക്ഷ്യത്തോടെ 1967-ൽ രൂപീകൃതമായ സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ഇന്ന് സമൂഹത്തിലെ അശരണരും നിരാലംബരും രോഗികളും അടങ്ങുന്ന ലക്ഷോപലക്ഷം ജനങ്ങൾക്ക് ആത്മാർത്ഥതയോടെ ജീവിതം നയിക്കുന്നതിന് മെച്ചപ്പെട്ട ഒരു തൊഴിൽ കൂടി പ്രദാനം ചെയ്യുന്നു. 1,018 കോടി രൂപയുടെ തനത് വരുമാനവും SGST ഇനത്തിൽ 1,665 കോടി രൂപയും കഴിഞ്ഞ സാമ്പത്തിക വർഷം സമാഹരിക്കുവാൻ ഈ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. 2022-23-ൽ 200 കോടി രൂപയുടെ വിറ്റുവരവാണ് പ്രതീക്ഷിച്ചിരുന്നതെങ്കിലും 11,891 കോടി രൂപയായി എത്തിക്കുവാൻ സാധിച്ചിട്ടുണ്ട്.

14 ജില്ലാ ഭാഗ്യക്കുറി ഓഫീസർക്ക് പുറമേ 21 ഭാഗ്യക്കുറി സബ് ഓഫീസുകൾ പ്രവർത്തനമാരംഭിച്ചു. ഭാഗ്യക്കുറി നറുക്കെടുപ്പിന്റെ സുതാര്യത ഉറപ്പുവരുത്തിക്കൊണ്ട് ലൈവ് ടെലികാസ്റ്റ് സംവിധാനം ആരംഭിച്ചു. വകുപ്പിന്റെ പ്രവർത്തനത്തിനായി LOTIS എന്ന പേരിൽ ഒരു വെബ് ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ, ഭാഗ്യക്കുറി ഏജന്റുമാർക്ക് ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി വെബ് പോർട്ടൽ എന്നിവ വികസിപ്പിച്ചിട്ടുണ്ട്. ഇ-ഓഫീസ് സംവിധാനവും ആധാർ അധിഷ്ഠിത ഹാജർ സംവിധാനവും ഏർപ്പെടുത്തിയതിനോടൊപ്പം സുരക്ഷ ഉറപ്പാക്കുന്നതിനായി ഓഫീസുകളിൽ സിസിടിവി ക്യാമറകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

സ്ഥിരം ജീവനക്കാരുടെ അപര്യാപ്തത ക്ലർക്ക് തസ്തികകളുടെ എണ്ണക്കുറവ് എന്നിവ വകുപ്പ് നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. തൊഴിലിൽ ആവശ്യമായ പരിശീലനം സിദ്ധിച്ചു വരുമ്പോഴേക്കും കാലാവധി പൂർത്തിയാകുന്നു എന്നതും പണത്തിനു തുല്യമായ ഭാഗ്യക്കുറി ടിക്കറ്റുകൾ കൈകാര്യം ചെയ്യുന്നജോലികൾ പലതും ദിവസേനക്കാരെ ഉത്തരവാദിത്വം ഏൽപ്പിച്ചു കൊടുക്കുന്നതിന് പരിമിതികൾ ഉണ്ട് എന്നുള്ളതും വകുപ്പിന്റെ പ്രവർത്തനത്തിന് വലിയ വെല്ലുവിളി ഉയർത്തുന്നു. ഭാഗ്യക്കുറി ടിക്കറ്റുകളുടെ ബില്ലിങ്ങിലെ ക്രമക്കേടുകൾ തടയുന്നതിന് ടിക്കറ്റുകളുടെ ഓട്ടോ സെലക്ഷൻ പ്രവർത്തനമാക്കിക്കൊണ്ട് രൂപകല്പന ചെയ്തിട്ടുള്ള സോഫ്റ്റ്‌വെയർ കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നതിന് വില്പനയ്ക്കുള്ള ടിക്കറ്റുകളുടെ സ്റ്റോക്ക് പൂർണമായും ഒറ്റത്തവണ aceept ചെയ്യേണ്ടതുണ്ട്. ഉയർന്ന സ്ലാബിൽ കൂടുതൽ എണ്ണം ടിക്കറ്റ് എടുക്കുന്ന ഏജന്റ്മാർക്ക് കൂടുതൽ ഡിസ്കൗണ്ട് നൽകുക എന്ന രീതി ടിക്കറ്റ് വിൽപ്പന തീരെ കുറവുണ്ടായിരുന്ന മുൻകാലങ്ങളിലേതുപോലെ ഇപ്പോഴും അനുവർത്തിച്ചു വരുന്നു. ഈ രീതി തുടരുന്നത് ഭാഗ്യക്കുറി വില്പനയിലെ വൻ സാമ്പത്തിക ലാഭം ചെറുകിട വിൽപ്പനക്കാർക്ക് ലഭിക്കാതെ വൻകിട ഏജന്റ്മാർ നേരിട്ട് റീട്ടെൽ വിൽപ്പന നടത്തി നേടുന്ന സാഹചര്യം ഉണ്ടാവുന്നു. കൂടാതെ ഭാഗ്യക്കുറിടിക്കറ്റുകൾ അവസാന നാല് അക്കങ്ങൾ ഒരുപോലെ വരത്തക്ക വിധംക്രമീകരിച്ച് അനുവദനീയമല്ലാത്ത വിധം സെറ്റാക്കി വിൽപ്പന നടത്തുന്നതും സാമൂഹ്യ മാധ്യമങ്ങൾ ഉപയോഗിച്ച് നിയമവിരുദ്ധമായി ഓൺലൈൻ വിൽപ്പന നടത്തുന്നതും വ്യാപകമാണ്. ഇത്തരം ആശാസ്യമല്ലാത്ത ടിക്കറ്റ് വിൽപ്പന രീതികൾ നിലരാലംബരും, രോഗികളും, വൃദ്ധരും അടങ്ങുന്ന സമൂഹത്തിലെ പാർശ്വവൽകൃത ജനവിഭാഗത്തിന് "ജീവിക്കാനൊരു തൊഴിൽ പ്രദാനം ചെയ്യുക" എന്ന സർക്കാരിന്റെ മഹത്തായ ലക്ഷ്യത്തെ പിന്നോട്ട് അടിപ്പിക്കുന്നു.

അന്യസംസ്ഥാന ലോട്ടറികളുടെ കടന്നുകയറ്റം തടയുന്നതിന് നിയമനിർമ്മാണത്തിലൂടെയും കോടതി വ്യവഹാരങ്ങളിലൂടെയും സർക്കാരിന് സാധിച്ചിട്ടുണ്ട്. ചെറുകിട ഏജന്റുമാർക്ക് ആവശ്യത്തിന് ടിക്കറ്റുകൾ അനുവദിക്കുന്നതിനും, അനഭിലഷണീയ പ്രവണതകൾ തടയുന്നതിനുമായി വിൽപ്പന കൂടുതലുള്ള ജില്ലകളിൽ കൂടുതൽ സബ് ഓഫീസുകൾ ആരംഭിക്കാവുന്നതാണ്. വകുപ്പിന്റെ പ്രവർത്തനത്തിൽ അനാവശ്യമായി ഇടപെടുന്ന UDF സർക്കാർ രൂപീകരിച്ച ജില്ലാതല ഉപദേശക സമിതിയുടെ പ്രവർത്തനം അവസാനിപ്പിക്കുകയോ, ഭരണപരമായ കാര്യങ്ങളിലെ അനാവശ്യമായ ഇടപെടലുകൾ ഒഴിവാക്കുകയോ അതിനനുസരിച്ച് സമിതികൾ പുനഃസംഘടിപ്പിക്കുകയോ ചെയ്യുന്നത് അഭികാമ്യമാണ്. ടിക്കറ്റ് വില്പന വർദ്ധിച്ചിട്ടുണ്ടെങ്കിലും ബാങ്ക് അവധി ദിവസങ്ങളിലെ പ്രവർത്തനം സാമ്പത്തിക ഇടപാടുകളിൽ സാങ്കേതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിനാൽ ഞായറാഴ്ച നറുക്കെടുപ്പും അവധി ദിവസങ്ങളുടെ ഓഫീസ് പ്രവർത്തനവും ഒഴിവാക്കാവുന്നതാണോ എന്ന് പരിശോധിക്കേണ്ടതാണ്. ബാങ്കുകൾക്ക് തുല്യമായ പണമിടപാടുകൾ നടത്തുന്ന ഭാഗ്യക്കുറി ഓഫീസുകളിൽ കോടിക്കണക്കിന് രൂപയുടെ വിപണിമൂല്യമുള്ള ടിക്കറ്റുകളും സമ്മാനാർഹമായ ടിക്കറ്റുകളും ലക്ഷക്കണക്കിന് രൂപയും സൂക്ഷിക്കേണ്ടി വരുന്ന സാഹചര്യത്തിൽ രാത്രികാല സുരക്ഷ ഉപ്പാക്കേണ്ടത് അതീവ ഗൗരവമുള്ള വിഷയമാണ്.

---

Mob: 9446132288

# 48

## ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്

ഗിരീഷ് കുമാർ

ജനങ്ങളിൽ മിതവ്യയവും സമ്പാദ്യശീലവും വളർത്തി അപ്രകാരം സമാഹരിക്കപ്പെടുന്ന തുക വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിഭവ സമാഹരണത്തിനായി വിനിയോഗിക്കുകയാണ് ദേശീയ സമ്പാദ്യ പദ്ധതിയുടെ ലക്ഷ്യം. കേന്ദ്ര സർക്കാറിന്റെ പൂർണ്ണ ഉത്തരവാദിത്വത്തിൽ നടത്തപ്പെടുന്ന ഈ പദ്ധതി പ്രകാരം ഓരോ സംസ്ഥാനത്തു നിന്നും സമാഹരിക്കുന്ന മിച്ച നിക്ഷേപത്തിന്റെ 100% വരെ അതത് സംസ്ഥാനങ്ങൾക്ക് ദീർഘകാല വായ്പയായി ലഭിക്കുന്നു. അതിനാൽ സംസ്ഥാന സർക്കാറുകൾ ദേശീയ സമ്പാദ്യ പദ്ധതിയുടെ പ്രചരണത്തിനും നിക്ഷേപ സമാഹരണത്തിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നു.

വകുപ്പിന് തനതായി താഴെ തട്ടിൽ ജീവനക്കാരില്ല. അവരെല്ലാം ധനകാര്യ-റവന്യൂ വകുപ്പിൽ നിന്നുള്ളവരാകയാൽ അടിക്കടിയുള്ള സ്ഥലം മാറ്റവും നിയന്ത്രണ പരിമിതിയും വകുപ്പിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. P&ARD ഇത് സംബന്ധിച്ച് ഒരു പ്രവൃത്തി പഠനം നടത്തിയിരുന്നു. വകുപ്പിൽ ഗസറ്റഡ് തസ്തികയിൽ നേരിട്ട് വരുന്ന ഉദ്യോഗസ്ഥന് സ്ഥാനകയറ്റ സാധ്യത വളരെ കുറവാണ്. വകുപ്പിലെ നിലവിലെ ഏജന്റുമാർ ശരാശരി 60 വയസ്സിനു മേൽ പ്രായം ഉള്ളവരാകയാൽ ഫലപ്രദമായി മാനവ വിഭവ ശേഷി വിനിയോഗിക്കുന്നതിന് പരിമിതി ഉണ്ട്.

മിനിസ്റ്റീരിൽ സ്റ്റാഫ് ഉൾപ്പെടെയുള്ള സ്റ്റാഫുകളെ അധികമെന്ന് കണ്ടെത്തുന്ന വകുപ്പുകളിൽ നിന്ന് നിയമിച്ച് സ്ഥിരത ഉറപ്പ് വരുത്താവുന്നതാണ്. നിലവിലെ ഏജന്റുമാർക്ക് അധിക സേവനത്തിന് പ്രതിഫലം നൽകുന്നതിനാൽ നിലവിലെ ഏജന്റുമാരുടെ സേവനം സർക്കാരിന്റെ വാതിൽപ്പടി സേവനത്തിന് വിനിയോഗിക്കാവുന്നതാണ്. സ്വയം തൊഴിൽ സംരംഭമാകയാൽ നിലവിലെ ഏജന്റുമാരെ സേവിങ് ക്ലാസ്സ് ആയി നില നിർത്തി പുതിയ ഏജന്റുമാരെ നോൺ-റെമ്യൂണറേഷൻ സ്കീമിൽ ഉൾപ്പെടുത്താവുന്നതാണ്. സ്റ്റുഡന്റ്സ് സേവിങ് സ്കീം രൂപകൽപന ചെയ്ത പോലെ ഏജന്റുമാരെ സേവനം പ്രയോജനപ്പെടുത്തി സംസ്ഥാന ട്രഷറിയിൽ നേരിട്ട് തുക എത്തിക്കത്തക്കതായ പദ്ധതി ആവിഷ്ക്കരിക്കാവുന്നതാണ്.

ഡെപ്യൂട്ടി ഡയറക്ടർ, ദേശീയ സമ്പാദ്യ പദ്ധതി, 9497212697

# 49

## മോട്ടോർ വാഹന വകുപ്പ്

സേവനം മെച്ചപ്പെടുത്തൽ, ജനസൗഹൃദ സേവനം ഉറപ്പാക്കൽ

കേരള സംസ്ഥാന രൂപീകരണത്തിന് ശേഷം 1958ൽ ഇ.എം.എസ് സർക്കാരാണ് മോട്ടോർ വാഹന വകുപ്പ് രൂപീകരിച്ചത്. വാഹന നികുതി പിരിക്കുക, ലൈസൻസ് നൽകുക തുടങ്ങിയ പരിമിതമായ ലക്ഷ്യമേ ആരംഭഘട്ടത്തിലുണ്ടായിരുന്നുള്ളൂ. മോട്ടോർ വാഹന നികുതി നിയമം 1976 ലും കേരള മോട്ടോർ വാഹന നിയമം 1988 ലുമാണ് ഉണ്ടാകുന്നത്. അവിടെ നിന്നും വകുപ്പ് ഏറെ വളരുകയും സേവന മേഖല വിപുലപ്പെടുകയും കേന്ദ്ര നിയമങ്ങളും പുതിയ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കേണ്ടി വരികയും ചെയ്തു.

തിരുവനന്തപുരത്ത് ട്രാൻസ്പോർട്ട് കമ്മീഷണറേറ്റാണ് ആസ്ഥാന കാര്യാലയം. അതിനു കീഴിൽ 4 സോണൽ ഓഫീസുകൾ, 18 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ, 68 സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ, 19 ചെക്ക് പോസ്റ്റുകൾ, 14 എൻഫോഴ്സ്മെന്റ് ഓഫീസുകൾ, 1 ഡ്രൈവിംഗ് പരിശീലന ഗവേഷണ കേന്ദ്രം (IDTR) എന്നിങ്ങനെ ഓഫീസ് ശൃംഖലയും ട്രാൻസ്പോർട്ട് കമ്മീഷണർ മുതൽ താഴേക്ക് 2648 ജീവനക്കാരുമടങ്ങിയതാണ് വകുപ്പിന്റെ ഘടന. മോട്ടോർ ട്രാൻസ്പോർട്ട് വകുപ്പിൽ വർക്ക് സ്റ്റഡി നടത്തി തസ്തിക പുനർവിന്യാസം നടത്തിയിട്ടില്ലാത്തതിനാൽ വിവിധ ഇടങ്ങളിൽ ജോലി ഭാരത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാവുകയും സേവനങ്ങൾ കാലതാമസം നേരിടുകയും അഴിമതി ഉണ്ടാക്കുകയും ചെയ്യുന്നു. കൂടാതെ കേന്ദ്ര-സംസ്ഥാന നിയമങ്ങളിലെ കാലഹരണപ്പെട്ടതും അപ്രായോഗികവും ജനസൗഹൃദമല്ലാത്തതുമായ ചട്ടങ്ങളും വ്യവസ്ഥകളും പുത്തൻതലമുറ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വിഘാതം ഉണ്ടാക്കുന്നു. ലഭ്യമായ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ ശരിയായ ഉപയോഗവും പരിപാലനവും മികച്ച

പരിശീലനത്തിന്റെ അഭാവം മൂലം പ്രയോജനപ്രദമാകുന്നില്ല വിവിധ വകുപ്പുകളുടെ കൈവശമുള്ള ഡാറ്റാബേസ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അപേക്ഷിച്ച ദിവസം തന്നെ ആർ.സി ബുക്ക് അനുവദിക്കൽ, ടെസ്റ്റ് കഴിഞ്ഞ ദിവസം തന്നെ ലൈസൻസ് അനുവദിക്കൽ, തുടങ്ങി വിവിധ പ്രവർത്തനങ്ങൾ അനുകരണീയവും മാതൃകാപരവുമാണ്. സേവനങ്ങൾക്ക് യൂസർഫീ ഈടാക്കുന്നുണ്ടെങ്കിലും ഭൗതികസാഹചര്യങ്ങൾ ഇനിയുമേറെ വികസിപ്പിക്കാൻ ഉണ്ട്. ലഭ്യമായ ഉപകരണങ്ങളുടെ ഫലപ്രദമായ വിനിയോഗം പോലെ തന്നെ ഇന്റർനെറ്റ് ലഭ്യതയും ഓഫീസ് സൗകര്യങ്ങൾ വിപുലപ്പെടേണ്ടതിന്റെ ആവശ്യവും ഏറെയാണ്. ഉപഭോക്തൃ സൗഹൃദമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഇതിനായി ഭാഗികമായി ഓൺലൈൻ ആക്കിയ സേവനങ്ങൾ പൂർണമായും ഓൺലൈനാക്കുന്നതിന് നടപടികൾ വേണം. വകുപ്പ് നൽകുന്ന സേവനങ്ങൾ സംബന്ധിച്ച പ്രചരണം ഉറപ്പാക്കണം. പേപ്പർ സേവനങ്ങൾ പോലെ പ്രധാനമാണ് പൗരൻമാർ ഓഫീസിൽ വരാതെ അവർക്ക് സേവനം ലഭ്യമാക്കുന്നതും. ആയത് പൂർത്തീകരിക്കുന്നതിന് ആവശ്യമായ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുക പ്രധാനമാണ്. ഉപഭോക്തൃ സൗഹൃദ സേവനങ്ങൾക്കായി ആധുനിക കാലത്തിനനുസൃതമായ സോഫ്റ്റ്വെയറുകൾ ലഭ്യമാക്കേണ്ടതുണ്ട്. ഹെൽപ്പ് ഡെസ്ക്, കുടുംബശ്രീ വഴി നടപ്പാക്കിയും ഇ-സേവാ കേന്ദ്രങ്ങൾ ആരംഭിച്ചും സേവനം മെച്ചപ്പെടുത്തേണ്ടതാണ് വരുമാന വർദ്ധനവിന് ആവശ്യമായ നടപടികൾ ഉറപ്പാക്കണം. നികുതി കുടിശ്ശിക പിടിച്ചെടുക്കുന്നതിന് ടാക്സേഷൻ വിംഗ് രൂപീകരിക്കണം. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്ക് കൂടുതൽ പ്രചരണം നൽകി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിയണം. സോഫ്റ്റ്വെയർ/പോർട്ടൽ/സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് സംസ്ഥാനത്തിന് ഫീസ്/ ടാക്സ്/സെസ് എന്നിവ കൃത്യമായി ലഭിക്കുന്നതിനുള്ള നടപടിയെടുക്കണം. ഓട്ടോമാറ്റഡ് സേവനങ്ങൾ ആരംഭിക്കണം. അഴിമതി നിർമ്മാർജ്ജനത്തിനായി ഉദ്യോഗസ്ഥ പുനർവിന്യാസം വഴി ജോലിഭാരം കുറയ്ക്കണം. പൂർണ്ണമായും അഴിമതി വിമുക്തമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ അടിയന്തിരമായി നടപ്പിലാക്കണം. വകുപ്പിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ ഇടനിലക്കാരില്ലാതെ ജനങ്ങളിലേക്കെത്തിക്കുവാൻ കഴിയണം. കൃത്യമായ ബോധവൽക്കരണം, കുറ്റക്കാർക്കെതിരെ കർശന നടപടികൾ എന്നിവ കൃത്യമായി ഉറപ്പാക്കണം. ഐ.എസ്.ഒ മാതൃകയിൽ വകുപ്പിലെ സ്ഥാപനങ്ങൾക്കും സേവനങ്ങൾക്കും ഗ്രേഡിംഗ് നൽകുന്നത് സേവനം മെച്ചപ്പെടുത്തുന്നതിന് സഹായകമാവും. വകുപ്പിന്റെ സേവനങ്ങൾ സമയബന്ധിതമായും കാര്യക്ഷമതയോടെയും ലഭ്യമാക്കുന്നതിന് നൂതന സാങ്കേതികവിദ്യകൾ, ഡിജിറ്റൽ ഗവേണൻസിന്റെ പശ്ചാത്തലത്തിൽ വ്യാപകമായി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ഓഫീസുകളുടെ പ്രവർത്തനങ്ങൾ സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാവുമ്പോൾ മികച്ച സേവന പ്രദാനം ഉറപ്പു വരുത്തുവാൻ കഴിയും. ജനസൗഹൃദവും സുതാര്യവും സമയബന്ധിതവുമായ സേവനം ഉറപ്പു വരുത്തുകയും, സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചക്കായി പരമാവധി പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്യുക എന്ന ദ്വിമുഖ സമീപനമാണ് വൈജ്ഞാനിക ഭരണനിർവ്വഹണത്തിന്റെ ഭാഗമായി വകുപ്പ് സ്വീകരിക്കുന്നത്.

എം. വിശാഖ്, ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, Mob: 9895110091, E-mail: m.visakh@gmail.com

50

## ജലഗതാഗത വകുപ്പ്

ജ്യോതീശ്വരൻ കെ.

കേരളസംസ്ഥാനം രൂപീകൃതമാകുന്നതിന് മുൻപ് തിരുവിതാംകൂറും കൊച്ചിയും കേന്ദ്രീകരിച്ച് ലിമിറ്റഡ് കമ്പനികളും വ്യക്തികളും ആയിരുന്നു ബോട്ട് സർവീസ് നടത്തിയിരുന്നത്. 1958ൽ കേരള വാട്ടർ ട്രാൻസ്പോർട്ട് കോർപ്പറേഷൻ രൂപീകൃതമായി നഷ്ടത്തെ തുടർന്ന് 1965ൽ കോർപ്പറേഷൻ ലിക്യുഡേറ്റ് ചെയ്തു .1966ൽ സ്റ്റേറ്റ് ഇൻലാൻഡ് വാട്ടർ ട്രാൻസ്പോർട്ട് സർവീസ് എന്ന പേരിൽ ബോർഡ് രൂപീകരിച്ച് സർവീസ് പുനരാരംഭിച്ചു. 1968 ജൂൺ ഏഴാം തീയതി ഇന്ന് കാണുന്ന വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ് നിലവിൽ വന്നു. ആലപ്പുഴ, കോട്ടയം, എറണാകുളം, കൊല്ലം, കണ്ണൂർ കാസർഗോഡ് എന്നീ ജില്ലകളിലെ ജലപാതകളെ ബന്ധിപ്പിച്ചുകൊണ്ട് ശ്രീ ഇമ്പിച്ചി ബാവ ഗതാഗത മന്ത്രി ആയിരിക്കെയാണ് ജലഗതാഗത വകുപ്പ് രൂപീകൃതമാകുന്നത്. വകുപ്പിന്റെ ഡയറക്ടറേറ്റ് ആലപ്പുഴയിൽ നിലവിൽ വന്നു.

വെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശങ്ങളിലെ ജനങ്ങൾക്ക് മെച്ചപ്പെട്ട യാത്രാസൗകര്യം ഏർപ്പെടുത്തുക, ചരക്ക് ഗതാഗതം സാധ്യമാക്കുക, വിനോദസഞ്ചാരത്തിന് ഉതകുന്ന യാത്രകൾ സംഘടിപ്പിക്കുക എന്നിവയാണ് വകുപ്പിന്റെ സേവന മേഖല. വകുപ്പിന്റെ തലവൻ ഡയറക്ടർ ആണ്. മൂന്ന് വിഭാഗങ്ങൾ വകുപ്പിനുണ്ട്. 113 ജീവനക്കാരുൾപ്പെട്ട മിനിസ്റ്റീരിയൽ വിഭാഗം നാല് മേഖല കാര്യാലയങ്ങൾ, 14 സ്റ്റേഷ

നുകളിൽ 890 ഓപ്പറേറ്റിംഗ് വിഭാഗ ജീവനക്കാർ, റിപ്പയർ ആൻഡ് മെയിന്റനൻസ് വിഭാഗത്തിൽ 116 ജീവനക്കാർ എന്നിങ്ങനെ 1119 ജീവനക്കാർ ഉൾപ്പെടുന്നതാണ് കേരള സംസ്ഥാന ജലഗതാഗത വകുപ്പ്. പൊതുജനങ്ങൾക്കായി ഏറ്റവും ചെലവ് കുറഞ്ഞ യാത്രയാണ് ജലഗതാഗത വകുപ്പ് നടത്തുന്നത്, 55 ഷെഡ്യൂളുകളും 5 റസ്ക്യൂ ബോട്ടുകളും രണ്ടു വാട്ടർ ടാക്സിയുമാണ് വകുപ്പിന് ഉള്ളത്. പ്രതിദിനം 80,000 പേർക്ക് സാധാരണഗതിയിൽ യാത്രാസൗകര്യം ഒരുക്കുന്നു .ആദ്യകാലങ്ങളിൽ പരമ്പരാഗത രീതിയിലുള്ള തടി ബോട്ടുകളാണ് വകുപ്പ് ഉപയോഗിച്ചിരുന്നത് എന്നാൽ ഇപ്പോൾ സ്റ്റീൽ ബോട്ടുകളുടെ ഉപയോഗത്തിലേക്ക് വകുപ്പ് കടന്നിട്ടുണ്ട് 31 തടി ബോട്ടുകളും 60 സ്റ്റീൽ ബോട്ടുകളും 12 ഫൈബർ ബോട്ടുകളും ആണ് വകുപ്പിനുള്ളത്,

കോവളം മുതൽ കാസർകോട് വരെയുള്ള ചെലവ് കുറഞ്ഞ ചരക്ക് ഗതാഗതം സാധ്യമാകുവാൻ വകുപ്പിന് കഴിയും വിനോദസഞ്ചാര മേഖലയിലും അനന്തമായ സാധ്യതകളാണ് ഉള്ളത്, പൂർണമായും സൗരോർജ്ജത്തിലേക്ക് മാറുക വഴി ഇന്ധന ലാഭവും മലിനീകരണം കുറഞ്ഞതുമായ, പരിസ്ഥിതി സൗഹൃദ യാത്രകൾ സാധ്യമാക്കാൻ കഴിയും. രാജ്യത്തെ ആദ്യ സോളാർ ഫെറി, ജല ആംബുലൻസ് വാട്ടർ ടാക്സി, ടൂറിസ്റ്റ് കം പാസഞ്ചർ കറ്റാമറയിൻ ബോട്ട്, എന്നിവ വകുപ്പിലെ വൈവിധ്യവൽക്കരണത്തിന്റെ ഉദാഹരണങ്ങളാണ്, റോ-റോ കാർഗോ സർവീസ് നിർമ്മാണത്തിലാണ്, കരയിലും ജലത്തിലും ഓടിക്കാവുന്ന വാട്ടർ ബസ്, ഫ്ലോട്ടിങ് റസ്റ്റോറന്റ് കം ബിവറേജ് എന്നിവ സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

1975ലെ സ്പെഷ്യൽ റൂളാണ് വകുപ്പിൽ നിലവിലുള്ളത്, ആയതിനാൽ അടിയന്തരമായി സ്പെഷ്യൽറൂൾ പരിഷ്കരണം നടപ്പിൽ വരുത്തേണ്ടതുണ്ട്, 2010 KIV (കേരള ഇൻലാൻഡ് വെസ്സൽസ്) റൂളിലെ അപാകത വകുപ്പിൽ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നു, വകുപ്പിലെ പ്രധാനപ്പെട്ട ഒരു തസ്തികയായ 'ബോട്ട് മാസ്റ്റർ'ന് ലൈസൻസ് നൽകുന്നത് നിലവിൽ കേരള മാരിടൈംബോർഡാണ് എന്നാൽ പ്രസ്തുത റൂളിൽ പരാമർശം ഇല്ലാത്തതിനാൽ ബോട്ട് മാസ്റ്റർ തസ്തികയ്ക്ക് നിലവിൽ ലൈസൻസ് നൽകുന്നില്ല, ആയത് പരിഹരിക്കപ്പെടേണ്ടതാണ്, വകുപ്പിലെ സ്റ്റേഷനുകളിൽ ശുചിമുറി അടക്കമുള്ള അടിസ്ഥാന സൗകര്യത്തിന്റെ അപര്യാപ്തത പരിഹരിക്കേണ്ടതാണ്. ബോട്ടുകളിലും സ്റ്റേഷനുകളിലും ശുചിമുറി അടക്കമുള്ള അടിസ്ഥാന സൗകര്യ വികസനം നടപ്പിൽ വരുത്തേണ്ടതാണ്.

കാര്യക്ഷമത, ഗുണമേന്മ, ആധുനികത എന്നിവ ഉറപ്പാക്കുന്നതിനാവശ്യമായ വിധത്തിൽ വകുപ്പിനെ ശക്തിപ്പെടുത്തണം. സംസ്ഥാനത്തിന്റെ പുരോഗതിക്കുതകുംവിധം ജന യാത്ര സൗഹൃദ, ചരക്ക് നീക്ക സൗഹൃദ, വാട്ടർ വേ നെറ്റ് വർക്ക് ഏർപ്പെടുത്തുകയും, സുരക്ഷിത - അപകടരഹിത യാത്ര ഉറപ്പ് വരുത്തുകയും വേണം. എല്ലാ വിഭാഗം ജീവനക്കാർക്കും കാര്യക്ഷമതാ വികസന പരിശീലനം നൽകണം.

ഉൾനാടൻ ചരക്ക് ഗതാഗതത്തിനായി വകുപ്പിനെ കൂടുതൽ പ്രാപ്തമാക്കേണ്ടതുണ്ട്. സാങ്കേതിക മികവിന്റെ അപര്യാപ്തകൾ, യാത്രക്ക് എടുക്കുന്ന സമയക്കൂടുതൽ എന്നിവ പരിഗണിക്കേണ്ടതുണ്ട്. ദേശീയ ജലപാതയുടെ സാധ്യതകൾ കണക്കിലെടുത്തും വിഴിഞ്ഞം തുറമുഖം പ്രവർത്തനക്ഷമമാകുന്നതും ഉൾക്കൊണ്ട് കേരളത്തിന്റെ സമഗ്ര പുരോഗതിക്ക് ചാലക ശക്തിയാകുവാൻ വകുപ്പിനെ ആധുനികവത്കരിക്കേണ്ടതുണ്ട്.

ബോട്ട് ലാസ്കർ, ജലഗതാഗത വകുപ്പ്. ആലപ്പുഴ

## 51

# നവകേരള ഭരണ നിർവ്വഹണം സംസ്ഥാന ജലഗതാഗത വകുപ്പ്

ജ്യോതീശ്വരൻ കെ.

ജലഗതാഗതവകുപ്പിനെ സംബന്ധിച്ചു മുൻകാല പഠനങ്ങൾ, റിപ്പോർട്ടുകൾ, കണ്ടെത്തലുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് ഈ പ്രബന്ധം. ആഴം കൂട്ടിയും, പോള നീക്കം ചെയ്തും, ബോയ്കൾ സ്ഥാപിച്ചും ജലപാതകൾ സംരക്ഷിക്കേണ്ടതുണ്ട്. ജല ആംബുലൻസ് നിലവിൽ ഉപയോഗിക്കുന്ന റെസ്ക്യൂ ആൻഡ് ഡൈവ് ബോട്ടിന്റെ ഘടന പരിഷ്കരിച്ച് ജല ആംബുലൻസ് കം വാട്ടർ ടാക്സി എന്ന രൂപത്തിൽ വെള്ളപ്പൊക്ക പ്രദേശത്തുനിന്ന് ജനങ്ങളെ രക്ഷിക്കാൻ കഴിയുന്ന തരത്തിൽ, രക്ഷാപ്രവർത്തനത്തിന് ഉതകും വിധം തയ്യാറാക്കി കൂടുതൽ ഉൾപ്രദേശങ്ങളിലേക്ക് പദ്ധതിയുടെ ഗുണം ലഭിക്കുന്ന രീതിയിൽ നടപ്പാക്കേണ്ടതുണ്ട്. കുട്ടനാട്ടിൽ അടക്കം വളരെ പെട്ടെന്ന് വെള്ളം ഉയരുന്ന സാഹചര്യമുണ്ടായാൽ ഉൾപ്രദേശങ്ങളിലേക്ക് കടന്നുചെന്ന് രക്ഷാപ്രവർത്തനം നടത്താൻ ഇത്തരം ജല ആംബുലൻസുകൾക്ക് കഴിയും ജലഗതാഗത വകുപ്പ് ജീവനക്കാർക്ക് പരിശീലനം നൽകി ഇത്തരം പ്രദേശങ്ങളിലെ രക്ഷാപ്ര

വർത്തനത്തിനുള്ള ടാസ്ക് ഫോഴ്സ് ആയി "മഴ- വെള്ളപ്പൊക്ക" സീസണിൽ ഉപയോഗിക്കാവുന്നതാണ് ജലത്തിൽ പരിശീലനം ലഭിച്ചിട്ടുള്ള വകുപ്പ് ജീവനക്കാർക്ക് ഇത്തരം പ്രവർത്തികൾ അനായാസം ചെയ്യുവാനും സാധിക്കും. ജലഗതാഗത വകുപ്പ് വിനോദസഞ്ചാര മേഖലയിൽ, ഫ്ലോട്ടിംഗ് റസ്റ്റോറന്റ്, ഫ്ലോട്ടിംഗ് ലൈബ്രറി എന്നിവ പരീക്ഷണാടിസ്ഥാനത്തിൽ ചെയ്യാവുന്നതാണ്. സ്ത്രീ സൗഹൃദ പദ്ധതിയായി ഫ്ലോട്ടിംഗ് റസ്റ്റോറന്റ്. ജലഗതാഗത വകുപ്പിന്റെ ബോട്ടും ജീവനക്കാരും, സംസ്ഥാന കുടുംബ്രശീ മിഷന്റെ ഹോട്ടൽ നടത്തിപ്പിന് പരിശീലനം സിദ്ധിച്ചിട്ടുള്ളതോ വായ്പ ലഭിച്ചിട്ടുള്ളതോ ആയ വനിതാ സംഘങ്ങളും ചേർന്നുകൊണ്ട് ഫ്ലോട്ടിങ് റസ്റ്റോറന്റ് നടത്താവുന്നതാണ്. കായൽ സൗന്ദര്യം ആസ്വദിച്ചു കൊണ്ട് ഭക്ഷണം കഴിക്കുവാൻ വിദേശ-ആഭ്യന്തര ടൂറിസ്റ്റുകൾ എത്തിച്ചേരും. ടി പദ്ധതി സ്ത്രീ ശാക്തീകരണത്തിന് ഉപയോഗിക്കാവുന്ന വിധത്തിൽ വനിതകൾ ഏറ്റെടുക്കും. കായൽ സൗന്ദര്യം ആസ്വദിച്ചുകൊണ്ട് പുസ്തക വായനയ്ക്കായി ഫ്ലോട്ടിംഗ് ലൈബ്രറി (സഞ്ചരിക്കുന്ന- ഒഴുകുന്ന വായനശാല) സൃഷ്ടിക്കുവാൻ വകുപ്പിന് കഴിയും ജലഗതാഗതാവകുപ്പ് ബോട്ടും, ജീവനക്കാരും, പുസ്തകവും അനുബന്ധ ഉപകരണങ്ങളും നഗരസഭ ഏറ്റെടുത്താൽ "അഴകോടെ ആലപ്പുഴ എന്ന നഗരസഭയുടെ പ്രോജക്റ്റുമായി ക്ലബ്ബ് ചെയ്തു കൊണ്ട് പൈലറ്റ് പദ്ധതിയായി ആലപ്പുഴയിൽ തന്നെ പരീക്ഷണാടിസ്ഥാനത്തിൽ നടത്താവുന്നതാണ്.

ബോട്ട് ലാസ്കർ, സംസ്ഥാന ജലഗതാഗത വകുപ്പ്, ആലപ്പുഴ ഫോൺ: 8089108118, kottarathileswaran@gmail.com

52

# ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം

ജെറോഷ് കുമാർ വി.

1967 ൽ സംസ്ഥാന സർക്കാർ ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗത്തെ സ്വതന്ത്ര ചുമതലയുള്ള ഒരു വിഭാഗമായി രൂപീകരിച്ചു വകുപ്പ് തലവനായി ചീഫ് ഹൈഡ്രോഗ്രാഫറെയും. 152 സ്ഥിരം ജീവനക്കാരുടെ തസ്തികകളാണ് വകുപ്പിന് അനുവദിച്ചിട്ടുള്ളത്. തിരുവനന്തപുരം കമലേശ്വരത്ത് ആസ്ഥാനമന്ദിരവും, കൊല്ലം ബേപ്പൂർ എന്നിവിടങ്ങളിൽ രണ്ടു റീജിയണൽ ഓഫീസുകളും, കണ്ണൂർ, പറവൂർ,ആലപ്പുഴ, നീണ്ടകര,വിഴിഞ്ഞം എന്നിവിടങ്ങളിൽ സബ് ഓഫീസുകളും നിലവിലുണ്ട്. ഹൈഡ്രോഗ്രാഫിക് അനുബന്ധ കോഴ്സുകൾ നൽകുന്നതിനു കിഹാസ് എന്ന ഇൻസ്റ്റിറ്റ്യൂട്ട് കൊച്ചിയിലും, മലപ്പുറം ജില്ലയിലെ പൊന്നാനിയിലും പ്രവർത്തിച്ചു വരുന്നു

5- sea going vessel ഉൾപ്പടെ ആധുനിക സർവ്വേ ഉപകരണങ്ങളായ ഡിജിപിഎസ്, ഇക്കോ സൗണ്ടർ, സൈഡ് സ്കാൻ സോണാർ, എടിജി കറണ്ട് മീറ്റർ, സൗണ്ട് വെലോസിറ്റി പ്രൊഫൈലർ, ഫ്ലോ മീറ്റർ, അണ്ടർ വാട്ടർ ക്യാമറ, സർവ്വേ സോഫ്റ്റ് വെയർ എന്നിവ ഉപയോഗിച്ച് അന്താരാഷ്ട്ര standard –ഓടെ പ്രവർത്തിക്കുന്ന വിദഗ്ധരായ സർവ്വേ ടീമിനെ ഉപയോഗിച്ച് കേരളത്തിന്റെ 590 കി.മീ കടലും ഉൾനാടൻ ജലാശയങ്ങളുടെയും ഹൈഡ്രോഗ്രാഫിക് സർവ്വേകൾ ഏറ്റെടുത്ത് നടത്തുന്നതോടൊപ്പം മറ്റ് സംസ്ഥാനങ്ങളിലെ ബാത്തിമെട്രിക് വർക്കുകളും സമയബന്ധിതമായി പൂർത്തിയാക്കുന്നു . മാരിടൈം സംസ്ഥാനമായ കേരളതീരത്തിന്റെ നിരീക്ഷണ പര്യവേഷണങ്ങൾ നടത്തി ഡാറ്റകൾ ഇന്ത്യൻ നേവിക്ക് നൽകികൊണ്ട് എൻ.എച്ച്.ഒ –ന്റെ ഒരു നോഡൽ ഏജൻസി ആയി ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ് പ്രവർത്തിക്കുന്നു. ഒപ്പം തന്നെ സംസ്ഥാനത്തെ ഫിഷറീസ്, ഹാബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്, കേരള മാരിടൈം ബോർഡ്, ടൂറിസം തുടങ്ങിയ വകുപ്പുകൾക്കും കേന്ദ്ര സംസ്ഥാന ഏജൻസികൾ ആയ കൊച്ചിൻ വാട്ടർ മെട്രോ, കൊച്ചിൻ ഷിപ്പ്യാർഡ്, കൊച്ചിൻ പോർട്ട് അതോറിറ്റി, CWRDM, NCESS എന്നിവയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരിവേഷണ പ്രവർത്തനങ്ങൾ സർക്കാർ നിശ്ചയിച്ച ഫീസ് വസൂലാക്കികൊണ്ട് ഡാറ്റകൾ ശേഖരിച്ച് നൽകുന്നു.

ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗത്തിന്റെ പ്രധാനപ്പെട്ട പദ്ധതികൾ കേരളത്തിലെ പ്രധാനപ്പെട്ട തുറമുഖങ്ങൾക്കും നിരീക്ഷണ സർവ്വേകൾ മൺസൂണിനു മുൻപും പിൻപുമായി വർഷത്തിൽ 2 പ്രാവശ്യം ഏറ്റെടുത്തു ഡാറ്റകൾ വിവിധ പദ്ധതികൾക്ക് നൽകി വരുന്നു. കേരളത്തിലെ സ്വപ്ന പദ്ധതികൾ ആയ ഏഴിമല നേവൽ അക്കാദമിയും അന്താരാഷ്ട്ര തുറമുഖമായ വിഴിഞ്ഞത്തിന്റെയും സാധ്യതകൾ HSW ന്റെ പര്യവേഷണത്തിന്റെ അടിസ്ഥാനത്തിൽ ആണ് കണ്ടെത്തിയത്

വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രധാന പ്രശ്നം ഹൈഡ്രോ ഗ്രാഫിക് സർവ്വേ വിഭാഗത്തെ ഒരു പ്രത്യേക വകുപ്പായി ഇതുവരെ പരിഗണിച്ചിട്ടില്ല എന്നുള്ളതാണ് സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റുകളിൽ വിഭാഗത്തിന് പ്രത്യേക ശീർഷകങ്ങളിൽ പദ്ധതി പദ്ധതിയേതര വിഭാഗങ്ങളിൽ അലോട്ട്മെന്റ് നൽകി വരുന്നു കൂടാതെ വകുപ്പിന്റെ റവന്യൂ

വരുമാനവും പ്രത്യേക ശീർഷകത്തിൽ ആണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് സ്വതന്ത്ര വകുപ്പായി ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗത്തെ മാറ്റേണ്ടതുണ്ട്.

കേരളത്തിലെ മുഴുവൻ ജലാശയങ്ങളെയും പാരിസ്ഥിതികമായി സംരക്ഷിച്ചു സമ്പൂർണ്ണ സുരക്ഷിതത്വത്തോടെയും സമഗ്രമായ വികസനത്തിന് ഉപയോഗിക്കുക എന്നതാണ് HSW ലക്ഷ്യം വക്കുന്നത്. ഇതിനായി വകുപ്പിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന ജലനേത്ര, ഹിംസിസ് എന്ന സോഫ്റ്റ്വെയർ ഉപയോഗിച്ച് കൊണ്ട് ജലാശയങ്ങളുടെ അടിത്തട്ടിന്റെ സമ്പൂർണ്ണ ഡിജിറ്റൽ മാപ്പിംഗ് തയ്യാറാക്കുകയും ജലാശയത്തിന്റെ അടിത്തട്ടിന്റെ ഘടന, മാലിന്യത്തിന്റെ തോത്, വെള്ളത്തിന്റെ ദിശ, ടോപോഗ്രഫിക് നിർമ്മിതികൾ എന്നിങ്ങനെ എല്ലാ കാര്യങ്ങളും ജലനേത്രയെന്ന വെബ്പോർട്ടൽ വഴി നിർവ്വഹണ ഡിപ്പാർട്ട്മെന്റുകൾക്കും അധികാരികൾക്കും മനസ്സിലാക്കുന്നതിനു പര്യാപ്തമാണ്. ഇത്തരത്തിൽ ഒരു പദ്ധതി രാജ്യത്തിൽ തന്നെ ആദ്യമായിട്ടാണ് രൂപപ്പെടുത്തുന്നത്. ഇതിനകം 60% ജലാശയങ്ങളുടെയും മാപ്പ് തയ്യാറാക്കിയിട്ടുണ്ട് .

ജലാശയങ്ങളുടെ DREDGING ഉൾപ്പടെയുള്ള എല്ലാ പ്രധാന പ്രവർത്തനങ്ങൾക്കും ഏകീകൃതമായ മാനദണ്ഡവും ശക്തമായ നിയമങ്ങളും ജലാശയങ്ങൾ ഉപയോഗിക്കുന്നവർക്കും അതിന്റെ ഉത്തരവാദിത്തപ്പെട്ട ഏജൻസികൾക്കും നൽകേണ്ടതാണ്. മേൽ നിയമങ്ങളും ചട്ടങ്ങളും അന്താരാഷ്ട്ര നിലവാരത്തിലുള്ള ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് നടപ്പിലാക്കിക്കൊണ്ട് സുരക്ഷിതമായും സുഗമമായും ജലാശയങ്ങളെ സംരക്ഷിക്കുന്നതിനു ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം വികസിപ്പിച്ച ജലനേത്ര സോഫ്റ്റ്വെയർ LSGD, FISHERIES, HED, IRRIGATION തുടങ്ങിയ പ്രധാനപ്പെട്ട ഡിപ്പാർട്ട്മെന്റുകളുടെയും മറ്റ് ഏജൻസികളുടെയും സഹായത്തോടെ നമ്മുടെ കടലിന്റെയും മറ്റ് ഉൾനാടൻ ജലാശയങ്ങളുടെയും സമഗ്രമായ വികസനത്തിന് ഉപയോഗപ്പെടുത്താൻ കഴിയുന്നതാണ് .

ചീഫ് ഹൈഡ്രോഗ്രാഫർ, 9446526505

53

# തുറമുഖ വകുപ്പ് (കേരളാ മാരിടൈം ബോർഡ്)

ജീവാനന്ദ് എം.

കേന്ദ്രനയത്തിന്റെ ചുവടു പിടിച്ച് കൊണ്ട് കേരള സർക്കാർ 2017-ലെ മാരി ടൈം ബോർഡ് ആക്ട് പ്രകാരം കേരളാ മാരിടൈം ബോർഡ് രൂപീകരിക്കുകയും അതിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ തുറമുഖങ്ങളുടെ വികസനവും നടത്തിപ്പും അനുബന്ധകാര്യങ്ങളും ചെയ്തു വരികയും ചെയ്യുന്നു.

മാരിടൈം ബോർഡ് രൂപീകരിച്ചതിനു ശേഷം ബോർഡിന്റെ ചട്ടങ്ങൾ ഫ്രെയിം ചെയ്യാത്തതും അതിനനുസരിച്ച് നിയമങ്ങൾ നടപ്പിൽ വരുത്താത്തതും ജീവനക്കാരുടെ പൂർണ്ണമായ വിഭവശേഷി ഉപയോഗിക്കുന്നതിന് തടസ്സമായിരിക്കുന്നു.ബോർഡ് തുറമുഖ വികസന ലക്ഷ്യങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് പുതിയ പ്രോജക്ടുകൾ രൂപീകരിച്ച് അതിനുള്ള ഫണ്ട് കണ്ടെത്തി നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

വികസന വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് തീരദേശ ചരക്ക് ഗതാഗതം പുനരാരംഭിക്കുകയും അതുവഴിയുള്ള ചരക്കു കടത്തിനുള്ള തടസ്സങ്ങൾ ദൂരീകരിക്കുകയും വേണം.കേരളത്തിലെ പ്രധാന തുറമുഖങ്ങളായ വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നിവയെ ബന്ധിപ്പിച്ചുകൊണ്ട് ലോജിസ്റ്റിക് സംവിധാനങ്ങൾ ഒരുക്കണം..കൊല്ലത്തും ബേപ്പൂരും ഷിപ്പിയാർഡ് / ബോട്ട് റിപ്പയറിംഗ് യാർഡ് തുടങ്ങിയവ ആരംഭിക്കണം. തീരദേശ മേഖലയിൽ ഉള്ള ബോർഡിന്റെ സ്ഥലങ്ങൾ ഉപയോഗപ്പെടുത്തി ടൂറിസം, മത്സ്യബന്ധനം, മൂല്യാധിഷ്ഠിത വ്യവസായ സംരംഭങ്ങൾ എന്നിവ വ്യവസായ/ ഫിഷറീസ് / ടൂറിസം വകുപ്പുകളുമായി ഏകോപിച്ച് വികസന പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കണം. കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ ആധുനികമായ കോഴ്സുകൾ ഉൾപ്പെടുത്തി കാലികമാക്കണം.

കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളിൽ ക്രൂ ചെയ്ഞ്ചിംഗ് ഫെസിലിറ്റി, ബംഗറിംഗ് ആൻഡ് പ്രൊവിഷനിംഗ് സപ്ളൈ എന്നിവ നടപ്പിലാക്കണം. ബോർഡിൽ ഈ ഗവേണൻസ് അടിയന്തിരമായി നടപ്പിലാക്കണം.

അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, മാരിടൈം ബോർഡ്, Mob: 9946298960

54

# ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

ശ്രീജി എം.

കേരളത്തിലെ തീരദേശ മേഖലയിലെ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്തു പൂർത്തിയാക്കുന്നതിന് രൂപീകൃതമായ വകുപ്പാണ് ഹാർബർ എൻജിനീയറിങ് വകുപ്പ്. തീരദേശത്തിന്റെ അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെ ധാരാളം പദ്ധതികൾ വകുപ്പ് ഏറ്റെടുത്ത് പൂർത്തീകരിച്ചു വരുന്നു. കേരളത്തിൽ ഉടനീളം മത്സ്യബന്ധന തുറമുഖങ്ങൾ, മത്സ്യ മാർക്കറ്റുകൾ, തീരദേശ റോഡുകൾ, പാലങ്ങൾ, മത്സ്യ വിത്ത് ഉൽപാദന കേന്ദ്രങ്ങൾ, തീരദേശ അനുബന്ധ ടൂറിസം പദ്ധതികൾ, മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ സൗകര്യങ്ങൾ എന്നിവ വകുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. മറൈൻ എൻജിനീയറിങ്ങിന്റെ അനന്തസാധ്യതകൾ ഉപയോഗിച്ച് തീരദേശ ജനതയുടെ ഉന്നമനത്തിനായി വകുപ്പ് അശ്രാന്തം പരിശ്രമിക്കുന്നു.

ഫിഷറീസ് സെക്ടറിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് അടിസ്ഥാന സൗകര്യ വികസനത്തിനായി നിലകൊള്ളുന്നതിന് വേണ്ടി 1982ൽ പോർട്ട് വകുപ്പിന്റെ ഭാഗമായിരുന്ന ഹാർബർ എൻജിനീയറിങ് വിങ്ങിനെ സ്വതന്ത്ര വകുപ്പായി രൂപീകരിച്ചു. വകുപ്പ് പ്രവർത്തനക്ഷമമാക്കിയ പതിനെട്ടും നിർമ്മാണത്തിൽ ഇരിക്കുന്ന ഏഴും മത്സ്യബന്ധന തുറമുഖങ്ങൾ കേരളത്തിൽ ഉണ്ട്. കൂടാതെ 33 ഫിഷ് ലാൻഡിങ് സെന്ററുകൾ പാലങ്ങൾ വിവിധ റോഡുകൾ എന്നിവയും വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ ആസ്ഥാനം തിരുവനന്തപുരം ജില്ലയിൽ കമലേശ്വരം എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്നു.

വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിന് കീഴിൽ 3 സർക്കിൾ ഓഫീസുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ സ്ഥിതി ചെയ്യുന്നു. അവയ്ക്കു കീഴിൽ 8 ഡിവിഷനുകൾ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ സ്ഥിതി ചെയ്യുന്നു. തിരുവനന്തപുരം, കൊല്ലം ഡിവിഷനുകൾ തിരുവനന്തപുരം സൗത്ത് സർക്കിളിന് കീഴിലും, ആലപ്പുഴ, എറണാകുളം എന്നിവ എറണാകുളം സെൻട്രൽ സർക്കിളിന് കീഴിലും മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നിവ കോഴിക്കോട് നോർത്ത് സർക്കിളിന് കീഴിലും പ്രവർത്തിക്കുന്നു. 24 സബ് ഡിവിഷനുകൾ വിവിധ ജില്ലകളിലായി സ്ഥിതി ചെയ്യുന്നു.

മറൈൻ സ്ട്രക്ചറുകളുടെ നിർമ്മാണത്തിൽ രാജ്യത്തെ പ്രധാന കൺസൾട്ടൻസിയായി ഹാർബർ എൻജിനീയറിംഗ് വകുപ്പിന് ഉയരാൻ കഴിയും. തീരദേശത്തെ എല്ലാ നിർമ്മാണങ്ങളുടെയും നിർവഹണ ഏജൻസിയായി HED യെ മാറ്റേണ്ടതുണ്ട്. വകുപ്പിലെ വിവിധ കാര്യാലയങ്ങൾക്കിടയിൽ തസ്തികകളുടെ എണ്ണത്തിൽ പ്രകടമായ അന്തരമുണ്ട്. ജോലിഭാരം വിലയിരുത്തി ആസ്ഥാന കാര്യാലയം മുതൽ ഏറ്റവും താഴെയുള്ള സബ്ഡിവിഷനുകളിൽ വരെ പ്രവർത്തികൾക്ക് അനുസൃതമായി തസ്തികകൾ പുനക്രമീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നിന്നും സാങ്കേതിക യോഗ്യതയുള്ളവർക്ക് ബ്ലൂപ്രിന്റർ തസ്തികയിൽ നിയമനം നേടി പര്യവേഷണകാലം പൂർത്തിയാക്കിയാൽ മൂന്നാംഗ്രേഡ് ഡ്രാഫ്റ്റ് മാൻ (സിവിൽ) തസ്തികയിൽ ബൈട്രാൻസ്ഫർ നിയമനം നേടുന്നതിന് സ്പെഷ്യൽ വ്യവസ്ഥ നിലനിൽക്കുന്നുണ്ട്. ആയത് മെക്കാനിക്കൽ, ഇലക്ട്രിക്കൽ, വിഭാഗത്തിൽ കൂടി നടപ്പിലാക്കുന്നതിനും മിനിസ്റ്റീരിയൽ വിഭാഗത്തിലെ മറ്റു ജീവനക്കാരിൽ നിന്നും സാങ്കേതിക യോഗ്യത നേടിയവർക്ക് കൂടി ബാധകമാക്കുന്നതിനും സ്പെഷ്യൽറൂൾ ഭേദഗതി ചെയ്യേണ്ടത് ആവശ്യമാണ്. സബ് ഡിവിഷനുകളുടെ അധികാരപരിധി ഭൂമിശാസ്ത്രപരമായി പുനപരിശോധിക്കേണ്ടതുണ്ട്.

മറൈൻ ഇൻഫ്രസ്ട്രക്ചർ രംഗത്ത് രാജ്യത്ത് ഇന്ന് പ്രവർത്തിക്കുന്ന ഏക സർക്കാർ വകുപ്പാണ് ഹാർബർ എൻജിനീയറിംഗ് വകുപ്പ്. മറൈൻ എൻജിനീയറിങ്ങിന്റെ അനന്തസാധ്യതകൾ ഉപയോഗിച്ച് തീരദേശ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഉതകുന്ന മാറ്റങ്ങൾ കൈവരിക്കുവാൻ ഒരു കൺസൾട്ടൻസിയായി വകുപ്പിനെ വളർത്തിയെടുക്കുക എന്നതാണ് ആത്യന്തികമായ ഉദ്ദേശലക്ഷ്യം. അതിന് ആവശ്യമായ പരിശീലനം ലഭിക്കേണ്ടതുണ്ട്. വകുപ്പിന്റെ ഘടനയിൽ സ്ഥിരമായ ഒരു പുനക്രമീകരണം ആവശ്യമായിട്ടുണ്ട്.

സീനിയർ ക്ലർക്ക്, ഹാർബർ എഞ്ചിനീയറിംഗ്, 8089714279

55

## വനം - വന്യജീവി വകുപ്പ്

സന്തോഷ് കുമാർ കെ.

വനത്തിനുള്ളിൽ താമസിക്കുന്ന സ്വയം സന്നദ്ധരായ ആദിവാസി ഇതര കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന പദ്ധതിയാണ് നവകിരണം പദ്ധതി. ഈ പദ്ധതി 2019 നവംബർ 14-ാം തീയതിയാണ് ആരംഭിച്ചിട്ടുള്ളത്. നിലവിൽ ഈ പദ്ധതി 26 വന ഡിവിഷൻ/ വന്യജീവി സങ്കേതങ്ങളിലായി നടപ്പാക്കി വരുന്നു. വനാന്തരങ്ങളിൽ ഒറ്റപ്പെട്ടു താമസിക്കുന്നവർക്കും, വന്യജീവി ആക്രമണം, പ്രകൃതി ദുരന്തം എന്നിവ നിരന്തരം അഭിമുഖീകരിക്കുന്നവർക്കും, മെച്ചപ്പെട്ട ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ മറ്റു അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭിക്കാത്ത ജനങ്ങൾക്കിടയിൽ നവകിരണം പദ്ധതി ഇതിനകം സ്വീകാര്യത നേടിയിട്ടുള്ളതാണ്. ഈ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിക്ക് ഓരോ അർഹതപ്പെട്ട കുടുംബത്തിനും 15 ലക്ഷം രൂപ വീതമാണ് പദ്ധതി തുകയായി നിശ്ചയിച്ചിട്ടുള്ളത്. പദ്ധതി പ്രദേശത്ത് താമസമില്ലെങ്കിലും ഭൂമിയുള്ളവർക്ക് ടി പദ്ധതിയിൽ അപേക്ഷിക്കാവുന്നതാണ്. പദ്ധതി പ്രദേശത്ത് താമസിക്കുന്ന അപേക്ഷകർക്ക് പദ്ധതിയുടെ അംഗീകൃത മാർഗ്ഗരേഖ പ്രകാരം ഉപയൂണിറ്റിന് അർഹതയുണ്ട്.

സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം പദ്ധതി പ്രദേശത്ത് താമസിക്കുന്ന ഓരോ കുടുംബങ്ങൾക്കും ഒറ്റത്തവണ ഉപജീവന സഹായ പരിശീലനം / നൈപുണ്യ നവീകരണ പരിശീലനം നൽകുന്നതിനുള്ള പദ്ധതിയും സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയിലൂടെ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി ഓരോ അർഹതപ്പെട്ട കുടംബങ്ങൾക്കും തയ്യൽ, ഡ്രൈവിംഗ്, ഇലക്ട്രിക്കൽ വർക്ക്, ഹോം നേഴ്സിംഗ് തുടങ്ങിയ ഉപജീവന സഹായ തൊഴിലുകൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഓരോ അർഹതപ്പെട്ട കുടുംബങ്ങൾക്കും 25,000/- രൂപ വരെ പരിശീലനം നൽകുന്നതിന് അനുവദിച്ചിട്ടുള്ളതാണ്. നാളിതുവരെ നവകിരണ പദ്ധതിയിൽ 586 കുടുംബങ്ങൾ ഗുണഭോക്താക്കളായിട്ടുണ്ട്. ഇതിൽ 374 കുടുംബങ്ങളെ പൂർണ്ണമായും വനാന്തരങ്ങളിൽ നിന്ന് പുനരധിവസിപ്പിക്കുകയുണ്ടായി. 212 കുടുംബങ്ങൾക്ക് പദ്ധതിയുടെ ആദ്യ ഗഡു നൽകുകയും ചെയ്തിട്ടുണ്ട്.

Mob: 9495200908

56

## Forest: Man- Animal Conflict

B.N. Nagaraj

Human–wildlife conflict is an increasing concern for conservationists. Increase in human population and its consequent demand for natural resources have led to degradation and fragmentation of natural habitats. This shift from co-existence to conflict has the potential to undermine existing and future conservation efforts, and also hinder the achievement of the Sustainable Development target. Human-wildlife conflict can have a negative impact, especially on rural areas, so far causing economic losses amounting to millions of rupees. As per the forest department's records, the people were paid a total compensation of Rs.784.8 crore. Intensive crop damage and the increasing frequency of animal attacks on both humans and their cattle have made communities less tolerant towards wildlife, mainly due to the emotional stigma attached. Mitigation of human-wildlife conflict is thus becoming one of the key issues of concern for both wildlife managers and the scientific community. Unfortunately human-wildlife conflict situations are often complex so are unlikely to be resolved quickly and cannot be solved solely by technical means. A common problem to date is that most interventions have been planned and implemented by organisations from outside an affected community without

clearly defined goals and objectives. For these reasons, mitigation of human–wildlife conflict is critical for successful and effective conservation in landscapes where wildlife and humans co-occur. Exclusion of wild animals by use of physical barriers can, in many situations, be an effective method of settling human-wildlife conflicts. If they are properly designed, constructed and maintained, that can be completely effective in preventing conflict between people and wild animals. This paper proposed to analyse what are the kinds of Man-Animal conflicts, the drawbacks of existing methods, the cost effective and public acceptable techniques to reduce the conflict, significant of Hanging Rope fencing technique and its success in terms of materials used and bearing cost.

Rtd. Deputy Conservator of Forests, Mob: 9447378780

57

# വനം വകുപ്പിൽ നേരിടുന്ന വെല്ലുവിളികൾ മറികടക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ

സന്തോഷ് കുമാർ കെ.

വനം വകുപ്പിന്റെ പ്രധാന വരുമാനമാർഗമാണ് sale of timber (തടി വില്പന) എന്നാൽ കൃത്യമായ പരസ്യങ്ങളില്ലാത്തതു കാരണം തടി വില്പന വൻകിട കച്ചവടക്കാരിൽ മാത്രമായി ചുരുങ്ങുന്നു. അത് കാരണം കോടിക്കണക്കിനു രൂപയുടെ തടികൾ ഡിപ്പോകളിൽ dump ചെയ്തിരുന്നതായി കാണാം. ഒരു ടിംബർ ഷോപ്പിംഗ് ഫെസ്റ്റിവൽ വർഷത്തിൽ ഒരിക്കൽ പൊതുജനങ്ങൾക്കായി സംഘടിപ്പിക്കുന്നതു വരുമാനം കൂട്ടുന്നതിന് സഹായിക്കും. നിലവിൽ വനം വകുപ്പ് നേരിടുന്ന വെല്ലുവിളിയാണ് മനുഷ്യ -വന്യ ജീവി സംഘർഷം. അതിനു പരിഹാരമായി അവസരോചിതമായി നടപടികൾ സ്വീകരിക്കുന്നതിന് വേണ്ടി പഞ്ചായത്ത് തലത്തിൽ അല്ലെങ്കിൽ വാർഡ് തലത്തിൽ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്. വന്യ ജീവികൾ മനുഷ്യവാസകേന്ദ്രത്തിൽ ഇറങ്ങുമ്പോൾ അവയെ ഓടിച്ചുവിടുന്നതിനുള്ള സംവിധാനം വാർഡ് തലത്തിൽ രൂപകൽപന ചെയേണ്ടതാണ്. മനുഷ്യ വന്യ ജീവി സംഘർഷം ഏതു ജീവിയിൽ നിന്നാണോ ആ ജീവിയെ vermin (ക്ഷുദ്ര ജീവിയായി) പ്രഖ്യാപിക്കണം. ഇതിനായി ഓരോ വാർഡിലും ഹോണററി വാർഡൻമാരെ പൊതുജനങ്ങളിൽ നിന്നും തിരഞ്ഞെടുത്തു നിയമിക്കാവുന്നതാണ്. മനുഷ്യന് ഭീഷണിയാകുന്ന കടുവ/പുലി, ആന എന്നീ ജീവികളെ പിടിച്ചു പാർപ്പിക്കുന്നതിനുള്ള പുനരധിവാസ പാർക്കുകൾ സ്ഥാപിക്കണം. ഇതിനു വേണ്ടിയുള്ള സ്പോൺസർമാരെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. നമ്മുടെ സംസ്ഥാനം ഏകദേശം 54 % വനമേഖല (forest cover) ആണ്. കാടും പുഴയും കുന്നും മലകളും വയലുകളും കുളങ്ങളും കായലുകളും കടൽത്തീരങ്ങളും ഉള്ള നമ്മുടെ സംസ്ഥാനത്തിന് വരുമാനം കൂട്ടാവുന്ന മേഖലയാണ് ഇക്കോടൂറിസം പദ്ധതി. വനം വകുപ്പ് ഈ മേഖലയിൽ വൻ പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു. (ഇക്കോടൂറിസം ഡയറക്ടറേറ്റ് വനം വകുപ്പിന്റെ കീഴിൽ കൊണ്ട് വരുന്നു) അതിനാൽ എല്ലാ പ്രദേശങ്ങളും ഇക്കോടൂറിസം സ്പോട്ടുകൾ ആക്കി ഇക്കോടൂറിസം വാർഡൻമാരെ താത്കാലികാടിസ്ഥാനത്തിൽ നിയമിക്കേണ്ടതും വളരെ തുച്ഛമായ ഫീസ് ഈടാക്കി അവ സംരക്ഷിക്കുകയും വാർഡൻമാർക്കുള്ള വരുമാനം നിജപ്പെടുത്തി ബാക്കി തുക സർക്കാരിലേക്കു കണ്ടെത്തുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്യാവുന്നതാണ്. ഓരോ ഇക്കോ ടൂറിസം സ്പോട്ടിലും കാരിയിങ് കപ്പാസിറ്റി (carrying capacity) എത്രയാണെന്നും പഠനം നടത്തണം. വനത്തിൽ നിന്നും ശേഖരിക്കുന്ന വനവിഭവങ്ങൾ പൂർണമായും ശേഖരിക്കുന്നതിനോ അവ കൃത്യമായി വിപണനം നടത്തുന്നതിനോ സാധിക്കാത്ത അവസ്ഥയാണുള്ളത്. അതിനാൽ വനാശ്രിതരായ ജനങ്ങൾക്ക് ശാസ്ത്രീയമായി ആധുനിക സംവിധാനങ്ങളോടുകൂടി വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള പരിശീലനം നൽകാവുന്നതാണ്. വനം വകുപ്പിലെ പല പദ്ധതികളും പ്രത്യേകിച്ച് സ്റ്റേറ്റ് ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസി, CAMPA എന്നിവയുടെ പൊതുമേഖല ബാങ്കുകൾ വഴിയുള്ള ധന സഹായം ട്രഷറിയിൽ നിക്ഷേപിക്കുന്നതിനുള്ള നടപടി എടുക്കാവുന്നതാണ്. തടിയധിഷ്ഠിത ഉത്പന്നങ്ങളുടെ ലൈസൻസ് ഫീ ആയി ലഭിക്കുന്ന, പൊതുമേഖലാ ബാങ്കുകളിൽ നിക്ഷേപിച്ചിരിക്കുന്ന തുകകൾ തിരികെ നൽകേണ്ടതില്ലാത്തതിനാൽ സർക്കാരിന്റെ വരുമാനമായി കാണാവുന്നതാണ്. വനം വകുപ്പിൽ നിന്നും സേവനങ്ങൾ ലഭിക്കുന്നതിനായി "ഓരോ വർഷവും ഞാൻ ഒരു മരം നട്ടു സംരക്ഷിച്ചു പോരുന്നു" എന്ന ഒരു സത്യവാങ്മൂലം എഴുതി വാങ്ങാവുന്നതാണ്.

മൊബൈൽ: 9495200908, E-mail: santhirumala@gmail.com

# 58

## വനം – സർപ്പ കേരളം

മുഹമ്മദ് അൻവർ വൈ.

വളരെ ഉയർന്ന പാരിസ്ഥിതിക പ്രാധാന്യമുള്ള ഉരഗ ഗ്രൂപ്പുകളാണ് പാമ്പുകൾ. മനുഷ്യ ആധിപത്യമുള്ള പ്രദേശങ്ങൾ ഉൾപ്പെടെ മിക്കവാറും എല്ലാത്തരം ആവാസ വ്യവസ്ഥകളിലും ഇവ കാണപ്പെടുന്നു. കേരളത്തിൽ കാണപ്പെടുന്ന ഭൂരിഭാഗം പാമ്പുകളും നിരുപദ്രവകാരികളാണ്, സംസ്ഥാനത്ത് കാണപ്പെടുന്ന 10 ഇനങ്ങളിൽ താഴെ മാത്രമേ മാരകവിഷമുള്ളവയുള്ളൂ. സംസ്ഥാനത്ത് 120-ലധികം വ്യത്യസ്ത പാമ്പുകളെ കണ്ടെത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട്, അവയെല്ലാം വന്യജീവി സംരക്ഷണ നിയമം-1972 പ്രകാരം സംരക്ഷിക്കപ്പെട്ടിരിക്കുന്നു.

വിഷമുള്ള പാമ്പിന്റെ കടിയേറ്റാൽ ശരിയായ ചികിത്സ ലഭിച്ചില്ലെങ്കിൽ മരണം സംഭവിക്കാം. നിർഭാഗ്യവശാൽ, ഇന്ത്യയിൽ ഓരോ വർഷവും ശരാശരി അമ്പതിനായിരത്തിലധികം പാമ്പുകടി മരണങ്ങൾ സംഭവിക്കുന്നു. നിലവിൽ ഇത് അറുപത്തിനാലായിരം ആയി ഉയർന്നതായി അടുത്തിടെ നടത്തിയ ഒരു പഠനം വെളിപ്പെടുത്തുന്നു, ഇത് ലോകത്തിലെ പാമ്പുകടിയേറ്റ മരണങ്ങളിൽ 80% വരും. കേരളത്തിൽ, 2017 മുതൽ 2019 വരെയുള്ള മൂന്ന് വർഷത്തിനിടയിൽ, 334 പാമ്പുകടി മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് സ്ഥിതിവിവരക്കണക്കുകൾ പറയുന്നു, വാർഷിക ശരാശരി 110 മരണങ്ങൾ, ഇത് മറ്റെല്ലാ വന്യമൃഗങ്ങളും ഒരുമിച്ച് ഉണ്ടാക്കുന്ന മനുഷ്യനഷ്ടത്തേക്കാൾ പത്തിരട്ടി കൂടുതലാണ്. 2020-ൽ ഇത് 76 ആയി കുറഞ്ഞു, 2021-ൽ ഇത് 40 ആയി കുറഞ്ഞു. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ പൊതുജന അവബോധവും ഗതാഗതവും മെഡിക്കൽ സൗകര്യങ്ങളും വളരെ മികച്ചതാണ്, പക്ഷേ ഇപ്പോഴും മരണങ്ങൾ സംഭവിക്കുന്നു.

ഓരോ വർഷവും 3000-ലധികം ഗുരുതരമായ പാമ്പുകടിയേറ്റ കേസുകൾ സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ എത്തുന്നുണ്ടെന്നും അതിനാൽ ശരിയായ ചികിത്സ നൽകുന്നതിനുള്ള നടപടികളും പാമ്പുകടി ഒഴിവാക്കുന്നതിനുള്ള മുൻകരുതൽ നടപടികൾ പോലെ തന്നെ പ്രധാനമാണെന്ന് മെഡിക്കൽ പ്രാക്ടീഷണർമാർ റിപ്പോർട്ട് ചെയ്യുന്നു. മനുഷ്യർക്ക് ജീവഹാനി വരുത്തുന്നതിനു പുറമേ, കന്നുകാലികളുടെയും മരണത്തിനും പാമ്പുകൾ കാരണമാകുന്നു. സംസ്ഥാനത്ത് പാമ്പുകടിയേറ്റ ഇരകൾക്ക് മറ്റ് ദുരന്തങ്ങൾക്കൊപ്പം, മരണ കേസുകൾക്കും സ്ഥിരമായ വൈകല്യത്തിനും വൈദ്യചികിത്സയ്ക്കുള്ള സഹായത്തിനും പ്രത്യേകം എക്സ്ഗ്രേഷ്യ നൽകാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ, സംഘർഷ സാഹചര്യങ്ങളോടും കടിയേറ്റ കേസുകളോടും ദ്രുത പ്രതികരണം ആവശ്യമായി വന്നേക്കാം. അടിയന്തിര വൈദ്യചികിത്സ ആവശ്യമായി വരുന്ന ഗുരുതരമായ ഉഷ്ണമേഖലാ രോഗമായാണ് ഇത് കണക്കാക്കപ്പെടുന്നത്. ഇന്ത്യയിൽ ഉത്തർപ്രദേശിലാണ് ഏറ്റവും കൂടുതൽ പാമ്പുകടി മരണങ്ങൾ (പ്രതിവർഷം 16100), തൊട്ടുപിന്നിൽ മധ്യപ്രദേശ് (5790), രാജസ്ഥാൻ (5230). ഒഡീഷയിൽ പ്രതിവർഷം 2000-ത്തിലധികം മരണങ്ങൾ സംഭവിക്കുന്നു, ഒഡീഷ സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി പാമ്പുകടിയേൽക്കുന്നത് ഒരു ദുരന്തമായി പ്രഖ്യാപിച്ചിട്ടുണ്ട്.

ഫലപ്രദമായ മുൻകരുതലുകൾ ഉണ്ടായിരുന്നാലും പാമ്പുകടിയേൽക്കുന്നത് എപ്പോൾ വേണമെങ്കിലും എവിടെയും സംഭവിക്കാം. പരിഹാര നടപടികളുടെ സുസജ്ജമായ ലഭ്യതയാണ് ഏറ്റവും പ്രധാനപ്പെട്ട ഘടകം, പരിഹാര സൗകര്യങ്ങൾ ലഭ്യമാക്കുന്നതിലെ ഏത് കാലതാമസവും ഒരു ജീവൻ തന്നെ നഷ്ടപ്പെടുത്തിയേക്കാം.

മനുഷ്യ പാമ്പ് സംഘർഷങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിലൂടെയും പാമ്പുകടിയേറ്റാൽ ഇരകൾക്ക് ശരിയായ ചികിത്സ ഉറപ്പാക്കുന്നതിലൂടെയും പാമ്പുകടിയേൽക്കുന്നതുമൂലമുള്ള ദുരന്തങ്ങൾ ഒഴിവാക്കുന്നതിനുള്ള ശ്രമമാണ് സർപ്പ. SARPA എന്ന മൊബൈൽ ആപ്പ് പരിശീലനം ലഭിച്ച രക്ഷാപ്രവർത്തകരുടെ ഒരു ടീം, ഉദ്യോഗസ്ഥർ, ലഭ്യമായ സാങ്കേതികവിദ്യകൾ എന്നീ സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നു. പരിശീലനം ലഭിച്ച രക്ഷാപ്രവർത്തകരിൽ പകുതിയിലധികം പേരും പൊതുജനങ്ങളിൽ നിന്നുള്ള സന്നദ്ധപ്രവർത്തകരായതിനാൽ ജനങ്ങളുടെ പങ്കാളിത്തത്തോടെയുള്ള ശ്രമമാണിത്.

---

അസി. കൺ സർവേറ്റർ ഓഫ് ഫോറസ്റ്റ്, 9446795313- anvar.ro82@gmail.com

59

# SARPA: Initiative To Mitigate Snake Bite Casualties In Kerala

Muhammed Anvar Y.

Snakes are reptilian groups of very high ecological significance. There are more than 120 different snake species identified and reported in the State, all of which are protected under Wildlife Protection Act-1972.Bite of a venomous snake, if not treated properly, may cause death. Unfortunately, India is still the snake bite capital of the world, accounting to an average of above 50000 snake bite deaths every year. A very recent study has revealed that snakebite deaths in India has increased to 64000, accounting to about 80% of snakebite deaths in the world. In India, Uttar Pradesh has the most number of snakebite deaths (16100 per year), followed by Madhya Pradesh (5790) and Rajasthan (5230). Odisha has more than 2000 deaths per year, and Odisha State Disaster Management Authority has declared snakebite as a disaster. In Kerala, statistics say that during three years from 2017 to 2019, there were 334 reported snake bite deaths, with an annual average of around 110 deaths, which is almost ten times more than the human casualties caused by all other wild animals together. During 2020, it came down to 76, and during 2021, it further came down to 40, due to well-coordinated efforts for effective mitigation of the problem. Medical practitioners report that more than 3000 critical snake bite cases are brought to various hospitals of the State for treatment every year, and hence measures for providing proper treatment is as important as the precautionary measures for avoiding snake bites. Declaring snake bite as a disaster will facilitate the reduction and gradual elimination of snake bite deaths and further reduction of snake bite incidences thereby saving precious human lives. Venomous snakes are found everywhere, including cities, townships and urban areas. Snakebite is a regular threat to the citizens. Despite effective precautions, snake bites may happen anytime, anywhere. Any casual approach in dealing with a snake bite can result in a casualty. Ready availability of remedial measures is the most important factor, and any delay in availing remedial facilities may cost a life itself. Safeguarding lives from snake bites and reducing human casualties due to snake bites can consist of preventive and remedial measures. SARPA is an effort to avoid snakebite casualties in the state through effective management of human snake conflicts and ensure proper treatment to the victims in case of any snakebite. It utilizes technologies available, which include a Mobile app named SARPA, a team of trained rescuers, and officials. It is an effort with peoples' participation as more than half of the trained rescuers are volunteers from the general public.

Assistant Conservator of Forest, ob: 9446795313, E-mail: anvar.ro82@gmail.com

60

# വനം വകുപ്പ്

ശ്രീലേഖ പി.റ്റി. & സന്തോഷ് കുമാർ കെ.

ഏറ്റവും പ്രധാനപ്പെട്ടതും പഴക്കമേറിയതുമായ ഭരണ വകുപ്പുകളിൽ ഒന്നാണ് വനം വകുപ്പ്. പ്രകൃതിദത്ത വനവിഭവങ്ങളെ അവയുടെ പാരിസ്ഥിതിക പ്രക്രിയ കളെ ബാധിക്കാതെ പിൻതലമുറയ്ക്കായി സംരക്ഷിക്കു കയും വികസിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യ ത്തിലൂന്നിയാണ് വനം വകുപ്പ് പ്രവർത്തിക്കുന്നത്. സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് സംസ്ഥാനത്തിന്റെ 75 ശത മാനത്തിൽ അധികം ഭൂപ്രദേശം നിബിഡ വനങ്ങളാ

യിരുന്നെങ്കിലും 1950 കളിൽ വന പ്രദേശങ്ങളിലേക്ക് കടന്നു കയറ്റങ്ങൾ ആരംഭിക്കുകയും ക്രമേണ വന ത്തിന്റെ വിസ്തൃതി കുറഞ്ഞ് സംസ്ഥാന വിസ്തൃതി യുടെ 30% ആവുകയും ചെയ്തു. വന വിസ്തൃതിയുടെ കുറവ് പാരിസ്ഥിതിക മാറ്റങ്ങൾക്ക് മാത്രമല്ല വനവിഭ വങ്ങളെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന ആദിവാസി വിഭാഗങ്ങളുടെ ഉപ ജീവനത്തെയും ഒപ്പം വന്യജീവി കളും പ്രദേശവാസികളുമായുള്ള ആവാസ വ്യവസ്ഥ സംബന്ധിച്ച തർക്കങ്ങളിലേക്കും കൊണ്ടെത്തിച്ചു. കുറഞ്ഞ മൂല്യമുള്ള ഭിന്നജാതി പലവക വനവൃക്ഷ ങ്ങൾ അടങ്ങിയ പ്രകൃതി സൃഷ്ടിയായ വനങ്ങൾക്ക് പകരമായി വർദ്ധിച്ച സാമ്പത്തിക മൂല്യമുള്ള തേക്ക് അടക്കമുള്ള വൃക്ഷങ്ങളും യൂക്കാലി പോലുള്ള ഇതര തോട്ടങ്ങളും വൻതോതിൽ വച്ച് പിടിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പ്ലാന്റേഷൻ ഡിവിഷനുകൾ ആരം ഭിച്ചത് ഈ മേഖലയുടെ ഒരു നാഴികകല്ലായിരുന്നു. തുടർന്ന് 80 കളുടെ അവസാന പാദത്തിൽ വനസമ്പ ത്ത് കുറഞ്ഞുവരുന്നത് സംരക്ഷിക്കുന്നതിനും വന വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും വേണ്ടി സാമൂഹിക വനവൽക്കരണ പദ്ധതികൾക്കും തുടക്കം കുറിച്ചു. 1985 മുതലാണ് വനം വകുപ്പിനൊപ്പം വന്യജീവി വിഭാഗവും ആരംഭിച്ചത്. ഇതിന്റെ ഭാഗമായി 16 ദേശീയ ഉദ്യാനങ്ങളും 17 വന്യജീവി സങ്കേതങ്ങളും ഒരു കമ്മ്യൂണിറ്റി റിസർവ്വും പ്രവർത്തിച്ചുവരുന്നു. പാരിസ്ഥിതിക തത്വത്തിന്റെ അടിസ്ഥാനത്തിൽ വനവിഭവങ്ങളും സേവനങ്ങളും വനങ്ങളെ ആശ്ര യിച്ച് കഴിയുന്ന വിഭാഗങ്ങൾക്കും സമൂഹത്തിനും സ്ഥിരമായി ലഭിക്കുക എന്ന ലക്ഷ്യസാക്ഷാത്കാര ത്തിനായി പുതിയ സാങ്കേതികവിദ്യകൾ പ്രയോജന പ്പെടുത്തി ഉചിതമായ ഭരണ ഇടപെടലുകൾ നടത്തി തോട്ടങ്ങളുടെ ഉത്പാദനക്ഷമത വർധിപ്പിച്ചും വന, വനേതര പ്രദേശങ്ങളിലെ വൃക്ഷ വ്യാപ്തി വർദ്ധിപ്പിച്ചും നിലവിലുള്ള സസ്യജാലങ്ങളുടെ തനത് സ്വഭാവം വരുംതലമുറയ്ക്ക് വേണ്ടി സംരക്ഷിച്ചു മെച്ചപ്പെടുത്തി യും ഉചിതമായ ഇടപെടലുകളിലൂടെ വനങ്ങളി ലേക്കുള്ള സമ്മർദ്ദം കുറച്ചും വനത്തെ ആശ്രയിച്ച് കഴിയുന്ന ജനവിഭാഗങ്ങളുടെ ജീവിതം നിലവാരം ഉയർത്തിയും ജൈവവൈവിധ്യവും പാരിസ്ഥിതിക വ്യവസ്ഥയും സംരക്ഷിച്ചു മെച്ചപ്പെടുത്തിയും വന്യജീ വികളുടെ ആവാസ വ്യവസ്ഥയുടെ സംരക്ഷണവും നടപ്പാക്കി വരുന്നു. ഇതിനായി 1927 ലെ ഇന്ത്യൻ ഫോറസ്റ്റ് നിയമം മുതൽ 2005ലെ പ്രൊട്ടക്ഷൻ ഓഫ് ദി ട്രീ ഗ്രോത്ത് ഇൻ നോൺ ഫോറസ്റ്റ് ലാൻഡ് ഏരിയ വരെയുള്ള 12 നിയമങ്ങളും ഇതിന് ഉപോല്പ ലകമായി തയ്യാറാക്കിയിട്ടുള്ള ചട്ടങ്ങളും ഉണ്ട് ഇവ യെല്ലാം നടപ്പാക്കുന്നതിനായി 7834 ജീവനക്കാരും വനംവകുപ്പിൽ പ്രവർത്തിച്ചുവരുന്നു. കൃത്യമായ ഇട പെടലിലൂടെ ബോധവത്ക്കരണം നടത്തി മാത്രമേ വനവത്കരണത്തിന്റെയും വന ആവാസ വ്യവസ്ഥ സംരക്ഷണത്തിന്റേയും ആവശ്യകത പൊതുജന സമക്ഷം എത്തിക്കുന്നതിന് കഴിയൂ. ഇതിനായി മാസികകൾ, ന്യൂസ് ലെറ്റർ, നേച്ചർ ഗൈഡ്, കൈ പുസ്തകങ്ങൾ, ഗൈഡുകൾ, ഡോക്യുമെന്ററികൾ, ബോധവത്ക്കരണ വീഡിയോ സാമൂഹിക മാധ്യമ ഇടപെടലുകൾ എന്നിവ കാര്യക്ഷമമാണെങ്കിലും അവ മുഴുവൻ ജനവിഭാഗങ്ങളിലേക്കും എത്തിക്കാൻ കഴിയണം.

നിലവിലുള്ള നിയമങ്ങളും കോഡുകളും ചട്ടങ്ങ ളും കാലോചിതമായി പരിഷ്കരിച്ചും നിലവിലെ ഏറ്റവും വലിയ വെല്ലുവിളിയായ മനുഷ്യ -വന്യജീവി സംഘർഷം കുറയ്ക്കുന്നതിനും പരിഹരിക്കുന്നതിനും പ്രാദേശിക തലത്തിൽ ജനങ്ങളെ കൂടി ഉൾപ്പെടു ത്തി സമിതികൾ രൂപകൽപ്പന ചെയ്യുകയും ഓരോ വാർഡിലും ഓണററി വാർഡർമാരെ പൊതുജനങ്ങ ളിൽ നിന്നും തിരഞ്ഞെടുത്ത് പരിശീലനം ബോധ വൽക്കരണവും നൽകി നിയമിക്കാവുന്നതുമാണ്. വനമേഖലയുടെ ടൂറിസം സാധ്യതകൾ ഇക്കോ ടൂറിസം മാതൃകയിൽ പ്രയോജനപ്പെടുത്താവുന്നതും ഓരോ പ്രദേശത്തും ഉൾക്കൊള്ളാൻ കഴിയുന്നവരു ടെ എണ്ണം പഠനം നടത്തി നടപ്പാക്കണം.

വനവിഭവ ശേഖരണത്തിനും വിപണനത്തിനും വനാ ശ്രിതരായ ജനങ്ങളെ ശാസ്ത്രീയമായി പരിശീലിപ്പി ക്കണം. വനംവകുപ്പിന്റെ പ്രധാന വരുമാന മാർഗ മാണ് തടി വിൽപ്പന (sale of timber) ഈ സേവനം എല്ലാ ജനവിഭാഗങ്ങൾക്കും ലഭിക്കുവാൻ കഴിയുംവി ധം ആവശ്യമായ പരസ്യം നൽകുകയും കൂടുതൽ കാ ര്യക്ഷമതയോടെ നടപ്പാക്കുകയും ചെയ്യേണ്ടതുണ്ട്.

Mob: 995891401 & 9495200908

61

## ‘പുനർജീവനം’ – നിലനിൽപ്പിന്റെ അവസാന വിത്ത്

പി.എം. പ്രഭു

ആഹാരം = ഔഷധം, ഔഷധം = ആഹാരം എന്ന സത്യം അറിഞ്ഞും അറിയാതെയും ഭക്ഷണ സംസ്കാര ത്തിന്റെ കാതലായിരുന്ന കാലം കഴിഞ്ഞിട്ട് നിരവധി വ്യാഴവട്ടങ്ങളായി. പ്രത്യേകിച്ചും ആദിവാസികളുടെ. പൊതു സമൂഹത്തിന്റെ കമ്പോള രുചികളോട് സമര സപ്പെടുവാനും, പെടുത്തുവാനും സൗജന്യ അരിയും, പച്ചക്കറികളും പയറുമെല്ലാം കാട് കയറിയപ്പോൾ ആദിവാസി മറന്നത് തങ്ങളുടെ ഭക്ഷണശീലങ്ങളുടെ

താരതമ്യങ്ങളില്ലാത്ത മഹത്വമായിരുന്നു. രാഗിയും, തിനയും, ചാമയും, വരകും, വെന്നിക്കിഴങ്ങും, നൂറാനും, ചന്ദനക്കിഴങ്ങും, കവലയും, ചീരകളും എല്ലാം രോഗപ്രതിരോധത്തിന് ഉത്തമമായിരുന്നു. മാറിയ ഭക്ഷണശീലങ്ങൾ കാരണം പ്രമേഹവും, ഗോയിറ്ററും, അമിത രക്തസമർദ്ധവും വിളർച്ചയുമെല്ലാം ഭൂരിഭാഗത്തിലുമെത്തി. ഓരോ കുടിയിലും ചിന്നാർ വന്യജീവി സങ്കേതം ജീവനക്കാർ നടത്തിയ ആരോഗ്യ പരിശോധനാ ക്യാമ്പുകളിൽ ഈ രോഗങ്ങൾ വ്യാപകമായി നിർണ്ണയിക്കപ്പെട്ടതിനാൽ നിന്നായിരുന്നു 2016 ൽ "പുനർജീവനം" എന്ന ആശയം രൂപപ്പെട്ടത്.

ചിന്നാർ വന്യ ജീവി സങ്കേതത്തിന്റെ കീഴിലുള്ള തായണ്ണൻകുടി ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റി ഓരോ വർഷവും കുടിയിലെ വിശാലമായ കൃഷിയിടത്തിൽ നിന്നും പതിനഞ്ച് cent വീതം പാട്ടത്തിനെടുത്ത് തുടങ്ങിയ "പുനർജീവനം" പദ്ധതിയിലൂടെ 'പച്ച മുട്ടി' എന്ന ഒരേ ഒരു ഇനത്തിൽ നിന്നും ഒരു വർഷത്തിനിപ്പുറം എട്ട് തരം രാഗികളിലേക്കും രണ്ടാം വർഷത്തോടെ പതിനഞ്ചിലേക്കും പിന്നെ 2018 ൽ അവസാനിക്കുന്ന മൂന്നംപാദത്തോടെ ഇരുപത്തി മൂന്നും ഇനം രാഗികളിലേക്കും പുനർജനിച്ചു. രാഗികളുടെ തിരിച്ചു പിടിക്കൽ പിന്നീട് ബീൻസിലെക്കും, ചീരയിലേക്കും, മത്തനിലേക്കും ചോളത്തിലേക്കും എല്ലാം വേരൂന്നിയപ്പോൾ പ്രാദേശിക കാർഷിക വകുപ്പിന്റെയും, പ്രത്യേകിച്ച് കാർഷിക സർവ്വകലാശാലയിലെ ബൗദ്ധിക സ്വത്തവകാശ വിഭാഗത്തിന്റെയും ശ്രദ്ധയിൽപ്പെടാൻ താമസിച്ചില്ല. പരമ്പരാഗത കാർഷിക സംസ്കൃതി കാത്ത് സൂക്ഷിക്കുന്ന ഏറ്റവും മികച്ച ആദിവാസിക്കുടിക്കുള്ള 2016 വർഷത്തെ സംസ്ഥാന കാർഷിക അവാർഡ് 'പുനർജീവന'ത്തിലൂടെ തായണ്ണൻ കുടിയിലെത്തി.

ഒരു വർഷത്തിനുള്ളിൽ തന്നെ കേന്ദ്ര കൃഷി മന്ത്രാലയത്തിനു കീഴിലുള്ള Protection of Plant varieties and Farmers right Authority യുടെ വിദഗ്ധ സമിതിയുടെ മുൻപിൽ തിരഞ്ഞെടുക്കപ്പെട്ട ഇന്ത്യയിലെ 5 കർഷക സമൂഹത്തിൽ ഒന്നായി മാറാൻ പുനർജീവനം' പദ്ധതിയിലൂടെ ചിന്നറിലെ തായണ്ണൻകുടിക്ക് കഴിഞ്ഞു.

PLANT GENOME SAVIOUR COMMUNITY AWARD നു അർഹമായ ഇന്ത്യയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 5 കാർഷിക സംഘങ്ങളിൽ തെക്കേ ഇന്ത്യയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടത് ചിന്നാർ വന്യജീവി സങ്കേതത്തിലെ തായണ്ണൻ കുടി ആണ് 2023-24 ൽ തുടരുന്ന ഏഴാം പാദത്തോടെ 38 ഇനം രാഗികൾ വീണ്ടെടുക്കാൻ പുനര്ജീവനം പദ്ധതിക്ക് കഴിഞ്ഞിരിക്കുന്നു. ഓരോ പ്രദേശത്തെയും ആദിവാസികളുടെ പരമ്പരാഗത കാർഷികവൃത്തിയുടെ വ്യക്തമായ ഡോക്യുമെന്റെഷനിൽ നിന്നും തുടങ്ങി ശാസ്ത്രീയ പഠനത്തിലൂടെ അവരുടെ തനതായ കാർഷിക വിളകളുടെ മൂല്യം തിരിച്ചറിഞ്ഞുകൊണ്ട് തരം തിരിച്ചു സംരക്ഷിക്കുക എന്നത് വളരെ പ്രാധാന്യം അർഹിക്കുന്നു. റേഷൻ സംവിധാനത്തിൽ റാഗി ഉൾപ്പെട്ടു വരുന്ന സാഹചര്യമുണ്ടായാൽ [കുറഞ്ഞത് ആദിവാസികൾക്കെങ്കിലും] പ്രമേഹം ഉൾപ്പടെ ഇന്ന് അധികരിച്ചു വരുന്ന ജീവിത ശൈലീരോഗങ്ങൾ ഒരു പരിധി വരെ ചെറുക്കാൻ സാധ്യമാകുന്നതാണ്.

വൈൽഡ് ലൈഫ് വാർഡൻ, പീച്ചി വന്യജീവി വിഭാഗം, MOB: 9446238178, prabudfo@gmail.com

62

# നവകേരള കാലത്തെ ഭരണ നിർവഹണം - മൃഗസംരക്ഷണ വകുപ്പ്

ഡോ. റാണാരാജ് ബി.ആർ.

1956 ൽ രൂപീകരണ കാലത്ത് 100 സ്ഥാപനങ്ങളുള്ള വകുപ്പായിരുന്ന കേരള മൃഗസംരക്ഷണ വകുപ്പ് മൃഗങ്ങളുടെ ചികിത്സയും സംരക്ഷണവും ലക്ഷ്യമാക്കിയാണ് പ്രവർത്തിച്ചിരുന്നത്. പാൽ മുട്ട, മാംസം എന്നിവയിൽ സ്വയംപര്യാപ്തത, തൊഴിലവസരങ്ങളുടെ സൃഷ്ടി, ദാരിദ്ര്യനിർമ്മാർജ്ജനം, സാമ്പത്തികഭദ്രത, ഭക്ഷ്യസുരക്ഷ, പൊതുജനാരോഗ്യം എന്നിങ്ങനെ 11 ലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കുന്ന തരത്തിൽ കാലക്രമത്തിൽ വകുപ്പ് വളർന്നു. മൃഗചികിത്സ സേവനം ലഭ്യമാക്കുന്നതിന് പ്രാഥമിക സജ്ജീകരണങ്ങളോടെ 2691 സ്ഥാപനങ്ങളും 8933 ജീവനക്കാരും നിലവിലുള്ള വകുപ്പിൽ, ചികിത്സ മൃഗാശുപത്രികൾ വഴിയും, കന്നുകാലികൾക്ക് കൃതിമ ബീജദാന സൗകര്യം ഉപകേന്ദ്രങ്ങൾ വഴിയും ലഭ്യമാക്കുന്നു. രാത്രികാല അടിയന്തിര സേവനം, 25ഓളം രോഗങ്ങൾക്കെതിരെ പ്രതിരോധ പ്രവർത്തനങ്ങൾ, കർഷകർക്ക് സംശയ ദൂരീകരണം, ഭക്ഷ്യസുരക്ഷമേഖലയിൽ പ്രോത്സാഹനം എന്നിവയും നടപ്പിലാക്കി വരുന്നു.

കന്നുകുട്ടി പരിപാലന പദ്ധതിയിലൂടെ പശുക്കളിലെ ആദ്യ പ്രസവം നേരത്തേ ആകുന്നതിനും പാലുൽപാദനം വർദ്ധിക്കുന്നതിനും കാരണമായിട്ടുണ്ട്. കന്നുകാലി വികസന ബോർഡു വഴി അത്യുത്പാദന ശേഷിയുള്ള ബീജം ലഭ്യമാക്കുന്നത് വഴി ഉത്പാദന ക്ഷമത കൂടിയ പശുക്കൾ സംസ്ഥാനത്ത് വർധിച്ചു. കന്നുകാലി ഇൻഷുറൻസ്, ആടുകളുടെ സാറ്റലൈറ്റ് ഫാമുകൾ, . താറാവ്, കോഴി, പോത്ത് പന്നി വളർത്തൽ മേഖലകളിലും പദ്ധതികൾ ആവിഷ്കരിച്ചു കർഷകർക്ക് കൈത്താങ്ങാകുന്നു. കുട്ടികൾക്കിടയിൽ മൃ

ഗപരിപാലനം പ്രോത്സാഹിപ്പിക്കാൻ സ്കൂൾ അനിമൽ ക്ലബ്ബുകൾ പ്രോത്സാഹിപ്പിക്കുന്നു. 2030 ഓടെ പേവിഷബാധ നിർമ്മാർജ്ജനം ചെയ്യുവാൻ റാബിസ്ഫ്രീ കേരള പദ്ധതി പ്രകാരം മൃഗങ്ങൾക്ക് സൗജന്യ വാക്സിനേഷൻ നൽകി വരുന്നു. ബ്രൂസെലോസിസ്, എലിപ്പനി പ്രതിരോധ പ്രവർത്തനങ്ങളും, തെരുവുനായ നിയന്ത്രണത്തിന് അനിമൽ ബർത്ത് കൺട്രോൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള മൃഗസംരക്ഷണ മേഖലയിലെ ജനകീയ ആസൂത്രണ പദ്ധതി നിർവഹണം എന്നിവയും നടപ്പിലാക്കുന്നു.

നവകേരള കാലത്തെ വികസന പ്രവർത്തനങ്ങൾ പൂർണമായി ഏറ്റെടുക്കുന്നതിൽ പ്രധാന തടസ്സമായി നിൽക്കുന്നത് നിലവിലെ മാനുഷികവിഭവ ശേഷിയാണ്. വീട്ടുപടിക്കൽ സേവനം ജീവനക്കാരുടെ പരിമിതി മൂലം ഗുണമേന്മയോടെ നടപ്പിലാക്കാൻ സാധിക്കുന്നില്ല. സ്പെഷ്യലിസ്റ്റുകൾ ധാരാളമുള്ള വകുപ്പിൽ സ്പെഷ്യാലിറ്റി കേഡർ ഇല്ലാത്തതുമൂലം ഇവരുടെ സേവനം പ്രയോജനപ്പെടുത്താൻ ആവുന്നില്ല. മറ്റു വകുപ്പുകളുമായി ചേർന്ന് നടത്തുന്ന കേരള ചിക്കൻ, അറവുശാലകൾ, സംശുദ്ധ മാംസ ഉൽപാദനം, തെരുവ് നായ നിയന്ത്രണം, വൺ ഹെൽത്ത്, റഫറൽ ആശുപത്രികളുടെ പ്രവർത്തനം എന്നിവ ഇക്കാരണം കൊണ്ട് കാര്യക്ഷമമല്ല എന്ന അവസ്ഥയുണ്ട്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഫീൽഡ് ഓഫീസുകളിൽ ക്ലറിക്കൽ തസ്തികകൾ തുടങ്ങുന്നതിനും ഉള്ള ഭരണപരിഷ്കാര കമ്മീഷൻ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാൻ ആയിട്ടില്ല. നിലവിലെ വെല്ലുവിളികൾ നേരിടുന്നതിനു വകുപ്പിന്റെ കാലോചിതമായ പുന:സംഘടനയും, ജീവനക്കാരുടെ പുനർവിന്യാസവും പ്രാദേശിക ആവശ്യങ്ങൾക്കും ഉല്പാദനക്ഷമതക്കും അനുസൃതമായിരിക്കണം. ജന്തുജന്യ രോഗങ്ങൾ മുൻകൂട്ടി അറിയാൻ കഴിയുന്ന സംവിധാനം ശുദ്ധവും സുതാര്യവുമായ പാൽ മുട്ട മാംസം എന്നിവയുടെ ഉൽപാദനം, സംരംഭക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാൻ ഉദ്യമ പരിപാലന കേന്ദ്രം, മൃഗങ്ങൾക്ക് വിദഗ്ധ ചികിത്സ, മൃഗങ്ങളെ കൃത്യമായി ട്രാക്ക് ചെയ്യാൻ സാധിക്കുന്ന 'ഭൂമിക', ആർ എഫ് ഐ ഡി ടാഗിംഗ്, ഓൺലൈൻ കന്നുകാലി ഇൻഷുറൻസ്, ഓൺലൈൻ ഒ. പി എന്നിവ എല്ലാ കർഷകർക്കും പ്രയോജനപ്രദമാക്കുന്നതിനുള്ള ഇടപെടലുകൾ ആവശ്യമാണ്. മൃഗ സംരക്ഷണ മേഖലയുടെ ആധുനികവൽക്കരണവും, പരിസ്ഥിതി- സാമൂഹിക-കർഷക-നിക്ഷേപക-സൗഹാർദ്ദപരമായ സാഹചര്യ നിർമ്മാണവും, ഉൽപാദന- ഉൽപാദനക്ഷമത വർദ്ധനവും, ഭക്ഷ്യ സ്വയം പര്യാപ്തതയും സുരക്ഷിത ഭക്ഷണവും ഉറപ്പാക്കി മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട പൊതുജനാരോഗ്യ പ്രശ്നങ്ങളിൽ ഉത്തരവാദിത്വ സമീപനം സ്വീകരിക്കുകയും ചെയ്യുന്നത് ഈ മേഖലയെ നവകേരളകാലത്തിന് പ്രാപ്തമാക്കുന്നതിന് ഉപകരിക്കും.

വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പൻസറി, സൗത്ത് പറവൂർ, 9447027018

63

## കേരളത്തിലെ മൃഗസംരക്ഷണ ചെക്ക് പോസ്റ്റുകൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത

ബിജു പി.എം.

കേരളത്തിൽ 18 മൃഗസംരക്ഷണ ചെക്ക് പോസ്റ്റുകൾ നിലവിലുണ്ട്. ജന്തുജന്യ രോഗങ്ങൾ തടയുക, ഭക്ഷ്യയോഗ്യമായ മാംസമാണെന്ന് ഉറപ്പുവരുത്തുക എന്നിവയ്ക്കു പുറമെ നിലവിൽ സംസ്ഥാനത്ത് നികുതിയിതര വരുമാനത്തിൽ (Non Tax Revenue) സുപ്രധാനമായ പങ്കുവഹിക്കുന്നതിന് മൃഗസംരക്ഷണ ചെക്ക് പോസ്റ്റുകൾക്ക് സാധിക്കേണ്ടതുണ്ട്. വാണിജ്യ നികുതി ചെക്ക് പോസ്റ്റ് സംവിധാനം നിർത്തലാക്കിയതുമൂലം മറ്റ് ചെക്ക് പോസ്റ്റുകളായ വനം, എക്സൈസ്, ആർ. ടി.ഒ. എന്നിവയ്ക്കു പുറമെ മൃഗസംരക്ഷണ വകുപ്പിന്റെ ചെക്ക് പോസ്റ്റുകൾക്കും പ്രാധാന്യമേറി വരികയാണ്. വളരെ കാലമായി ചെക്ക് പോസ്റ്റ് ഫീസ് നാമമാത്രമായിരുന്നത് നിലവിലെ വർദ്ധനവ്മൂലം സർക്കാരിന് സാമ്പത്തിക നേട്ടമുണ്ടാക്കാൻ സാധിക്കുന്നതാണ്. അന്യസംസ്ഥാനത്തുനിന്നും കടന്നുവരുന്ന മൃഗങ്ങൾക്ക് പകർച്ചവ്യാധികളൊന്നും ഇല്ലെന്ന് ഉറപ്പാക്കേണ്ടതും ഭക്ഷ്യയോഗ്യമായ മാംസം തന്നെയാണ് കടത്തുന്നത് എന്ന് ഉറപ്പാക്കേണ്ടതും മൃഗസംരക്ഷണ ചെക്ക് പോസ്റ്റുകളുടെ പ്രധാന ചുമതലയാണ്. ആഭ്യന്തര വിജിലൻസ് സംവിധാനം മെച്ചപ്പെടുത്തുന്നതോടൊപ്പം പോലീസ് വിജിലൻസ് സംവിധാനത്തിന്റെ പരിശോധന ശക്തമാക്കി വകുപ്പിലെ അഴിമതി ഇല്ലാതാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആവശ്യമാണ്. ജീവനക്കാർക്ക് കൃത്യമായ ഇടവേളകളിൽ സ്ഥലം മാറ്റം നൽകി നിയമിച്ച് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിച്ചാൽ സംസ്ഥാന-അന്യസംസ്ഥാനത്തു നിന്നും കടന്നുവരുന്ന മൃഗങ്ങളിലൂടെ പകരുന്ന ജന്തുജന്യ രോഗങ്ങൾ കുറയ്ക്കുന്നതിനും ഭക്ഷ്യയോഗ്യമായ മാംസം ഉറപ്പുവരുത്തുന്നതിനും അതിനോടൊപ്പം സർക്കാരിന് കൂടുതൽ വരുമാന സ്രോതസ്സായി മൃഗസംരക്ഷണ വകുപ്പിനെ മാറ്റിയെടുക്കുവാനും സാധിക്കുന്നതാണ്.

ജൂനിയർ സൂപ്രണ്ട്, LMTC, മലമ്പുഴ, Mob: 9447152225

64

## ജന്തുജന്യരോഗങ്ങൾക്കെതിരെ കർമ്മോന്മുഖരാവുക

ഡോ. എൻ. അജയൻ

മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പകരുന്ന രോഗങ്ങളെ സൂണോട്ടിക് രോഗങ്ങളെന്നും തിരിച്ചുള്ളവയെ ആന്ത്രോപോണോസിസ് എന്നും മുദ്രപ്പെടുത്തിയിരിക്കുന്നു. ജന്തുജന്യരോഗങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം വളർത്തുകയാണ് ജൂലൈ 6 ന്റെ ലോക ജന്തുജന്യരോഗദിനാചരണത്തിന്റെ ലക്ഷ്യംതന്നെ. മനുഷ്യരിൽ ഇന്ന് കാണുന്ന നിരവധി പകർച്ചവ്യാധികൾ മനുഷ്യ ചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളിലായി മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് കടന്നുവന്നതിന്റെ ഫലമാണെന്ന് സംശയാതീതമായി തെളിയിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. മനുഷ്യരിൽ കാണുന്ന 60 ശതമാനം പകർച്ചവ്യാധികളും ജന്തുജന്യരോഗങ്ങളാണ്. വർഷംതോറും 250 കോടി ആളുകളിൽ ജന്തുജന്യരോഗങ്ങൾ കാണപ്പെടുകയും 27 ലക്ഷം പേർ മരിക്കുകയും ചെയ്യുന്നതായി ആരോഗ്യവിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. റാബീസ്, എയ്ഡ്സ്, എബോള, നിപ്പ, ചിക്കുൻഗുനിയ, ഡെങ്കുപ്പനി, എലിപ്പനി, ട്രിച്ചിനോസിസ്, ആന്ത്രാക്സ്, സാൾമൊണെല്ല, ക്ഷയം, ലൈംഡിസീസ്, ബ്രൂസല്ലോസിസ്, പ്ലേഗ്, ബ്ലാസ്റ്റോമൈക്കോസിസ്, സിറ്റക്കോസിസ്, ക്യാറ്റ് സ്ക്രാച്ച് ഡിസീസ്, ലീക്ഷ്മേനിയാസിസ്, സിക്ക, എല്ലോഫീവർ, കുരങ്ങുപനി തുടങ്ങി അറിയപ്പെടുന്നതും അറിയപ്പെടാത്തതുമായ എത്രയോ ജന്തുജന്യരോഗങ്ങൾ.

കാലാവസ്ഥാ വ്യതിയാനങ്ങളും പരിസ്ഥിതി തകരാറുകളുംമൂലം സ്വന്തം ആവാസ കേന്ദ്രങ്ങൾ വിട്ട് നാട്ടിലിറങ്ങുന്ന കാട്ടുമൃഗങ്ങളുമായുള്ള സമ്പർക്കം പല പുതിയ ജന്തുജന്യരോഗങ്ങൾക്കും കാരണമാകുന്നുണ്ട്. മൃഗങ്ങളുടെ ശരീരത്തിലെ പ്രതിരോധാവസ്ഥയിൽ ഉറങ്ങിക്കിടക്കുന്ന പല സൂക്ഷ്മാണുക്കൾ നേരിട്ടോ മധ്യസ്ഥജീവികൾ മുഖേനയോ മനുഷ്യശരീരത്തിൽ പ്രവേശിച്ച് രോഗകാരണമാകുന്നുണ്ട്. ഈ പ്രത്യേക സാഹചര്യമാണ് 'ഏകലോകം ഏകാരോഗ്യം' ചർച്ച ചെയ്യാനിടയായത്.

ലോകജനത അറിയുന്ന ജന്തുജന്യരോഗം എലിപ്പനി (Leptospirosis) ആണെങ്കിലും ഇന്നും ഭീകരവും ഭീതിതവുമായ ജന്തുജന്യരോഗം റാബീസ് തന്നെയാണ്. വളർത്തുനായകൾക്ക് ലൈസൻസും വാക്സിനേഷനും നിർബന്ധമാക്കിയിട്ടുണ്ട്. ഇന്ന് കേരളം നേരിടുന്ന സാമൂഹ്യ പ്രശ്നങ്ങളുടെ പട്ടികയിൽ മുദ്രപ്പെടുന്ന പ്രധാന പ്രശ്നം തെരുവുനായ പ്രശ്നമാണ്. പക്ഷേ തെരുവുനായ പ്രശ്നത്തിന് ശാശ്വത പരിഹാരമായിട്ടില്ല. നായകളുടെ ക്രമാതീതമായ വംശവർദ്ധനവിന് പൂർണ്ണമായും അറുതി വന്നിട്ടില്ല. നമ്മുടെ നാട്ടിൽ റാബീസ് പരത്തുന്നതിൽ പ്രധാന പങ്ക് നായകൾക്കാണ്. പിന്നാലെ പൂച്ചയുമുണ്ട്. മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്ക് സാധാരണ രീതിയിൽ പേവിഷബാധ പകർന്ന ചരിത്രമില്ല. രാത്രി 8നും രാവിലെ 6നുമിടയിൽ പുറത്തിറങ്ങുന്ന നായകളാണ് തെരുവുനായകൾ. പകൽവെട്ടത്തിലലയുന്ന നായകൾ കമ്മ്യൂണിറ്റി ഡോഗ്സ് ആണ്. അവയെപ്പിടിച്ച് വന്ധ്യംകരിച്ചിട്ടുമാത്രം കാര്യമില്ല. ആരോഗ്യ പരിപാലന, രോഗനിവാരണ യത്നങ്ങളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച സംസ്ഥാനത്തെ പേവിഷ നിർമ്മാർജ്ജന മേഖലയാക്കാൻ ഇനിയും വൈകിക്കൂടാ. തെരുവുനായകളുടെ കടിയേറ്റെത്തുന്നവരുടെ എണ്ണത്തേക്കാൾ അധികമായിരിക്കും വീട്ടിലെ ഓമന മൃഗങ്ങളുടെ കടിയും മാന്തലുമേറ്റുവരുന്നവർ എന്നാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കണക്കുകൾ കാണിക്കുന്നത്.

ഭക്ഷ്യസുരക്ഷ, പരിസ്ഥിതിമലിനീകരണം, ജന്തുജന്യരോഗങ്ങൾ, പകർച്ചവ്യാധികൾ തുടങ്ങി മനുഷ്യ-മൃഗ-പ്രകൃതി സഞ്ചിതങ്ങളായ വ്യാകരണങ്ങൾ ചർച്ചചെയ്യുന്ന ഏകാരോഗ്യവും ഏകവൈദ്യവുമൊക്കെ വർത്തമാനകാലം ഏറെ പ്രതീക്ഷയോടെയാണ് നോക്കിക്കാണുന്നത്. അശാസ്ത്രീയമായ ഉപയോഗത്തിലൂടെ ആരോഗ്യത്തിന് ഭീഷണിയാകുന്ന മൈക്രോബിയൽ റസിസ്റ്റൻസ്, ചികിത്സാരീതിയുടെ കാതലായ മാറ്റം ആവശ്യപ്പെടുന്നു.

തെരുവുനായകൾ നാടിനെ കടിച്ചുകീറാതിരിക്കണമെങ്കിൽ ഇതുവരെ നാം പിന്തുടർന്നുവന്ന പ്രതിരോധ രീതികൾക്ക് കാലോചിതമായ മാറ്റമുണ്ടാകണം. പൊതുസ്ഥലത്ത് തെരുവുനായ്ക്കളുടെ ആക്രമണങ്ങൾക്ക് ഉത്തരവാദിത്വം സർക്കാർ ഏറ്റെടുക്കണം. നായകളുടെ വംശവർദ്ധനവ് ഇടവേളകളില്ലാത്തവിധം ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം, എൻഡ് (Early Neutering in Dogs) പ്രോഗ്രാം, വാസക്ടമി എന്നിവയിലൂടെ സമഗ്രമാക്കാം. ഹ്രസ്വകാലാടിസ്ഥാനത്തിലുള്ള പ്രതിരോധ കുത്തിവെയ്പ്പു യജ്ഞങ്ങളും ബോധവത്ക്കരണ പ്രവർത്തനങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ ത്വരിതപ്പെടുത്തണം.

കേരളത്തിലെ വാർഡുകൾ കേന്ദ്രീകരിച്ച് വാർഡുതല മോണിറ്ററിംഗിനും വിവരശേഖരണത്തിനും വഴിയൊരുക്കണം. ഏകാരോഗ്യം സർവ്വോന്മുഖ പുരോഗതിക്ക് എന്ന ലക്ഷ്യസാക്ഷാത്ക്കാരത്തിന് ആരോഗ്യ-മൃഗസംരക്ഷണ -തദ്ദേശഭരണ വകുപ്പുകൾ കൂടുതൽ കർമ്മോന്മുഖരാകേണ്ടതുണ്ട്. ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, ഇന്ത്യൻ വെറ്ററിനറി അസോസിയേഷൻ പോലെയുള്ള സംഘടനകൾക്ക്

പങ്കാളിത്തമുണ്ടാകണം. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ഒരു വെറ്ററിനറി പബ്ലിക് ഹെൽത്ത് വിഭാഗം ഉണ്ടാകേണ്ട കാലം അതിക്രമിച്ചുകഴിഞ്ഞു. 2030 ഓടെ പേ നിയന്ത്രിതമായ കേരളം എന്ന സ്വപ്നം സാക്ഷാത്ക്കരിക്കാനുള്ള പരിശ്രമം ആകണം ഇനി.

റിട്ട. ജോയിന്റ് ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, Mob: 9447324846

65

# നവകേരള കാലത്തെ ഭരണ നിർവഹണം ഭക്ഷ്യ സുതാര്യതാ സർട്ടിഫിക്കറ്റ്

ഡോ. റാണാരാജ്

സംസ്ഥാനത്ത് ഉത്പാദിപ്പിക്കുകയോ വിപണനം ചെയ്യുകയോ ചെയ്യുന്ന ജന്തു ജന്യ ഭക്ഷ്യവസ്തുക്കളായ പാൽ, മുട്ട, മാംസം എന്നിവയുടെ സുരക്ഷിതത്വവും, ഗുണമേന്മയും ക്യൂ. ആർ. കോഡ് സംവിധാനത്തിലൂടെ മൃഗസംരക്ഷണ വകുപ്പിന്റെ വെബ്സൈറ്റ് മുഖാന്തരം ഉപഭോക്താക്കളിൽ എത്തിക്കുക എന്നതാണ് ഭക്ഷ്യ സുതാര്യത സർട്ടിഫിക്കറ്റിന്റെ ലക്ഷ്യം. ഭക്ഷ്യവസ്തുക്കളിൽ ഹാനികരങ്ങളായ രാസവസ്തുക്കൾ, ആന്റിബയോട്ടിക്കുകൾ, ഹോർമോണുകൾ ജന്തുജന്യ രോഗങ്ങൾ പരത്തുന്ന രോഗാണുക്കൾ എന്നിവയില്ല എന്ന് ഉറപ്പുവരുത്തുന്നതിനോടൊപ്പം അതിന്റെ രാസഘടന കൂടി വെളിവാക്കുന്ന സർട്ടിഫിക്കറ്റ് ആണ് നൽകുന്നത്. മൃഗങ്ങൾക്ക് നൽകുന്ന തീറ്റ, വെള്ളം മരുന്നുകൾ, അവയെ വളർത്തുന്ന സാഹചര്യം, രീതി ഇവയെല്ലാം ജന്തുജന്യ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരത്തെ ഗണ്യമായി സ്വാധീനിക്കും. സാമ്പിളുകളുടെ ലാബോറട്ടറി പരിശോധന നടത്തി ഈ ഘടകങ്ങൾ കാലികമായി പരിശോധിച്ചു ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ വകുപ്പിന് സാധിക്കും.

മൃഗസംരക്ഷണ വകുപ്പിനു കീഴിലുള്ള സ്റ്റേറ്റ് ലബോറട്ടറി ഫോർ ലൈവ് സ്റ്റോക്ക് മറൈൻ ആൻഡ് അഗ്രി പ്രോഡക്റ്റ്സിന്റെ സൗകര്യങ്ങൾ ഉപയോഗിച്ച് ഈ പ്രവർത്തനം നടപ്പിലാക്കാൻ സാധിക്കും. ഉത്പാദകന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ വിദഗ്ധ സമിതി ഫാം സന്ദർശിച്ച് ബയോ സെക്യൂരിറ്റി, ഫാമിൽ ഉപയോഗിക്കുന്ന വസ്തുക്കൾ, വെള്ളം, തീറ്റ എന്നിവ പരിശോധിക്കും. പരിശോധന ഫലം തൃപ്തികരമായാൽ വിപണന കേന്ദ്രങ്ങളിൽ പരിശോധന നടത്തും. തുടർന്ന് ഉൽപ്പന്നത്തിന്റെ സാമ്പിളുകൾ ലാബുകളിൽ പരിശോധിക്കും. ഫാമിന്റെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്ന ഓൺലൈൻ സംവിധാനത്തിലേക്ക് കൊണ്ടുവന്ന് ഭക്ഷ്യസുതാര്യത സർട്ടിഫിക്കറ്റ് നൽകും. ക്യൂ.ആർ.കോഡ് ലഭ്യമാകുന്നതോടെ ഇത് സ്കാൻ ചെയ്ത് മൃഗസംരക്ഷണ വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും ഉൽപ്പന്നത്തിന്റെ വിവരങ്ങളും വകുപ്പ് നൽകിയ പരിശോധന ഫലങ്ങളും ഉപഭോക്താവിന് ലഭിക്കും. സർട്ടിഫിക്കറ്റ് നൽകികഴിഞ്ഞാൽ തുടർച്ചയായി മൂന്നുമാസത്തെ ഇടവേളകളിൽ തുടർ പരിശോധനകൾ നടത്തി വെബ്സൈറ്റിൽ ലഭ്യമാക്കും.കേന്ദ്രീകൃത ഫാമുകളിൽ മാത്രമേ ആദ്യഘട്ടത്തിൽ സാധിക്കുകയുള്ളൂ എന്നതാണ് ഇതിന്റെ പ്രധാന പരിമിതി. ഭക്ഷ്യസുരക്ഷാ വകുപ്പ്, ക്ഷീരവകുപ്പ് എന്നിങ്ങനെ മറ്റു വകുപ്പുകളുടെ സഹകരണവും ആവശ്യമാണ്.

പദ്ധതി നിർവഹിക്കുന്നതോടെ ജന്തുജന്യ ഭക്ഷ്യോൽപന്നങ്ങളെ സംബന്ധിച്ച വ്യാജ പ്രചാരങ്ങൾക്ക് വിരാമം കുറിക്കാൻ സാധിക്കും. ഉൽപ്പന്നങ്ങളുടെ സ്വീകാര്യതയും കയറ്റുമതി സാധ്യതയും വർദ്ധിക്കും കാർഷിക വരുമാനം വർദ്ധിക്കുകയും,ഫീസിനത്തിൽ നേരിട്ടുള്ള വരുമാനവും പരോക്ഷമായി സംസ്ഥാനത്തിനുള്ള വരുമാനവും മേഖലയിൽ പതിന്മടങ്ങ് വർദ്ധിക്കും. പരീക്ഷണാടിസ്ഥാനത്തിൽ എറണാകുളം ജില്ലയിൽ 137 ബ്രോയിലർ ഫാമുകളിൽ നടപ്പിലാക്കിയ പദ്ധതി, സർക്കാർ അനുമതി ലഭിക്കുന്നതോടെ കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാനാകും.

വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പെൻസറി, സൗത്ത് പരവൂർ, എറണാകുളം, 9447027018.

66

# കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും - ഭേദഗതി "അറവുശാലകളും ഭക്ഷ്യ മാലിന്യ സംസ്കരണവും"

ഡോ. റാണാരാജ്

കണക്കുകൾ പ്രകാരം കേരളത്തിൽ പ്രതി മാസം 5,25,000 മെട്രിക് ടൺ മാംസം ഉത്പാദിപ്പിക്കപ്പെടുന്നു. അയ്യായിരത്തിൽപരം അംഗീകാരമുള്ളതും ഇല്ലാത്തതുമായ അറവുശാലകളിൽ നിന്നാണ് ഈ ഉൽപാദനം നടക്കുന്നത്. ഈ മേഖലയിലെ പ്രശ്നങ്ങൾ കൃത്യമായും ഫലപ്രദമായും പരിഹരിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. തദ്ദേശ സ്വയംഭരണ - മൃഗ സംരക്ഷണ – ആരോഗ്യ- ഭക്ഷ്യസുരക്ഷാ വകുപ്പുകൾക്ക് കീഴിൽ വരുന്ന ഈ മേഖലയിലെ വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനക്കുറവാണ് ഇതിനുള്ള കാരണം.

നിലവിൽ പഞ്ചായത്ത് രാജ് നിയമം അനുസരിച്ചാണ് അറവുശാലകൾ പ്രവർത്തിക്കുന്നത് എങ്കിലും, ഭക്ഷ്യ സുരക്ഷാ നിയമം നിലവിൽ വന്നതിനാൽ അതിന് ഘടകവിരുദ്ധമായുള്ള ഖണ്ഡികകൾ പഞ്ചായത്തീ രാജ് ചട്ടങ്ങളിലുള്ളത് കാലാനുസൃതമായി പരിഷ്കരിക്കേണ്ടതാണ്. മൃഗങ്ങളോടുള്ള ക്രൂരത തടയൽ (അറവുശാല) ചട്ടങ്ങൾ 2000 നടപ്പിലാക്കുന്നതിനും ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവുകളുടെ വെളിച്ചത്തിൽ ഭക്ഷ്യ ആവശ്യങ്ങൾക്ക് മൃഗങ്ങളെ കൊല്ലുന്നതുമായി ബന്ധപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് മാർഗ്ഗനിർദേശങ്ങൾ ഉണ്ടെങ്കിലും ഇത് പാലിക്കപ്പെടുന്നില്ല. ഓരോ പഞ്ചായത്തിനും അറവുശാലകൾ എന്നത് പ്രായോഗികമല്ലെന്നിരിക്കെ ബ്ലോക്ക് തലത്തിൽ കുറഞ്ഞത് 10 കന്നുകാലികളെ കശാപ്പ് ചെയ്യുന്ന വിധത്തിൽ അറവുശാലകൾ ഉണ്ടാകുന്നതാണ് ഉത്തമം. കോർപ്പറേഷൻ, മുൻസിപ്പാലിറ്റി തലങ്ങളിലും പ്രത്യേകം അറവുശാലകൾ ഉണ്ടാകുന്നത് അഭികാമ്യമാണ്. ചെക്ക്പോസ്റ്റുകളിൽ കേന്ദ്രീകൃത അറവുശാലകൾ എന്നത് ശാസ്ത്രീയമാണെങ്കിലും പ്രായോഗികമല്ല. പ്രതിദിനം രണ്ട് കന്നുകാലികളെ കശാപ്പ് ചെയ്യുന്ന ചെറുകിട യൂണിറ്റുകൾ തുടങ്ങാൻ ഭക്ഷ്യസുരക്ഷാ നിയമം അനുവദിക്കുന്നതിനാൽ സ്വകാര്യ മേഖലയിൽ ഇവ തുടങ്ങാവുന്നതാണ്. സേവനമേഖലയിലുള്ള അറവുശാലകളുടെ ഭരണപരമായ നിയന്ത്രണം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, സാങ്കേതിക നിയന്ത്രണം മൃഗസംരക്ഷണ വകുപ്പിനും നൽകണം. ചെറുകിട വാണിജ്യ അറവുശാലകൾ തുടങ്ങുന്നതിന് തദ്ദേശ സ്ഥാപനങ്ങളുടെയും മൃഗസംരക്ഷണ വകുപ്പ്, മലിനീകരണ വകുപ്പ് എന്നിവയുടെ അനുമതിയും ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ രജിസ്ട്രേഷനും നിർബന്ധമാക്കണം.

കേന്ദ്ര കാർഷിക മന്ത്രാലയത്തിന് കീഴിൽ വരുന്ന കേന്ദ്ര മൃഗസംരക്ഷണ വകുപ്പ് അറവു ശാല നിർമ്മാണത്തിന് അനുവദിക്കുന്ന ധനസഹായം സ്വീകരിക്കുന്നതിന് പ്രായോഗിക പ്രശ്നങ്ങൾ ഉണ്ട്. നിലവിൽ ഇത് കേരളത്തിൽ നടപ്പിലാക്കുന്ന അംഗീകൃത ഏജൻസി ശുചിത്വ മിഷനാണ് എന്നതിനാൽ ഇത് ഭേദഗതി വരുത്തി മൃഗസംരക്ഷണ വകുപ്പായി മാറ്റേണ്ടതുണ്ട്. മാംസ ഉൽപാദനത്തിൽ ഏർപ്പെടുന്ന കശാപ്പുകാർ ലൈസൻസ് നേടിയവരാകണമെന്ന് ചട്ടങ്ങളും, കശാപ്പുകാർക്ക് പരിശീലനം വേണമെന്ന് ബഹു ഹൈക്കോടതി വിധിയും ഉള്ളതിനാൽ ഇത്തരക്കാർക്ക് മാത്രമേ ലൈസൻസ് നൽകാവൂ. മൃഗങ്ങളോടുള്ള ക്രൂരത തടയൽ ചട്ടങ്ങൾ പ്രകാരം പരിശോധനയ്ക്കായി വെറ്ററിനറി സർജനെ നിയോഗിക്കുമ്പോൾ സാംക്രമിക രോഗങ്ങൾ തടയുവാനും, ഇത്തരത്തിൽ ലഭിക്കുന്ന യൂസർഫീ കൊണ്ട് സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ നടത്താനും സാധിക്കും.

മേൽ സൂചിപ്പിച്ച ചട്ടങ്ങൾ പ്രകാരം അറവുശാലകളോട് ചേർന്ന് മാംസ വില്പനശാലകൾ പാടില്ല. ഇത്തരം വിൽപ്പന ശാലകൾക്ക് പൊതുവായി മാനദണ്ഡങ്ങൾ മൃഗ സംരക്ഷണ - തദ്ദേശ സ്വയംഭരണ - ഭക്ഷ്യസുരക്ഷാ വകുപ്പുകൾ ചേർന്ന് ഉണ്ടാക്കേണ്ടതുണ്ട്. അറവ്ശാല മാലിന്യസംസ്കരണത്തിനായി ജില്ലാ പഞ്ചായത്ത് തലത്തിൽ യൂണിറ്റുകൾ സ്ഥാപിക്കണം. അറവുശാലകളിലെ മാലിന്യങ്ങളോടോപ്പം, വിവിധ കാരണങ്ങളാൽ മരണപ്പെടുന്ന കന്നുകാലികളെയും ഈ യൂണിറ്റിൽ സംസ്കരിച്ച് മീറ്റ് കം ബോൺ മീൽ പോലെ വിപണന സാധ്യതയുള്ള ഉല്പന്നങ്ങൾ ആക്കാവുന്നതും, ഇതുവഴി വരുമാനം നേടാനും സാധിക്കും.

വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പെൻസറി, സൗത്ത് പരവൂർ, എറണാകുളം, 9447027018.

67

# തെരുവുനായ നിയന്ത്രണം

ഡോ. രാജേഷ് കുമാർ

സംസ്ഥാനത്ത് തെരുവുനായ വിഷയം രൂക്ഷമാകുന്ന സാഹചര്യമാണ് ഇന്നുള്ളത്. തെരുവുനായകൾ ശുചീകരണ (scavengers) മൃഗങ്ങളായാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. തെരുവിൽ ലഭ്യമാകുന്ന ഭക്ഷണത്തിന്റെ അളവ് അനുസരിച്ച് നായ്ക്കളുടെ എണ്ണം വർദ്ധിക്കും. ആയത് കണക്കിലാക്കുവാൻ നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സംവിധാനങ്ങൾ ഇല്ല. ജൈവമാലിന്യ സംസ്കരണം കൃത്യമായി നടക്കാത്തതും വളർത്തു നായകൾക്ക് ലൈസൻസിംഗ് സംവിധാനം നിർബന്ധമാക്കാത്തതും അലഞ്ഞു തിരിഞ്ഞു നടക്കുന്ന മൃഗങ്ങളെ പുനരധിവസിപ്പിക്കുവാൻ സംവിധാനങ്ങൾ ഇല്ലാത്തതും അനിമൽ ബർത്ത് കണ്ട്രോൾ പ്രോഗ്രാം നടപ്പിലാക്കാത്തതും തെരുവ്നായകളുടെ എണ്ണം വർദ്ധിക്കുന്നതിന് കാരണമാണ്.

The Kerala Panchayat Raj (Licensing of Pigs and Dogs) Rules, 1998 ചട്ടങ്ങൾ പ്രകാരം വളർത്തു നായകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലൈസൻസ് നിർബന്ധമാക്കുന്ന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണം. ലൈസൻസ് നൽകുന്ന നായ്ക്കളെ തിരിച്ചറിയാൻ മൈക്രോ ചിപ്പ് നൽകണം. വളർത്തു നായകളെ തെരുവിൽ ഉപേക്ഷിക്കുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കണം. അലഞ്ഞു നടക്കുന്ന മൃഗങ്ങളെ തെരുവിൽ അലയാൻ അനുവദിക്കാതെ പുനരധിവസിപ്പിക്കുന്നതിന് ആവശ്യമായ സ്ഥലം കണ്ടെത്തി പഞ്ചായത്തിൽ പുനരധിവാസ കേന്ദ്രം സ്ഥാപിക്കണം. (Order no9-3/2018-19/pca dated 12/07/2018 of Animal welfare board of India, Section 166 of Kerala Panchayathrajact). തെരുവ് നായകൾ കുറുകെ ചാടി നിരവധി ഇരുചക്ര വാഹന യാത്രക്കാർക്ക് പരിക്ക് പറ്റുന്ന സംഭവങ്ങൾക്ക് ഒരു പരിഹാരം ഇത്തരം കേന്ദ്രങ്ങൾ ഉണ്ടാക്കുന്നതിലൂടെ സാധിക്കും. തെരുവുനായകൾക്ക് എല്ലായിടങ്ങളിലും ഭക്ഷണം നൽകാൻ അനുവദിക്കാതെ ഓരോ പഞ്ചായത്തിലും ഫീഡിംഗ് പോയിന്റുകൾ ഉണ്ടാക്കണം. സ്കൂളുകൾ, റോഡുകളുടെ പരിസരം, ജനത്തിരക്ക് ഉള്ള സ്ഥലങ്ങൾ എന്നിവിടങ്ങളിൽ നായകൾക്ക് ഭക്ഷണം നൽകാൻ അനുവദിക്കരുത്.

തെരുവുനായകളുടെ അനിയന്ത്രിതമായ പ്രജനനം തടയുന്നതിന് ABC പദ്ധതി നടപ്പിലാക്കേണ്ടതാണ്. അനിമൽ ബർത്ത് കണ്ട്രോൾ പ്രോഗ്രാം നടപ്പിലാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് സമിതി രൂപികരിക്കണമെന്ന് Animal birth control(dogs) rules, 2001 പറയുന്നുണ്ട്. അത്തരത്തിൽ രൂപീകരിക്കുന്ന സമിതി പഞ്ചായത്ത് തലത്തിൽ തെരുവ് നായ നിയന്ത്രണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ തീരുമാനം കൈക്കൊള്ളണം. ബ്ലോക്ക് തലത്തിൽ എ ബി സി യൂണിറ്റുകൾ പ്രവർത്തന സജ്ജമാക്കണം. നിലവിൽ യൂണിറ്റുകൾ ഉണ്ട്. അവ ജില്ലാതലത്തിൽ ഏകോപിപ്പിച്ച് ജില്ലാ പഞ്ചായത്തിന്റെ കീഴിൽ പദ്ധതി നടപ്പിലാക്കാം. ഓരോ പഞ്ചായത്തും നിശ്ചിത തുകയ്ക്ക് പദ്ധതി തയ്യാറാക്കി അത് ജില്ലാ പഞ്ചായത്തിന് കൈമാറണം. പദ്ധതിയുടെ മേൽ നോട്ട ചുമതല മൃഗസംരക്ഷണ വകുപ്പിന്റെ ഡെപ്യൂട്ടി ഡയറക്ടറെ ഏൽപ്പിക്കണം. ഇത്തരം സെന്ററുകളുടെ നടത്തിപ്പ് അംഗീകൃത അനിമൽ വെൽഫെയർ സംഘടനകളെ ഏൽപ്പിക്കുകയോ ജില്ലാ പഞ്ചായത്ത് നേരിട്ട് നടത്തുകയോ വേണം. അംഗീകൃത അനിമൽ വെൽഫെയർ സംഘടനകൾ സംസ്ഥാനത്ത് വിരലിലെണ്ണാവുന്നതേ ഉള്ളു എന്നതാണ് ഇതിലെ പ്രായോഗിക ബുദ്ധിമുട്ട്. അല്ലെങ്കിൽ ജില്ലാ പഞ്ചായത്ത് നേരിട്ട് സെന്ററുകൾ നടത്തണം. ഒരു വെറ്ററിനറി ഡോക്ടറും, ഒരു മൃഗ പരിപാലകനും, ഒരു ഓപ്പറേഷൻ തീയറ്റർ സഹായിയും ഒരു ശുചീകരണ സഹായിയും (കുടുംബശ്രീ മുഖേന) അടങ്ങുന്നതാവണം ഒരു സെന്റർ. വാഹനവും മറ്റ് സൗകര്യങ്ങളും തൽക്കാലം ആവശ്യാനുസരണം വാടകക്ക് എടുക്കുന്ന വിധത്തിൽ പ്രവർത്തനം ആരംഭിക്കാം.

ജില്ലാ തലത്തിൽ ഒരു മോബൈൽ സർജറി യൂണിറ്റ് മൃഗസംരക്ഷണ വകുപ്പിന്റെ ഡെപ്യൂട്ടി ഡയറക്ടറുടെ കീഴിൽ സ്ഥാപിച്ചാൽ അടിയന്തിര ഘട്ടങ്ങളിൽ ഇടപെടലുകൾ നടത്തുവാൻ സാധിക്കും. ഇത്തരത്തിൽ തെരുവുനായ നിയന്ത്രണം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പാനാക്കാവും.

വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പെൻസറി, കുലശേഖരപുരം,
rajeshvetdoctor@gmail.com

## 68

# സർവ്വീസ് ഡെലിവറി – മൃഗസംരക്ഷണ വകുപ്പ്

ഡോ. രാജേഷ് കുമാർ

### സർവീസ് ഡെലിവറി മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ

വെറ്ററിനറി പബ്ലിക്ക് ഹെൽത്ത് വിംഗ് - ലോകാരോഗ്യ സംഘടന പ്രവചിക്കുന്നത് വരും ദശകങ്ങളിലെ വളർന്നുവരുന്ന രോഗങ്ങളിൽ ഭൂരിഭാഗവും മൃഗങ്ങളിൽ നിന്നും പക്ഷികളിൽ നിന്നും ഉത്ഭവിക്കുകയോ പടരുകയോ ചെയ്യുമെന്നാണ്. മൃഗങ്ങളും മനുഷ്യരും വളരെ അടുത്ത് താമസിക്കുന്ന കേരളം പോലുള്ള ഒരു സംസ്ഥാനത്ത് ഇത് വളരെ പ്രധാനമാണ്. സമീപകാലത്ത് പടർന്നുപിടിച്ച പക്ഷിപ്പനിയും നിപ്പ വൈറസും വലിയ ആശങ്കകൾ ഉയർത്തുന്ന സാഹചര്യങ്ങളിൽ, സൂനോട്ടിക് രോഗങ്ങൾ നിരീക്ഷിക്കുന്നതിനും തടയുന്നതിനും ഒപ്പം സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്നതും കഴിക്കുന്നതുമായ നോൺ-വെജിറ്റേറിയൻ ഭക്ഷണത്തിന്റെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും ഒരു പ്രത്യേക വിഭാഗം ആവശ്യമാണ്. പേ വിഷബാധ നിയന്ത്രണവും എലിപ്പനി, ബ്രൂസെല്ലോസിസ് തുടങ്ങിയവയുടെ നിരന്തര നിരീക്ഷണ സംവിധാനവും രൂപീകരിക്കാനാകും ആയത് വഴി Zoonotic Disease Outbreak Prediction Centre വകുപ്പിന് കീഴിൽ സ്ഥാപിക്കാനാകും.

ഉദ്യമ പരിപാലനകേന്ദ്രം - കന്നുകാലി കൃഷിയിലും മറ്റ് അനുബന്ധ വിഷയങ്ങളിലും കർഷകർക്കും സംരംഭകർക്കും പരിശീലനം നൽകാൻ നിയോഗിക്കപ്പെട്ട സ്ഥാപനമാണ് ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററുകൾ. ദേശീയ അന്തർദേശീയ സാമ്പത്തിക രംഗങ്ങളിലെ ഏറ്റക്കുറച്ചിലുകൾ, സാധ്യതയുള്ള സംരംഭകരുടെ, പ്രത്യേകിച്ച് വിദ്യാസമ്പന്നരായ യുവാക്കളുടെയും വിദേശത്ത് നിന്ന് തിരിച്ചെത്തിയവരുടെയും വലിയ ഒരു ഒഴുക്ക് സൃഷ്ടിച്ചു. കന്നുകാലി കാർഷിക മേഖലയിലേക്ക്, ശരിയായ സാങ്കേതികവിദ്യയുള്ള ഒരു ഫലപ്രദമായ സംവിധാനം - സംരംഭകൻ - ധനകാര്യം - മാർക്കറ്റ് ലിങ്കേജ് സാഹചര്യം പ്രയോജനപ്പെടുത്തുന്നതിന് വികസിപ്പിക്കണം. കന്നുകാലി പരിപാലന പരിശീലന കേന്ദ്രങ്ങൾ ഈ മേഖലയെ ശക്തിപ്പെടുത്തും. ശരിയായ സാമ്പത്തിക പിന്തുണയും റെഡി മാർക്കറ്റും ഉപയോഗിച്ച് ഫാം സ്ഥാപിക്കുന്നതിനും ഒരു ഇടവേള വരെ അവനോടൊപ്പം ഉണ്ടായിരിക്കുന്നതിനും സഹായിക്കുന്ന, പുതിയ സംരംഭകന് മാർഗ്ഗനിർദ്ദേശം നൽകുന്നതിനുള്ള ഫലപ്രദമായ സംവിധാനം അന്താരാഷ്ട്ര തലത്തിലുള്ള സ്ഥാപനങ്ങളിൽ കാണുന്നതുപോലെ പ്രോത്സാഹിപ്പിക്കപ്പെടാം. എൽഎംടിസികൾക്ക് ആർഎഎച്ച്സികളുമായും ഫീൽഡ് ലെവൽ വെറ്ററിനറി സ്ഥാപനങ്ങളുമായും ചേർന്ന് സേവനം നൽകാൻ കഴിയും.

ഉദ്യോഗസ്ഥ പരിശീലനം - ഈ മേഖലയിലെ വികസന പദ്ധതികളുടെയും സാങ്കേതിക പുരോഗതികളുടെയും അളവ് വകുപ്പിലെ ജീവനക്കാരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും വർദ്ധിപ്പിച്ചു. വകുപ്പിലെ ഉദ്യോഗസ്ഥരെ മികച്ച രീതിയിൽ എത്തിക്കുന്നതിന് ജീവനക്കാർക്ക് പതിവ് പുതുക്കൽ പരിശീലനം അത്യാവശ്യമാണ്. എല്ലാ വിഭാഗം ജീവനക്കാർക്കും കൃത്യമായ സമയബന്ധിതമായി പരിശീലന പരിപാടികൾ സംഘടിപ്പിക്കാൻ എൽഎംടിസികൾ സജ്ജമാക്കിയേക്കാം.

ഭരണ നിർവ്വഹണരംഗത്ത് വരുത്തുന്ന പരിഷ്ക്കരണത്തിൽ ഇക്കാര്യങ്ങൾ പരിഗണിക്കേണ്ടതാണ്.

---

വെറ്ററിനറി സർജൻ, വെറ്റിനറി ഡിസ്പെൻസറി, കുലശേഖരപുരം, rajeshvetdoctor@gmail.com

## 69

# ക്ഷീര വികസനം

അനൂപ് പി.എ.

ക്ഷീരവികസന വകുപ്പ് പ്രതിവർഷം 108 കോടി രൂപ നേരിട്ട് ചെലവഴിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന 145 കോടി രൂപയും വാർഷിക പദ്ധതിയായി ഏറ്റെടുത്തു നടപ്പിലാക്കുന്നു.കൂടാതെ ക്ഷീര സഹകരണ സംഘങ്ങളുടെ ഭരണപരവും നിയമപരവുമായ കാര്യങ്ങൾ നിർവഹിച്ചു പോരുന്നു.

ഗുണമേന്മയുള്ള മനുഷ്യ വിഭവശേഷിയോടൊപ്പം മികവുറ്റ അടിസ്ഥാന സൗകര്യങ്ങൾ വകുപ്പിന് ആവശ്യമുണ്ട്. ക്ഷീര വികസന വകുപ്പുമായി ബന്ധപ്പെട്ടിട്ടുള്ള വിവിധ വകുപ്പുകളും ഏജൻസികളും തമ്മിൽ വേണ്ടത്ര ഏകോപനം ഇല്ല. വർദ്ധിച്ച ക്ഷീരോൽപാദന ചെലവ്, തീറ്റ വസ്തുക്കളുടെ മേലുള്ള

പരാശ്രയത്വം, യുവ തലമുറയുടെ വിമുഖത, നൂതന സാങ്കേതിവിദ്യകളുടെ അഭാവം, മികവുറ്റ സംരംഭകത്വത്തിന്റെ സാധ്യതകൾ ഉപയുക്തമാക്കുന്നതിൽ വരുത്തുന്ന അലംഭാവം, കാലിത്തീറ്റയുടെ ഗുണനിലവാരം സംബന്ധിച്ച പ്രശ്നങ്ങൾ തുടങ്ങിയവ മേഖലയുടെ സുസ്ഥിര വളർച്ചയ്ക്ക് വിഘാതമാകുന്നു.

മിൽക്ക് ഷെഡ് വികസന പദ്ധതി, കിടാരി പാർക്കുകൾ, ക്ഷീരശ്രീ സ്വാശ്രയ സംഘങ്ങൾ, ക്ഷീരസാന്ത്വനം പദ്ധതി എന്നിവ മികച്ചതും നൂതനവുമായ മാതൃകകളായി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതി പ്രവർത്തനങ്ങളാണ്.

നിരന്തരം പരാജയപ്പെടുന്ന പദ്ധതികൾ ഒഴിവാക്കിക്കൊണ്ട് വിവരസാങ്കേതികവിദ്യയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പാക്കിക്കൊണ്ടും വകുപ്പിന്റെ പ്രവർത്തന നിലവാരം കൂടുതൽ ആക്കുവാൻ സാധിക്കും സർക്കാരിന്റെ പരിഗണനയിലുള്ള സംസ്ഥാന ക്ഷീര നയം സത്വരമായി നടപ്പിലാക്കുകയും കാലിത്തീറ്റ ഗുണനിലവാര നിയമം ഉടൻ പ്രാബല്യത്തിൽ വരുത്തുകയും പാലിന്റെ ഗുണമേന്മ നിയന്ത്രണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. സഹകരണ ക്ഷീര മേഖല നടത്തിപ്പിൽ പ്രൊഫഷണൽ സമീപനം സ്വീകരിക്കുകയും ശാസ്ത്രീയമായ ടെക്നിക്കൽ ഓഡിറ്റ് മേഖലയിൽ നടപ്പിലാക്കുകയും ചെയ്യണം. വിവിധ സോണുകൾ ആയി തിരിച്ചു ദീർഘകാല അടിസ്ഥാനത്തിലുള്ള വികേന്ദ്രീകൃത പദ്ധതികൾ വിഭാവനം ചെയ്യണം. ചെക്ക് പോസ്റ്റ് ഉൾപ്പെടെയുള്ള സംവിധാനങ്ങളിൽ ആവശ്യമായ മാനവശേഷി ഉറപ്പുവരുത്തുകയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യണം. ബ്ലോക്ക് ലവലിൽ ക്ഷീരസംഘങ്ങളുടെ അപക്സ് ബോഡ് ആയി ക്ഷീരസഹകരണ സംഘം രൂപീകരിച്ച് പ്രാദേശികമായി ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ കൊണ്ട് കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് ആരംഭിച്ച് കാലിത്തീറ്റ വിലനിയന്ത്രണം ഉറപ്പു വരുത്തുകയും ഒപ്പം തൊഴിലും വരുമാനവും ലഭ്യമാക്കുകയും ചെയ്യണം.

ഡയറി എക്സ്റ്റൻഷൻ ഓഫീസർ, പഴയന്നൂർ ബ്ലോക്ക്, തൃശ്ശൂർ, Mob: 8848450902

70

## മത്സ്യബന്ധന വകുപ്പ്

സന്തോഷ് കുമാർ എസ്.

കേരള സംസ്ഥാനത്തിന്റെ രൂപീകരണത്തോടൊപ്പം സംസ്ഥാന മത്സ്യബന്ധന വകുപ്പും 1956-ൽ രൂപീകൃതമായി. പാർശ്വവത്കരിക്കപ്പെട്ട സമൂഹമായിരുന്ന മത്സ്യതൊഴിലാളികളെ മുഖ്യധാരയിലേക്ക് എത്തിക്കുകയായിരുന്നു പ്രഥമ ലക്ഷ്യം. മത്സ്യബന്ധന രീതികളിലെ മാറ്റവും മത്സ്യസമ്പത്തിന്റെ സംരക്ഷണവും പരിപാലനവും, മത്സ്യത്തിന്റെ മൂല്യവർദ്ധനവ് അടക്കമുള്ള പ്രവൃത്തികളും മത്സ്യകൃഷി വ്യാപന പ്രവർത്തനങ്ങളും ഇക്കാലയളവിൽ വകുപ്പ് ഏറ്റെടുത്ത ചില പ്രവർത്തനങ്ങളാണ്. മത്സ്യതൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിച്ച് അവരെ വികസനത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനുതകുന്ന പ്രവർത്തനങ്ങളോടൊപ്പം മത്സ്യസമ്പത്തിന്റെ സംരക്ഷണവും പരിപാലനവും മത്സ്യകൃഷിയിലൂടെയുള്ള മത്സ്യ ഉല്പാദനവർദ്ധനവും ഗുണനിലവാരം ഉറപ്പാക്കി മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികളും നടപ്പാക്കി വരുന്നു. 1964 കാലഘട്ടത്തിലെ പദ്ധതി നിർവ്വഹണത്തിന് സഹായകരമായ ജീവനക്കാരും അവരുടെ എണ്ണവും മാത്രമാണ് നിലവിൽ വകുപ്പിലുള്ളത്. ഒൻപതാം പഞ്ചവത്സര പദ്ധതികാലത്ത് ഫിഷറീസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ പ്രാദേശിക തലത്തിലേക്ക് എത്തിക്കുന്നതിനും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും ലക്ഷ്യമിട്ട് മത്സ്യഭവനുകൾ വിഭാവനചെയ്തെങ്കിലും പതിനാലാം പദ്ധതി കാലഘട്ടമായിട്ടും നമുക്ക് അത് പൂർണ്ണാർത്ഥത്തിൽ യാഥാർത്ഥ്യമാക്കുന്നതിന് കഴിഞ്ഞിട്ടില്ല. പരാതി പരിഹാര സെല്ലും, കാൾസെന്ററും, രക്ഷാപ്രവർത്തനത്തിനായി മാസ്റ്റർ കൺട്രോൾ റൂമും സേവനങ്ങൾ ഓൺലൈൻ ആക്കിയും e-ഓഫീസ് സംവിധാനവും നടപ്പാക്കിയെങ്കിലും അവയെല്ലാം ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ ലൈസൻസ് നൽകുന്നതിനായി നടപ്പാക്കിയ ReAL ക്രാഫ്റ്റ് സോഫ്റ്റ് വെയറും, മത്സ്യതൊഴിലാളി, മത്സ്യ കർഷക വിവരശേഖരണത്തിനായി നടപ്പാക്കിയ FIMS സോഫ്റ്റ് വെയറും ഈ മേഖലയിൽ വകുപ്പിന്റെ മികച്ച ഇടപെടലുകളാണ്. പ്രാദേശിക തലത്തിലുള്ള ഓഫീസ് സംവിധാനത്തിന്റെ പോരായ്മയും അടിസ്ഥാന സൗകര്യങ്ങളുടെ കുറവും വനിതാ സൗഹൃദമല്ലാത്ത ഫീൽഡ് തല ഓഫീസ് സംവിധാനവും ജീവനക്കാരുടെ കുറവും, കൃത്യമായ ജോലി വിഭജനമില്ലായ്മയും യോഗ്യത ചട്ടക്കൂടിന്റെ അഭാവവും യോഗ്യത ചട്ടക്കൂടിന്റെ അഭാവവും ഓൺലൈൻ സംവിധാനങ്ങൾക്കുള്ള ന്യൂനതകളും സമയബന്ധിതമായി പൊതുജനങ്ങൾക്ക് സേവനം ഉറപ്പാക്കുന്നതിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങളാണ്. മത്സ്യ

കൃഷിക്കും മത്സ്യതൊഴിലാളി ക്ഷേമം, മത്സ്യസമ്പത്തിന്റെ സംരക്ഷണം, പരിപാലനം, കടൽ സുരക്ഷ ഉറപ്പാക്കൽ എന്നിവയ്ക്ക് പ്രത്യേകം വിഭാഗങ്ങളായി തിരിച്ച് സംവിധാനം ഒരുക്കണം. ജില്ലാ ഓഫീസുകൾ കേന്ദ്രീകരിച്ച് നിലവിൽ നടക്കുന്ന പ്രവർത്തനങ്ങൾ കൃത്യമായ ജോലി വിഭജനവും യോഗ്യത ചട്ടക്കൂടും തയ്യാറാക്കി മത്സ്യഭവനുകൾക്ക് കൈമാറുകയും ജില്ലാ ഓഫീസുകൾ ഇത്തരം പ്രവർത്തനങ്ങളുടെ മേൽനോട്ടവും വിലയിരുത്തലും നടത്തുവാൻ കഴിയുന്ന തരത്തിൽ പുനഃക്രമീകരിക്കപ്പെടുകയും വേണം. എല്ലാ മത്സ്യതൊഴിലാളികളേയും സഹകരണ സംഘത്തിൽ അംഗങ്ങളാക്കുകയും ഫിഷറീസ് സഹകരണ വിഭാഗത്തിന്റെ പ്രവർത്തനം കാലോചിതമായി മെച്ചപ്പെടുത്തുകയും വേണം. പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ ഫിഷറീസ് മേഖലയിലെ സ്ഥാപനങ്ങളെ പുനഃസംഘടിപ്പിക്കുകയും പ്രവർത്തനങ്ങൾ ക്രമപ്പെടുത്തി സേവന ലഭ്യത വേഗത്തിൽ ഉറപ്പാക്കുകയും ഓൺലൈൻ സംവിധാനം വഴി അർഹരായ എല്ലാ മത്സ്യതൊഴിലാളികൾക്കും അംഗത്വം ലഭിക്കുവാൻ കഴിയുമാറ് ക്രമീകരണവും ഉണ്ടാകണം. സേവനങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലേയ്ക്ക് കൊണ്ട് വരാനും മൊബൈൽ ആപ്പുകൾ ഏർപ്പെടുത്തി ഫീൽഡ് തലത്തിൽ ജോലിഭാരം ലഘൂകരിക്കുവാനും കഴിയണം. കൂടുതൽ മത്സ്യഭവനുകൾ ആരംഭിക്കുകയും പ്രവർത്തന മേഖലയും ജോലിയും കൃത്യമായ വിഭജനം സാധ്യമാക്കുകയും ചെയ്യുക. പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾക്കും അക്കൗണ്ടിങ്ങിനും സോഫ്റ്റ് വെയർ സംവിധാനം ഒരുക്കി എല്ലാ സേവനങ്ങൾക്കും FIMS ഡേറ്റാബെയ്സ് ആധികാരിക ഡേറ്റയാക്കുവാൻ കഴിയണം. ഓൺലൈൻ അപേക്ഷകരെ സഹായിക്കുന്നതിന് ജില്ലകൾ തോറും ഫെസിലിറ്റേഷൻ സെന്ററുകളും പരാതി പരിഹാരത്തിനും സംശയ ദുരീകരണത്തിനായി ഓൺലൈൻ പരാതി പരിഹാര സംവിധാനവും നൂതന സാങ്കേതികവിദ്യകളും നിർമ്മിത ബുദ്ധിയുടെ സാധ്യതകളും പ്രയോജനപ്പെടുത്തി മത്സ്യകൃഷി വ്യാപിപ്പിക്കുവാനും ജീവനക്കാരെയും കർഷകരെയും പ്രാപ്തരാക്കുന്നതിന് പരിശീലനവും ഒരുക്കുക. മത്സ്യതൊഴിലാളി കുടുംബാംഗങ്ങൾക്ക് ഇതര മേഖലകളിൽ തൊഴിൽ നേടുവാൻ കഴിയുമാറ് പരിശീലനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ജില്ലകൾ തോറും ഒരുക്കുകയും സഹായ പദ്ധതികളെ സബ്സിഡി പദ്ധതികൾ എന്ന നിലയിൽ നിന്നും സുസ്ഥിര വരുമാനം ഉറപ്പാക്കുവാൻ കഴിയുന്ന തരത്തിൽ പരിഷ്ക്കരിക്കുകയും തൊഴിൽ വൈവിധ്യവത്കരണവും സംരംഭക പ്രോത്സാഹനവും മുഖമുദ്ര ആക്കുകയും വേണം. ദുരന്ത നിവാരണ അറിയിപ്പുകൾ യഥാസമയം മത്സ്യതൊഴിലാളികൾക്ക് എത്തിക്കുവാൻ കഴിയുമാറ് കേന്ദ്രീകൃത ഡിസ്ട്രസ് അലെർട്ട് മാനേജ്മെന്റ് സിസ്റ്റം വകുപ്പിന്റെ കീഴിൽ ഒരുക്കണം. പരാതി പരിഹാരത്തിനായി മാസത്തിലൊരു ദിവസം ജില്ലാ ഓഫീസുകളിൽ പരാതി അദാലത്തും ഫയൽ അദാലത്തും ഉദ്യോഗസ്ഥരെയും പരാതിക്കാരെയും ഉൾപ്പെടുത്തി സംഘടിപ്പിക്കുന്നതിലൂടെ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമതയോടെയും സമയബന്ധിതമായും ജനവിഭാഗങ്ങൾക്ക് അനുഭവവേദ്യമാക്കുവാൻ കഴിയും.

ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് വകുപ്പ്, 9895354938

71

## ഒരു മത്സ്യ കർഷകന്റെ കാഴ്ചപ്പാട്

ടി. പുരുഷോത്തമൻ

കേരളം പല മേഖലയിലും രാജ്യത്തിന് മാതൃകയായി മുന്നേറുകയാണ്. ഇനിയും നമുക്ക് ഒരുപാട് മുന്നോട്ടു പോകാനുണ്ട്. സമ്പത്ത് ഉൽപാദന പ്രക്രിയയിൽ അവനവന്റെ പങ്ക് നല്ല നിലയിൽ നിർവഹിക്കുന്ന തന്റെ അവകാശാധികാരങ്ങളെ കുറിച്ചും ഉത്തരവാദിത്വങ്ങളെ കുറിച്ചും ബോധമുള്ള ഉത്തമ പൗരന്മാരാണ് ഒരു സംതൃപ്ത സമൂഹത്തിൽ ഉണ്ടാകേണ്ടത്. അതിലേക്ക് എത്താൻ ഒരുപാട് ദൂരം നാം ഇനിയും സഞ്ചരിക്കേണ്ടതുണ്ട്. ശാരീരിക അധ്വാനത്തോട് വിമുഖത കാട്ടുന്ന ഒരു പുത്തൻ തലമുറ വളർന്നുവരുന്ന ഈ കാലത്ത് അതുകൂടി പരിഗണിച്ചുകൊണ്ട് മാത്രമേ നമുക്ക് മുന്നോട്ട് പോകാൻ കഴിയൂ. പുത്തൻ ശാസ്ത്ര സാങ്കേതികവിദ്യകളുടെ സഹായത്തോടെ അധ്വാനഭാരം കുറച്ചുകൊണ്ടാവണം ഈ സാഹചര്യത്തെ നാം കൈകാര്യം ചെയ്യേണ്ടത്. അതിനുതകുന്ന നിലയിൽ ഭരണ നിർവഹണ സംവിധാനവും കാലാനുസൃതമായി മാറേണ്ടിയിരിക്കുന്നു. ഉത്പാദന മേഖലയിലേക്ക് വരുന്ന കർഷകർക്ക് ആത്മവിശ്വാസത്തോടെ ജോലി ചെയ്യാനുള്ള അന്തരീക്ഷം സംജാതമാകണമെങ്കിൽ കർഷകന്റെ കുറ്റംകൊണ്ടല്ലാതെ ഉണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകാനോ ഇൻഷുറൻസ് കവറേജ് ലഭിക്കാനോ സംവിധാനം ഉണ്ടാകണം എന്നതാണ് മത്സ്യകർഷകൻ എന്ന നിലയിലുള്ള അഭിപ്രായം. നിരന്തരമായി വികസിച്ചുകൊണ്ടിരിക്കുന്ന ഒരു കാർഷിക മേഖലയാണ് മത്സ്യകൃഷി. സാധ്യതകളും ആവശ്യകതകളും പരിഗണിച്ച് ഫിഷറീസ് വകു

പ്പിനകത്ത് ഘടനാപരമായി മാറ്റങ്ങൾ വരുത്തണം. കേരളീയരുടെ ഭക്ഷ്യ ആവശ്യത്തിന് ഗുണമേന്മയുള്ള മത്സ്യം ഉത്പാദിപ്പിച്ച് കൊടുക്കുന്നതിന് നേതൃത്വം നൽകാനും കയറ്റുമതി സാധ്യതയെ പ്രയോജനപ്പെടുത്താനും വകുപ്പിന് സാധിക്കണം. അതിന് യോജിച്ച ഉദ്യോഗസ്ഥഭരണ സംവിധാനം ഉണ്ടാകേണ്ടതുണ്ട്. ആവശ്യമുള്ള വിദ്യാഭ്യാസ യോഗ്യതയും പ്രായോഗിക അറിവും പ്രാപ്തിയും ഉള്ള ഒരു അഡീഷണൽ ഡയറക്ടറുടെ കീഴിൽ ശാസ്ത്ര സാങ്കേതിക പൈതൃകമുള്ള ഒരു ടീം ആയിരിക്കണം സംസ്ഥാനത്തെ ജലകൃഷി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടത്. പുത്തൻ സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള പദ്ധതികൾ കൃഷിയിലേക്ക് എത്തുന്നതിനു മുമ്പേ അഡാപ്റ്റീവ് റിസർച്ച് നടത്തി ഗുണദോഷ വശങ്ങൾ വിലയിരുത്തി കുറ്റമറ്റതാക്കാൻ സംവിധാനം ഉണ്ടാകണം. പദ്ധതികൾ തയ്യാറാക്കുമ്പോൾ ഇത്തരം പ്രായോഗിക അനുഭവങ്ങൾ കൂടി വിലയിരുത്തി സിദ്ധാന്തവും പ്രയോഗവും യോജിച്ച് നടപ്പാക്കുകയും വേണം. പരിസ്ഥിതിക്ക് ദോഷം വരാത്ത നിലയിൽ നമ്മുടെ പൊതു ജലാശയത്തിന്റെ അനന്തസാധ്യതയെ പ്രയോജനപ്പെടുത്താനുള്ള പദ്ധതികൾ വേണം. ഇതിന് ശാസ്ത്രീയ സമീപനം സ്വീകരിക്കുന്നതിനൊപ്പം നിയമപരവും ഭരണപരവുമായ ക്രമീകരണങ്ങൾ കൂടി ഉണ്ടാവണം. കൃഷി ചെയ്യാൻ മുന്നോട്ട് വരുന്നവർക്ക് ഗുണമേന്മയുള്ള വിത്തും തീറ്റയും ന്യായവിലക്ക് ലഭിക്കുന്നതിനുള്ള സംവിധാനം ഒരുക്കുകയും ഈ മേഖലയിൽ കർഷകരെ ചൂഷണം ചെയ്യുന്ന ഇടനിലക്കാരെ ഒഴിവാക്കാൻ കർഷകരുടെ സഹകരണ സംഘങ്ങൾക്ക് രൂപംനൽകി ഫലപ്രദമായ നടത്തിപ്പിന് വേണ്ട സൗകര്യമൊരുക്കുകയും വേണം. പശ്ചാത്തല സൗകര്യത്തിന് പ്രാധാന്യം നൽകി കൈപ്പാട് മേഖലകളിലെ സാധ്യതയെ പ്രയോജനപ്പെടുത്തുകയും കേന്ദ്രീകൃത ആസൂത്രണത്തിന് പകരം ഓരോ പ്രദേശത്തിന്റെയും സവിശേഷതകൾ പരിഗണിച്ച് ജില്ലാ അടിസ്ഥാനത്തിൽ ആസൂത്രണം വികേന്ദ്രീകരിക്കുകയും ജില്ലകൾക്ക് അനുയോജ്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും വേണം. പുതുതായി കൃഷിയിലേക്ക് വരുന്നവർക്ക് ഒരുതവണ സബ്സിഡി നൽകിയാൽ പിന്നീട് വരുന്ന വർഷങ്ങളിൽ കുറ്റമറ്റ നിലയിൽ പ്രൊഡക്ഷൻ ഇൻസന്റീവ് നൽകുന്നതാണ് ഉചിതം. പദ്ധതികൾ സംബന്ധിച്ച് ഫിഷറീസ് വകുപ്പ് നടത്തുന്ന അവബോധങ്ങളിൽ മാതൃകാരീതിയിൽ നടപ്പിലാക്കിയ കർഷകരുടെ പ്രതിനിധികളെ കൂടി പങ്കെടുപ്പിക്കണം. പദ്ധതികൾ സംബന്ധിച്ച് സോഷ്യൽ ഓഡിറ്റിംഗും ഉദ്യോഗസ്ഥർക്ക് പെർഫോമൻസ് ഓഡിറ്റിംഗും കുറ്റമറ്റ നിലയിൽ നടത്തുന്നതിന് സംവിധാനം ഉണ്ടാകണം.

---

കണ്ണൂർ, മൊബൈൽ: 8281632470

72

# കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല (കുഫോസ്) – വിദൂരഭാവിയിലേക്കുള്ള സ്വതന്ത്ര കാഴ്ചപ്പാടുകൾ

പ്രൊഫ. (ഡോ.) ദിനേശ് കൈപ്പിള്ളി

ഇന്ത്യയിലെ ആദ്യത്തെ ഫിഷറീസ് സർവകലാശാലയാണ് 2010 നവംബർ 20 ന് പ്രവർത്തനം ആരംഭിച്ച കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല (കുഫോസ്). അധ്യാപനം, ഗവേഷണം, വിജ്ഞാനവ്യാപനം എന്നിവയാണ് സർവ്വകലാശാലയുടെ അടിസ്ഥാന ധർമ്മങ്ങൾ. ഫിഷറീസ് സയൻസിനോടൊപ്പം സമുദ്രപഠനത്തിനും കൂടി അവസരം കുഫോസിലുണ്ട്. കൊച്ചിയിലെ മെയിൻ കാമ്പസ്സിന് പുറമേ, കണ്ണൂർ ജില്ലയിലെ പയ്യന്നൂരിൽ മറ്റൊരു ഫിഷറീസ് കോളേജും എറണാകുളം ജില്ലയിലെ പുതുവൈപ്പിനിൽ ഫിഷറീസ് ഗവേഷണ കേന്ദ്രവും പയ്യന്നൂരിലും കൊല്ലം ജില്ലയിലെ കുണ്ടറയിലും പ്രാദേശിക കേന്ദ്രങ്ങളും സർവ്വകലാശാലയ്ക്കുണ്ട്.

1971 ൽ സ്ഥാപിതമായകേരള കാർഷിക സർവ്വകലാശാലയുടെ ഫിഷറീസ് ഫാക്കൽറ്റിയായി 1979 ലാണ് എറണാകുളം ജില്ലയിലെ പനങ്ങാട് ഫിഷറീസ് കോളേജ് പ്രവർത്തനം ആരംഭിക്കുന്നത്. ഇന്ത്യയിലെ മൂന്നാമത്തെ ഫിഷറീസ് കോളേജായിരുന്ന പനങ്ങാട് ഫിഷറീസ് കോളേജ് രാജ്യാന്തരതലത്തിൽ പ്രഗൽഭരായ ഒട്ടേറെ ഫിഷറീസ് ശാസ്ത്രജ്ഞരെ സൃഷ്ടിച്ചിട്ടുണ്ട്. കൊച്ചി കേന്ദ്രമായി രാജ്യത്തെ സമുദ്രോൽപ്പന്ന വ്യവസായ കയറ്റുമതി രംഗത്തെ രൂപപ്പെടുത്തുന്നതിൽ തങ്ങളുടേതായ പങ്ക് വഹിക്കാൻ കുഫോസിന്റെ ഈ പൂർവ്വ വിദ്യാർത്ഥികൾക്ക് കഴിഞ്ഞിട്ടുണ്ട്.

ഫാക്കൽറ്റി ഓഫ് ഫിഷറീസ് സയൻസ്, ഫാക്കൽറ്റി ഓഫ് ഓഷ്യൻ സയൻസ് ആന്റ് ടെക്നോളജി, ഫാക്കൽറ്റി ഓഫ് ഫിഷറീസ് മാനേജ്മെന്റ്, ഫാക്കൽറ്റി ഓഫ് ഫിഷറീസ് എഞ്ചിനീയറിങ്ങ് എന്നീ നാല് ഫാക്കൽറ്റികളാണ് കുഫോസിൽ പ്രവർത്തിക്കുന്നത്. ഈ നാല് ഫാക്കൽറ്റികളിലായി 2 ബിരുദ കോഴ്സുകളും 32 ബിരുദാനന്തര ബിരുദകോഴ്സുകളും ഫിഷറീസ്-സമുദ്രശാസ്ത്രം എന്നിവയുമായി ബന്ധപ്പെട്ട വി

ഷയങ്ങളിൽ പി.എച്ച്.ഡി, പോസ്റ്റ് ഡോക്ടറൽ പ്രോഗ്രാമുകളും കുഫോസ് നടത്തുന്നു. ഇതിന് പുറമേ തൊഴിലധിഷ്ഠിതമായ വിവിധ ഡിപ്ലോമ കോഴ്സുകളും ഉണ്ട്.

ഫിഷറീസ് സയൻസ് ഫാക്കൽറ്റിയിൽ സർവ്വകലാശാല നൽകുന്ന വളരെ പ്രത്യേകതയാർന്ന ഒരു സംവരണ രീതിയിലൂടെയാണ്. 1979 മുതൽ തന്നെ മത്സ്യതൊഴിലാളികളുടെ മക്കൾക്ക് 20 % സംവരണം നിഷ്കർഷിക്കുന്നു.

ഫിഷറീസ് സയൻസിന്റെയും സമുദ്രപഠനത്തിന്റെയും ആഴത്തിലുള്ള ഗവേഷണ പരിപാടികൾക്കായി കുഫോസ് ലോകത്തിന്റെ വിവിധ സർവ്വകലാശാലകളുമായി സഹകരിക്കുന്നുണ്ട്. ഇററലിയിലെ ഡാലെന്റോ യൂണിവേഴ്സിറ്റിയും നോർവെയിലെ വിവിധ സർവ്വകലാശാലകളും, നോഫിമ, നാൻസൻ സെന്റർ എന്നിവ അടക്കമുള്ള ഗവേഷണ സ്ഥാപനങ്ങളും ഇതിനുദാഹരണങ്ങളാണ്. കേരള സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ കുഫോസ് വിദ്യാർത്ഥികളെ നോർവെയിലേക്കയക്കാനും നോർവീജിയൻ വിദ്യാർത്ഥികളെ കുഫോസിലേക്ക് ക്ഷണിക്കാനുമുള്ള പദ്ധതി ഉടൻ നടപ്പിലാകും.

ഫിഷറീസ് – സമുദ്രപഠന രംഗത്തെ രാജ്യത്തെ ഒന്നാംകിട സ്ഥാപനമാണ് കുഫോസ് എന്നത് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് എം.എഫ്.എസ്.സി – പി.എച്ച്.ഡി പ്രോഗ്രാമുകൾക്ക് കുഫോസിൽ അഡ്മിഷൻ തേടി എത്തുന്ന വിദ്യാർത്ഥികളുടെ കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാക്കാം. ഫിഷറീസ് പഠന രംഗത്തെ മികവിന്റെ കാര്യത്തിൽ കുഫോസിനോട് മത്സരിക്കുന്ന സ്ഥാപനങ്ങളിൽ അധികവും ഇൻസ്റ്റിറ്റ്യൂട്ടുകളാണ്. കുഫോസ് ആകട്ടെ സ്റ്റേറ്റ് സർവ്വകലാശാലയും. സർവ്വകലാശാല പദവിയിൽ അക്കാഡമിക് മികവിന്റെയും ഗവേഷണ മികവിന്റെയും അന്താരാഷ്ട്ര തലത്തിൽ അറിയപ്പെടുന്ന കേന്ദ്രമായി വളരുക എന്നതാണ് കുഫോസ് കൈവരിക്കേണ്ട ലക്ഷ്യം. ഇതിനായി ഭോപ്പാലിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോറസ്റ്റ് മാനേജ്മെന്റിന്റെ മാതൃകയിൽ കുഫോസിനെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് ആയി ഉയർത്താവുന്നതാണ്.ഇതോടൊപ്പം, പ്രാരംഭഘട്ടത്തിൽ വിഭാവനം ചെയ്തിരുന്നതുപോലെ ഇപ്പോൾ കുസാറ്റിന്റെ ഭാഗമായുള്ള സ്കൂൾ ഓഫ് ഇൻഡ്രസ്ടിയൽ ഫിഷറീസും സ്കൂൾ ഓഫ് മറൈൻ സയൻസും, കാലാവസ്ഥ പഠന കേന്ദ്രവും കുസാറ്റിന്റെ ഓഫ് ഷോർ കാമ്പസ്സും കേരള യൂണിവേഴ്സിറ്റിയുടെ അക്വാട്ടിക് ബയോളജി പഠന കേന്ദ്രവും ഈ പുതിയ കേന്ദ്രത്തിലേക്ക് കൂട്ടിച്ചേർക്കാം.

ഐ.ഐ.ടികളും ഐ.ഐ.എംമുകളും അക്കാഡമിക്- ഗവേഷണ മേഖലകളിൽ നൽകുന്ന സംഭാവനകളെ കുറിച്ച് ആർക്കും എതിരഭിപ്രായം ഉണ്ടാകില്ല. അതുപോലെയുള്ള വളർച്ച കേരളത്തിന്റെ ഫിഷറീസ് രംഗത്തിലും ദേശീയ തലത്തിലും ഉണ്ടാകണമെങ്കിൽ ഈ പുതുകേന്ദ്രം അത്യാവശ്യമാണ്. സാങ്കേതിക തടസ്സങ്ങളുടെ പേരിൽ കേന്ദ്രസർക്കാർ ഈ നിർദ്ദേശത്തെ പരിഗണിച്ചില്ലെങ്കിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് തുല്യമായ മികവിന്റെ കേന്ദ്രമായി കുഫോസിനെ മാറ്റിയെടുക്കാനുള്ള ബദൽ പദ്ധതി സംസ്ഥാന തലത്തിൽ ഉണ്ടാകണം.

(ഈ ലേഖനത്തിലെ ആശയങ്ങളും അഭിപ്രായങ്ങളും തികച്ചും വ്യക്തിപരമാണ്. കുഫോസിന്റെ ഔദ്യോഗിക അഭിപ്രായമല്ല.)

---

രജിസ്ട്രാർ, കുഫോസ്, Ph: 9495900670

73

# മത്സ്യബന്ധന വകുപ്പ് മാതൃകാ ഇടപെടലുകൾ - 1
# വിദ്യാതീരം

സ്മിത ആർ. നായർ

കേരളത്തിന്റെ സാമ്പത്തിക സാമൂഹിക തൊഴിൽ മേഖലയിൽ ഏറ്റവും അധികം സംഭാവന നൽകുന്ന ഒരു തൊഴിൽ മേഖലയാണ് മത്സ്യമേഖല. ലോകത്തിലെ തന്നെ ഏറ്റവും കഠിനമായ തൊഴിൽ മേഖലയായ ഇതിൽ കഠിനാധ്വാനം ചെയ്ത് രാജ്യത്തിന് വിദേശ നാണ്യം നേടിതരുന്ന മത്സ്യതൊഴിലാളികളുടെ സ്ഥിതി ഇതര സമൂഹവുമായി താരതമ്യം ചെയ്യുമ്പോൾ ആശാവഹമല്ല. കേരളത്തിൽ മത്സ്യതൊഴിലാളികളുടെ വാർഷിക ആളോഹരി വരുമാനം ഇതര പൊതുവിഭാഗവുമായി താരതമ്യം ചെയ്യുമ്പോൾ പകുതി മാത്രമാണെന്നുള്ളത് തന്നെ ഇതിന്റെ സൂചകമാണ്. ഒരു പക്ഷേ ഈ സാമ്പത്തിക അന്തരം തന്നെയാവാം മത്സ്യതൊഴിലാളി സമൂഹം പാർശ്വവത്കരിക്കപ്പെടുന്നതിനുള്ള മുഖ്യ കാരണവും. ഇത്തരത്തിൽ പാർശ്വവത്കരിക്കപ്പെടുന്ന സമൂഹത്തെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ട് വരുന്നതിന് അവരുടെ വിദ്യാഭ്യാസ സാംസ്കാരിക മേഖലയിൽ മാറ്റം ഉണ്ടാകണം. വിദ്യ കൊണ്ട് പ്രബുദ്ധരാകുവാൻ ശ്രീനാരായണ ഗുരു നിർദ്ദേശിച്ചതിന്റെ അന്തസത്തയും പാർശ്വവത്കൃത സമൂഹത്തെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുക എന്ന സർക്കാരിന്റേയും വകുപ്പിന്റേയും പ്രഖ്യാപിത ലക്ഷ്യവുമാണ് വിദ്യാതീരം എന്ന പദ്ധതി

ക്ക് തുടക്കം കുറിച്ചത്.

കേരള സംസ്ഥാനം രൂപീകൃതമായതു മുതൽ മത്സ്യ മേഖലയിൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതി നായി വിദ്യാഭ്യാസ ആനുകൂല്യ പദ്ധതികൾ ആവിഷ്ക രിക്കുകയും മത്സ്യബന്ധനം ഒരു പഠന വിഷയമായി ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് താമസിച്ച് പഠിക്കുവാൻ കഴിയുന്ന തരത്തിൽ സ്കൂളു കൾ സ്ഥാപിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇതിൽ നിന്നെല്ലാം വ്യത്യസ്തമായി തീരദേശത്ത് നിന്നും പ്രൊഫഷണലുകളെ വാർത്തെടുക്കുക പ്രത്യേകിച്ച് 'ഡോക്ടർമാരെ' സൃഷ്ടിക്കുക എന്ന ഒറ്റലക്ഷ്യം നിറ വേറ്റുന്നതിനാണ് വിദ്യാതീരം പദ്ധതി ആരംഭിച്ചത്. 12-ാം തരം മികച്ച മാർക്കോടെ വിജയിച്ച മത്സ്യതൊ ഴിലാളികളുടെ മക്കളെ തെരഞ്ഞെടുത്ത് കേരളത്തി ലെ മികച്ച മെഡിക്കൽ എൻട്രൻസ് പരിശീലന കേന്ദ്ര ത്തിൽ താമസിപ്പിച്ച് ഒരു വർഷം നീണ്ടുനിൽക്കുന്ന പരിശീലനം നൽകുന്നതായിരുന്നു ഈ പദ്ധതി. പദ്ധതി പ്രകാരം ആദ്യ വർഷം പരീക്ഷയെ അഭിമു ഖീകരിച്ച 50 പേരിൽ 11 പേർക്ക് എം.ബി.ബി.എസ്. ന് അഡ്മിഷൻ ലഭിച്ചു എന്നത് വകുപ്പിനും തീരദേശ മേഖലയ്ക്കും ഏറെ സന്തോഷം നൽകുന്നതായിരുന്നു.

കഴിഞ്ഞ 7 വർഷക്കാലയളവിലായി 421 പേർക്ക് പരി ശീലനം നൽകുകയും 73 പേർക്ക് എം.ബി.ബി.എസ്. അഡ്മിഷനും 95 പേർക്ക് ഇതര പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ നേടാനും കഴിഞ്ഞ ത് തീരദേശമേഖലയിൽ വലിയ മാറ്റത്തിലേക്കുള്ള വിരൽ ചൂണ്ടലാണ്. ഇത്തരത്തിൽ വലിയ മാറ്റങ്ങൾ വിദ്യാഭ്യാസ മേഖലയിൽ ഉണ്ടാക്കുന്നതിന് കഴിഞ്ഞി ട്ടുണ്ട്. മത്സ്യമേഖലയിലെ ഏറ്റവും ബുദ്ധിമുട്ട് അനു ഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് പദ്ധതിയുടെ ആനു കൂല്യം അനുഭവ വേദ്യമാക്കുവാൻ കഴിയുമാറ് മാർഗ്ഗ നിർദ്ദേശങ്ങളിൽ ചെറിയ തോതിലുള്ള മാറ്റങ്ങളും തുടർന്ന് ഉണ്ടാകുന്നത് പദ്ധതിയുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് സഹായമാവും. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ യഥാസമയം അനുവദിക്കുന്നതി ന് ഇ ഗ്രാന്റ്സ് സംവിധാനം ഏർപ്പെടുത്തിയതും, മാതാപിതാക്കൾ മരണമടഞ്ഞ മത്സ്യതൊഴിലാളിക ളുടെ മക്കളെ സർക്കാർ ദത്തെടുത്ത് പഠിപ്പിക്കുന്ന തും, ബാങ്ക് പരീക്ഷ പരിശീലനവും, പി.എസ്.സി., സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനവും വിദ്യാ തീരം പദ്ധതിയുടെ ഭാഗമായി വകുപ്പ് നടപ്പാക്കി വരുന്നു. വിദ്യാതീരം പദ്ധതിയിലൂടെ തീരദേശത്ത് 73 എം.ബി.ബി.എസ്. ഡോക്ടർമാരെയും 40 ഓളം ആയുർവേദ, ഹോമിയോ, ദന്ത ഡോക്ടർമാരെയും ചു രുങ്ങിയ കാലഘട്ടം കൊണ്ട് സൃഷ്ടിക്കാൻ കഴിഞ്ഞ വിദ്യാതീരം പദ്ധതി പാർശ്വവത്കൃത സമൂഹത്തെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് കേരള സർ ക്കാർ നടപ്പാക്കിയ മാതൃകാ പദ്ധതിയാണ്. തീരദേ ശത്ത് നിന്നും ഒരാൾക്കെങ്കിലും സിവിൽ സർവ്വീസ് പരീക്ഷ വിജയം ഉറപ്പാക്കുക എന്നതാണ് വിദ്യാതീ രം പദ്ധതിയുടെ അടുത്ത ലക്ഷ്യം. സമീപ ഭാവിയിൽ തന്നെ ആയത് സാക്ഷാത്കരിക്കാൻ കഴിയും എന്ന് തന്നെയാണ് വകുപ്പിന്റെ പ്രതീക്ഷയും.

ജോയിന്റ് ഡയറക്ടർ ഓഫ് ഫിഷറീസ്, ദക്ഷിണമേഖല

74

## മത്സ്യബന്ധന വകുപ്പ് മാതൃകാ ഇടപെടലുകൾ - 2
## പുനർഗേഹം–രാജ്യത്തെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് മാതൃക

എസ്. സന്തോഷ് കുമാർ

കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന് സമുദ്രജല നിരപ്പുയരുന്നതും രൂക്ഷമായ കടൽക്ഷോഭവും ലോ കമെമ്പാടും ആശങ്കകൾ വിതയ്ക്കുമ്പോൾ കേരളവും ഇതിൽ നിന്നും മുക്തമല്ല. പ്രതിവർഷം 3.5 മില്ലി മീറ്റർ വരെ സമുദ്രജലനിരപ്പ് ഉയരുന്നതായാണ് പഠനങ്ങൾ വെളിവാക്കുന്നത്. ഇതിന്റെ ഫലമായി കേരളത്തിന്റെ തീരവും കടലാക്രമണ ഭീഷണിയിലാണ്. 2016-ൽ സർക്കാർ അധികാരമേൽക്കുമ്പോൾ കടൽക്ഷോ ഭത്താൽ ഭൂമിയും വീടും നഷ്ടപ്പെട്ട് ദുരിതാശ്വാസ ക്യാമ്പുകളിൽ അഭയം തേടിയിരുന്ന തീരദേശ ജന തയെയായിരുന്നു കാണുവാൻ കഴിഞ്ഞിരുന്നത്. ഈ തീരദേശ ജനതയെ സുരക്ഷിത മേഖലയിൽ പുനരധി വസിപ്പിക്കുക എന്നതായിരുന്നു സർക്കാരിന്റെ പ്രഥമ പരിഗണന. കടൽക്ഷോഭത്തിനിരയാകുന്ന പാർശ്വവ ത്കരിക്കപ്പെട്ട തീരദേശവാസികളുടെ സുരക്ഷിതവാ സവും സുന്ദരമായ ഭാവി ജീവിതവും ഉറപ്പാക്കുന്നതി നായി 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതി ആവിഷ്കരിച്ചു. തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ കടലാക്രമണ ഭീ ഷണിയിൽ കഴിയുന്ന മുഴുവൻ കുടുംബങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന പു നർഗേഹം പദ്ധതി രാജ്യത്ത് ആദ്യത്തേതും ദുരന്ത ലഘൂകരണ പ്രതിരോധ പ്രവർത്തനങ്ങളിൽ മാതൃകാ പരവുമായ ഇടപെടലാണ്.

മത്സ്യബന്ധനം മുഖ്യ ഉപജീവന മാർഗ്ഗമാകയാൽ തീ രത്തോട് ചേർന്ന് താമസിക്കുക എന്നത് മത്സ്യതൊഴി

ലാളികളെ സംബന്ധിച്ചിടത്തോളം വൈകാരികമായ ഒന്ന് കൂടിയാണ്. കൂടാതെ സാമുദായികമായ കൂട്ടായ്മയും പലപ്പോഴും മത്സ്യതൊഴിലാളികളെ തീരത്ത് നിന്ന് മാറി താമസിക്കുന്നതിൽ പിന്നോട്ടടിച്ച ഘടകങ്ങളായിരുന്നു. പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 10 ലക്ഷം രൂപയാണ് പരമാവധി ധനസഹായം. പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് സ്വന്തം നിലയിൽ ഭൂമി വാങ്ങി അതിൽ ഭവന നിർമ്മാണം നടത്തുന്നതിന് കഴിയും. കൂടാതെ ഭൂമിയും വീടും ഒരുമിച്ച് വാങ്ങുവാനും ഒന്നിലധികം കുടുംബങ്ങൾക്ക് ഒരുമിച്ച് ചേർന്ന് റെസിഡെൻഷ്യൽ ഗ്രൂപ്പുകളായി കെട്ടിട സമുച്ചയങ്ങൾ നിർമ്മിക്കുവാനും അനുമതിയുണ്ട്. ഇതിനെല്ലാം പുറമേ സർക്കാർ/സ്വകാര്യ ഭൂമികൾ ഏറ്റെടുത്ത് ഫ്ലാറ്റുകൾ നിർമ്മിച്ചും തീരദേശ ജനതയെ പുനരധിവസിപ്പിച്ചു വരുന്നു. തീരദേശത്ത് ഒരു ഭവനത്തിൽ ഒന്നിലധിക കുടുംബങ്ങൾ അധിവസിക്കുന്ന പ്രത്യേക സാഹചര്യം നിലനിൽക്കുന്നതിനാൽ അവരെ പ്രത്യേകം കുടുംബങ്ങളായി കണക്കാക്കി ഭവനങ്ങൾ അനുവദിക്കുവാനും പുനർഗേഹം പദ്ധതിയിൽ കഴിയും.

മുൻകാലങ്ങളിൽ കാലവർഷാരംഭത്തോടെ തീരദേശത്തെ വിദ്യാലയങ്ങൾ ദുരിതാശ്വാസ ക്യാമ്പുകൾ ആകുകയും തീരദേശ ജനത അവിടെ ആകുലതകൾ പങ്കുവെച്ച് കഴിയുന്ന ഒരു കാഴ്ചയും ആയിരുന്നു ഉണ്ടായിരുന്നത്. ഈ വിദ്യാലയങ്ങളിൽ വിദ്യാഭ്യാസം മുടങ്ങുന്ന അവസ്ഥയും നിലനിന്നിരുന്നു. എന്നാൽ പുനർഗേഹം പദ്ധതിയിലൂടെ തീരദേശത്ത് ഇത്തരത്തിൽ കടലാക്രമണ ഭീഷണയിൽ കഴിഞ്ഞിരുന്ന ജനതയെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുവാൻ കഴിഞ്ഞതിലൂടെ കാലവർഷ സമയത്തും രൂക്ഷമായ കടലാക്രമണം ഉണ്ടാകുമ്പോഴും ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കേണ്ട സാഹചര്യം തീരദേശത്ത് ഇല്ലാതായി എന്ന് തന്നെ പറയാം. ഇതുവഴി സാമ്പത്തിക നഷ്ടം ഒഴിവാക്കാൻ കഴിഞ്ഞത് മാത്രമല്ല സ്കൂളുകളിൽ കൃത്യമായി വിദ്യാഭ്യാസ സൗകര്യം ഉറപ്പാക്കുവാനും സാധിച്ചു. തീരദേശ ജനതയ്ക്ക് സന്തോഷപൂർണ്ണമായ ഒരു ജീവിതവും പ്രദാനം ചെയ്യുവാനും കഴിഞ്ഞു. അതുകൊണ്ട് തന്നെയാണ് കാലാവസ്ഥാവ്യതിയാനത്തിന്റെ തിക്ത ഫലങ്ങൾ ഏറ്റവും ആദ്യം അനുഭവിക്കേണ്ടി വരുന്ന തീരദേശ ജനതയെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് കേരള സർക്കാർ ആവിഷ്കരിച്ച പുനർഗേഹം പദ്ധതി രാജ്യത്തിന് മാതൃകയാകുന്നതും.

സ്റ്റേറ്റ് കോ-ഓഡിനേറ്റർ, പുനർഗേഹം പ്രൊജക്ട്

## 75

# മത്സ്യബന്ധന വകുപ്പ്: മാതൃകാ ഇടപെടലുകൾ - 3 തീരസദസ്സ്

സ്മിത ആർ. നായർ

തീരദേശത്തെ ജനങ്ങളുമായി സംവദിക്കാനും അവരുടെ പ്രശ്നങ്ങൾ നേരിൽ മനസ്സിലാക്കി പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും സർക്കാരിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങൾ തീരദേശ ജനങ്ങൾക്ക് അനുഭവവേദ്യമാക്കുന്നതിന് കഴിയും വിധം അവരിലേക്ക് എത്തിക്കുന്നതിനും ലക്ഷ്യമിട്ടാണ് സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികാഘോഷത്തോടനുബന്ധിച്ച് തീരസദസ്സ് എന്ന പരിപാടി ഫിഷറീസ് വകുപ്പ് സംഘടിപ്പിച്ചത്. തീരസദസ്സിന്റെ ഭാഗമായി മത്സ്യബന്ധന വകുപ്പ് മന്ത്രി പങ്കെടുത്തുകൊണ്ട് 47 തീരദേശ നിയോജക മണ്ഡലങ്ങളിലും ജനപ്രതിനിധികളും, പൌരപ്രമുഖരും, മത്സ്യതൊഴിലാളികളും ഉദ്യോഗസ്ഥരുമായി നേരിട്ട് ചർച്ച നടത്തുകയുണ്ടായി. തീരദേശത്തെ പ്രശ്നങ്ങളും പരാതികളും പരിഭവങ്ങളുമായി തിരുവനന്തപുരത്തേക്ക് എത്തിയിരുന്ന ജനപ്രതിനികൾക്കും മത്സ്യതൊഴിലാളികൾക്കും മന്ത്രിയുടെ സന്ദർശന പരിപാടിയും പരാതികൾ കേൾക്കലും വേറിട്ട അനുഭവമായിരുന്നു.

ഓരോ നിയോജക മണ്ഡലത്തിലും നടപ്പാക്കിയ സംസ്ഥാന കേന്ദ്ര പദ്ധതികളുടെ ഗുണദോഷങ്ങളെ കുറിച്ചും പാതിവഴിയിൽ ഉപേക്ഷിച്ച പദ്ധതികളെ കുറിച്ചും ഇനി ഏറ്റെടുക്കേണ്ട പദ്ധതികളെകുറിച്ചുമെല്ലാം ജനപ്രതിനിധികളും മത്സ്യതൊഴിലാളികളും തീരസദസ്സിൽ വാചാലരാകുന്നതും കണ്ടു. നടപ്പാക്കിയ പദ്ധതികളിൽ അടിയന്തിര പരിഹാരം ആവശ്യമായവയെ കുറിച്ച് ഉദ്യോഗസ്ഥരുമായി അപ്പോൾ തന്നെ ചർച്ച നടത്തി സത്വര പരിഹാരം നിർദ്ദേശിക്കുകയും അവയെല്ലാം കൃത്യമായി രേഖപ്പെടുത്തുകയും ചെയ്തു. തീരസദസ്സുമായി ബന്ധപ്പെട്ട് ഓൺലൈൻ പോർട്ടൽ വഴി പരാതികൾ സമർപ്പിക്കുന്നതിനും മത്സ്യതൊഴിലാളികൾക്ക് അവസരം നൽകിയിരുന്നു. ഈ അവസരം പ്രയോജനപ്പെടുത്തി 20157 പരാതികൾ ലഭിക്കുകയുണ്ടായി. ഈ പരാതികളെല്ലാം കൃത്യമായി പരിശോധിക്കുകയും അവയ്ക്ക് സത്വര നടപടി കൈക്കൊള്ളുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്കും

ഓഫീസുകൾക്കും കൈമാറുകയും ചെയ്തു. മഹാത്മഗാന്ധി അദ്ദേഹത്തിന്റെ ഗ്രാമസ്വരാജിൽ സ്വപ്നം കണ്ടിരുന്ന മാതൃകയിൽ ഒരു പ്രദേശത്തിന്റെ വിവിധങ്ങളായ വികസന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും അവയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനും ഭരണ കർത്താക്കളും ഉദ്യോഗസ്ഥരും പ്രദേശത്തേക്ക് നേരിട്ട് എത്തുന്നത് തീരദേശ ജനതയക്ക് ഏറെ ആവേശം പകരുന്നതായിരുന്നു. റേഷൻകാർഡ്, കുടിവെള്ളം, ഭവനം തുടങ്ങിയ വ്യക്തിഗത പ്രശ്നങ്ങളും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ, കടൽഭിത്തി നിർമ്മാണം തുടങ്ങിയ പ്രദേശത്തെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളെ കുറിച്ചു തീരസദസ്സിന്റെ ഭാഗമായ ജനപ്രതിനിധികളുടെ യോഗത്തിൽ ചർച്ച ചെയ്യുകയുണ്ടായി. വിവിധ വകുപ്പുകൾ ഏകോപനമില്ലായ്മമൂലം പരിഹരിക്കുവാൻ കഴിയാതിരുന്ന പല പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടാക്കുവാൻ കഴിഞ്ഞത് തീരസദസ്സിന്റെ അനുഭവ സാക്ഷ്യം ആയിരുന്നു.

തീരസദസ്സ് സംഘടിപ്പിച്ചതിലൂടെ തീരദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് അവരുടെ പ്രാദേശിക പ്രശ്നങ്ങളും വികസന സാദ്ധ്യതകളും നേരിട്ട് മന്ത്രിയുടെയും വകുപ്പ് മേധാവികളുടേയും മുൻപാകെ എത്തിക്കുന്നതിന് കഴിഞ്ഞു. മത്സ്യതൊഴിലാളികളും ജനപ്രതിനിധികളുമായി വകുപ്പ് മന്ത്രി നേരിട്ട് സംവദിച്ചതിലൂടെ തീരദേശത്തെ യഥാർത്ഥ പ്രശ്നങ്ങൾ മനസ്സിലാക്കുവാനും അവയുടെ പ്രാധാന്യം ഉൾക്കൊണ്ട് തുടർനടപടികൾ കൈക്കൊള്ളുന്നതിനും കഴിഞ്ഞിട്ടുണ്ട്. വകുപ്പുകളുടെ ഏകോപനമില്ലായ്മ മൂലം ചുവപ്പ് നാടയിൽ കുടുങ്ങി കിടന്ന പല വികസന പദ്ധതികൾക്കും ഉഭയകക്ഷി ചർച്ചയിലൂടെ പരിഹാരം കണ്ടെത്തുന്നതിനും അവ ത്വരിതഗതിയിൽ നടപ്പാക്കുന്നതിനും ഇടവന്നു. ഇത്തരത്തിൽ പൊതുജനത്തിന്റെ ചെറുതും വലുതുമായ പ്രശ്നങ്ങളുടെ പരിഹാരത്തിന് ഭരണകർത്താക്കളും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഒരുമിച്ച് എത്തി പരിഹാരം കാണുന്ന തീരസദസ്സ് പോലുള്ള ബഹുജന സമ്പർക്ക പരിപാടികൾക്ക് കിട്ടിയ ജനപിന്തുണ തന്നെയാണ് അതിന്റെ വിജയം കാണിക്കുന്നത് ജില്ലയിൽ ലഭ്യമായിട്ടുള്ള പൊതുജനങ്ങളുടെ പരാതികൾ പരിശോധിച്ച് സത്വര നടപടി കൈക്കൊള്ളുന്നതിന് മാസത്തിലൊരിക്കലെങ്കിലും ജില്ലാതലത്തിൽ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ പങ്കെടുത്ത് പരിഹാര നടപടികൾ കൈക്കൊള്ളുന്നത് നന്നായിരിക്കും.

സുഹൈർ കെ., ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് വകുപ്പ്, കൊല്ലം

76

## മത്സ്യബന്ധന വകുപ്പ്: മാതൃകാ ഇടപെടലുകൾ - 4 ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം

ഗോപകുമാർ എസ്.

2019-21 വർഷത്തെ സംസ്ഥാന സർക്കാരിന്റെ ഇ-ഗവേണൻസ് അവാർഡിന് സിറ്റിസൺസ് സർവ്വീസ് ഡെലിവറി വിഭാഗത്തിൽ അർഹമായ പദ്ധതിയാണ് വകുപ്പിന്റെ ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (FIMS). സംസ്ഥാന ഫിഷറീസ് വകുപ്പ് നാഷണൽ ഇൻഫർമാറ്റിക് സെന്റർ മുഖേനയാണ് ഈ സോഫ്റ്റ് വെയർ തയ്യാറാക്കിയത്. മത്സ്യതൊഴിലാളികളുടേയും അനുബന്ധതൊഴിലാളികളുടേയും മത്സ്യകർഷകരുടേയും വിവരങ്ങൾ പൂർണ്ണമായും ശേഖരിക്കുകയും തുടർന്ന് വകുപ്പിന്റെ വിവിധങ്ങളായ പദ്ധതികളെ FIMS മായി ബന്ധിപ്പിച്ച് യഥാസമയം സേവനം ഗുണഭോക്താക്കൾക്ക് വേഗത ഉറപ്പാക്കി ലഭ്യമാക്കുകയുമായിരുന്നു ലക്ഷ്യം.

മത്സ്യതൊഴിലാളികളുടെ കുടുംബ വിവരങ്ങൾ ഉൾപ്പെടെ ശേഖരിച്ചാണ് FIMS-ൽ ഉൾപ്പെടുത്തിയത്. ഇതിൽ മത്സ്യതൊഴിലാളികളുടേയും അനുബന്ധതൊഴിലാളികളുടേയും വിവരങ്ങൾ നൽകുന്നതിനുള്ള ചുമതല മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിലെ ഉദ്യോഗസ്ഥർക്കായിരുന്നു. നാളിതുവരെ 3.22 ലക്ഷം മത്സ്യതൊഴിലാളി, അനുബന്ധ തൊഴിലാളികളുടെ വിവരങ്ങൾ FIMS ഡേറ്റാ ബെയ്സിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ഈ ഡേറ്റാ ബെയ്സ് പ്രയോജനപ്പെടുത്തി 15 ഓളം സേവനങ്ങൾ ഇന്ന് മത്സ്യ/അനുബന്ധ തൊഴിലാളികൾക്ക് നൽകി വരുന്നു.

വകുപ്പിന്റെ വിവിധ സേവന പദ്ധതികൾ ഓൺലൈൻ ആയി നടപ്പാക്കുന്നതിന് FIMS വിവരശേഖരണം സഹായിച്ചിട്ടുണ്ട്. മത്സ്യതൊഴിലാളികളുടെ കുടുംബ വിവരങ്ങൾ ഉൾപ്പെടെയുള്ളവ തുടർ പദ്ധതി ആവിഷ്കരിക്കുന്നതിന് സഹായകമാണ്. ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് ധനസഹായം അനുവദിക്കേണ്ടി വരുമ്പോൾ കൃത്യമായ വിവരം ലഭ്യമാക്കുന്നതിനും ധനസഹായം വേഗതയിൽ ഗുണഭോക്താക്കൾക്ക് അനുവദിക്കാനും കഴിയുന്നു. മത്സ്യതൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് ഓഫീസുകളിൽ എത്താതെ

തന്നെ അക്ഷയ കേന്ദ്രങ്ങൾ മുഖേന സേവനങ്ങൾ ലഭ്യമാക്കുവാൻ കഴിഞ്ഞു. സംസ്ഥാനത്തെ മുഴുവൻ മത്സ്യതൊഴിലാളികളുടേയും അനുബന്ധതൊഴിലാളികളുടേയും മത്സ്യകർഷകരുടേയും വിവരങ്ങൾ ഉൾപ്പെടുത്തി FIMS സംപുഷ്ടീകരിക്കേണ്ടതും കൂടുതൽ പദ്ധതികൾ ഓൺലൈൻ സംവിധാനത്തിലേക്ക് കൊണ്ട് വരികയും ചെയ്യുന്നതിലൂടെ സുതാര്യത ഉറപ്പാക്കി പദ്ധതി നിർവ്വഹണം സാധ്യമാകുന്നതോടൊപ്പം പദ്ധതി ഗുണഭോക്താക്കളുടേയും ധനസഹായ വിതരണത്തിന്റേയും കൃത്യമായ ഡേറ്റ ലഭ്യമാകുന്നതിലൂടെ റിപ്പോർട്ടിങ്ങിനും അവലോകനത്തിനും ഏറെ സഹായകരവുമാകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ, സ്റ്റാറ്റിസ്റ്റിക്സ്, മൊബൈൽ: 9449422666

77

# കേരളത്തിലെ സമുദ്ര മലിനീകരണം: ഒരു മാനേജ്മെന്റ് പരിപ്രേക്ഷ്യം

ഡോ. എ. ബിജുകുമാർ

ഇന്ത്യയ്ക്ക് വിശാലമായ സമുദ്ര ആവാസവ്യവസ്ഥയും ജൈവ വൈവിധ്യവും ഉണ്ട്, അത് ധാരാളം ജീവജാലങ്ങളെ നിലനിർത്തുന്നതിനുപുറമെ തീരദേശ ജനതയുടെ ജീവസന്ധാരണമാർഗങ്ങളെയും രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെയും പരിപോഷിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ സമുദ്ര മലിനീകരണം രാജ്യത്തിന്റെ തീരപ്രദേശങ്ങളെയും സമുദ്ര ആവാസവ്യവസ്ഥയെയും ബാധിക്കുന്ന ഒരു സുപ്രധാന പാരിസ്ഥിതിക പ്രശ്നമാണെന്ന വിഷയത്തിൽ വ്യാപകമായ ചർച്ചകൾ നടക്കാത്തതിന് പ്രധാനകാരണം ഇത്തരം പ്രശ്നങ്ങൾ ദൃഷ്ടിഗോചരമായി ഭവിക്കുന്നില്ല എന്നതും കൂടിയാണ്. ഏതാണ്ട് 590 കിലോമീറ്റർ തീരപ്രദേശമുള്ള കേരളത്തിൽ വ്യാവസായിക മാലിന്യങ്ങൾ, സംസ്കരിക്കാത്ത മലിനജലം, കാർഷിക മാലിന്യങ്ങൾ, എണ്ണ ചോർച്ച, പ്ലാസ്റ്റിക് മാലിന്യങ്ങൾ, കാലാവസ്ഥാ മാറ്റം എന്നിവ ഉൾപ്പെടെ സമുദ്ര മലിനീകരണത്തിന് നിരവധി ഘടകങ്ങൾ കാരണമാകുന്നു.

വ്യാവസായിക മാലിന്യങ്ങൾ: കേരളത്തിന്റെ തീരപ്രദേശത്തെ വ്യാവസായിക പ്രവർത്തനങ്ങൾ സമുദ്ര പരിസ്ഥിതിയിലേക്ക് പരിമിതമായ അളവിൽ മലിനീകരണം പുറപ്പെടുവിക്കുന്നു. ഈ മലിനീകരണ വസ്തുക്കളിൽ ഘന ലോഹങ്ങൾ, രാസവസ്തുക്കൾ, വിഷവസ്തുക്കൾ എന്നിവ ഉൾപ്പെടുന്നു, ഇത് സമുദ്രജീവികളിലും ആവാസവ്യവസ്ഥയിലും പ്രതികൂല ഫലങ്ങൾ ഉണ്ടാക്കും. ചിലയിടങ്ങളിൽ ഇത്തരം മലിനീകരണം മത്സ്യങ്ങളുടെ കൂട്ടമരണത്തിന് ഹേതുവായിട്ടുണ്ട്.

സംസ്കരിക്കാത്ത മലിനജലം: കേരളത്തിലെ പല തീരദേശ നഗരങ്ങളിലും പട്ടണങ്ങളിലും നിന്ന് ശുദ്ധീകരിക്കാത്ത മലിനജലം പലപ്പോഴും നേരിട്ട് കടലിലേക്ക് പുറന്തള്ളപ്പെടുന്നു, ഇത് തീരദേശ ജലത്തെ ദോഷകരമായ രോഗകാരികളും പോഷകങ്ങളും മലിനീകരണവും കൊണ്ട് മലിനമാക്കുന്നു. തീരപ്രദേശത്തിലെ ജലത്തിലും കടലോരങ്ങളിലെ ശുദ്ധകാലത്തിലും ഇ-കോളി ബാക്ടീരിയകളുടെ സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്.

കാർഷികഇടങ്ങളിൽ നിന്നുള്ള പോഷകജലം: കൃഷിയിൽ രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിതമായ ഉപയോഗം ഈ രാസവസ്തുക്കൾ നദികളിലേക്കും ഒടുവിൽ കടലിലേക്കും ഒഴുകുന്നതിലേക്ക് നയിക്കുന്നു. ഈ പ്രവാഹം നൈട്രജൻ, ഫോസ്ഫറസ് തുടങ്ങിയ മലിനീകാരകങ്ങൾ ഉൾക്കൊള്ളുന്നതുകൊണ്ടുതന്നെ സമുദ്ര ആവാസവ്യവസ്ഥയിലെ അതിപോഷകത്വം (യൂട്രോഫിക്കേഷൻ), ആൽഗൽ ബ്ലൂം, ഓക്സിജൻ ശോഷണം എന്നിവയ്ക്ക് കാരണമാകുന്നു; കേരളത്തിൽ അടിക്കടിയുണ്ടാകുന്ന 'കടൽക്കറ' ഇതിന് ദൃഷ്ടാന്തമായി കണക്കാക്കാം.

എണ്ണ ചോർച്ച: ഇന്ത്യയ്ക്ക് വിശാലമായ തീരപ്രദേശമുണ്ട്, ഷിപ്പിംഗ് അപകടങ്ങളിൽ നിന്നോ കടൽത്തീരത്തെ ഓയിൽ ഡ്രില്ലിംഗ് പ്രവർത്തനങ്ങളിൽ നിന്നോ ഉണ്ടാകുന്ന എണ്ണ ചോർച്ച സമുദ്രജീവികൾക്കും തീരദേശ ആവാസവ്യവസ്ഥയ്ക്കും കാര്യമായ ഭീഷണി ഉയർത്തുന്നു. ഈ ചോർച്ചകൾ സമുദ്ര ജീവികളുടെ മരണത്തിനും ജലത്തിന്റെയും അവശിഷ്ടങ്ങളുടെയും മലിനീകരണത്തിനും ദീർഘകാല പാരിസ്ഥിതിക നാശത്തിനും കാരണമാകും. എന്നാൽ വ്യാപകമായ തോതിൽ കേരളതീരത്തുനിന്ന് എണ്ണ ചോർച്ച രേഖപ്പെടുത്തപ്പെട്ടിട്ടില്ല.

മാലിന്യനിക്ഷേപവും പ്ലാസ്റ്റിക് മലിനീകരണവും: അനുചിതമായ മാലിന്യ സംസ്കരണവും മാലിന്യനിക്ഷേപവും, പ്രത്യേകിച്ച് തീരപ്രദേശങ്ങളിലും ബീച്ചുകളിലും, സമുദ്രത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നതിന് കാരണമാകുന്നു. പ്ലാസ്റ്റിക് മലിനീകരണം സമുദ്രജീവികൾക്ക് കടുത്ത ഭീഷണി ഉയർത്തുന്നുവെന്നതിനു പുറമെ തീരദേശവിനോദസഞ്ചാരത്തിനും ഭീഷണിയായി മാറിയിട്ടുണ്ട്. കൂടാതെ ഇന്ത്യയിൽ തീരദേശപ്ലാസ്റ്റിക് മലിനീകര

ണം അധികമുള്ള സംസ്ഥാനങ്ങളിൽ ഒന്നായിരിക്കുന്നു കേരളം.

സമുദ്രജീവികളുടെ ആഘാതം: സമുദ്ര മലിനീകരണം സമുദ്ര ആവാസവ്യവസ്ഥയുടെ സ്വാഭാവിക സന്തുലിതാവസ്ഥയെ തടസ്സപ്പെടുത്തുന്നു, വിവിധ ഇനം മത്സ്യങ്ങൾ, പവിഴങ്ങൾ, സമുദ്ര സസ്തനികൾ, മറ്റ് ജീവികൾ എന്നിവയെ ബാധിക്കുന്നു. ഇത് ആവാസവ്യവസ്ഥയുടെ നാശത്തിനും ജൈവവൈവിധ്യം കുറയുന്നതിനും പ്രത്യുൽപാദന പ്രശ്നങ്ങൾക്കും സമുദ്രജീവികൾക്കിടയിൽ രോഗങ്ങൾക്കും കാരണമാകും.

സമുദ്ര ആവാസവ്യവസ്ഥയിൽ മലിനീകരണത്തിന്റെ ആഘാതം തടയുന്നതിനും കുറയ്ക്കുന്നതിനും ലഘൂകരിക്കുന്നതിനും ലക്ഷ്യമിട്ടുള്ള നിരവധി തന്ത്രങ്ങളും പ്രവർത്തനങ്ങളും സമുദ്ര മലിനീകരണ മാനേജ്മെന്റിൽ ഉൾപ്പെടുന്നു.

മലിനീകരണ നിയന്ത്രണ ചട്ടക്കൂടുകൾ, മാലിന്യ സംസ്കരണം, മലിനജല സംസ്കരണം, സുസ്ഥിര കൃഷി, എണ്ണ ചോർച്ച പ്രതികരണവും പ്രതിരോധവും, പ്ലാസ്റ്റിക് മലിനീകരണ മാനേജ്മെന്റ്, അന്താരാഷ്ട്ര സഹകരണം, ഗവേഷണവും നിരീക്ഷണവും, ചാക്രിക സമ്പദ് വ്യവസ്ഥയിലേക്കുള്ള മാറ്റം എന്നിവ പ്രബന്ധത്തിൽ വിശകലനം ചെയ്യപ്പെടുന്നു.

അക്വാട്ടിക് ബയോളജി & ഫിഷറീസ് വിഭാഗം, കേരള സർവ്വകലാശാല, തിരുവനന്തപുരം 695 581, ഇ-മെയിൽ: bijupuzhayoram@gmail.com

78

# മത്സ്യബന്ധന വകുപ്പ് മാതൃകാ ഇടപെടലുകൾ - 5
# ശുചിത്വസാഗരം സുന്ദരതീരം - കടലിലെ പ്ലാസ്റ്റിക് മാലിന്യം

താജുദ്ദീൻ എം.

ഓരോ വർഷവും ഏകദേശം 8 മുതൽ 16 ദശലക്ഷം ടണ്ണോളം പ്ലാസ്റ്റിക് സമുദ്രത്തിൽ എത്തിച്ചേരുന്നു. തീരദേശത്ത് മാലിന്യപ്രശ്നം കൊതുകുജന്യ രോഗങ്ങൾക്കും സാംക്രമിക രോഗങ്ങൾക്കും കാരണമാകുന്നു. കടലിലെത്തുന്ന പ്ലാസ്റ്റിക് കാലക്രമത്തിൽ രൂപാന്തരം പ്രാപിച്ച് ചെറുകണികകളായി കടൽ ജീവികളിലേക്കും അതിലൂടെ മനുഷ്യശരീരത്തിലേക്കും എത്തിച്ചേരാനും സാധ്യതയുണ്ട്. ഇത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് വഴി വച്ചേക്കാം. ഈ മാലിന്യം കൈകാര്യം ചെയ്യുന്നതിൽ നാം ഉണർന്ന് പ്രവർത്തിക്കേണ്ട ഒരു കാലമാണിത്. നമ്മുടെ നിലനിൽപ്പിന് തന്നെ വലിയ പങ്കുവഹിക്കുന്ന കടലും അതിന്റെ തീരങ്ങളും മാലിന്യമുക്തമാകണം. നമ്മൾ അശ്രദ്ധമായി ഉപേക്ഷിക്കുന്ന മാലിന്യങ്ങൾ കടലിലെ ഒരു ജീവനും ഇനി ദുരിതം സമ്മാനിക്കരുത്. കടലും തീരവും മാലിന്യമുക്തമാക്കി കടലിന്റെ സ്വാഭാവികത വീണ്ടെടുക്കാനുള്ള ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന പരിപാടിയാണ് 'ശുചിത്വസാഗരം സുന്ദരതീരം' പദ്ധതി. കൃത്യമായ ബോധവത്കരണപ്രവർത്തനങ്ങളിലൂടെ മാലിന്യം വലിച്ചെറിയുകയും കൊണ്ടുതള്ളുകയും ചെയ്യുന്ന ശീലങ്ങൾക്ക് തടയിടാനും കടലിലും തീരത്തും നിലവിലുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ സന്നദ്ധപ്രവർത്തകരുടെ സഹായത്തോടെ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കാനും പദ്ധതി ലക്ഷ്യമിടുന്നു. മൂന്ന് ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പിലാക്കുക. സാധ്യമായ എല്ലാ മാർഗങ്ങളിലൂടെയും ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതാണ് ഒന്നാം ഘട്ടം. വലിച്ചെറിയൽ, കത്തിക്കൽ, ഒഴുക്കിവിടൽ തുടങ്ങിയ ശീലങ്ങൾക്കെതിരെയും ഒഴുകിയെത്തുന്ന മാലിന്യങ്ങൾ പ്രഭവകേന്ദ്രത്തിൽ ഏറ്റെടുത്ത് സംസ്കരിക്കുന്നതിനായും ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. കടലുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നവരുടേയും വിവിധ സംഘടനകളുടേയും സന്നദ്ധപ്രവർത്തകരുടേയും സർക്കാർ വകുപ്പുകളുടേയും സഹകരണത്തോടെ ജനകീയമായാണ് പദ്ധതി നടപ്പിലാക്കുക. ബോധവൽക്കരണത്തിന്റെ ഭാഗമായി ജില്ലകളിൽ സെമിനാറുകൾ, ബിറ്റ് നോട്ടീസുകൾ, ബ്രോഷറുകൾ, കലാപരിപാടികൾ, റോഡ് ഷോകൾ, ബൈക്ക് റാലികൾ, മെഴുക് തിരി ജാഥകൾ, കടലോര നടത്തം, കുടുംബയോഗങ്ങൾ, വിദ്യാർത്ഥികൾക്കുള്ള ക്വിസ് മത്സരങ്ങൾ, ചിത്രരചന മത്സരങ്ങൾ, സോഷ്യൽ മീഡിയ, എഫ് എം റേഡിയോ വഴിയുള്ള പ്രചാരണം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. 590 കിലോമീറ്റർ നീളത്തിലുള്ള നമ്മുടെ കടൽത്തീരം സന്നദ്ധ പ്രവർത്തകരുടെയും മത്സ്യതൊഴിലാളികളുടെയും കൂടി പങ്കാളിത്തത്തോടെ വൃത്തിയാക്കുന്നതിന് രണ്ടാം ഘട്ടം ഒരു ദിവസത്തെ പ്ലാസ്റ്റിക് നിർമാർജ്ജന യജ്ഞം 2023 സെപ്റ്റംബർ 17 ഞായറാഴ്ച സംഘടിപ്പിക്കുന്നു. അതിനായി ഓരോ രണ്ട് കിലോമീറ്ററിലും 50 സന്നദ്ധ പ്രവർത്തകർ ഉൾപ്പെടുന്ന 300 ആക്ഷൻ ഗ്രൂപ്പുകൾ രൂപീകരിക്കും. ഇതിനായി സന്നദ്ധ പ്രവർത്തകരുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു കഴിഞ്ഞു. ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിച്ച് ക്ലീൻ കേരള മിഷൻ, തദ്ദേശസ്വയം

ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ചുമതലയിൽ ശാസ്ത്രീയമായി സംസ്കരിക്കും. സംസ്ഥാനത്തെ മുഴുവൻ കടൽത്തീരങ്ങളിൽ നിന്നും കനാലുകൾ, നദികൾ, അഴിമുഖങ്ങൾ തുടങ്ങിയവയിൽ നിന്നും മാലിന്യങ്ങൾ ശേഖരിച്ച് സംഭരിക്കും. അഴിമുഖം, പുലിമുട്ട് എന്നിവിടങ്ങളിൽ നിന്ന് മാലിന്യം മുങ്ങിയെടുത്ത് നീക്കാൻ ഡൈവർമാരുടെ സേവനം പ്രയോജനപ്പെടുത്തും. 2018 മുതൽ നീണ്ടകര ഹാർബർ കേന്ദ്രീകരിച്ച് മത്സ്യതൊഴിലാളികളുടേയും ബോട്ട് ഉടമകളുടേയും പങ്കാളിത്തത്തോടെ മത്സ്യബന്ധനത്തിനിടിയിൽ വലയിൽ എത്തപ്പെടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളെ ശേഖരിച്ച് കരക്കെത്തിച്ച് സംസ്കരിച്ച് പ്രയോജനപ്പെടുത്തുന്ന 'ശുചിത്വ സാഗരം' പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു. പദ്ധതിയിലൂടെ ട്രോൾ വലകളിൽ കുടുങ്ങി ബോട്ടുകളിലേക്ക് എത്തിപ്പെടാറുള്ള കടലിന്റെ അടിത്തട്ടിൽ അടിഞ്ഞ് കൂടിയിട്ടുള്ള പ്ലാസ്റ്റിക് മാലിന്യം തിരികെ കടലിൽ തന്നെ ഉപേക്ഷിക്കാതെ പ്രത്യേകം നൽകിയിരിക്കുന്ന ബാഗുകളിൽ മത്സ്യത്തൊഴിലാളികൾ ശേഖരിക്കും. ഇവ കരയിലെത്തിക്കുകയും ഹാർബറിൽ വച്ച് പദ്ധതി പ്രവർത്തകർ ഏറ്റുവാങ്ങി ശാസ്ത്രീയമായി കൈകാര്യം ചെയ്യുകയും ചെയ്യും. ഈ പദ്ധതി മൂന്നാം ഘട്ടത്തിൽ സംസ്ഥാനത്ത് പൂർണതോതിൽ പ്രവർത്തിക്കുന്ന എല്ലാ ഹാർബറുകളിലേക്കും വ്യാപിപ്പിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. മത്സ്യസമ്പത്ത് സംരക്ഷണത്തിലൂടെ മാത്രമേ മത്സ്യതൊഴിലാളികൾക്ക് ജീവനോപാധി ഉറപ്പാക്കി ഒരു സന്തുഷ്ട ജനതയെ സൃഷ്ടിക്കുവാൻ കഴിയൂ. കടലും കടലോരവും പ്ലാസ്റ്റിക് മാലിന്യമുക്തമാക്കുകയും ടൂറിസം സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുക വഴി ഈ മേഖലയിലെ വികസന സാധ്യതകളെ കൂടിയാണ് നാം കാണുന്നത്

---

ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ്, Mob: 9447701521

79

# മത്സ്യകൃഷിയിലൂടെ ഉല്പാദിപ്പിക്കപ്പെടുന്ന മത്സ്യത്തിന് ന്യായവില ഉറപ്പാക്കാൻ സഹകരണ സംഘ രൂപീകരണവും പ്രവർത്തനവും

ആതിര പി.കെ., അഖിൽ ആർ.എസ്. & അക്ഷയ് എ. കുമാർ

ഇന്ത്യയിലും പല വികസ്വര രാജ്യങ്ങളിലും അതിവേഗം വളരുന്ന ഭക്ഷ്യോത്പാദന മേഖലയാണ് മത്സ്യകൃഷി. ഭക്ഷ്യസുരക്ഷയ്ക്കും ദാരിദ്ര്യനിർമാർജനത്തിനും ഉല്പാദക മേഖല നൽകുന്ന പങ്ക് വളരെ വലുതാണ്. ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ആളുകളുടെ പ്രാഥമിക മാംസ്യ സ്രോതസ്സ് മത്സ്യവും മത്സ്യത്തിൽ നിന്നും ഉല്പാദിപ്പിക്കപ്പെടുന്ന മറ്റ് ഭക്ഷണപദാർത്ഥങ്ങളും ആണ്.

2011-12 കാലഘട്ടത്തിൽ കേരളത്തിന്റെ മത്സ്യകൃഷിയിലൂടെയുള്ള മത്സ്യോൽപാദനം 7294.974 ടൺ ആയിരുന്നു എന്നാൽ 2021-22 കാലഘട്ടത്തിൽ കേരളത്തിന്റെ കൃഷിയിലൂടെയുള്ള മത്സ്യ ഉൽപാദനം 2.25 ലക്ഷം ടൺ ആണ്. പത്തുവർഷംകൊണ്ട് വളരെയധികം ഉൽപാദനം മത്സ്യ കൃഷിയിലൂടെ നമ്മുടെ നാടിനു ഉണ്ടായിട്ടുണ്ട്. കേരളത്തിലെ മത്സ്യകർഷകർ ഏറ്റവും കൂടുതൽ അഭിമുഖീകരിക്കുന്ന പ്രശ്നം ഉല്പാദിപ്പിക്കുന്ന മത്സ്യത്തിന്റെ വിപണനമാണ്. സുലഭമായി ഉത്പാദിപ്പിക്കുന്ന നല്ല ഇനം മത്സ്യങ്ങളുടെ കൃത്യത ഇല്ലാത്ത വില്പനയിലൂടെ വളരെ കുറവ് മൂല്യമാണ് കർഷകർക്ക് ലഭിക്കുന്നത്, ഈ കാരണത്താൽ പ്രതീക്ഷിക്കുന്ന ലാഭം കർഷകർക്ക് ഉണ്ടാക്കുന്നില്ല. കേരളത്തിന്റെ ഭൂപ്രകൃതി വെച്ച് വളരെ സാധ്യത ഏറിയ മേഖലയാണ് മത്സ്യകൃഷി എന്നാൽ വിപണനം കാര്യക്ഷമമായി നടക്കാത്തത് കൊണ്ട് തന്നെ പല കർഷകരും മത്സ്യകൃഷിയിൽ നിന്നും പുറകോട്ടു നിൽക്കുന്ന അവസ്ഥയിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തുവാൻ ഉത്പാദിപ്പിച്ച ഉൽപ്പന്നങ്ങൾ സഹകരണ സംഘങ്ങൾ വഴി K-fish എന്ന ബ്രാൻഡിൽ മത്സ്യവിപണിയിൽ ലഭ്യമാകണം.

എല്ലാ കർഷകരെയും ആദ്യഘട്ടത്തിൽ തന്നെ സംഘങ്ങളുടെ ഭാഗമാക്കുകയാണ് ചെയ്യേണ്ടത്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ ശേഖരിച്ച മത്സ്യങ്ങൾ live fish,cleaned chilled fish, chilled fish വിപണിയിൽ ലഭ്യമാക്കാവുന്നതാണ്. വില്ലേജ് തലത്തിലെ സംഘങ്ങൾ കർഷകരിൽ നിന്ന് മത്സ്യങ്ങൾ(live,chillede, cleaned) ശേഖരിക്കുകയും ജില്ലാതല ഔട്ട്ലെറ്റിലേക്ക് എത്തിക്കുകയും ചെയ്യാം. ഇതുവഴി കർഷകർക്ക് യഥാർത്ഥ ലാഭം ലഭിക്കുകയും ചെയ്യുന്നു. കൃത്യമായ മാർക്കറ്റിലൂടെ കർഷകർക്ക് വിപണനം സാധ്യമാകുന്നു. ജില്ലാതലത്തിലെ കോമൺ ഔട്ട്ലെറ്റിലൂടെ കർഷകരുടെ മത്സ്യം കൃത്യമായ പരസ്യത്തിലൂടെ എല്ലാവരിലേക്കും എത്തിക്കും. കോമൺ ഔട്ട്ലെറ്റിനായി ജില്ലാ പഞ്ചായത്തിന്റെ ലൈഫ് ഫിഷ് മാർക്കറ്റ് പോലെയുള്ള പദ്ധതികൾ ഉപയോഗിക്കാം. വിവിധ തരം മാർക്കറ്റിംഗ് സ്ട്രാറ്റജി ഉപയോഗിച്ചുകൊണ്ട് കൂടുതൽ വിപണനം സാധ്യമാക്കുകയും ചെയ്യാം. ഉദാഹരണത്തിന് ഹോം ഡെലിവറി, ആപ്പുകളിലൂടെ

ഓൺലൈൻ മാർക്കറ്റിംഗ് എന്നീ സംവിധാനം ഉപയോഗിക്കാവുന്നതാണ്. വിഷ രഹിത ആന്റിബയോട്ടിക് രഹിത തികച്ചും ആരോഗ്യത്തിന് ഗുണകരമായ ഓർഗാനിക് മത്സ്യങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാനും സാധിക്കുന്നു

രണ്ടാമത്തെ ഘട്ടത്തിൽ മൂല്യ വർധന ഉൽപ്പന്നങ്ങളുടെ വിപണനമാണ്. ആദ്യഘട്ടത്തിൽ ലഭിക്കുന്ന സഹകരണ സംഘങ്ങളുടെ ലാഭം ഇതിനായി ഉപയോഗിക്കാം. രണ്ടാംഘട്ട സമയത്ത് സംഘത്തിന്റെ ഭാഗമായ കർഷകർ എല്ലാവരും തന്നെ fssai യുടെ ലൈസൻസ് എടുക്കേണ്ടതാണ്. കോമൺ റെസിപ്പി ഉപയോഗിച്ചുകൊണ്ട് വില്ലേജ് തലത്തിൽ ചെറുകിട പ്രൊഡക്ഷൻ യൂണിറ്റുകൾ തുടങ്ങാവുന്നതാണ്. റെഡി കുക്ക് കാറ്റഗറിയിൽ മാരിനേറ്റഡ് ഫിഷ് പ്രോഡക്സുകൾ വിപണിയിൽ എത്തിക്കേണ്ടതാണ് ഇതിനായി സംഘത്തിലെ കർഷകർ കൃത്യമായ അളവിൽ ഉള്ള പാചകക്കുറിപ്പുകൾ പ്രകാരം മസാല കൂട്ടുകൾ നിർമ്മിക്കേണ്ടതാണ്. കെ ഫിഷ് ബ്രാൻഡിൽ ഫിഷ് മാരിനേറ്റ് ഫിഷ് കട്ലറ്റ് ഫിഷ് ഫിംഗർ എന്നിവ ഡൊമസ്റ്റിക് മാർക്കറ്റിൽ വിപണനം നടത്താവുന്നതാണ്.

മൂന്നാമത്തെ ഘട്ടം അന്താരാഷ്ട്ര വിപണനമാണ്. പ്രോസസിംഗ് പ്ലാന്റുകൾ നിർമ്മിച്ചുകൊണ്ട് അഥവാ ഗവൺമെന്റ് ഏറ്റെടുത്തുകൊണ്ടോ കർഷകരുടെ മത്സ്യങ്ങൾ ക്യാൻ പ്രോഡക്റ്റ്, ഫിഷ് ഫില്ലറ്റ് എന്നിവ കയറ്റുമതി ചെയ്യാവുന്നതാണ്. തിലാപ്പിയ പോലുള്ള മത്സ്യങ്ങളുടെ തൊലി ഉപയോഗിച്ചുകൊണ്ട് ശസ്ത്രക്രിയാ തുന്നലിനുള്ള നൂലുകൾ നിർമ്മിക്കാവുന്നതാണ്. ഫിഷ് പ്രോഡക്റ്റ് ബൈ പ്രോഡക്റ്റ് എന്നിവയുടെ മാർക്കറ്റിംഗും മൂന്നാംഘട്ടത്തിൽ ഉൾപ്പെടുന്നു.

80

# വീട്ടുമുറ്റത്ത് മത്സ്യം വളർത്തൽ-ബയോഫ്ളോക് മത്സ്യകൃഷിയിലൂടെ

ബെൻസൺ കെ.

കേരളത്തിലെ ഒരു പ്രധാന വരുമാന സ്രോതസ്സായി മാറാൻ കഴിവുള്ള ഒന്നാണ് മത്സ്യകൃഷി മേഖല. ഭക്ഷ്യസുരക്ഷയ്ക്കും വരുമാനത്തിനും ഈ മേഖലയ്ക്കുള്ള പങ്ക് തിരിച്ചറിഞ്ഞ് വിവിധങ്ങളായ പദ്ധതികളാണ് ജനകീയമത്സ്യകൃഷി എന്ന പദ്ധതിയിലൂടെ വിഭാവനം ചെയ്ത് നടപ്പിലാക്കിയത്. ജലലഭ്യത, കാലാവസ്ഥ എന്നിവയെ ആശ്രയിച്ചാണ് നല്ലൊരു പങ്ക് മത്സ്യകൃഷി പ്രവർത്തനങ്ങളും നടപ്പിലാക്കുന്നത്. എന്നാൽ ആഗോളതാപനം, കാലാവസ്ഥ വ്യതിയാനം എന്നിവ ഈ മേഖലയിൽ വലിയ വെല്ലുവിളി ഉയർത്തുന്നതാണ്. വർദ്ധിച്ചുവരുന്ന ജലഉപഭോഗവും ജലദൗർലഭ്യതയും പുത്തൻ മത്സ്യകൃഷി ആശയങ്ങൾക്ക് പ്രാധാന്യം നൽകേണ്ട സാഹചര്യം സംജാതമാക്കുന്നു. ഈ സാഹചര്യം മുന്നിൽ കണ്ടുകൊണ്ട് കുറഞ്ഞ സ്ഥലത്ത് നിന്നും കൂടുതൽ ഉല്പാദനം എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് നടപ്പിലാക്കി വരുന്ന ഒന്നാണ് ബയോഫ്ളോക്ക് മത്സ്യകൃഷി.

ജലഉപഭോഗം കുറയുന്നതിനാൽ സംസ്ഥാന സാഹചര്യങ്ങൾക്ക് അനുകൂ ലം, കുറഞ്ഞ സ്ഥലത്തുനിന്ന് കൂടുതൽ ഉല്പാദനം, അധിക വരുമാനം, കൃത്രിമ കുളങ്ങൾ നിർമ്മിച്ചുള്ള കൃഷി സാധ്യത, ജലം പുനചംക്രമണം ചെയ്തുള്ള ഉപയോഗം, പരിമിത സൗകര്യമുള്ള സ്ഥലങ്ങളിലും കൃഷിസാധ്യത എന്നിവ നേട്ടങ്ങളാണ്.

ഉല്പാദന ചെലവും ബയോഫ്ളോക് കൃഷിക്ക് അനുയോജ്യമായ ഗിഫ്റ്റ് (GIFT), ആസാം വാള, എന്നീ ഇനങ്ങളോട് കേരളത്തിലെ ഉപഭോക്താക്കൾക്കുള്ള താല്പര്യക്കുറവും ഉയർന്ന രോഗാവസ്ഥയും വൈദ്യുതിയുടെ ഉയർന്ന ഉപഭോഗവും കൃഷിരീതിയുടെ ദോഷവശങ്ങളാണ്.

മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയും പ്രാദേശിക വിപണനം പ്രോത്സാഹിപ്പിച്ചും കർഷക കൂട്ടായ്മകൾ രൂപീകരിച്ച് വിപണിയിൽ ഇടപെട്ടും ജീവനുള്ള മത്സ്യത്തിന്റെ വിപണന സാധ്യത പ്രയോജനപ്പെടുത്തിയും ഈ ന്യൂനതകളെ പരിഹരിക്കുകയാണെങ്കിൽ കേരളത്തിന് മത്സ്യ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള ഏറ്റവും അനുയോജ്യമായ കൃഷിരീതിയായി ബയോഫ്ളോക് കൃഷിക്ക് മാറുവാൻ സാധിക്കും.

ഡെപ്യൂട്ടി ഡയറക്ടർ (ഇൻലാന്റ്), ഫിഷറീസ് വകുപ്പ്

81

# മത്സ്യകൃഷിയിലൂടെ ഭക്ഷ്യസുരക്ഷയും മാംസ്യ സുരക്ഷയും

ബാലു ശേഖർ

മത്സ്യ ഉപഭോഗത്തിൽ ദേശീയ ശരാശരിയെക്കാൾ വളരെ ഉയർന്നു നിൽക്കുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. പ്രതിവർഷം ഏകദേശം രണ്ട് ലക്ഷം ടൺമത്സ്യമാണ് കേരളത്തിലേക്ക് അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തിച്ചേരുന്നത്. ചെറുതും വലുതുമായ ഒട്ടനവധി ജലാശയങ്ങളാലും പാടശേഖരങ്ങളാലും കായലുകളാലും നദികളാലും ജലസംഭരണികളാലും സമ്പൽസമൃദ്ധമായ കേരളത്തിൽ പ്രകൃതി കനിഞ്ഞുനല്കിയ നൽകിയ അനുഗ്രഹങ്ങളെ പൂർണ്ണതോതിൽ പ്രയോജനപ്പെടുത്തി മത്സ്യ ഉൽപാദനത്തിൽ നേട്ടം കൈവരിക്കുന്നതിന് കഴിഞ്ഞിട്ടില്ല എന്നത് ഏറെ ദുഃഖകരമാണ്. ജനസംഖ്യ വർദ്ധിച്ചു വരുന്ന കേരളത്തിന്റെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിൽ മുഖ്യപങ്ക് ആണ് മത്സ്യകൃഷിക്ക് ഉള്ളത്. കേരളത്തിൽ മത്സ്യകൃഷിയിലൂടെയുള്ള മത്സ്യ ഉൽപാദനം 0.38 ലക്ഷം മാത്രമാണ്. സമുദ്ര ഉൽപാദനവും ഉൾനാടൻ ജലാശയത്തിൽ നിന്നുള്ള ഉൽപാദനവും ഇനിയും വർദ്ധിപ്പിക്കുക എന്നതിന് സാധ്യത കുറവാകയാൽ മത്സ്യകൃഷിയിലൂടെ മാത്രമേ ഈ കുറവ് നികത്തുവാൻ കഴിയൂ. അടുത്ത അഞ്ചു വർഷം കൊണ്ട് മത്സ്യകൃഷിയിലൂടെയുള്ള മത്സ്യ ഉത്പാദനം വർദ്ധിപ്പിക്കേണ്ടതുണ്ട്. നൂതന സാങ്കേതികവിദ്യകളുടെയും നിർമ്മിത ബുദ്ധിയുടെയും പ്രയോഗവും അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും കൃഷി രീതിയിലും ഇനങ്ങളിലുമുള്ള വൈവിധ്യവൽക്കരണവും വഴി മാത്രമേ നമുക്ക് ഇത് സാധ്യമാകൂ. ഇതിനായി കൃത്യമായ ചട്ടക്കൂട് രൂപീകരിക്കണം. ഹ്യസ്വകാല ദീർഘകാല പരിപാടികളും ആവിഷ്കരിക്കണം.

മത്സ്യകൃഷിയിലെ നൂതന മാർഗ്ഗങ്ങൾ പലതും വലിയ മുതൽമുടക്കിൽ അതിസാന്ദ്രത കൃഷി രീതികളാണ്. ആയതുകൊണ്ട് തന്നെ രോഗം, പ്രകൃതിദുരന്തങ്ങൾ, മോഷണം മറ്റു കാരണങ്ങൾ ഉണ്ടാകുന്നതു വഴി വലിയ നഷ്ടങ്ങളാണ് മത്സ്യകർഷകർ നേരിടുന്നത്. മത്സ്യകൃഷിക്ക് ആവശ്യമായ സാധനസാമഗ്രികളുടെയും പ്രധാനമായ തീറ്റയുടെയും വലിയ വില വർദ്ധനയും മത്സ്യത്തിന് വിലയില്ലായ്മയും മത്സ്യകൃഷിയുടെ ലാഭം കുറയ്ക്കുന്നതിന് കാരണമാകുന്നു. പൊതുജലാശയങ്ങൾ മത്സ്യകൃഷിക്കായി ഉപയോഗിക്കുന്നതിനുള്ള തടസ്സങ്ങളും ഇന്ന് മത്സ്യകൃഷിയിലേക്ക് ജനങ്ങളെ ആകർഷിക്കുന്നതിൽ വലിയ തടസ്സം സൃഷ്ടിക്കുന്നു.

നൂതന മത്സ്യകൃഷിക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തി മത്സ്യകൃഷിയിലെ തുടർച്ചിലവിന്റെ നിശ്ചിത ശതമാനം ഓരോ കൃഷിയിലും കർഷകൻ അടയ്ക്കുകയും കൃഷിയുടെ കൃത്യമായ ഇടവേളകളിൽ വളർച്ച കണക്കാക്കുകയും, പ്രകൃതി ദുരന്തമടക്കമുള്ള കാരണങ്ങളാൽ കർഷകന് നഷ്ടം നേരിട്ടാൽ വകുപ്പ് കണക്കാക്കിയ മത്സ്യത്തിന്റെ വളർച്ചയുടെയും തൂക്കത്തിന്റെയും അടിസ്ഥാനത്തിൽ നിശ്ചിത തുക കർഷകന് കിട്ടുന്ന രീതിയിലുള്ളതാവണം പദ്ധതി. മത്സ്യകൃഷിയുടെ 60% ആണ് ചെലവായി കണക്കാക്കുന്നത്. പ്രധാനമായും അന്യസംസ്ഥാനങ്ങളിൽ നിന്നും തീറ്റ ഇറക്കുമതി ചെയ്യുന്നതിനാൽ തീറ്റയുടെ വില ക്രമാതീതമായി. ഇത് പരിഹരിക്കാൻ സംസ്ഥാനതലത്തിൽ കോർപ്പറേറ്റീവ് സൊസൈറ്റികൾ മുഖാന്തരം മത്സ്യത്തീറ്റ ഉത്പാദിപ്പിക്കുന്നത് വഴി മത്സ്യ കർഷകർക്ക് കുറഞ്ഞ ചെലവിൽ തീറ്റ നൽകുന്നതിനോടൊപ്പം സംസ്ഥാനത്തിന് വലിയൊരു വരുമാന മാർഗവുമാണ്. കേരള സംസ്ഥാനം പുഴകളാലും നദികളാലും ഡാമുകളാലും സമ്പുഷ്ടമാണ്, എന്നാൽ ഇവയിൽ മത്സ്യകൃഷി ഇന്ന് നാമമാത്രമാണ് നിലവിൽ ചെയ്തു വരുന്നത്. ഇതിന്റെ പ്രധാനകാരണം ഇവയുടെ അധികാരങ്ങൾ പല സർക്കാർ വകുപ്പുകളിലും അധിഷ്ഠിതമായി കിടക്കുന്നു, ഇതിൽ പ്രകൃതിക്ക് ദോഷം തട്ടാത്ത രീതിയിലും ഭക്ഷ്യ ലഭ്യതയും ഭക്ഷ്യ സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി വകുപ്പുകളുടെ മേൽനോട്ടത്തിൽ കമ്മിറ്റികൾ രൂപീകരിച്ച്, പ്രദേശത്ത് പിന്നോക്കം നിൽക്കുന്ന മത്സ്യ കർഷക തൊഴിലാളികളുടെ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ മത്സ്യകൃഷി, ഹാർവസ്റ്റിംഗ്, മത്സ്യ വില്പന എന്നിവ നടത്തുകയും അതുവഴി നിലവിൽ പൂർണ്ണ തോതിൽ ഉപയോഗിക്കാതെ കിടക്കുന്ന പൊതുജലാശയങ്ങൾ സംസ്ഥാനത്തിന്റെ ഭക്ഷ്യ ലഭ്യത ഉറപ്പുവരുത്തുന്നതിനും സംസ്ഥാനത്തിന്റെ വളർച്ച ഉറപ്പുവരുത്തുന്നതിനും സഹായകരമാകുന്നതാണ്. ഇത്തരം ഇടപെടലുകളിലൂടെ മത്സ്യകൃഷിയിലൂടെയുള്ള മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിയും

---

ഫിഷറീസ് എക്സ്റ്റൻഷൻ ഓഫിസ്, തേവലക്കര മത്സ്യഭവൻ

82

## ഫിഷറീസ് മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ

പി. അനീഷ്

ഫിഷറീസ് വകുപ്പ് 2009ൽ വികസിപ്പിച്ചെടുത്ത പദ്ധതിയാണ് റിയൽ ക്രാഫ്റ്റ് സോഫ്റ്റ്വെയർ. ഇതിലൂടെ 280,000 ഓളം വരുന്ന എല്ലാ മത്സ്യബന്ധന യാനങ്ങളെയും ഒരു ദേശീയ ഡാറ്റാബേസിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞു. യാന നിർമ്മാണ/വല നിർമ്മാണ കേന്ദ്രങ്ങൾ കൂടി ഇതിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതുണ്ട്. കടൽ സുരക്ഷാ, തീര സുരക്ഷ എന്നിവയ്ക്ക് വളരെ പ്രധാനപ്പെട്ടതാണ് കടലിൽ പോകുന്ന വ്യക്തികളുടെയും യാനങ്ങളുടെയും കണക്കെടുപ്പ്. റേഡിയോ ഫ്രീക്വൻസി ഉപകരണം, സ്വയം പ്രവർത്തക തിരിച്ചറിയൽ ഉപകരണം എന്നിവ റിയൽ ക്രാഫ്റ്റുമായി ബന്ധിപ്പിക്കുക വഴി അത് സാധ്യമാക്കുന്നതാണ്. സാഗര ആപ്ലിക്കേഷൻ അപ്ഡേറ്റ് ചെയ്യുകയും സംയോജിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. പിടിച്ച മത്സ്യത്തിന്റെ വിവരങ്ങൾ കരയിലെത്തും മുമ്പ് ഓൺലൈനായി വിപണനം ചെയ്യുവാൻ വേണ്ടിയുള്ള സംവിധാനം ഒരുക്കാവുന്നതാണ്. തീരകടൽ, കടലിലെ പ്രത്യേക സാമ്പത്തിക മേഖല, അന്താരാഷ്ട്ര മേഖല എന്നിവയും തിരിച്ചറിയുന്നതിന് ജിയോ ഫെൻസിങ് സാധ്യമാക്കി സോഫ്റ്റ്വെയറുമായി ബന്ധിപ്പിക്കാവുന്നതാണ്. അടിയന്തര സാഹചര്യങ്ങളിൽ എളുപ്പം എത്താവുന്ന കരക്കടുപ്പിക്കൽ കേന്ദ്രത്തെ കുറിച്ചുള്ള വിവരണവും ലഭ്യമാക്കാം. ഫീൽഡ് തല ഉപയോഗത്തിന് ഉതകുന്ന മൊബൈൽ ആപ്ലിക്കേഷൻ കൂടി വികസിപ്പിക്കേണ്ടതുണ്ട്.

അസിസ്റ്റന്റ് ഡയറക്ടർ, ഫിഷറീസ് സ്റ്റേഷൻ, വൈപ്പിൻ, എറണാകുളം, 9961234588

83

## നവകേരള ഭരണ നിർവഹണം-വനിതാ ശിശു വികസന വകുപ്പ്

ഷിഫ താഴത്തുവീട്ടിൽ

ഇന്ത്യയിൽ പോഷണക്കുറവുള്ള, ഗുരുതര തൂക്കക്കുറവുള്ള കുട്ടികൾ ജനിക്കുന്നു. ഈ നില ആധുനിക സംവിധാനങ്ങൾ ഉള്ള കാലത്തും പരിഹരിക്കാതെ പോകുന്ന സാഹചര്യമുണ്ട്. നിരന്തരമായ പരിശോധനകൾ, ഗർഭകാല ചികിത്സകൾ തുടങ്ങിയവ എല്ലാം ലഭിക്കുന്ന കേരളത്തിലും ഈ സ്ഥിതി തുടരുന്നതായി കാണാം. ഗുരുതര പോഷണക്കുറവ്, തൂക്കക്കുറവ്, അനീമിയ, വൈറ്റമിൻ ഡെഫിഷ്യൻസി എന്നീ വിഷയങ്ങളെ ഐ.സി.ഡി.എസ് കാലോചിതമായ രീതിയിൽ പരിഹരിക്കാൻ ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. സമ്പുഷ്ട കേരളം പദ്ധതിയിലൂടെ പ്രവർത്തനങ്ങൾ നടക്കുന്നുമുണ്ട്. ഈ സാഹചര്യത്തിൽ കേരളത്തിന്റെതായ വ്യത്യസ്തമായ ഒരു ശ്രദ്ധ ഈ മേഖലയിൽ നൽകേണ്ടതുണ്ട്. "Prevention is better than cure" എന്ന തിയറിയിൽ നിന്ന് ദീർഘവീക്ഷണത്തോടെ മറ്റൊരു പദ്ധതിക്ക് നിലവിലെ സംവിധാനങ്ങളെ ഉൾക്കൊള്ളിച്ച് തുടങ്ങേണ്ടതിന്റെ ആവശ്യകത ഉണ്ട്.

പോഷണം എന്ന വാക്ക് വർഷങ്ങളായി ഉപയോഗിച്ച് വരുന്നു എങ്കിലും ഈ മേഖലയിലേക്ക് സൂക്ഷ്മമായ കാൽവെപ്പ് നടത്താൻ നമുക്കായിട്ടില്ല. 1975-ൽ പ്രവർത്തിച്ച് തുടങ്ങിയിട്ടും ICDS-ന്റെ ലക്ഷ്യ ങ്ങൾ നേടിയെടുക്കാൻ സാധിക്കാതെ ഇരുന്നതിൽ ഒരു കാരണം ചിട്ടയില്ലാത്തതും ശാസ്ത്രീയമല്ലാത്തതുമായ ഇടപെടൽ ആണെന്ന് കാണാം.

കേരളത്തിന്റെ ആരോഗ്യരംഗത്ത് ഇന്ന് നേരിടുന്ന ഏറ്റവും വലിയ വിഷയമാണ്. ജീവിത ശൈലീരോഗങ്ങൾ, പ്രായഭേദമന്യ ഇത് വലിയ തോതിൽ ജീവിതങ്ങളെ ബാധിച്ച് വരുന്നു. ഇതിന് പരിഹാരം കാണാനുള്ള ഉത്തരവാദിത്തം സർക്കാർ തലത്തിൽ ഏറ്റെടുക്കേണ്ടതുണ്ട്. കൃത്യമായ പ്രൊഫഷണൽ സംവിധാനം ഇതിനായി ഇല്ല എന്ന് നമുക്ക് പരിശോധിച്ചാൽ മനസ്സിലാക്കാം. ഇൽ പഠിക്കാൻ പരീക്ഷണാർത്ഥം ഒരു ബ്ലോക്കിൽ Nutrition Clinic സ്ഥാപിക്കാം. സ്വന്തം കെട്ടിടത്തിൽ തുടങ്ങേണ്ട ഒന്നായി ഇതിനെ കാണണം,

MSC Food & Nutrition, MSC Food Science & Diabeties തുടങ്ങിയവയിൽ പ്രൊഫഷണൽ ക്വാളിഫിക്കേഷൻ ഉള്ള ഒരാളെ ഇതിനായി 1 വർഷത്തേക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കാവുന്നതാണ്. ഡയറ്റ് കൗൺസിലിംഗ്, Therapeufic Menu Planning എന്നിവ ഇതിനോടനുബന്ധിച്ച് നടത്താം. ആവശ്യമായി വരുന്നപക്ഷം Jrphn/RBSK Nurse എന്നി

വരെ ഈ സംവിധാനത്തോട് കൂട്ടിചേർക്കാം.

അങ്കണവാടി തലത്തിൽ നിന്ന് റഫർ ചെയ്യുന്ന ഗുരുതര പോഷണക്കുറവ്, ഗുരുതര തൂക്കക്കുറവ്, ആരോഗ്യപ്രശ്നങ്ങൾ ഉള്ള ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവരെയും ഇത്തരത്തിൽ റെഫർ ചെയ്യുകയും ചെയ്യാം. ഓൺലൈൻ ക്ലാസ് പഞ്ചായത്ത് തലം, ബ്ലോക്ക് തലം എന്നിങ്ങനെ നടത്താം. IEC വിതരണം, എന്നിവയും മറ്റ് ബോധവൽക്കരണ പ്രവർത്തനങ്ങളും ആരംഭിക്കാം. ആരോഗ്യപ്രശ്നങ്ങൾ ഉള്ള ആളുകൾക്കും വീടുകളിൽ ഒരേ ഭക്ഷണം നൽകുന്നതിലെ അപകടം കുറക്കാനും, പാരമ്പര്യ രോഗങ്ങളെ തടയാനും ഈ പദ്ധതി ഉപകരിക്കും.

പദ്ധതി വിജയം കാണുന്ന സാഹചര്യത്തിൽ വിപുലീകരിക്കുന്നതിന് തയ്യാറാവുന്ന മുറക്ക് പദ്ധതിയുടെ Nutrition Clinic Consultant തസ്തിക സ്ഥിരമാക്കുകയോ ചെയ്യാം. ഈ വിഷയത്തിൽ പി.എച്ച്.ഡി നേടിയ നിരവധി ജീവനക്കാർ വകുപ്പിൽ തന്നെ ഉണ്ടായിരിക്കെ ടി തസ്തിക ഡപ്യൂട്ടേഷൻ തസ്തികയാക്കി നില നിർത്താം. നിലവിലെ സാമ്പത്തിക സാഹചര്യങ്ങൾക്ക് ആയത് ഉപകരിക്കുകയും ചെയ്യും.

shifasivadasan@gmail.com, 9895152888

84

## സാമൂഹ്യനീതി വകുപ്പ്

വിനോദ് ബി.എൽ.

1975 സെപ്റ്റംബർ മാസത്തിൽ രൂപീകൃതമായ സാമൂഹ്യനീതി വകുപ്പ് പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായാണ് നിലനിൽക്കുന്നത്. വനിതാ ശിശു വികസന വകുപ്പിന്റെ രൂപീകരണത്തോടെ ഘടനാപരമായ ദൗർബല്യം വകുപ്പ് അനുഭവിക്കുന്നുണ്ട്. ഏങ്കിലും മുതിർന്ന പൗരന്മാർ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡർ വിഭാഗക്കാർ, തടവുകാർ, മുൻ തടവുകാർ എന്നിവർക്കായുള്ള നൂതനങ്ങളായ ക്ഷേമ പദ്ധതികളും സേവനങ്ങളും വകുപ്പ് പ്രദാനംചെയ്യുന്നു.

ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡർ വ്യക്തികൾ എന്നിവർക്കായുള്ള ഇൻഷുറൻസ് പദ്ധതികൾ ചികിത്സ പുനരധിവാസ പദ്ധതികൾ, നൈപുണ്യ വികസനം - സ്വയംതൊഴിൽ സഹായ പദ്ധതികൾ, സ്കോളർഷിപ്പുകൾ, വിവാഹ ധനസഹായം, ഭിന്നശേഷിക്കാർക്കുള്ള കുടുംബങ്ങൾക്കുള്ള പ്രത്യേക പദ്ധതികൾ എന്നിവ വകുപ്പ് നടപ്പിലാക്കുന്നു. മുതിർന്ന പൗരന്മാർക്കുള്ള ചികിത്സ- പുനരധിവാസ പദ്ധതികൾ, തടവുകാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ പദ്ധതികൾ, മുൻതടവുകാർക്കും പ്രൊബേഷണർമാർക്കുള്ള പദ്ധതികൾ എന്നിവയും വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.

ഇതിനുപുറമെ വകുപ്പിന്റെ ഗുണഭോക്താക്കളായ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗക്കാർക്ക് "സർക്കാർ സേവനം വീട്ടുപടിക്കൽ "എന്ന ലക്ഷ്യം നിറവേറ്റുന്നതിന്റെ ഭാഗമായി വിവിധ സേവനങ്ങൾ താമസംവിനാ ലഭ്യമാക്കുന്നതിനായി അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാനും അതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനുമായി "സുനതി" പോർട്ടൽ ആവിഷ്കരിച്ചിട്ടുണ്ട്. 31 സേവനങ്ങൾ ഇത് മുഖേന ലഭ്യമാകും.

നേരത്തെ സേവനം ലഭിക്കുന്നതിനായി സമീപത്തുള്ള അംഗൻവാടികളെ ആശ്രയിച്ചിരുന്നവർക്ക് വനിതാ ശിശു വികസന വകുപ്പിന്റെ രൂപീകരണത്തിന് ശേഷം ആ സൗകര്യം നിഷേധിക്കപ്പെട്ടു. ഇതുമൂലം ജില്ലാ ഓഫീസുകൾ മാത്രമുള്ള സാമൂഹ്യനീതി വകുപ്പിൽ നിന്നുള്ള സേവനങ്ങൾ ലഭിക്കാൻ സമയനഷ്ടവും പണനഷ്ടവും ഉണ്ടാകുന്നതാണ്.

വകുപ്പിൽ സ്പെഷ്യൽ റൂൾസ് നിലവിൽ വരാത്തതു കാരണം ഫീഡർ കാറ്റഗറിയിലുള്ള ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം നൽകാനോ, ഫീൽഡ് തലത്തിൽ ശാക്തീകരണമോ സാധ്യമാകുന്നില്ല. പ്രധാന പരിഗണന അർഹിക്കുന്നവരും, യാത്ര ചെയ്യാൻ പരസഹായം വേണ്ടിവരുന്നവരുമായ വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കും വകുപ്പിന്റെ സേവനങ്ങൾ ലഭ്യമാക്കാൻ കാലതാമസം നേരിടുന്നു. സമൂഹത്തിൽ നിന്നുള്ള ഒറ്റപ്പെടൽ അനുഭവിക്കുന്ന ട്രാൻസ്ജെൻഡർ വിഭാഗക്കാരുടെ പ്രശ്ന പരിഹാരങ്ങൾക്കും വകുപ്പിന്റെ ഘടനാ ദൗർബല്യം പ്രയാസം ഉണ്ടാക്കുന്നു. ആയ, അറ്റൻഡർമാർ മുതലായവർക്ക് 24 മണിക്കൂർ വരെ ജോലി ചെയ്യാൻ ഉള്ള സാഹചര്യം ഉണ്ടാകുന്നു.

രോഗം ഭേദമായ മാനസിക രോഗികളുടെ പുനരധിവാസത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ട്രാൻസ്ജെൻഡർ വ്യക്തികളുടെ വിവിധ പുനരധിവാസവും, ചികിത്സയും ലഭ്യമാക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുക വഴിയും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുവാൻ സാധിക്കും.

സീനിയർ ക്ലർക്ക്, ഡയറക്ടറേറ്റ് ഓഫ് സോഷ്യൽ ജസ്റ്റീസ്

85

## സാമൂഹ്യനീതി വകുപ്പിന്റെ ശാക്തീകരണം

ബിനോയ് വി.ജെ.

സമൂഹത്തിലെ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്നതാണ് സാമൂഹ്യനീതി വകുപ്പ്. ഈ വിഭാഗത്തിൽപ്പെട്ടവർക്കായി വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്ന ഗ്രൂപ്പിന്റെ സംഘടനാ സംവിധാനം അതിവ ദുർബലമാണ്. വകുപ്പ് വിഭജനത്തിന്റെ ഭാഗമായി വനിതാ ശിശു വികസന വകുപ്പ് രൂപീകൃതമായതോടെ പദ്ധതി നിർവഹണത്തിൽ ജില്ലാതലത്തിൽ താഴെ ഔദ്യോഗിക സംവിധാനങ്ങൾ ഇല്ലാത്തത് സർവീസ് ഡെലിവറിയിൽ പ്രയാസം സൃഷ്ടിച്ചിരിക്കുന്നു.

വകുപ്പിൽ നിന്ന് ലഭ്യമാകുന്ന സേവനങ്ങൾ സമയബന്ധിതമായും അർഹരായവർക്കും ലഭിക്കുന്നതിന് ബ്ലോക്ക് തലത്തിൽ ഔദ്യോഗിക സംവിധാനങ്ങൾ ഒരുക്കേണ്ടതാണ്.

ഭരണപരിഷ്കാര കമ്മീഷൻ ശുപാർശകൾ പ്രകാരം വകുപ്പിലെ പ്രവർത്തനങ്ങൾക്ക് ഏകരൂപം കൈവരുത്തുകയും സ്ഥാപനങ്ങൾ ശാക്തീകരിക്കുകയും ചെയ്യേണ്ടതാണ്. അതോടൊപ്പം പ്രത്യേക പരിഗണന അർഹിക്കുന്ന അംഗപരിമിതർ, അരിവാൾ രോഗബാധിതർ, പഠന വൈകല്യമുള്ളവർ എന്നിവർക്കുള്ള പുനരധിവാസ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

സാമൂഹ്യനീതി വകുപ്പും സാമൂഹ്യ സുരക്ഷാ മിഷനും തമ്മിലുള്ള ഏകോപനം ക്ഷേമസ്ഥാപനങ്ങളുടെ നവീകരണം ഭിന്നശേഷിക്കാർക്കുള്ള ജോലിസംവരണം എന്നിവയും പ്രഥമ പരിഗണന നൽകി നടപ്പിലാക്കേണ്ടതാണ്.

പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗക്കാർക്കിടയിൽ പ്രവർത്തിക്കേണ്ടവരായതിനാൽ ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകേണ്ടതും ചട്ടങ്ങൾ നിഷ്കർഷിക്കുന്ന പ്രകാരം പരാതി പരിഹാര ഉദ്യോഗസ്ഥരെ നിയമിക്കേണ്ടതുമാണ്.

ഭരണപരിഷ്കാര കമ്മീഷന്റെ റിപ്പോർട്ടിലെ വസ്തുതാപരമായ പിഴവുകൾ പരിഹരിക്കുകയും, അംഗപരിമിതരുടെ ക്ഷേമത്തിനായുള്ള പദ്ധതികൾക്കുള്ള വിഭവസമാഹരണ നിർദേശങ്ങളും വേണം.

നിർവഹണത്തിലെ അപാകതകളും അവ്യക്തതകളും ഒഴിവാക്കുന്നതിന് കൃത്യമായ മാർഗ്ഗരേഖയും ഒരു ക്ഷേമവകുപ്പിന്റെ പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിന് സഹായകരമായ രീതിയിൽ ഹാൻഡ് ബുക്കും പ്രസിദ്ധീകരിക്കേണ്ടതാണ്.

കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ പ്രദാനം ചെയ്യുന്നതിന്റെ ഭാഗമായി ഭിന്നശേഷിക്കാർക്കുള്ള 2013-ലെ സംസ്ഥാനനയം പുതുക്കുകയും അവർക്ക് ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കുകയും ചെയ്യുന്നത് ഉചിതമായിരിക്കും. ഇത്തരക്കാർക്ക് സ്വകാര്യ മേഖലകളിൽ നിയമനം ലഭ്യമാക്കുകയും,ഇവരുടെ ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് സംവിധാനങ്ങൾ ഒരുക്കുകയും ചെയ്യുന്നതും പരിഗണിക്കാവുന്നതാണ്.

ജില്ലാ സാമൂഹ്യനീതി ഓഫീസർ, ഇടുക്കി ജില്ല, Mob: 9447506971, E-mail: binoyvjmsw@gmail.com

86

## സാമൂഹ്യനീതി വകുപ്പ് - വയോജന സൗഹൃദ നയം

വിനോദ് ബി.എൽ. & വിനോദ് കുമാർ വി.

കേരള സർക്കാരിന്റെ സഹായത്തോടെ വയോജന സൗഹൃദ നയത്തിന് ഊന്നൽ നൽകികൊണ്ട് സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പ് വയോജനങ്ങൾക്കായി ടോൾ ഫ്രീ ഹെൽപ്പ് ലൈൻ ആരംഭിച്ചിരിക്കുന്നു. മുതിർന്ന പൗരന്മാരുടെ ക്ഷേമവും സംരക്ഷണവും ലക്ഷ്യമാക്കിയാണ് എൽഡർലൈൻ എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിരിക്കുന്നത്. മുതിർന്ന പൗരന്മാർക്ക് അവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും കോവിഡ് കാലഘട്ടത്തിൽ അനുഭവിക്കുന്ന പ്രതിസന്ധികൾക്ക് പരിഹാരം കണ്ടെത്തുന്നതിനും 14567 എന്ന ടോൾഫ്രീ നമ്പർ വയോജനങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടേയും ക്ഷേമവും സംരക്ഷണവും ഉറപ്പ് വരുത്തുന്ന 2007-ലെ നിയമത്തിന്റെ സുഗമമായ നടത്തിപ്പിന് സഹായകമാകാൻ എൽഡർലൈൻ പ്രവർത്തനങ്ങൾക്ക് സാധിക്കും. വിവിധ വകുപ്പുകളുടെയും സന്നദ്ധ സംഘടനകളുടെയും

സഹകരണത്തോടെയാണ് എൽഡർലൈൻ മുതിർന്ന പൗരന്മാർക്കാവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നത്. സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ വയോജനങ്ങൾക്കുവേണ്ടി ലഭ്യമാക്കുന്ന സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ, അതുമായി ബന്ധപ്പെട്ടിട്ടുള്ള പരാതികൾ, പെൻഷൻ, സർക്കാർ സന്നദ്ധ സ്ഥാപനങ്ങൾ നടത്തുന്ന വൃദ്ധ സദനങ്ങൾ, വയോജന സംരക്ഷണ കേന്ദ്രങ്ങൾ എന്നിവയെ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നു. കൂടാതെ മുതിർന്ന പൗരന്മാർക്ക് നേരെയുള്ള അതിക്രമങ്ങൾക്കെതിരെ ആവശ്യമായ ഇടപെടലുകൾ നടത്തിവരുന്നു.

വയോജനങ്ങൾ നേരിടുന്ന മാനസിക പ്രയാസങ്ങൾക്കും കോവിഡാനന്തര മാനസിക സംഘർഷങ്ങൾക്കുമുള്ള പിന്തുണയും നൽകിവരുന്നു. കൂടാതെ അഗതികളായ വയോജനങ്ങളുടെ പുനരധിവാസം, മാനസികവും ശാരീരികവുമായ ചൂഷണം നേരിടുന്ന പ്രായമായവർക്കുള്ള സഹായങ്ങൾ എന്നിവയും നൽകിവരുന്നു. 14567 എന്ന ടോൾ ഫ്രീ നമ്പരിൽ വയോജനങ്ങൾക്ക് എല്ലാ ദിവസവും രാവിലെ 8 മണിമുതൽ രാത്രി 8 മണിവരെ മാത്രമാണ് സഹായത്തിനായി ബന്ധപ്പെടാൻ കഴിയുക. പദ്ധതിയുടെ ഗുണം ലഭിക്കുന്നത് വിവിധങ്ങളായ സഹായങ്ങൾ ഏത് സമയവും ലഭ്യമാകേണ്ട വയോജനങ്ങൾക്ക് ആയതിനാൽ പൂർണ്ണസമയ സേവനം ലഭ്യമാക്കുന്ന തരത്തിൽ ഈ പദ്ധതിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. പൊതുജന പങ്കാളിത്തത്തോടുകൂടി പ്രമേഹരോഗികളായ വയോജനങ്ങൾക്ക് ഗ്ലൂക്കോമീറ്റർ വിതരണം ചെയ്യുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള പദ്ധതിയാണ് വയോമധുരം പദ്ധതി (സൗജന്യ ഗ്ലൂക്കോമീറ്റർ വിതരണം)

Mob: 9496826407, Email ID vinodbl1979@2gmail.com
Mob: 9072137257, Email ID vinodkumar8129342770@gmail.com

87

# എഞ്ചിനിയറിംഗ് വിദ്യാഭ്യാസം - നവകേരള കാലത്തെ ഭരണനിർവഹണം

ഡോ. ആർ. ശശികുമാർ

ലോകം ഒരു പുതിയ സാമ്പത്തിക സാമൂഹിക ക്രമത്തിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. നാലാം വ്യാവസായിക വിപ്ലവം ഒരു ചെറിയ മാറ്റമല്ല ലോകത്തുണ്ടാക്കുന്നത്. അത് ലോകത്തെ ഒരു പുതിയ സാങ്കേതിക വിസ്ഫോടനത്തിലേക്കാണ് നയിക്കുന്നത്. ലോകം നാലാം വ്യാവസായിക വിപ്ലവത്തിന്റെ മാറ്റങ്ങളെ അഭിമുഖീകരിക്കുന്ന, സാങ്കേതിക വിസ്ഫോടനങ്ങളുടെ കാലഘട്ടത്തിലാണ് ദേശീയ വിദ്യാഭ്യാസ നയം (NEP) 2020 നടപ്പാക്കാൻ ഇന്ത്യ ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. 3 വർഷം പിന്നീടുമ്പോഴും ഈ മേഖലയിൽ ഗുണപരമായ ഒരു മാറ്റവും കാണുന്നില്ല. നിർമ്മിത ബുദ്ധി ലോകത്തെ ഒരു ഡിജിറ്റൽ കോളനിയാക്കുന്ന കാലം അതിവിദൂരമല്ല. മനുഷ്യന്റെ തലച്ചോറിന്റെ പ്രവർത്തനക്ഷമതയേക്കാൾ അത് മുന്നോട്ടു കുതിക്കുമ്പോൾ നാം നിലവിലെ വിദ്യാഭ്യാസ രീതികൾ തന്നെ തുടർന്നാൽ അത് സൃഷ്ടിക്കുന്ന ഭീകരമായ അവസ്ഥ കേവലം വിദ്യാഭ്യാസ മേഖലയെ മാത്രമല്ല, നമ്മുടെ സാമൂഹ്യ-സാമ്പത്തിക മേഖലയെ മൊത്തമായി പ്രതികൂലമായി ബാധിക്കും എന്നത് നാം തിരിച്ചറിയേണ്ടതാണ്. ഗണിത പരിജ്ഞാനം ഇല്ലാതെ ഇനി ഒരു നിലനിൽപ്പ് അസാധ്യമാകുന്ന രീതിയിലാണ് കാര്യങ്ങൾ മുന്നോട്ട് പോകുന്നത്. Coding, De-coding, Data Analytics എന്നിവ എഞ്ചിനിയറിംഗ് വിഭാഗത്തിലും ഇതര മേഖലകളായ കാർഷിക, മെഡിക്കൽ വിദ്യാഭ്യാസത്തിൽ പോലും മുഖ്യമായി തീരുന്ന ഒരു പശ്ചാത്തലത്തിലാണ് പുതിയ ദേശീയ വിദ്യാഭ്യാസം നടപ്പിലാക്കുന്നത്. ഈ നയം പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിലെ ഗുണമേന്മ വർധനവിനെ സംബന്ധിച്ച് വലിയ രീതിയിലൊന്നും പരാമർശിക്കുന്നില്ല എന്നത് ദുഃഖകരമായ വസ്തുതയാണ്. ലോകം സാങ്കേതികമായി അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. അത്തരം മാറ്റങ്ങളെ പൂർണ്ണമായി ഉൾക്കൊള്ളാനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ഒന്നും പുതിയ നയത്തിൽ കാണുന്നില്ല. എന്നാൽ അതേസമയം ഉന്നത വിദ്യാഭ്യാസത്തിന്റെ സ്വയം ഭരണത്തെ കുറിച്ച് പ്രതിപാദിക്കുന്നുമുണ്ട്.

രണ്ടാം പിണറായി സർക്കാർ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വലിയ മുന്നേറ്റം നടത്താനുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2020-21 വാർഷിക ബഡ്ജറ്റിൽ ഊന്നൽ നൽകി ഒട്ടേറെ പദ്ധതികൾ നിർദ്ദേശിച്ചിട്ടുണ്ട്. കേരള സമൂഹത്തെ ഒരു ജ്ഞാന സമൂഹമാക്കി മാറ്റുന്നതിനാവശ്യമായ പദ്ധതികൾ ഈ ബഡ്ജറ്റിൽ കാണാൻ കഴിയും. ജ്ഞാനസമ്പത്ത് നാടിന്റെ വികസന മുന്നേറ്റത്തിന് അനിവാര്യമായ ഘടകമാണെന്ന് കണ്ടുകൊണ്ടാണ് കഴിഞ്ഞ

രണ്ടു വർഷമായി ഒട്ടേറെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ സംസ്ഥാനത്ത് നടപ്പാക്കി വരുന്നത്. ഈ പശ്ചാത്തലത്തിലാണ് അഞ്ചാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, ഇതിനു മുമ്പു നടന്ന കേരള പഠന കോൺഗ്രസ്സുകളിൽ ചർച്ച ചെയ്തതുപോലെ പ്രൊഫഷണൽ വിദ്യാഭ്യാസം ഇന്നു നേരിടുന്ന വെല്ലുവിളികളും അതിനെ അതിജീവിക്കാൻ കഴിയുന്ന സമഗ്രമായ നിർദ്ദേശങ്ങളും ചർച്ച ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്. പഠനകോൺഗ്രസിൽ ഉയർന്നു വരുന്ന മൂർത്തമായ നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പാക്കാൻ കഴിയുന്ന ഉത്തമ വിശ്വാസത്തോടെയാണ് ഈ ലേഖനം പഠന കോൺഗ്രസ്സിൽ അവതരിപ്പിക്കുന്നത്.

ഈ കുറിപ്പിൽ കേരളത്തിലെ എഞ്ചിനിയറിംഗ് വിദ്യാഭ്യാസ രംഗത്തെ ഭരണ നിർവ്വഹണത്തെ സംബന്ധിച്ചാണ് ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്നത്.

എഞ്ചിനിയറിംഗ് കോളേജ് വിദ്യാഭ്യാസത്തിന് ഭരണപരമായ നേതൃത്വം നൽകുന്ന സാങ്കേതികവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഭരണനിർവഹണ രംഗത്തെ പോരായ്മകളും അവ മറികടക്കാനുള്ള നിർദ്ദേശങ്ങളും ഈ കുറിപ്പിൽ ചർച്ച ചെയ്യപെടുന്നു. അക്കാദമിക പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്ന 2014 ൽ സ്ഥാപിതമായ കേരള സാങ്കേതിക സർവ്വകലാശാല നേരിടുന്ന ഭരണനിർവഹണ പ്രശ്നങ്ങളും ഈ ലേഖനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒപ്പം വിവിധ മാനേജമെന്റുകളുടെ ഉടമസ്ഥതയിലുള്ള എൻജിനിയറിംഗ് കോളേജുകൾ നേരിടുന്ന പ്രശ്നങ്ങളും ഈ രംഗത്ത് വരുത്തേണ്ടുന്ന മാറ്റങ്ങളെ സംബന്ധിച്ചും ഈ രേഖ ചർച്ച ചെയ്യുന്നു. ഓരോ സ്ഥാപനങ്ങളും ഭരണനിർവഹണ രംഗത്ത് വരുത്തേണ്ടതായ നിർദ്ദേശങ്ങൾ അവതരിപ്പിക്കാനാണ് ശ്രമിക്കുന്നത്. പഠനകോൺഗ്രസ്സിൽ രേഖ അവതരിപ്പിച്ച് കൂടുതൽ സമഗ്രവും മൂർത്തവുമായ നിർദ്ദേശങ്ങൾ കൂട്ടി ചേർത്ത് ഈ രേഖ എഞ്ചിനിയറിംഗ് വിദ്യാഭ്യാസ മേഖലയിൽ കാലഘട്ടത്തിന് അനുസൃതമായ മാറ്റങ്ങൾ വരുത്താൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു.

റിട്ട: പ്രിൻസിപ്പാൾ, സി.ഇ.ടി തിരുവനന്തപുരം, (മുൻ കേപ്പ് ഡയറക്ടർ)

88

# സാങ്കേതികവിദ്യാഭ്യാസം

സുനിൽ ഷൺമുഖദാസ്

കേരളത്തിലെ കോളേജ് വിദ്യാഭ്യാസവും സാങ്കേതികവിദ്യാഭ്യാസവും ചില വെല്ലുവിളികൾ നേരിടുന്നുണ്ടെങ്കിലും, ഉദാഹരണത്തിന് ഗവേഷണത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്, ഗവേഷണത്തെ ഗൗരവമായി സമീപിക്കുന്ന വിദഗ്ദ്ധർ ആയിട്ടുള്ള ഗവേഷകർക്കും ആവശ്യമായ പ്രോത്സാഹനം നൽകുന്നതിലെ പോരായ്മ എന്നിവ ഉണ്ടെങ്കിലും വൈജ്ഞാനിക സമ്പദ് വ്യവസ്ഥയിലേക്ക് വ്യക്തമായ ലക്ഷ്യത്തോടെ മുന്നേറാൻ തീരുമാനിച്ചിരിക്കുകയാണ്. ആഗോള സമ്പദ് വ്യവസ്ഥയുമായി ഇഴുകിചേർന്നു മത്സരാധിഷ്ഠിതമായി പ്രവർത്തിക്കേണ്ട ഒരു മേഖലയാണ് സാങ്കേതികവിദ്യാഭ്യാസരംഗം. വിജ്ഞാനോൽപാദനം, വിജ്ഞാനോപയോഗം, വിജ്ഞാന വിതരണം എന്നീ അടിസ്ഥാന ഘടകങ്ങളെ കേന്ദ്രീകരിച്ചായിരിക്കണം ഈ രംഗത്തെ എല്ലാ പ്രവർത്തനങ്ങളും. വിജ്ഞാനത്തിന്റെ ഉദ്പാദനം ഗവേഷണത്തിലൂടെയും, വിതരണം ബോധന രീതിയിലൂടെയും മറ്റു പാഠ്യ പ്രവർത്തനങ്ങളിലൂടെയും ഉപയോഗം ജോലി, സംരംഭകത്വം എന്നിവയിലൂടെയുമാണ് സാധ്യമാക്കേണ്ടത്.

അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി വിവിധ തലത്തിൽ ഗവേഷണവും ഉദ്പാദനവും നടപ്പിലാക്കാൻ ഇന്റഗ്രേറ്റഡ് കാമ്പസുകൾക്ക് കഴിയും. ഐ.ടി.ഐ, പോളിടെക്നിക്കുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ, ആർട്സ് & സയൻസ് കോളേജുകൾ തുടങ്ങിയ വിവിധ സ്ഥാപനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് 'ഇന്റഗ്രേറ്റഡ് കാമ്പസ്' എന്ന ആശയം നടപ്പാക്കണം. ഇന്റർ ഡിസിപ്ലിനറി ഗവേഷണം സാധ്യമാക്കാൻ ഇത് സഹായിക്കും. ദേശീയ വിദ്യാഭ്യാസ നയത്തിലെ നല്ലവശങ്ങൾ മാത്രം സ്വീകരിച്ചുകൊണ്ടും സംസ്ഥാന പാഠ്യ പദ്ധതി ആധുനിക കാലത്തിനനുസരിച്ച് പരിഷ്കരിച്ചും ഒരു പരിധിവരെ വെല്ലുവിളികളെ മറികടക്കാനാകും. പരാതിപരിഹാരം, അടിസ്ഥാന സൗകര്യ വികസനം, കേന്ദ്രീകൃത പർച്ചേഴ്സ്, പ്രൊഡക്ഷൻ, സർവീസ് സെന്റർ പ്രവർത്തിപ്പിക്കൽ, നൈപുണ്യ വികസനം എന്നിവ ഇവയിൽ പരമപ്രധാനമാണ്.

89

# സർവകലാശാല ലൈബ്രറി സേവനങ്ങൾ ചില മാതൃകകളും പുതുതായി നടപ്പിലാക്കേണ്ട പദ്ധതികളും

ഡോ. മെഹബൂബുള്ള കെ. & ശ്രീമതി സുമ പി.ബി.

നമ്മുടെ സംസ്ഥാനത്ത് ഒരു ജ്ഞാന സമ്പദ് വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന ലൈബ്രറികൾക്ക് വിശിഷ്യാ സർവകലാശാല ലൈബ്രറികൾക്ക് ചെറുതല്ലാത്ത പങ്ക് നിർവഹിക്കാൻ സാധിക്കുന്നതാണ്. മുപ്പത് കോടിയോളം രൂപയാണ് കേരള സർവകലാശാല ലൈബ്രറിയിൽ മാത്രം കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ വിജ്ഞാന സ്രോതസുകൾ വാങ്ങാനും മറ്റു സേവന പദ്ധതികൾക്കുമായി ചെലവാക്കിയിട്ടുള്ളത്. അതിവിപുലമായതും വൈജ്ഞാനിക പ്രാധാന്യമുള്ളതുമായ ഈ ജ്ഞാനസ്രോതസ്സുകളെ കൂടുതൽ ഫലപ്രദമായും കാലഘട്ടത്തിന്റെ മാറ്റത്തിനനുസൃതമായും ഉപയോഗിക്കുവാനാവശ്യമായ സംവിധാനത്തെക്കുറിച്ച് ആലോചിക്കേണ്ടിയിരിക്കുന്നു. കേരളത്തിലെ സർവകലാശാല ലൈബ്രറികളിലെ ചില മികച്ച മാതൃക സേവനങ്ങളും സർവകലാശാല ലൈബ്രറികളിലെ സേവനങ്ങൾ മെച്ചപ്പെടുത്താനുള്ള ചില നിർദ്ദേശങ്ങളുമാണ് പ്രധാനമായും മുന്നോട്ടുവെക്കുന്നത്.

കേരളത്തിലെ ഓരോ സർവകലാശാലയിലും ലൈബ്രറികളുടെ ആഭിമുഖ്യത്തിൽ Institution Repository (R) സ്ഥാപിച്ച് അവയെ സംയോജിപ്പിച്ചുകൊണ്ട് ഒരു KERALA REEARCH REPOSITORY യും നിർമ്മിക്കേണ്ടതാണ്.

അതത് സർവകലാശാലകളുടെ ഭൗതിക ഉൽപന്നങ്ങളായ (Intellectual output) ഗവേഷണപ്രബന്ധങ്ങൾ, ഡെസെർട്ടേഷനുകൾ, അധ്യാപകരുടേയും ഗവേഷകരുടേയും ലേഖനങ്ങൾ, സെമിനാർ പ്രസന്റേഷൻസ് തുടങ്ങിയവ ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കുകയും സോഫ്റ്റ് വെയർ മുഖേനെ സംയോജിപ്പിക്കുകയും ചെയ്യാനുള്ള സംവിധാനം ഒരുക്കേണ്ടതാണ്. DSpace പോലുള്ള സ്വതന്ത്ര ഡിജിറ്റൽ ലൈബ്രറി സോഫ്റ്റ്വെയർ ഉപയോഗിച്ച് ഈ സംവിധാനം ഒരുക്കുന്നതാണ്.

നമ്മുടെ സംസ്ഥാനത്തിലെ വിവിധ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള ഇലക്ട്രോണിക് റിസോഴ്സുകൾ പ്രസാധകരുമായി ബന്ധപ്പെട്ട് ഒരു കേന്ദ്ര ഏജൻസി വാങ്ങുകയും അവയെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലൈബ്രറികൾക്ക് ഉപയോഗിക്കാനുള്ള ലൈസൻസ് നൽകുന്ന സംവിധാനം ആരംഭിക്കാവുന്നതാണ്. കോടിക്കണക്കിന് രൂപ വരുന്ന ശാസ്ത്രവിഷയങ്ങളിൽ അടക്കമുള്ള വിവിധ ഡാറ്റാബേസുകൾ ഓരോ സർവകലാശാലയും പ്രത്യേകം പ്രത്യേകം വാങ്ങുന്നതിന് പകരം പ്രസാധകരുമായി (database: Publishers) ബന്ധപ്പെട്ട് കുറഞ്ഞ വിലയിൽ കൂടുതൽ വിജ്ഞാന സ്രോതസ്സുകൾ ഈ മാർഗ്ഗത്തിലൂടെ ഗവേഷകർക്ക് നൽകാൻ mowl.commom (Consortia based subscription) കഴിയും.

ലൈബ്രറി കേന്ദ്രമാക്കി എല്ലാ സർവകലാശാലകളിലും മൾട്ടി ഡിസിപ്ലിനറി റിസർച്ച് സെന്ററുകൾ സ്ഥാപിക്കുക.

സർവകലാശാല ലൈബ്രറികളിൽ സയൻന്റോമെട്രിക് സെന്റർ (Scientometric Centres), ബിബ്ലിയോമെട്രിക് സെന്റർ (Blblomerc Centre) ആരംഭിക്കുക.

ജ്ഞാനോൽപ്പാദന മേഖലയിലും അവയുടെ വിതരണത്തിലും പുതിയ വിവരങ്ങൾ ഉത്പാദിപ്പിക്കുന്നതിനും സർവകലാശാല ലൈബ്രറികളുടെ സാധ്യതകളെ നമ്മുടെ സംസ്ഥാനത്തിന് ഇനിയും വേണ്ടരീതിയിൽ പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല. സർവകലാശാല ലൈബ്രറി സേവനങ്ങൾ കൂടുതൽ ജനോപകാരപ്രദമാക്കി മാറ്റുവാനും കാലാനുസൃതമാക്കുവാനുമുള്ള പുതുമാതൃകകളെക്കുറിച്ചും വൈജ്ഞാനിക സമൂഹം കെട്ടിപ്പടുക്കുമ്പോൾ സർവകലാശാല ലൈബ്രറികളുടെ പുതിയ കാലത്തെ സാധ്യതകളെക്കുറിച്ചും വെല്ലുവിളികളെക്കുറിച്ചും ഈ ലേഖനം ചർച്ച ചെയ്യുന്നു.

1 അസിസ്റ്റന്റ് ലൈബ്രേറിയൻ, കേരള സർവകലാശാല ലൈബ്രറി, 9446684116, Mehaboobkc10@gmail.com

2 അസിസ്റ്റന്റ് ലൈബ്രേറിയൻ, കേരള സർവകലാശാല ലൈബ്രറി

## 90

# സർവകലാശാല - വിഭവശേഷി അടിസ്ഥാനമാക്കിയുള്ള പഠനത്തിന്റെ പ്രസക്തി

പ്രിയ ടി.കെ. & അനീഷ് കുമാർ കെ.പി.

കേരളത്തിലെ പൊതുവിദ്യാഭ്യാസരംഗം രാജ്യത്തിനാകെ മാതൃകയായി അസൂയാവഹമായ മുന്നേറ്റത്തിന്റെ പാതയിലാണ്. അതോടൊപ്പം തന്നെ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന ഒട്ടേറെ ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ ഇവിടെയുണ്ട്. കേരളത്തിലെ പല സർവകലാശാലകളും കോളേജുകളും NAAC ഗ്രേഡിംഗിൽ ഉയർന്ന ഗ്രേഡ് നേടിയിട്ടുണ്ട്. എന്നിട്ടും NIRF റാങ്കിങ് പരിശോധനയിൽ കാലങ്ങളായി കേരളത്തിലെ ഉന്നത വിദ്യാഭ്യാസസ്ഥാപങ്ങൾ മധ്യനിരയിലോ അതിലും താഴെയുമോ മാത്രം സ്ഥാനം പിടിക്കുന്നു. സാധാരണയായി ആദ്യ റാങ്കുകൾ ലഭിക്കുന്നത് കേന്ദ്ര സർക്കാർ നേരിട്ട് നടത്തുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ്. പരിമിതമായ സാമ്പത്തികസ്ഥിതിയും അതിനനുസൃതമായ വിഭവശേഷിയുമുള്ള കേരളത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങൾ മത്സരിക്കുന്നത് കേന്ദ്രസർക്കാരും കോർപ്പറേറ്റുകളും കൈയയച്ച് ധനസഹായം നൽകുന്ന സ്ഥാപനങ്ങളുമായാണ്.

ഈ സാഹചര്യത്തിൽ സാമ്പത്തിക ഭദ്രതയിലൂന്നി ദീർഘ വീക്ഷണത്തിലൂടെ സർവകലാശാലകളിലെ പ്രവർത്തനങ്ങൾ പുനഃക്രമീകരിക്കേണ്ടതുണ്ട്. ഫലപ്രദമായ ഭരണനിർവഹണത്തിനു പ്രാപ്തമായ രീതിയിൽ വിഭവശേഷിയുടെ വിനിമയ സാദ്ധ്യതകൾ പരിശോധിക്കപ്പെടേണ്ടതുണ്ട്. അതോടൊപ്പം തന്നെ പഠന പ്രക്രിയയുടെയും പാഠ്യപദ്ധതിയുടെയും ഭൗതിക സാഹചര്യങ്ങളുടെയും ഗുണനിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും വേണം.

റവന്യൂ വരുമാനം വർധിപ്പിക്കാനുള്ള നടപടികൾക്ക് ഊന്നൽ നൽകുകയാണ് ഏറ്റവും പ്രധാനം. എന്നാൽ സാമൂഹ്യ പ്രതിബദ്ധതയോടെ മാത്രമേ ഇക്കാര്യം നടപ്പിലാക്കാനാവൂ. ഉന്നതവിദ്യാഭ്യാസം ആർക്കും അപ്രാപ്യമല്ല എന്ന ഉദ്ദേശ്യത്തോടുകൂടി മാത്രമേ സർവകലാശാലകൾക്ക് വർത്തിക്കാനാവുകയുള്ളു,.

സർവ്വകലാശാലകൾ തമ്മിലുള്ള പങ്കുവെക്കലുകൾ ഈ സാഹചര്യത്തിൽ വളരെ പ്രസക്തമാണ്. അധ്യാപക വിദ്യാർത്ഥിതലങ്ങളിലും മറ്റു സൗകര്യങ്ങളുടെ കാര്യത്തിലായാലും ഇത്തരം കൊടുക്കൽ വാങ്ങലുകൾ വ്യത്യസ്തവും സുസജ്ജവുമായ പഠന പശ്ചാത്തലം ഉറപ്പുവരുത്തും.

അന്തർദേശീയ തലത്തിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളുമായുള്ള സഹകരണത്തിന് സർക്കാർ മുൻകൈ എടുക്കുകയും വിവിധ സർവകലാശാലകളെ ഉൾപ്പെടുത്തി നെറ്റ്‌വർക്ക് രൂപീകരിക്കുയും വേണം. കേരളത്തിന്റെ തദ്ദേശീയമായ പ്രശ്നങ്ങൾ മുൻനിർത്തി ആഴത്തിലുള്ള പഠനങ്ങൾ നടത്താനുള്ള സാഹചര്യം ഉണ്ടാക്കുകയും വേണം. കാലത്തിനനുസൃതമായി പഠന രീതികളിലെ മാറ്റത്തിനു ഓൺലൈൻ പഠനം പ്രാവർത്തികമാക്കാൻ ഇൻഫർമേഷൻ ടെക്നോളജി കൂടി ഉൾപ്പെടുത്തി അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കണം. ഇതിനുവേണ്ടി വിവിധ സേവനങ്ങൾക്കുള്ള സോഫ്റ്റ് വെയറുകൾ, ആപ്ലിക്കേഷൻസ്, പോർട്ടലുകൾ തുടങ്ങിയവ പങ്കുവെക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കണം. അതോടൊപ്പം തന്നെ ലൈബ്രറി പുസ്തകങ്ങൾ, ഇ-റിസോഴ്സ്, ലബോറട്ടറി സൗകര്യങ്ങൾ എന്നിവ പരസ്പര സഹകരണത്തോടു കൂടി വിപുലീകരിക്കാനും ഉപയോഗിക്കാനുമുള്ള സാഹചര്യം ഉറപ്പുവരുത്താനുമാകണം. ഏറ്റവും പ്രധാനമായി ഓരോ അപേക്ഷയുടെയും പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് കാലതാമസമില്ലാതെ ഫലപ്രദമായി വിദ്യാർത്ഥികൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള കേന്ദ്രമായി സർവ്വകലാശാലകൾ മാറണം.

1 അസിസ്റ്റന്റ് ലൈബ്രേറിയൻ, കണ്ണൂർ സർവകലാശാല

2 അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്മെന്റ് ഓഫ് മാനേജ്മന്റ് സ്റ്റഡീസ്, കണ്ണൂർ സർവകലാശാല

91

# വടക്കേ മലബാറിലെ ഉന്നത വിദ്യാഭ്യാസ മേഖല: വികസനവും ഭരണനിർവഹണവും

പി.സി.എച്ച്. ശശിധരൻ

മലയോര പ്രദേശങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിന് കൂടുതൽ പരിഗണന നൽകേണ്ടതുണ്ട്. എയർപോർട്ട്, ബേക്കൽ ടൂറിസം കേന്ദ്രം, അഴീക്കോട് തുറമുഖം, ആറളം, പേരാവൂർ തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ബന്ധപ്പെട്ട മേഖലകളിൽ അനുയോജ്യമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് രൂപം കൊടുക്കണം.

ക്യാംപസുകൾ കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളിലെ പിന്നോക്ക പ്രദേശങ്ങളിലാണ് എന്നത് പരിഗണിച്ച് സർക്കാരും യൂ. ജി. സി. യും കൂടുതൽ ധനസഹായം അനുവദിക്കേണ്ടത് അനിവാര്യമാണ്. സർവ്വകലാശാലയിൽ നിന്ന് പുറത്തിറങ്ങുന്ന പി. എച്ച്. ഡി. തീസിസുകൾ ധൈഷണിക ലോകമോ പൊതുജനങ്ങളോ ശ്രദ്ധിക്കുന്നില്ല. അന്തർ ദേശീയവും ദേശീയവും മാത്രമല്ല പ്രാദേശിക പ്രശ്ന പരിഹാരത്തിനും ഗവേഷണങ്ങൾ ഊന്നൽ നല്കണം. ഗവേഷണ ചട്ടങ്ങളിൽ ഇതിനനുസരിച്ചുള്ള മാറ്റങ്ങൾ ഉണ്ടാകണം. സെക്രട്ടറിയേറ്റ് മാനുവലിന് അനുസൃതമായി യൂണിവേഴ്സിറ്റി മാനുവലിന് രൂപം കൊടുക്കേണ്ടതുണ്ട്. ഭരണ-അക്കാമിക്-പരീക്ഷ-ധനകാര്യ-ആസൂത്രണ-വികസന-ഗവേഷണ-വിദ്യാർഥി ക്ഷേമം-ഇലക്ഷൻ-പഠന വകുപ്പുകൾ-ക്യാമ്പസുകൾ തുടങ്ങിയ വിഭാഗങ്ങളിൽ കാലാനുസൃതമായ ഭരണ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കേണ്ടത് അനിവാര്യമാണ്. ഓരോ സർവ്വകലാശാലയും അവരുടേതായ മാനുവൽ തയ്യാറാക്കുകയും അതിൽ യൂണിവേഴ്സിറ്റികളുടെ സവിശേഷ ഭരണ നടപടികൾ ഉൾക്കൊള്ളിച്ച്, പരീക്ഷ വിഭാഗമടക്കം ഓരോ ബ്രാഞ്ചും, വകുപ്പും സെക്ഷനും സമയബന്ധിതമായി ചെയ്യേണ്ട കാര്യങ്ങൾ, നടപടിക്രമങ്ങൾ തുടങ്ങിയവ വിശദമായി ഉൾപ്പെടുത്തുകയും വേണം. പരീക്ഷകളുടെ ഫലപ്രഖ്യാപനങ്ങൾ വേഗത്തിലാകുന്നതിന് മൂല്യനിർണയം എല്ലാ അദ്ധ്യാപകർക്കും നിർബന്ധമാക്കിക്കൊണ്ടുള്ള നിയമഭേദഗതി അനിവാര്യമാണ്.

സംസ്ഥാന കമ്മിറ്റി അംഗം, യൂണിവേഴ്സിറ്റി പെൻഷനേഴ്സ് ഫോറം, കേരള

മറ്റ് കേന്ദ്രീകൃത സർവകലാശാലകളിൽ നിന്ന് വ്യത്യസ്തമായി കണ്ണൂർ യൂണിവേഴ്സിറ്റി ഒരു ബഹു ക്യാംപസ് (multi campus) സർവ്വകലാശാലയായിട്ടാണ് “കണ്ണൂർ യൂണിവേഴ്സിറ്റി ആക്ട് 1996” വിഭാവനം ചെയ്തിട്ടുള്ളത്. അതിന്റെ ഫലമായിട്ടാണ് ഇന്ന് കാണുന്ന പാലയാട്, മാങ്ങാട്ട്പറമ്പ്, ധർമശാല, പയ്യന്നൂർ, നീലേശ്വരം, കാസർഗോഡ്, മഞ്ചേശ്വരം, മാനന്തവാടി, താവക്കര എന്നീ 9 ക്യാമ്പസ്സുകൾക്കും അവിടെ പ്രവർത്തിക്കുന്ന 37 ഓളം പഠന-ഗവേഷണ വകുപ്പുകൾക്കും രൂപംകൊടുത്തത്. പഠന-ഗവേഷണ ക്യാമ്പസ്സുകൾ വടക്കേ മലബാറിലെ പിന്നോക്ക പ്രദേശങ്ങളിൽ ഉയർന്നു വന്നപ്പോൾ നമ്മുടെ നാട്ടിലെ കുട്ടികൾക്ക് ഏറെ പ്രയോജനപ്പെടുന്ന കോഴ്സുകൾ ഒരു വിളിപാടകലെ ലഭ്യമായി. എന്നാൽ പ്രാദേശിക വികസനത്തിന് ഒട്ടും ഊന്നൽ നൽകാത്തതും കോഴ്സുകൾ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ പ്രാദേശിക പ്രസക്തി കണക്കിലെടുക്കാത്തതും വലിയ പോരായ്മയായി കാണുന്നു. പരമ്പരാഗത വ്യവസായങ്ങൾ, കൃഷി, മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൈത്തറി, സാമ്പത്തിക ശാസ്ത്രം, തീരദേശ പരിപാലനം, ഇക്കോ ടൂറിസം, സ്പോർട്സ്, നാടൻ കലകൾ, ആദിവാസി വിഭാഗങ്ങളിലെ തനത് ചികിൽസാ രീതികൾ, തുടങ്ങിയവ ഈ കാഴ്ച്ചപ്പാടിന്റെ ഭാഗമായി വികസിപ്പിക്കേണ്ടതായിരുന്നു. പ്രാദേശിക വികസനത്തിൽ ഊന്നി ഉൽപാദന-വികസന മേഖലകളിലെ മുന്നേറ്റത്തിന് ആവശ്യമായ പങ്ക് വഹിക്കാൻ കൂടി സർവ്വകലാശാലയ്ക്ക് കഴിയേണ്ടതാണ്. സാഹിത്യം മുതൽ ഇൻഫർമേഷൻ ടെക്നോളജി വരെ ഉള്ള അതി വിപുലമായ പഠന-ഗവേഷണ ശൃംഖല പ്രാദേശിക വികസനത്തിന് ഉപയോഗപ്പെടുത്താൻ കഴിയണം. സർവ്വകലാശാലയുടെ സവിശേഷമായ ബഹു ക്യാമ്പസ്സുകൾ എന്ന ആശയം അതിന്റെ ലക്ഷ്യപ്രാപ്തിയിൽ എത്തി നിലക്കുന്ന ഈ സന്ദർഭത്തിൽ, പ്രാദേശിക തലത്തിൽ വികസന പരിപാടികൾ സംപുഷ്ടമാക്കേണ്ടതുണ്ട്. കോഴ്സുകൾ രൂപപ്പെടുത്തുന്നതിൽ പ്രാദേശിക പ്രസക്തികൂടി പരിഗണിക്കേണ്ടതാണ്.

# 92

## ഭക്ഷ്യ സുരക്ഷാ വകുപ്പ്

വിജിത്ത് വി.എൽ.

Food Safety and Standards Act 2006 നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പിൽ നിന്നും ഭക്ഷ്യസുരക്ഷാ വകുപ്പ് 2016 ഫെബ്രുവരിയിൽ കേരളത്തിൽ രൂപീകൃതമായി. ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം അനലിറ്റിക്കൽ ലാബുകളും, ഫുഡ് ഇൻസ്പെക്ടർമാരും ഓപ്ഷൻ നൽകിയ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെയും ഉൾപ്പെടുത്തിയാണ് ഭക്ഷ്യസുരക്ഷാ വകുപ്പ് കേരളത്തിൽ സ്വതന്ത്രമായി പ്രവർത്തനം ആരംഭിച്ചത്.

പൊതുജനങ്ങളുടെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുക എന്ന ലക്ഷ്യം മുൻ നിർത്തിയാണ് വകുപ്പ് പ്രവർത്തിച്ചു വരുന്നത്. ഭക്ഷ്യസുരക്ഷാ ലൈസൻസ്, രജിസ്ട്രേഷൻ, കോമ്പൌണ്ടിംഗ് തുടങ്ങിയ ഇനത്തിൽ കോടിക്കണക്കിന് രൂപയാണ് വകുപ്പ് സർക്കാരിലേക്ക് സംഭാവന ചെയ്യുന്നത്. എന്നാൽ ഭക്ഷ്യസുരക്ഷ്യസുരക്ഷാ വകുപ്പ് ആരോഗ്യവകുപ്പിനു കീഴിൽ പ്രവർത്തിക്കുമ്പോഴും നിരവധി പരാധീനതകൾ അനുഭവിക്കുകയാണ്.

എല്ലാ അസംബ്ലി നിയോജക മണ്ഡലത്തിലും ഓരോ സർക്കിൾ ഓഫീസ് എന്ന ക്രമത്തിൽ 140 ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസുകളും 14 ജില്ലകളിലും ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ ഓഫീസുകളും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മേഖലാതലത്തിൽ ഡെപ്യൂട്ടി കമ്മീഷണർ ഓഫീസുകളും പ്രവർത്തിച്ചു വരുന്നു. അനലിറ്റിക്കൽ വിഭാഗത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ റീജിയണൽ അനലിറ്റിക്കൽ ലാബുകളും പത്തനംതിട്ടയിലും കണ്ണൂരും ഓരോ ലാബുകളും പ്രവർത്തിച്ചു വരുന്നു. തിരുവനന്തപുരത്ത് ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റും പ്രവർത്തിച്ചു വരുന്നു.

എല്ലാ ജില്ലാ ഓഫീസുകളിലും രണ്ട് ക്ലർക്ക്, ഒരു ടൈപ്പിസ്റ്റ് എന്ന നിലയിലാണ് മിനിസ്റ്റീരിയൽ വിഭാഗം പ്രവർത്തിക്കുന്നത്. വകുപ്പിന്റെ അഡ്മിനിസ്ട്രേഷൻ കാര്യങ്ങൾ ഏകോപിപ്പിക്കുവാൻ ഒരു അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തിക വകുപ്പിൽ ഇല്ല.

ജനസംഖ്യാനുപാതികമായും ബിസിനസ്സ് സ്ഥാപനങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലും കൂടുതൽ ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ തസ്തികകളും വകുപ്പിൽ സൃഷ്ടിക്കേണ്ടതുണ്ട്. അനലിറ്റിക്കൽ വിഭാഗത്തെ ഒരു ഗവേഷണ വിഭാഗമായി ഉയർത്തിക്കൊണ്ടുവരണം.

ലൈസൻസ്/രജിസ്ട്രേഷൻ നൽകൽ, സാമ്പിൾ ശേഖരിക്കൽ, പ്രോസിക്യൂഷൻ / അഡ്ജുഡിക്കേഷൻ ഫയൽ ചെയ്യൽ, ഇംപ്രൂവ്മെന്റ് നോട്ടീസ് നൽകൽ, കോമ്പൌണ്ടിംഗ് (പിഴ അടച്ച് കുറ്റം രാജി ആക്കൽ), പരാതികൾ അന്വേഷിച്ച് നടപടി എടുക്കൽ, ബോധവത്ക്കരണ പരിപാടികൾ, സംസ്ഥാന പദ്ധതികൾ നടപ്പിലാക്കൽ, കേന്ദ്ര സംസ്ഥാന പദ്ധതികൾ നടപ്പിൽ ആക്കൽ എന്നിവയാണ് വകുപ്പിന്റെ ചുമതലകൾ

ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് വകുപ്പ് നടപ്പിലാക്കി വരുന്നത്. സുരക്ഷിതമായ ഭക്ഷണം ജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് വകുപ്പിന്റെ ഉദ്യേശ ലക്ഷ്യം തന്നെ. ഭക്ഷ്യ സുരക്ഷ എന്നത് എല്ലാപേരുടെയും ഉത്തരവാദിത്തമായതിനാൽ ഭക്ഷ്യ സുരക്ഷ സംബന്ധിച്ച അവബോധം എല്ലാ വിഭാഗം ജനങ്ങളിലും എത്തിക്കുക എന്നത് പരമപ്രധാനമാണ്. അതുകൊണ്ടുതന്നെ വിവിധങ്ങളായ IEC പ്രവർത്തനങ്ങളും വകുപ്പ് നടപ്പിലാക്കിവരുന്നു. എന്നാൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും, IEC പ്രവർത്തനങ്ങളും, സ്പെഷ്യൽ സ്ക്വാഡ് ഉൾപ്പെടെയുള്ള മറ്റ് പ്രവർത്തനങ്ങളും, സ്റ്റാറ്റ്യൂട്ടറി പ്രവർത്തനങ്ങളും എല്ലാംതന്നെ നിർവ്വഹിക്കുന്നത് നിലവിലുള്ള എൻഫോഴ്സ്മെന്റ് വിഭാഗം ജീവനക്കാരാണ്. ഇത് ഓരോ പ്രവർത്തനത്തെയും അതിന്റെ പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിന് പലപ്പോഴും കഴിയാതെ വരുന്നു. പ്രസ്തുത സാഹചര്യത്തിൽ IEC പ്രവർത്തനങ്ങൾക്കു മാത്രമായി ഒരു വിഭാഗം രൂപീകരിക്കുന്നത് ഗുണകരമായിരിക്കും. സുരക്ഷിതമായ ഭക്ഷണത്തെക്കുറിച്ചുള്ള അവബോധം ജനങ്ങളിൽ സൃഷ്ടിക്കപ്പെടുമ്പോൾതന്നെ മോശം ഭക്ഷണം വിൽക്കപ്പെടുന്ന സ്ഥാപനങ്ങളെ ജനങ്ങൾ തിരസ്കരിക്കുകയും അപ്പോൾ അത്തരം സ്ഥാപനങ്ങൾ സ്വമേധയാതന്നെ മെച്ചപ്പെട്ട രീതിയിലേയ്ക്ക് മാറുവാൻ നിർബന്ധിതരാവുകയും ചെയ്യും.

സോഷ്യൽ മീഡിയ വഴി ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ടുണ്ടാകുന്ന പോസ്റ്റുകളും, വീഡിയോകളും, ചിത്രങ്ങളും സൂക്ഷമമായി നിരീക്ഷിക്കുന്നതിനും അതിന്റെയടിസ്ഥാനത്തിൽ അനിവാര്യമായ തുടർ നടപടികൾ യഥാസമയം കൈക്കൊള്ളുന്നതിനും ആയതിന് വ്യക്തമായ മറുപടികളോ നിർദ്ദേശങ്ങളോ യഥാസമയം നൽകുന്നതിനുമായി ഒരു വിദഗ്ധ സമിതി രൂപീകരിക്കുന്നത് ഗുണകരമായിരിക്കുമെന്ന് കാണുന്നു. അങ്ങനെ സോഷ്യൽ മീഡിയയുമായി നിരന്തരം പ്രതികരിക്കുമ്പോൾ കൂടുതൽ ആളുകൾ

അത് ശ്രദ്ധിക്കുകയും വകുപ്പിന്റെ ഓരോ പ്രവർത്തനങ്ങളും ജനങ്ങളിലേയ്ക്ക് നേരിട്ട് എത്തിക്കുവാൻ വകുപ്പിന് എളുപ്പത്തിൽ കഴിയുകയും ചെയ്യും. നിലവിൽ വകുപ്പിന്റേതായ പോസ്റ്റുകൾ സോഷ്യൽ മീഡിയ വഴി പ്രചരിപ്പിക്കുന്നുണ്ടെങ്കിലും അതിൽ വരുന്ന കമന്റുകളോ നിർദ്ദേശങ്ങളോ പൂർണ്ണതോതിൽ നിരീക്ഷിച്ച് മറുപടി ലഭ്യമാക്കുന്നതിന് ഒരു സ്ഥിരം സംവിധാനമില്ല. വകുപ്പ് പുതുതായി പുറത്തിറക്കിയ പോർട്ടലുകൾ (സ്റ്റാർ റേറ്റിംഗ് ഓഫ് റസ്റ്റാറന്റസ്/കംപ്ലയിന്റ് പോർട്ടൽ തുടങ്ങിയവ) കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും കൂടുതൽ സ്ഥാപനങ്ങളെ ഇതിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും ഇത്തരം പ്രവർത്തനം സഹായകരമാകുമെന്ന് കാണുന്നു.

ഒരു പഞ്ചായത്തിൽ ഒരു ഭക്ഷ്യ സുരക്ഷ ഓഫീസ് എന്ന ആശയം നടപ്പിലാക്കിയാൽ പൊതുജനങ്ങൾക്കു കൂടുതൽ ഗുണകരമാകും. അഴിമതിരഹിതവും കാര്യക്ഷമവുമായ ഫുഡ്സേഫ്റ്റി വകുപ്പിന്റെ പ്രവർത്തനം ഉറപ്പുവരുത്താൻ കഴിയണം.

സീനിയർ ക്ലർക്ക്, GAL, തിരുവനന്തപുരം

93

## ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കസ്റ്റമർ ഫ്രണ്ടിലി ഇ-ഗവേണൻസ്

പ്രവീൺ

കേരളത്തിലെ ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ബേക്കറി, ജ്യൂസറി എന്നിങ്ങനെയുള്ള സ്ഥാപനങ്ങൾ പരിചയപ്പെടുത്താൻ ഭക്ഷ്യസുരക്ഷാ വകുപ്പ് തയ്യാറാക്കിയ ആപ്പ് ആണ് ഈറ്റ് റൈറ്റ് കേരള മൊബൈൽ ആപ്പ്. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഭക്ഷ്യസുരക്ഷാ ഓഡിറ്റ് പൂർത്തിയാക്കിയ 1600ഓളം സ്ഥാപനങ്ങളുടെ റേറ്റിങ് അറിയാനും അവയുടെ ലൊക്കേഷൻ അറിയാനും ആപ്പ് ഉപകരിക്കും. ആപ്പിൽ നിലവിലുള്ള സംവിധാനങ്ങൾ കൂടുതൽ പരിഷ്കരിക്കേണ്ടതായിട്ടുണ്ട്. ഭക്ഷണം കഴിക്കുന്ന ഉപഭോക്താക്കൾക്ക് അവരുടേതായ റിവ്യൂ (വകുപ്പ് നൽകിയ റിവ്യൂ നിലനിൽക്കെ തന്നെ) നൽകാനുള്ള സംവിധാനം നല്ലാനാവുമോ എന്ന് പരിശോധിക്കാവുന്നതാണ്. റേറ്റിങ് നൽകിയ സ്ഥാപനങ്ങൾക്ക് ആപ്പിൽ അവരുടെ മെനു, വിലനിലവാരം, special dishes, സ്പെഷ്യൽ ഓഫർ എന്നിവയെ കുറിച്ചുള്ള വിവരങ്ങൾ പോസ്റ്റ് ചെയ്യുന്നതിനായി സൗകര്യം ഒരുക്കുന്നത് ഉചിതമാകുന്നതാണ്. പൊതുജനങ്ങൾക്ക് നേരിട്ട് പരാതി അറിയിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് 2023 ൽ ആരംഭിച്ച പരാതി പരിഹാര സംവിധാനമാണ് Grievance പോർട്ടൽ. പൊതുജനങ്ങൾക്ക് സ്വന്തം ഐഡന്റിറ്റി വെളിപ്പെടുത്താതെയും ഈ പോർട്ടൽ വഴി ഫോട്ടോ, വീഡിയോ ഉൾപ്പെടെയുള്ള തെളിവ് സഹിതം പരാതി നൽകാവുന്നതാണ്. വകുപ്പ് നടത്തുന്ന പരിശോധന, കേസ്, കോമ്പൗണ്ടിങ് സംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റിന്റെ ഡാഷ്ബോർഡിൽ ഉൾപ്പെടുത്താവുന്നതും, ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് ആക്റ്റ്, 2006 ന്റെ മലയാളം രൂപം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാവുന്നതുമാണ്. ഭക്ഷ്യസുരക്ഷാ വകുപ്പിനെ പൊതുജന സൗഹൃദമാക്കുന്നതിനായി കമ്മീഷണറേറ്റിലും ജില്ലാ കാര്യാലയങ്ങളിലും ഫ്രണ്ട് ഓഫീസും ഹെല്പ് ഡെസ്കും തുടങ്ങുന്നതിനും ആയത് പുതിയ ഭക്ഷ്യ സംരംഭങ്ങൾ തുടങ്ങുന്നവർക്കുള്ള സംശയ നിവാരണത്തിനും മറ്റും പ്രയോജനമാകുന്ന വിധത്തിൽ ക്രമീകരിക്കാവുന്നതുമാണ്. ഭക്ഷ്യസുരക്ഷാ വകുപ്പിന് നിലവിൽ ഫേസ്ബുക്, യൂട്യൂബ്, ഇൻസ്റ്റാഗ്രാം, ടിറ്റർ എന്നീ സോഷ്യൽ മീഡിയാ പ്ലാറ്റ്ഫോമുകളിൽ സജീവമായി ഇടപെടുന്ന തരത്തിലുള്ള അക്കൗണ്ടുകൾ ഉണ്ട്. പരാതികൾ സ്വീകരിക്കുന്നതിന് ഒരു WhatsApp നമ്പർ കൂടെ ഏർപ്പെടുത്തുന്നത് ഉചിതമാകും. ആയത് GCC പരാതി സംവിധാനം പോലെ കൈകാര്യം ചെയ്യാനാവുമോ എന്ന് പരിശോധിക്കാവുന്നതാണ്.

ക്ലർക്ക്, ഫുഡ് സേഫ്റ്റി ഓഫീസ്, നിലമ്പൂർ, മലപ്പുറം

94

## ഭക്ഷ്യ സുരക്ഷാ വകുപ്പ് - ലാബുകളുടെ വിപുലീകരണം

ഡോ. ഹേംലാൽ എച്ച്.

ഒരു സമൂഹത്തിലെ എല്ലാ അംഗങ്ങൾക്കും അവർക്കാവശ്യമായ അളവിൽ സുരക്ഷിതവും പോഷക സമ്പുഷ്ടവുമായ ആഹാരം ലഭ്യമാക്കുകയും, അത് നേടുവാനാവശ്യമായ സാഹചര്യം ഉറപ്പാക്കേണ്ടതുമാണ്. ഭക്ഷണത്തിൽ മായം കലർത്തുന്നതും, കാലപ്പഴക്കമുള്ള ഭക്ഷണം നൽകുന്നതും ആളുകളുടെ ആരോഗ്യത്തെയും ജീവനെയും ഗുരുതരമായി ബാധിക്കുന്നു. പൊതുജനങ്ങൾക്ക് ഇതുസംബന്ധിച്ചുള്ള പരാതികൾ അറിയിക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പോർട്ടൽ തയ്യാറാക്കി വരുന്നു. ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം നിർണ്ണയിക്കുന്നതിൽ രാസപരിശോധനയ്ക്കും മൈക്രോബയോളജി പരിശോധനയ്ക്കും തുല്യപ്രാധാന്യമാണ്.

ഭക്ഷ്യ സുരക്ഷാ ലൈസൻസ് ലഭിക്കുന്നതിനും മറ്റ് ആവശ്യങ്ങൾക്കുമായി ലാബുകളിൽ പൊതുജനങ്ങൾ വെള്ളം പരിശോധനയ്ക്കായി നൽകാറുണ്ട്. തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറിയിൽ ഒരു വർഷം ഏകദേശം നാലായിരത്തോളം സാമ്പിളുകൾ ഇത്തരത്തിൽ പരിശോധിക്കുന്നു. കൂടുതൽ ആധുനിക ഉപകരണങ്ങൾ ഉപയോഗിക്കുകയാണെങ്കിൽ ഈ പരിശോധനകളുടെ ഇപ്പോഴുള്ള കാലതാമസം ഗണ്യമായി കുറക്കുവാൻ കഴിയും. എല്ലാ ജില്ലകളിലും വെള്ളം, മറ്റ് ഭക്ഷ്യ സാമ്പിളുകളുടെ ക്വാളിറ്റി പരാമീറ്റേർസ്, മൈക്രോബയോളജി പരാമീറ്റേർസ് എന്നിവ പരിശോധിക്കാൻ സൗകര്യമുള്ള ഭക്ഷ്യ പരിശോധന ലാബുകൾ സ്ഥാപിക്കുകയാണെങ്കിൽ ജനങ്ങൾക്ക് വളരെ ഉപകാരപ്രദമായിരിക്കും.

വാതിൽപ്പടി സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി പരിശോധന ഫലങ്ങൾ വെബ് സൈറ്റ് വഴിയും മൊബൈൽ മെസേജ് മുഖേനയും ഉപഭോക്താക്കൾക്ക് അതിവേഗം ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഒരുക്കാവുന്നതാണ്. ലാബിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഒരു വെബ്പോർട്ടൽ തയ്യാറാക്കാവുന്നതാണ്. ലാബിന്റെ പ്രവർത്തനം സംബന്ധിച്ച അവലോകനം ഈ വെബ് പോർട്ടൽ വഴി സുഗമമാക്കാവുന്നതാണ്.

വാർഷിക, ലോക്കൽ പർച്ചേസ് ഉൾപ്പടെയുള്ള എല്ലാ സ്റ്റോക്ക് വിവരങ്ങളും രേഖപ്പെടുത്തുന്നതിനായി ഒരു Inventory Management Web Portal ഒരുക്കുകയാണെങ്കിൽ ലാബിലേക്ക് ആവശ്യമായ എല്ലാ പർച്ചേസുകളും സമയബന്ധിതവും കാര്യക്ഷമവുമാക്കാൻ കഴിയുന്നതാണ്.

ഭക്ഷ്യ സുരക്ഷാ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അത്യന്താധുനിക ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി വകുപ്പിലെയും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമുള്ള സാങ്കേതിക വിഭാഗം ജീവനക്കാർക്കും പരിശീലനം നൽകാവുന്നതാണ്. ഇത്തരത്തിൽ വരുമാനം കണ്ടെത്താൻ കഴിയുന്നതോടൊപ്പം മറ്റ് സംസ്ഥാനങ്ങളിലെ ഭക്ഷ്യ വകുപ്പുകൾ നടത്തിവരുന്ന Good Food Laboratory Practices (GFLP) പ്രവർത്തനങ്ങളെപ്പറ്റി അറിയുന്നതിനും കഴിയും.

ജൂനിയർ റിസർച്ച് ഓഫീസർ, ഗവ. അനലിസ്റ്റ് ലബോറട്ടറി, തിരുവനന്തപുരം

95

## ഭക്ഷ്യസുരക്ഷാ വകുപ്പിലെ മൈക്രോബയോളജി വിഭാഗം

ഡോ. ആർദ്ര അശോകൻ

മായം കലരാത്ത, ഭക്ഷ്യജന്യരോഗങ്ങൾ ഉണ്ടാക്കാത്ത, സുരക്ഷിത ഭക്ഷണം പൊതുജനങ്ങൾക്ക് ഉറപ്പാക്കുക എന്ന പ്രാഥമിക ലക്ഷ്യത്തിനപ്പുറം അന്താരാഷ്ട്ര വിപണിയിലും ഇന്ത്യൻ വിപണിയിലും ലഭ്യമാകുന്ന ഭക്ഷ്യവ സ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിലൂടെ ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുകയും സമ്പദ്ഘടനയ്ക്കാവശ്യമായ സുതാര്യത ഉറപ്പുവരുത്തുക തുടങ്ങിയ ധാർമ്മിക ലക്ഷ്യങ്ങളോടെയാണ് ഭക്ഷ്യസുരക്ഷാ വകുപ്പിലെ ലാബുകൾ നിലവിൽ പ്രവർത്തിച്ചു പോരുന്നത്. നമ്മുടെ ഭക്ഷ്യ ഉപഭോഗ സംസ്കാരം വൈവിധ്യമാർന്നതും വളരെ വേഗം ഭക്ഷണം കേടാകാൻ സാധ്യതയുള്ള ഉൽപന്നങ്ങൾ അടങ്ങിയതുമാണ്. കൂടാതെ നമ്മുടെ അന്തരീക്ഷ താപനിലയും ഭക്ഷണം വേഗം കേടാകാനും അതുവഴി രോഗങ്ങൾ ഉണ്ടാകുവാനും കാരണമാകുന്നു.

ഒരു ഭക്ഷ്യവിഷബാധ സാമ്പിൾ വരുമ്പോൾ, അതിൽ

ഫുഡ്സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് റഗുലേഷൻസ് അനുസരിച്ച്, വിപണിയിലുള്ള ഭക്ഷ്യയോഗ്യമായ ഉൽപന്നങ്ങളുടേത് പോലെയുള്ള മൈക്രോബയോളജി അനാലിസിസ് അല്ല ചെയ്യേണ്ടത്. മറിച്ച് ഭക്ഷ്യവിഷബാധയ്ക്ക് കാരണമായത് എന്താണോ അതാണ് കണ്ടുപിടിക്കേണ്ടത്. അത് ചിലപ്പോൾ ബാക്ടീരിയ ആകാം, അവയുടെ ടോക്സിൻസ് ആകാം അല്ലെങ്കിൽ മറ്റുചില സൂക്ഷ്മാണുക്കൾ മൂലമാകാം. അതുകൊണ്ടുതന്നെ മൈക്രോബയോളജിയിൽ അവഗാഹമുള്ളവരുടെ സാന്നിദ്ധ്യവും അനാലിസിസിന് വേണ്ട കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങളും ഭക്ഷ്യവിഷബാധയ്ക്ക് കാരണമായത് എന്ത് കണ്ടുപിടിക്കുന്നതിൽ നിർണ്ണായകമാണ്.

ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം നിർണ്ണയിക്കുന്നതിൽ, രാസപരിശോധനയ്ക്കും മൈക്രോബയോളജി പരിശോധനയ്ക്കും തുല്യ പ്രാധാന്യമാണ്. അതേസമയം ഭക്ഷ്യവിഷബാധയുണ്ടാകുമ്പോൾ സൂക്ഷ്മാണുക്കളുടെ സാന്നിദ്ധ്യം മനുഷ്യജീവനെ പെട്ടെന്ന് ബാധിക്കുന്നതിനാൽ മൈക്രോബയോളജി പരിശോധനയിലൂടെ മാതമേ ഇത്തരം സൂക്ഷ്മാണുക്കളുടെ സാന്നിദ്ധ്യം മനസ്സിലാക്കാൻ സാധിക്കൂ. അതിനാൽ മൈക്രോബയോളജി പരിശോധന ഭക്ഷ്യസുരക്ഷാ സംവിധാനത്തിലെ അവിഭാജ്യ ഘടകമാണ്. കേരളത്തിൽ കഴിഞ്ഞ കുറേ വർഷങ്ങളായി സംഭവിച്ചുകൊണ്ടിരിക്കുന്ന ഭക്ഷ്യവിഷബാധ ദുരന്തങ്ങൾ പരിശോധിച്ചാൽ ഇതിന്റെ പ്രാധാനം ഏതൊരു സാധാരണക്കാരനും മനസ്സിലാക്കാവുന്നതേയുള്ളൂ.

കേരളത്തിൽ നിലവിലുള്ള മൂന്ന് മൈക്രോബയോളജി ലാബുകളിൽ കെമിക്കൽ പരിശോധനയ്ക്ക് NABL അംഗീകാരമുണ്ട്. എന്നാൽ മൈക്രോബയോളജി ഇന്നുവരെയും NABL സ്കോപ്പിൽ ഉൾപ്പെട്ടിട്ടില്ല. ലബോറട്ടറി പരിശോധനകളിൽ Unsafe, An article of food, whose nature, substance or quality is so affected as to enter is injurious to health - ആയി പോകുന്നത് ഏറിയപങ്കും മൈക്രോബയോളജി പരിശോധനാ ഫലങ്ങളാണ്. NABL ഇല്ലാത്തതിനാൽ കോടതിയിൽ കേസ് നിലനിൽക്കാതെ പോകുന്ന സാഹചര്യമാണ് നിലവിലുള്ളത്. NABL FSSAI മാർഗ്ഗരേഖ അനുസരിച്ച് മൈക്രോബയോളജി അനാ ലിസിസ് ചെയ്യുന്നതിനും സൂപ്പർവൈസ് ചെയ്യുന്നതിനും മൈക്രോബയോളജി വിദ്യാഭ്യാസ യോഗ്യതയുള്ളവർ തന്നെ വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നിലവിൽ ഈ വിഷയത്തിൽ പ്രാവീണ്യമുള്ളവർ ആരും തന്നെ സൂപ്പർവൈസറി കേഡറിൽ ഇല്ല.

ഭക്ഷ്യവിഷബാധയ്ക്ക് കാരണമായത് എന്ത് എന്നു കണ്ടുപിടിച്ച് അത് ഭാവിയിൽ വരാതിരിക്കാൻ വേണ്ട മുൻകരുതലുകൾ നിർദ്ദേശിക്കാൻ പ്രാപ്തമായ രീതിയിലേയ്ക്ക് നമ്മുടെ ലാബുകൾ ഉയരേണ്ടത് പൊതുജനാരോഗ്യം സംരക്ഷിക്കുവാൻ അത്യന്താപേക്ഷിതമാണ്. മൊബൈൽ ഫുഡ് ടെസ്റ്റിംഗ് എല്ലാ ജില്ലയിലുമുള്ളത് നമ്മുടെ സംസ്ഥാനത്തിൽ മാത്രമാണ്. ഇതിൽ മൂന്ന് മൊബൈൽ വാനുകളിൽ മൈക്രോ ബയോളജി സംവിധാനമുണ്ട്. എന്നാൽ നിലവിൽ ഇവയിൽ വാട്ടർ ടെസ്റ്റിംഗ് സൗകര്യമേയുള്ളൂ. ഇവ ഫുഡ് ടെസ്റ്റിംഗിന് കൂടിയുള്ളവ ആക്കി മാറ്റുകയാണെങ്കിൽ ജനങ്ങൾക്ക് വീട്ടുപടിക്കൽ ഈ സേവനങ്ങൾ ലഭ്യമാകും. മൈക്രോബയോളജി പരിശോധനകൾക്ക് ശരാശരി 1 ദിവസം മുതൽ 7 ദിവസം വരെ എടുക്കാറുണ്ട്. ഹൈ-എൻഡ് ഓട്ടോമേറ്റഡ് എക്യുപ്മെന്റ് സ് (VIDAS, TEMPO, SOLARIS, VITEK2) നമ്മുടെ ലാബുകളിലും സജ്ജീകരിക്കണം. അപ്പോൾ 1 മുതൽ 7 എന്നത് 1 മുതൽ 3 ദിവസമായി കുറയ്ക്കാവുന്നതാണ്. അംഗീകൃത അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശോധനയും സ്ഥിരം ജീവനക്കാരുമുണ്ടെങ്കിൽ കാര്യക്ഷമമായ പരിശോധനയും അതുവഴി ഭക്ഷ്യവിഷബാധയും ഒഴിവാക്കാനും പൊതുജനാരോഗ്യം സംരക്ഷിക്കാനും സാധിക്കും. ഔഷധ സാമ്പിളുകളുടെ പരിശോധനയ്ക്ക് ആവശ്യമായ രാസവസ്തുക്കളുടെയും ഉപകരണങ്ങളുടെയും ലഭ്യത ഉറപ്പുവരുത്തുകയും സാമ്പിളുകൾ അംഗീകൃത മാനദണ്ഡങ്ങൾ പ്രകാരം പരിശോധിച്ച റിപ്പോർട്ടുകൾ തയ്യാറാക്കി യഥാസമയം സർക്കാരിലേക്ക് അയക്കുന്നത് ലബോറട്ടറി ജീവനക്കാരുടെ ചുമതലയാണ്. കൂടാതെ NBL Accreditation ലഭിക്കുന്നതിനും അവ നിലനിർത്തുന്നതിനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ഇവരിൽ നിക്ഷിപ്തമാണ്. അശാസ്ത്രീയമായി നിശ്ചയിക്കപ്പെട്ട ടാർജറ്റ് അനുസരിച്ചാണ് ലബോറട്ടറി ഇപ്പോഴും പരിശോധനകൾ നടക്കുന്നത്. കൂടാതെ ആവശ്യത്തിന് സപ്പോർട്ടിംഗ് സ്റ്റാഫുകളെ നിയമിക്കാത്തതും ജീവനക്കാരുടെ ജോലി സമ്മർദ്ദം വർദ്ധിപ്പിക്കുന്നു. കാൻസറിന് വരെ കാരണമാകുന്ന രാസവസ്തുക്കളുമായി സമ്പർക്കം പുലർത്തുന്നവരാണ് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി ജീവനക്കാർക്ക് റിസ്ക് അലവൻസ് ഏർപ്പെടുത്തേണ്ടതാണ്.

മൈക്രോബയോളജിസ്റ്റ്, റീജ്യണൽ അനലിറ്റിക്കൽ ലബോറട്ടറി, എറണാകുളം

96

# ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാവുന്ന മാർഗ്ഗങ്ങൾ

വിജിത്ത് വി.എൽ.

ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരം രാജ്യത്തെ എല്ലാ ഭക്ഷ്യ സംരംഭകരും ഭക്ഷ്യ സുരക്ഷാ ലൈസൻസ്/ രജിസ്ട്രേഷൻ നേടിയിരിക്കേണ്ടതാണ്. സംസ്ഥാനത്ത് ലക്ഷക്കണക്കിന് ഭക്ഷ്യ ഉത്പാദക വിതരണ വിപണന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ ഏകദേശം 50% മാത്രമേ നിലവിൽ ഭക്ഷ്യ സുരക്ഷാ ലൈസൻസ്/ രജിസ്ട്രേഷൻ എടുത്തിട്ടുള്ളൂ. സംസ്ഥാനത്ത് മുൻകാലങ്ങളിൽ നടത്തിയിരുന്ന ഡാറ്റാ കളക്ഷൻ തിരികെ കൊണ്ടുവരുന്നതിലൂടെ ഇത്തരത്തിൽ ലൈസൻസ്/ രജിസ്ട്രേഷൻ എടുക്കാത്ത സ്ഥാപനങ്ങളെ കണ്ടെത്താവുന്നതാണ്. ഭക്ഷ്യ സുരക്ഷാ ലൈസൻസ് പരിധിയിൽപെടുന്ന ധാരാളം സ്ഥാപനങ്ങൾ രജിസ്ട്രേഷൻ മാത്രം കരസ്ഥമാക്കി പ്രവർത്തിച്ചുവരുന്നു. ഇത്തരത്തിൽ കോടിക്കണക്കിന് രൂപ വകുപ്പിന് ലഭിക്കേണ്ടതായിട്ടുണ്ട്.

പ്രധാനമായും രണ്ട് തരത്തിലുള്ള പിഴയിലൂടെയാണ് വകുപ്പിന് വരുമാനം ലഭിക്കുന്നത്. ഭക്ഷ്യ സുരക്ഷാ പരിശോധനകളിൽ കണ്ടെത്തുന്ന ന്യൂനതകളുടെ അടിസ്ഥാനത്തിൽ ഈടാക്കുന്ന പിഴ, കോടതി വിധിക്കുന്ന പിഴ എന്നിവയാണ് ഇവ. ഭക്ഷ്യ സുരക്ഷാ വകുപ്പിലെ ലാബുകളിൽ വെള്ളം, മറ്റ് ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം എന്നിവ പരിശോധിക്കുന്നതിനായി ഫീസ് ഈടാക്കുന്നുണ്ട്. ന്യൂട്രീഷണൽ വാല്യൂ കണ്ടെത്തുന്നതിന് കേരളത്തിലെ സർക്കാർ ലാബുകളിൽ സംവിധാനമില്ല. ഭക്ഷ്യ സുരക്ഷാ വകുപ്പിന് കീഴിലെ ലാബുകളിൽ വളരെ എളുപ്പത്തിൽ തന്നെ ഇത്തരം പരിശോധനകൾക്കുള്ള സംവിധാനമൊരുക്കാൻ കഴിയും. ആയത് വഴി വരുമാനം വർദ്ധിപ്പിക്കാനാകും. വകുപ്പിലെ ലാബുകളെ റഫറൻസ് ലാബുകളായി ഉയർത്തുകയാണെങ്കിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും പരിശോധന നടത്തുന്നതിനായി സാമ്പിളുകൾ സ്വീകരിക്കാവുന്നതും ആയിനത്തിൽ അധിക തുക പരിശോധന ഫീസായി ഈടാക്കാവുന്നതുമാണ്. വകുപ്പിലെ ലാബുകളിൽ നിലവിൽ ഉപയോഗിച്ചുവരുന്ന അത്യന്താധുനിക ഉപകരണങ്ങൾ പ്രയോജനപ്പെടുത്തി മറ്റ് വകുപ്പുകളിലെയും മറ്റു സംസ്ഥാനങ്ങളിലെയും ജീവനക്കാർക്ക് പരിശീലനം നൽകാവുന്നതാണ്. വിഴിഞ്ഞം തുറമുഖത്തിന് അടുത്തുള്ള തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ്സ് ലാബിൽ മൈക്രോബയോളജി ഉൾപ്പടെയുള്ള വിഭാഗത്തിന് NABL Accreditation പൂർത്തിയാക്കുന്നപക്ഷം തുറമുഖം വഴിയുള്ള എക്സ്പോർട്ട്, ഇംപോർട്ട്ന് ആവശ്യമായ ഭക്ഷ്യ പരിശോധനകൾ നടത്തുവാൻ സാധിക്കുകയാണെങ്കിൽ ഇത്തരത്തിൽ വരുമാനം നല്ല രീതിയിൽ ലഭിക്കുന്നതാണ്. ഭക്ഷ്യ സുരക്ഷ വകുപ്പിന് നിലവിൽ ചെക്ക് പോസ്റ്റുകളിൽ സ്ഥിരം പരിശോധന സംവിധാനമില്ല. വകുപ്പിൽ അടിയന്തരമായി നടപ്പിലാക്കേണ്ട ഒരു കാര്യമാണ് ഇത്.

സീനിയർ ക്ലർക്ക്, ഗവ. അനലിസ്റ്റ് ലബോറട്ടറി, തിരുവനന്തപുരം

97

# ഭക്ഷ്യസുരക്ഷ – വിവിധ സംവിധാനങ്ങൾ

മായാദേവി എസ്.

SSA ആക്ട് പ്രകാരം ഭക്ഷ്യ സുരക്ഷാ വകുപ്പ് നൽകിവരുന്ന എൻഫോഴ്സ്മെന്റ് അനലിറ്റിക്കൽ ലാബ് പരിശോധന സംവിധാനങ്ങൾ മുഖേന ഭക്ഷണത്തിലെ മായം കണ്ടെത്തുന്നതിനോടൊപ്പം ബോധവൽക്കരണവും നടത്തിവരുന്നു. സംസ്ഥാനത്ത് ഇറക്കുമതി ചെയ്യുന്ന അസംസ്കൃത ഭക്ഷണസാമഗ്രികൾ പച്ചക്കറികൾ, അരി, മീൻ, ഇറച്ചി തുടങ്ങിയവയുടെ ഉറവിടം സംബന്ധിച്ച് വിവരം ശേഖരിച്ച് സൂക്ഷിക്കേണ്ടതും ആയവ വിതരണം ചെയ്യുന്ന ശൃംഖലകൾ കണ്ടെത്തി പ്രത്യേക സാമ്പിൾ പരിശോധനകൾ ആയി നടത്തുകയും വിവരം ഡെപ്യൂട്ടി കമ്മീഷണർ ഓഫീസുകളിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതും ആവശ്യമാണ്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ചെക്ക് പോസ്റ്റുകളിൽ സ്ഥിരം പരിശോധനാ സംവിധാനങ്ങൾ ലാബുകൾ, മൊബൈൽ ലാബുകൾ എന്നിവ ഉപയോഗപ്പെടുത്തി റോ മെറ്റീരിയൽസിന്റെ കർശന പരിശോധന നടത്താവുന്നതാണ്. തദ്ദേശസ്വയഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ മാർക്കറ്റുകളിൽ സോൺ

അടിസ്ഥാനത്തിൽ എല്ലാ മാസവും ശക്തമായ പരിശോധന നടത്തി സാമ്പിൾ പരിശോധിക്കേണ്ടതാണ്. മാർക്കറ്റ് നവീകരിക്കണമെങ്കിൽ ഭക്ഷ്യസുരക്ഷാ ഓഫീസർ റിപ്പോർട്ട് ചെയ്യേണ്ടതും വകുപ്പുകളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാർഗ്ഗനിർദേശം ഉൾപ്പെടുത്തി കൊണ്ടുള്ള അറിയിപ്പ് കത്ത് നൽകേണ്ടതും അനിവാര്യമാണ്.

സ്ഥിരമായി അൺസേഫ് പരിശോധന ഫലം ലഭ്യമാകുന്ന സാമ്പിളുകളുടെ ബാൻ കാലാവധി പരിഷ്ക്കരിക്കേണ്ടതാണ്. ഭക്ഷ്യസുരക്ഷാ വകുപ്പിൽ അനലിറ്റിക്കൽ റിസർച്ച് ആൻഡ് പ്രൊട്ടക്ഷൻ വിങ്ങ് രൂപീകരിക്കുകയും, ഇത് റിസ്ക് ഫാക്ടർ കണ്ടെത്താനും അപകടകരമായ ഭക്ഷണസാധനങ്ങൾ തടയുവാനുമുള്ള പുതിയ ആശയങ്ങൾ പ്രദാനം ചെയ്യാനും സഹായമാകണം. അടിസ്ഥാനതലത്തിലുള്ള സാധാരണ ജനങ്ങളുടെ ആശ്രയമാണ് റേഷൻ ഷോപ്പ് എന്നാൽ അടിസ്ഥാനതലത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് തയ്യാറാക്കുന്ന സേവനങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള അവബോധം തയ്യാറാക്കി ഇവിടെ പ്രദർശിപ്പിക്കാറില്ല അങ്ങനെ പ്രദർശിപ്പിക്കാൻ ആയാൽ ഇത് കൂടുതൽ ആളുകളിൽ എത്തിക്കാൻ സഹായമാകും. മില്ലെറ്റ് റേഷൻ കടകൾ വഴി നൽകാനായാൽ അത് സാധാരണ ജനങ്ങളിൽ ലഭ്യമാക്കാൻ സാധിക്കും. സംസ്ഥാനത്തെ മുഴുവൻ ഭക്ഷണ വില്പന വിതരണ സ്ഥാപനങ്ങളുടെ വിവരം ഡിജിറ്റൽ രേഖകളാക്കി വകുപ്പ് സൂക്ഷിക്കേണ്ടതാണ്.

ഫുഡ് സേഫ്റ്റി അവയർനസ് വീക്ക് മൂന്നുമാസത്തിലൊരിക്കൽ സംഘടിപ്പിക്കുക. വകുപ്പ് തുടങ്ങുന്ന പുതിയ നടപടികൾ, ആശയങ്ങൾ എന്നിവയുടെ ബൈറ്റ്സ് വകുപ്പിൽ നിന്നും നേരിട്ട് സോഷ്യൽ മീഡിയ "മുഖേന നൽകാവുന്നതാണ്.

സീനിയർ ക്ലർക്ക്, ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റ്

98

# ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ

പ്രവീൺ വി.എസ്. ദേവ്

2006 ആഗസ്റ്റ് മാസത്തിൽ ഇന്ത്യൻ പാർലമെന്റ് പാസാക്കിയ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം ഫലപ്രദമായി നടപ്പിലാക്കി സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷ സംസ്ഥാനത്ത് ഉറപ്പുവരുത്തുന്നതിന് വേണ്ടി കേരളത്തിൽ 2009ൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് നിലവിൽ വന്നു. ഭക്ഷ്യസുരക്ഷാ എൻഫോഴ്സ്മെന്റുമായി ബന്ധപ്പെട്ട സിവിൽ ക്രിമിനൽ കേസുകളും വകുപ്പിലെ മറ്റു വിഷയങ്ങളുമായി ബന്ധപ്പെട്ട കോടതി കേസുകളും കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ കഴിയാത്തത് നിയമനിർവഹണത്തിലും വകുപ്പിന്റെ പ്രവർത്തനങ്ങളിലും വലിയ വെല്ലുവിളി ഉയർത്തുകയാണ്. പ്രോസിക്യൂഷൻ ഫയൽ ചെയ്യുന്നതിന് അനുമതി നൽകുന്ന ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിലും അഡ്ജ്യൂഡിണിക്കേഷൻ ഫയൽ ചെയ്യാൻ അനുമതി നൽകുന്ന ജില്ലാ കാര്യാലയത്തിലും ലീഗൽ വിഭാഗത്തിന്റെ അഭാവം മൂലം ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം പഴുതടച്ചു നടപ്പിലാക്കാൻ കഴിയാത്തതും പിഴയിനത്തിൽ സർക്കാരിന് വരുമാനം നഷ്ടമാകുന്നതിനും കാരണമാകുന്ന സ്ഥിതിവിശേഷം ഉണ്ട്. കോർപ്പറേഷൻ പരിധിയിൽ വരുന്ന കച്ചവടക്കാരെ മുഴുവൻ ഭക്ഷ്യ സുരക്ഷാ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും നഗരങ്ങളിൽ തിങ്ങിപ്പാർക്കുന്ന ഹോട്ടൽ ഭക്ഷണത്തെ കൂടുതൽ ആശ്രയിക്കുന്ന ജനങ്ങളുടെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും ജില്ലകളിൽ ഓരോ ഫുഡ് സേഫ്റ്റി ഡിസ്ട്രിക്റ്റുകൾ കൂടി അടിയന്തരമായി പ്രവർത്തനം ആരംഭിക്കേണ്ടതുണ്ട്.

സംസ്ഥാനത്തെ എൻ.എ.ബി.എൽ. അക്രഡിറ്റഡ് ലാബുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലൂടെ ലബോറട്ടറി പരിശോധന സംവിധാനം മെച്ചപ്പെടുത്താൻ കഴിയും. വിവിധതരം സ്കീമുകളും പ്രോഗ്രാമുകളും പ്രവർത്തനങ്ങൾക്കും സർക്കാർ അനുവദിക്കുന്ന പണം ശരിയായ രീതിയിലും കാര്യക്ഷമമായി വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും തനതു വിനിയോഗം സംബന്ധിച്ച് ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് സംഭവിച്ചേക്കാവുന്ന വീഴ്ചകൾ ഒഴിവാക്കുന്നതിനും ആവർത്തിക്കാതിരിക്കുന്നതിനും ആയി വകുപ്പിലെ ആഭ്യന്തര ഓഡിറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തേണ്ടതുണ്ട് .സമ്പൂർണ്ണ ഭക്ഷ്യസുരക്ഷാ ഗ്രാമപഞ്ചായത്ത് പദ്ധതിയിലൂടെ പഞ്ചായത്തിലെ എല്ലാ മാർക്കറ്റുകളും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പദ്ധതിയായ ക്ളീൻ ഫ്രൂട്ട്സ് ആൻഡ് വെജിറ്റബിൾ മാർക്കറ്റ് ആയി തദ്ദേശവകുപ്പിന്റെ സഹായത്തോടെ ഉയർത്താൻ കഴിയും. ഒന്നിലധികം പഞ്ചായത്തുകളോ അടുത്തുള്ള മുൻസിപ്പാലിറ്റിയോ കോർപ്പറേഷനോ ചേർന്ന് ആധുനിക അറവ് ശാലകൾ സ്ഥാപിക്കാൻ കഴിയും .ഫിഷറീസ് വകുപ്പിന്റെ കൂടി സഹായത്തോടെ ഉത്പാദിപ്പിക്കുന്നതും വിപണനം ചെയ്യുന്നതുമായ മത്സ്യത്തിന്റെ സുരക്ഷിതത്വം ഉറപ്പാക്കാൻ കഴിയും. ഡയറി വകുപ്പിന്റെ സഹായത്തോടെ പാലിൽ അഫ്ളോ ടോക്സിൻ, ആന്റിബയോട്ടിക് സാന്നിധ്യം എന്നിവ ഇല്ലാതാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. പഞ്ചായത്തിലെ എല്ലാ ഭക്ഷണശാല

കൾക്കും ഹൈജീൻ റേറ്റിംഗ് നൽകുക. വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ എല്ലാ സ്കൂളുകളും ഈറ്റ് റൈറ്റ് സ്കൂൾ ആക്കി മാറ്റുക . ഭക്ഷണപദാർത്ഥങ്ങൾ തെറ്റായ രീതിയിലും വൃത്തിഹീനമായും കൈകാര്യം ചെയ്യുന്നത് മൂലം ഉണ്ടായേക്കാവുന്ന ഭക്ഷ്യവിഷബാധ പോലുള്ള സാഹചര്യമൊഴിവാക്കുന്നതിനും സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനുമായി ഫുഡ് ലൈസൻസ് രജിസ്ട്രേഷൻ നൽകുന്നതിന് മുൻപായോ നൽകപ്പെട്ട ഒരു മാസത്തിനകമോ ഭക്ഷണപദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നവർ നിർബന്ധമായും ട്രെയിനിങ്ങിൽ പങ്കെടുക്കേണ്ടതാണ് എന്നുള്ള നിർദ്ദേശം നൽകുന്ന കാര്യവും ആലോചിക്കേണ്ടതുണ്ട് .ഏകദേശം 20 മുതൽ 50 വരെ തട്ടുകടകൾ പ്രവർത്തിക്കുന്ന പ്രദേശങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് ശുദ്ധവും വൃത്തിയുള്ളതുമായ ആഹാരം പാചകം ചെയ്ത് പൊതുജനങ്ങൾക്കും വിനോദസഞ്ചാരികൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ക്ലീൻ സ്ട്രീറ്റ് ഫുഡ് ഹബ്, ശുദ്ധവും വൃത്തിയുള്ളതുമായ ഭക്ഷണപദാർത്ഥങ്ങൾ പൊതുജനങ്ങൾക്ക് ഉറപ്പുവരുത്തുന്നതിനായി ഹൈജീൻ റേറ്റിംഗ്.

ഭക്ഷ്യ എണ്ണയുടെ അനിയന്ത്രിതമായ ഉപയോഗം നിയന്ത്രിക്കണമെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച റീ പർപ്പസ് യൂസ്ഡ് കുക്കിംഗ് ഓയിൽ പ്രോഗ്രാം, ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി അതിവേഗ കോടതികളുടെ ആവശ്യകത, സമൂഹമാധ്യമങ്ങളിൽ ഭക്ഷ്യ സ്ഥാപനങ്ങളുടെ നിലവാരത്തെക്കുറിച്ച് ബ്ലോഗർമാർ തെറ്റിദ്ധരിപ്പിക്കുന്നത് തടയിടേണ്ടതിന്റെ ആവശ്യകത, പുറമേ നിന്നുള്ള ഭക്ഷ്യ പദാർത്ഥങ്ങൾ കടകളിൽ വിൽക്കുമ്പോൾ ഉല്പാദകരിൽ നിന്നും ബില്ലുകൾ കൈപ്പറ്റേണ്ടത് കർശനമാക്കേണ്ടത്, തട്ടുകടകൾ ഭക്ഷണം തയ്യാറാക്കുന്ന സ്ഥലങ്ങൾ വെളിപ്പെടുത്തേണ്ട ആവശ്യകത എന്നിവയെല്ലാം ഫലപ്രദമായി നടപ്പിലാക്കേണ്ടതുണ്ട്.

---

Sr. Clerk, Food Safety Commissionerate

99

## ഭക്ഷ്യസുരക്ഷാ വകുപ്പ്

ബേബിച്ചൻ എം.ടി.

ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം നടപ്പിൽ വരുന്നതിന്റെ ഭാഗമായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനമാണ് വകുപ്പ് നടപ്പാക്കി വരുന്നത് സുരക്ഷിതമായ ഭക്ഷണം ജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് വകുപ്പിന്റെ ഉദ്ദേശലക്ഷ്യം തന്നെ പക്ഷേ സുരക്ഷ എന്ന എല്ലാവരുടെയും ഉത്തരവാദിത്വമായതിനാൽ പക്ഷേ സുരക്ഷ സംബന്ധിച്ച് അവബോധം എല്ലാ വിഭാഗം ജനങ്ങളിലും എത്തിക്കുക എന്നത് പരമപ്രധാനമാണ് പ്രസ്തുത സാഹചര്യത്തിൽ എസി പ്രവർത്തനങ്ങൾക്ക് മാത്രമായി ഒരു വിഭാഗം രൂപീകരിക്കുന്നത് ഗുണകരമായിരിക്കും. സുരക്ഷിതമായ ഭക്ഷണത്തെ കുറിച്ചുള്ള അവബോധം ജനങ്ങളിൽ സൃഷ്ടിക്കുമ്പോൾ തന്നെ മോശം ഭക്ഷണം വിൽക്കപ്പെടുന്ന സ്ഥാപനങ്ങളെ ജനങ്ങൾ തിരസ്കരിക്കുന്നതിനും അപ്പോൾ അത്തരം സ്ഥാപനങ്ങൾ സ്വമേധയാ തന്നെ മെച്ചപ്പെട്ട രീതിയിലേക്ക് മാറുവാൻ നിർബന്ധിതരാവുകയും ചെയ്യും.

സോഷ്യൽ മീഡിയ വഴി അക്ഷയ സുരക്ഷയുമായി ബന്ധപ്പെട്ടിട്ടുണ്ടാകുന്ന പോസ്റ്ററുകളും വീഡിയോകളും ചിത്രങ്ങളും ചൂഷണമായി നിരീക്ഷിക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ അനിവാര്യമായ തുടർ നടപടികൾ യഥാസമയം കൈക്കൊള്ളുന്നതിനും ആയതിനു വ്യക്തമായ മറുപടികളോ നിർദ്ദേശങ്ങളോ യഥാസമയം നൽകുന്നതിനും ആയി ഒരു വിദഗ്ധ സമിതി രൂപീകരിക്കുന്നത് ഗുണമായിരിക്കുമെന്ന് കാണുന്നു. വകുപ്പ് പുതിയതായി പോലുകൾ സ്റ്റാർ റേറ്റിംഗ് ഓഫ് റസ്റ്റോറൻസ്/കമ്പ്ലൈന്റ് ഹോട്ടൽ തുടങ്ങിയവ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിനും കൂടുതൽ സ്ഥാപനങ്ങളെ ഇതിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും ഇത്തരം പ്രവർത്തനം സഹായിക്കും എന്ന് കാണുന്നു.

കേരളത്തിലെ പ്രധാന ജഗ് പോസ്റ്റുകളിൽ എങ്കിലും ഭക്ഷ്യസുരക്ഷാ ഓഫീസിൽ ലാഭം ഉൾപ്പെടെയുള്ള സ്ഥിരം പരിശോധന സംവിധാനം രൂപീകരിക്കുകയാണെങ്കിൽ അതിർത്തി കടന്ന് എത്തുന്ന ഭക്ഷ്യവസ്തുക്കൾ അവിടെവച്ച് തന്നെ പരിശോധിച്ചു ഗുണനിലവാരം ഉറപ്പാക്കാൻ കഴിയും. ജില്ലാ കാര്യാലയങ്ങളിൽ സൂപ്പർവൈസറികളുടെ അഭാവം ജില്ലാതല പ്രവർത്തനങ്ങളുടെ സാരമായി ബാധിക്കുന്നു അസിസ്റ്റന്റ് കമ്മീഷനാണ് ജില്ലാ അധികാരി. എന്നാൽ സൂപ്പർ വൈസർ സൃഷ്ടിക്കുകയാണെങ്കിൽ അസിസ്റ്റന്റ് കമ്മീഷണർ ഭക്ഷ്യ സുരക്ഷ പ്രവർത്തനങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയുകയും അതുവഴി ജില്ലയുടെ മൊത്തത്തിലുള്ള പ്രവർത്തനം കാര്യമായി മെച്ചപ്പെടുത്തുവാൻ കഴിയുകയും ചെയ്യും.

ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശോധനാ വിഭ വിഭാഗത്തിൽ മൈക്രോബയോളജി വിഭാഗത്തെ വളരെ അടിയന്തരമായി ശക്തിപ്പെടുത്തേണ്ടത് ആയിട്ടുണ്ട്. നിലവിൽ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ മൈക്രോബ

യോളജി വിഭാഗം എൻ എ ബി എൽ അക്രഡിറ്റേഷൻ നേടിയിട്ടില്ല പ്രസ്തുത സാഹചര്യത്തിൽ ഭക്ഷ്യവിഷബാധ പോലെയുള്ള അടിയന്തര സാഹചര്യത്തിൽ പോലും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ച ശിക്ഷ ഉറപ്പാക്കാൻ വകുപ്പിന് കഴിയാതെ വരും. ഐഎസ്സി പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി ബോധവൽക്കരണമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. വകുപ്പിന് കീഴിൽ നടക്കുന്ന എല്ലാവിധ പ്രവർത്തനങ്ങളും എഫ് എസ് എസ് എ ഐ എ ഡോക്യുമെന്റേഷൻലൂടെ അറിയിക്കുകയും ചെയ്യേണ്ടതാണ്.ഭക്ഷ്യസുരക്ഷാ വകുപ്പിനായി മാത്രം സെക്രട്ടറിയേറ്റിൽ ഒരു സെക്ഷൻ തുടങ്ങേണ്ടതുണ്ട്. പരിശോധന കാലതാമസം കണ്ടെത്തുന്നതിന് വിവിധ വിഷയങ്ങളിൽ ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. ജനസംഖ്യ അനുപാതമായി എഫേമാരെ നിയമിക്കുകയും അതനുസരിച്ച് സർക്കിൾ ഓഫീസുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യാവുന്നതാണ്. ഈറ്റ് റൈറ്റ് ആപ്ലിക്കേഷൻ മുഖേന റേറ്റിംഗ് നൽകുന്നതിനുള്ള പരിശോധനയും മാനദണ്ഡങ്ങളും കുറഞ്ഞത് ആറുമാസം കൂടുമ്പോൾ പുന പരിശോധിക്കേണ്ടതാണ്. വിവിധ സംയോജിത പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ എൽഎസ് ജി ഡി / അനിമൽ ഹസ്ബൻഡറി തുടങ്ങിയ വകുപ്പുകളുടെ സേവനം തേടാവുന്നതാണ്. അനലിസ്റ്റ് മാരുടെ സേവനം കൂടി സാമ്പിൾ ശേഖരണം/ ഇൻസ്പെക്ഷൻ തുടങ്ങിയ എൻഫോഴ്സ്മെന്റ് ജോലികളിൽ ഉൾപ്പെടുത്താവുന്നതാണ്.

ഡെപ്യൂട്ടി കമ്മീഷണർ, ഫുഡ് സേഫ്റ്റി (റിട്ട.)

100

# ഭക്ഷ്യ സുരക്ഷ സംബന്ധിച്ച മികച്ച ശീലങ്ങൾ

ജയകുമാർ

സർവ്വൈലെൻസ് സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി ഭക്ഷ്യവസ്തുക്കളിൽ അടങ്ങിയിരിക്കുന്ന വിഷവസ്തുക്കളെ കുറിച്ചും അതു കഴിക്കുന്നതു വഴിയുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെകുറിച്ചും പൊതുജനങ്ങൾക്ക് ബോധവത്ക്കരണം നൽകാൻ കഴിയും. മാത്രവുമല്ല സുരക്ഷിതമല്ലാത്ത ഭക്ഷണ പദാർത്ഥങ്ങൾ നിരോധിക്കുന്നത് വഴി നല്ല ആരോഗ്യമുള്ള ഒരു ജനസമൂഹത്തെ സൃഷ്ടിക്കാൻ കഴിയും.

സ്കൂളുകൾ, അംഗൻവാടികൾ, കോളേജുകൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ വഴി കുട്ടികൾക്കും അദ്ധ്യാപകർക്കും മറ്റ് സ്റ്റാഫുകൾക്കും സുരക്ഷിത ഭക്ഷണത്തിന്റെ ഉപയോഗത്തെ കുറിച്ചും എങ്ങനെ ഭക്ഷണം സുരക്ഷിതമാക്കാം, സുരക്ഷിതമല്ലാത്ത ഭക്ഷണം കഴിച്ചാലുണ്ടാകുന്ന ദോഷഫലത്തെ കുറിച്ചും ബോധവത്ക്കരണം നടത്താൻ കഴിയും. SNF@School പ്രോഗ്രാം സ്കൂളുകളിൽ നടത്തി വരുന്നതുപോലെ എസ്.എൻ. എഫ് അറ്റ് അംഗൻവാടി, എസ്. എൻ.എഫ്. അറ്റ് കോളേജ് എന്ന പ്രോഗ്രാമുകൾ അംഗൻവാടി കുട്ടികൾക്കും കോളേജ് കുട്ടികൾക്കിടയിലും ഡിപ്പാർട്ട്മെന്റിനെ ഉപയോഗപ്പെടുത്തി നടപ്പിലാക്കിയാൽ വളരെ പ്രയോജനം ചെയ്യും. പ്രസ്തുത സ്ഥാപനങ്ങളിൽ ഭക്ഷ്യസുരക്ഷാ ക്ലബുകൾ സ്ഥാപിച്ച് അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് 'സുരക്ഷിത ഭക്ഷണം ആരോഗ്യത്തിനാധാരം' എന്ന ആശയം വളരെ നല്ല രീതിയിൽ സമൂഹത്തിൽ എത്തിക്കാൻ കഴിയും.

ഭക്ഷ്യ ഉൽപ്പാദന വിതരണ സംഭരണവുമായി ബന്ധപ്പെട്ട് നിൽക്കുന്ന കച്ചവടക്കാർ, ജീവനക്കാർ, പൊതുജനങ്ങൾ, കുടുംബശ്രീ പ്രവർത്തകർ, പാചക തൊഴിലാളികൾ എന്നിവരുടെയിടയിൽ ഭക്ഷ്യസുരക്ഷയെ കുറിച്ച് നിരന്തരം ബോധവത്ക്കരണം നടത്തി ഭക്ഷ്യസുരക്ഷ ഉറപ്പ് വരുത്താനും ആരോഗ്യമുള്ള ജനസമൂഹത്തെ വാർത്തെടുക്കാനും കഴിയും.

മത്സ്യമേഖലയുമായി ബന്ധപ്പെട്ട് നിൽക്കുന്ന ജീവനക്കാർക്ക് മത്സ്യം ശരിയായ രീതിയിൽ ഐസ് ഉപയോഗിച്ച് സൂക്ഷിക്കുന്നതിന്റെ ആവശ്യകതയെകുറിച്ചും അങ്ങനെ സൂക്ഷിക്കാതെ വന്നാൽ ഉണ്ടാകുന്ന ദൂഷ്യഫലങ്ങളെ കുറിച്ചും അതു കഴിക്കുന്നത് വഴി ജനസമൂഹത്തിനുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെ കുറിച്ചും നിരന്തരം, മാർക്കറ്റുകൾ, പൊതുവിപണികൾ കേന്ദ്രീകരിച്ച് ബോധവത്ക്കരണം നടത്തി പൊതുജനങ്ങൾക്ക് സുരക്ഷിത മത്സ്യത്തിന്റെ ലഭ്യത ഉറപ്പു വരുത്താൻ കഴിയും. IEC ആക്ടിവിറ്റിയിൽ ഉൾപ്പെടുത്തി ഭക്ഷ്യസുരക്ഷ, സുരക്ഷിതാഹാരം ആരോഗ്യത്തിനാധാരം എന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട് ദൃശ്യശ്രാവ്യമാധ്യമങ്ങൾ വഴി നിരന്തരം ബോധവത്ക്കരണം നടത്തിയാൽ ജനങ്ങൾക്കിടയിൽ ഭക്ഷ്യൃസുരക്ഷ ഉറപ്പു വരുത്താൻ കഴിയും. മൊബൈൽ ഫുഡ്ടെസ്റ്റിംഗ് ലബോറട്ടറികൾ പൊതുജനങ്ങളുടെ ഇടയിലും സ്കൂളുകളിലും കോളോജുകളിലും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അംഗൻവാടികളിലും ക്ഷീരോൽപ്പാദക സഹകരണസംഘങ്ങൾ, മീൻചന്തകൾ, പൊതുമാർക്കറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് സാമ്പിളുകൾ പരിശോധന നടത്തിയും ബോധവത്ക്കരണം നടത്തിയും ഭക്ഷ്യസുരക്ഷാ ഉറപ്പ് വരുത്താവുന്നതാണ്.

ആരാധനാലയങ്ങളിൽ (മുസ്ലീം പള്ളികൾ, ക്രി

സ്ത്യൻ പള്ളികൾ, ക്ഷേത്രങ്ങൾ എന്നിവിടങ്ങളിൽ) ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനു വേണ്ടി നിരന്തരം ബോധവത്ക്കരണ ക്ലാസ്സുകൾ, രജിസ്ട്രേഷൻ ലൈസൻസ് മേളകൾ എന്നിവ സംഘടിപ്പിക്കാവുന്നതാണ്. മാത്രവുമല്ല കച്ചവടക്കാർക്ക് നിരന്തരം ബോധവത്ക്കരണ ക്ലാസ്സുകളും ലൈസൻസ്/രജിസ്ട്രേഷൻ മേളകളും സംഘടിപ്പിച്ച് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താവുന്നതും ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർമാരെ 100% ലൈസൻസ് /രജിസ്ട്രേഷന്റെ പരിധിയിൽ എത്തിക്കുന്നതിനും കഴിയും. മാതൃകാ ഭക്ഷ്യസുരക്ഷാ ഗ്രാമപഞ്ചായത്ത് പോലെ കോർപ്പറേഷൻ, മുനിസിപ്പാലിററി, ടൌൺഷിപ്പ് എന്നീ പ്രദേശങ്ങളിൽ മാതൃകാ ഭക്ഷ്യസുരക്ഷാ കോർപ്പറേഷൻ, മാതൃകാ ഭക്ഷ്യസുരക്ഷാ മുനിസിപ്പാലിറ്റി, മാതൃകാ ഭക്ഷ്യസുരക്ഷാ ടൌൺഷിപ്പ് മുതലായ പരിപാടികൾക്ക് ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ നടപ്പിലാക്കാൻ കഴിയും.

പൊതുവിപണിയിലും ഭക്ഷണ പദാർത്ഥങ്ങൾ തയ്യാറാക്കുന്ന സ്ഥാപനങ്ങൾ, കച്ചവടം നടത്തുന്ന സ്ഥാപനങ്ങൾ, ഭക്ഷണം ശേഖരിച്ച് കച്ചവടം നടത്തുന്ന സ്ഥാപനങ്ങൾ മുതലായവ കേന്ദ്രീകരിച്ചും നിരന്തരം പരിശോധന നടത്തി സുരക്ഷിതമല്ലെന്ന് സംശയിക്കുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ റെഗുലേറ്ററി സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയച്ച് പരിശോധനാഫലം കിട്ടുന്ന മുറയ്ക്ക് നിയമനടപടികൾ സ്വീകരിക്കുന്നതുവഴി ഭക്ഷ്യസുരക്ഷ ഉറപ്പ് വരുത്തുന്നതിനും ആരോഗ്യമുള്ള ജനതയെ വാർത്തെടുക്കുന്നതിനും കഴിയുന്നതാണ്. ഭക്ഷണം പാചകം ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനും ഒരു മിനിമം നിലവാരം കർശനമായും ഉറപ്പുവരുത്തുക എന്നത് ആത്യന്തികമായ ലക്ഷ്യമായിരിക്കണം.

അസി. കമ്മീഷണർ, ഫുഡ് സേഫ്റ്റി

101

# സുസ്ഥിര ആരോഗ്യ സംവിധാനം - കേരള മോഡൽ - കൂടുതൽ ഇടപെടലുകൾ

ഡോ. വി. ജയരാജൻ

കേരളത്തിലെ ആരോഗ്യരംഗം അതിവേഗം മാറിക്കൊണ്ടിരിക്കുകയാണല്ലോ. സർക്കാർ മേഖലയിൽ സബ് സെന്റർ മുതൽ എഫ്.എച്ച്.സി, സി.എച്ച്.സി. വരെ രോഗപ്രതിരോധ പ്രവർത്തനത്തിന് മുൻഗണന കൊടുത്ത്, ചെറിയ ചികിത്സ സംവിധാനത്തോടെ "പ്രൈമറി കെയറുമായി മുന്നോട്ട് പോവുകയാണ്. സെക്കന്ററി കെയർ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി താലൂക് ഹോസ്പിറ്റൽ, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ജനറൽ ഹോസ്പിറ്റൽ, ഡിസ്ട്രിക്ട് ഹോസ്പിറ്റൽ എന്നിവ കൂടുതൽ സുസജ്ജമാകേണ്ടതും മെഡിക്കൽ കോളേജുകൾ തികച്ചും ടെറിഷ്യറി കെയറിന്റെ മാത്രം കേന്ദ്രമാവേണ്ടതുമാണ്. സഹകരണ മേഖലയിലെ ചെറുതും വലുതുമായ ആശുപത്രികൾ, സ്വകാര്യ മേഖലയിൽ ചെറിയ ക്ലിനിക്കുകൾ, ചെറുതും വലുതും, വളരെ ചെലവ് ഈടാക്കുന്നതുമായ ഹോസ്പിറ്റലുകൾ തുടങ്ങിയ എല്ലാം തന്നെ നിലവാരം വർദ്ധിപ്പിക്കുകയും ചൂഷണം കുറച്ചു മുന്നോട്ട് പോവേണ്ടതുമാണ്. ആരോഗ്യരംഗം ശാസ്ത്രബോധത്തിൽ അടിയുറച്ചു മുന്നോട്ടു പോകുന്നതിന് സമൂഹത്തിൽ ശാസ്ത്ര അവബോധം വളർത്താനുള്ള പ്രവർത്തനങ്ങളും ശക്തിപ്പെടുത്തേണ്ടതുണ്ട്.

നിലവിൽ സംസ്ഥാനത്ത് 5408 സബ് സെന്ററുകളാണ് (ജനകീയരോഗ്യകേന്ദ്രം) ഉള്ളത്. 3000-5000 ജനസംഖ്യയ്ക്ക് ഒരു ജനകീയാരോഗ്യ കേന്ദ്രം എന്ന നിലയിലാണ് വേണ്ടത്. Subcentre കൾക്ക് സ്ഥലം പോലും ഇല്ലാത്ത അവസ്ഥ സർക്കാർ പരിഹരിച്ചു വരുന്നു. സബ് സെന്ററുകളിൽ ജെ.എച്ച്.ഐ, ജെ.പി.എച്ച്.എൻ, എം.എൽ.എസ്.പി 1:1:1 ഉണ്ടാവേണ്ടതുണ്ട്. കൂടാതെ മിക്കവാറും രോഗങ്ങളുടെ സ്ക്രീനിങ്ങ്, ചെറിയ പ്രാഥമിക ചികിത്സാ, ഐ.ഇ.സി. മുതലായവയ്ക്ക് സൗകര്യം ഏർപ്പെടുത്തേണ്ടതുമാണ്.

സംസ്ഥാനത്താകെ നിലവിൽ 682 എഫ്.എച്ച്.സി. (കുടുംബരോഗ്യ കേന്ദ്രം) കളുള്ളതിൽ 114 എണ്ണം 24x7 പി.എച്ച്.സി.കളും 568 എണ്ണം പി.എച്ച്.സി.കളുമാണ്. നിലവിൽ എല്ലാ പി.എച്ച്.സി.കളും കുടുംബരോഗ്യ കേന്ദ്രങ്ങളായി മാറുകയാണ്. പരിമിതമായ എണ്ണം ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തി രണ്ട് ഷിഫ്റ്റിൽ സ്ഥാപനം മുടക്കമില്ലാതെ പ്രവർത്തിപ്പിക്കാൻ കഴിയില്ല. ആയതിനാൽ ഡ്യൂട്ടി സമയം വർദ്ധിപ്പിക്കാതെ സമയക്രമീകരണം നടത്തി ഒരു ഷിഫ്റ്റ് ആക്കുന്നതാവും ഉചിതം. എല്ലാ എഫ്.എച്ച്.സി.കളിലും ഫീൽഡ് സൂപ്പർവൈസർ ആയി എച്ച്.ഐ, പി.എച്ച്.എൻ. തസ്തികൾ ഉണ്ടാവേണ്ടതുണ്ട്. പി.എച്ച്.സി.-സി.എച്ച്.സി കളിലെ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും കുറവ് പരിഹരിക്കപ്പെടേണ്ടതുണ്ട്. കോർപറേഷൻ, മുനിസിപ്പാലിറ്റി ഏരിയ

കളിലും എഫ്.എച്ച്.സി, സി.എച്ച്.സി. യൂണിറ്റുകൾ ആവശ്യമാണ്.

പഞ്ചായത്തുകളിലെ ആരോഗ്യ കേന്ദ്രങ്ങൾക്ക് സാമൂഹികാരോഗ്യകേന്ദ്രം എന്ന പദവി ഉണ്ടാവുകയും അവിടെ 30 കിടക്കൾ ഉണ്ടാവുകയും ചെയ്താൽ, ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി, മറ്റു സ്പെഷ്യാലിറ്റി ആശുപത്രികൾ, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ തിരക്ക് കുറക്കാനും ഗുണമേന്മയുള്ള തുടർ ചികിത്സ നൽകാൻ സാധിക്കും. എഫ്.എച്ച.സി.കൾ ഒറ്റ ഷിഫ്റ്റ് ആക്കുകയാണെങ്കിൽ അവിടെയുള്ള അധിക തസ്തികകൾ ഇവിടേയ്ക്ക് പുനർവിന്യസിക്കാനാകും.

താലൂക് ഹോസ്പിറ്റൽ 40, താലൂക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ 46, ജനറൽ ഹോസ്പിറ്റൽ 18, ഡിസ്ട്രിക് ഹോസ്പിറ്റൽ 18, ഡിസ്ട്രിക്ട് ടിബി സെന്റർ 14, മറ്റുള്ളവ (മൊബൈൽ യൂണിറ്റ് &ഡിസ്പെൻസറി) 48 എണ്ണവും ആണ്. താലൂക്ക് ആശുപത്രി, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി എന്നിവയിൽ മെച്ചപ്പെട്ട സെക്കന്ററി, ടെറിഷ്യറി കെയർ കൊടുക്കാനുള്ള സൗകര്യം ഒരുക്കി വരികയാണ്. ഈ ആശുപത്രികളിലുള്ള ജീവനക്കാരുടെ കുറവ് പരിഹരിക്കപ്പെടേണ്ടതുണ്ട്.

വനിതകളുടെയും ശിശുക്കളുടെയും ആശുപത്രി, മാനസികാരോഗ്യ കേന്ദ്രം, ടി.ബി. ആശുപത്രികൾ, ഡെർമറ്റോളജി ആശുപത്രികൾ, തുടങ്ങിയ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളുടെ അടിസ്ഥാന സൗകര്യവും മനുഷ്യവിഭവവും മെച്ചപ്പെടുത്തുന്നതിനുള്ള സമഗ്രമായ മാസ്റ്റർപ്ലാൻ നടപ്പാക്കണം. രോഗം ഭേദമാകുന്ന മാനസിക രോഗികൾക്ക് അവർ താമസിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കെയർ ടേക്കർ സംവിധാനം ഒരുക്കുകയും തുടർ ചികിത്സയും മറ്റും മുടങ്ങാതിരിക്കാനുള്ള ക്രമീകരണം ഏർപ്പെടുത്തുകയും വേണം.

മെഡിക്കൽ കോളേജുകളിൽ നിന്നും മറ്റും ചികിത്സയ്ക്കുശേഷം രോഗികളെ രോഗത്തിന്റെ ഗൗരവം അനുസരിച്ച് സി.എച്ച്.സി, താലൂക്ക് ആശുപത്രി, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി എന്നിവിടങ്ങളിലേക്ക് തുടർചികിത്സയ്ക്ക് തിരിച്ചുവിടാനുള്ള സൗകര്യമുണ്ടായാൽ, മെഡിക്കൽ കോളേജുകളിൽ വിദഗ്ദ്ധ ചികിത്സ സമയബന്ധിതമായി ലഭ്യമാക്കാൻ സാധിക്കും.

ആരോഗ്യപ്രതിരോധ പ്രവർത്തനത്തിന് സർക്കാർ മേഖലയിൽ മുൻതൂക്കം കൊടുത്ത് മുന്നോട്ടുപോവുന്നതുകൊണ്ടാണ് കേരളം ആരോഗ്യരംഗത്ത് മോഡൽ ആവുന്നത്. നിലവിലുള്ള സംവിധാനങ്ങൾ സാധ്യമാവുന്ന രീതിയിൽ ശക്തിപെടുത്തുകയും ചികിത്സാ സംവിധാനം മെച്ചപ്പെടുത്തുകയും ചെയ്തുകൊണ്ടേ ഇതിനെ കൂടുതൽ മാതൃകാപരമാക്കാൻ കഴിയുകയുള്ളൂ. ചികിത്സാ രംഗം താഴെത്തട്ട് മുതൽ മുകൾത്തട്ട് വരെ സർക്കാർ മേഖലയിലൂടെ മാത്രമായി മുന്നോട്ടുപോവാൻ കഴിയാത്തതിനാൽ, സ്വകാര്യമേഖലയിലുള്ള അമിതമായ ചൂഷണം കൃത്യമായി മോണിറ്ററിങ്ങിലൂടെ നിയന്ത്രിക്കേണ്ടതും സഹകരണ മേഖല ശക്തിപ്പെടുത്തേണ്ടതുമാണ്.

അസിസ്റ്റന്റ് സർജൻ. ആരോഗ്യവകുപ്പ്

അവലംബം Web site DHS, statistics 2017-18

102

# മെഡിക്കൽ സർവീസസ് വകുപ്പ്

സജിത്ത് എസ്. & ഹരിചന്ദ്രൻ പിള്ള എസ്.

കേരളത്തിൽ ഇ എസ് ഐ പദ്ധതി ആരംഭിച്ചത് 1959 സെപ്റ്റംബർ മാസത്തിലാണ്. ആരോഗ്യവകുപ്പിന്റെ ഭാഗമായി അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസറുടെ ചുമതലയിൽ പ്രവർത്തിച്ചുവന്നിരുന്ന ഇ എസ് ഐ സ്കീം 1985ലാണ് കേരളസർക്കാരിന്റെ തൊഴിൽ വകുപ്പിന് കീഴിൽ 'ഇൻഷുറൻസ് മെഡിക്കൽ സർവീസസ്' എന്ന പേരിൽ പുതിയൊരു വകുപ്പായി രൂപീകരിക്കപ്പെട്ടത്. ഇ.എസ്.ഐ ആക്ട് ബാധകമായ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ചികിത്സ നൽകുകയും ആരോഗ്യപരമായ കാരണങ്ങളാൽ അവധി എടുക്കേണ്ടി വരുന്ന തൊഴിലാളികൾക്ക് മെഡിക്കൽ ലീവ് സർട്ടിഫിക്കറ്റ് അനുവദിക്കുകയും ചെയ്യുകയാണ് വകുപ്പിന്റെ പ്രാഥമിക ഉത്തരവാദിത്തങ്ങൾ. നിലവിൽ വകുപ്പിന് കീഴിൽ ഒൻപത് ഇ.എസ്.ഐ ആശുപത്രികളും 145 ഡിസ്പെൻസറികളും ഒരു ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറിയും ഒരു സെൻട്രൽ മെഡിക്കൽ സ്റ്റോറും രണ്ട് സബ്സ്റ്റോറുകളും പ്രവർത്തിച്ചുവരുന്നു. അലോപ്പതി ചികിത്സയ്ക്ക് പുറമേ ആയുർവേദം, ഹോമിയോ വിഭാഗങ്ങളും ഇൻഷുറൻസ് മെഡിക്കൽ സർവീസസിന് കീഴിൽ പ്രവർത്തിച്ചുവരുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ കീഴിൽ ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലുള്ള ആശുപത്രികളിൽ നിലവിലുള്ള സ്പെഷ്യാലിറ്റി വിഭാഗത്തിൽ ഓരോ സ്പെഷ്യലിസ്റ്റുകളുടെ തസ്തിക മാത്രമാണുള്ളത്. റഫർ ചെയ്യപ്പെട്ടു വരുന്ന രോഗികൾക്ക്

അടിയന്തരഘട്ടങ്ങളിൽ ആകെയുള്ള ഒരു സ്പെഷ്യ ലിസ്റ്റ് സേവനം ലഭിക്കാതെ വരുമ്പോൾ എംപാനൽ ചെയ്യപ്പെട്ട സ്വകാര്യ ആശുപത്രിയിലേക്ക് റഫറൻസ് വാങ്ങി പോകുന്ന അവസ്ഥയാണുള്ളത് ഇതിനാ ലാണ് ബെഡ് സ്ട്രെങ്ത്തിന്റെ പകുതി പോലും ബെഡ് ഒക്യുപൻസി വരാതിരിക്കുന്നത്. സംസ്ഥാന സർക്കാർ നടത്തുന്ന ഇ എസ് ഐ ഡിസ്പെൻസറി കളിലേയും ആശുപത്രികളിലേയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതും, ഇ.എസ്.ഐ കോർപറേഷൻ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപന ങ്ങൾ സ്വന്തം കെട്ടിടത്തിലേക്ക് മാറ്റുന്നതും, രോഗി കൾക്ക് അനായാസം വരുന്നതിനും പോകുന്നതിനും സൗകര്യപ്രദമായ രീതിയിൽ കെട്ടിടങ്ങളിൽ മാത്രം സ്ഥാപനം പ്രവർത്തിക്കുന്നതും, ആശുപത്രികൾക്ക് തുല്യമായി, തസ്തികകളുടെ എണ്ണത്തിൽ വർദ്ധന വ് വരുത്തുന്നതും മെച്ചപ്പെട്ട സേവനങ്ങൾ നൽകു ന്നതിന് വഴിയൊരുക്കും. ദ്വിതല ഭരണസംവിധാനം ഒഴിവാക്കുന്നതിലൂടെ ഐ.പി-കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും സേവനം അനുഭവവേദ്യ മാക്കുന്നതിനുള്ള നൂലാമാലകൾ ഒഴിവാക്കുന്നതിനും വഴിയൊരുക്കും. മൊബൈൽ പാലിയേറ്റീവ് കെയർ യൂണിറ്റ് പ്രവർത്തനം എല്ലാ ജില്ലകളിലും കൊണ്ടുവ രേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. വകുപ്പിലെ വിജിലൻസ് സംവിധാനം പ്രവർത്തനരഹിതമാണ്. വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തി പ്രവർ ത്തനസജ്ജമാക്കുന്നതും പരാതി പരിഹാര സെൽ സ്ഥാപിക്കുന്നതും എല്ലാ സ്ഥാപനങ്ങളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതും വകു പ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്ന അഭിലഷണീയ മായ നടപടികളാണ്.

1 8593998524

2 9947303124

103

## ഭാരതീയ ചികിത്സാ വകുപ്പ്

മനോജ് എസ്.എസ്., മനു എം., ഡോ. ഷൈൻ, ജയന്തി കെ.ജി. & ഡോ. കബീർ

സംസ്ഥാനത്ത് ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ ആയുർവേദ, സിദ്ധ, യുനാനി, പ്രകൃതി ചികിത്സാ എന്നീ വിവിധ വിഭാഗങ്ങളിലായി നിലവിലുള്ള 130 ആശുപത്രികൾ, 818 ഡിസ്പെൻസറികൾ, 62 സബ് സെന്ററുകൾ എന്നിവകളിലൂടെ ജനങ്ങൾക്ക് ആതുര സേവനം നൽകിവരുന്നു. 130 ആശുപത്രികളിൽ 128 എണ്ണം ആയൂർവേദ മേഖലയിലും ഒരെണ്ണം സിദ്ധ മേ ഖലയിലും (സർക്കാർ സിദ്ധ ആശുപത്രി, വള്ളക്കടവ് തിരുവനന്തപുരം) ഒരെണ്ണം പ്രകൃതി ചികിത്സാ മേഖ ലയിലും (പ്രകൃതി ചികിത്സാ ആശുപത്രി, വർക്കല തിരുവനന്തപുരം) ഉൾപ്പെടുന്നു.

130 ആശുപത്രികളിൽ 122 ജനറൽ ആശുപത്രിക ളും 8 സ്പെഷ്യാലിറ്റി ആശുപത്രികളും പ്രവർത്തിച്ചു വരുന്നു. ജില്ലാ ആശുപത്രികളിൽ നേത്ര, വിഷ, ശല്യ, പഞ്ചകർമ്മ എന്നീ വിഭാഗങ്ങളിൽ പ്രത്യേക ചികിത്സ കൾ ലഭ്യമാക്കുന്നുണ്ട്. വകുപ്പിനു കീഴിലുള്ള ആശു പത്രികളിൽ ഒരേ സമയം 3154 രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യവുമുണ്ട്.

818 ഡിസ്പെൻസറികളിൽ 810 ഡിസ്പെൻസറികൾ ആയൂർവേദ വിഭാഗത്തിലും (806 സ്ഥാപനങ്ങൾ ജനറൽ വിഭാഗത്തിലും 4 സ്ഥാപനങ്ങൾ സ്പെഷ്യാ ലിറ്റി വിഭാഗത്തിലും), 6 ഡിസ്പെൻസറികൾ സിദ്ധ വിഭാഗത്തിലും, ഒരു ഡിസ്പെൻസറി യുനാനി വിഭാഗ ത്തിലും (മൊഗ്രാൽ കാസർഗോഡ് ജില്ല), ഒരു ഡിസ്പെ ൻസറി പ്രകൃതി വിഭാഗത്തിലും (പുനലൂർ, കൊല്ലം ജില്ല) പ്രവർത്തിച്ചു വരുന്നു. കൂടാതെ 14 ജില്ലാ മെഡി ക്കൽ ഓഫീസുകളും പാലക്കാട് ഒരു ജില്ലാ മെഡിക്ക ൽ സ്റ്റോറും പ്രവർത്തിച്ചു വരുന്നു.

### ഭാരതീയ ചികിത്സാ വകുപ്പിന്റെ SWOT വിശകലനം

കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ആയുർ വേദ സ്ഥാപനങ്ങൾ ഉണ്ട് എന്നതും കേരളത്തിന്റെ തനതായ ചികിത്സാ സമ്പ്രദായമായ ആയുർവേദത്തി നോടുള്ള ജനങ്ങളുടെ സ്വീകാര്യതയും, മികച്ച ഡോ ക്ടർമാരും ജീവനക്കാരും വകുപ്പിന്റെ മേന്മകളാണ്. ജീവനക്കാരുടെ എണ്ണത്തിലെ കുറവും, സ്റ്റാഫ് പാറ്റേ ണിലെ അപര്യാപ്തത, ഫണ്ടിന്റെ ലഭ്യത എന്നിവയുടെ കുറവും, ഡേറ്റ അനാലിസിസ് വിംഗിന്റെ അഭാവവും ദൗർബല്യങ്ങൾ ആണ്. കേരളത്തിന്റെ തനതായ ടൂ റിസ്റ്റ് കേന്ദ്രങ്ങളിൽ ഭാരതീയ ചികിത്സാ വകുപ്പിന്റെ നേതൃത്വത്തിൽ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടു ത്തിയാൽ അത് സർക്കാർ മേഖലയിൽ വരുമാനമു ണ്ടാക്കാൻ കഴിയുന്നതാണ്. മികച്ച സൗകര്യങ്ങളുള്ള പ്രൈവറ്റ് സെക്ടർ ഗവൺമെന്റ് സൗകര്യങ്ങൾക്ക് ഭീഷ ണിയായതിനാൽ അതിനോട് കിടപിടിക്കുന്ന സൗക ര്യങ്ങളാണ് ഏർപ്പെടുത്തേണ്ടത്.

ഭാരതീയ ചികിത്സാ വകുപ്പ് മേധാവിയുടെ കാര്യാലയം, മൊബൈൽ: 9446271674

## 104

# ക്ഷാരസൂത്ര പദ്ധതി

ഡോ. ഷഹന എ.കെ.

ക്ഷാരസൂത്ര ചികിത്സ ജില്ലാ ആയുർവേദ ആശുപത്രികളിൽ വിജയകരമായി നടക്കുന്ന പദ്ധതിയാണ്. ആയുർവേദാശുപത്രിയിലെ മർമ്മ വിഭാഗത്തോടനുബന്ധിച്ചുള്ള ക്ഷാരസൂത്ര ക്ലിനിക്കിലൂടെയാണ് ഈ പ്രൊജക്റ്റ് നടപ്പിലാക്കുന്നത്.

ജീവിതശൈലി രോഗങ്ങളിൽ ഇന്നത്തെ കാലഘട്ടത്തിൽ പ്രതിദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന പൈൽസ്, ഫിഷർ, ഫിസ്റ്റുല തുടങ്ങിയ രോഗങ്ങൾക്കുള്ള പ്രതിരോധവും ചികിത്സയും വളരെ ചെലവു കുറഞ്ഞ രീതിയിൽ ഒരുക്കുക എന്നതാണ് ലക്ഷ്യം.

ക്ഷാരസൂത്ര ക്ലിനിക്കിൽ ചികിത്സ തേടി എത്തുന്ന രോഗികളിൽ ഒ.പി., ഐ.പി. വിഭാഗങ്ങളിലായി മരുന്നുകൊണ്ടും ക്ഷാരസൂത്രം, ക്ഷാരകർമ്മം, അഗ്നികർമ്മം പോലെയുള്ള അനുശസ്ത്ര ചികിത്സാരീതികൾ കൊണ്ടും ശമനം നൽകുന്നു.

മൂലരോഗങ്ങളിൽ പ്രധാനമായും ഉപയോഗിക്കുന്ന ക്ഷാരസൂത്ര ചികിത്സ വളരെ ചെലവുകുറഞ്ഞതും ഉയർന്നഫലം തരുന്നതുമായ ഒരു അനുശസ്ത്ര ചികിത്സാരീതിയാണ്. Medicated alkaline thread ഉപയോഗിച്ച് ചെയ്യുന്ന ചികിത്സാരീതിയാണിത്.

പ്രൊജക്റ്റിന്റെ നടത്തിപ്പിനായി ആയുർവേദത്തനിമ നഷ്ടപ്പെടാതെ തന്നെ ക്ഷാരസൂത്ര ചികിത്സയ്ക്കായി ആധുനികരീതിയിലുള്ള എല്ലാ സജ്ജീകരണങ്ങളും സർക്കാർ ചെലവിൽ ഇവിടെ ഒരുക്കിയിട്ടുണ്ട്. ക്ഷാരസൂത്ര തിയറ്റർ, വ്യത്യസ്ത ഉപകരണങ്ങൾ, മരുന്നുകൾ, പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ് തുടങ്ങിയവയെല്ലാം ഈ പ്രൊജക്റ്റിന്റെ ഭാഗമായി സജ്ജമാക്കിയിട്ടുണ്ട്.

ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി ക്ലാസ്സുകൾ, പ്രദർശനങ്ങൾ, രോഗികളുടെ അനുഭവം പങ്കുവെക്കൽ, പൈൽസ് ദിനാചരണം തുടങ്ങിയവയും നടത്തിവരുന്നു.

2013 ൽ തുടങ്ങിയ ഈ പ്രൊജക്റ്റ് വഴി 2023 മാർച്ച് വരെ 21,634 രോഗികളെ ചികിത്സിച്ചു. സാധാരണക്കാർ മുതൽ സമൂഹത്തിന്റെ ഉന്നതശ്രേണിയിൽ ഉള്ളവർ ഉൾപ്പടെ 25000 ത്തിലധികം ആളുകൾ ഈ പ്രൊജക്റ്റിന്റെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി. മറ്റു ജില്ലകളിൽ നിന്നും പുറം അന്യസംസ്ഥാനങ്ങളിൽ നിന്നും ആളുകൾ ഈ പ്രത്യേക ചികിത്സ തേടി ഇവിടെ എത്തുന്നുണ്ട്.

ദിവസവും നൂറിലേറെ ഒ.പി. രോഗികളെ ചികിത്സിക്കേണ്ടി വരുന്ന മർമ്മ സ്പെഷ്യലിസ്റ്റ് ഡോക്ടറുടെ നേതൃത്വത്തിലാണ് ഇവിടുത്തെ ക്ഷാരസൂത്ര ക്ലിനിക്ക് പ്രവർത്തിക്കുന്നത്.

ചേലക്കര ഗവ. ആശുപത്രിയുടെ ബെഡ് സ്ട്രെങ്ങ്ത് വർദ്ധിപ്പിച്ച് ഡോക്ടർമാർ, നഴ്സ്, ക്ലീനിങ്ങ് സ്റ്റാഫ്, ഡാറ്റ എൻട്രി ഓപ്പറേറ്റർ തുടങ്ങിയ ജീവനക്കാരെ നിയമിക്കുക, വ്യക്തമായ ഡോക്യുമെന്റേഷനും ജീവനക്കാർക്കും പുറമെയുള്ള ഡോക്ടർമാർക്കും കാലാനുസൃതമായ ട്രെയിനിങ്ങിനും വേണ്ടതായ അനുബന്ധസൗകര്യങ്ങൾ ഏർപ്പെടുത്തുക, മരുന്ന്, ഉപകരണങ്ങൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, രോഗികൾക്കുള്ള ഭക്ഷണം എന്നിവയ്ക്കുള്ള തുക വർദ്ധിപ്പിക്കുക, നിലവിലുള്ള ലാബ് സൗകര്യം വിപുലപ്പെടുത്തുക, Centre of Excellence ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, നിലവിലുള്ള കെട്ടിടസംവിധാനത്തെ പുനക്രമീകരിച്ച് വേണ്ടതായ സൗകര്യങ്ങൾ ഏർപ്പെടുത്തുക തുടങ്ങിയ കാര്യങ്ങളിൽ പരിഗണന ആവശ്യമാണ്.

സീനിയർ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർ (മർമ്മ), ഗവ: ആയുർവേദാശുപത്രി, ചേലക്കര, ഭാരതീയ ചികിത്സാവകുപ്പ്, തൃശ്ശൂർ

## 105

# കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് ആയുർവേദ ആന്റ് റിസർച്ച് (KISAR) പ്രത്യേകതകളും പരിമിതികളും

ഡോ. അബ്ദുൾ ഷെരീഫ് എ.എം.

കിസാർ സൂപ്പർ സ്പെഷ്യാലിറ്റി സ്പോർട്സ് ആയുർവേദ ആശുപത്രി കേരള സർക്കാരിന് കീഴിലുള്ള ഏഷ്യയിലെ ആദ്യത്തെ സ്പോർട്സ് ആയുർവേദ ആശുപത്രിയാണ്. സ്പോർട്സ് താരങ്ങൾക്കായി സ്യൂട്ട് സൗകര്യങ്ങളോട് കൂടിയ റൂമുകൾ, ജിം, ട്രെയിനിംഗ് ഗ്രൗണ്ട്, സ്വിമ്മിംഗ് പൂൾ, വളരെ പരിചയസമ്പന്നരായ ചികി

ത്സകർ, കൗൺസിലിംഗ്, മികച്ച ഡയറ്റ്, ഫിസിയോ തെറാപിസ്റ്റിന്റെ സേവനം എന്നിവ ലഭ്യമാണ്.

കേരളത്തിന്റെ തനത് ആയുർവേദ ചികിത്സകളുടെ ഗുണങ്ങൾ നമ്മുടെ സ്പോർട്സ് താരങ്ങൾക്ക് ലഭ്യ മാക്കുന്നു എന്നതാണ് ഈ സ്ഥാപനത്തിന്റെ പ്രത്യേ കത. അതോടൊപ്പം മികച്ച കായിക താരങ്ങൾക്കായി പ്രീ-ഇവന്റ് കണ്ടീഷനിംഗും പരിക്കുകൾ വരാതിരി ക്കുന്നതിനുള്ള പ്രത്യേക ട്രെയിനിംഗും പരിക്കുകൾ പെട്ടെന്ന് ഭേദമാക്കി കളിക്കളത്തിലേക്ക് തിരിച്ചെ ത്തുന്നതിനുള്ള എല്ലാ ആയുർവേദ ചികിത്സയും നൽകിവരുന്നുണ്ട്. എന്നാൽ എല്ലാ വിഭാഗങ്ങളെയും ഏകോപിപ്പിച്ചു കൊണ്ടുപോകുന്നതിൽ ചില സാങ്കേ തിക പ്രശ്നങ്ങൾ സ്ഥാപനം അഭിമുഖീകരിക്കുന്നു.

ചീഫ് മെഡിക്കൽ ഓഫീസർ, ഗവ. ആയുർവേദ ഹോസ്പിറ്റൽ, വലപ്പാട്, തൃശ്ശൂർ, Mob: 9495738832

106

## ജീവിതശൈലീജന്യരോഗങ്ങളിൽ യോഗയുടെപ്രാധാന്യം

ഡോ. കബീർ എ.എം. & ഡോ. അനുപമ കൃഷ്ണൻ

ജീവിതശൈലീജന്യ രോഗങ്ങളിൽ തെറാപ്യൂട്ടിക് യോഗയും ആയുർവേദ ചികിത്സയും ചേർന്ന് ഉപ യോഗിക്കുന്നത് വളരെ ഫലപ്രദമാണ്. ദിനചര്യ എന്ന രൂപത്തിൽ തന്നെ യോഗ ഉപയോഗിക്കേണ്ട തായുണ്ട്. പ്രീനേറ്റർ, പോസ്റ്റ് നേറ്റർ കെയർ എന്നി വയിലൂടെ സ്ത്രീകളിലെ ആർത്തവ സംബന്ധമായ പ്രശ്നങ്ങൾ, ഇൻഫെർട്ടിലിറ്റി പ്രശ്നങ്ങൾ എന്നി വയിലും യോഗാസനങ്ങളുടെ ഉപയോഗം വളരെ ഫലപ്രദമാണ്. ദൈനംദിനജീവിതത്തിലെ മാനസി കസമ്മർദ്ദങ്ങൾ കുറയ്ക്കുന്നതിന് യോഗാസനങ്ങളും പ്രാണാകാരങ്ങളും ഫലപ്രദമാണ് എന്ന് തെളിയിക്ക പ്പെട്ടിട്ടുള്ളതാണ്. കുട്ടികളിലെ പഠന പെരുമാറ്റ വൈ കല്യങ്ങൾ പരിഹരിക്കുന്നതിന് യോഗഫലപ്രദമാണ്. Y-Break അഥവാ യോഗാ ബ്രേക്ക് എന്ന രൂപത്തിൽ ഓഫീസുകളിൽ ജോലിക്കിടയിൽ ഉള്ള സമയം യോ ഗാസനങ്ങൾക്കായി ഉപയോഗിക്കുന്നത് ജോലിക്കി ടയിൽ ഉള്ള സമ്മർദ്ദം ഒഴിവാക്കാൻ ഫലപ്രദമാണ്. മൈഗ്രേൻ, തൈറോയ്ഡ് രോഗങ്ങൾ, കോസ്മെറ്റോള ജി എന്നിവയിൽ യോഗ ഫലപ്രദമാണെന്ന് തെളിയി ക്കപ്പെട്ടിട്ടുണ്ട്.

1 മെഡിക്കൽ ഓഫീസർ, ISM

2 അസോസിയേറ്റ് പ്രൊഫസർ, ആയുർവേദ കോളേജ്, കോട്ടയ്ക്കൽ

107

## യോഗയും ആരോഗ്യസംരക്ഷണവും

ഡോ. അനുപമ കൃഷ്ണൻ, ഡോ. കബീർ എ.എം. & ഡോ. അഞ്ജലി ദാസ്

കൃത്യമായ ശ്വാസ ക്രമീകരണങ്ങളിലൂടെയും ആസന ങ്ങളിലൂടെയും ശരീരത്തിനെയും മനസിനെയും ശു ദ്ധീകരിക്കുന്ന വ്യായാമ മുറയാണ് യോഗ. ആധുനിക കാലഘട്ടത്തിൽ യോഗയുടെ പ്രാധാന്യം വർദ്ധി ച്ചു വരികയാണ്. ജീവിതശൈലി രോഗങ്ങൾ കൂടി വരികയും മാനസികവും ശാരീരികവുമായ അസ്വ സ്ഥതകൾ വർദ്ധിച്ച് വരികയും ചെയ്യുമ്പോൾ യോഗാ സനങ്ങളിലൂടെ ശരീരത്തിനും, പ്രാണായാമത്തിലൂടെ മനസ്സിനും സ്വാസ്ഥ്യം പ്രധാനം ചെയ്ത് ജീവിതം അർ ത്ഥവത്താക്കാൻ യോഗ ശാസ്ത്രം സഹായിക്കുന്നു.

യോഗ എന്നത് ഒരു ജീവിതചര്യ തന്നെയാണ്. അഷ്ടാം ഗയോഗ എന്നത് ഒരു വ്യക്തിയുടെ മനസ്സും ശരീരവും തമ്മിലുള്ള ചേർച്ച, വ്യക്തിയും സമൂഹവും തമ്മിലു ള്ള ബന്ധം എന്നിവയെല്ലാം നല്ല രീതിയിൽ എങ്ങനെ നിലനിർത്താൻ സാധിക്കും എന്ന് നിർദ്ദേശിക്കുന്നു. യോഗ ഒരു ദിനചര്യ ആക്കി മാറ്റുന്നത് വഴി ശരീരത്തി ന്റെയും മനസ്സിന്റെയും ആരോഗ്യം നിലനിർത്തുവാൻ സാധിക്കുന്നു. യോഗ പ്രതിരോധ ശക്തിക്ക് മാത്രമല്ല രോഗ ശാന്തിക്കും ഏറെ ഗുണകരമാണ്.

പ്രമേഹം, രക്താതിസമ്മർദ്ദം തുടങ്ങിയ ജീവിതശൈ ലി രോഗങ്ങളെ ചെറുക്കുവാനും അവ മൂലമുള്ള ബുദ്ധിമുട്ടുകൾ കുറക്കുവാനും യോഗ സഹായകര മാകുന്നു. ആർത്തവ ക്രമക്കേടുകൾ, ആർത്തവ സമ യത്തെ വേദന തുടങ്ങി പല സ്ത്രീ രോഗങ്ങളിലും ചികിത്സയിൽ യോഗയ്ക്ക് വളരെ പ്രാധാന്യമുണ്ട്. ഗർഭ ണികളിലും വൈദ്യ നിർദ്ദേശ പ്രകാരം യോഗ ചെയ്യു ന്നത് ഗുണകരമാണ്. വിദ്യാർത്ഥികളിൽ ഏകാഗ്രത യും ഓർമശക്തിയും വർദ്ധിപ്പിക്കുവാനും മാനസിക

സമ്മർദ്ദം കുറക്കുവാനും യോഗയും പ്രാണായാമവും വളരെ ഫലപ്രദമാണ്.

ഇന്ന് അന്തർദേശീയ തലത്തിൽ തന്നെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ് യോഗ . എല്ലാ വർഷവും ജൂൺ 21 അന്തർദേശീയ യോഗ ദിനമായി ആചരിക്കുന്നു. യോഗ സാധാരണ ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തു ആയുഷ് വകുപ്പിന് കീഴിൽ വരുന്ന നിരവധി ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ വഴി യോഗാ ഇൻസ്ട്രക്ടറുടെ സേവനം ലഭ്യമാക്കുന്നുണ്ട്. ഇതുവഴി പൊതുജനാരോഗ്യ രംഗത്ത് യോഗയുടെ ഗുണങ്ങൾ കൂടി ലഭിക്കുന്നു. യോഗ ശീലമാക്കുന്ന ഒരു സമൂഹത്തിനു ജീവിതശൈലി രോഗങ്ങളെ പ്രതിരോധിക്കുവാനും ആരോഗ്യം മെച്ചപ്പെടുത്തുവാനും സാധിക്കുന്നു.

2023-ലെ അന്തർദ്ദേശീയ യോഗദിനത്തിന്റെ ഭാഗമായി ആയുഷ് വകുപ്പ് ഒരു നൂതന ആശയം ആണ് വച്ചിട്ടുള്ളത്. എല്ലാ പഞ്ചായത്തുകളിലെയും തിരഞ്ഞെടുത്ത ഓരോ വാർഡിൽ യോഗാ ക്ലബുകൾ രൂപീകരിക്കുവാനാണ് ഈ വർഷം യോഗ ദിനത്തിൽ ആഹ്വാനം ചെയ്യിട്ടുള്ളത്. ഇത് വഴി വളരെ സാധാരക്കാരായ ജനങ്ങളിലേക്കും യോഗയുടെ ഗുണങ്ങൾ എത്തുകയും യോഗയ്ക്ക് കൂടുതൽ പ്രചാരം കിട്ടുകയും ചെയ്യുന്നതും. അങ്ങനെ ചുരുങ്ങിയ കാലം കൊണ്ട് കേരളത്തെ ഒരു സമ്പൂർണ യോഗ സംസ്ഥാനം ആക്കുവാനും സാധിക്കും. ഈ ഒരു ലക്ഷ്യം മുന്നിൽ കണ്ടു കൊണ്ട് കേരളത്തിലെ എല്ലാ ആയുഷ് സ്ഥാപനങ്ങളും വെൽനെസ്സ് സെന്റർ ആയി ഉയർത്തേണ്ടതാണ്.

ഒരു പഞ്ചായത്തിലെ എല്ലാ വാർഡും എന്ന രീതിലേക്ക് യോഗാ ക്ലബ്ബുകൾ പ്രചരിപ്പിക്കേണ്ടതുണ്ട്. ഇതിനായി എല്ലാ പഞ്ചായത്തിലും ഓരോ യോഗ പരിശീലകർ വീതം ആവശ്യമായി വരും.

സ്കൂൾ തലം മുതൽ തന്നെ കുട്ടികൾക്ക് യോഗ പരിശീലിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും ആയുഷ് ഗ്രാമം പദ്ധതിയുടെ കീഴിൽ ഉള്ള സ്കൂളുകളിൽ ആയുഷ് ക്ലബുകൾ രൂപീകരിച്ചിട്ടുണ്ട്. ഈ ക്ലബ്ബുകൾ വഴി സ്ഥിരമായി യോഗ പരിശീലനവും ബോധവത്കരണ ക്ളാസ്സുകളും നടത്തി വരുന്നുണ്ട്. ഇത് വിദ്യാഭ്യാസ വകുപ്പിന്റെ കൂടെ സഹകരണത്തോടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കേണ്ടതാണ്. എല്ലാ സർക്കാർ സ്ഥാപനങ്ങളിലും ജീവക്കാർക്ക് യോഗ പരിശീലനം നൽകുകയും ദിവസവും ഒരു മണിക്കൂർ നേരം യോഗക്കായി ഒരു Y ബ്രേക്ക് വക്കുകയും ചെയ്യേണ്ടതാണ്. ഇത് വഴി ഉദ്യോഗസ്ഥരുടെ മാനസിക സമ്മർദ്ദം കുറക്കുവാനും കാര്യക്ഷമത കൂട്ടുവാനും സാധിക്കും. കൂടാതെ ആശുപത്രികളിലും ഡിസ്പെൻസറികളിലും ചികിത്സ തേടി എത്തുന്ന രോഗികൾക്ക് അവരുടെ രോഗാവസ്ഥക്ക് ചേർന്ന രീതിയിലുള്ള യോഗ പരിശീലിപ്പിക്കുക വഴി രോഗശാന്തിക്ക് സഹായകമാവുന്നു . സ്പെഷ്യലിറ്റി OP കളിലും യോഗ കൂടി ഉൾപ്പെടുത്തുക വഴി രോഗികൾക്ക് കൂടുതൽ ഗുണം കിട്ടുന്നു. മാനസിക രോഗ ശാന്തിക്കും യോഗയ്ക്ക് വലിയ ഗുണങ്ങൾ ഉണ്ട്. ലഹരി വിമുക്തി, പുനരധിവാസം എന്നീ മേഖലകളിലും യോഗയ്ക്ക് വലിയ സാധ്യതകളാണുള്ളത്.

നാഷണൽ ആയുഷ് മിഷൻ, ഭാരതീയ ചികിത്സാ വകുപ്പ്, ഹോമിയോപ്പതി വകുപ്പ് എന്നിവർ ചേർന്ന് മറ്റു വകുപ്പുകളുടെയും സഹകരണത്തോടെ പ്രവർത്തിച്ചാൽ കുറഞ്ഞ കാലം കൊണ്ട് തന്നെ കേരളത്തെ സമ്പൂർണ യോഗാ സംസ്ഥാനമാക്കി മാറ്റുവാൻ നമുക്ക് സാധിക്കും.

1 അസ്സോസിയേറ്റ് പ്രൊഫസർ, VPSV ആയുർവേദ കോളേജ് കോട്ടക്കൽ

2 മെഡിക്കൽ ഓഫീസർ, ഭാരതീയ ചികിത്സാ വകുപ്പ്

3 മെഡിക്കൽ ഓഫീസർ, ആയുഷ്ഗ്രാമം നിലമ്പൂർ

108

# കേരളത്തിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ആയുർവേദത്തിന്റെ പങ്ക്

ഡോ. രാജ്മോഹൻ വി.

ഇന്ത്യയിലെ തന്നെ ആദ്യത്തെ കോവിഡ് രോഗിയെ കേരളത്തിൽ കണ്ടെത്തിയതു മുതൽ മാതൃകാപരമായ പ്രവർത്തനങ്ങളാണ് ഈ മഹാമാരിയുടെ പ്രതിരോധത്തിനായി കേരള സർക്കാർ കൈക്കൊണ്ടത്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് വികേന്ദ്രീകൃതമായും പൊതുജന പങ്കാളിത്തത്തോടെയും ശാസ്ത്രീയമായി നടപ്പിലാക്കിയ കേരളത്തിന്റെ കോവിഡ് പ്രവർത്തനങ്ങൾ ലോക രാജ്യങ്ങൾക്കിടയിൽ തന്നെ ഏറെ ശ്രദ്ധപിടിച്ചുപറ്റുകയുണ്ടായി. ഈ മഹാമാരിയുടെ ആദ്യഘട്ടത്തിൽ തന്നെ ആയുർവേദ പ്രതിരോധ ചികിത്സാ മാർഗ്ഗങ്ങളെ കോവിഡിനെതിരെ ഫലപ്രദമായി ഉപയോഗിക്കുവാൻ കേരള സർക്കാരിനു സാധിച്ചു. അതിനായി 2020 ആദ്യം തന്നെ മുഖ്യമന്ത്രി നിയമിച്ച വിദഗ്ധ സമിതി നിർദേശാനുസരണം സർക്കാർ സംസ്ഥാന, മേഖലാ ജില്ലാ തലങ്ങളിൽ ആയുർവേദ കോവിഡ് – 19 റെസ്പോൺസ് സെല്ലുകൾ രൂപീകരിച്ചു. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ഭാരതീയ ചികിത്സാ വകുപ്പ്,

നാഷണൽ ആയുഷ് മിഷൻ എന്നീ വകുപ്പുകളുടെ സജീവ സഹകരണത്തിലും മേൽനോട്ടത്തിലും വിഭാവനം ചെയ്ത് നടപ്പിലാക്കിയ പ്രവർത്തനങ്ങളിൽ ആയുർവേദ സ്വകാര്യ മേഖലയും സജീവമായി സഹകരിച്ചു. സംസ്ഥാനത്തെ എല്ലാ സർക്കാർ ആയുർവേദ സ്ഥാപനങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും, ആയുർവേദ മേഖലയിലെ സ്വകാര്യ സ്ഥാപനങ്ങൾ, ചികിത്സകർ, ആയുർവേദ വൈദ്യവിദ്യാർത്ഥികൾ എന്നിവരുടെയും പ്രതിനിധികളെയുൾപ്പെടുത്തി ആയുർരക്ഷാ ക്ലിനിക്കുകളും ആയുർരക്ഷാ ടാസ്ക് ഫോഴ്സുകളും രൂപീകരിച്ചു. കോവിഡ് പ്രതിരോധത്തിനായി സ്വാസ്ഥ്യം, സുഖായുഷ്യം, കോവിഡാനാന്തരമുണ്ടാകുന്ന അനുബന്ധ രോഗങ്ങൾക്ക് പുനർജനി എന്നിവയാണ് ആദ്യമായി ആരംഭിച്ച കോവിഡ് പദ്ധതികൾ. ഇത്തരത്തിൽ കോവിഡിനെതിരെ ആയുർവേദ ചികിത്സ നടപ്പിലാക്കിയ ആദ്യ സംസ്ഥാനമെന്ന ബഹുമതി കേരളത്തിന് ലഭ്യമായി. കേരളത്തിലെ 1206 ആയുർരക്ഷാ ക്ലിനിക്കുകളിലൂടെ നടപ്പിലാക്കിയ കോവിഡിനെതിരെയുള്ള പദ്ധതികളുടെ ഗുണഫലങ്ങൾ കൃത്യമായി വിശകലനം ചെയ്ത് അതതു സമയങ്ങളിൽ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ സ്റ്റേറ്റ് ആയുർവേദ കോവിഡ്– 19 റെസ്പോൺസ് സെല്ലിനു സാധിച്ചതിന്റെ ഫലമായി 2020 മെയ് മാസത്തിൽ കോവിഡ് ക്വാറണ്ടൈനിലുള്ളവർക്കുള്ള അമൃതം എന്ന പ്രതിരോധ പദ്ധതിയും 2021 നവംബർ മാസത്തോടെ ഗുരുതരാവസ്ഥയിലല്ലാത്ത കോവിഡ് രോഗികളുടെ ചികിത്സയ്ക്കായുള്ള ഭേഷജം എന്ന പദ്ധതിയും സർക്കാർ നടപ്പിലാക്കി. ക്വാറന്റൈനിലിരിക്കെ അമൃതം പദ്ധതിയുടെ ഉപയോക്താക്കളായിരുന്ന 101218 പേരിൽ 0.34% പേർ മാത്രമാണ് പിന്നീട് കോവിഡ് ടെസ്റ്റ് പോസിറ്റീവായത്. കോവിഡ് ബാധിതരായി ആയുർവേദ ഔഷധം കൂടി ഉപയോഗിച്ചിവരിൽ 0.45% (9855 പേരിൽ നടത്തിയ പഠനം) പേരെ മാത്രമെ റെഫർ ചെയ്യേണ്ടതായി വന്നുള്ളു. കോവിഡാനന്തര ബുദ്ധിമുട്ടുകൾക്ക് പുനർജനിയിൽ ചികിത്സ തേടിയ 4871 പേരിൽ നടത്തിയ നിരീക്ഷണത്തിൽ എല്ലാവരും തന്നെ 60 ദിവസത്തിനുള്ളിൽ രോഗമുക്തരാകുകയും ചെയ്തു. കേരളത്തിൽ കോവിഡ് പ്രതിരോധത്തിനായി ആയുർവേദം ഉപയോഗിച്ച മാതൃകയാക്കാവുന്ന രീതിയും, അമൃതത്തിന്റെ ക്വാറന്റൈൻ രോഗികളിലെ പ്രയോജനവും മറ്റും മികച്ച അന്താരാഷ്ട്രാ ശാസ്ത്ര ജേർണലിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്.

അസോസിയേറ്റ് പ്രൊഫസർ, ഗവൺമെന്റ് ആയുർവേദ കോളേജ്, തിരുവനന്തപുരം, 9496097857ഓന

109

# നാഷണൽ ആയുഷ് മിഷൻ

ഡോ. സജി പി.ആർ.

സാമൂഹ്യവികസനത്തിന് അതിപ്രധാനമായ പങ്കുവഹിക്കുന്ന മേഖലയാണ് ആരോഗ്യം. എല്ലാ വിഭാഗം ജനങ്ങൾക്കും ആരോഗ്യസേവനം ഉറപ്പാക്കുന്നതിന് ആയുഷ് വകുപ്പ് നിരവധി പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. കേന്ദ്രസർക്കാരിന്റെ സാമ്പത്തിക പിന്തുണയോടെ ആയുഷ് മേഖലയിൽ വിവിധ കേന്ദ്രാവിഷ്കൃത പരിപാടികൾ നടപ്പിലാക്കുന്നതിനാണ് കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റെ കീഴിൽ 2014 ൽ (12-ാം പഞ്ചവത്സര പദ്ധതി) നാഷണൽ ആയുഷ് മിഷൻ രൂപം കൊണ്ടിട്ടുള്ളത്. കേരളത്തിൽ 2015 മുതൽ പ്രവർത്തനം ആരംഭിച്ചു. ആയുഷ് ആരോഗ്യ ശാസ്ത്രങ്ങളായ ആയുർവേദം യോഗ & നാച്ചുറോപ്പതി, യുനാനി, സിദ്ധ, ഹോമിയോപ്പതി എന്നിവയെ മുഖ്യധാരയിൽ എത്തിക്കുക എന്നതാണ് ആയുഷ് മിഷന്റെ ലക്ഷ്യം. ആയുഷ് വകുപ്പിന് കീഴിലുള്ള നാഷണൽ ആയുഷ് മിഷൻ പ്രവർത്തനം സംസ്ഥാനത്ത് സ്റ്റേറ്റ് ആയുഷ് ഹെൽത്ത് സൊസൈറ്റിയുടെയും, ജില്ലകളിൽ ജില്ലാ ആയുഷ് ഹെൽത്ത് സൊസൈറ്റിയുടെയും നിയന്ത്രണത്തിൽ നടക്കുന്നു. ആയുഷ് മേഖലയിലെ അടിസ്ഥാന സൗകര്യ വികസന - മാനവവിഭവശേഷി പദ്ധതികളും ആശുപത്രികളിൽ ആവശ്യമായ ജീവനക്കാരെ നല്കുന്നതും ട്രൈബൽ മേഖലകളിലടക്കം നടത്തുന്ന പ്രോജക്ടുകളും ആയുഷ്മാൻ ഭാരത് ആയുഷ് ഹെൽത്ത് വെൽനെസ്സ് സെന്ററുകളുമാണ് നാഷണൽ ആയുഷ് മിഷൻ നടപ്പിലാക്കി വരുന്നത്. പുതിയതായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പ്രവർത്തനം ആയുഷ് മേഖലയിലെ മെഡിക്കൽ ടൂറിസം മേഖലയുടെ അടിസ്ഥാന സൗകര്യ വികസനം ആണ്. CSS സ്കീം അനുസരിച്ച് 60 ശതമാനം കേന്ദ്രവിഹിതവും, 40 ശതമാനം സംസ്ഥാന വിഹിതവും ആണ് നാഷണൽ ആയുഷ് മിഷൻ പദ്ധതികൾക്കായി ചെലവഴിക്കേണ്ടത്.

ആയുഷ്മാൻ ഭാരത് ആയുഷ് ഹെൽത്ത് & വെൽനെസ്സ് സെന്റർ (AYUSH HWC) എന്നത് നാഷണൽ ആയുഷ് മിഷൻ വഴി നടപ്പിലാക്കുന്ന ആയുഷ് മേഖലയിലെ ഏറ്റവും സുപ്രധാനമായ ആയ ഒരു പദ്ധതിയാണ്. AYUSH HWC വഴി കേരളത്തിൽ 'സ്വാസ്ഥ്യ' എന്ന പ്രത്യേക പദ്ധതിക്ക് സർക്കാർ രൂപം കൊടുത്തി

ട്ടുണ്ട്. പരമ്പരാഗത ആയുഷ് രീതികൾ അവലംബിച്ചുള്ള പ്രസവ രക്ഷയും നവജാത ശിശുപരിചരണവും, കുട്ടികളുടെയും കൗമാരക്കാരുടെയും ആരോഗ്യസംരക്ഷണവും, വയോജനങ്ങളുടെ ആരോഗ്യസംരക്ഷണവുമാണ് സ്വാസ്ഥ്യ പദ്ധതിയിലൂടെ കൈകാര്യം ചെയ്യാൻ ഉദ്ദേശിക്കുന്നത്.

അതിൽ 2023-24 വർഷത്തോടുകൂടി ആകെ 600 ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ അനുവദിക്കും എന്നതാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. ഏറ്റവും നന്നായി പദ്ധതി നിർവ്വഹണം നടത്തുന്ന സംസ്ഥാനമെന്ന പരിഗണനയിൽ കൂടുതൽ ഫണ്ട് അടിസ്ഥാന സൗകര്യവികസനത്തിനടക്കം തരാമെന്ന് കേന്ദ്രം അറിയിച്ചിട്ടുണ്ട്. 2022-23 കാലയളവിൽ അനുവദിക്കപ്പെട്ട 280 പുതിയ യൂണിറ്റുകളടക്കം ആകെ 520 ആയുഷ് ഹെൽത്ത് & വെൽനെസ്സ് കേന്ദ്രങ്ങളാണ് സംസ്ഥാനത്ത് പ്രവർത്തനക്ഷമമായിട്ടുള്ളത്.

ആയുഷ് സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യ വികസനത്തിനായി ആയുഷ് സർവീസസ് പദ്ധതികൾ, ഇന്റഗ്രേറ്റഡ് ആയുഷ് ആശുപത്രികളുടെ നിർമ്മാണം, ആയുഷ് ഗ്രാമം പദ്ധതി, ആരോഗ്യ സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനായുള്ള KASH AYUSH നിലവാരം, ഇ-സഞ്ജീവനി, ടെലിമെഡിസിൻ എന്നിവയൊ ക്കെ മിഷന്റെ വിവിധ പ്രവർത്തനങ്ങളിൽപ്പെടുന്നു. 2019-ലെ ഇന്റർനാഷണൽ ആയുഷ് കോൺക്ലേവ്, സ്കോച്ച് സിൽവർ അവാർഡ്, സമ്പൂർണ്ണ യോഗ ഗ്രാമം എന്നിവയൊക്കെ പ്രധാന നേട്ടങ്ങളായി വിലയിരുത്താവുന്നതാണ്. ഈ മിഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തി കൂടുതൽ ജനോപകാരപ്രദമാക്കാം.

സ്റ്റേറ്റ് കോ-ഓർഡിനേറ്റർ, നാഷണൽ ആയുഷ് മിഷൻ, Mob: 9447219750-

110

# ഭാരതീയ ചികിത്സാ വകുപ്പ് - സാന്ത്വന ചികിത്സാരംഗത്തെ അനിവാര്യത

ഡോ. എസ്. പത്മകുമാർ B.A.M.S

ചികിത്സയിലൂടെ പൂർണ്ണ രോഗമുക്തി നേടിക്കൊടുക്കുവാൻ കഴിയാത്ത കാൻസർ, പക്ഷാഘാതം പോലെയുള്ള ഗുരുതര രോഗാവസ്ഥകളും, അതിവാർദ്ധക്യം നിമിത്തമുള്ള വൈകല്യങ്ങൾ എന്നിവമൂലം തുടർപരിചരണം അനിവാര്യമായ വ്യക്തികൾക്ക് ശാരീരിക, മാനസിക, സാമൂഹിക, ആത്മീയമായ പിന്തുണ നൽകി അവരുടെ ശിഷ്ടകാല ജീവിതം പരമാവധി ഗുണമേന്മയോടെ നിലനിർത്തുവാനായും അന്തസ്സ് ഉള്ള ഒരു ജീവിതാന്ത്യം ഉറപ്പ് നൽകുവാനും ഉള്ള സമഗ്ര ആരോഗ്യ പരിപാടിയാണ് സാന്ത്വന ചികിത്സ.

ഏറ്റവും പുതിയ ജനസംഖ്യാ പഠനമനുസരിച്ച് 2036-ൽ വയോജന സാന്ദ്രതയിൽ 23% വർദ്ധനവാണ് പ്രതീക്ഷിക്കുന്നത്. അതിനാൽ അവർക്കായി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കേണ്ടത് അനിവാര്യമാണ്. 1993 ൽ കോഴിക്കോട് ചെറിയ രീതിയിൽ ആരംഭിച്ച NNPC എന്ന പ്രസ്ഥാനം നിലവിൽ, സർക്കാർ സംവിധത്തിന്റെ നേതൃത്വത്തിൽ സന്നദ്ധ സംഘടനകളെ ഉൾപ്പെടുത്തി നടന്നുവരുന്ന ഏറ്റവും വലിയ ജനകീയ ആരോഗ്യ പ്രസ്ഥാനം ആയി മാറിക്കഴിഞ്ഞിരിക്കുന്നു. എങ്കിലും 30000 ജനങ്ങൾക്ക് പ്രാഥമിക തലത്തിൽ ഒരു പാലിയേറ്റീവ് ടീം എന്ന ലക്ഷ്യത്തിലെത്തിച്ചേർന്നിട്ടില്ല. സാന്ത്വന ചികിത്സ എന്ന ആശയം മുന്നോട്ട് വയ്ക്കുന്ന ആവശ്യങ്ങൾക്ക് അനുസരിച്ചു പ്രവർത്തിക്കാൻതക്ക ആശയകരുത്തും പ്രായോഗികതയുമുള്ള ചികിത്സാ ശാസ്ത്രമാണ് ആയുർവേദം.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങളിൽ കണ്ട പരിമിതികൾ മറികടന്ന് ഗുണമേന്മ മെച്ചെപ്പടുത്തുവാൻ അരികെ എന്നൊരു സാന്ത്വന പരിചരണ പ്രോജക്ടും, നാഷണൽ ആയുഷ് മിഷൻ വഴി സ്നേഹധാര എന്ന പ്രോജക്ടും സംസ്ഥാന വ്യാപകമായി നടപ്പിലാക്കി വരുന്നു. കിടത്തി ചികിത്സ ഉറപ്പാക്കുവാനായി കിടത്തി ചികിത്സ ഉള്ള എല്ലാ ഭാരതീയ ചികിത്സ വകുപ്പ് സ്ഥാപനങ്ങളിലും സെക്കണ്ടറി കെയർ യൂണിറ്റുകളും ആരംഭിച്ചു കഴിഞ്ഞു. സന്നദ്ധ പ്രവർത്തകർ, ആശാ പ്രവർത്തകർ എന്നിവർക്ക് ആയുർവേദത്തിന്റെ സാധ്യതകൾകൂടി പരിചയപ്പെടുത്തുവാനുള്ള പരിശീലനങ്ങളും വകുപ്പിലെ ജീവനക്കാരുടെ സേവന ഗുണമേന്മ മെച്ചപ്പെടുത്തുവാനുള്ള സംയോജിത പരിശീലന പരിപാടികളും വകുപ്പ് നടത്തിവരുന്നു. ജനാഭിലാഷത്തിന് ആനുപാതികമായി സേവനം മെച്ചെപ്പടുത്തുവാൻ ആയുർപാലിയം പ്രോജക്ട് കേരളം മുഴുവൻ വ്യാപിപ്പിക്കുവാൻ വേണ്ട സാധ്യതകൾ ആരായേണ്ടതുണ്ട്. വകുപ്പിന്റെ എല്ലാ ഡിസ്പെൻസറികളിലും ആയുർകർമ്മ മോഡൽ പ്രോജക്ട് നടപ്പിലാക്കുകവഴി വകുപ്പിന്റെ പ്രവർത്തനത്തിൽ കൂടുതൽ ദൃശ്യത കൈവരിക്കുവാനാകും.

റിട്ട .സീനിയർ മെഡിക്കൽ ഓഫീസർ, ഭാരതീയ ചികിത്സാ വകുപ്പ്, Mob: 9446973222

111

# ഗവണ്മെന്റ് ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റൽ ഹെൽത്ത് ആന്റ് ഹൈജീൻ - ഒരു ലഘു വിവരണം

ഡോ. പാർവതി

സംസ്ഥാന സർക്കാരിന്റെ ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ മലപ്പുറം കോട്ടക്കലിനടുത്ത് എടരിക്കോട് പഞ്ചായത്തിലെ പൊട്ടിപ്പാറ എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഗവ. ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റൽ ഹെൽത്ത് ആൻഡ് ഹൈജീൻ 1974ൽ ആണ് സ്ഥാപിതമായത്.

മാനസിക രോഗങ്ങൾ നേരിടുന്നവർക്ക് സർക്കാർ തലത്തിൽ കുറഞ്ഞ ചെലവിൽ ആധികാരികമായ ആയുർവേദ ചികിത്സ നൽകുന്ന പ്രധാനപ്പെട്ട സ്ഥാപനമായി GARIM മാറി. നമ്മുടെ രാജ്യത്ത് വിവിധങ്ങളായ മാനസിക പ്രശ്നങ്ങൾ മൂലം പീഡയനുഭവിക്കുന്നവർക്ക് ആശ്രയമായിട്ടുള്ള ഏക ആയുർവേദ സ്ഥാപനം കൂടിയാണ് GARIM രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ചികിത്സക്കായി നിരവധി പേരാണ് സ്ഥാപനത്തിൽ വന്നുകൊണ്ടിരിക്കുന്നത്.

രോഗത്തിന്റെ പിടിയിലകപ്പെട്ടവരെ ചികിത്സകൾക്കുശേഷം സാധാരണ ജീവിതത്തിലേക്ക് തിരികെ എത്തിക്കുന്നതിനായുള്ള റിഹാബിലിറ്റേഷൻ സൗകര്യങ്ങൾ, രോഗികൾക്കായുള്ള വിവിധ വിനോദ ഉപാധികൾ, മനോഹരമായ ഉദ്യാനം എന്നിവയും ഇവിടെ സജ്ജമാണ്. ആയുർവേദ ചികിത്സകളോടൊപ്പം തന്നെ വിവിധ മാനസിക രോഗങ്ങൾക്കായി പ്രത്യേകം രൂപപ്പെടുത്തിയിട്ടുള്ള യോഗാസനങ്ങൾ, പ്രാണയാമം, ധ്യാനം എന്നിവ ഉൾപ്പെടുത്തികൊണ്ടുള്ള പ്രത്യേക ചികിത്സാ രീതി ഫലപ്രദമായി ഇവിടെ പ്രയോജനപ്പെടുത്തി വരുന്നു.

രോഗശമനത്തിലൂടെയും മാനസികാരോഗ്യം വർദ്ധിപ്പിക്കുന്നതിലൂടെയും മാനസികാരോഗ്യത്തിന്റെ പ്രാധാന്യം ബോധവൽക്കരിക്കുന്നതിലൂടെയും ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയും മാനസികക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുക. മാനസികാരോഗ്യ രംഗത്ത് പ്രവർത്തിക്കുന്ന മറ്റു ഉന്നതസ്ഥാപനങ്ങളുമായി സംയോജിച്ച് സ്ഥാപനത്തെ ലോക നിലവാരത്തിലേക്കുയർത്തുക. പൊതുജനങ്ങളെ മാനസികാരോഗ്യ പരിപാലനത്തെക്കുറിച്ച് ബോധവന്മാരാക്കുക. മാനസികപ്രശ്നങ്ങൾ നിയന്ത്രിക്കാനുള്ള ചര്യകൾ ശീലിപ്പിക്കുക എന്നിവയാണ് GARIMന്റെ ഉദ്ദേശലക്ഷ്യങ്ങൾ.

പ്ലാൻ പ്രോജക്റ്റിന്റെ ഭാഗമായി സുധീനം, സുസ്മൃതം, കുസൃതി, അനവദ്യ എന്നിവയും NAM പ്രോജക്ടിന്റെ ഭാഗമായി പ്രതീക്ഷ, മേധ എന്നിവയും നടപ്പിലാക്കുന്നു. കൂടാതെ ജീവാമൃതം, ചിറകുകൾ എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു.

സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ആശുപത്രിയെ 100 കിടക്കകളാക്കുകയും സെന്റർ ഓഫ് എക്സ് ലെൻസ് പദവിയിലേക്കുയർത്തുക വഴി കൂടുതൽ ജനങ്ങളിലേക്ക് ഈ സ്ഥാപനത്തിന്റെ പ്രയോജനം ലഭ്യമാക്കാനും, മറ്റു സംസ്ഥാനങ്ങളിലേക്കും ഈ സ്ഥാപനത്തെക്കുറിച്ചുള്ള വിവര ങ്ങളും മാനസികാരോഗ്യ ചികിത്സയും ആയുർവേദത്തിന്റെ പ്രാധാന്യവും പ്രചരിപ്പിക്കാനും കഴിയുന്നതാണ്.

നിലവിൽ ഗവേഷണകേന്ദ്രമാണെങ്കിൽകൂടിയും പരിമിത സൗകര്യങ്ങളെ മറികടന്ന് വിപുലമായ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയുള്ള ഒരു ഗവേഷണ കേന്ദ്രമായി സ്ഥാപനത്തിനെ ഉയർത്തേണ്ടത് അത്യാവശ്യമാണ്.

മാനസികാരോഗ്യ സേവനങ്ങൾ ഈ ആശുപ്രതിയിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. കൂടുതൽ ജനങ്ങളിലേക്ക് ആയുർവേദ മാനസികാരോഗ്യ ചികിത്സ ലഭ്യമാക്കണമെങ്കിൽ മാനസികരോഗ വിദഗ്ധരെ നിയമിക്കേണ്ടതാണ്. മാനസിക ആരോഗ്യ പദ്ധതികൾ വർദ്ധിപ്പിക്കുകയും യൂട്യൂബ് ചാനൽ തുടങ്ങുകയും വേണം.

സൂപ്രണ്ട്, ഗവ. ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റൽ ഹെൽത്ത് & ഹൈജീൻ

112

# Enhancing efficiency in Indian System of Medicine Department

Dr. Sunitha R.T.

Enhancing efficiency in any system requires a multifaceted approach that addresses various aspects like good governance, infrastructure, education and skills, healthcare facilities, public service, sustainable economic development etc. It is an indisputable fact that Ayurveda, which is claimed to be India's unique medical system, will pave the way for the advancement of that science in the natural beauty of Kerala. For its excellence, the ISM department has to go a long way to fulfilling the above-mentioned needs even if it stands for public service. This abstract highlights key strategies and approaches to improve the efficiency of the Indian System of Medicine to promote social welfare by generating revenue and ultimately leading to development. To achieve this, in the present scenario, we have to focus on areas like drug manufacturing industries by making Kerala a national hub for raw and finished Ayurvedic products by forming co-operative societies of Ayurveda graduates for revenue generation and framed based on a kutumbasree model under the flood project. We should also focus on manufacturing fertiliser from waste formed as a result of medicine manufacturing. This project may highlight a way to convert waste oil(generated after panchakarma procedures) to fuel or in usable form. Integrating traditional and modern medicine is essential to creating a comprehensive healthcare framework. To achieve these, we can start an Ayurveda course and a yoga wellness centre for foreigners and a Bridge course for modern medicine doctors, scientists and other scholars who are interested in learning science. Sustainable tourism practices will also enhance the efficiency of the department by starting the Ayurveda panchakarma & yoga wellness unit in KTDC resort, class hotels and other multi-speciality hospitals. Leveraging technology and digitalisation by incorporating the IT sector will improve its efficiency, plantation / cultivation of medicinal plants in schools/colleges, including professionals, and there, by generating revenue by purchasing the same through Krishibhavan, etc, (income generation for students), which is helpful for economically backward students implemented should be implemented in accordance with Physical training hours, helpful for maintaining health of young generation and improves confidence level and make them fit for self sufficiency. Academicians should also participate.(earning money from childhood onwards make the people healthy and wealthy). Making contemporary devices in panchakarma procedures also makes this system fruitful. In conclusion, conducting research studies under the guidance of scholars from the modern sciences will pave the way for the development and efficacy of the system.

---

Associate professor (On deputation from ISM department), Government Ayurvedacollege, iruvananthapuram, Mobile no:9496496228, Mail id:dr.sulu007@gmail.com

# 113

## സ്പോർട്സ് ആയുർവേദ റിസർച്ച് സെല്ലുകൾ

ഡോ. ഷൈൻ എസ്.

2009ൽ ഭാരതീയ ചികിത്സാവകുപ്പ് കായികതാരങ്ങളുടെ പരിക്കുകൾ ആയുർവേദ ചികിത്സാ രീതികൾ ഉപയോഗിച്ച് ഭേദമാക്കുന്നതിനും അവരുടെ കായികക്ഷമത വർദ്ധിപ്പിച്ച് മത്സരങ്ങളിൽ കൂടുതൽ വിജയങ്ങൾ നേടുന്നതിനുമായി സ്പോർട്സ് ആയുർവേദ റിസർച്ച് സെല്ലുകൾ സ്ഥാപിച്ചു. ഇപ്പോൾ നിലവിൽ 9 ജില്ലകളിലായി 24 SARC യൂണിറ്റുകൾ പ്രവർത്തിച്ച് വരുന്നു. സായി സെന്ററുകൾ, സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, ജില്ലാ സ്പോർട്സ് കൗൺസിലുകൾ, സ്പോർട്സ് സ്കൂളുകൾ എന്നിവയിലാണ് ഇത് പ്രവർത്തിച്ചു വരുന്നത്

സാർക് യൂണിറ്റുകളിൽ കായിക താരങ്ങൾക്ക് പ്രീ ഇവന്റ്, ഇവന്റ്, പോസ്റ്റ് ഇവന്റ് സമയങ്ങളിൽ ആവശ്യമായ ആയുർവേദ ചികിത്സകൾ നൽകിവരുന്നു. കായികതാരങ്ങൾക്ക് ആവശ്യമായ പ്രത്യേകം തയ്യാർ ചെയ്ത മാതൃകകളും യൂണിറ്റുകളിൽ കൂടി നൽകിവരുന്നുണ്ട്. നിരവധി ദേശീയ, അന്തർദേശീയ, ഒളിമ്പിക് താരങ്ങൾ സ്പോർട്സ്, ആയുർവേദ യൂണിറ്റുകളിൽ ചികിത്സ നേടിയിട്ടുണ്ട്. ഏഷ്യയിലെ തന്നെ ആദ്യത്തെ സ്പോർട്സ് ആയുർവേദ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി കിസാർ തൃശ്ശൂരിൽ മികച്ച സൗകര്യങ്ങളോടുകൂടി പ്രവർത്തിച്ച് വരുന്നു. കോമൺവെൽത്ത് ഗെയിംസ്, നാഷണൽ ഗയിംസുകൾ, വിവിധ ദേശീയ മത്സരങ്ങൾ എന്നിവയിൽ കേരള ടീമിനോടൊപ്പം സാർക്ക് യൂണിറ്റുകൾ പ്രവർത്തിച്ച് വരുന്നു. തലസ്ഥാനത്ത് കിടത്തി ചികിത്സയോട് കൂടിയ സൂപ്പർ സ്പെഷ്യാലിറ്റി സ്പോർട്സ് ആയുർവേദ ആശുപത്രി സ്ഥാപിച്ചാൽ കായികതാരങ്ങൾക്ക് വളരെ സൗകര്യപ്രദം ആകും. തൃശ്ശൂർ സ്ഥാപിച്ച കിസാറിന്റെ സൗകര്യങ്ങളോട് കൂടിയ ആശുപത്രി ആണ് സ്ഥാപിക്കേണ്ടത്. ടൂറിസം വകുപ്പുമായി ചേർന്ന് കേരളത്തിന്റെ തനതായ ഈ സ്പോർട്സ് ചികിത്സയെ അന്തർദേശീയ തലത്തിൽ മാർക്കറ്റ് ചെയ്യാൻ സാധിക്കണം. അനുദിനം വ്യാപകമാകുന്ന ഹെൽത്ത് ടൂറിസത്തിന്റെ ഭാഗമായി സ്പോർട്സ് ചികിത്സയെ മാറ്റുന്നതിന് അനന്തമായ സാധ്യതകളാണ് കേരളത്തിനുള്ളത്.

സ്റ്റേറ്റ് കോ-ഓർഡിനേറ്റർ, സ്പോർട്സ് ആയുർവേദ ഭാരതീയ ചികിത്സാവകുപ്പ്, ഫോൺ: 9447281344

# 114

## ഹോമിയോവകുപ്പ്

ഡോ. ടിൻങ്കിൾ സുരേന്ദ്

മികച്ച രോഗചികിത്സ, രോഗ പ്രതിരോധം, സാന്ത്വന ചികിത്സ തുടങ്ങിയ ആരോഗ്യ ആവശ്യങ്ങൾ, "ചുരുങ്ങിയ ചെലവിൽ എല്ലാവർക്കും ആരോഗ്യം" എന്ന പ്രഖ്യാപിത ലക്ഷ്യത്തിലേക്കുള്ള നടപടികൾ സർക്കാരിന്റെ മികച്ച പിന്തുണയോടുകൂടി ഹോമിയോ വകുപ്പിൽ നടപ്പിലാക്കി വരുന്നു. 2008 ഹോമിയോ ഡിസ്പെൻസറുകൾ നിലവിലുള്ളതിൽ 65 എണ്ണം NABH അംഗീകാരത്തിനുള്ള നടപടികളിലേക്ക് എത്തിയിട്ടുണ്ട്. വന്ധ്യത നിവാരണ ചികിത്സാ പദ്ധതിയായി ജനനി, സാംക്രമിക രോഗനിവാരണവും പ്രതിരോധവുമായി ബന്ധപ്പെട്ട് പ്രവർത്തനക്ഷമമാക്കിയ RAECH, സ്ത്രീകളുടെ മാനസിക ഭൗതിക ശാരീരിക ആരോഗ്യ ത്തെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച വകുപ്പിന്റെ പദ്ധതിയായ സീതാലയം, ജീവിതശൈലി രോഗ നിയന്ത്രണത്തിനുള്ള ആയുഷ്മാൻ, ഒരു ശിശു കൗമാര കേന്ദ്ര പദ്ധതിയായ സദ്ഗമയ, സാന്ത്വനപരിചരണ പദ്ധതിയായ ചേതന, ലഹരി വിമുക്തി ക്ലിനിക്കായ പുനർജനി, ആലപ്പുഴ ജില്ലയിലെ ഫ്ളോട്ടിങ് ഡിസ്പെൻസറി, ഇടുക്കിയിലെ സഞ്ചരിക്കുന്ന ഗോത്രവർഗ്ഗ മെഡിക്കൽ യൂണിറ്റ്, ഇടുക്കിയിലെ സ്പെഷ്യാലിറ്റി മൊബൈൽ ക്ലിനിക്ക് തുടങ്ങിയവ പ്രവർത്തിച്ചുവരുന്നു. തെരഞ്ഞെടുത്ത ആശുപത്രികളിലെ തൈറോയ്ഡ് ക്ലിനിക് ആസ്മ ക്ലിനിക്. സംസ്ഥാനത്തിൽ ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയ ഡിസ്പെൻസറികൾ ആരംഭിക്കേണ്ടതുണ്ട്. ഹോമിയോപ്പതി ഫാർമസിയിൽ സർട്ടിഫിക്കറ്റ് കോഴ്സുകൾ നിർത്തലാക്കി ബിരുദ നിലവാരമുള്ള കോഴ്സുകൾ ആരംഭിക്കുക. മരുന്ന് നിർമ്മാണ രംഗത്ത് ജി എം പി സ്റ്റാൻഡേർഡ് ഉറപ്പുവരുത്തുക. പ്രോജക്ടുകൾ അനവധി ഉണ്ടെങ്കിലും അവയിൽ ഇതുവരെ ഒരു ഇംപാക്റ്റ് സ്റ്റഡി നടത്തിയിട്ടില്ല. അത്തരത്തിലുള്ള പഠനങ്ങൾ

നടത്തി ഫലപ്രദമായ പ്രോജക്ടുകൾ തെരഞ്ഞെടുത്ത് ഇൻസ്റ്റിറ്റ്യൂഷണലൈസ് ചെയ്ത് സ്പെഷ്യാലിറ്റി ആശുപത്രികൾ ആരംഭിക്കേണ്ടതാണ്. ഹോം കോയിൽ ഡ്രഗ് ബേസ്ഡ് റിസർച്ചുകൾ നടത്താനുള്ള സൗകര്യങ്ങൾ ഉണ്ടാക്കേണ്ടതാണ്. കോട്ടയം കുറിച്ചി ആശുപത്രിയിലെ സ്ഥലസൗകര്യം പ്രയോജനപ്പെടുത്തി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്ന പദ്ധതി തയ്യാറാക്കേണ്ടതാണ്. ഹോംകോയുടെ കൈവശമുള്ള സ്ഥലത്ത് കൂടുതൽ സൗകര്യം ഉള്ള ഫാക്ടറി തുടങ്ങി സ്വകാര്യ സംരംഭകർക്ക് പ്രോത്സാഹനം നൽകി ഒരു ഹോമിയോ മരുന്ന് വ്യവസായ പാർക്ക് സ്ഥാപിക്കേണ്ടതുണ്ട്.

സർക്കാർ ഹോമിയോ ആശുപത്രി, വല്ലപ്പുഴ, പാലക്കാട്, Mob: 9846114910

## 115

# ഹോമിയോപ്പതി വിദ്യാഭ്യാസ മേഖല - പ്രശ്നങ്ങളും നിർദ്ദേശങ്ങളും

ഡോ. റിതേഷ്

അധ്യാപക മേഖലയിൽ തുടർ പരിശീലനത്തിനും ഗവേഷണങ്ങൾക്കും ഫണ്ട് അനുവദിക്കുകയും പ്രമോഷൻ സമയബന്ധിതമായി നടപ്പാക്കേണ്ടതുമുണ്ട്. ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് സ്ഥാപിക്കേണ്ടതുമാണ്. ബിരുദ വിദ്യാഭ്യാസ മേഖലയിൽ ക്ലിനിക്കൽ പരിശീലനത്തിന്റെ അപര്യാപ്തതയുണ്ട്. സർക്കാർ മുൻകൈയെടുത്ത് വിദ്യാർത്ഥികൾക്ക് ക്ലിനിക്കൽ പോസ്റ്റിംഗ് നൽകേണ്ടതുണ്ട്. ഉന്നത നിലവാരമുള്ള സ്കിൽ ലാബുകൾ സ്ഥാപിക്കണം. സ്മാർട്ട് ക്ലാസ് മുറികൾ, സെമിനാർ ഹാളുകൾ, കളിസ്ഥലം, പോസ്റ്റൽ സൗകര്യം, ഫാർമസി കോളേജ് എന്നിവ ഉപയോഗപ്പെടുത്തി ഹോമിയോപ്പതി ഫാർമസിയിൽ ബിരുദ കോഴ്സ് ആരംഭിക്കണം.

ബിരുദാനന്തര ബിരുദ മേഖലയിൽ ഫാർമസി പോസ്റ്റുഗ്രാജുവേറ്റ് കോഴ്സുകൾ പുനരാരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കണം. കമ്മ്യൂണിറ്റി മെഡിസിൻ പിജി തുടങ്ങുന്നതിന് ആവശ്യമായ അധ്യാപക തസ്തികകൾ സൃഷ്ടിക്കണം.പിജി ഗൈഡുമാരുടെ അഭാവം നികത്തുകയും ആയുഷ് മേഖലയിലെ വിദ്യാർത്ഥികൾക്ക് പാരാമെഡിക്കൽ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദകോഴ്സുകൾ തുടങ്ങുന്നതിനുള്ള നടപടികളും സ്വീകരിക്കണം.പിജി ഗവേഷണങ്ങൾക്ക് ഫണ്ട് അനുവദിക്കുകയും പിജി ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കുകയും ചെയ്യണം. ഗവേഷണ മേഖലയിൽ അടിസ്ഥാന സൗകര്യ വികസനം ഒരുക്കേണ്ടതുണ്ട്. ബയോ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം ഉണ്ടാക്കുകയും ആവശ്യമായ ജീവനക്കാരെ നിയമിക്കുകയും വേണം. ഇന്റർഡിസിപ്ലിനറി റിസർച്ച് പ്രോത്സാഹിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഹോമിയോപ്പതി ആശുപത്രികളിലെ പശ്ചാത്തല സൗകര്യം വികസിപ്പിക്കണം.സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ തുടങ്ങുന്നതിന് ജീവനക്കാരുടെ ലഭ്യത ഉറപ്പാക്കണം. സൈക്കോളജിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ് എന്നിവരുടെ സേവനം ഉറപ്പ് വരുത്തണം. പാരാമെഡിക്കൽ ജീവനക്കാർക്ക് സ്പെഷ്യൽ റൂൾ ഉണ്ടാവേണ്ടതുണ്ട്. നൂതന മാതൃകകളായ കോഴിക്കോട് ഹോമിയോപ്പതി മെഡിക്കൽ കോളേജിലെ ഫിസിയോതെറാപ്പി ആൻഡ് റീഹാബിലിറ്റേഷൻ കേന്ദ്രത്തിന്റെ മാതൃക എല്ലാ ജില്ലയിലും വ്യാപിപ്പിക്കണം. ഇവിടുത്തെ തന്നെ പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ, കാൻസർ കെയർ യൂണിറ്റ്, ശ്രവ്യ ഇഎൻടി സെന്റ ർ എന്നിവയും മാതൃക പദ്ധതികളാണ് .

പ്രൊഫസർ, ഹോമിയോ മെഡിക്കൽ കോളേജ്, കോഴിക്കോട്, 9400111908

## 116

# ഹോമിയോ വിദ്യാഭ്യാസം

ഡോ. റിതേഷ്

കേരളത്തിൽ 5 ഹോമിയോ മെഡിക്കൽ കോളേജുകൾ ആണുള്ളത്. ഇതിൽ രണ്ടെണ്ണം ഗവൺമെന്റ് മേഖലയിലും മൂന്നെണ്ണം എയ്ഡഡ് മേഖലയിലും ആണ്. ഏകദേശം ഒരു വർഷം രണ്ട് ലക്ഷത്തിനടുത്ത് ഒ.പി. ചികിത്സ ഓരോ കോളേജുകളിലും നൽകുന്നുണ്ട്. കൂടാതെ പതിനെണ്ണായിരത്തിന്അടുത്ത് രോഗികൾക്ക് കിടപ്പ് ചികിത്സയും നൽകി വരുന്നു. പകർച്ചവ്യാധികൾ പടരുമ്പോൾ പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഹോമിയോപ്പതി പ്രതിരോധ ഔഷധങ്ങളും കോളേജുകളിൽ നിന്ന് വിതരണം ചെയ്യുന്നു. കേരളത്തിലെ ഹോമിയോ കോളേജുകളിൽ പ്രധാനമായി നോൺ കമ്മ്യൂണിക്കബിൾ ഡിസീസുകൾ,

ജീവിതശൈലി രോഗങ്ങൾ, പീഡിയാട്രിക് ചികിത്സ കൾ, സ്ത്രീ രോഗങ്ങൾ പ്രത്യേകിച്ച് വന്ധ്യത എന്നീ മേഖലയിലാണ് കൂടുതലായും രോഗികൾ വരുന്നത്. നിലവിൽ ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസ ഡയ റക്ടറേറ്റ് ഇല്ല. ഫോറൻസിക് മെഡിസിൻ, സർജറി, ഗൈനക്കോളജി, വിഭാഗങ്ങളിൽ ആവശ്യമായ ട്രെയി നിങ് നൽകുന്നതിൽ നിലവിൽ പരിമിതികൾ ഉണ്ട്. വി ദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനും ക്ലിനിക്കൽ സ്കി ല്ലുകളിൽ മികവ് വരുത്തുന്നതിനും എല്ലാ ഹോമിയോ കോളേജുകളിലും ഉന്നത നിലവാരത്തിലുള്ള സ്കിൽ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീ കരിക്കേണ്ടത് ആവശ്യമാണ്. ആയുഷ് മേഖലയിലെ വിദ്യാർത്ഥികൾക്ക് പാത്തോളജി, റേഡിയോ ഡയ ഗ്നോസിസ്, തുടങ്ങിയ പാരാ ക്ലിനിക്കൽ വിഷയങ്ങ ളിൽ ബിരുദാനന്തര ബിരുദം നേടാനുള്ള അവസരം ലഭ്യമാക്കേണ്ടത് അത്യാവശ്യമാണ്. ഹോമിയോപ്പതി ചികിത്സയും ഗവേഷണവും കൂടുതൽ മേഖലകളി ലേക്ക് വ്യാപിപ്പിക്കുന്നതിന് വെറ്ററിനറി, ഫിഷറീസ്, അഗ്രികൾച്ചർ, മെഡിക്കൽ യൂണിവേഴ്സിറ്റികളുമായു ള്ള സഹകരണവും ഇന്റർഡിസിപ്ലിനറി റിസർച്ച് പ്രോ ത്സാഹിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അത്യാവശ്യമാണ്. യോഗ തെറാപ്പിസ്റ്റ്, ഡയറ്റീഷ്യൻ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ് എന്നിവരുടെ സേവനം ആശുപത്രികളിൽ ലഭ്യമല്ല. ഇത് രോഗികൾക്ക് മികച്ച സേവനം ലഭ്യമാക്കുന്നതി ന് വിഘാതമാകുന്നു. ഹോമിയോപ്പതി മരുന്നുകളും ഫിസിയോതെറാപ്പിയും ചേർന്നുള്ള സംയോജിത ചികിത്സ രോഗികൾക്ക് നല്ല ഫലം നൽകുന്നുണ്ട്. ഇത് ഒരു ന്യൂറോ റീഹാബിലിറ്റേഷൻ സെന്റർ ആക്കി വികസിപ്പിക്കുന്നതിന് വേണ്ട പരിശ്രമങ്ങൾ നടത്തേ ണ്ടതുണ്ട്. ഹോമിയോ ഡയറക്ട്രേറ്റ് രൂപീകരിക്കുക, കൂടുതൽ സർക്കാർ ഹോമിയോ കോളേജ് സ്ഥാപി ക്കുക, ഹോമിയോ മരുന്നുകളുടെ തദ്ദേശീയമായ നിർ മ്മാണം വ്യാപകമാക്കുക അതുവഴി വിജ്ഞാന-സമ്പ ദ് വ്യവസ്ഥയുമായി കണ്ണിചേരുക എന്നതുകൂടി ഈ മേഖലയുടെ ലക്ഷ്യമായി വരേണ്ടതുണ്ട്.

പ്രൊഫസർ, ഹോമിയോ മെഡിക്കൽ കോളേജ്, കോഴിക്കോട്

117

# ഡ്രഗ്സ് കൺട്രോൾ വകുപ്പ്

ടി.എസ്. കൃഷ്ണകുമാർ

സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിലവിൽ വന്നത് 1961 ലാണ്. ഔഷധങ്ങളുടെയും സൗന്ദര്യ വർത്തക വസ്തുക്കളുടെയും ഉൽപാദന വിതരണ വിപണന പ്രക്രിയകൾ നിയന്ത്രിക്കുകയും പരിശോ ധന വഴി അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തി നിയന്ത്രിത വിലയിൽ പൊതുജനങ്ങൾക്ക് ലഭ്യമാ ക്കുക എന്നതാണ് ഈ വകുപ്പിന്റെ പ്രഖ്യാപിത ലക്ഷ്യം. എക്സ്പെയറി തീയതി കഴിഞ്ഞ മരുന്നുകൾ ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക് ആക്ടിൽ പറയുന്ന Adulterated drugs ഉൾപ്പെടെ ഗുണനിലവാരം ഇല്ലാ ത്ത മരുന്നുകൾ ഉപഭോക്താവിലേക്ക് എത്തുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ അത്യാധു നിക ഉപകരണങ്ങളുടെ സഹായത്തോടെ മാർക്ക റ്റിൽ വിൽക്കപ്പെടുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുകയും വേണം. മരുന്നുകൾ കൈകാര്യം ചെയ്യേണ്ടത് ഫാർമസിയിൽ പ്രൊഫഷണൽ യോ ഗ്യതയുള്ളവരായിരിക്കണം എന്നിരിക്കെ (Registerd pharmasist) പലപ്പോഴും ഇത് പാലിക്കുന്നതായി കാ ണുന്നില്ല. നിലവിൽ ഫീസ്, ഫൈൻ ഇനത്തിൽ വർഷ ങ്ങൾക്കു മുൻപ് നടപ്പിൽ വരുത്തിയ നിയമങ്ങളാണ് നിലനിൽക്കുന്നത്. ഇത് കാലനുസൃതമായി പരിഷ്ക രിച്ചാൽ സർക്കാരിന്റെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാക്കാൻ കഴിയും. ഭരണനിർവഹണം കാര്യക്ഷമമാകുന്നതിന്റെ ഭാഗമായി ഈ മേഖലയിൽ പാലിക്കേണ്ട നിയമങ്ങൾ കർശനമായി പാലിക്കുന്നു ണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഗവ. അനലിസ്റ്റ്, 9447450848

118

# ഔഷധ നിയന്ത്രണ വകുപ്പ് - അനലിറ്റിക്കൽ വിഭാഗം (Drugs Control Department - Analytical Wing)

അബ്ദുൾ നാസർ

സംസ്ഥാനത്തെ ഔഷധങ്ങളുടെ ഗുണനിലവാരം, നിർമ്മാണം, വിൽപ്പന, വിതരണം, ദുരുപയോഗം, വില തുടങ്ങിയവ നിയന്ത്രിക്കുന്നതിനായി 1961-ൽ രൂപീകൃതമായതാണ് Drugs Control Department (ഔഷധ നിയന്ത്രണ വകുപ്പ്). ഡ്രഗ്സ് ഇൻസ്പെക്ടർമാർ അടങ്ങുന്ന Enforcement, ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികൾ പ്രവർത്തിക്കുന്ന Analytical എന്നിങ്ങനെ രണ്ടു വിഭാഗങ്ങളിലായാണ് വകുപ്പിന്റെ പ്രവർത്തനം.

ഗുണനിലവാരമുള്ള ഔഷധങ്ങളും അനുബന്ധ ഉൽപ്പന്നങ്ങളും ലഭ്യമാക്കുക എന്ന കടമ നിറവേറ്റുന്നതിന്റെ ഭാഗമായാണ് അനലിറ്റിക്കൽ വിഭാഗം രൂപീകൃതമായിട്ടുള്ളത്. ഇതിനായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അത്യാധുനിക സൗകര്യങ്ങളോടു കൂടിയ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ട്. ഫലപ്രാപ്തിയുള്ളതും സുരക്ഷിതവുമായ മരുന്നുകൾ രോഗികൾക്ക് ലഭ്യമായാൽ മാത്രമേ ആരോഗ്യ സംരക്ഷണ മേഖലയെ ആരോഗ്യമുള്ളതാക്കാൻ കഴിയൂ.

കഴിഞ്ഞ വർഷങ്ങളിൽ സംസ്ഥാനത്ത് പുതിയ മരുന്ന് പരിശോധനാ ലബോറട്ടറികൾ ആരംഭിച്ചതിന്റെ ഫലമായി പരിശോധിക്കപ്പെടുന്ന സാമ്പിളുകളുടെ എണ്ണത്തിൽ വർധന ഉണ്ടാവുകയും ഗുണനിലവാരമില്ലാത്ത മരുന്നുകൾ കൂടുതലായി കണ്ടുപിടിക്കപ്പെടുകയും ചെയ്യുന്നുണ്ട്.

സംസ്ഥാനത്ത് ഉപയോഗിക്കപ്പെടുന്ന മരുന്നുകളുടെ ഏതാണ്ട് 5 ശതമാനത്തോളം മാത്രമാണ് സർക്കാർ ലബോറട്ടറികളിൽ ഗുണനിലവാര പരിശോധനക്ക് വിധേയമാക്കപ്പെടുന്നത്.

പലപ്പോഴും അംഗീകൃത മാനദണ്ഡങ്ങൾ പ്രകാരമുള്ള പൂർണ്ണതോതിലുള്ള പരിശോധനകൾ നടത്താൻ സാധിക്കാത്തതിനാൽ സാമ്പിളുകളുടെ ചില ന്യൂനതകൾ കണ്ടുപിടിക്കപ്പെടാതെ പോകുന്നതിനുള്ള സാധ്യതകൾ നിലനിൽക്കുന്നുണ്ട്.

കാര്യക്ഷമമായ സിവിൽ സർവ്വീസ് എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി, സംസ്ഥാനത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളുടെ പ്രവർത്തനങ്ങൾ സമയബന്ധിതമായും കൂടുതൽ കാര്യക്ഷമമായും ഏകോപിപ്പിക്കുന്നതിനായി, Chemical Examiners Laboratory Department എന്ന സംവിധാനം നിലവിലുള്ളതു പോലെ, സ്വതന്ത്ര പ്രവർത്തനാനുമതിയോടെ Drugs Testing Laboratory Department രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കെ.എം. എസ്. സി. എൽ ഇപ്പോൾ പിന്തുടർന്ന് വരുന്ന മരുന്നുകളുടെ ഗുണനിലവാര നിയന്ത്രണ സംവിധാനം ഫലപ്രദമല്ലെന്നു ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിൽ നിന്നുമുള്ള റിപ്പോർട്ടുകൾ തെളിയിക്കുന്നുണ്ട്. ആയതിനാൽ ഗവൺമെന്റ് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കിയതിനു ശേഷം മാത്രം സർക്കാർ മേഖലയിൽ മരുന്ന് വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

കെ. എം. എസ്. സി. എൽ നിലവിൽ ഭീമമായ തുക ഫീസ് നൽകി സ്വകാര്യ ലാബുകളിലെ പരിശോധനാ റിപ്പോർട്ടുകളാണ് ഗുണനിലവാര മാനദണ്ഡമായി സ്വീകരിക്കുന്നത്. അതിനുപകരമായി സംസ്ഥാനത്തെ സർക്കാർ ലബോറട്ടറികളിലെ സൗകര്യം പ്രയോജനപ്പെടുത്തുകയാണെങ്കിൽ അത് വലിയ ഒരു തുകയുടെ റെവന്യൂ വരുമാനം സൃഷ്ടിക്കുന്നതായിരിക്കും. ഗുണനിലവാരമില്ലാത്തതാണെന്നു കണ്ടെത്തുന്ന ഉൽപ്പന്നങ്ങളുടെ കേസിൽ പിഴയായി ചുമത്തുന്ന തുക വർധിപ്പിക്കുന്നതിന് നിയമ നിർമ്മാണം ഉൾപ്പെടെയുള്ള സാധ്യതകൾ ആലോചിച്ച് നടപ്പിലാക്കാവുന്നതാണ്. മരുന്നുകളും സൗന്ദര്യവർധക ഉൽപ്പന്നങ്ങളും ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിൽ അയച്ച് പരിശോധന നടത്താനുള്ള സൗകര്യത്തെ കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നത്, അതുവഴി ഫീസ് വരുമാനം ലഭ്യമാക്കുന്നതിന് സഹായകരമാകും. മരുന്ന് പരിശോധനക്ക് 25 വർഷം മുമ്പ് നിശ്ചയിച്ച ഫീസ് ഘടനയാണ് Drugs Rules-ൽ നിലവിലുള്ളത്. അത് കാലാനുസൃതമായ നിരക്കിൽ പരിഷ്കരിച്ച് ചട്ടങ്ങളിൽ സംസ്ഥാന ഭേദഗതി കൊണ്ടുവരാൻ കഴിയുമോ എന്നുള്ളത് പരിശോധിക്കാവുന്നതാണ്.

അനലിസ്റ്റ് ഗ്രേഡ് II, ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, തൃശ്ശൂർ

119

# സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പുനസംഘടന

ഡോ. നിഷിത് എം.സി., അരുൺ കുമാർ ആർ. & അനസ് ടി.എം.

ഔഷധങ്ങളുടെയും സൗന്ദര്യവർദ്ധക വസ്തുക്കളുടെയും വിപണനപ്രക്രിയ നിയന്ത്രിക്കുകയും തദ്വാര അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തി നിയന്ത്രിത വിലയിൽ സാധാരണക്കാർക്ക് ലഭ്യമാക്കുകയും ആണ് വകുപ്പിന്റെ പ്രഖ്യാപിത ലക്ഷ്യം. ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്ട് 1940, ഡ്രഗ്സ് പ്രൈസസ് കൺട്രോൾ ഓർഡർ 2013, കേരള പോയിസൺ റൂൾസ് 1996, കേരള ഡ്രഗ്സ് & അദർ സ്റ്റോഴ്സ് (Unlawful Possession) ആക്ട്1971, ദി ഡ്രഗ്സ് ആൻഡ് മാജിക് റെമെഡീസ് (Objectionable Advertisement) ആക്ട് 1954 ആൻഡ് റൂൾസ് 1955, ദി കോസ്മെറ്റിക്സ് റൂൾസ് 2020, മെഡിക്കൽ ഡിവൈസസ് റൂൾസ് 2017 എന്നിവയാണ് വകുപ്പിന്റെ നിയമപരമായ ഉത്തരവാദിത്വങ്ങളെ നിർവചിക്കുന്നത്. ഈ വിധ നിയമങ്ങളുടെ എൻഫോഴ്സ്മെന്റ് ആയി ഡ്രഗ്സ് കൺട്രോളർ മുതൽ ഇൻസ്പെക്ടർ വരെയുള്ള ഉദ്യോഗസ്ഥ വിഭാഗമാണ് പ്രവർത്തിക്കുന്നത്.

സംസ്ഥാനത്ത് 27000ത്തിലധികം ലൈസൻസ് ഉള്ള ഔഷധ വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു കൂടാതെ രജിസ്ട്രേഡ് മെഡിക്കൽ പ്രാക്ടീഷണർമാരുടെ ക്ലിനിക്കുകളും ഉണ്ട്. ഇതോടൊപ്പം സർക്കാർ ആശുപത്രികൾ, ഇഎസ്ഐ സ്റ്റോറുകൾ, റെയിൽവേ ആശുപത്രികൾ, എന്നിവയും ഉണ്ട്. എന്നാൽ മനുഷ്യവിഭവ ശേഷിയുടെ അപര്യാപ്തത, ഫലപ്രദമായതും സമയബന്ധിതവുമായ പരിശോധനകൾക്ക് വിഘാതമായി നിൽക്കുന്നു മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി മൂന്ന് ടെസ്റ്റിംഗ് ലാബുകളും ഉണ്ട് .

ഔഷധ വ്യാപാരസ്ഥാപനങ്ങളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരുന്നു പതിനായിരം കോടിയിൽ അധികമാണ് ഈ മേഖലയിലെ വിറ്റു വരവ്. കോസ്മെറ്റിക് മേഖലയിൽ ആവട്ടെ 6000 കോടിയിലധികവും എന്നാൽ ഈ മേഖലയിലെ പ്രഖ്യാപിത ലക്ഷ്യത്തെ സമഗ്രമായി അഭിമുഖീകരിക്കുവാൻ വേണ്ട മനുഷ്യവിഭവ സാങ്കേതിക ഗുണനിലവാര പരിശോധന സംവിധാനങ്ങൾ നിലവിലില്ല. ഇവ പരിഹരിക്കുവാനുള്ള നടപടികൾ ഉണ്ടാവേണ്ടതുണ്ട്.

---

1 ഡ്രഗ്സ് ഇൻസ്പെക്ടർ, മലപ്പുറം ജില്ല, Mob: 8086635861, E-mail: mcnishith@gmail.com

2 ഡ്രഗ്സ് ഇൻസ്പെക്ടർ, മലപ്പുറം ജില്ല

3 ഡ്രഗ്സ് ഇൻസ്പെക്ടർ, മലപ്പുറം ജില്ല

120

# പട്ടികജാതി വികസന വകുപ്പ് അഴിമതി നിർമ്മാർജനം

ദിജി എം.ടി.

ഭരണകൂടങ്ങൾ അവയുടെ കൃത്യനിർവ്വഹണം എങ്ങനെ നടത്തുന്നു എന്നത് വികസനത്തെ നിർണ്ണയിക്കുന്ന പ്രധാന ഘടകമാണ്. കാര്യക്ഷമവും, ഫലപ്രാപ്തിയുമുള്ള ഭരണം തന്നെയാണ് സമഗ്രവികസനത്തിന്റെ അടിസ്ഥാനശില എന്നത് പ്രധാന വസ്തുതയാണ്. കാലതാമസമില്ലാതെ, ഭരണകാര്യക്ഷമത ഉറപ്പാക്കി, ദാരിദ്ര്യത്തെ നിർമ്മാർജ്ജനം ചെയ്തുകൊണ്ട്, വികസനത്തെ പ്രോത്സാഹിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക എന്നുള്ളതാണ് ഒരു ഭരണകൂടത്തിന്റെ യഥാർത്ഥ ഭരണനിർവ്വഹണം. കാര്യക്ഷമമായ ഭരണനിർവ്വഹണമുണ്ടെങ്കിലെ യാഥാർഥ വികസനം സാധ്യമാകു. കേരള സംസ്ഥാനം രൂപീകരിക്കുന്നതിന് മുമ്പു തന്നെ തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രവിശ്യകളിൽ അവരുടേതായ പ്രത്യേക പദ്ധതികൾ പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തെ ലക്ഷ്യം വച്ച് നടപ്പിലാക്കിയിരുന്നു. ഭരണകൂടത്തിന്റെ കാര്യക്ഷമമായ ഭരണനിർവഹണം ഏറ്റവും കൂടുതലായി ആവശ്യമുള്ള മേഖലയാണ് പട്ടികജാതി വികസനം. ചരിത്രപരമായ കാരണങ്ങളാൽ സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നിലായിപ്പോയ ഈ ജനവിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി, പട്ടികജാതി വികസന വകുപ്പ് ഒട്ടേറെ ക്ഷേമ വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. ഈ പ്രവർത്തനങ്ങളുടെ യഥാർത്ഥ ലക്ഷ്യം പ്രാവർത്തികമാകണമെങ്കിൽ കാലതാമസമില്ലാതെ സമയബന്ധിതമായി പദ്ധതി നിർവ്വഹണം കാര്യക്ഷമമായി നടപ്പിലാകേണ്ടതുണ്ട്. അതിനാൽ, വകുപ്പ് വിവിധ വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ടെങ്കിലും, കാര്യക്ഷമമായും, കാലതാമസമില്ലാതെയും പദ്ധതി നിർവഹണം നടക്കുന്നുണ്ടോ എന്നത് പരിശോധി

ക്കേണ്ട വിഷയമാണ്.

ഭരണനിർവ്വഹണത്തിലെ കാര്യക്ഷമത ഉറപ്പാക്കുന്നതിനായി അഴിമതി തുടച്ചു നീക്കേണ്ടത് ഏറെ പ്രാധാന്യമുള്ള ഒന്നാണ്. അഴിമതി കുറഞ്ഞ ഒരു വകുപ്പായാണ് പട്ടികജാതി വികസന വകുപ്പ് കണക്കാക്കപെടുന്നത് എന്നിരിക്കിലും 100 ശതമാനം അഴിമതി മുക്തമാണെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ഇതിനായി വിവിധ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓരോ ആനുകൂല്യവും ലഭിക്കുന്ന വ്യക്തിക്കും ധനസഹായം "സാംഖ്യ" മാതൃകയിലുള്ള ആധാർ ലിങ്ക്ഡ് സൈറ്റ് വഴിമാത്രം വിതരണം നടത്തുക, ഭൂരഹിത പദ്ധതിയിൽ നിലമോ, കുന്നിൻ പ്രദേശമോ വാങ്ങുന്നത് കർശനമായി നിരോധിക്കുക, വാങ്ങുന്ന വസ്തുവിന്റെ ഫോട്ടോ ഫയലിൽ സൂക്ഷിക്കുക, വർഷത്തിൽ ഒരിക്കലെങ്കിലും വകുപ്പ് വിജിലൻസ് ഉദ്യോഗസ്ഥർ വകുപ്പിന്റെ ഓരോ ഓഫീസിലും പരിശോധന നടത്തി പ്രശ്നങ്ങൾ കണ്ടെത്താനും പരിഹരിക്കാനും ഉള്ള നടപടികൾ സ്വീകരിക്കുക, വകുപ്പ് തല ഓഡിറ്റ് നിലവിൽ 5 മുതൽ 10 വർഷം വരെയുള്ള ഇടവേളകളിലാണ് നടക്കുന്നത്. ഇത് 2 വർഷത്തിൽ ഒരിക്കൽ എന്ന വിധം വർദ്ധിപ്പിക്കുക, ധനസഹായം അനുവദിച്ച വ്യക്തികളുടെ വിവരങ്ങൾ പൊതുജനങ്ങൾക്കും കാണാനാകുന്ന വിധം സൈറ്റിൽ ഉൾപ്പെടുത്തുക, ജില്ലാ ഓഫീസർമാർ മാസത്തിൽ ഒരിക്കലെങ്കിലും പട്ടിക ജാതി വികസന ഓഫീസുകൾ സന്ദർശിക്കുക, പ്രോമോട്ടർ തസ്തികയിൽ അങ്കണവാടി നിയമന മാതൃകയിൽ സ്ഥിരനിയമനം നടത്തി ചുമതലകളിൽ ഉത്തരവാദിത്തം ഉറപ്പാക്കുക, ഹോസ്റ്റൽ, നഴ്സറി, എം.ആർ.എസ് എന്നിവിടങ്ങളിലെ പർച്ചേസ്, നീതി സ്റ്റോർ, സപ്ലൈകോ, സഹകരണ സംഘങ്ങൾ എന്നിവിടങ്ങൾ വഴി മാത്രമാക്കുക, പൂർത്തീകരീക്കുന്ന പദ്ധതികളുടെ ഫോട്ടോ ഫയലിൽ സൂക്ഷിക്കുന്നത് നിർബന്ധമാക്കുക എന്നിവ അഴിമതി നിർമ്മാർജനത്തിനായുള്ള മാർഗ്ഗങ്ങളിൽ ചിലതാണ്. ഇത്തരത്തിൽ അഴിമതി തുടച്ചു നീക്കുന്നത് ആത്യന്തികമായി കാര്യക്ഷമമായ ഭരണ നിർവഹണം ഉറപ്പുവരുത്തും.

---

ഷെഡ്യൂൾഡ് കാസ്റ്റ് ഡവലപ്മെന്റ് ഓഫീസർ, 9633972005

121

# പട്ടികജാതി വികസന വകുപ്പ് - പരിശീലനം

ദിജി എം.ടി.

ഭരണകൂടത്തിന്റെ കാര്യക്ഷമമായ ഭരണനിർവ്വഹണം ഏറ്റവും കൂടുതലായി ആവശ്യമുള്ള മേഖലയാണ് പട്ടികജാതി വികസനം. ഒരു ഭരണകൂടം അല്ലെങ്കിൽ ഒരു സർക്കാർ വകുപ്പ് ലക്ഷ്യം വെയ്ക്കുന്ന യഥാർത്ഥ വികസനം സാധ്യമാകണമെങ്കിൽ കാര്യക്ഷമമായതും, കാലതാമസമില്ലാതെയുള്ള പദ്ധതി നിർവഹണവും നടക്കേണ്ടതുണ്ട്. പട്ടികജാതി വികസന വകുപ്പ് ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിൽ കൃത്യമായ പരിശീലനത്തിന് വലിയ പങ്കാണ് വഹിക്കാനുള്ളത്.

പട്ടികജാതി വകുപ്പിലെ ജീവനക്കാരുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായുള്ള പരിശീലനത്തിൽ, അവരുടെ കഴിവുകൾ, അറിവ് എന്നിവ മെച്ചപ്പെടുത്തുന്നതിനൊപ്പം, സാമൂഹിക ഉൾപ്പെടുത്തൽ, സംഘ ചലനാത്മകത, പദ്ധതി നിർവ്വഹണം, നിരീക്ഷണം എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ചുള്ള അവരുടെ അറിവ് വർദ്ധിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണ്. ഇതിലൂടെ, വികസന പരിപാടികൾ കാര്യക്ഷമമായി നടപ്പിലാക്കാനും കൈകാര്യം ചെയ്യാനും കഴിവുള്ളതും വൈദഗ്ധ്യമുള്ളതുമായ ഒരു തൊഴിൽ ശക്തിയെ വകുപ്പിന് നിർമ്മിക്കാൻ കഴിയും.

പരിശീലനം വഴി പട്ടികജാതി കമ്മ്യൂണിറ്റി, സിവിൽ സൊസൈറ്റി, ഓർഗനൈസേഷനുകൾ മറ്റ് പ്രസക്തമായ പങ്കാളികൾ എന്നിവരുമായി ഇടപഴകുന്നതിനുള്ള അവസരം ഉണ്ടാക്കാവുന്നതും അതുവഴി മൂല്യവത്തായ ഉൾക്കാഴ്ചകൾ ലഭിക്കുവാനും കമ്മ്യൂണിറ്റി പങ്കാളിത്തം പ്രോത്സാഹിപ്പിക്കുുവാനും പട്ടികജാതി ജനസംഖ്യയുടെ ആവശ്യങ്ങളോടും അഭിലാഷങ്ങളോടും പ്രതികരിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും കഴിയണം. ഇങ്ങനെ ഫലപ്രദമായ ആശയവിനിമയവും പങ്കാളികളുമായുള്ള സഹകരണവും വികസന സംരംഭങ്ങളുടെ കാര്യക്ഷമതയും ഫലപ്രാപ്തിയും വർദ്ധിപ്പിക്കും

പട്ടികജാതി വികസന വകുപ്പിലെ സേവനവിതരണത്തിന്റെയും ഭരണത്തിന്റെയും കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന് പുത്തൻ സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ ഈ പരിശീലനത്തിന്റെ ഭാഗമായി പരിശോധിക്കാവുന്നതാണ്. ഭരണ പ്രക്രിയകൾ കാര്യക്ഷമമാക്കുന്നതിനും സുതാര്യത വർദ്ധിപ്പിക്കുന്നതിനും ഭരണപരമായ തടസ്സങ്ങൾ കുറയ്ക്കുന്നതിനുമായി ഡാറ്റാ മാനേജ്മെന്റ്, ഓൺലൈൻ നിരീക്ഷണ സംവിധാനങ്ങൾ, ഇ-ഗവേണൻസ് സംരംഭങ്ങൾ, മൊബൈൽ അധിഷ്ഠിത ആപ്ലിക്കേഷനുകൾ എന്നിവയ്ക്കായുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുടെ ഉപയോഗം പരിശീലനത്തിന്റെ ഭാഗമായി ഉൾപ്പെടുത്താവുന്നതാണ്. സാങ്കേതിക സംയോജനം

സമയവും ചെലവും ലാഭിക്കുന്നതിനൊപ്പം, മെച്ചപ്പെട്ട ഉത്തരവാദിത്തത്തിനും, പട്ടികജാതി ഗുണഭോക്താക്കൾക്ക് സേവങ്ങൾ വേഗം പ്രാപ്യമാക്കുന്നതിനും ഇടയാക്കും.

പരിശീലനത്തിൽ ഫലത്തെ അടിസ്ഥാനമാക്കിയുള്ള ആസൂത്രണവും നിരീക്ഷണവും ഉൾപ്പെടുത്തണം. ഈ ചട്ടക്കൂടുകൾ വ്യക്തമായ ലക്ഷ്യങ്ങൾ സ്ഥാപിക്കുന്നതിനും അളക്കാവുന്ന സൂചകങ്ങൾ നിർവചിക്കുന്നതിനും ആവശ്യമുള്ള ഫലങ്ങൾ കൈവരിക്കുന്നതിനുള്ള പുരോഗതി ട്രാക്കുചെയ്യുന്നതിനും സഹായിക്കുന്നു. ഫലത്തെ അടിസ്ഥാനമാക്കിയുള്ള മാനേജ്മെന്റ് സമീപനങ്ങൾ സ്വീകരിക്കുന്നതിലൂടെ, പട്ടികജാതി വികസന വകുപ്പിന് അതിന്റെ പരിപാടികളും ഇടപെടലുകളും കാര്യക്ഷമവും ഫലപ്രദവും ഒപ്പം പട്ടികജാതി സമൂഹത്തിന്റെ ആവശ്യങ്ങളോട് പ്രതികരിക്കുന്നതുമാണെന്ന് ഉറപ്പാക്കാൻ കഴിയും.

ഷെഡ്യൂൾഡ് കാസ്റ്റ് ഡവലപ്മെന്റ് ഓഫീസർ, Mob: 9633972005

122

# പട്ടികജാതി-പട്ടികവർഗ്ഗം -
# അട്ടപ്പാടിയിലെ ശിശുമരണങ്ങൾ യാഥാർത്ഥ്യവും പരിഹാരവും

പ്രദീപ് പി.കെ.

ശിശു മരണങ്ങളിലൂടെ ശ്രദ്ധ നേടിയ ഒരു പ്രദേശമാണ് അട്ടപ്പാടിയെങ്കിലും യാഥാർത്ഥ്യം മറച്ചുവച്ചുകൊണ്ടുള്ള ഒരു പ്രചാരണമാണ് അട്ടപ്പാടിയെക്കുറിച്ച് നടക്കുന്നത്. അട്ടപ്പാടിയിലെ പ്രശ്നങ്ങൾ പരിഹരിക്കുക എന്നതിനപ്പുറം വാർത്തകൾ സൃഷ്ടിക്കുക എന്നതിലാണ് പലർക്കും താല്പര്യം. 2013 മുതലാണ് അട്ടപ്പാടി വാർത്തയിൽ ഇടം പിടിക്കുന്നത്. 2013 ൽ മാത്രം അട്ടപ്പാടിയിൽ 31 ആദിവാസി ശിശുമരണം നടന്നു. ഇതേ വർഷം 932 പ്രസവം നടന്നതിൽ 64 പ്രസവം വീട്ടിൽ വെച്ചായിരുന്നു. 18 ഗർഭസ്ഥ ശിശു മരണവും, 77 അബോർഷൻസും അട്ടപ്പാടിയിൽ ഇതേവർഷം നടന്നു. ഈ സാഹചര്യത്തിലായിരുന്നു അട്ടപ്പാടി ദേശീയ ശ്രദ്ധയിലേക്ക് വരുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഇടപെടൽ മൂലം തുടർന്നുള്ള വർഷങ്ങളിൽ ശിശു മരണങ്ങളിൽ കുറവുണ്ടായെങ്കിലും 2019 വരെ അത് രണ്ടക്കത്തിൽ തന്നെ തുടർന്നു. 2012 മുതൽ 2021 വരെയുള്ള പത്തുവർഷക്കാലയളവിൽ അട്ടപ്പാടിയിൽ നടന്നിട്ടുള്ള ശിശുമരണങ്ങൾ പരിശോധിച്ചാൽ ഏറ്റവും കുറവ് ശിശുമരണങ്ങൾ നടന്നത് 2019, 2020, 2021 എന്നീ കാലയളവിലായിരുന്നു. 2012 മുതൽ 2021 വരെയുള്ള പത്തുവർഷക്കാലത്ത് 136 ശിശു മരണങ്ങളാണ് അട്ടപ്പാടിയിൽ നടന്നത്. അട്ടപ്പാടിയിലെ 110 ഊരുകളിൽ ഇതേ പത്തുവർഷക്കാലയളവിൽ ഒരു ശിശു മരണം പോലും നടന്നിരുന്നില്ല. ശിശു മരണം നടന്നത് 82 ഊരുകളിൽ മാത്രമാണ്. പത്തുവർഷത്തിനുള്ളിൽ ഏറ്റവും കൂടുതൽ ശിശുമരണം നടന്നത് ഷോളയൂർ പഞ്ചായത്തിലെ വെള്ളക്കുളം ഊരിലാണ്. ആറ് ശിശുമരണങ്ങൾ. ശിശു മരണത്തിന്റെ കണക്കുകൾ പരിശോധിക്കുമ്പോൾ പത്തുവർഷത്തിനുള്ളിൽ ശിശു മരണം നടന്ന ആകെയുള്ള 82 ഊരിൽ 50 എണ്ണത്തിലും ഒരു ശിശു മരണം മാത്രം നടന്ന ഊരുകളാണ്. അട്ടപ്പാടിയിൽ 2012 മുതൽ 2021 വരെയുള്ള പത്തുവർഷക്കാലയളവിൽ 136 ശിശുമരണങ്ങളിൽ 23 ശിശുക്കളുടെ ജനന സമയത്തെ തൂക്കം 1000 ഗ്രാമിൽ താഴെയും, 78 ശിശുക്കളുടേത് 2000 ഗ്രാമിൽ താഴെയുമായിരുന്നു. അട്ടപ്പാടിയിൽ നടന്നിട്ടുള്ള ശിശുമരണങ്ങളുടെ പ്രധാന കാരണങ്ങൾ ജനിതക വൈകല്യങ്ങളും, തൂക്കക്കുറവും, മാസം തികയാതെയുള്ള പ്രസവവും, ARDS തന്നെയാണ്. മുലയൂട്ടുന്നതിൽ വരുന്ന തെറ്റായ രീതിയും മരണകാരണമായിട്ടുണ്ട്.

ഭൂമിശാസ്ത്രപരമായ സവിശേഷതകൾ, തൊഴിൽപരമായ പ്രത്യേകത, ഭാഷാപരമായ സവിശേഷതകൾ, ആചാര ആഘോഷ വിശ്വാസപരമായ സവിശേഷത.

ആന്റിനേറ്റൽ Early Registration കുറവ്, ഗുണമേൻമയുള്ളതും സമയബന്ധിതവുമായ Antinatal Check up ന്റെ അപര്യാപ്തത, Middle stage supervision ലെ പോരായ്മകൾ, high risk ഗർഭിണികളുടെ അനിയന്ത്രിതമായ വർദ്ധനവ്, സേവനം നൽകേണ്ട ജീവനക്കാരുടെ മനോഭാവം, ഗർഭകാലയളവ് പ്രത്യേകം പരിചരണം ലഭിക്കേണ്ട കാലയളവാണെന്നുള്ള തിരിച്ചറിവ് ഇല്ലായ്മ, നിലവിലെ മൊബൈൽ മെഡിക്കൽ യൂണിറ്റുകളെ മെബൈൽ ആന്റിനേറ്റൽ കെയർ യൂണിറ്റുകളാക്കുക, ആരോഗ്യ രംഗത്തെ പാരാ മെഡിക്കൽ കോഴ്സ് പാസ്സായ ആദിവാസി യുവതി യുവാക്കളുടെ സേവനം ഗുണപരമായി ഉപയോഗപ്പെടുത്തുക, ആരോഗ്യ രംഗത്ത് ദൈനംദിന മോണിറ്ററിംഗിനായി ഒരു അട്ടപ്പാടി സെൽ രൂപീകരിക്കുക, ആദിവാസി ജനതയുടെ സഹകരണമില്ലാത്ത പരിപാടികൾ പുന: പരിശോധിക്കുക, ആരോഗ്യ സ്ഥാപനങ്ങളുടെയും, സംവിധാനങ്ങളുടെയും പോരായ്മകൾ പരിഹരിക്കുക. ആദിവാസി ജനവിഭാഗത്തിലെ എല്ലാ കുട്ടികളുടെയും സ്കൂൾ വിദ്യാഭ്യാസം ഉറപ്പാക്കുകയും സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞ് പോക്ക് തടയുകയും ചെയ്യുക.

ഹെൽത്ത് ഇൻസ്പെക്ടർ, 9447125401

## 123

# പട്ടികജാതി വികസന വകുപ്പ്- മാതൃക പദ്ധതികളുടെ പരിഷ്കരണം

ദിജി എം.ടി.

പട്ടികജാതി ജനസമൂഹത്തിന്റെ പുരോഗതിക്കും ക്ഷേമത്തിനും നല്ല നാളെയ്ക്കുമായി ഒട്ടേറെ പദ്ധതികൾ പട്ടികജാതി വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിദ്യാഭ്യാസ പുരോഗതി, സാമൂഹിക-സാമ്പത്തിക പുരോഗതി, അവകാശങ്ങൾ ഉറപ്പാക്കൽ, അടിസ്ഥാന ആവശ്യങ്ങളുടെ പൂർത്തീകരണം എന്നിങ്ങനെ വിവിധ വശങ്ങളെ സ്പർശിക്കുന്ന പദ്ധതികൾ നിലവിൽ നടപ്പിലാക്കി വരുന്നു.ഇവയിൽ ചില പദ്ധതികൾ മാതൃക പദ്ധതികളായി മുമ്പോട്ടുവയ്ക്കാവുന്നവയാണ്.

കോമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സിന് ചേരുന്ന തിരഞ്ഞെടുക്കപ്പെടുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠിക്കുന്നതിനാവശ്യമായ സ്കോളർഷിപ്പ് അനുവദിക്കുന്ന WINGS പദ്ധതി, സമർത്ഥരായ വിദ്യാർത്ഥികൾക്ക് വിദേശത്ത് പഠനം നടത്തുന്നതിനായി 25 ലക്ഷം രൂപ വരെ സ്കോളർഷിപ്പ് അനുവദിക്കുന്ന വിദേശപഠന സ്കോളർഷിപ്പ് പദ്ധതി, 2010 ഏപ്രിൽ 1 ന് ശേഷം ഭവന നിർമാണം നടത്തിയവരും എന്നാൽ പൂർണ്ണമായി പണികൾ ചെയ്യാൻ കഴിയാത്തവരുമായ ഗുണഭോക്താക്കൾക്ക് ഭവന പൂർത്തീകരണത്തിനായി 2 ലക്ഷം രൂപ വരെ അനുവദിക്കുന്ന SAFE പദ്ധതി മുതലായവ അത്തരം മാതൃക പദ്ധതികളിൽ ഉൾപ്പെടുന്ന ചില പദ്ധതികളാണ്.

പട്ടിക ജാതി ജനവിഭാഗങ്ങളുടെ സാമ്പത്തിക ഉന്നമനത്തിനും സ്വയംപര്യാപ്തതക്കും ഉതകുന്ന വിധം സ്വയംതൊഴിൽ പദ്ധതി പരിഷ്കരിക്കുക, ഗുരുതരാവസ്ഥയിലുള്ള രോഗികൾക്കും മാരക അസുഖങ്ങൾ ബാധിച്ചവർക്കും വേഗത്തിൽ സഹായം ലഭിക്കുന്ന വിധത്തിൽ ചികിത്സാ ധനസഹായപദ്ധതിയിൽ മാറ്റങ്ങൾ കൊണ്ടു വരുക, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുക, പ്രീ മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനങ്ങൾ പരിഷ്കരിക്കുക, നിലവിൽ വിദേശത്ത് പോയി മാസങ്ങൾക്ക് ശേഷം ലഭിക്കുന്ന വിദേശതൊഴിൽ ധനസഹായപദ്ധതി തുക ഒരു മാസത്തിനകം തന്നെ ലഭ്യമാക്കുക, അംബേദ്കർ ഗ്രാമം പദ്ധതിവേഗത്തിൽ നടപ്പിലാക്കുന്നതിനും നിർവ്വഹണ ഏജൻസികളുടെ കൺസൾട്ടേഷൻ ഫീ തുടങ്ങിയ അധിക ചെലവുകൾ ഒഴിവാക്കുന്നതിനും പദ്ധതിയുടെ നിർവ്വഹണം ബ്ലോക്ക് തലത്തിലുള്ള എ. എക്സ്. ഇ. മാരെ ഏൽപ്പിക്കുക, മിശ്ര വിവാഹ ധനസഹായ പദ്ധതി തുക ഉപയോഗിച്ച് എന്തെങ്കിലും തൊഴിൽ ആരംഭിക്കണമെന്ന നിബന്ധന നിലവിൽ മറ്റ് ജോലികൾ ചെയ്യുന്നവരെ സംബന്ധിച്ച് പ്രായോഗികമല്ലാത്തതിനാൽ ഇവർക്ക് ധനസഹായ തുക വീട് റിപ്പയർ, ടോയലറ്റ് നിർമാണം, ഭൂമി വാങ്ങൽ, വാഹനം വാങ്ങൽ എന്നിവയിൽ എന്തിനെങ്കിലും വിനിയോഗിക്കാൻ അനുമതി നൽകുക, പട്ടിക ജാതിക്കാരിൽ വലിയൊരു വിഭാഗം കൃഷിപ്പണിയിൽ പ്രാവീണ്യമുള്ളവരും തൽപരരുമായതിനാലും സ്വന്തമായി കൃഷിഭൂമി ഇല്ലാത്തതു മൂലം പാട്ടത്തിനെടുത്ത് കൃഷി ചെയ്യേണ്ടി വരുന്നതിനാലും കൃഷി ഭൂമി നൽകൽ പദ്ധതി ആരംഭിക്കണം. പട്ടിക ജാതിക്കാരായ തൊഴിലാളികൾക് സ്ഥിരം തൊഴിൽ ലഭിക്കുന്ന വിധം ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾ രൂപീകരീക്കുകയും വകുപ്പ് നടപ്പിലാക്കുന്ന നിർമാണ പ്രവർത്തികൾ ഇത്തരം സംഘങ്ങളെ ഏൽപ്പിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തികളിൽ ഇത്തരം സംഘങ്ങൾക്ക് മുൻഗണന നൽകുകയും ചെയ്യുക എന്നിങ്ങനെയുള്ള നിർദ്ദേശങ്ങൾ പട്ടികജാതി വകുപ്പിന്റെ വിവിധ പദ്ധതികളുടെ മെച്ചപ്പെട്ട നിർവ്വഹണത്തിനും ഗുണഭോക്താക്കൾക്ക് കൃത്യമായി അതിന്റെ പ്രയോജനം ലഭ്യമാക്കുന്നതിനും സഹായിക്കുന്നതാണ്.

---

ഷെഡ്യൂൾഡ് കാസ്റ്റ് ഡവലപ്മെന്റ് ഓഫീസർ, 9633972005

## 124

# സംസ്ഥാന പിന്നാക്ക വിഭാഗ വികസന വകുപ്പ്

സംസ്ഥാന ജനസംഖ്യയുടെ 65% ത്തോളം വരുന്ന പിന്നാക്ക വിഭാഗത്തിൽപെട്ടവർ സംസ്ഥാന വികസനത്തിന്റെ മുഖ്യധാരയിൽ നിൽക്കുന്ന ജനവിഭാഗമാണ്. ഇവരുടെ സാമൂഹികവും സാമ്പത്തികവുമായ പിന്നാക്ക അവസ്ഥ സംസ്ഥാനത്ത് ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ള വിഷയവുമാണ്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിലെ ഏറ്റവും പ്രധാന ശുപാർശകളിൽ ഒന്നായിരുന്നു കേന്ദ്രത്തിലും, സംസ്ഥാനങ്ങളിലും പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി പ്രത്യേകമായി വകുപ്പുകൾ രൂപീകരിക്കണം എന്നത്. ഇതിന്റെ

അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 1999-ൽ പിന്നാക്ക വിഭാഗക്കാരുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായി പ്രത്യേകം വകുപ്പ് രൂപീകരിക്കുവാൻ സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും അനുബന്ധ നടപടികളോ പ്രവർത്തനങ്ങളോ ഉണ്ടായില്ല എന്നതാണ് യാഥാർത്ഥ്യം. രണ്ട് വർഷത്തിന് ശേഷം 2011 നവംബറിലാണ് വകുപ്പിന് ഒരു ഡയറക്ടറേറ്റും 2012 ഫെബ്രുവരിയിൽ ഭരണ സിരാകേന്ദ്രമായി സെക്രട്ടറിയേറ്റിൽ പ്രത്യേകം ഭരണ വകുപ്പും രൂപീകരിച്ചത്. പിന്നാക്ക വികസന വകുപ്പിന് നിലവിൽ ഡയറക്ടറേറ്റ് കൂടാതെ നാലു മേഖല ഓഫീസുകളും ഉണ്ട്. ജില്ലാ തലത്തിൽ ഓഫീസുകൾ ഒന്നും ഇല്ലാത്ത വകുപ്പിൽ 34 ജീവനക്കാർ ആണ് നിലവിൽ ഉള്ളത്.

പിന്നാക്ക വിഭാഗക്കാരുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനം ലക്ഷ്യം വയ്ക്കുന്നതിന്റെ ഭാഗമായി ഒട്ടനവധി വിദ്യഭ്യാസ പരിപാടികൾ, സാമൂഹിക സുരക്ഷിതത്വ പരിപാടികൾ, നൈപുണ്യവികസനം, സംരഭകത്വവികസനം, തൊഴിൽ പദ്ധതികൾ, ജീവനോപാധി പരിപാടികൾ എന്നിവ വകുപ്പ് ഏറ്റെടുത്ത് നടത്തുന്നുണ്ട്. പിന്നാക്ക വിഭാഗക്കാരുടെ വികസനത്തിന് പുറമേ മറ്റ് എലിജിബിൾ വിഭാഗക്കാരുടെയും (OEC) ക്ഷേമം ഉറപ്പാക്കുന്നതിന്നുള്ള പദ്ധതികളും വകുപ്പ് നേരിട്ട് നിർവ്വഹണം നടത്തുന്നുണ്ട്. പിന്നാക്ക വിഭാഗക്കാർക്കും മറ്റ് എലിജിബിൾ വിഭാഗത്തിൽ വരുന്നതുമായ കുട്ടികളുടെ പ്രീമെട്രിക്, പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ പിന്നാക്ക വിഭാഗ കോർപ്പറേഷന്റെ സഹകരണത്തോടെ സ്റ്റാർട്ട് അപ് സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി ഒട്ടനവധി പദ്ധതികളും പിന്നാക്ക വിഭാഗക്കാരുടെ ഉന്നമനത്തിനായുള്ള ഒട്ടനവധി സാമൂഹ്യ ക്ഷേമ സാമ്പത്തിക വികസന പരിപാടികളും വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. ചുരുക്കത്തിൽ, പിന്നാക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ സാമ്പത്തിക സാമൂഹിക വികസനത്തിൽ നിർണ്ണായക പങ്കാണ് സംസ്ഥാനത്ത് വകുപ്പ് വഹിക്കുന്നത്.

വിവിധ പദ്ധതികൾക്കായി എല്ലാ വർഷവും സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ വകയിരുത്തുന്ന തുകയുടെ 99% വകുപ്പ് ചെലവഴിക്കാറുണ്ട്. എന്നാൽ സംസ്ഥാന ജനസംഖ്യയുടെ 65% വരുന്ന പിന്നാക്ക വിഭാഗങ്ങളുടെ സമഗ്രപുരോഗതി ലക്ഷ്യം വെക്കുമ്പോൾ കേവലം പരമ്പരാഗത പദ്ധതികൾക്കും അപ്പുറം നൂതനവും മാറി വരുന്ന കാലഘട്ടത്തിന്റെ സാധ്യതകൾ കണ്ടറിഞ്ഞു കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതായിട്ടുണ്ട്. നൈപുണ്യവികസനം, സംരഭകത്വ വികസനം, തൊഴിൽ സാധ്യതകൾ എന്നിവയ്ക്ക് ഊന്നൽ നൽകുന്ന പദ്ധതികൾ വളരെ കുറവാണെന്ന് കാണാം. വിദ്യാഭ്യാസ ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾക്കാണ് വകുപ്പ് സിംഹഭാഗം തുകയും ചെലവഴിക്കുന്നത്. പിന്നാക്ക വിഭാഗക്കാരുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യം വെയ്ക്കുന്ന പദ്ധതികൾ വകുപ്പ് കണ്ടത്തേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യത കൂടിയാണ്.

വകുപ്പിലെ പരിമിതമായ ജീവനക്കാരുടെ എണ്ണം, ജില്ലാതലത്തിലും അതിന് താഴെതട്ടിലും വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപ്പിപ്പിക്കാൻ ഉദ്യോഗസ്ഥ, ഓഫീസ് സംവിധാനങ്ങൾ ഇല്ല എന്നത് വകുപ്പ് അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം തന്നെയാണ്. സർക്കാർ തലത്തിൽ കൃത്യമായൊരു ഏകോപന സംവിധാനം ഉണ്ടെങ്കിൽ മാത്രമേ പിന്നാക്ക വിഭാഗങ്ങളുടെ വികസനം സാധ്യമാക്കാനും മനുഷ്യ വിഭവത്തിന്റെ പൂർണ്ണമായ വിനിയോഗം സാധ്യമാക്കാനും അത് വഴി സംസ്ഥാന വികസനം ഗതിവേഗം നൽകാനും സാധിക്കൂ. അതിനുള്ള അടിയന്തര നടപടികളാണ് ഇന്ന് ആവശ്യം.

ഇതിനും പുറമേ കേന്ദ്ര തലത്തിൽ പിന്നാക്ക വകുപ്പ് മുൻകാലങ്ങളിൽ ഏറ്റെടുത്ത പല വിദ്യാഭ്യാസ പദ്ധതികളിൽ നിന്നും ബോധപൂർവ്വം പിൻമാറുന്നതും പദ്ധതികളുടെ കേന്ദ്ര വിഹിതം വലിയ തോതിൽ വെട്ടിക്കുറയ്ക്കുന്നതും പിന്നാക്ക വിഭാഗക്കാരുടെ വികസനം സംസ്ഥാന സർക്കാറിന്റെ മാത്രം ബാധ്യതയാകുന്ന തരത്തിലേക്കാണ് കാര്യങ്ങൾ കൊണ്ടെത്തിക്കുന്നതെന്നും കാണാവുന്നതാണ്. ഈ ഒരു സാഹചര്യം കൂടി കണക്കിലെടുത്താൽ സംസ്ഥാനത്ത് പിന്നാക്ക വിഭാഗ വകുപ്പിന്റെ പ്രാധാന്യം ഏറെ വർദ്ധിക്കുകയാണ്. വകുപ്പിന്റെ ചട്ടക്കൂടും സംവിധാനങ്ങളും കൂടുതൽ വിപുലമാക്കേണ്ടതിലേക്കാണ് ഇതെല്ലാം വിരൽ ചൂണ്ടുന്നത്.

125

## ന്യൂനപക്ഷ ക്ഷേമ വകുപ്പ്

രഘുവരൻ

ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ ശാക്തീകരണത്തിനും കേന്ദ്ര- സംസ്ഥാന സർക്കാരുകൾ വഴി നടക്കുന്ന പദ്ധതി നിർവഹണത്തിനുമായി 2008ൽ രൂപീകൃതമായതാണ് സംസ്ഥാന ന്യൂനപക്ഷ ക്ഷേമവകുപ്പ്. വിജ്ഞാപനം ചെയ്യപ്പെട്ട ന്യൂനപക്ഷ സമുദായങ്ങളുടെ ക്ഷേമത്തിനും പുരോഗതിക്കും വേണ്ടി നടപ്പിലാക്കുന്ന പദ്ധതികളുടെ നോഡൽ ഏജൻസി കൂടിയാണ് ഈ വകുപ്പ്. സംസ്ഥാനതലത്തിൽ ഡയറക്ടറേറ്റും,

ജില്ലാതലത്തിൽ ന്യൂനപക്ഷ സെല്ലുകളും ഇതിനായി പ്രവർത്തിക്കുന്നു. വകുപ്പിനെ ജില്ലാതലമില്ലാത്തതിനാൽ റവന്യൂ ഉദ്യോഗസ്ഥർ വഴി ജില്ലാ കളക്ടറുടെ മേൽനോട്ടത്തിലാണ് പ്രവർത്തിക്കുന്നത്. സംസ്ഥാനത്തെ ന്യൂനപക്ഷ സമുദായങ്ങളുടെ വിദ്യാഭ്യാസ സാമൂഹിക സാമ്പത്തിക വികസനം, ക്ഷേമം എന്നിവ ഉറപ്പാക്കുന്നതിനും പിന്നോക്കം നിൽക്കുന്നവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള പദ്ധതികൾ ആസൂത്രണം നടപ്പിലാക്കുന്നതു മാണ് പ്രധാന ചുമതല. സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ, സംസ്ഥാന ന്യൂനപക്ഷ വികസന ഫിനാൻഷ്യൽ കോർപ്പറേഷൻ, കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത് എന്നിവയിലൂടെയാണ് ന്യൂനപക്ഷ ശാക്തീകരണം സംസ്ഥാനത്ത് ഉറപ്പാക്കുന്നത്. ദേശീയ ന്യൂനപക്ഷ കമ്മീഷൻ, ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷൻ, മൗലാന ആസാദ് എഡ്യുക്കേഷൻ ഫൗണ്ടേഷൻ എന്നിവയിലൂടെ കേന്ദ്രസർക്കാർ നടത്തുന്ന ന്യൂനപക്ഷ സേവന പ്രവർത്തനങ്ങളും വകുപ്പിന്റെ മേൽനോട്ട ചുമതലയിൽപ്പെടുന്നു. ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ മുഖേന പ്രീമെട്രിക്, പോസ്റ്റ് മെട്രിക്, മെറിറ്റ് കം മീൻസ് സ്കോളർഷിപ്പുകളും നടപ്പിലാക്കി വരുന്നു. കേരളത്തിൽ 50 ശതമാനത്തോളം വരുന്ന ന്യൂനപക്ഷ സമുദായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനുള്ള വകുപ്പിന്റെ പ്രാപ്തിക്കുറവ്, വകുപ്പിൽ സോണൽ,ജില്ലാതല ഓഫീസുകളില്ല, സ്പെഷ്യൽ റൂൾസ് നിലവിൽ വന്നിട്ടില്ല എന്നീ പ്രശ്നങ്ങൾ നിലനിൽക്കുന്നു. പരിഹാരമായി സ്പെഷ്യൽ റൂൾസ് അടിയന്തരമായി തയ്യാറാക്കി അംഗീകാരം നേടുക, ജില്ലാതല ഓഫീസുകൾ സജ്ജമാക്കി മേൽനോട്ട സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക, നടപ്പിലാക്കുന്ന പദ്ധതികളുടെ ഏകോപനവും മേൽനോട്ടവും കൃത്യമായി നടത്തുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്തുക എന്നിവ ഭരണ നിർവഹണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, 9495902694

126

# പൊതുമരാമത്തു വകുപ്പ് വഴിയുള്ള പദ്ധതിനിർവഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നൂതന ആശയങ്ങൾ നടപ്പിലാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ

എ.പി. അജിത്

തിരുവിതാംകൂറിൽ ഹുസൂർ കച്ചേരിയുടെ ഭാഗമായി 1823 ൽ രൂപീകൃതമായ മരാമത്തു വകുപ്പ് നിലവിൽ ഭരണ വിഭാഗം,നിരത്ത് വിഭാഗം കെട്ടിട വിഭാഗം(ഇലക്ട്രിക്കൽ ഇലക്ട്രോണിക്സ് വിഭാഗം ഉൾപെടെ, പാലങ്ങൾ വിഭാഗം, നിരത്ത്പരിപാലന വിഭാഗം, ദേശീയ പാത വിഭാഗം,രൂപകല്പന വിഭാഗം (ഗുണ നിലവാര പരിശോധനവിഭാഗം ഉൾപെടെ) വാസ്തു ശിൽപ വിഭാഗം രൂപകല്പന വിഭാഗത്തിന്റെ കീഴിൽ khri എന്ന ഗേവഷണ സ്ഥാപനവും പ്രവർത്തിക്കുന്നുണ്ട്

വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും വിഭവങ്ങൾ ശാസ്ത്രീയമായി വീതിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളിൽ ഉദ്ദേശിച്ച ഫലം ലഭ്യമാകാത്തവയിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ് 2005-06 വർഷത്തിൽ ആർ.എം.എം.എസ് പോർട്ടൽ സംസ്ഥാന പൊതുമരാമത്ത് വകുപ്പ് ആരംഭിക്കുകയുണ്ടായി. എന്നാൽ അന്ന് പ്രസ്തുത പദ്ധതി പരാജയപ്പെടുകയുണ്ടായി. ഏഴു കോടി രൂപ മുടക്കി പുതിയ സോഫ്റ്റ്‌വെയർ തയ്യാറാക്കുകയും ആ സോഫ്റ്റ്‌വെയറിൽ വിവരശേഖരണം നടത്തുന്നത് സി.ആർ.ആർ.ഐ മുഖാന്തിരം സർവ്വേ നടത്തിയെങ്കിലും സർവേയിൽ പറയുന്നതിൽ നിന്നും വ്യത്യസ്തമായ അവസ്ഥയിൽ ആയിരിക്കും സംസ്ഥാനത്ത് റോഡുകൾ എന്നതുകൊണ്ട് സർവ്വേ വിവരങ്ങൾ പൂർണമായും ആശ്രയിക്കാൻ കഴിയാത്ത സാഹചര്യം ആണ് ഉള്ളത്.പ്രസ്തുത സോഫ്റ്റ്‌വെയർലേ വിവരങ്ങൾ വകുപ്പിലെ അസിസ്റ്റന്റ് എൻജിനീയർമാർക്ക് വിശദമായ പദ്ധതിരേഖ തയ്യാറാക്കുവാനും റോഡിന്റെ അലൈൻമെന്റ് ചെക്ക് ചെയ്യുന്നതിനും മറ്റുമായി ഉപയോഗിക്കാവുന്നതാണ്. അത്തരത്തിൽ പ്രസ്തുത സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തുന്നത് വകുപ്പിന് പ്രയോജനകരമാണ്. സോഫ്റ്റ്‌വെയർ സ്പീഡ് വളരെ കുറവാണ്, ആയതിനു വേണ്ട പരിഹാരങ്ങൾ കണ്ടെത്തേണ്ടതാണ്. സോഫ്റ്റ്‌വെയർ പ്രൈസ് ത്രീ വേർഷൻ എത്തിഎങ്കിലും ഇപ്പോഴും ആയത് യൂസർ ഫ്രണ്ട്‌ലി അല്ല.

വകുപ്പിലെ കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടയിൽ ഉണ്ടായ ഏറ്റവും വിപ്ലവകരമായ മാറ്റം പ്രൈസ് സോഫ്റ്റ്‌വെയർ നടപ്പിലാക്കിയത് ആണ്. വകുപ്പിലെ പല ദുഷിച്ച പ്രവണതകളും പ്രൈസ് വന്നതുമൂലം കുറയുകയുണ്ടായി.

പിഡബ്ല്യുഡിയുടെയും മറ്റ് വകുപ്പുകളുടെയും മുഴുവൻ റോഡ് ശൃംഖലയിലും RMMS (റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം) അടിസ്ഥാനമാ

ക്കിയുള്ള അറ്റകുറ്റപ്പണികളുടെ വിപുലീകരണം ആവശ്യമാണ്. കഴിഞ്ഞ ബഡ്ജറ്റിൽ ഈ ഓഫീസും പ്രൈസും ഏകോപിപ്പിക്കും എന്ന് പറയുകയുണ്ടായി. ആയതിനു വേണ്ട യാതൊരു നടപടിയും ഇതുവരെയും ഉണ്ടായിട്ടില്ല.

ഭാവി വികസന ആവശ്യകതകൾ ശാസ്ത്രീയമായ രീതിയിൽ നിർദ്ദേശിക്കുന്നതിന്, സംസ്ഥാനത്തിന് ഒരു മൊബിലിറ്റി പ്ലാൻ അത്യാവശ്യമാണ്. പിഡബ്ല്യുഡിയുടെ നിലവിലുള്ള ഗതാഗത ഇൻഫ്രാസ്ട്രക്ചറും എൽഎസ്ജിഡി റോഡുകൾ, ദേശീയ ജലപാതകൾ, റെയിൽവേ, എയർവേകൾ തുടങ്ങിയ മറ്റുള്ളവയും ഡിജിറ്റൈസ് ചെയ്യുന്നതുൾപ്പെടെ വിപുലമായ പഠനം ആവശ്യമാണ്. ഈ പ്രവർത്തനത്തെ തുടർന്ന് സോണൽ ട്രാവൽ ഡിമാൻഡ് മോഡലിംഗും ട്രാഫിക് സ്റ്റേറ്റ് പ്രവചനവും നടക്കും. ഇതിൽ നിന്ന്, വിവിധ ഗതാഗത ശൃംഖല രൂപകൽപന ചെയ്യുന്നതിനുള്ള ബദലുകൾക്ക് ഗുണം വിശകലനം ചെയ്യുന്നതിനുള്ള ചെലവ് വേഗത്തിൽ എത്തിച്ചേരാനും ഒപ്റ്റിമൈസ് ചെയ്തതും സമഗ്രവുമായ ഗതാഗത പരിഹാരങ്ങൾ രൂപപ്പെടുത്താനും കഴിയും.

ബ്രിഡ്ജ് പ്രോജക്ടുകളുടെ ആസൂത്രണത്തിനും ബഡ്ജറ്റിംഗിനുമായി ബ്രിഡ്ജ് മാനേജ്മെന്റ് സിസ്റ്റം (ബിഎംഎസ്) അവതരിപ്പിക്കുക. എല്ലാ സർക്കാർ കെട്ടിടങ്ങളുടെയും നിലവിലെ സ്ഥിതി വിലയിരുത്തിയ ശേഷം, പരിവർത്തനത്തിനായി മുൻഗണനാടിസ്ഥാനത്തിൽ ഒരു ലിസ്റ്റ് പ്രസിദ്ധീകരിക്കുക. ഗ്രീൻ ബിൽഡിംഗ് ആശയം പ്രാവർത്തികമാക്കുക .

ഡിപിആറും വിശദമായ എഞ്ചിനീയറിംഗും തയ്യാറാക്കുന്നതിനായി പദ്ധതിയുടെ ചെലവ് അനുസരിച്ച് ജില്ലാ/പ്രാദേശിക/സംസ്ഥാന തലത്തിൽ പിഡബ്ല്യുഡിക്ക് ഒരു ഡിസൈൻ വിഭാഗം ഉണ്ടായിരിക്കണം. കരാറുകാർക്കുള്ള റാങ്കിംഗ് സംവിധാനം നടപ്പിലാക്കുക പൂർത്തീകരണ സമയം, ഫസ്റ്റ് ടയർ, സെക്കന്റ് ടയർ ക്യൂസി ടെസ്റ്റ് ഫലങ്ങൾ, അസറ്റ് പെർഫോമൻസ്, നടപ്പാത നിർമ്മാണത്തിന്റെ കാര്യത്തിൽ നിർമ്മാണ സമയത്ത് ട്രാഫിക് മാനേജ്മെന്റ് എന്നിവ ഉൾപ്പെടെ വിവിധ പ്രകടന പാരാമീറ്ററുകൾക്കായി പോയിന്റുകൾ നൽകി ക്വാണ്ടിറ്റേറ്റീവ് ഇൻഡക്സ് വികസിപ്പിക്കാൻ കഴിയും. മനുഷ്യന്റെ ഇടപെടലില്ലാതെ സ്കോർ സൃഷ്ടിക്കപ്പെടുന്ന സംവിധാനം.

ഫലപ്രദമായ പ്രോജക്ട് മാനേജ്മെന്റിനായി ഒരു പൊതു ഡാറ്റ സിസ്റ്റം കൊണ്ടുവരുക ജോലിയുടെ പുരോഗതി, ചെലവ്, ബില്ലുകളുടെ പെൻഡൻസി, ഗുണനിലവാരവും കരാർ ബാധ്യതകളും സംബന്ധിച്ച പാലിക്കാത്തതിന്റെ സൂചകങ്ങൾ എന്നിവ സൂചിപ്പിക്കുന്ന ഡാഷ്ബോർഡ് ഇന്റർഫേസോടുകൂടിയ സമഗ്ര പ്രോജക്റ്റ് മാനേജ്മെന്റ് സിസ്റ്റം കൊണ്ടുവരേണ്ടതാണ്.

പൊതുമരാമത്തു വകുപ്പിന്റെ ഒരു വിംഗ് ആണ് KSTP. കേരള സർക്കാരിന്റെ കീഴിൽ ഉള്ള റോഡ് പദ്ധതികൾ ആണ് kstp മുഖേന നടപ്പിലാക്കുന്നത്. വേൾഡ്ബാങ്ക് /ജർമൻ ബാങ്ക് മുതലായ പുറമേ ഉള്ള ധന സഹായം ഉപയോഗിച്ചുള്ള വൻ പദ്ധതികൾ ആണ് kstp മുഖേന നടപ്പിലാക്കുന്നത്. ഒരു പദ്ധതി നടപ്പിലാക്കുവാൻ ഭീമമായ തുകയാണ് consultancy ഫീ ആയി നൽകേണ്ടി വരുന്നത്. ഇതിന്റെ ഒരംശം മാത്രമേ പൊതുമരാമത്തു എഞ്ചിനീയർമാർക് ആവിശ്യമായ ട്രെയിനിങ്ങുകൾ നൽകി സാങ്കേതിക സ്കിൽ ഡെവലപ്പ് ചെയ്യാൻ ആവിശ്യമുള്ളൂ. സമാന രീതിയിൽ ഉള്ള kiifb ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവർത്തികൾ പൊതുമരാമത്തു വകുപ്പ് എഞ്ചിനീയർമാർ തന്നെയാണ് നടപ്പിലാക്കുന്നത്.

എക്സിക്യൂട്ടീവ് എഞ്ചിനീയർ, PWD, തൃശ്ശൂർ

127

## പൊതുമരാമത്ത് വകുപ്പ്

അജിത്ത് എ.പി. & ശേഖർ എ.സി.

കേരള പൊതുമരാമത്ത് വകുപ്പിന്റെ ആരംഭം 1823 ൽ തിരുവിതാംകൂറിൽ ഹുസൂർ കച്ചേരിയുടെ ഭാഗമായി രൂപീകൃതമായ മരാമത്ത് വകുപ്പാണ്. വകുപ്പിന്റെ പ്രവർത്തനം ക്രമവത്കരിക്കുന്നതിന്റെ ഭാഗമായി 1901 ൽ PWD Code നിലവിൽവന്നു. 1934 ൽ ജലസേചന പദ്ധതികളുടെ നടത്തിപ്പിനായി വകുപ്പിന് കീഴിൽ ജലസേചന വിഭാഗം നിലവിൽവന്നു. 1956 ൽ കേരള സംസ്ഥാന രൂപീകരണത്തോടെ വകുപ്പ് സംസ്ഥാന സർക്കാരിന്റെ ഭാഗമായി മാറുകയും 1990 ൽ ജലസേചന വിഭാഗം പ്രത്യേക വകുപ്പായി മാറുകയും ചെയ്തു.

നിലവിൽ ഭരണ വിഭാഗം, നിരത്ത് വിഭാഗം, കെട്ടിട വിഭാഗം (ഇലക്ട്രിക്കൽ ഇലക്ട്രോണിക്സ് വിഭാഗങ്ങൾ ഉൾപ്പെടെ), പാലങ്ങൾ വിഭാഗം, നിരത്ത് പരിപാലന വിഭാഗം, ദേശീയ പാത വിഭാഗം, രൂപകല്പന വിഭാഗം (ഗുണ നിലവാര പരിശോധന വിഭാഗം ഉൾപ്പെടെ), വാസ്തു ശില്പ വിഭാഗം, പ്രോജക്ട് എന്നീ വിഭാഗങ്ങളും, KSSC,RBDCK, RICK, KRFB എന്നീ സ്ഥാപനങ്ങളും പ്രവരത്തിച്ചു വരുന്നു. രൂപകല്പന വിഭാഗത്തിന്റെ കീഴിൽ KHRI എന്ന ഗവേഷണ സ്ഥാപനവും പ്രവർത്തിക്കുന്നുണ്ട്.

സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസന മാണ് വകുപ്പിന്റെ പ്രവർത്തന ലക്ഷ്യം. വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും അഴിമതി രഹിതവുമാക്കുന്നതിനും സമയബന്ധിതമായി പ്രവർ ത്തികൾ പൂർത്തിയാക്കുന്നതിനും ചുവടെ ചേർക്കു ന്ന നിർദ്ദേശങ്ങൾ വയ്ക്കുന്നു.

പി.ഡബ്ല്യു.ഡി.യുടെയും മറ്റ് വകുപ്പുകളുടെയും മുഴുവൻ റോഡ്ശൃംഖലയിലും RMMS (റോഡ് മെയി ന്റനൻസ് മാനേജ്മെന്റ് സിസ്റ്റം) അടിസ്ഥാനമാക്കിയു ള്ള അറ്റകുറ്റപ്പണികളുടെ വിപുലീകരണം ആവശ്യമാ ണ്. മൊബൈൽ ഫോണിലെ ക്യാമറയും, നിർമ്മിത ബുദ്ധിയിൽ അധിഷ്ഠിതമായ മൊബൈൽ ആപ്ലിക്കേ ഷനും ഉപയോഗിച്ച് പേവ്മെന്റ് കണ്ടീഷൻ അടക്കമു ള്ള ഡാറ്റാ ലഭ്യമാക്കി റോഡ് മെയ്ന്റനൻസ് കൃത്യമാ യി ആസൂത്രണം ചെയ്തു നടത്തേണ്ടതുണ്ട്.

- നിലവിൽ സംസ്ഥാനത്തിന് സമഗ്രമായ മൊ ബിലിറ്റി പദ്ധതിയില്ല. ഭാവിവികസന ആവശ്യ കതകൾ ശാസ്ത്രീയമായ രീതിയിൽ നിർദ്ദേശി ക്കുന്നതിന്, സംസ്ഥാനത്തിന് ഇത്തരമൊരു മൊബിലിറ്റി പ്ലാൻ അത്യാവശ്യമാണ്. പിഡബ്ല്യു ഡിയുടെ നിലവിലുള്ള ഗതാഗത ഇൻഫ്രാസ്ട്ര ക്ചറും, എൽഎസ്ജിഡി റോഡുകൾ, ദേശീയ ജലപാതകൾ, റെയിൽവേ, എയർവേകൾ തുട ങ്ങിയ മറ്റുള്ളവയും ഡിജിറ്റൈസ് ചെയ്യേണ്ടതു ണ്ട്.. ഈ പ്രവർത്തനത്തെ തുടർന്നു സോണൽ ട്രാവൽ ഡിമാൻഡ് മോഡലിംഗും ട്രാഫിക് സ്റ്റേറ്റ് പ്രവചനവും നടത്തി ചെലവ് കുറച്ചു ജനങ്ങൾക്ക് പരമാവധി ഉപയോഗം ലഭിക്കത്തക്ക ഗതാഗത ശൃംഖല രൂപകൽപന ചെയ്യുന്നതിനു സാധിക്കും.
- ബ്രിഡ്ജ് പ്രോജക്ടുകളുടെ ആസൂത്രണത്തിനും ബഡ്ജറ്റിംഗിനുമായി ബ്രിഡ്ജ് മാനേജ്മെന്റ് സിസ്റ്റം (ബിഎംഎസ്) വിഭാവനം ചെയ്യണം.
- എല്ലാ സർക്കാർ കെട്ടിടങ്ങളുടെയും നിലവിലെ സ്ഥിതി വിലയിരുത്തിയശേഷം, പരിവർത്തനത്തി നായി മുൻഗണനാടിസ്ഥാനത്തിൽ ഒരു ലിസ്റ്റ് പ്ര സിദ്ധീകരിക്കുക. പൊതുകെട്ടിടങ്ങളുടെ പരിവർ ത്തനം ആസൂത്രണം ചെയ്യുമ്പോൾ ഇനിപ്പറയുന്ന പോയിന്റുകൾ അഭിസംബോധന ചെയ്യേണ്ടതുണ്ട് - ഭിന്നശേഷിക്കാർക്കുള്ളസൗകര്യങ്ങൾ, മുതിർന്ന പൗരന്മാർക്കുള്ളസൗകര്യങ്ങൾ, സ്ത്രീകൾക്കുള്ള സൗകര്യങ്ങൾ, ജീവനക്കാർക്കുള്ളസൗകര്യങ്ങൾ
- ഗ്രീൻ ബിൽഡിംഗ് ആശയം: അഞ്ച് വർഷത്തി നുള്ളിൽ ഓരോ എൽഎസിയിലും ഒരു കെട്ടിടം ഗ്രീൻ ബിൽഡിംഗ് ആശയം (GRIHA, LEED റേറ്റിംഗ്) ഉൾപ്പെടുത്തി നിർമ്മിക്കുക.
- ഡിപിആറും വിശദമായ എഞ്ചിനീയറിംഗും തയ്യാ റാക്കുന്നതിനായി പദ്ധതിയുടെ ചെലവ് അനു സരിച്ച് ജില്ലാ/പ്രാദേശിക/സംസ്ഥാന തലത്തിൽ പിഡബ്ല്യുഡിക്ക് ഒരു ഡിസൈൻ വിഭാഗം ഉണ്ടാ യിരിക്കണം.
- ജോലിയുടെ പുരോഗതി, ചെലവ്, ബില്ലുകളുടെ പെൻഡൻസി, ഗുണനിലവാരവും കരാർ ബാധ്യ തകളും സംബന്ധിച്ച പാലിക്കാത്തതിന്റെ സൂച കങ്ങൾ എന്നിവ സൂചിപ്പിക്കുന്ന ഡാഷ്ബോർഡ് ഇന്റർഫേസോടു കൂടിയ സമഗ്ര പ്രോജക്ട് മാനേ ജ്മെന്റ് സിസ്റ്റം രൂപീകരിക്കപ്പെടണം
- PWD അസറ്റ് മാനേജ്മെന്റ് സിസ്റ്റവും സംസ്ഥാന അസറ്റ് മാനേജ്മെന്റ് സിസ്റ്റവുമായി സംയോജിപ്പി ക്കേണ്ടതാണ്. സംസ്ഥാനത്തിന്റെ എല്ലാ പൊതു ആസ്തി ഡാറ്റയും (വെള്ളപ്പൊക്കഡാറ്റ, എലിവേ ഷൻ, ട്രാഫിക് ഡാറ്റ, കെട്ടിടം,റോഡ്/പാലത്തി ന്റെ തരം എന്നിവ ഉൾപ്പെടെ) പങ്കിടുകയും ഒരു അദ്വിതീയ അസറ്റ് ഐഡിയുള്ള ഒരൊറ്റ "കേരള പൊതു അസറ്റ് മാപ്പിന്" കീഴിൽ കൊണ്ടു വരേണ്ട തുമാണ്. ഏതു വകുപ്പിന്റെയും ഭാവിയിലെ എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിന് ഇത് സഹായകരമാകും.
- കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കുന്നതിന് പര്യാപ്തമായ നൂതനമായ സാങ്കേതികവിദ്യ ഉപ യോഗിച്ചുള്ള നിർമ്മാണ രൂപകൽപ്പനയും പ്രവർ ത്തിയും വ്യാപകമാക്കണം.
- പൊതുജനങ്ങളുടെ പരാതി അപ്പപ്പോൾ സ്വീകരി ച്ച് പരിഹരിക്കുന്നതിനാവശ്യമായ ഓൺലൈൻ സംവിധാനത്തെ ഫലപ്രദമായി ഉപയോഗിക്കണം.

---

1 Mob: 7907555510

2 Mob: 9847140720

## 128

# ജലസേചന വകുപ്പ്

കാർഷിക മേഖലയുടെ അഭിവൃദ്ധിക്ക് ജലസേചനം അനിവാര്യമാണ്. ജലം ആവശ്യമുള്ള സ്ഥലത്തേക്ക് യഥാസമയം ആവശ്യമുള്ള അളവിൽ എത്തിക്കുക യാണ് ശാസ്ത്രീയമായ ജലസേചന സംവിധാനം. ഉചിതമായ ജലസംരക്ഷണ പരിപാലന മാർഗ്ഗങ്ങൾ ഭക്ഷ്യസുരക്ഷയ്ക്കും, അതുവഴി ജീവിത സുരക്ഷയ്ക്കും അത്യന്താപേക്ഷിതമാണ്. മെച്ചപ്പെട്ട ജലപരിപാലന ത്തിനും സംസ്ഥാനത്തെ ഡാമുകളുടെ പ്രവർത്തന ക്ഷമത മെച്ചപ്പെടുത്തേണ്ടതുണ്ട്. അതോടൊപ്പം വെ ള്ളപ്പൊക്ക നിവാരണ മാർഗ്ഗങ്ങൾക്ക് കൂടുതൽ ശ്രദ്ധ

നൽകുക, സംയോജിത ജലസംഭരണ സംവിധാനം ഒരുക്കുക, ജലവിഭവ വിവരശേഖരണ രീതികൾ ഫല പ്രദമാക്കുക, ജലവിഭവ പരിപാലന ഗവേഷണത്തിൽ ആധുനിക സങ്കേതങ്ങൾ സ്വീകരിക്കുക, ഭൂജല പര്യവേഷണവും വികസനവും മെച്ചപ്പെടുത്തുക, കടൽത്തീര ശോഷണം ലഘൂകരിക്കുക തുടങ്ങിയ നടപടികൾക്കാണ് ജലസേചന വകുപ്പ് ഊന്നൽ നൽകുന്നത്. കേരളത്തിലെ 44 നദികളെ പ്രയോജനപ്പെടുത്തി മേൽപ്പറഞ്ഞവയുടെ നിർവഹണമാണ് വകുപ്പിന്റെ ലക്ഷ്യം. കേരളത്തിന്റെ സമഗ്ര പുരോഗതിയെ ലക്ഷ്യമാക്കി 1990-ൽ കേരള ജലസേചന വകുപ്പ് പ്രത്യേകമായി രൂപികരിച്ചു.

ജലസേചനവകുപ്പ് രൂപീകരിച്ചതിനുശേഷം വകുപ്പ് മായി ബന്ധപ്പെട്ട ഡാമുകളുടെ നിർമ്മാണം, പരിപാലനം, കൃഷിക്കാവശ്യമായ ജലം ലഭ്യമാക്കൽ, കിണർ റീച്ചാർജിംഗ്, നദികളുടെ പരിപാലനം, ഹരിതകേരളം, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ, റീബിൽഡ് കേരള, എസ്.ഡി.ആർ.എഫ്, ഡീസിൽറ്റേഷൻ, റൂം ഫോർ റിവർ, ചെറുകിട ജലസേചന പദ്ധതികൾ, കടൽത്തീരസംരക്ഷണ പ്രവർത്തനങ്ങൾ, കടൽത്തീര ശോഷണ പഠനപ്രവർത്തനങ്ങൾ, ഹൈഡ്രോളജി പഠനം എന്നിവയുമായി ബന്ധപ്പെട്ട് നിരവധി പ്രോജക്ടുകൾ ആരംഭിക്കുകയും അത് പൊതുജനങ്ങൾക്കുപയോഗപ്രദമാകുന്ന തരത്തിൽ എത്തിക്കുന്നതിന് ഈ വകുപ്പിന് സാധിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ ലഭ്യമായ വിഭവങ്ങളെ പരമാവധി വിനിയോഗിച്ച് എല്ലാ പദ്ധതികളും വിവിധോദ്ദേശ്യപദ്ധതികളായി മാറ്റുന്നതിനും ജലസേചനസാധ്യതകൾ മെച്ചപ്പെടുത്തുന്നതിനും സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും നൂതന എം.ഐ സ്കീമുകളും നടപ്പിലാക്കിവരുന്നു.

സംയോജിത ജലവിഭവ മാനേജ്മെന്റ്, സൂക്ഷ്മ ജലസേചനം വഴി കാർഷിക ആവശ്യത്തിനുള്ള ജലത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കൽ, ദുരന്തമായി ബന്ധപ്പെട്ട നാശനഷ്ടങ്ങൾ ലഘുകരിക്കൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിക്കുക വഴി സംസ്ഥാനത്തിന്റെ ജലസമ്പത്തിനെ വിനിയോഗിക്കുകയും സംരക്ഷിക്കുകയും നിയന്ത്രിക്കുകയും ചെയ്യുക, ജലത്തിന്റെ സംഭരണത്തിനും സംരക്ഷണത്തിനും ജലസ്രോതസ്സുകളിലെ മലിനീകരണം ലഘുകരിക്കുന്നതിനും പ്രളയ നിയന്ത്രണത്തിനും ജലസേചന സൗകര്യങ്ങളുടെ സജ്ജീകരണത്തിനും തീര സംരക്ഷണത്തിനും ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങളും പരിപാലനവും ഉറപ്പ് വരുത്തുന്നു. കർഷകരുടെ പങ്കാളിത്തത്തോടെ കാർഷികാവശ്യത്തിനുള്ള ജലത്തിന്റെ വിവേകത്തോടെ യുള്ള ഉപയോഗം ഉറപ്പുവരുത്തൽ. ജലവിഭവ വിദഗ്ധരുടെ ഒരു സംഘം വികസിപ്പിക്കൽ എന്നിവയാണ്.

ധനസമാഹരണമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളായി ഡാമുകളിൽ അടിഞ്ഞ് കൂടിയ മണൽ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചാൽ അത് സർക്കാറിന് വരുമാനവും വെള്ളപ്പൊക്കം ഉൾപ്പെടെ പ്രകൃതി ദുരന്തവും ഒരു പരിധി വരെ നിയന്ത്രിക്കാനാവും. ജലസേചന വകുപ്പിന്റെ കീഴിലുള്ള സ്ഥലത്തു കൂടി സ്വകാര്യ വ്യക്തികൾക്ക് റോഡുകൾക്കും മറ്റ് ആവശ്യങ്ങൾക്കും വിട്ട് കൊടുക്കുമ്പോൾ സർക്കാറിലേക്ക് ഒരു നിശ്ചിത ശതമാനം തുക അടപ്പിക്കുന്നത് സർക്കാറിന് വരുമാന മാർഗ്ഗമാകും. വകുപ്പിന്റെ വിവിധ ഓഫീസുകളിൽ നിന്നും കോൺട്രാക്ടർമാർക്ക് രജിസ്ട്രേഷൻ നൽകി വരുന്നുണ്ട്. ഇതിന് ഡെപ്പോസിറ്റ് ആയി TSB ആണ് ഈടാക്കിയിരുന്നത്. എന്നാൽ അത് ഇപ്പോൾ ബാങ്ക് ഗ്യാരണ്ടി ആയി മാറ്റിയിരിക്കുകയാണ്. ഇത് കോടിക്കണക്കിന് രൂപ ട്രഷറി ഡെപ്പോസിറ്റ് ആയി ലഭിക്കുന്നത് ഇല്ലാതായിരിക്കുകയാണ്. വകുപ്പിന്റെ കീഴിലുള്ള പ്രൊജക്ടുകൾക്ക് കീഴിൽ നിരവധി കെട്ടിടങ്ങളും, ക്വാർട്ടേഴ്സുകളുമുൾപ്പെടെ ഉപയോഗശൂന്യമായി കിടക്കുന്നു. ഇത് ടൂറിസം മേഖല വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ നവീകരിച്ച് Home stay പോലെ പൊതു ജനങ്ങൾക്ക് ലഭ്യമാക്കുന്ന വിധത്തിൽ നവീകരിച്ചാൽ വകുപ്പിന് ഒരു വരുമാന മാർഗ്ഗമാണ്.

കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി ഉൾപ്പെടെയുള്ള മറ്റു വകുപ്പുകൾക്ക് സ്ഥലം വിട്ടുനൽകുന്നതിനും ഡാമുകളിൽ നിന്നും വെള്ളം ശേഖരിക്കുന്നതിനും വകുപ്പു തലത്തിൽ വില നിശ്ചയിക്കുകയാണെങ്കിൽ അത് വകുപ്പിന് ഒരു വരുമാന മാർഗ്ഗമാണ്. വകുപ്പിന് മാത്രമായി മാമ്പൽ പരിഷ്കരിക്കേണ്ടതാണ്. അധികമായി ഡാമുകളിൽ ലഭിക്കുന്ന ജലം മിനറൽ വാട്ടർ ആയി (കുടിവെള്ളം) ശുദ്ധീകരിച്ച് നൽകുകയാണെങ്കിൽ റവന്യൂ വരുമാനം ലഭിക്കാനുള്ള ഒരു മാർഗ്ഗമാണ്. മഴക്കാലത്ത് ഡാമുകളിലെ റിസവോയറുകളിൽ ടൂറിസം പദ്ധതികൾ തയ്യാറാക്കുന്നതിലൂടെയും വരുമാനം കണ്ടത്താൻ സാധിക്കും. ഡാം ടൂറിസം - കെ.എസ്.ആർ.ടി.സിയുമായി ബന്ധപ്പെടുത്തി ഈ മേഖലകളിൽ വിനോദസഞ്ചാരത്തിനനുകൂലമായി മാറ്റാവുന്നതാണ്. യന്ത്രവത്കൃതമല്ലാത്ത ബോട്ടുകൾക്കു വള്ളങ്ങൾക്കും ലൈസൻസ് നൽകുന്നത് ജലസേചനവകപ്പിൽ കനാൽ ഓഫീസർമാരാണ്. നിലവിൽ നാമമാത്രമായ തുകയാണ് ലൈസൻസ് ഈടാക്കുന്നത്. ആയത് വർദ്ധിപ്പിക്കേണ്ടതാണ്. ഫിഷറീസ് വകുപ്പുമായി ചേർന്ന് മത്സ്യകൃഷി നടത്തുന്നതിന് ജലസേചനവകപ്പിന്റെ ഡാം മേഖലയിലെ സ്ഥലങ്ങൾ ഉപയോഗിക്കുന്നതിലൂടെ തദ്ദേശീയരായ ജനങ്ങൾക്ക് തൊഴിൽ ലഭിക്കുന്നതിനോടൊപ്പം വകുപ്പിന് വരുമാനം കണ്ടെത്തുവാനും സാധിക്കും. ഇറിഗേഷൻ വകുപ്പിന്റെ പരിധിയിലുള്ളതും നിലവിൽ അന്യാധീനപ്പെട്ടു കിടക്കുന്നതുമായ വസ്തുവകകൾ കണ്ടെത്തുകയും ആയത് തിരിച്ച് പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും അവിടെ ബൊട്ടാണിക്കൽ പാർക്കുകളും മറ്റും തുടങ്ങിയാൽ വകുപ്പിന് വരുമാനം കണ്ടെത്താന് സാധിക്കും. കനാലുകൾ മോടി പിടിപ്പിച്ച് ഷട്ടർ വച്ച് വെള്ളം തടഞ്ഞുനിർത്തി കുട്ടവഞ്ചി യാത്ര പരിക്ഷിക്കാവുന്നതാണ്. ആയതിലൂടെ റവന്യൂവരുമാനം വർദ്ധിപ്പിക്കാനാകും.

# 129

# എഞ്ചിനീയറിംഗ് സർവീസ് - പ്രൊഫഷണലിസവും കാര്യക്ഷമതയും

കൃഷ്ണൻ ബി.ടി.വി.

പുതിയ കാലത്തെ വികസന വെല്ലുവിളികൾ ഏറ്റെടുക്കുന്നതിന് സർക്കാർ എഞ്ചിനീയറിംഗ് വകുപ്പുകളുടെ പ്രവർത്തനം കൂടുതൽ പ്രഫഷണൽ ആക്കേണ്ടതുണ്ട്. കാര്യക്ഷമമായ ഒരു എഞ്ചിനീയറിംഗ് സംവിധാനത്തിന് നിലവിലുള്ള സർക്കാർ നയങ്ങൾ, നിയമങ്ങൾ, ചട്ടങ്ങൾ നടപടിക്രമങ്ങൾ എന്നിവ പരിഷ്കരിക്കേണ്ടതുണ്ട്. ഇതോടൊപ്പം ദീർഘകാലത്തെ പ്രവർത്തനത്തിലൂടെ വിവിധ വകുപ്പുകളിൽ വന്നുചേർന്ന ശീലങ്ങളും ദുഷ്പ്രവണതകളും മാറ്റേണ്ടതുമുണ്ട്. ഈ പശ്ചാത്തലത്തിൽ കാര്യക്ഷമത, സുതാര്യത, ആധുനികത എന്നീ തലങ്ങളിലെ സമൂലമായ പരിഷ്കാരത്തിലൂടെ എഞ്ചിനീയറിംഗ് വകുപ്പുകളുടെ പ്രവർത്തനം കൂടുതൽ പ്രൊഫെഷനലൈസ് ചെയ്യുന്നതിനുള്ള ചില നിർദേശങ്ങളാണ് ഇവിടെ അവതരിപ്പിക്കുന്നത്.

സർക്കാർ എഞ്ചിനീയറിംഗ് സർവീസുകളിൽ എത്തുന്ന എഞ്ചിനീർമാർക്ക് ശരിയായ പരിശീലനവും ഓറിയന്റേഷനും അനിവാര്യമാണ്. സാങ്കേതിക വിദഗ്ധർ എന്നതിന് പകരം കേവലം അളവെടുപ്പും ബില്ലെഴുത്തും മാത്രം ചെയ്യുന്ന കൊമേർഷ്യൽ എഞ്ചിനീർമാരായി ഒരു വിഭാഗം മാറിയിരിക്കുന്നു. സാങ്കേതിക പ്രശ്നങ്ങളെ സാങ്കേതികമായി പരിഹരിക്കുന്നതിൽ ഉണ്ടാകുന്ന പരാജയം മൂലം അവ രാഷ്ട്രീയ വിഷയങ്ങളും വ്യവഹാര വിഷയങ്ങളുമായി മാറുന്ന പതിവ് രീതി മാറി എല്ലാ രംഗത്തും ഒരു പ്രൊഫഷണൽ പ്രവർത്തനശൈലി ആവിഷ്കരിക്കാൻ കഴിയണം. എഞ്ചിനീയർമാർക്ക് ഇന്ത്യയിലും വിദേശത്തുമുള്ള വിവിധ നിർമാണപ്രവർത്തനങ്ങൾ കാണാൻ അവസരം നൽകുന്നതിനും ഉന്നത പഠനത്തിന് സ്പോൺസർഷിപ് നൽകുന്നതിനും സർക്കാർ തയ്യാറാകണം.

കൃത്യമായ ഡിസൈനും പ്ലാനിങ്ങും ഫണ്ട് ഫ്ളോയും ആണ് ഒരു പ്രവൃത്തിയുടെ നിർവഹണം കാര്യക്ഷമമാകുന്നത്. ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എന്നിവ കൃത്യതയോടെ നിർവഹിക്കുകയും ഇതനുസരിച്ചു വിശദമായ ഡ്രോയിങ്ങുകൾ നിർവഹണത്തിന് ലഭ്യമാകുകയും വേണം. ഇതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റുകൾ കൂടുതൽ കൃത്യതയോടെ തയ്യാറാക്കണം. മെറ്റീരിയൽ സ്പെസിഫിക്കേഷൻ നിർബന്ധമായും പാലിക്കപ്പെടേണ്ടതാണ്. ടൂറിസത്തിനു അനന്ത സാധ്യതകളുള്ള കേരളത്തിൽ റോഡ് പ്രവൃത്തികൾ ഉൾപ്പെടെ ഏതൊരു പ്രവൃത്തിയും അവയുടെ മനോഹാരിത ഉറപ്പാക്കി വേണം നിർവഹിക്കാൻ. സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഡിസൈൻ പോളിസി എല്ലാ തലങ്ങളിലും ബാധകമാക്കണം. നിർമിതികളുടെ ഡ്രോയിങ്ങുകൾ തയ്യാറാക്കുന്നതിന് ബിൽഡിംഗ് ഇൻഫർമേഷൻ മോഡലിംഗ് (BIM) പോലുള്ള നൂതന രീതികൾ ഉപയോഗിക്കണം.

നിർമാണത്തിലെ പാഴ്ച്ചെലവുകൾ ഒഴിവാക്കാൻ ഡിസൈൻ ഒപ്ടിമൈസേഷനും ടെക്നിക്കൽ ഓഡിറ്റും അനിവാര്യമാണ്. സാങ്കേതികാനുമതിക്കായി ഇപ്പോൾ തട്ടിക്കൂട്ടുന്ന കമ്മിറ്റികളും മറ്റു സംവിധാനങ്ങളും ഫലപ്രദമല്ല. കൃത്യമായ ഡിസൈൻ, എസ്റ്റിമേഷൻ എന്നിവ കൊണ്ട് പദ്ധതികളുടെ ചെലവ് 25% വരെ കുറക്കാൻ സാധിക്കും.

നിർമാണപ്രവർത്തനങ്ങൾക്കു ത്രീ ടയർ ക്വാളിറ്റി കണ്ട്രോൾ നിർബന്ധമാണെങ്കിലും ഇത് കേവലം ഡോക്യുമെന്റേഷൻ ആയി ചുരുങ്ങുന്നു.

ആധുനിക ഇലക്ട്രോണിക് സാങ്കേതികവിദ്യകളെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിഞ്ഞാൽ നിർമാണപ്രവൃത്തികളിൽ വലിയൊരു അളവിൽ സുതാര്യത ഉറപ്പാക്കാൻ കഴിയും. വകുപ്പുകളിലെ ഇന്റേണൽ വിജിലൻസ് ശക്തമാക്കണം. ഓരോ പ്രവൃത്തിക്കും ഇൻസ്പെക്ഷൻ പ്രോട്ടോകോൾ ഉണ്ടാക്കണം. ഇൻസ്പെക്ഷൻ, ജീവനക്കാരെ പീഡിപ്പിക്കാൻ വേണ്ടി ആകരുത്, മറിച്ച് അവരെ തിരുത്താൻ വേണ്ടിയുള്ളതാകണം.

എസ്ററിമേഷൻ, ഡിസൈൻ, ഡ്രാഫ്റ്റിംഗ് എന്നിവ ഫീൽഡ് ജോലികളുമായി കൂട്ടിക്കുഴക്കാതെ ഇതിനായി പ്രത്യേക സംവിധാനം ഉണ്ടാക്കുന്നത് കൂടുതൽ വേഗത്തിലും കൃത്യതയോടെയും കാര്യങ്ങൾ ചെയ്യുന്നതിന് സഹായകമാകും.

ഭാവിയിൽ വരാനിരിക്കുന്ന വെല്ലുവിളികളെ നേരിടുന്നതിന് വകുപ്പുകൾ സജ്ജമായിരിക്കണം. ഇത്തരത്തിൽ ഒരു ഹ്യൂമൻ റിസോഴ്സസ് പോളിസി സർക്കാരിനുണ്ടാകണം. കാലാവസ്ഥ മാറ്റം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സമഗ്രമായ പ്ലാനിംഗ് വേണം. ഇതിനു വേണ്ട ഡാറ്റാ കളക്ഷന് വകുപ്പുകൾ പ്രാധാന്യം നൽകണം. ഗ്രീൻ പ്രോട്ടോകോൾ പരമാവധി പാലിക്കണം. ദേശീയ അന്തർദേശീയ തലങ്ങളിൽ ഉള്ള വിദഗ്ധരെ വകുപ്പുകളിൽ ഇൻഡക്ട് ചെയ്യാനും അവരുടെ അറിവുകൾ സ്വായത്തമാകാനും നടപടി ഉണ്ടാകണം.

---

ചീഫ് എഞ്ചിനീയർ (റിട്ട.), ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, 9447760775

130

## പാലം നിർമ്മാണത്തിലെ സാങ്കേതിക മാറ്റങ്ങൾ

സജു എസ്സ്.

സംസ്ഥാനത്തെ പാലങ്ങളിൽ ഭൂരിഭാഗവും പൊതുമരാമത്ത് വകുപ്പിന്റെ മേൽ നോട്ടത്തിലാണ് നിർമ്മിക്കുന്നത്. 2017 മുതൽ വകുപ്പിൽ ഇന്റഗ്രൽ ബ്രിഡ്ജസ്(Integral Bridges) എന്ന നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയാണ് പാലങ്ങൾനിർമ്മിച്ച് വരുന്നത്. ഈ സാങ്കേതികവിദ്യ പ്രകാരം പാലങ്ങളിലെ ബെയറിങ്ങുകളും എക്സ്പാൻഷൻ ജോയിന്റുകളും നീളം കൂടിയ പാലങ്ങളിൽ ഒരു പരിധി വരെയും നീളം കുറഞ്ഞ പാലങ്ങളിൽ പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കുന്നു. ഇത് പാലങ്ങളുടെ നിർമ്മാണച്ചെലവും അറ്റകുറ്റ പണികളും കുറക്കുന്നതിനും യാത്രാ സൗകര്യം മെച്ചപെടുത്തുന്നതിനും കാരണമാകുന്നു. സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന 'ഡിസൈൻ പോളിസി' അനുസരിച്ച് ഭാവിയിൽ വകുപ്പ് നിർമ്മിക്കുന്ന പാലങ്ങളിൽ ലോകോത്തര നൂതന സാങ്കേതിക വിദ്യയായ 'അൾട്രാ ഹൈ പെർഫോമൻസ് ഫൈബർ റീഇൻഫോഴ്സ്ഡ് കോൺക്രീറ്റും' (UHPFRC)അതിവേഗത്തിൽ നിർമ്മാണം സാധ്യമാക്കുന്ന പ്രീഫാബ്രിക്കേറ്റഡ് നിർമ്മാണ രീതിയിലധിഷ്ഠിതമായ 'ആക്സിലറേറ്റഡ് ബ്രിഡ്ജ് കൺസ്ട്രക്ഷൻ'(ABC) എന്ന സാങ്കേതികവിദ്യയും നടപ്പാക്കാവുന്നതാണ്.ഈ സാങ്കേതികവിദ്യ പ്രകാരം ‘സുസ്ഥിരമായ പാലങ്ങളുടെ നിർമ്മാണം’ എന്ന ആശയം ഫലപ്രദമായി നടപ്പിലാക്കുവാൻ സാധിക്കും.

ഡയറക്ടർ, ചീഫ് ഡിസൈൻ ഓഫീസ്, പൊതുമരാമത്ത് വകുപ്പ്, Phone: 9447004768, E-mail: sajus99@gmail.com

131

## പൊതുമരാമത്ത് വകുപ്പ് പ്രവർത്തനം അഴിമതി രഹിതവും സുതാര്യവുമാക്കുന്നതിന്

കെ. സുന്ദരൻ

കേരളത്തിലെ അടിസ്ഥാന സൗകര്യ വികസനം ഉറപ്പ് വരുത്തുന്നതിൽ നിർണായകമായ പങ്ക് വഹിക്കുന്ന വകുപ്പാണ് പൊതുമരാമത്ത്. താഴെ തട്ടിലുള്ള വില്ലേജ് ഓഫീസുകളുടെ ചെറിയ കെട്ടിടങ്ങൾ മുതൽ മെഡിക്കൽ കോളജുകൾ വരെയുള്ള ഓഫീസ് സമുച്ചയങ്ങൾക്കും ആവശ്യമായ വൻ കെട്ടിടങ്ങളുടെ നിർമാണം, ആധുനിക നിലവാരത്തിലുള്ള റോഡുകളുടെ നിർമാണം തുടങ്ങിയ പ്രവർത്തികൾ ഏറ്റെടുത്തു നടത്തുന്ന പൊതുമരാമത്ത് വകുപ്പ് കൈകാര്യം ചെയ്യുന്ന ജോലിയിൽ സമ്പൂർണസുതാര്യത ഉറപ്പുവരുത്തുന്നതോടൊപ്പം പൂർണമായും അഴിമതിരഹിതമായി, സമയബന്ധിതമായി പ്രവർത്തികൾ പൂർത്തിയാക്കുന്നു എന്നു ഉറപ്പാക്കേണ്ടതുമുണ്ട്. ഇത് സഫലീകരിക്കുന്നതിനായി നിരവധി പ്രവർത്തങ്ങൾക്ക് വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ടെങ്കിലും ഇനിയും നിരവധി പരിഷ്കാരങ്ങൾ കൊണ്ടുവരേണ്ടതുണ്ട്. പ്രവർത്തിയുടെ സുതാര്യത ഉറപ്പ് വരുത്തുന്നതിനായി വർക്ക്ഷെഡ്യൂൾ ഇന്റർനെറ്റിൽ പ്രസിദ്ധീകരിക്കുകയും, വീഡിയോ റെക്കോർഡിംഗ് വഴി Concealed Work ഡോക്യുമെന്റ് ചെയ്യുകയും നിശ്ചിത ഇടവേളകളിൽ സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കുകയും വേണം. ക്വാളിറ്റി കൺട്രോൾ വിംഗിനെ ശക്തിപ്പെടുത്തിക്കൊണ്ട് തൽസമയ ക്വാളിറ്റി അഷ്വറൻസ് മെക്കാനിസം ഉറപ്പാക്കുകയും, ഗുണനിലവാര നിയന്ത്രണ വിഭാഗങ്ങളുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കരാറുകാർക്ക് പ്രവർത്തി നടക്കുമ്പോൾ തന്നെ ബാധ്യത നിശ്ചയിച്ചു നല്കുന്ന സംവിധാനവും ഉണ്ടാകണം. DCE വിജിലൻസിന്റെ കീഴിലുള്ള പിഡബ്ല്യുഡി വിജിലൻസ് വിഭാഗം ഡിപ്പാർട്ട്മെന്റിൽ എല്ലാ നിയമങ്ങളും നിർദ്ദേശങ്ങളും പാലിക്കുന്നുണ്ടോയെന്നു പരിശോധിക്കുന്നതിനായി ശക്തിപ്പെടുത്തുകയും ബില്ലുകൾ അടക്കമുള്ള പ്രവർത്തിയുടെ വിവിധ ഘട്ടങ്ങൾ ബാഹ്യ ഇടപെടൽ ഇല്ലാതെ തന്നെ സമയബന്ധിതമായി പ്രോസസ്സ് ചെയ്യാൻ സാധിക്കുന്ന സംവിധാനം PRICE Software ന്റെ ഭാഗമായി ശക്തിപ്പെടുത്തനം. ജോലിയുടെ പുരോഗതി, ചെലവ്, ബില്ലുകളുടെ പെൻഡൻസി, ഗുണനിലവാരവും കരാർ ബാധ്യതകളും സംബന്ധിച്ച വരുന്ന വീഴ്ചകൾ ചൂണ്ടിക്കാട്ടുന്ന സൂചകങ്ങൾ എന്നിവ സൂചിപ്പിക്കുന്ന ഒരു ഡാഷ്ബോർഡ് ഇന്റർഫേസുള്ള പ്രോജക്റ്റ് മാനേജ്മെന്റ് സിസ്റ്റം സ്ഥാപിക്കുന്നത് പ്രവർത്തിയിൽ കൃത്യമായ മേൽനോട്ടത്തിന് സൗകര്യമൊരുക്കി സമയബന്ധിതമായി പരമാവധി പൂർത്തിയാക്കുവാൻ സഹായിക്കും.

ചീഫ് എഞ്ചിനീയർ (റിട്ട), PWD, Ph: 9447455486, Email: sundarankeng@yahoo.com

## 132

# പൊതുമരാമത്ത് വകുപ്പ് – പ്രവൃത്തി അടിസ്ഥാനത്തിലുള്ള പുനക്രമീകരണം

വിഷ്ണു ജി.എസ്.

പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വിവിധയിനം പദ്ധതികളാണ് നടന്നു വരുന്നത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് നിരവധി പോരായ്മകൾ വകുപ്പിൽ നിലനില്ക്കുന്നുണ്ട്. അതിൽ പ്രധാനം കൃത്യമായ പ്ലാനിങ്ങിന്റെ അഭാവം, പ്രവർത്തി പൂർത്തിയാക്കുന്നതിലെ കാലതാമസം എന്നിവയാണ്. നിലവിലുള്ള ഉദ്യോഗസ്ഥ വിന്യാസ സംവിധാനത്തിൽ നിന്നു മാറി പദ്ധതികളുടെ വലുപ്പം, പ്രാധാന്യം, ഉപയോഗം എന്നിവ അടിസ്ഥാനമാക്കി, വിവിധ വിഭാഗങ്ങളെ കൂട്ടിയിണക്കി (ഇലക്ട്രികൽ, mechanical, biomedical, electronics) ഒരു ഡിവിഷൻ എന്ന രീതിയിൽ ഏകോപിച്ചുള്ള പ്രവർത്തനം നടപ്പിലാക്കുന്നത് പദ്ധതികളുടെ വേഗം കൂട്ടാനും, വിവിധ വിഭാഗങ്ങളുടെ ഏകോപ്പിച്ചുള്ള പ്രവർത്തനത്തിനും സഹായകരമാകും. വിവിധ പൊതുമേഖല സ്ഥാപനങ്ങൾക്കും accredited ഏജൻസികൾക്കും ഇത്തരത്തിൽ പദ്ധതി നിർവഹണം ഏകോപിപ്പിച്ചു നടത്താൻ കഴിയുന്നതിനാൽ സമയബന്ധിതമായി പൂർത്തിയാക്കുവാൻ സാധിക്കുന്നുണ്ട്. ആയതിനാൽ തന്നെ വകുപ്പുകൾ ഇത്തരം സ്ഥാപനങ്ങളെ ആശ്രയിക്കുകയും പൊതുമരാമത്ത് വകുപ്പിന് പ്രവർത്തി ലഭിക്കാതെ പോകുകയും ചെയ്യുന്നുണ്ട്. വകുപ്പിന്റെ ഭാവി മുന്നിൽ കണ്ടുകൊണ്ടു മേൽ പ്രതിപാദിച്ച സംയോജിതമായ ഡിവിഷൻ അടിസ്ഥാനത്തിലുള്ള പദ്ധതി നിർവഹണം പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും, പദ്ധതി നിർവഹണം വേഗത്തിലാക്കുകയുംചെയും. പുതിയ പദ്ധതികൾ വകുപ്പിന് ലഭ്യമാക്കുന്നതിനും, പദ്ധതികളുടെ ആദ്യ ഘട്ടത്തിലെ ഉപഭോക്താക്കളുമായുള്ള ആശയ വിനിമയം, Architectural and structural designing, Interior designing, MEP and ELV designing എന്നിവ പൂർത്തിയാക്കുന്നതിനും, ഏകോപനത്തിനും ജില്ലടിസ്ഥാനത്തിൽ “Business Development and Planing wing” എന്ന ആശയം സഹായകരമാകുകയും വിവിധ സർക്കാർ വകുപ്പുമായുള്ള ഏകോപനം സുഗമമാകുകയും ചെയ്യും. വകുപ്പിൽ “specialisation” നു കൂടുതൽ മുൻതൂക്കം നൽകേണ്ടതാണ്. ഉദാഹരണത്തിന് “contract management”, “estimation”, “quality wing”, “safety wing,” എന്നീ രീതിയിൽ വിഭാഗങ്ങൾ ഉണ്ടായാൽ section office കൾക്കു പൂർണമായും പദ്ധതി നിർവഹണത്തിന് ഊന്നൽ നല്കുവാൻ കഴിയും. നിലവിൽ കോടികൾ ചിലവഴിച്ചു നിർമിച്ച സർക്കാർ മന്ദിരങ്ങൾ പരിപാലനം നടത്തുന്നത് കൃത്യമായ സംവിധാനം വകുപ്പിൽ നിലവിലില്ല. ഇത് കെട്ടിടത്തിന്റെ ആയുസ്സ് കുറക്കുകയും, അറ്റകുറ്റപണികൾക്ക് ഭീമമായ തുക ചിലവഴിക്കേണ്ടതായും വരുന്നുണ്ട്. ദൈനംദിന അടിസ്ഥാനത്തിൽ പരിപാലനത്തിന് സംവിധാനം എറപ്പെടുത്തിക്കൊണ്ട് ഇത് പരിഹരിക്കാവുന്നതാണ്. ജില്ലാ അടിസ്ഥാനത്തിൽ “facility management”(മെയ്ന്റനൻസ്)എന്ന ഒരു വിഭാഗത്തിനു രൂപം കൊടുത്താൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ കുടുംബശ്രീ, ചെറിയ സ്വയം തൊഴിൽ സംഘങ്ങൾ തുടങ്ങിയവർക്കു കരാർ അടിസ്ഥാനത്തിൽ തൊഴിൽ നൽകാൻ സാധിക്കുകയും അത് വഴി സർക്കാർ asset കളുടെ പരിപാലനവും കൃത്യമായി നടത്താവുന്നതാണ്.

ഇത്തരത്തിൽ കാലം മാറുന്നതിനനുസരിച്ചുള്ള മാറ്റങ്ങൾ വകുപ്പിന്റെ ഘടനയിലും കൊണ്ടുവന്നു വകുപ്പിനെ ആധുനിക വൽക്കരിക്കേണ്ടതുണ്ട്.

അസി. എഞ്ചിനീയർ, PWD, Ph:-9497265792, Email:-vaishnavam.gsv@gmail.com

## 133

# “പ്രൈസ്”-പ്രവർത്തി നിർവ്വഹണ-നിയന്ത്രണ സംവിധാനത്തിലെ വിപ്ലവകരമായ മാറ്റം

ഷാൻ എസ്.എൽ.

സംസ്ഥാനത്തെ എഞ്ചിനീയറിങ് വകുപ്പുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടാണ് പ്രൈസ് സോഫ്റ്റ്‌വെയർ കേരളത്തിൽ നടപ്പിലാക്കിയത്. ഒരു പ്രവർത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് മുതൽ ബില്ല് തയ്യാറാക്കുന്നതുവരെയുള്ള എല്ലാ പ്രവർത്തികളും ഒരു പ്ലാറ്റ്ഫോമിൽ കൊണ്ട് വരുക

എന്ന ലക്ഷ്യത്തോടെയാണ് ആരംഭിച്ച പദ്ധതിയുടെ മൂന്നാം ഘട്ടമാണ് ഇപ്പോൾ നടപ്പിലാക്കികൊണ്ടിരിക്കുന്നത്. മനുഷ്യാധ്വാനം വളരെ കുറയ്ക്കുവാനും സമയബന്ധിതമായി പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനും ബില്ലുകൾ നൽകുന്നതിനും സോഫ്റ്റ്‌വെയർ കാരണമായിട്ടുണ്ട്.

ബിൽതയ്യാറാക്കൽ, വർക്ക്മാനേജ്മെന്റ്, പ്രോജക്ട്മോണിറ്ററിംഗ്, ഇ-പേയ്മെന്റ്, കോൺട്രാക്ടർമാനേജ്മെന്റ്, സർവീസ് മാനേജ്മെന്റ്, അസറ്റ്മാനേജ്മെന്റ് തുടങ്ങിയവ ഉൾപ്പെടുത്തി 2017-ൽ PRICE സോഫ്റ്റ്‌വെയറിന്റെ രണ്ടാം ഘട്ടം ആരംഭിക്കുകയും തുടർന്ന് പൊതുമരാമത്ത് പ്രവൃത്തികൾ നിയന്ത്രിക്കുന്നതിന് വേണ്ടിയുള്ള എല്ലാ കാര്യങ്ങളും ഉൾക്കൊള്ളിച്ചു കൊണ്ടുള്ള PRICE-3 നിലവിൽ വരുകയും ചെയ്തു . PRICE-3 യിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, റിവൈസ്ഡ് എസ്റ്റിമേറ്റ്, റീകാസ്റ്റ് എസ്റ്റിമേറ്റ് എന്നിവ തയാറാക്കൽ, നിയന്ത്രിതമായ വർക്ക്ഫ്ലോകൾ വഴി അംഗീകാരങ്ങൾ നൽകൽ, BoQ, NIT, കരാർ ഉടമ്പടി പോലെയുള്ള രേഖകൾ തയാറാക്കൽ, കരാറുകൾ അംഗീകരിക്കൽ (പ്രീ-യോഗ്യതകളുള്ള ടെൻഡർ ഉൾപ്പടെ), പ്രവൃത്തി അനുവദിക്കൽ, ഇ-എഗ്രിമെന്റ്പ്രകാരം കരാറിൽ ഏർപ്പെടൽ, പ്രവൃത്തിയുമായി ബന്ധപ്പെട്ട സ്ഥലം കരാറുകാരന് കൈമാറൽ, തടസം രേഖ പ്പെടുത്തുന്നതിനുള്ള രജിസ്റ്റർ, ഇ-മെഷർമെന്റ്, ഇ-ബില്ല് തുടങ്ങിയവ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ ഇ-അനുമതി, ഇ-പേയ്മെന്റ്, BAMS, EMLI, BIMS എന്നീ സോഫ്റ്റ് വെയറുകളുമായും PRICE-3 ബന്ധിപ്പിച്ചിട്ടുണ്ട്.

PRICE സോഫ്റ്റ്‌വെയർ സിസ്റ്റത്തിന്റെ ഭാഗമായി കരാറുകാർക്ക് മാത്രമായി ഒരു കോൺട്രാക്ടർ പോർട്ടലും നിലവിൽ സജ്ജമാക്കിയിട്ടുണ്ട്. അതിൽ കരാറുകാർക്ക് അവരുടെ ജോലികൾ കാണാനും, പ്രവൃത്തി സംബന്ധമായ എല്ലാ പ്രവർത്തനങ്ങളും ഓൺലൈനായി ചെയ്യാനും, കോൺട്രാക്ടർ ലൈസൻസ് രജിസ്ട്രേഷനും പുതുക്കലും ഉൾപ്പെടെ ഉള്ള സംവിധാനം ഉൾപ്പെടുത്തിയിട്ടുണ്ട്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, PWD, Ph:-9447586381, Email:-shanpwd@gmail.com

134

# നിർമാണ മേഖലയിൽ അൾട്രാഹൈപെർഫോമൻസ് ഫൈബർ റീയിൻഫോഴ്സ്ഡ് കോൺക്രീറ്റ് (UHPFRC) ന്റെ ആവശ്യകത

അരുൺ കെ.വി.

ലോകമെമ്പാടും ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന നിർമ്മാണ വസ്തു കോൺക്രീറ്റ്ആണ്. കോൺക്രീറ്റിൽ ഉപയോഗിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഘടകമായ സിമന്റ്, ഊർജ്ജതീവ്രതയുള്ള നിർമ്മാണ പ്രക്രിയ കാരണം ആഗോള കാർബൺ ഉത്ഗമനത്തിന്റെ 5-8% സംഭാവന ചെയ്യുന്നു. സാധാരണയായി ഉപയോഗിക്കുന്ന പരമ്പരാഗത റീയിൻഫോഴ്സ്ഡ് കോൺക്രീറ്റ് (RCC) നിർമ്മാണ സാമഗ്രികളിൽ ഏകദേശം 15% സിമന്റ് അടങ്ങിയിരിക്കുന്നു. എന്നാൽ വർദ്ധിച്ചു വരുന്ന ഡിമാൻഡും ബൾക്ക്ഡിസൈനും കാരണം പരമ്പരാഗത റീയിൻഫോഴ്സ്ഡ് കോൺക്രീറ്റിനു ഉയർന്ന അളവിൽ സിമന്റ്ആവശ്യമാണ്. 2021ൽ ആഗോള സിമന്റ് ഉൽപ്പാദനം 4.4 ബില്യൺ മെട്രിക് ടൺ ആയിരുന്നു. അതിനാൽ, വരുംതലമുറയെ മുന്നിൽകണ്ടുകൊണ്ട് സുസ്ഥിരമായ വികസനം (sustainable development) ഉറപ്പാക്കാൻ കാർബൺ ഫുട്പ്രിന്റ് കുറയ്ക്കുന്നതിനുള്ള രീതികൾ കൊണ്ടുവരേണ്ടതുണ്ട്. അൾട്രാഹൈപെർഫോമൻസ് ഫൈബർ റീയിൻഫോഴ്സ് കോൺക്രീറ്റ് (UHPFRC) അതിന്റെ അസാധാരണമായ മെക്കാനിക്കൽ ശക്തി കാരണവും നിർമ്മിതികളുടെ അറ്റകുറ്റപ്പണിയുടെ ആവശ്യകത കുറയുന്ന കാരണത്താലും ഉയർന്ന സേവന കാലാവധി കാരണവും നിർമ്മാണമേഖലയിലെ ജനപ്രീതിനേടുന്ന അത്യാധുനിക സാങ്കേതികവിദ്യയാണ്. ആഴത്തിലുള്ള സൂക്ഷ്മ ഘടനയും ഉയർന്ന ഗുണമേന്മയും കാരണം, UHPFRC കോൺക്രീറ്റ് നിർമ്മിതികളുടെ സുസ്ഥിരത (Sustainability) ഗണ്യമായി മെച്ചപ്പെടുത്തുന്നു. കൂടാതെ UHPFRC സാധാരണ കോൺക്രീറ്റുമായി താരതമ്യം ചെയ്യുമ്പോൾ UHPRC-ക്ക് കുറഞ്ഞ ആഗോളതാപന സാധ്യത(Global WarmingPotential, GWP)ആണ് ഉള്ളത്. സാധാരണ കോൺക്രീറ്റുമായി താരതമ്യം ചെയ്യുമ്പോൾ UHPRC കൊണ്ടുള്ള structural elements നെ വാഹന മാർഗം കൊണ്ടുപോകാൻവളരെ എളുപ്പമായതിനാൽ (ഭാരം കുറവായതിനാൽ UHPFRC പ്രീകാസ്റ്റിംഗും പ്രോത്സാഹിപ്പിക്കുന്നു.UHPFRC ക്ക് 1 വർഷം യാതൊരുവിധ അറ്റകുറ്റപ്പണികൾ ആവശ്യമില്ല. എന്നാൽ പരമ്പരാഗത റീയിൻഫോഴ്സ്ഡ് കോൺക്രീറ്റിന്റെ ആയുസ്സ് 5 വർഷം ആണ്. ആയതിനാൽ സർക്കാർ നിർമാണ മേഖലയിൽ UHPFRC വ്യാപകമായി ഉപയോഗിക്കുന്നതിന് കഴിയണം.

ബ്രിഡ്ജ് ഡിസൈൻ എഞ്ചിനീയർ, PWD, Ph: 9567140779, Email:-thanal06@gmail.com

135

# ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്

സുഭാഷ് ടി.കെ.

ജനങ്ങളുടെജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്നത് ഏതൊരു ജനകീയ സർക്കാരിന്റേയും പ്രഥമവും പ്രധാനവുമായ ഉത്തരവാദിത്തം ആണ്. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് 1967 ലെ ഇ.എം.എസ്. സർക്കാർ വൈദ്യുതി ഉല്പാദന, പ്രസരണ, വിതരണ, ഉപഭോഗമേഖലകളിൽ സുരക്ഷ ഉറപ്പാക്കുന്നതിനായി 1.2.1968 ലെ GO(MS) No.28/68/PW എന്ന നമ്പരായി ഈ വകുപ്പ് രൂപീകരിച്ചുകൊണ്ട് ഉത്തരവായത്. 1910 ലെ ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്ട്, 1956 ലെ ഇന്ത്യൻ ഇലക്ട്രിസിറ്റി റൂൾസ് എന്നീ നിയമങ്ങളും അതിന് അനുബന്ധമായി രൂപീകരിക്കപ്പെട്ട സ്റ്റാൻഡേർഡ്സും വൈദ്യുത പ്രതിഷ്ഠാപനങ്ങളിൽ ഉറപ്പുവരുത്തുക എന്നതായിരുന്നു ഈ വകുപ്പിന്റെ പ്രധാന ലക്ഷ്യം. വകുപ്പ് രൂപീകരണ ഘട്ടത്തിൽ എഞ്ചിനീയറിംഗ് കോളേജിൽനിന്നുള്ള അധ്യാപകരും ഇലക്ട്രിസിറ്റി ബോർഡിൽനിന്നുള്ള എഞ്ചിനീയർമാരും ഡപ്യൂട്ടേഷനിലാണ് ആണ് സാങ്കേതിക വിദഗ്ധർ എന്ന നിലയിൽ ഈ വകുപ്പിൽ ജോലി ചെയ്തിരുന്നത്.

1980 ലെ നായനാർ സർക്കാരിന്റെ സിവിൽസർവ്വീസിന്റെ വിപുലീകരണം എന്ന കാഴ്ചപ്പാട് ആണ് ഈ വകുപ്പിനെ വിപുലീകരിക്കാനും പി.എസ്.സി. വഴി നിയമനം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾക്കു തുടക്കം കുറിച്ചത്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി സംസ്ഥാനത്തെ സ്വകാര്യ / പൊതുമേഖലയിലെ വൻകിട/ചെറുകിട വ്യവസായ സ്ഥാപനങ്ങളിലെ വൈദ്യുതി പ്രതിഷ്ഠാപനങ്ങളുടെ സ്റ്റാന്റേർഡ്സും ഗുണനിലവാരവും ഉറപ്പാക്കാനും അതുവഴി അപകടങ്ങൾ ഒഴിവാക്കാനും കഴിഞ്ഞിട്ടുണ്ട്.

ഏതൊരു സമൂഹത്തിന്റേയും ജീവിത നിലവാരസൂചികയു ടെഅളുവകോലിലൊന്ന്പ്രതിശീർഷവൈദ്യുതി ഉപഭോഗം ആണ്. ആ നിലയിൽ പരിശോധിക്കുമ്പോൾ വികസിതരാജ്യങ്ങളിലെ പ്രതിശീർഷ ഉപഭോഗത്തിന് അടുത്ത് കേരളത്തിലേയും എത്തുന്നു. മാത്രമല്ല ഇന്ത്യയിലെ സമ്പൂർണ്ണ വൈദ്യുതീകരണം സാധ്യമാക്കിയ ഏക സംസ്ഥാനവും കേരളമാണ്. അതിനാൽതന്നെ വൈദ്യുതി അപകടങ്ങളുടെ എണ്ണം താരതമ്യേന കൂടുതൽ ആണ്. ഈ വർദ്ധനയ്ക്ക് കാരണം കേരളത്തിന്റെ ഭൂപ്രകൃതിയും, ഉണ്ടാകുന്ന അപകടങ്ങൾ എല്ലാം കൃത്യമായി റിപ്പോർട്ട് ചെയ്യപ്പെടുന്നതും ആണ്.

നിലവിൽ ഓരോ രണ്ടു ദിവസം കൂടുന്തോറും മൂന്ന് വൈദ്യുത അപകടങ്ങൾ ഇവിടെ സംഭവിക്കുന്നു. ഓരോ മൂന്നു ദിവസം കൂടുമ്പോഴും രണ്ടു ജീവനുകൾ വൈദ്യുതാഘാതത്താൽ നഷ്ടപ്പെടുന്നു. കഴിഞ്ഞ അഞ്ചുവർഷത്തെ കണക്കു പരിശോധിച്ചാൽ ഏകദേശം 460 ഓളം അപകടങ്ങൾ ഒരു വർഷം സംഭവിക്കുന്നതായി കാണാൻ കഴിയും, വ്യാപകമായ ബോധവത്കരണം ഇക്കാര്യത്തിൽ ആവശ്യമാണ്.

ഇ.എച്ച്.ടി., എച്ച്.ടി. പ്രതിഷ്ഠാപനങ്ങളുടെ ആദ്യ പരിശോധനയും വാർഷിക പരിശോധനയും ഈ വകുപ്പ് നടത്തുന്നു. ബഹുനില കെട്ടിടങ്ങൾ, ലിഫ്റ്റ്, എക്സ്റേ, ജനറേറ്ററുകൾ, വലിയ ആശുപത്രികൾ, സിനിമാ തിയേറ്ററുകൾ, കൺവൻഷൻ സെന്ററുകൾ തുടങ്ങിയവയിലെ വൈദ്യുത പ്രതിഷ്ഠാപനങ്ങളുടെ സ്റ്റാൻഡേർഡ്സ് ഈ വകുപ്പ് പരിശോധിച്ച് ഉറപ്പുവരുത്തുന്നു. കോൺട്രാക്ടർ, സൂപ്പർവൈസർ, വയറിംഗ് ലൈസൻസുകൾ ഈ വകുപ്പ് ആണ് നൽകുന്നത്.

നവകേരളത്തിലെ സിവിൽ സർവ്വീസിന്റെ ഭാഗമായി ഒരു റെഗുലേറ്ററി വകുപ്പ് എന്ന നിലയിൽ ഇതിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതുണ്ട്. ജീവനക്കാർക്ക് വൈദ്യുത പ്രതിഷ്ഠാപന രംഗത്ത് ഉണ്ടാകുന്ന നവീകരണവും, സ്റ്റാർഡേർഡ്സിലെ മാറ്റവും സംബന്ധിച്ച് നിശ്ചിത ഇടവേളകളിൽ ട്രെയിനിംഗ് നൽകണം. പൊതുജനങ്ങളോട് ജീവനക്കാർക്കുള്ള സമീപനത്തിൽ കാതലായ മാറ്റം വരുത്തണം. വൈദ്യുത അപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി വീടുകളിലെ പ്രതിഷ്ഠാന പരിശോധന നടത്തണം. വൈദ്യുത അപകടങ്ങളുടെ കാരണം കണ്ടെത്തി അവ ആവർത്തിക്കാതിരിക്കാനുള്ള നടപടിസ്വീകരിക്കണം. നിയമങ്ങളിലും ചട്ടങ്ങളിലും കാതലായ മാറ്റം വരുത്താനും നടപടി സ്വീകരിക്കണം.

Mob:-9447979877, E-mail: tksubhash.ei@gmail.com

136

## കേരള വാട്ടർ അതോറിറ്റി

പി. ഉണ്ണികൃഷ്ണൻ

കേരളത്തിലെ ജനങ്ങൾക്ക് കുടിവെള്ള വിതരണത്തിനും തദ്ദേശ സ്ഥാപനങ്ങൾക്കു വേണ്ടി മലിനജല നിർമ്മാർജ്ജ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്നതിനുമായി രൂപീകരിക്കപ്പെട്ട ഒരു പൊതുസംവിധാനമാണ് കേരള വാട്ടർ അതോറിറ്റി. 1956-ൽ കേരള സംസ്ഥാനം രൂപീകൃതമായപ്പോൾ പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റ് നിലവിൽ വന്നു. 1984-ൽ ഇതിനെ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനമായ വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റിയായി മാറ്റുകയും ചെയ്തു. 1986-ലെ കേരള വാട്ടർ സപ്ലൈ റഗുലേഷൻ, വാട്ടർ സപ്ലൈ ആന്റ് സ്വീവറേജ് ആക്ട് എന്നിവ അനുസരിച്ചാണ് അതോറിറ്റി പ്രവർത്തിക്കുന്നത്.

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളും അതോറിറ്റി നടപ്പാക്കിവരുന്നു.

ജനങ്ങളുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട് അതിപ്രധാനമായ സേവനം നൽകിവരുന്ന ഈ വകുപ്പിന്റെ ഭരണനിർവ്വഹണം കാര്യക്ഷമവും ജനകീയവുമാകണമെങ്കിൽ ഒരു സമഗ്രമായ പഠനം ആവശ്യമാണ്. അതിനുശേഷം ഗുണഭോക്താക്കൾക്ക് ഓൺലൈനായി സേവനം നൽകാൻകഴിയുംവിധം സമഗ്രമായ കമ്പ്യൂട്ടർവൽക്കരണവും അത്യാവശ്യമാണ്.കുടിവെള്ള വിതരണത്തിനും മലിനജല സേവനങ്ങൾക്കുമുള്ള കേരളത്തിന്റെ നോഡൽ ഏജൻസിയായാണ് കേരള വാട്ടർ അതോറിറ്റി പ്രവർത്തിക്കുന്നത്.

ജനറൽ സെക്രട്ടറി, കേരള വാട്ടർ അതോറിറ്റി എംപ്ലോയീസ് യൂണിയൻ (സി.ഐ.ടി.യു.), 9495974624

137

## വ്യവസായം

ടി.ഒ. ഗംഗാധരൻ

വൈജ്ഞാനിക പരിതസ്ഥിതിയും സാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്താനുള്ള നൈപുണ്യവും നല്ല പോലെഇണങ്ങിച്ചേരുന്ന ഒരു പശ്ചാത്തലത്തിൽ പ്രകൃതിവിഭവങ്ങളെയും മാനവ വിഭവശേഷിയെയും ക്രിയാത്മകമായി ഇണക്കിച്ചേർത്ത് തൊഴിലും സമ്പത്തും സൃഷ്ടിക്കുന്നതിനാവണം നമ്മുടെ വ്യവസായങ്ങൾ വരും നാളുകളിൽ നിലകൊള്ളേണ്ടത്.

മാറിക്കൊണ്ടിരിക്കുന്ന ലോകത്തിനാവശ്യമായ ഉത്പന്നങ്ങളും സേവനങ്ങളും പ്രദാനം ചെയ്യാൻ കഴിയും വിധം സമഗ്രതയുള്ള ഒരു വ്യവസായ ആവാസ വ്യവസ്ഥ ബോധപൂർവ്വം പണിതെടുക്കേണ്ടിവരും. അത്തരമൊരു സംവിധാനത്തിൽ പരമ്പരാഗത വ്യവസായങ്ങളും നൂതന ഉത്പാദന മേഖലകളും സേവന രംഗങ്ങളും എല്ലാം തന്നെ കാര്യക്ഷമത അടിസ്ഥാനമാക്കിയും നൈതികതയും ഗുണമേന്മയും ഉറപ്പ് നൽകിക്കൊണ്ടുള്ള ഉൽപ്പന്നങ്ങളും സേവനങ്ങളും അതോടൊപ്പം ആരോഗ്യകരമായ തൊഴിലിടങ്ങളും സമന്വയിച്ച് പ്രവർത്തിക്കുന്ന ഒരു വ്യവസായ അന്തരീക്ഷം നവകേരളത്തിന് അത്യന്താപേഷിതമാണ് .

നൂതനാശയങ്ങളെ കൃത്യവും ഉചിതവുമായ സാങ്കേതികവിദ്യയുടെ സഹായത്തോടെ വാണിജ്യവത്കരിക്കപ്പെടുന്ന ഉത്പന്നങ്ങളും സേവനങ്ങളുമാക്കുന്ന സാമ്പത്തിക പ്രക്രിയയിൽ മാനവ വിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പാക്കുന്നതിലൂടെ സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങൾ ഗുണമേന്മയുള്ളതും നാടിനെ സാമ്പത്തികമായും സാമൂഹികമായും വികാസത്തിലേക്ക് നയിക്കുന്നതുമായിരിക്കും.

ലോകത്തെവിടെയും ഉത്പാദിപ്പിക്കപ്പെടുന്ന ഉത്പന്നങ്ങളോടും സേവനങ്ങളോടും മത്സരിച്ച് മുന്നേറാൻ കഴിയും വിധം നമ്മുടെ വ്യവസായരംഗം സാങ്കേതിക വിദ്യയുടെയും നൈപുണ്യത്തിന്റെയും പശ്ചാത്തല സൗകര്യങ്ങളുടെയും കാര്യത്തിൽ സ്വയം പര്യാപ്തവും സുസ്ഥിരവുമായിരിക്കണം.

നിർമ്മിത ബുദ്ധിയുടെ കടന്നുവരവ് തൊഴിൽ നഷ്ടം ഉണ്ടാക്കുന്ന ഒരു സാഹചര്യത്തിൽ എങ്ങിനെ മനുഷ്യവിഭവശേഷിയെ ശാസ്ത്രീയമായി പുനർവിന്യസിക്കാം എന്നത് പരിഗണിക്കപ്പെടേണ്ട പ്രധാന വിഷയമാണ്.

പഠന സിലബസ്സിൽ സംരംഭങ്ങളെ സംബന്ധിക്കുന്ന പ്രായോഗിക അനുഭവങ്ങൾക്ക് ഊന്നൽ നൽകണം. പഠനത്തോടൊപ്പം വരുമാനം കണ്ടെത്താൻ കഴിയുന്ന കാമ്പസ്സ് വ്യവസായ പാർക്കുകൾ വേഗത്തിൽ നടപ്പാക്കാൻ കഴിയണം. തൊഴിലന്വേഷണം / മികച്ച

പഠനം എന്നിവ മുൻനിർത്തി വിദേശങ്ങളിലേക്ക് പോകുന്നവരുടെ എണ്ണം ക്രമാതീതമാം വിധത്തിൽ ഉയരുന്നതിന് തടയിടാൻ ഈ ബദൽ അത്യന്താപേക്ഷിതം ആണ്.

കേരളത്തിന്റെ ഭൂപ്രകൃതി, ജനസാന്ദ്രത, ഉയർന്ന മാനവവികസന സൂചകങ്ങൾ, എന്നിവയും ആരോഗ്യ വിദ്യാഭ്യാസ രംഗങ്ങളിൽ കൈവരിച്ച നേട്ടങ്ങളും ഫലപ്രദമായി ഉപയോഗപ്പെടുത്തും വിധം പ്രാദേശികതലം തൊട്ട് ആസൂത്രിതമായ പ്രവർത്തനം ആവശ്യമാണ്. അതിസൂക്ഷ്മ തലത്തിലുള്ള സംരംഭങ്ങൾ തൊട്ട് വൻകിട വ്യവസായങ്ങൾ വരെയുള്ളവയുടെ പ്രർത്തനം പരസ്പര പൂരകമാവും വിധമുള്ള ഭരണതലത്തിലുള്ള ഇടപെടൽ തുടർച്ചയായി ആവശ്യമാണ്. വിവിധ വകുപ്പുകൾ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾക്ക് കൃത്യമായ ഏകോപനം ജില്ലാ, സംസ്ഥാന തലങ്ങളിൽ ഉറപ്പാക്കണം.

വ്യവസായ വകുപ്പ് ജില്ലാ സെന്റർ വഴിയും താലൂക്ക് ഓഫീസ് വഴിയും സംരംഭങ്ങൾ തുടങ്ങാനും പ്രവർത്തിപ്പിക്കാനും മെച്ചപ്പെട്ട സഹായമാണ് നൽകിവരുന്നത്. എന്നാൽ ഇതിനായുള്ള സാമ്പത്തിക പിന്തുണ നൽകേണ്ട ധനകാര്യസ്ഥാപനങ്ങളുടെ വ്യവസ്ഥകൾ ബാലികേറാമലയാണ്.

ഗ്രാമപഞ്ചായത്തുകൾതോറും 'ഇന്റേൺ' എന്ന പേരിൽ ഒരാളെ സ്റ്റാർട്ടപ്പുകളെ സഹായിക്കാൻ നിയോഗിച്ചിട്ടുണ്ട്. സ്റ്റാർട്ടപ്പുകൾക്കുവേണ്ടി ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ഇൻക്യുബേഷൻ സെന്റർ പ്രവർത്തിപ്പിച്ച് ഐ.ഇ.ഒ.മാർക്ക് മേൽനോട്ട ചുമതല നൽകണം. ഇത് വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ പ്രോത്സാഹനമാകും.

അഡീഷണൽ ഡയറക്ടർ, Mob: 9497857014

138

## വ്യവസായം
## ജനറൽ ഇൻഡസ്ട്രീസ്, കൈത്തറി, കയർ, പ്ലാന്റേഷൻ, കശുവണ്ടി

സംസ്ഥാനത്ത് സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സെക്ടറിൽ ഉത്തരവാദ വ്യവസായ നിക്ഷേപം പ്രോത്സാഹിപ്പിക്കുകയും അവയുടെ സുസ്ഥിരവും ഊർജ്ജസ്വലവുമായ വളർച്ചയ്ക്കുള്ള പരിസ്ഥിതി ഒരുക്കുകയും ചെയ്യുക എന്നതാണ് നയം. സംരംഭകത്വ പ്രോത്സാഹനം, അടിസ്ഥാന സൗകര്യമൊരുക്കൽ, ഹൈടെക് സാങ്കേതിവിദ്യയിലേക്കുള്ള മാറ്റം, നൈപുണി വികസനം, വ്യവസായ സൗഹൃദ അന്തരീക്ഷമൊരുക്കൽ, കേരള ബ്രാൻഡിംഗ്, തെരഞ്ഞെടുക്കപ്പെട്ട 20 മുൻഗണനാ മേഖലകളിലെ നിക്ഷേപ പ്രോത്സാഹന പദ്ധതികൾ എന്നിവയിലാണ് ഫോക്കസ് .

ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിങ്ങിൽ. കേരളത്തിന് ഇനിയും മുന്നേറണമെങ്കിൽ അനുബന്ധ വകുപ്പുകളുടെയും ഏജൻസികളുടെയും കൂട്ടുത്തരവാദിത്വവും ഏകോപനവും അനിവാര്യമാണ്. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും പ്രവാസി പുനരധിവാസത്തിനുള്ള സംവിധാനങ്ങൾ ഉണ്ടാവണം. വകുപ്പിലുള്ള രണ്ട് കോമൺ ഫെസിലിറ്റി സർവീസ് സെന്ററുകളെ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലെ ഇൻകുബേഷൻ സെന്ററുകളുടെ സാങ്കേതിക സഹായകേന്ദ്രങ്ങൾ ആക്കി മാറ്റണം. വകുപ്പിന്റെ പ്രവർത്തനങ്ങളെ കൃത്യമായ ഇടവേളകളിൽ ഉള്ള സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കണം. കെ - സ്വിഫ്റ്റ്, സിംഗിൾ വിൻഡോ ക്ലിയറൻസ്, ഉദ്യം രജിസ്ട്രേഷൻ എന്നിവ പരസ്പര ബന്ധിതമായ ഒറ്റ പ്ലാറ്റ്ഫോമിൽ കൊണ്ടുവരണം. വകുപ്പിന്റെ ജില്ലാ - താലൂക്ക് തല ഓഫീസുകളിൽ സംരംഭക ഫെസിലിറ്റേഷൻ സെന്ററുകൾ ശക്തിപ്പെടുത്തണം. സംസ്ഥാനത്തെ സംരംഭകർക്കായി ഒരു സംരംഭകാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കണം. മിഷൻ 1000 പദ്ധതി മാതൃകാപരമായി നടപ്പിലാക്കണം. വ്യവസായങ്ങളുടെ പ്രോസസ്സിലും പ്രൊഡക്ടിലുമുള്ള ക്വാളിറ്റി സ്റ്റാൻഡേർഡ് ഉറപ്പാക്കുന്നതിനുള്ള സഹായ പദ്ധതികൾ ആവിഷ്കരിക്കണം. ഉൽപ്പന്നങ്ങൾക്ക് മത്സരക്ഷമത കൈവരിക്കണം. സംരംഭത്തിന്റെ വളർച്ചയ്ക്ക് അനുസൃതമായി തൊഴിൽ സേനയുടെ മികച്ച ഘടന ഉറപ്പുവരുത്തണം. സംരംഭത്തിന്റെ വളർച്ചയുടെ തോത് പരിശോധിക്കപ്പെടണം. പഠന സിലബസ്സിൽ സംരംഭങ്ങളെ സംബന്ധിക്കുന്ന പ്രായോഗിക അനുഭവങ്ങൾക്ക് ഊന്നൽ നൽകണം. പഠനത്തോടൊപ്പം വരുമാനം കണ്ടെത്താൻ കഴിയുന്ന *കാമ്പസ്സ് വ്യവസായ പാർക്കുകൾ* ഏറ്റവും വേഗത്തിൽ നടപ്പാക്കാൻ കഴിയണം. വകുപ്പിന്റെ സാന്നിധ്യം സാധ്യമായ എല്ലാ സ്ഥാപനങ്ങളിലും ഉറപ്പുവരുത്താൻ കഴിയണം.

139

# ഇന്റഗ്രേറ്റഡ് കേരള (Integrated in Kerala)

ഡോ. അനിരുദ്ധൻ പി.

കേരളത്തിന്റെ വ്യാവസായിക പിന്നോക്കാവസ്ഥയ്ക്ക് പരിഹാരമാകുന്ന ഒരു ആശയമാണ് മുന്നോടുവയ്ക്കുന്നത്. Make in India യുടെ ചുവടുപിടിച്ച്, ഇലക്ട്രോണിക് ഹാർഡ്-വെയർ അസംബ്ലി (Electronic hardware Integration) രംഗത്ത് നമ്മുടെ സംസ്ഥാനത്തിന് നേട്ടങ്ങൾ കൊയ്യാൻ കഴിയും എന്നുള്ളതാണ് ഈ ആശയത്തിന്റെ കാതൽ.

വ്യവസായ പുരോഗതിയുടെ കാര്യത്തിൽ നമ്മുടെ സംസ്ഥാനം നേരിടുന്ന പ്രതിസന്ധികളിൽ ചിലത് വൈദ്യുത ഈർജ്ജത്തിന്റെ പരിമിതമായ ലഭ്യതയും, അസംസ്കൃത വസ്തുക്കളുടെ ലഭ്യതയും അതിനോടൊപ്പം തന്നെ വ്യവസായശാലകൾ നിർമ്മിക്കാനാവശ്യമായ സ്ഥലത്തിന്റെ ലഭ്യതയുമാണ്. എന്നാൽ, അത്തരം പ്രതിസന്ധികളും പരിമിതികളും ബാധിക്കാത്ത ഒന്നാണ് ഒരു ഇലക്ട്രോണിക് ഹാർഡ് വെയർ അസാംബ്ലി ഹബ്ബ് (Electronic Hardware Assembly Hub) എന്നുള്ള ആശയം. ഇലക്ട്രോണിക് ഹാർഡ്-വെയർ അസംബ്ലിക്കാവശ്യമായ അടിസ്ഥാന ഘടകങ്ങൾ ഇന്ത്യയുടെ ഇതരഭാഗങ്ങളിൽ നിന്നോ, വിദേശത്തുനിന്നോ നമുക്കിവിടെ ലഭ്യമാക്കാൻ കഴിഞ്ഞാൽ, വിലകുറഞ്ഞ കളിപ്പാട്ടങ്ങൾക്കാവശ്യമായ ലഘു ഹാർഡ്-വെയർ മുതൽ ബഹിരാകാശ ഗവേഷണത്തിനാവശ്യമായ ഉയർന്ന സാങ്കേതിക മേന്മയുള്ള ഇലക്ട്രോണിക് ഹാർഡ്-വെയർ വരെ, ഈ ആശയം മുന്നോട്ടുവയ്ക്കാനുദ്ദേശിക്കുന്ന, ഓരോ പഞ്ചായത്തു തലത്തിലുമുള്ള യൂണിറ്റുകൾ മൂലം നമുക്ക് ഉത്പാദിപ്പിക്കുവാൻ സാധിക്കും.

അത്തരം യൂണിറ്റുകൾ പുറമേ നിന്നു ലഭിക്കുന്ന അടിസ്ഥാന ഇലക്ട്രോണിക് ഘടകങ്ങളുപയോഗിച്ച് പ്രവർത്തിക്കുന്ന കേവലം ഹാർഡ് വെയർ ഇന്റഗ്രേഷൻ യൂണിറ്റുകൾ മാത്രമാകയാൽ, അവയ്ക്ക് പരിമിതമായ ഈർജ്ജലഭ്യത മതിയാകും. അവ വളരെ താഴെത്തട്ടിൽ തന്നെ പ്രഞ്ചായത്തു തലം) യൂണിറ്റുകളാകയാൽ MSME തലത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളാവുകയും ചെയ്യും. എന്നുമാത്രമല്ല, അവ ചെറുയൂണിറ്റുകളാകയാൽ പഞ്ചായത്തുതലത്തിൽത്തന്നെ ലഭ്യമായ സ്ഥലത്ത് സ്ഥാപിക്കുവാനും കഴിയും. ഊർജ്ജത്തിന്റെയും, അസംസ്കൃത വസ്തുക്കളുടെ ലഭ്യതയുടെയും, സ്ഥലലഭ്യതയുടെയും പരിമിതികളെ മറികടക്കും. വളരെ ഉയർന്ന മുതൽമുടക്കും ഇവയ്ക്കാവശ്യമില്ല.

പഞ്ചായത്തുതലത്തിൽ തന്നെ നടപ്പാക്കുക വഴി, ഏതാണ്ട് ഓരോ വീട് തലത്തിലുള്ള വ്യവസായ യൂണിറ്റുകൾ എന്ന നിലയിലേയ്ക്ക് പുതിയ വ്യവസായ സംസ്കാരത്തെ തന്നെ കേരളത്തിൽ സംജാതമാക്കും.

ഈ മേഖലയ്ക്കാവശ്യമായ താഴെത്തട്ടിലുള്ള വിദഗ്ധരെ വാർത്തെടുക്കേണ്ട ഉത്തരവാദിത്തം നമ്മുടെ ടെക്നിക്കൽ ഹൈസ്കൂളുകൾക്കും, ഒരു പരിധിവരെ പോളിടെക്നിക്കുകൾക്കുമായിരിക്കും. അത്തരം സ്ഥാപനങ്ങളിൽ ഈ ആവശ്യത്തെമാത്രം മുൻനിർത്തി പ്രവർത്തിക്കുന്ന ടെക്നിക്കൽ സെല്ലുകൾ സാങ്കേതികവിദ്യാഭ്യാസ വകുപ്പിന് നിഷ്കർഷിക്കേണ്ടി വരും. എന്നാൽ നമ്മുടെ എൻജിനീയറിംഗ് കോളേജുകളാവട്ടെ, ഇൻഡസ്ട്രിയൽ എഞ്ചിനീറിംഗ് മാനേജ്മെന്റ് വിദദ്ധരെ വാർത്തെടുക്കുകയും ഒരു പരിധി വരെ ആ മേഖലയിൽ ആവശ്യമായ കൺസൾട്ടന്റുകളായി വർത്തിക്കുകയും വേണം. വ്യാവസായിക പുരോഗതിയിൽ ഇൻഡസ്ട്രിയൽ എഞ്ചിനീയറിംഗും, ഇൻഡസ്ട്രിയൽ മാനേജ്മെന്റും വഹിക്കുന്ന പങ്കിന്റെ പ്രാധാന്യം മനസ്സിലാക്കി, സാങ്കേതികവിദ്യാഭ്യാസ വകുപ്പ് ഈ മേഖലയിലുള്ള Ph.D. ഗവേഷണത്തിന് മതിയായ പ്രോത്സാഹാഹനം കൊടുക്കണം.

മതിയായ സാങ്കേതിക വിദദ്ധരേയും, എൻജിനീയറിംഗ് കൺസൾട്ടന്റുമാരേയും, മാനേജർമാരെയും, സ്റ്റാർട്ടപ്പുകളേയും സാധ്യമാക്കുക വഴിയും, ഇതുമായി ബന്ധപ്പെട്ടു കിടക്കുന്ന ഇതര വകുപ്പുകളുമായി കൈകോർത്തു പ്രവർത്തിക്കുക വഴിയും (ഉദാ. വ്യവസായ വകുപ്പ് "ഇന്റഗ്രേറ്റ് ഇൻ CHEB" എന്ന ആശയത്തെ സഫലീകരിക്കുവാനും കേരളത്തെ ഇന്ത്യയുടെതന്നെ ഇലക്ട്രോണിക് ഹാർഡ്-വെയർ അസംബ്ലി ഹബ്ബ് ആക്കി മാറ്റുവാനും നമ്മുടെ സാങ്കേതികവിദ്യാഭ്യാസ വകുപ്പിന് കഴിയും.

പ്രൊഫസർ (Mech.), ഗവ. എഞ്ചിനീയറിംഗ് കോളേജ്, കോഴിക്കോട്

140

# സംരംഭക വർഷം 2022-23: - 139,842 - സംരംഭങ്ങൾ

ഷാനിദ് കെ.കെ.

2022-23 സംരംഭക വർഷമായി കേരളാ ഗവണ്മെന്റ് പ്രഖ്യാപിക്കുകയും സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗ സംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായവകുപ്പ് ആരംഭിക്കുകയും ചെയ്തു.

വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്തി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുകയും അവർക്കു വേണ്ട സഹായങ്ങൾ നല്കുന്നതിനുമായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും പ്രൊഫഷണലുകളെ നിയമിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ബോധവത്കരണ പരിപാടികൾ, ലോൺ/ ലൈസൻസുകൾ മേളകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഇന്റേണുകളുടെ ഉത്തരവാദിത്തത്തിലാണ് നടപ്പിലാക്കിയത്.

സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന, ജില്ലാ, തദ്ദേശ സ്ഥാപന തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു. വ്യവസായ വകുപ്പിനു കീഴിൽ താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സന്മാരെ നിയമിക്കുകയും ചെയ്തു. പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീം വഴി 10 ഏക്കറിനു മുകളിൽ സ്ഥല വിസ്തൃതി കൈവശമുള്ള സ്വകാര്യ മേഖലയിലുള്ള വ്യവസായികൾക്ക് വ്യാവസായിക പാർക്കുകൾ ആരംഭിക്കാനുള്ള പെർമിറ്റ് നൽകി തുടങ്ങി. അതാത് തദ്ദേശ സ്ഥാപനങ്ങൾ ഈ ഉൽപ്പന്നങ്ങളുടെ സാധ്യത പരിശോധിച്ച്, താല്പര്യമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product-OLOP) എന്ന ആശയം നടപ്പിലാക്കാനും പ്രസ്തുത ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയെ പ്രോത്സാഹിപ്പിച്ചു കൊണ്ട് കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

കേരളത്തിൽ നിർമിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ-അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിനു സഹായിക്കുന്നതിനായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC) യുമായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ്ഫോം നിർമിച്ചു. സംസ്ഥാനത്തെ ഭൗമ സൂചിക (GI) ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സഹനത്തിനും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനും ഇതിൽ നിന്നുള്ള ലാഭം യഥാർത്ഥ നിർമാതാക്കളിൽ എത്തിക്കുന്നതിനുമായി ഇത്തരം ഉല്പന്നങ്ങൾക്കായി ഒരു ജി.ഐ മാർക്കറ്റിങ് പോർട്ടൽ ആരംഭിച്ചു. ഭൗമ സൂചിക ലഭിച്ചിട്ടുള്ള കേരളത്തിൽ നിന്നുള്ള ഉല്പാദകരുടെ ഒരു സംഗമം ഇതിന്റെ ഭാഗമായി 2023 ജനുവരി മാസം നടത്തി. വിദേശത്തുള്ള മലയാളികളെ സംരഭകത്വത്തിന്റെ വിവിധ മേഖലകളെ കുറിച്ചു ബോധവാന്മാരാക്കുകയും അവരെ കേരളത്തിൽ സംരംഭങ്ങൾ ആരംഭിക്കാൻ പ്രാപ്തരാക്കുകയും അതു വഴി കേരളത്തിലെ നിക്ഷേപം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനായി പ്രവാസികൾക്കായി ശില്പശാല നടത്തി

പുതുതായി ആരംഭിച്ച സംരംഭങ്ങളിൽ മൂന്നിലൊന്ന് (47132) വനിതാ സംരംഭകരുടേതാണ്. പട്ടികജാതി/ പട്ടികവർഗ വിഭാഗത്തിൽ പെട്ട സംരംഭകർ പ്രോത്സാഹിപ്പിക്കുന്ന 6808 സംരംഭങ്ങൾ ഉണ്ട്. പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും വളർച്ചയ്ക്കും അനുയോജ്യമായ ഒരു മികച്ച വ്യവസായ അന്തരീക്ഷം (എക്കോ സിസ്റ്റം) സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾ സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ആവിഷ്കരിക്കുകയും നടപ്പിലാക്കി വരികയും ചെയ്യുന്നു. തുടർന്നുള്ള ദിവസങ്ങളിൽ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളുടെ സംയോജനം കൂടുതൽ ശക്തിപ്പെടുത്തുന്നതിലൂടെയും വിവിധ മേഖലകളിൽ ശേഷി വികസനത്തിലൂടെയും, സാങ്കേതികവിദ്യ കൈമാറ്റം, ഗുണനിലവാര നിയന്ത്രണത്തിനായി കേരളബ്രാൻഡ് സർട്ടിഫിക്കേഷൻ സ്ഥാപിക്കുക എന്നിവയിലൂടെ വ്യവസായത്തിന് സുസ്ഥിരമായ ഒരു വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കാൻ പദ്ധതിയിടുന്നു.

പുതിയ സംരംഭകർക്ക് നൂതനമായ പുതിയ ആശയങ്ങൾ നൽകുവാൻ കഴിയുന്നില്ല. നിലവിൽ തുടങ്ങിയ പുതിയ സംരംഭങ്ങളിൽ 1000 സംരംഭകരെ 100 കോടി വീതം ടാർഗറ്റ് ചെയ്യുവാൻ ആണ് സർക്കാർ ലക്ഷ്യമിടുന്നത്. അതു പോലെ ചെറുകിട സംരംഭകരെ ലക്ഷ്യമിട്ട് കൊണ്ട് സർക്കാരിന്റെ ഇടപെടൽ ഉണ്ടാകണം.

സീനിയർ ക്ലർക്ക്, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

141

# തൊഴിൽ വകുപ്പിലെ ഭരണ നിർവ്വഹണം

ഫിറോസ് പി.എം.

29.01.1946 ലെ ട്രാവൻകൂർ ഗസറ്റ് നം-3702/46 വിജ്ഞാപനത്തിലൂടെ തൊഴിൽ വകുപ്പ് രൂപീകരിച്ചു. വകുപ്പിൽ ആകെ 1059 ജീവനക്കാരാണ് ഉള്ളത്. 32 തൊഴിൽ നിയമങ്ങളാണ് വകുപ്പ് നിലവിൽ നടപ്പിലാക്കുന്നത്. തൊഴിലാളി തൊഴിലുടമ ബന്ധം മെച്ചപ്പെടുത്തി സമാധാനപരമായ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുക, തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള അവകാശങ്ങൾ തൊഴിലാളിക്ക് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്ന തരത്തിൽ തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുക, വിവിധ ക്ഷേമ പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ തൊഴിലാളികൾക്കും അവകാശികൾക്കും വിതരണം ചെയ്യുക എന്നിവയാണ് വകുപ്പിന്റെ ചുമതലകൾ.

തൊഴിൽ-തർക്ക അനുരഞ്ജനം, വേതനം, തൊഴിൽ സാഹചര്യം, ആരോഗ്യം, സുരക്ഷ എന്നിവ ഉറപ്പുവരുത്തൽ, കുറഞ്ഞ വേതനം നൽകൽ, വേതന നിഷേധം, കാലതാമസം, തുല്യ വേതന നിഷേധം, അപകട മരണ ധനസഹായം എന്നീ ക്ലെയിമുകൾ നൽകുക. വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷൻ-ലൈസൻസ് നൽകൽ എന്നിവയാണ് വകുപ്പ് നൽകുന്ന പ്രധാന സേവനങ്ങൾ.

തൊഴിൽ വകുപ്പിന്റെ പുന:സംഘടന സംബന്ധിച്ച് 2010 ൽ വിശദമായി പഠനം നടത്തി സർക്കാരിലേക്ക് ശുപാർശ നൽകിയിരുന്നെങ്കിലും നടപടികളുണ്ടായിട്ടില്ല. തൊഴിൽ വകുപ്പിനെ പുന:സംഘടിപ്പിക്കുമെന്ന് 2016 ലെ എൽ.ഡി.എഫ് പ്രകടനപത്രിക വാദ്ഗാനം ചെയ്തിരുന്നു. കേന്ദ്ര സർക്കാർ ലേബർ കോഡുകൾ നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ വകുപ്പിന്റെ ശാസ്ത്രീയമായ പുന:സംഘടന അനിവാര്യമായിരിക്കുന്നു.

ദേശീയ നിലവാരമുള്ള പരിശീലനം ലഭിക്കുന്നവർ വകുപ്പിലെ ഇതര ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനുള്ള ക്രമീകരണം ഉണ്ടാകണം. അഴിമതി, കാര്യക്ഷമതാരാഹിത്യം എന്നിവ സംബന്ധിച്ച് നിക്ഷ്പക്ഷമായി അന്വേഷിക്കുന്നതിനായി ഇന്റേണൽ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തണം. സർട്ടിഫിക്കറ്റുകളുടെ മാതൃകകൾ കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്. ട്രേഡ് യൂണിയൻ രജിസ്ട്രേഷനുള്ള നടപടിക്രമങ്ങൾ അതി സങ്കീർണ്ണമായതിനാൽ സമയക്ലിപ്തത പാലിക്കാൻ കഴിയുന്നില്ല.

ചുമട്ടു തൊഴിലാളി നിയമത്തിൽ സമഗ്രമായ മാറ്റം അനിവാര്യമാണ്. മോട്ടോർ തൊഴിലാളി നിയമപ്രകാരമുള്ള രജിസ്ട്രേഷൻ നടപടികൾ പരിഷ്കരിക്കുവാൻ 2010-ലെ പഠന റിപ്പോർട്ടിലെ ഖണ്ഡിക 14-4 പ്രകാരം നടപടി സ്വീകരിക്കണം. കെട്ടിട നിർമ്മാണ സെസ് കളക്ഷൻ ഊർജ്ജിതമാക്കുന്നതോടൊപ്പം ആഭരണ, കൈത്തറി സെസുകളുടെ കളക്ഷൻ ആരംഭിക്കേണ്ടതുണ്ട്.

അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ഏകീകൃത എംപ്ലോയീ ഐ.ഡി അനുവദിക്കണം. അതുമൂലം സ്ഥാപനങ്ങൾ വകുപ്പിൽ രജിസ്റ്റർ ചെയ്യുവാൻ നിർബന്ധിതരാകും. റവന്യൂ വരുമാനവും വർദ്ധിക്കും. ഏകീകൃത എംപ്ലോയീ ഐ.ഡി ഉപയോഗിച്ച് തൊഴിലാളിക്ക് സ്വന്തം വേതന വിവരങ്ങൾ വേജ് പ്രൊട്ടക്ഷൻ സിസ്റ്റത്തിൽ പരിശോധിക്കുവാനും, എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യുവാനും കഴിയണം.

സെസ്, അംശാദായം എന്നിവ ശേഖരിക്കുന്നതിനായി വകുപ്പിലും, ക്ഷേമനിധി ബോർഡുകളിലും ഇ-പേയ്മെന്റ് സംവിധാനം ഉണ്ടാകണം. ചുമട്ടുകൂലി പരിശോധിക്കുവാനും കണക്കു കൂട്ടുവാനും വെബ്സൈറ്റിലോ തൊഴിൽ സേവാ ആപ്പ്-ലോ പൊതുജനങ്ങൾക്ക് സൗകര്യമൊരുക്കണം.

ഇ-ഓഫീസ് സംവിധാനത്തിലൂടെ മാത്രം ഫയലുകൾ കൈകാര്യം ചെയ്യുക, വകുപ്പിലെ ഓഫീസുകൾക്കിടയിലും, ഇതര വകുപ്പിലെ ഓഫീസുകളിലേക്കും കത്തിടപാടുകൾ നടത്തുവാൻ ഇ-ഓഫീസിൽ ക്രമീകരണം ഉണ്ടാകണം. ഇ-ഓഫീസ് നടപ്പിലാക്കുന്നതോടെ പേഴ്സണൽ രജിസ്റ്റർ ഒഴിവാക്കണം. വകുപ്പിന് ജില്ലാതലത്തിൽ പ്ലാനിംഗ് കമ്മിറ്റികൾ രൂപീകരിക്കണം. സംസ്ഥാനതല വേതന കമ്മിറ്റികളുടെ എണ്ണം വർദ്ധിപ്പിക്കണം. വെബ്സൈറ്റ് മലയാള ഭാഷയിൽ ലഭ്യമാക്കണം. വിവിധ തൊഴിൽ നിയമങ്ങളുടെ സംക്ഷിപ്തം, തൊഴിലുടമകളുടെ ഉത്തരവാദിത്വങ്ങൾ, രജിസ്ട്രേഷൻ നടപടിക്രമങ്ങൾ, തൊഴിലാളികളുടെ വിവിധ ആനുകൂല്യങ്ങൾ എന്നീ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാക്കണം. വകുപ്പിലെ സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഇതര സർക്കാർ വകുപ്പുകളുടെ വെബ്സൈറ്റുകളിലും ലഭ്യമാക്കണം. വകുപ്പിന്റെ എല്ലാ സേവനങ്ങളും ലഭിക്കുന്ന മൊബൈൽ ആപ്പിന് രൂപം നൽകണം.

ക്ഷേമനിധി ബോർഡുകളുടെ സേവനങ്ങൾ അസിസ്റ്റന്റ് ലേബർ ഓഫീസുകളിലൂടെ ലഭ്യമാക്കണം. രജിസ്ട്രേഷൻ, ലൈസൻസ് എന്നിവയ്ക്ക് അപേക്ഷ സമർപ്പിക്കുമ്പോൾ തൊഴിലാളികളുടെ വിവരങ്ങൾ, താമസസ്ഥലം, പ്രായം, ലിംഗം എന്നിവ രേഖപ്പെടുത്തി നൽകുവാൻ നിഷ്കർഷിക്കണം.

ഡെപ്യൂട്ടി ലേബർ കമ്മീഷണർ, കോട്ടയം, 94473311155

142

# നവകേരള കാലത്തെ ഭരണ നിർവ്വഹണം - തൊഴിൽ വകുപ്പ്

ഫിറോസ് പി.എം.

1940 കളുടെ മധ്യം വരെ സംസ്ഥാന വ്യവസായ വകുപ്പിന്റെ ഭാഗമായിരുന്നു തൊഴിൽ വകുപ്പ്. എന്നാൽ രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ലോകത്താകെ നടന്ന വ്യവസായവൽക്കരണം തൊഴിൽ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഒരു സ്വതന്ത്ര വകുപ്പിന്റെ രൂപീകരണം അനിവാര്യമാക്കി. 1946ൽ ആണ് ഒരു സ്വതന്ത്ര വകുപ്പ് എന്ന നിലയിൽ സംസ്ഥാന തൊഴിൽ വകുപ്പിന്റെ പ്രവർത്തനത്തിന് തുടക്കമായത്.

സംസ്ഥാനത്ത് ഏറ്റവുമധികം നിയമങ്ങൾ കൈകാര്യം ചെയ്യുന്ന വകുപ്പാണ് തൊഴിൽ വകുപ്പ്. 32 തൊഴിൽ നിയമങ്ങളാണ് വകുപ്പ് കൈകാര്യം ചെയ്യുന്നത്. സംസ്ഥാനത്ത് തൊഴിലാളി തൊഴിലുടമബന്ധം മെച്ചപ്പെടുത്തി സമാധാനപരമായ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുക, തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള അവകാശങ്ങൾ തൊഴിലാളിക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, തൊഴിൽ വകുപ്പും വിവിധ ക്ഷേമനിധി ബോർഡുകളും നടപ്പിലാക്കുന്ന പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ തൊഴിലാളികൾക്കും അവരുടെ അവകാശികൾക്കും വിതരണം ചെയ്യുക, അതിഥി തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുക എന്നിവയാണ് വകുപ്പ് നിർവഹിച്ചു വരുന്ന പ്രധാന ചുമതലകൾ. തൊഴിൽ വകുപ്പിൽ 150ൽ പരം ഓഫീസുകളിലായി 1059 ജീവനക്കാരാണ് നിലവിലുള്ളത്.

സംസ്ഥാന തൊഴിൽ വകുപ്പ് ഒടുവിൽ പുന:സംഘടിക്കപ്പെട്ടത് 1980 ലാണ് കേരള കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, മിനിമം വേജസ് ആക്ട് തുടങ്ങിയ ആദ്യകാല തൊഴിൽ നിയമങ്ങളുടെ നടപ്പാക്കൽ മാത്രം ചെയ്തുകൊണ്ടിരുന്ന അന്നത്തെ പരിമിത സംവിധാനത്തിലാണ് തൊഴിൽ വകുപ്പ് ഇപ്പോഴും പ്രവർത്തിക്കുന്നത്.

സേവനാവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വകുപ്പിൽ നിന്നും അനുവദിക്കേണ്ട വിവിധ സേവനങ്ങളുടെ സമയക്രമം നടപടിക്രമങ്ങളിലെ സങ്കീർണതയും നടപടിക്രമങ്ങളിലെ സങ്കീർണത മൂലം നിശ്ചയിക്കപ്പെട്ട സമയക്ലിപ്തത പാലിക്കാൻ കഴിയാത്ത സാഹചര്യം ഉയർന്നുവരുന്നുണ്ട്.

വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രധാന വെല്ലുവിളി അനുവദിക്കപ്പെടുന്ന ഫണ്ടിന്റെ അപര്യാപ്തതയാണ്. വാഹനം ലഭ്യമല്ലാത്തതിനാൽ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് സമയബന്ധിതമായി നടപടികൾ പൂർത്തീകരിക്കുവാൻ കഴിയാത്ത സാഹചര്യം സൃഷ്ടിച്ചിരിക്കുന്നു.

സംസ്ഥാന സർക്കാർ ഇ ഗവേണൻസിന് പ്രാമുഖ്യം നൽകി ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുമ്പോഴും വകുപ്പിൽ ജീവനക്കാരുടെ എണ്ണത്തിന് അനുപാതികമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും അനുവദിക്കപ്പെടുന്നില്ല. വകുപ്പിൽ നടന്നുവരുന്ന ഏറ്റവും മികച്ചതും കാര്യക്ഷമവുമായ പ്രവർത്തനം മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെ പ്രവർത്തനമാണ്. 87 മേഖലകളാണ് മിനിമം വേതനം നിശ്ചയിച്ചിട്ടുള്ളതാണ്. കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി, ആവാസ് പദ്ധതി, താമസസൗകര്യം ഉറപ്പുവരുത്തുന്ന അപ്നാ ഘർ, ആലയ് പദ്ധതികൾ തുടങ്ങി വിവിധ പദ്ധതികൾ അതിഥി തൊഴിലാളികൾക്കായി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നു. മെഡിക്കൽ ക്യാമ്പുകൾ, മരണമടയുന്ന അതിഥി തൊഴിലാളികളുടെ ഭൌതിക ശരീരം സ്വദേശത്ത് എത്തിക്കുന്നത് എന്നിവയും വകുപ്പ് നടത്തിയ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ്.

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ശുപാർശ ചെയ്തതനുസരിച്ചുള്ള വകുപ്പ് പുനഃസംഘടന അടിയന്തിരമായി നടപ്പിലാക്കണം, വകുപ്പിലെ ജീവനക്കാർക്കുള്ള പരിശീലന പരിപാടി കൂടുതൽ കാര്യക്ഷമമാക്കണം, സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം അപാകതകൾ പരിഹരിച്ച് കൂടുതൽ കാര്യക്ഷമമാക്കണം, ചുമട്ടുതൊഴിലാളി നിയമം സമഗ്രമായി ഭേദഗതി ചെയ്യണം, മോട്ടോർ തൊഴിലാളി നിയമപ്രകാരമുള്ള രജിസ്ട്രേഷൻ എടുക്കുന്ന വാഹനങ്ങൾക്ക് മാത്രമേ ക്ഷേമനിധി അംഗത്വം, വാർഷിക ഫിറ്റ്നസ് എന്നിവയ്ക്കുള്ള അപേക്ഷ സമർപ്പിക്കുവാൻ കഴിയൂ എന്ന തരത്തിൽ നടപടിക്രമങ്ങൾ ഭേദഗതി ചെയ്യണം. കെട്ടിട നമ്പറിന് അപേക്ഷ സമർപ്പിക്കുന്ന ഘട്ടത്തിൽ നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ്സ് അടച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തി മാത്രം നമ്പർ അനുവദിക്കുന്ന രീതിയിൽ നടപടിക്രമങ്ങൾ ഭേദഗതി ചെയ്യണം, അസംഘടിത മേഖലയിലെ എല്ലാ തൊഴിലാളികൾക്കും ഏകീകൃത തിരിച്ചറിയൽ രേഖ അനുവദിക്കണം. റിവോൾവിങ് ഫണ്ടിന്റെ വിനിയോഗം, റീകൂപിങ് എന്നിവയ്ക്ക് വ്യക്തവും ലളിതവുമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കണം. ഒന്നിലധികം ജില്ലകളിൽ അധികാരപരിധിയുള്ള ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർ, ജില്ലാ ലേബർ ഓഫീസർമാർ, അസിസ്റ്റന്റ് ലേബർ ഓഫീസർമാർ എന്നിവർക്ക് വാഹന സൗകര്യം അനുവദിക്കണം. രജിസ്ട്രേഷൻ ഫീസ്, വിവിധ സെസ്സുകൾ, അംശാദായം എന്നിവ ശേഖരിക്കുന്നതിനായി ഈ-പെയ്മെന്റ് സംവിധാനം

ഏർപ്പെടുത്തണം. വകുപ്പിന്റെ വെബ്സൈറ്റിൽ വിവിധ തൊഴിൽ മേഖലകളിലെ മിനിമം വേതന വിജ്ഞാപനങ്ങൾക്കൊപ്പം ആനുകൂല്യങ്ങൾ ഉൾപ്പെടെ വിവിധ വിഭാഗം തൊഴിലാളികൾക്ക് ലഭിക്കുന്ന മിനിമം വേതനം അറിയുന്നതിന് ലളിതമായ സംവിധാനം ഉണ്ടാവണം. ഫയലുകൾ പൂർണമായും ഈ-ഓഫീസ് സംവിധാനത്തിലൂടെ കൈകാര്യം ചെയ്യാൻ കഴിയണം. വകുപ്പിന്റെ എല്ലാ സേവനങ്ങളും ലഭിക്കുന്ന മൊബൈൽ ആപ്പിന് രൂപം നൽകുന്നത് ഉചിതം ആയിരിക്കും. KS &CE ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ പുതുക്കൽ എല്ലാ വർഷവും എന്നുള്ളത് താല്പര്യമുള്ള സ്ഥാപന ഉടമകൾക്ക് അഞ്ചു വർഷം വരെ എന്ന നിലയിൽ നിശ്ചയിക്കുന്ന കാര്യം പരിഗണിക്കണം. LCAS എന്ന വകുപ്പിന്റെ ഓൺലൈൻ സംവിധാനത്തിൽ കാലാനുസൃതമായ പരിഷ്കരണങ്ങൾ വരുത്തണം.

ഡെ. കമ്മീഷണർ, കോട്ടയം, Mob: 9447331155

143

## ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്

വിപിൻ പി.എം.

1961 ലേബർ ഡിപ്പാർട്ട്മെന്റ് വിഭജിച്ചു കൊണ്ടാണ് ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് രൂപീകൃതമാകുന്നത് (GO No. (MS) 920/61/HLD). തൊഴിൽശാലകളിൽ തൊഴിലാളികളുടെ ആരോഗ്യം സുരക്ഷിതത്വം ക്ഷേമം എന്നിവ ഉറപ്പാക്കുകയാണ് വകുപ്പിന്റെ പരമപ്രധാനമായ ഉത്തരവാദിത്വം.

കേരളത്തിലെ ചെറുതും വലുതുമായ എല്ലാ ഫാക്ടറികളും ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഫാക്ടറി ഉടമകൾക്ക് ഈ പോർട്ടൽ വഴി തങ്ങൾക്ക് ആവശ്യമായ എല്ലാ സേവനങ്ങളും വകുപ്പിന്റെ ഓഫീസുകൾ സന്ദർശിക്കാതെ തന്നെ ലഭ്യമാകുന്നു. സംസ്ഥാന സർക്കാർ NIC മുഖാന്തിരം KSIDC നോഡൽ ഏജൻസിയായ KCIS എന്ന സോഫ്റ്റ്വെയർ വഴിയാണ് വകുപ്പിന്റെ പരിശോധന ക്രമീകരിക്കുന്നത്. വളരെ നൂതനവും സുതാര്യവുമായ ഒരു സംവിധാനമാണിത്. ഇതിന്റെ അത്യന്താപേക്ഷിതമായ ഒരു ഘടകമാണ് കൃത്യമായ പരിശോധനയും അതേ തുടർന്നുള്ള എൻഫോഴ്സ്മെന്റ് നടപടികളും.

ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ്, സിവിൽ സ്റ്റേഷൻ, കൊല്ലം

144

## ഐ.ടി.ഐ.കൾ- പദ്ധതികൾ

സുരേഷ് കുമാർ എം.

കേന്ദ്രാവിഷകൃത പദ്ധതികളായ Public Private Partnership (PPP) Scheme, Skill Strengthening for Industrial value Enhancing (STRIVE) പദ്ധതികൾ വിവിധ ഐടിഐകളിലായി നടന്നു വരുന്നു. PPP Scheme-ൽ തെരഞ്ഞെടുക്കപ്പെട്ട ഓരോ ഐ.ടി.ഐ .കൾക്കും ലഭിച്ച 2.5 കോടി രൂപയുടെയും തിരിച്ചടവ് 12.5 ലക്ഷം വീതം ആരംഭിച്ചു കഴിഞ്ഞു. പ്രൊഡക്ഷൻ സെന്റർ വിപുലീകരിക്കുക വഴി Income generate ചെയ്ത് മാത്രമേ തിരിച്ചടവ് സാധ്യമാകൂ.

STRIVE പദ്ധതി വഴി ഒന്നാം ഘട്ടത്തിൽ 19 Gov./ Private ITI-കളിൽ കോടിക്കണക്കിന് രൂപയുടെ യന്ത്രസാധനങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇത് ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിൽ ഇന്നുള്ള പോരായ്മകൾ മാറ്റേണ്ടതുണ്ട്. ഇത് മാറിയെങ്കിൽ മാത്രമേ ഈ സംവിധാനത്തിന്റെ പ്രധാന ഗുണഭോക്താക്കളായ ഐ.ടി.ഐ. ട്രെയിനികൾക്ക് പ്രയോജനപ്പെടുകയുള്ളൂ. Inspection ശക്തിപ്പെടുത്തിയാൽ ഒരു force tactics മാത്രമേ ആകുകയുള്ളൂ. ഇതു കൂടാതെ ഈ മേഖലയിലെ സർവീസ് സഹകരണം കൂടി ലഭ്യമാക്കിയെ ഇത് സാധ്യമാകുകയുള്ളൂ.

ഐ.ടി.ഐ. ട്രെയിനികൾ English Communication-ൽ വളരെ പുറകിലാണ്. Spoken ഇംഗ്ലീഷ് ലാബുകൾ, കമ്യൂണിക്കേഷൻ സ്കിൽ ക്ലാസ്സുകൾ എന്നിവ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ആരംഭിച്ചുകൊണ്ട് ഇംഗ്ലീഷ് പ്രാവിണ്യം നേടുവാൻ ട്രെയിനികളെ പ്രാപ്തരാക്കണം. എല്ലാ ITIകളിലും ഇത് നടപ്പിലാക്കണം. PPP, STRIVE Projectകൾഉള്ള ITI-കളിൽ ഇത് വളരെ ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കും. കൂടാതെ എല്ലാ ITI കളിലും ഇന്ന് സാധ്യമാക്കണം.

ആധുനിക സാങ്കേതികവിദ്യ വളർന്ന് വരുന്നതോടെ എ.ടി.ഐ.കളിലെ കോഴ്സുകളിലും കാലോചിത മായ മാറ്റം വരുത്താൻ കഴിയണം ഇതിന് അനുസരിച്ച രീതിയിൽ ഫ്ലക്സിബിൾ കരിക്കുലം എല്ലാ ഐ.ടി.ഐ. കളിലും ആരംഭിക്കാൻ കഴിയണം. ഒരു ഐ.റ്റി.ഐ. യിൽ ഒരു കോഴ്സ് 2 വർഷം നടത്തി എന്നതുകൊണ്ട് മാത്രം പ്രസ്തുത കോഴ്സ് തുടരേണ്ടതില്ല. മറിച്ച് മാർ ക്കറ്റിന്റെ സ്വഭാവമനുസരിച്ച് കോഴ്സുകൾ മാറ്റാൻ കഴിയണം. അധ്യാപകർക്കുള്ള സമഗ്രമായ പരിശീല നം കൊണ്ട് ഇത്തരം കോഴ്സുകൾക്ക് വേണ്ട അധ്യാ പകരേയും കണ്ടെത്താൻ കഴിയും.

പ്രിൻസിപ്പാൾ, ഗവ. ഐ.ടി.ഐ. മാള, Mob: 9495432254

## 145

# തൊഴിൽ - അഡ്വാൻസ്ഡ് വൊക്കേഷണൽ ട്രെയിനിംഗ് സിസ്റ്റം (എ.വി.ടി.എസ്)

രഘുനാഥൻ പി.കെ.

യുണൈറ്റഡ്നേഷൻ ഡവലപ്മെന്റ് പ്രോഗ്രാം (UNDP) ഇന്റർനാഷണൽ ലേബർ ഓർഗനൈസേ ഷൻ (ILO)എന്നിവയുടെ നിർദ്ദേശാനുസരണം ഇന്ത്യ ഗവൺമെന്റും കേരള ഗവൺമെന്റും സംയുക്തമാ യി ആരംഭിച്ച സ്കിൽ ഡവലപ്മെന്റ് സ്ഥാപനമാണ് അഡ്വാൻസ്ഡ് വൊക്കേഷണൽ ട്രെയിനിംഗ് സി സ്റ്റം(എ.വി.ടി.എസ്). 1977 ജൂലൈ മാസത്തിൽ പ്ര വർത്തനമാരംഭിച്ച എ.വി.ടി.എസ് കളമശ്ശേരി എന്ന സ്ഥാപനത്തിൽ വിവിധ അഡ്വാൻസ്ഡ് എ.വി.ടി .എസ്-ഹൈടെക്ക് കോഴ്സുകളിലേക്ക് പ്രവേശനം നൽകി വരുന്നു. 1977-ൽ എ.വി.ടി.എസ്. ആരംഭിച്ച തുമുതൽ സംഭരിച്ച നിരവധി യന്ത്രോപകരണങ്ങൾ ഓരോ ട്രേഡിലും ഉണ്ട്. ഇതുകൂടാതെ കുട്ടികളുടെ പഠനത്തിനായി ILO വഴിയും നിരവധിമെഷിനുകൾ Working & Not Working Condition-ൽ ലഭിച്ചിരു ന്നു. കാര്യക്ഷമമായതും കാലാനുസൃതമായതുമായ രീതിയിൽ Advanced Training ഓരോ നൈപുണ്യ മേ ഖലയിലും നടപ്പിലാക്കുന്നതിന്, വ്യവസ്ഥാപിത ട്രേ ഡുകളിൽ മാറ്റം വരേണ്ടതും സിലബസ് ആയതിൻ പ്രകാരം പരിഷ്കരിക്കേണ്ടതും ആധുനിക ഉപകരണ ങ്ങളും മെഷിനറികളും സംഭരിക്കേണ്ടതും അഡ്വാൻ സ്ഡ് ട്രയിനിംഗിന് അനുയോജ്യമല്ലാത്തവ ട്രേഡു കളിൽ നിന്ന് ഒഴിവാക്കേണ്ടതും, workshop-കൾ ആധുനികരീതിയിൽ സജ്ജീകരിക്കേണ്ടതും അനി വാര്യമാണ്. കളമശ്ശേരി AVTS ൽ 7 (ഏഴ്) കോഴ്സുക ളാണ് അനുവദിച്ചിരുന്നത്. 1999-2000 വർഷത്തിൽ 4 ഹൈടെക്ക് കോഴ്സുകൾ കൂടി അനുവദിച്ചിരുന്നു. ഒരു മാസം മുതൽ മൂന്നു മാസം വരെ ദൈർഘ്യമുള്ള 11 ഹ്രസ്വകാല കോഴ്സുകളിലാണ് ട്രെയിനിംഗ് നൽ കിവന്നിരുന്നത്. നിലവിൽ സ്ഥിരം ജീവനക്കാരായിട്ടു ള്ള ടീച്ചിംഗ് സ്റ്റാഫ് അംഗങ്ങൾ ആരും തന്നെ ഇല്ല. ഡിപ്പാർട്ട്മെന്റിന്റെ അനുമതിയോടെ താൽക്കാലിക ടീച്ചിംഗ് സ്റ്റാഫിനെ നിയമിച്ചാണ് ട്രയിനിംഗ് നടത്തി വരുന്നത്. ടെക്നിക്കൽ വിഭാഗത്തിൽ സ്ഥിരജീവനക്കാ രായ ഇൻസ്ട്രക്ടർമാർ ഇല്ലാത്തതിനാൽ ട്രെയിനിഗ് സംബന്ധിച്ചും പുതിയ പ്രൊപ്പോസലുകൾ ഉണ്ടാക്കു ന്നതിനും പുതിയകോഴ്സുകൾ ആരംഭിക്കുന്നതിനും മറ്റും കാലതാമസവും ബുദ്ധിമുട്ടുകളും അനുഭവപ്പെ ടുന്നു. കാലഘട്ടത്തിനനുയോജ്യമായ അഡ്വാൻസ്ഡ് ട്രൈനിങ്ങ് കോഴ്സുകൾ നടപ്പിലാക്കുകയും അതു വഴി ഒരു മികച്ച നൈപുണ്യ പഠന കേന്ദ്രമാക്കി AVTS കളമശ്ശേരിയെ വികസിപ്പിക്കുവാനും സാധിക്കുന്ന താണ്. അതു വഴി നൈപുണികളും ആവശ്യകതയും ലഭ്യതയും തമ്മിലുള്ള അന്തരം കുറക്കാൻ സാധിക്കും

പ്രിൻസിപ്പാൾ, ITI, കളമശ്ശേരി, Mob: 8281068970

## 146

# നൈപുണ്യ വികസനത്തിന്റെ ഐ.ടി.ഐ. മാതൃക

മൊയ്തീൻകുട്ടി കെ.

യുദ്ധകാലത്തെ ആയുധ നിർമ്മാണത്തിനായി ഭാര തസർക്കാർ ആരംഭിച്ച വ്യവസായ പരിശീലന കേന്ദ്ര ങ്ങൾ ആധുനിക കാലത്തിന്റെ നൈപുണ്യാവശ്യക തയെ തൃപ്തിപ്പെടുത്തുംവിധം വളർന്നുവരേണ്ടതുണ്ട്. പൂർണ്ണമായും കരിക്കുലം കേന്ദ്രസർക്കാരിന്റെ കീഴി ലുള്ള ഡയറക്ടറേറ്റ് ജനറൽ ഓഫ് ട്രെയിനിംഗ് ആണ്

നിശ്ചയിക്കുന്നതെങ്കിലും ഒട്ടുമിക്ക മേഖലകളെയും സമഗ്രമായി ഉൾക്കൊള്ളത്തക്കവിധം പരമ്പരാഗത വും ആധുനികവുമായ നൈപുണികൾ ഉൾപ്പെടു ത്തപ്പെട്ടിട്ടുണ്ട്. ഏതെങ്കിലും പ്രത്യേക വ്യവസായ കേന്ദ്രീകൃത മേഖലകൾ മാത്രമല്ലാതെ ബീഡിതെറുപ്പ് മുതൽ വിവരസാങ്കേതികത വരെയും കൈത്തറിമു തൽ കമ്പ്യൂട്ടർ അധിഷ്ഠിത ഡിസൈനിംഗ് വരെയും വ്യാപിച്ചുകിടക്കുന്ന നമ്മുടെ സംസ്ഥാനത്ത് 104 സർ ക്കാർ ഐ.ടി.ഐ.കളും 46 പട്ടികജാതി 2 പട്ടികവർ ഗ്ഗ വികസനവകുപ്പിന്റെ ഐ.ടി.ഐ.കളും ഇവയുടെ ആകെ എണ്ണത്തിന്റെ ഇരട്ടിയോളം വരുന്ന 256 സ്വ കാര്യ ഐ.ടി.ഐ.കളിലുമായി 408 നൈപുണിക ളിൽ 50485 ട്രെയിനികൾ പ്രതിവർഷം പരിശീലനം നൽകിവരുന്നു. ഇതിനായി സംസ്ഥാനസർക്കാർ ബജറ്റിലൂടെ മികച്ച പരിഗണനയാണ് വർഷംതോറും നൽകിവരുന്നത്. എന്നാൽ കേവലമായ തൊഴിൽ പരിശീലനം എന്നതിലുപരി അനന്തമായതൊഴിൽ നൈപുണിയെ സംസ്ഥാനത്തിന്റെ വികസനത്തിന് ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. പകരംസർട്ടിഫി ക്കറ്റ് നൽകി തൊഴിലില്ലാ കമ്പോളത്തിലേക്ക് പറഞ്ഞ് വിടുന്ന സ്ഥിതിയാണ്. ട്രെയിനിംഗിന്റെ ഭാഗമായുള്ള OJT കൾ (On the Job Training) പൂർണ്ണമായും സാമൂ ഹ്യമായ ആവശ്യകതയെ ഉൾക്കൊള്ളുന്നതാവുകയും ഇതിന്റെ തുടർച്ചയായി തൊഴിൽനൈപുണ്യസേന കൾ രൂപംകൊള്ളുകയും ചെയ്യേണ്ടതുണ്ട്. കൂടാതെ സർക്കാർ/ പ്രൈവറ്റ് ഐ.ടി.കളിലെ കോടാനുകോടി വിലമതിക്കുന്ന ആധുനിക യന്ത്രസാമഗ്രികളുടെ ഉല്പാ ദനശേഷി പൂർണ്ണമായും വിനിയോഗിച്ച് ഐ.ടി.ഐ. നിലനിൽക്കുന്ന പ്രദേശത്തിന്റെ ആവശ്യകതയ്ക്കനു സരിച്ചുള്ള നിർമ്മാണയൂണിറ്റുകളായി (Production Centre) ഓരോ ഐ.ടി.ഐകളും മാറേണ്ടതുണ്ട്. കൂടാതെ പരമ്പരാഗത തൊഴിൽ സേനയെ ആധുനി കവത്ക്കരിക്കുന്നതിനുള്ള പരിശീലന കേന്ദ്രങ്ങളായി ഐ.ടി.ഐ.കൾ മാറണം. നിർമ്മാണ കേന്ദ്രങ്ങളിൽ നിന്നുണ്ടാകുന്ന ഉല്പന്നങ്ങൾ വിപണനം നടത്തുന്നതി നുള്ള പ്ലാറ്റ്ഫോമുകൾ ഉണ്ടാവണം. അതോടൊപ്പം ഓരോ ഐ.ടി.ഐ.കളും അതാത് സ്ഥാപനത്തിന്റെ നൈപുണ്യവികസനത്തിന്റെ അടിസ്ഥാനത്തിലുള്ള സർവ്വീസ് സെന്ററുകളായി മാറണം.

നൈപുണ്യ കർമ്മ സേനകൾക്ക് കേന്ദ്രീകൃത രജിസ് ട്രേഷൻ സംവിധാനങ്ങൾ ഉണ്ടാവണം. ലൈഫ് ഉൾപ്പെടെയുള്ള സർക്കാരിന്റെ സാമൂഹ്യക്ഷേമപ ദ്ധതികളിൽ ഈ തൊഴിൽസേനകളുടെ സേവനം ഫലപ്രദമായി ഉപയോഗിക്കുവാൻ സാധിക്കണം. വിവിധവകുപ്പുകളുടെ സംയോജനം ഇക്കാര്യത്തിൽ അനിവാര്യമാണ്.

പ്രിൻസിപ്പാൾ, ITI കഴക്കൂട്ടം, Mob: 9497273947

147

# പ്ലേസ്മെന്റ്

എ.ജി. സുധീർ & ആർ. ചന്ദ്രമോഹൻ

കേരളത്തിലെ തൊഴിൽരഹിതരായ 20 ലക്ഷം പേർക്ക് തൊഴിൽ നൽകുക എന്ന കേരള സർക്കാരി ന്റെ പദ്ധതി നടപ്പാക്കുന്നതിനായി കേരള നോളഡ്ജ് ഇക്കോണമി മിഷന്റെ (കെ - ഡിസ്ക്) ആഭിമുഖ്യത്തിൽ ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) എന്ന സോഫ്റ്റ്‌വെയർ ഡെവലപ്പ് ചെയ്തു പ്ലേസ് മെന്റ് നടത്തി വരുന്നു. ഇതിനായി ഓൾ ഇന്ത്യ ട്രേഡ് ടെസ്റ്റിന് ശേഷം താമസംവിനാ ജോബ് ഫെയർ കൃത്യമായി സംഘടിപ്പിക്കണം. നിശ്ചിത ശമ്പളം ഓഫർ ചെയ്യുന്ന സർക്കാർ, അർദ്ധ സർക്കാർ മറ്റ് പൊതുമേഖല സ്ഥാപനങ്ങൾ എന്നിവയെ ജോബ് ഫെയറിൽ പങ്കെടുപ്പിക്കാൻ സർക്കാർതലത്തിൽ നിർദ്ദേശം നൽകണം. മോക്ക് ഇന്റർവ്യൂകൾ, കമ്മ്യൂ ണിക്കേഷൻ സ്കിൽ എന്നിവ കരിക്കുലത്തിന്റെ ഭാഗമാ ക്കി ട്രെയിനികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ നമുക്ക് സാധിക്കണം. നിലവിൽ ചില ഐടിഐക ളിൽ മാത്രം നടന്നുവരുന്ന ഓൺ ദ ജോബ് ട്രെയിനിങ് (OJT) പ്രോഗ്രാമുകൾ എല്ലാ ഐടിഐ കളിലും കാര്യ ക്ഷമമായി നടപ്പിലാക്കിക്കൊണ്ട്, 60% സ്കില്ലോടുകൂടി ഐടിഐ പാസാകുന്ന മുഴുവൻ ട്രെയിനികൾക്കും നിർബന്ധിത അപ്രന്റീസ് പരിശീലനം നൽകി ഇവരെ 90% സ്കിൽ ഉള്ളവരായി മാറ്റുകയും സ്കിൽ രജിസ്ട്രി പോർട്ടലിൽ കൂടി രജിസ്റ്റർ ചെയ്തു തദ്ദേശസ്വയംഭ രണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സമൂഹത്തിന് ഉതകുന്ന രീതിയിൽ ഇവരുടെ നൈപുണ്യ ശേഷി മാറ്റുവാനും കഴിയണം. കൃത്യമായി ട്രൈസർ സ്റ്റഡി നടത്തി പ്ലേസ്മെന്റുകളിലെ പോരായ്മകൾ പരിഹരിച്ച് പ്ലേസ്മെന്റുകൾ കാര്യക്ഷമമാക്കണം. ഓരോ ജില്ലയി ലെയും ട്രെയിനികളുടെ മാനേജ്മെന്റ് ഇൻഫർമേ ഷൻ സിസ്റ്റം ഡാറ്റ (MIS) ആർ.ഐ സെന്ററുകൾക്ക് നൽകുകയും ആർ.ഐ സെന്ററുകളെ ജില്ലാ പ്ലേസ്മെ ന്റ് സെന്ററുകളാക്കി മാറ്റിക്കൊണ്ട് പ്ലേസ്മെന്റ് ഡ്രൈവ് കാര്യക്ഷമമാക്കണം. ഓരോ വർഷവും ട്രെയിനികൾ സമർപ്പിക്കുന്ന പ്രോജക്ടുകൾ പരിശോധിച്ച് യങ്ങ് ഇന്നവേറ്റീവ് പ്രോഗ്രാം (YIP) കളുമായി ചേർന്ന് നല്ല പ്രോജക്ടുകളെ സെലക്ട് ചെയ്ത് എല്ലാ വീടുകളും ഒരു

വ്യവസായ സ്ഥാപനമാക്കുന്നതിനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കണം. അങ്ങനെ ഐടിഐ വിജയിച്ചു വരുന്ന എല്ലാ ട്രെയിനികൾക്കും 100% പ്ലേസ്മെന്റ് / അപ്രന്റീസ്ഷിപ്പ് ഉറപ്പുവരുത്തി എല്ലാ വീടുകളിലും ഒരു വ്യവസായ സ്ഥാപനമെങ്കിലും ആരംഭിക്കണമെന്ന ലക്ഷ്യം വച്ചുകൊണ്ട് സമൂഹത്തിനും ജനങ്ങൾക്കും ഉതകുന്ന രീതിയിൽ നൈപുണ്യ ശേഷിയെ മാറ്റുവാൻ നമുക്ക് സാധിക്കണം.

148

## Tracer Study of ITI Graduates in Kerala

Dr. S.R. Sajeev, A.G. Sudheer & R. Chandra Mohan

A tracer study is a research method used to track and analyse the employment outcomes and performance of individuals who have undergone skills training or educational programs. It is often conducted by educational institutions, training providers, or organizations to assess the effectiveness and relevance of their training programs and to gather data on the employment status, job satisfaction, and career progression of their graduates.

The primary objective of a tracer study is to establish a connection between the skills training or education received by individuals and their subsequent employment or career outcomes. By conducting such a study, organizations can gather valuable feedback and make informed decisions to improve the quality and relevance of their training programs.

Key steps involve are, defining the objectives and the target population, develop a survey instrument, contact the participants, data collection and its analysis, report and dissemination, follow up and evaluation to determine the specific goals and objectives of the tracer study; What aspects of the training program and graduates' outcomes do you want to assess? For example, you may want to measure the employment rate, job satisfaction, income levels, or the relevance of the acquired skills in the industry.

By conducting a tracer study of skills training, organizations can gain valuable information to improve their programs and contribute to the overall development of the workforce.

149

## Duties and Responsibilities of Trainers of ITD

Dr. S.R. Sajeev

Industry has a vital role in the development of a Nation. Industrial Training Institutes in our country are specifically intended to mould the skilled work force / entrepreneurs to industry in accordance with the Technology upgradation. Trainers are the backbone of this moulding. Trainers include Group Instructor, Instructors (Trade, ACD, ES, and Special) and workshop Attender / Trade Assistant. Hence the quality improvement of the trainers is the need of the hour.

The duties discharging for moulding the skilled work force / entrepreneurs, Trainers are training program development, training delivery, training coordination, training evaluation, compliance and documentation, continuous learning and mentoring and support.

Constraints for the training of trainers are elaborated training document preparation, lack of procurement and learning of updated technologies and involvement of extra duties inextracurricular activities like ED Club, NSS,

IMC, YIP, ESSA, RRC, Haritha Campus, ISO & Grading related activities.

Solutions for overcoming the constraints in quality improvement of trainers are specifically frame the duties and responsibility of trainers, particularly mention the required training documents, prepare the occasions to learn update technologies, 5 day working – 6th day for extra duties and documents preparation, develop production centers related to each trade.

Principal, ITI (W) Kozhikode

150

## പ്രൊഡക്ഷൻ സെന്ററും നൈപുണ്യ കർമ്മസേനയും

ദിലീപൻ ബി.എസ്.

നൈപുണ്യം (സ്കിൽ) കരസ്ഥമാക്കിയ ട്രെയിനികളുടെ കഴിവുകൾ സമൂഹ നന്മയ്ക്ക് കൂടി പ്രയോജനപ്പെടുത്തുക, അവരിൽ സേവന മനോഭാവം വളർത്തുക, സാമൂഹ്യ ബോധമുള്ള ഉത്തമ പൗരന്മാരായി വളർത്തുക തുടങ്ങിയ സാമൂഹിക നന്മയെ ലക്ഷ്യമാക്കിയുള്ള ഐടിഐ കളിലെ ഒരു സംരംഭമാണ് നൈപുണ്യ കർമ്മ സേന. നിലവിൽ പ്രൊഡക്ഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും എല്ലാ ഐടിഐ കളിലും സ്ഥാപിതമായിട്ടില്ല. സ്ഥാപിതമായവയ്ക്ക് വേണ്ടത്ര പ്രചാരണവും ലഭിച്ചിട്ടില്ല. ആയതുകൊണ്ടുതന്നെ അവിടങ്ങളിലെ സേവനങ്ങളും ഉൽപ്പന്നങ്ങളും സമയബന്ധിതമായി ഉപഭോക്താക്കളിലേക്ക് എത്തിക്കാൻ സാധിക്കുന്നില്ല.

അപ്രന്റീസ്ഷിപ്പ് കൊടുത്തുകൊണ്ട് പ്രൊഡക്ഷൻ സെന്ററിലെ പ്രവർത്തനങ്ങൾ തടസ്സം കൂടാതെ പ്രവർത്തിപ്പിക്കാവുന്നതാണ്. പ്രൊഡക്ഷൻ സെന്ററിലൂടെ ഉപഭോക്താക്കൾക്ക് യോജിച്ച ഉൽപ്പന്നങ്ങൾ ആയിരിക്കണം ഉത്പാദിപ്പിക്കേണ്ടത്. നൈപുണ്യ കർമ്മ സേനയ്ക്കായി സംഭരിച്ചിട്ടുള്ള സാധനങ്ങൾ ഉപയോഗിച്ച് മൊബൈൽ യൂണിറ്റുകൾ രൂപീകരിച്ചുകൊണ്ട് പ്ലംബർ, ഇലക്ട്രീഷ്യൻ, മോട്ടോർ വെഹിക്കിൾ മെക്കാനിക്ക്, ഇലക്ട്രോണിക്സ് മെക്കാനിക്ക്, കാർപെൻഡർ, വെൽഡർ മുതലായ ട്രേഡുകളിലെ വിദഗ്ധ ട്രെയിനികളെ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഹോസ്പിറ്റലുകൾ, സ്കൂളുകൾ എന്നിവയുടെ മെയിന്റനൻസ് വർക്കുകൾ ചെയ്യാവുന്നതാണ്. വിവിധ വർക്ക് ഷോപ്പുകളിലുള്ള പല ടൂൾസ് എക്യുപ്മെന്റ്, മെഷിനറി എന്നിവ ഐടിഐ ട്രെയിനിങ്ങിന്റെ അടിസ്ഥാന ഘടകങ്ങളാകയാൽ ഇത്തരം മെഷീനുകൾ കാര്യമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും അവയുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വേണ്ടി പ്രത്യേക മെയിന്റനൻസ് ടാസ്ക് ഫോഴ്സ് രൂപകൽപ്പന ചെയ്യുന്നതു വഴി കോടിക്കണക്കിന് രൂപ വില മതിപ്പുള്ള ഐടിഐ കളിലെ ഉപകരണ സ്രോതസ്സുകൾ നമുക്ക് സംരക്ഷിച്ചു നിർത്തുവാനും ഇതിലൂടെ സാമ്പത്തിക ബാധ്യത കുറയ്ക്കാനും കഴിയും.

സ്കിൽ രജിസ്ട്രി ആപ്പിന്റെ പ്രവർത്തനം പുനഃരാരംഭിക്കാവുന്നതാണ്. ഈ ആപ്പിൽ രജിസ്റ്റർ ചെയ്യുന്ന ട്രയിനികൾ നാഷണൽ അപ്രന്റീസ് സർട്ടിഫിക്കറ്റ് ഉള്ളവരാണെങ്കിൽ മെച്ചപ്പെട്ട ഫലം ലഭിക്കും. മൊബൈൽ സ്കിൽ രജിസ്ട്രിക്ക് വേണ്ടത്ര പ്രചാരണം നൽകുകയാണെങ്കിൽ മികച്ച പ്രൊജക്ട് ആയി പൊതുജനമദ്ധ്യത്തിൽ അവതരിപ്പിക്കാം.

പ്രിൻസിപ്പാൾ, Govt. ITI, മലയൻകീഴ്, തിരുവനന്തപുരം

151

## അഡ്മിഷൻ - ഐ.ടി.ഐ

ജീവൻ ജോൺസ്

104 ഗവൺമെന്റ് ഐ.ടി.ഐ.കളും 256 പ്രൈവറ്റ് ഐ.ടി.ഐ.കളും 42 എസ്.സി.ഐ.ടി.ഐ.കളും 2 എസ്.ടി. ഐ.ടി.ഐ.കളിലുമായി 76 ട്രേഡുകളിലായി അമ്പതിനായിരത്തിൽപരം അഡ്മിഷനുകൾ എല്ലാ വർഷങ്ങളിലും നടന്നു വരുന്നു. ഇതിൽ ഗവൺമെന്റ് ITIകളിൽ മാത്രമാണ് ഓൺലൈൻ അപ്ലിക്കേഷൻ സ്വീകരിച്ചിട്ടുള്ളത്. ഇൻഡക്സ് മാർക്ക് കണക്കുകൂട്ടുന്നതിനും ട്രേഡ് സെലക്ട് ചെയ്യുന്നതിനും അപേക്ഷകർക്ക് വലിയ ബുദ്ധമുട്ട് അനുഭവപ്പെടുന്നു. കൂടാതെ ഒന്നിലധികം തവണ അക്ഷയ സെന്ററുകളിൽ പോകേണ്ട അവസ്ഥയും ഉണ്ട്. എല്ലാ ITIകളിലെയും അഡ്മിഷൻ ഒരേ സമയം നടക്കുന്നതിനാൽ അർഹതപ്പെട്ട പലർക്കും അവർ ഉദ്ദേശിക്കുന്ന ITIകളിൽ അഡ്മിഷൻ ലഭിക്കുന്നില്ല. മാന്വലായി നടക്കുന്നതി

നാൽ അഡ്മിഷൻ നടപടികൾ നീണ്ടുപോകുന്നു.

നിലവിൽ 10-ാം ക്ലാസിന്റെ റിസൾട്ടിൽ 99%ത്തിൽ അധികംപേരും ജയിക്കുന്നതിനാൽ 10-ാം ക്ലാസ് ജയിച്ചവർക്ക് നൽകുന്ന 20 "ഗ്രേസ് മാർക്ക്" ഒഴിവാക്കുന്നത് ഉചിതമായിരിക്കും. കൂടാതെ +2 പാസ്സായവർക്ക് 20 മാർക്ക് "ഗ്രേസ് മാർക്ക് " നൽകുന്നത് അഡ്മിഷൻ നടപടികളുടെ സങ്കീർണ്ണത കുറയ്ക്കുവാൻ സഹായിക്കും. ട്രേഡുകളെ ക്ലസ്റ്റർ തലത്തിൽ ഗ്രൂപ്പ് ചെയ്യുക വഴി ട്രേഡ് ഒപ്ഷന്റെ സങ്കീർണത കുറയ്ക്കാം. സ്കൂൾ തലത്തിൽ ഐ.ടി.ഐ.കളെ കുറിച്ച് അവബോധം നൽകിക്കൊണ്ട് ആർടിഫിഷ്യൽ ഇന്റലിജൻസ് സംവിധാനം കൂടി പ്രാവർത്തികമാക്കി കുട്ടികളുടെ അഭിരുചിക്കനുസരിച്ച് ട്രേഡ് സെലക്ട് ചെയ്യുവാൻ അവസരം നൽകണം. കൂടാതെ സോഫ്റ്റ്‌വെയർ യൂസർഫ്രണ്ട്‌ലി ആക്കിക്കൊണ്ട് സോഫ്റ്റ്‌വെയറിൽ കഴിഞ്ഞ വർഷത്തെ അലോട്മെന്റ് വിവരങ്ങൾ കൂടി ചേർത്ത് വ്യക്തമായി നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് അപ്ലിക്കേഷൻ ട്രാക് ചെയ്യുവാനുള്ള സൗകര്യങ്ങളും ഹെൽപ് ഡസ്ക് സംവിധാനം ശക്തിപ്പെടുത്തി കേരളത്തിലെ ഗവൺമെന്റ് ഐ.ടി.ഐ.കൾ പട്ടികജാതി പട്ടിക വർഗ വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.കൾ, സ്വകാര്യ ഐ.ടി.ഐ.കൾ എന്നിവിടങ്ങളിലേക്കുള്ള പ്രവേശനം ഏകജാലക സംവിധാനത്തിലൂടെ സാധാരണക്കാർക്ക് ബുദ്ധിമുട്ട് വരാതെ ലളിതമായ പ്രവേശനം സാധ്യമാക്കുക എന്ന ലക്ഷ്യവുമായി മുന്നോട്ട് പോകാം.

ഗ്രൂപ്പ് ഇൻസ്ട്രക്ടർ, ITI, കൽപ്പറ്റ

152

## എംപ്ലോയ്മെന്റ് വകുപ്പ്

ബൈജു ചന്ദ്രൻ ആർ.

തൊഴിൽ അന്വേഷകനും തൊഴിൽരഹിതർക്കും പ്രയോജനപ്രദമാകുന്ന വിവിധ പ്രവർത്തനങ്ങളാണ് വകുപ്പ് നിർവഹിക്കുന്നത്. നിലവിലുള്ള യൂണിറ്റുകളെ ശക്തിപ്പെടുത്തി വകുപ്പിന്റെ സേവനം ഗ്രാമതലം വരെ വിവിധ വിഭാഗങ്ങളിൽ എത്തിക്കുന്നതിനുള്ള വിവിധ പദ്ധതികളും പ്രവർത്തനങ്ങളും ഏറ്റെടുത്തു നടത്തുന്നു.

സ്റ്റേജ് വെക്കേഷൻ ഗൈഡൻസ് ശാക്തീകരണം പദ്ധതി വഴി ഉദ്യോഗാർത്ഥികൾക്ക് അവരുടെ അഭിരുചിക്ക് അനുസൃതമായ തൊഴിൽ തെരഞ്ഞെടുക്കുന്നതിനും, തൊഴിൽ അവസരങ്ങളെക്കുറിച്ചും, ഉപരിപഠനം, പരിശീലന സൗകര്യങ്ങൾ, സ്കോളർഷിപ്പ് തുടങ്ങിയവയെ കുറിച്ചും വിവരങ്ങളും മാർഗനിർദേശങ്ങളും നൽകിവരുന്നു.

അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ, ഗ്യാപ്പ് എന്നിവ വിലയിരുത്തി തൊഴിൽ നേടുന്നതിനുള്ള കഴിവ് മെച്ചപ്പെടുത്തുന്നതിന് തൊഴിൽ കേന്ദ്രങ്ങളെന്നനിലയിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിക്കുന്നു. ഗ്രാമീണ മേഖലയിൽ അടക്കം കരിയർ ഡെവലപ്മെന്റ് സെന്ററുകൾ യാഥാർത്ഥ്യമാകുന്നു. അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ സ്വകാര്യ മേഖലയിൽ അടക്കം തൊഴിലവസരങ്ങൾ, ലഭ്യമാക്കുന്നതിനായി നിയുക്തി ജോബ് ഫെയറുകൾ സംഘടിപ്പിച്ചു വരുന്നു.ഇതിലൂടെ തൊഴിൽദാതാവിനെയും ഉദ്യോഗസ്ഥരെയും ഒരേ വേദിയിലെത്തിക്കാൻ കഴിയുന്നു.

വിവിധ സ്വയംതൊഴിൽ പദ്ധതികളും വകുപ്പിന്റെ കീഴിൽ നിലവിലുണ്ട്. കെസ്റ്റ -99 എന്ന പദ്ധതിലൂടെ എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ള 21-നും 50-നും ഇടയ്ക്ക് പ്രായമുള്ള ഏതൊരു വ്യക്തിക്കും സ്വയംതൊഴിലിനായി അപേക്ഷിക്കുന്നതാണ്.

രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ അടക്കം വിവിധ തലങ്ങളിൽ പിന്നോക്കം നിൽക്കുന്ന ദുർബലരായ വനിതകൾ എന്നിവർക്ക് വേണ്ടി സ്വയം തൊഴിലിനായി ആരംഭിച്ചിട്ടുള്ളതാണ് ശരണ്യ സ്വയം തൊഴിൽ പദ്ധതി. രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതർക്ക് വേണ്ടി വിവിധ ഉദ്ദേശ സേവന കേന്ദ്രങ്ങളും, ജോബ് ക്ലബ്ബുകളും നടപ്പിലാക്കുന്നു. അതിനായി മൾട്ടി പർപ്പസ് സർവീസ് സെന്റേഴ്സ് ജോബ് ക്ലബ്ബുകൾ എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50- 65 പ്രായപരിധിലുള്ള മുതിർന്ന പൗരന്മാർക്ക് വകുപ്പ് മുഖാന്തരം നവജീവൻ എന്ന പേരിൽ പുതിയ സ്വയം തൊഴിൽ പദ്ധതി നിലവിലുണ്ട്. ഭിന്നശേഷിക്കാരെ മുഖ്യധാരയിൽ എത്തിക്കുന്നതിനായി കൈവല്ല്യ എന്ന പേരിൽ സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ സമഗ്ര തൊഴിൽ വികസനം ലക്ഷ്യമിട്ട് സമന്വയ എന്ന പേരിൽ ആവിഷ്കരിച്ച പദ്ധതിയിലൂടെ കരിയർ വികസനത്തിന് ഉതകുന്ന മികവാർന്ന പരിശീലനങ്ങളും നൽകുന്നു.

തൊഴിൽ നഷ്ടപ്പെട്ട് തിരികെ വരുന്ന പ്രവാസികളിൽ നിന്നും വിദഗ്ധ തൊഴിലാളികളെ കണ്ടെത്തുന്നതിനും സ്വയംതൊഴിൽ, കരിയർ സേവനങ്ങൾ ലഭ്യമാക്കി പുനരവധിവസിപ്പിക്കുന്നതിനുമായി പ്രവാസി വെർച്ചൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ, എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം, Mob: 9447262461

## 153

# ടൂറിസം - സാധ്യതകളുടെ വിശാല ലോകം

രാജീവ് ജി.എൽ.

സംസ്ഥാനത്തിന്റെ ടൂറിസം വികസനം, VVIP കളുടെ ഹോസ്പിറ്റാലിറ്റി, ഗസ്റ്റ്ഹൗസുകളുടെ നടത്തിപ്പ്, മുഖ്യ മന്ത്രിയുടേയും മന്ത്രിമാരുടെയും താമസമുൾപ്പടെയു ള്ള ഉത്തരവാദിത്തമാണ് വിനോദ സഞ്ചാര (ടൂറിസം) വകുപ്പ് നിർവഹിച്ചു വരുന്നത്. രാജ ഭരണ കാലത്ത് രൂപീകരിച്ച സ്റ്റേറ്റ് ഗസ്റ്റ് ഡിപാർട്ട്മെന്റാണ് 1960 കളിൽ ടൂറിസം വകുപ്പായി മാറിയത്. ശരാശരി 12 ലക്ഷത്തോളം വിദേശ വിനോദ സഞ്ചാരികളും 1.75 കോടി ആഭ്യന്തര വിനോദ സഞ്ചാരികളും കേരളത്തി ലെത്തുന്നു. 15 ലക്ഷത്തോളം പേർ പ്രത്യക്ഷമായും പരോക്ഷമായും തൊഴിലെടുക്കുന്ന ഈ മേഖലയുടെ സംഭാവന 45000 കോടിയോളം വരും.

പ്ലാനിംഗ്, മാർക്കറ്റിംഗ് എന്നിങ്ങനെ രണ്ട് വിഭാഗ ങ്ങളായിട്ടാണ് വകുപ്പിന്റെ ഭരണ നിർവ്വഹണം നട ക്കുന്നത്. കേരളത്തിലേക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുക എന്നത് മാർക്കറ്റിംഗ് വിഭാഗത്തിന്റെ യും ടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം പ്ലാനിംഗ് വിഭാഗത്തിന്റെയും ചുമതല യാണ്. നേരിട്ട് പൊതു ജനങ്ങളുടെ സേവനദാതാ ക്കൾ അല്ലെങ്കിലും ആത്യന്തികമായി വകുപ്പിന്റെ സേവനം എത്തിച്ചേരുന്നത് ഈ മേഖലയെ ആശ്രയി ച്ച് നിൽക്കുന്ന ജനങ്ങളിലേക്കാണ്. ടൂറിസം കേന്ദ്ര ങ്ങളുടേയും സൗകര്യങ്ങളുടെയും ഗുണനിലവാരം ഉറപ്പാക്കുന്ന ക്ലാസിഫിക്കേഷൻ ലഭിക്കന്നതിനായി ഓൺലൈൻ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഗസ്റ്റ് ഹൗസു കളുടെ ഓൺലൈൻ റിസർവേഷനും നിലവിലുണ്ട്. എന്നാൽ ഇവയുടെ റിസർവേഷൻ ചുമതല GAD വഴിയാണ്.പലപ്പോഴും മുറികൾ ഒഴിഞ്ഞു കിടക്കു മ്പോഴും ആവശ്യക്കാർക്ക് നൽകാൻ മാനേജർമാർ ക്ക് പോലും ഇപ്പോൾ കഴിയാത്ത സാഹചര്യം ഉണ്ട്. ഇതിന് പരിഹാരം ഉണ്ടാവേണ്ടതുണ്ട്.

മാർക്കറ്റിംഗ് രംഗത്തുള്ള പ്രൊഫഷണലിസം, പ്ലാനിംഗ് രംഗത്ത് ലഭ്യമാവുന്നില്ലെന്ന ആക്ഷേപം പരിശോധിക്കപ്പെടേണ്ടതാണ്. ആരംഭിക്കുന്ന പദ്ധ തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയണം.

ഉത്തരവാദിത്ത ടൂറിസം, പൈതൃക ടൂറിസം, പ്രാ ദേശിക ടൂറിസം സാദ്ധ്യതകളുടെ ഉപയോഗം, തീർ ത്ഥാടന ടൂറിസം എന്നിവ പുതിയ കാലത്തിന്റെ സാ ധ്യതകളാണ്. 'Gods Own Country' എന്ന ബ്രാൻഡ് ആഗോള ബ്രാൻഡായി വികസിക്കുമ്പോഴും അതി നനുസരിച്ചുള്ള ഗുണനിലവാരത്തിലേക്ക് എല്ലാ അർത്ഥത്തിലും വളരേണ്ടിയിരിക്കുന്നു. ജീവനക്കാർ ക്കുള്ള നിരന്തര പരിശീലനം, നിലവിലുള്ള പദ്ധ തികളുടെ അവലോകനം, പുതിയ സാധ്യതകളുടെ ഫലപ്രദമായ വിനിയോഗം എന്നിവയിലൂടെ ഈ മേ ഖലയുടെ പരമാവധി സാധ്യതകളെ തിരിച്ചറിയേണ്ട തും അഭിമുഖീകരിക്കേണ്ടതുമാണ്.

ഡെപ്യൂട്ടി ഡയറക്ടർ, ടൂറിസം വകുപ്പ്, 9847039855

## 154

# കേരള ടൂറിസം-വികസന കാഴ്ചപ്പാട്

ജി.എൽ. രാജീവ്

വൈവിധ്യമാർന്ന പ്രകൃതി, കല, സംസ്കാരം, ആഘോ ഷങ്ങൾ, ഹൃദ്യമായ കാലാവസ്ഥ തുടങ്ങിയവയെ അടിസ്ഥാനമാക്കിയാണ് കേരളത്തിലെ ടൂറിസം വ്യവ സായം രൂപം കൊണ്ടത്. ഇന്ന് ഒരു വർഷം ശരാശരി 12 ലക്ഷത്തോളം വിദേശ വിനോദ സഞ്ചാരികളും 1.75 കോടി ആഭ്യന്തര സഞ്ചാരികളും നമ്മുടെ നാട് സന്ദർശിക്കുന്നു. കേരളത്തിലെ ടൂറിസം മേഖലയിൽ പ്രത്യക്ഷമായും പരോക്ഷമായും 15 ലക്ഷത്തോളം ആൾക്കാർക്ക് ജോലി ലഭ്യമാക്കുന്നു. സംസ്ഥാനത്തെ ടൂറിസം മേഖലയിൽ നിന്നും 45,000 കോടി രൂപയുടെ വരുമാനം ലഭിക്കുകയും ചെയ്യുന്നുണ്ട്. തൊഴിൽ അവസരം സൃഷ്ടിക്കുന്നതിലും വരുമാനം ലഭ്യമാക്കു ന്നതിലും വിദേശ നാണ്യം നേടി തരുന്നതിലും നിർ ണായക പങ്കാണ് കേരളത്തിലെ ടൂറിസം മേഖലയ്ക്ക് ഉള്ളത്. അടിസ്ഥാനപരമായി കേരളത്തിലെ ടൂറിസം മേഖലയുടെ ബഹുഭൂരിപക്ഷം നിയന്ത്രണവും സ്വ കാര്യമേഖലയിലാണ് സ്ഥിതി ചെയ്യുന്നത്. ഒരു മൾട്ടി സ്റ്റോക്ക് ഹോൾഡർ സംവിധാനത്തിൽ നിലകൊ ള്ളുന്ന കേരളത്തിലെ ടൂറിസം വ്യവസായത്തിന്റെ വികസനം ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും, സ്വ

കാര്യമേഖലയുടെയും പൂർണ്ണമായ പങ്കാളിത്തത്തോടുകൂടി മാത്രമേ കൈവരിക്കാൻ കഴിയൂ. കേരളത്തിലെ ടൂറിസം വികസനം പൊതുമരാമത്ത്, വൈദ്യുതി, ജലം, ആരോഗ്യം, ഗതാഗതം എന്നിവകുപ്പുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും, തദ്ദേശസമൂഹത്തിന്റെയും, ടൂറിസം വ്യവസായികളുടെയും പ്രവർത്തനങ്ങൾ വേണ്ടവിധം ഏകോപിപ്പിച്ച് മാത്രമേ കൈവരിക്കാൻ സാധിക്കുകയുള്ളൂ. ടൂറിസം വികസനത്തിന് വ്യക്തവും സമഗ്രവുമായ ഒരു നയം രൂപപ്പെടുത്തിയ ആദ്യ സംസ്ഥാനമാണ് കേരളം. സുസ്ഥിരവികസനത്തിന് ഊന്നൽ നൽകുന്നതാണ് കേരളത്തിന്റെ ടൂറിസം നയം. വിനോദ സഞ്ചാരികൾക്ക് ഗുണമേന്മയുള്ള സന്ദർശനാനുഭവം ഉറപ്പാക്കാനും, വിനോദസഞ്ചാരികളിൽ നിന്നും തദ്ദേശവാസികൾക്ക് നേട്ടം ഉറപ്പുവരുത്താനും, കേരളത്തിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്ന അന്തരീക്ഷം സൃഷ്ടിക്കാനും, കേരളത്തെ ആഗോള വിപണിയിൽ ശക്തമായ ഒരു ബ്രാൻഡ് ആയി നിലനിർത്താനും, കേരളത്തിൽ ടൂറിസം മേഖലയിൽ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ മാനവ ശേഷി വികസിപ്പിക്കാനും ആണ് കേരളത്തിന്റെ ടൂറിസം നയം വിഭാവനം ചെയ്യുന്നത്. ഉത്തരവാദിത്വ ടൂറിസത്തിൽ അധിഷ്ഠിതമായ ടൂറിസം വികസനമാണ് കേരളം നടപ്പാക്കി വരുന്നത്. ടൂറിസം വികസനം അതാത് പ്രദേശത്തെ സാമ്പത്തിക പാരിസ്ഥിതിക സാമൂഹിക മേഖലകളെ സംരക്ഷിച്ചു കൊണ്ടാവണം എന്ന സമീപനമാണ് ടൂറിസം വികസനത്തിന്റെ കാര്യത്തിൽ കേരളം പിന്തുടരുന്നത്. ജനപങ്കാളിത്തത്തോടുകൂടിയ ടൂറിസം വികസനം എന്ന ആശയത്തിന്റെ പ്രചാരകരായി കേരള ടൂറിസം മാറിക്കഴിഞ്ഞു. എന്നാൽ, ലോകം അറിയപ്പെടുന്ന ഒരു ടൂറിസം ബ്രാൻഡ് ആയി കേരള ടൂറിസം നിലനിൽക്കുമ്പോഴും, ചില കാര്യങ്ങളിൽ നാം ഇനിയും മുന്നോട്ടു പോകേണ്ടതായുണ്ട്. കേരളത്തിലെ ടൂറിസം മേഖല അഭിമുഖീകരിക്കുന്ന ഡെസ്റ്റിനേഷനുകളിലെ ശരിയായ മാലിന്യ സംസ്കരണത്തിന്റെ അഭാവം, വൃത്തിയുള്ള ടോയ്‌ലറ്റുകളുടെ അഭാവം, പാർക്കിംഗ് പ്രശ്നം, ലൈറ്റിംഗ്, റോഡുകൾ ഇവയൊക്കെ പരിഹരിക്കാൻ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണം. അതോടൊപ്പം തന്നെ ടൂറിസം വികസനത്തിന് ഏറ്റവും അത്യന്താപേക്ഷിതമായ ഒന്നാണ് വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം. ഇതിനായി സർക്കാർ തരത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ടൂറിസത്തിൽ നിന്നുള്ള സാമ്പത്തികവും സാമൂഹ്യവുമായ നേട്ടങ്ങൾ കണക്കിലെടുത്ത് തദ്ദേശീയരെ കൂടി ടൂറിസം വികസനത്തിൽ പങ്കാളികളാക്കുന്നതിനുള്ള കൂടുതൽ നടപടികൾ ആവിഷ്കരിക്കേണ്ടതുണ്ട്. അതോടൊപ്പം, ടൂറിസം മേഖലയിൽ സുസ്ഥിരവികസനം എന്ന കാഴ്ചപ്പാടിൽ അധിഷ്ഠിതമായ വികസന പ്രവർത്തനങ്ങളും, പ്രചരണ ക്യാമ്പയിനുകളും ആകണം ഇനി മുൻഗണന നൽകി നടപ്പാക്കേണ്ടത് .

ഡെപ്യൂട്ടി ഡയറക്ടർ, ടൂറിസം വകുപ്പ്, 9847039855

155

## കേരള സംസ്ഥാന കായിക യുവജന വകുപ്പ്

ശ്രീജേഷ് എസ്., മഹേഷ് എം. & ഡോ. സുനിൽകുമാർ കെ.ജി.

1986-ൽ സംസ്ഥാനത്തിന്റെ കായിക വികസനത്തിനും യുവജനക്ഷേമകാര്യത്തിനും വേണ്ടിയാണ് കായിക യുവജന കാര്യാലയം രൂപം കൊള്ളുന്നത്. സംസ്ഥാനത്തെ എല്ലാവിധ കലാകായിക വിഭാഗങ്ങളുടെയും അഭിവൃദ്ധിക്കായി ഗുണമേന്മേയുള്ള അടിസ്ഥാനസൗകര്യങ്ങൾ, യുവജനക്ഷേമവുമായി ബന്ധപ്പെട്ട പരിപാടികൾ തുടങ്ങി കായികവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കും വകുപ്പ് പ്രാധാന്യം നൽകിവരുന്നു. സ്പോർട്സിന്റെ പ്രാധാന്യത്തെപ്പറ്റി ജനങ്ങളെ ബോധവത്ക്കരിക്കുവാനായി യുവജനങ്ങൾക്ക് പരിശീലനം നൽകുക, സ്പോർട്സിന്റെ അന്തർദേശീയതലത്തിൽ അവരെ തയ്യാറാക്കുക എന്നിവയും വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. ഇതു കൂടാതെ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകി മുങ്ങിതാഴുന്ന ജീവൻ രക്ഷിക്കുവാൻ സഹായിക്കുന്ന സ്വിം & ഡ്രൈവ് പ്രോഗ്രാം ഈ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഒരു പ്രവർത്തനമാണ്. കായിക കാൽവയ്പ് എന്ന നൂതന പദ്ധതിയിലൂടെ കേരളത്തിലെ കുട്ടികളെ കായികരംഗത്തെത്തിക്കുവാൻ കായിക യുവജന വകുപ്പിന് കഴിയുന്നു. വിജയകരങ്ങളായ ഇത്തരം പദ്ധതികൾക്കു പുറമേ കലാരംഗത്തും പല വാഗ്ദാനങ്ങളും വകുപ്പ് നൽകുന്നുണ്ട്. ആധുനിക സൗകര്യങ്ങളോടു കൂടിയ നീന്തൽക്കുളം, ലോഗ്ജംപ്-ട്രിപ്പിൾജംപ് എന്നിവയ്ക്കുള്ള സിന്തറ്റിക് റൺ അപ്പ് ഉള്ള പിറ്റ്, ഷട്ടിൽ ബാഡ്മിന്റൺ കോർട്ട്, മാപ്പിൾ തടികൊണ്ടുള്ള ഫ്ളോറിങ്ങ് തുടങ്ങി സ്പോർട്സുമായി ബന്ധപ്പെട്ടതെല്ലാം കായിക യുവജനകാര്യാലയം ചെയ്തു വരുന്നു. തിരുവനന്തപുരം കാര്യവട്ടത്തുള്ള ഗ്രീൻഫീൽഡ് സ്റ്റേഡിയം രാജ്യത്തെ ഏറ്റവും മികച്ച സ്റ്റേഡിയമായി തീർന്നിരിക്കുകയാണ്. കായിക മേഖലയുടെ വികസനത്തിനായി തുടക്കം മുതൽ പ്രവർത്തിക്കുന്നതിലൂടെ ഇതിലേക്ക് വൻപങ്കാളി

ത്തമുണ്ടാവുകയും അങ്ങിനെ സ്പോർട്സ് രംഗത്തെ ദേശീയ-അന്തർദേശീയ ബഹുമതികൾ കേരളത്തിലേയ്ക്കു കൊണ്ടു വരാനും കഴിയും. യുവജനങ്ങളുടെ കായികവും ബൗദ്ധികവുമായ വളർച്ചയ്ക്ക് വേണ്ട സംവിധാനങ്ങൾ ഒരുക്കുന്നതിനും സർക്കാർ ജീവനക്കാരുടെ കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും നേതൃത്വം കൊടുത്തു വരുന്നു. വകുപ്പിന് കീഴിലെ വിവിധ സ്ഥാപനങ്ങൾ, മൈതാനങ്ങൾ, ജിമ്മുകൾ തുടങ്ങിയവയുടെ നിർമ്മാണവും പരിപാലനവുമായും ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പുതുതായി ബഹു. കായിക മന്ത്രി ചെയർമാനും, സെക്രട്ടറി വൈസ് ചെയർമാനും, ഡയറക്ടർ എം.ഡി യുമായി സ്പോർട്സ് കേരള ഫൗണ്ടേഷൻ ലിമിറ്റഡ് എന്ന ഒരു പബ്ലിക് സെക്ടർ എന്റർപ്രൈസ് സംവിധാനത്തിനു രൂപം നൽകിയിട്ടുണ്ട് (2021). ഇതിനോട് അനുബന്ധിച്ചുള്ള സ്പോർട്സ് എഞ്ചിനീയറിംഗ് വിങ്ങും വരുംകാലങ്ങളിൽ വകുപ്പിന്റെ പ്രവർത്തനത്തിന്റെ ഗുണനിലാവരം മെച്ചപ്പെടുത്തും. എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്ന സ്പോർട്സ് കൗൺസിൽ പരിപാലനവും വകുപ്പ് നടത്തുന്നു. വകുപ്പ് നടത്തിയിട്ടുള്ള മെച്ചപ്പെട്ട പ്രവർത്തനങ്ങളിൽ ഒന്ന് ദേശീയ ഗെയിംസ് വിജയകരമായി നടപ്പിലാക്കി എന്നുള്ളതാണ്. എല്ലാ മണ്ഡലങ്ങളിലും പഞ്ചായത്തുകളിലും ആധുനിക മൈതാനം സ്ഥാപിക്കുവാനുള്ള പ്രഖ്യാപിത ലക്ഷ്യം നടപ്പിലാക്കേണ്ടതുണ്ട്. എല്ലാ ജില്ലകളിലും ഹെൽത്ത് സർവ്വീസസിന്റെ സഹകരണത്തോടെ ortho/PMR വിഭാഗങ്ങളോട് കൂടിയ സ്പോർട്സ് ക്ലിനിക്കുകൾ ആരംഭിക്കാനുള്ള ലക്ഷ്യവും നടപ്പിലായിട്ടില്ല. സ്പെഷ്യൽ റൂൾസ് ഭേദഗതി ആവശ്യമുണ്ട്. സ്പെഷ്യൽ റൂൾസിൽ ഒട്ടേറെ അപാകതകൾ ഉണ്ട് അത് പരിഹരിച്ചു പോകണം. രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്ററിന്റെ സ്റ്റാഫ് പാറ്റേണുമായി ബന്ധപ്പെട്ട അപകാതകൾ നിലവിലുണ്ട്. ഇ-ഗവൺനേസ് പൂർണ്ണമായി നടപ്പിലാക്കുമ്പോൾ നിലവിൽ സേവനങ്ങൾക്ക് വരുന്ന കാലതാമസം വലിയ അളവു വരെ കുറച്ചു കൊണ്ടുവരുവാൻ സാധിക്കും. പരിക്കുകൾ വിശകലനം ചെയ്തു ചികിത്സമാർഗങ്ങൾ നിർദേശിക്കുന്നതിന് പരിചയസമ്പന്നരായ ortho/physical medicine വിഭാഗങ്ങൾ അനിവാര്യമാണ്. ഇവിടെ നിലവിലെ സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് സ്പോർട്സ് ഇൻജോറി ക്ലിനിക്കിന്റെ പ്രധാന ഘടകമായ ഓർത്തോ വിഭാഗം ആരംഭിക്കാവുന്നതാണ് ആരോഗ്യവകുപ്പുമായി സഹകരിച്ചു ഫാർമസിസ്റ്റിനെ അടക്കം ഡെപ്യൂട്ടേഷൻ നിയമനം നടത്തി പ്രവർത്തനം മെച്ചപ്പെടുത്താവുന്നതാണ്. പഞ്ചായത്ത് തലത്തിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചുകൊണ്ട് പ്രവർത്തനം വികേന്ദ്രീകരിക്കാവുന്നതാണ്. പുതുതായി കോഴിക്കോട് റീജിയണൽ സെന്റർ ആരംഭിച്ചുവെങ്കിലും പൂർണതോതിൽ പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല.

9447963386

## 156

# സംസ്ഥാന പുരാരേഖാ വകുപ്പ്

ആർ. അശോക് കുമാർ

നമ്മുടെ സാംസ്കാരിക സമ്പത്തായ അത്യപൂർവ്വമായ താളിയോലരേഖകളും പുരാരേഖകളും സർക്കാരിന്റെ വിവിധ വകുപ്പുകളുടെ തീർപ്പാക്കിയ ശാശ്വത മൂല്യമുള്ള രേഖകളും ശാസ്ത്രീയ സംരക്ഷണം നടത്തി ഭാവി തലമുറയ്ക്ക് വേണ്ടി സൂക്ഷിക്കുന്ന വകുപ്പാണ് 1962 രൂപീകൃതമായ സംസ്ഥാന പുരാരേഖ വകുപ്പ്. 1974ലെ സംസ്ഥാന സർക്കാരിന്റെ ചരിത്രരേഖാനയ രൂപീകരണവുമായി ബന്ധപ്പെട്ട ഒരു ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശാശ്വതമൂല്യമുള്ള 25 വർഷത്തിനുമേൽ പഴക്കമുള്ള എല്ലാ സർക്കാർ രേഖകളും പുരാരേഖാ വകുപ്പിന് കൈമാറണമെന്ന് നിഷ്കർഷിക്കുന്നു. വകുപ്പിന്റെ കൈവശമുള്ള ഇത്തരം അമൂല്യമായ രേഖകളുടെ ഭരണനിർവഹണവും ശാസ്ത്രീയ സംരക്ഷണവും നിർവഹിക്കുകയും പൊതുജനങ്ങളിലും പുതുതലമുറയിലും ഇത്തരം രേഖകൾ സംരക്ഷിക്കുന്നതിന് ആവശ്യമായ ചരിത്ര അവബോധം സൃഷ്ടിക്കുന്നതിന് ഉതകുന്ന വിവിധങ്ങളായ ബോധവൽക്കരണ പ്രവർത്തനങ്ങളും ചരിത്ര ഗവേഷകർക്ക് ആവശ്യമായ വിവരങ്ങൾ പകർന്നു നൽകുന്നതിനും രേഖകൾ ആവശ്യപ്പെട്ട് വരുന്നവർക്ക് അവ നൽകുന്നതിനും ഉള്ള സേവനവും വകുപ്പ് നടത്തിവരുന്നു.

വകുപ്പിന്റെ കൈവശമുള്ള കോടിക്കണക്കിന് താളിയോല രേഖകളും പേപ്പർ രേഖകളും കാലപ്പഴക്കം മൂലം അടിയന്തര സംരക്ഷണം ആവശ്യമുണ്ടെങ്കിലും മനുഷ്യശേഷിയുടെയും അടിസ്ഥാന സൗകര്യത്തിന്റെയും അഭാവം മൂലം അവയും പൂർണതോതിൽ സംരക്ഷണം നടത്തി സൂക്ഷിക്കാൻ സാധിക്കുന്നില്ല. ഗവേഷകർക്ക് ആവശ്യമായ വിവരങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

കമ്മ്യൂണിറ്റി ആർക്കൈവ്സ് പദ്ധതി, ഡിജിറ്റൽ ആർക്കൈവ്സ് ഇ-ആർക്കൈവ്സ് എന്നീ പദ്ധതികൾ ശക്തിപ്പെടുത്തിയും നൂതന ആശയങ്ങൾ ഉൾപ്പെടുത്തിയും വകുപ്പിന്റെ സേവനം മെച്ചപ്പെടുത്താം.

ആർക്കിവിസ്റ്റ്, ആർകൈവ്സ് ഡയറക്ടറേറ്റ്, Mob: 9495871627

157

# വിജ്ഞാന സമൂഹനിർമിതിയിൽ സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസക്തിയും സാധ്യതകളും പ്രതിബന്ധങ്ങളും

പ്രത്യൂഷചന്ദ്രൻ എം.

ലോകത്തെമ്പാടുമുള്ള അറിവ് മാതൃഭാഷയിൽ കേരളീയർക്ക് ലഭ്യമാക്കുക, അനുദിനം സംഭവിച്ചു കൊണ്ടിരിക്കുന്ന വൈജ്ഞാനിക-സാംസ്കാരിക മുന്നേറ്റങ്ങളെപ്പറ്റി ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് സംസ്ഥാന സർവവിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായിട്ടുള്ളത്. 20 വാല്യങ്ങളിലായി രൂപകല്പന ചെയ്ത ഗ്രന്ഥപരമ്പരയുടെ പ്രസിദ്ധീകരണമായിരുന്നു ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രഖ്യാപിത ലക്ഷ്യം. 1972-ലാണ് ആദ്യവാല്യം പ്രസിദ്ധീകരിച്ചത്. തുടർന്ന് 2023 വരെയുള്ള 49 വർഷത്തെ കാലയളവിനുള്ളിൽ 47 ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുവാൻ ഇൻസ്റ്റിറ്റ്യൂട്ടിനു കഴിഞ്ഞു. പൊതുവിജ്ഞാന ബൃഹത് ഗ്രന്ഥപരമ്പരയിൽ ഇനി 2 വാല്യങ്ങൾ കൂടി പ്രസിദ്ധീകരിക്കുവാനുണ്ട്. 2024 മാർച്ച് മാസത്തോടെ ഇതിന്റെ പ്രസിദ്ധീകരണം സാധ്യമാകും എന്നു പ്രതീക്ഷിക്കുന്നു.

ഇന്ത്യൻ ഭാഷകളിലെ മികച്ച റഫറൻസ് ഗ്രന്ഥത്തിനുള്ള ദേശീയ-സംസ്ഥാന പുരസ്കാരങ്ങൾ ഈ ഗ്രന്ഥപരമ്പര നിരവധി തവണ കരസ്ഥമാക്കിയിട്ടുണ്ട്. കാൽലക്ഷത്തിലേറെ ശാസ്ത്ര സാങ്കേതിക-ഭാഷാ ശീർഷകങ്ങളിലായി മലയാളത്തിലെ വൈജ്ഞാനിക സാഹിത്യത്തെ സമ്പന്നമാക്കിയ ഇൻസ്റ്റിറ്റ്യൂട്ടിന് ഇന്നോളം ഭാഷയിലുണ്ടായിട്ടുള്ള ഉള്ളടക്ക നിർമാതാക്കളിൽ പ്രമുഖ സ്ഥാനമാണുള്ളത്.

അതേസമയം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായ കാലത്തിൽ നിന്നും ലോകവും വായനക്കാരും ഏറെ മാറിക്കഴിഞ്ഞു. അറിവിന്റെ അഭാവം ഇന്ന് സമൂഹത്തിലില്ല. വിവര സാങ്കേതിക വിപ്ലവകാലത്ത് അറിവുകളുടെ കുത്തൊഴുക്കു തന്നെ സാധ്യമായിരിക്കുന്നു. എന്നാൽ അറിവിന്റെ ഈ കുത്തൊഴുക്കിൽ ഒളിച്ചുകടത്തപ്പെടുന്ന അസത്യങ്ങൾ, അജണ്ടകൾ, താത്പര്യങ്ങൾ, ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ മുൻപന്തിയിൽ നിൽക്കുന്ന വിക്കിപീഡിയയിലൂടെ നുണകൾക്ക് പോലും സത്യത്തിന്റെ വ്യാജ ആധികാരികത ലഭിക്കുന്നു. ഇവിടെയാണ് മലയാള ഭാഷയിൽ വിജ്ഞാനകോശങ്ങളുടെ പ്രസക്തി. മലയാള ഭാഷയിൽ അറിവിന് ഒരു ആധികാരിക രേഖ ഉണ്ടാവുക എന്നത് ഏറെ പ്രധാനമാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടക്കമുള്ള വിവര സാങ്കേതികവിദ്യയുടെ കാലത്ത് വിജ്ഞാന കോശങ്ങളും വൈജ്ഞാനിക പ്രസിദ്ധീകരണങ്ങളും ഡിജിറ്റൽ രൂപത്തിൽ ലഭ്യമാക്കേണ്ടത് പ്രധാനമാണ്.

പരിചയസമ്പന്നരായ എഡിറ്റോറിയൽ ജീവനക്കാരുടെ അപര്യാപ്തത, ആർട്ട് -പ്രൊഡക്ഷൻ ജീവനക്കാരുടെ അഭാവം, സാങ്കേതിക വിഭാഗത്തിന്റെ അഭാവം, ഫയലുകളിലെ കാലതാമസം, ഉദ്യോഗസ്ഥവാഴ്ച്ചയ്ക്കു വിധേയപ്പെടുന്ന സ്ഥാപന മേധാവികൾ, രാഷ്ട്രീയ ഇച്ഛാശക്തിയുടെ അഭാവം, സ്ഥിരം ജീവനക്കാരുടെ അഭാവം, കരാർ നിയമനം എന്നിവ പരിമിതികളാണ്. ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ സർവ്വവിജ്ഞാനകോശം കാലുറപ്പിക്കാൻ വൈകുന്നതിനുള്ള കാരണങ്ങൾ കണ്ടെത്തി പരിഹരിക്കണം.

1972 ൽ ആദ്യ പ്രസിദ്ധീകരണം നടന്ന് 50 വർഷം പിന്നിട്ടിട്ടും വിജ്ഞാനകോശ ഗ്രന്ഥപരമ്പരയുടെ പൂർണമായ പ്രസിദ്ധീകരണം ഇനിയും നീണ്ടു പോകുകയാണ്. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് എന്നീ വൈജ്ഞാനിക പ്രസിദ്ധീകരണസ്ഥാപനങ്ങളെ അവയുടെ സ്വതന്ത്രമായ അസ്തിത്വം നഷ്ടപ്പെടുത്താതെ തന്നെ കാലോചിതമായി പുനഃ സംഘാടനം ചെയ്തുകൊണ്ടും ഭരണപരമായ ചിലവുകളിലെ ഇരട്ടിപ്പ് നിയന്ത്രിച്ചും കൂടുതൽ ഉത്പാദനക്ഷമവും ഊർജസ്വലവുമാക്കി തീർക്കാൻ കഴിയണം.

എഡിറ്റോറിയൽ അസിസ്റ്റന്റ്, SIEP, Mob: 9946035499, E-mail:prathyushmgu@gmail.com

158

## കേരള ഭാഷ ഇൻസ്റ്റിട്യൂട്ട് - പ്രശ്നങ്ങൾ പരിഹാര നിർദ്ദേശങ്ങൾ

ഡോ. റ്റി. ഗംഗ

ഇന്ത്യയുടെ നാലാം പഞ്ചവത്സര പദ്ധതിയിൽ പ്രാദേശിക ഭാഷകൾക്ക് പ്രാധാന്യം നൽകുന്നതിനും, അതിൻ പ്രകാരം സർവകലാശാല വിദ്യാഭ്യാസം മാതൃഭാഷയിൽ വേണമെന്നും തീരുമാനിക്കപ്പെട്ടു. ഇംഗ്ലീഷ് മാധ്യമത്തിൽ മാത്രം ശാസ്ത്ര-സാങ്കേതിക വിഷയങ്ങൾ പഠിപ്പിച്ചു ശീലിച്ച അധ്യാപകരെ പ്രാദേശിക ഭാഷകളിൽ പഠിപ്പിക്കാൻ പ്രാപ്തരാക്കുന്നതിലേക്ക് പ്രത്യേക പരിശീലനം നൽകുന്നതിനും ഇതിനു വേണ്ട ശാസ്ത്ര-സാങ്കേതിക പദാവലികൾ രൂപീകരിക്കാനുള്ള സംവിധാനവും ഏർപ്പെടുത്തുന്നതിനും തീരുമാനിച്ചു. തുടർന്ന്, കേന്ദ്രത്തിൽ ഒരു ഭാരതീയ ഭാഷാ സ്ഥാപനവും സംസ്ഥാനങ്ങളിൽ സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുകളും സ്ഥാപിച്ചു. 1968 ൽ കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കപ്പെട്ടു. തുടക്കത്തിൽ 100% കേന്ദ്ര ഗ്രാന്റ് വാഗ്ദാനം ചെയ്യുകയും നൽകുകയും ചെയ്തിരുന്നെങ്കിലും ഇപ്പോൾ പൂർണമായും സംസ്ഥാന സർക്കാർ ഗ്രാന്റിൽ ആണ് സ്ഥാപനം പ്രവർത്തിക്കുന്നത്. സർവകലാശാലാതലത്തിൽ മലയാളം അധ്യയന ഭാഷയാക്കുക എന്നതും ആധുനിക വിജ്ഞാനം കേരളീയരുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിന് സുശക്തമായ ഒരു മാധ്യമമായി തീരത്തക്കവിധം മലയാളഭാഷയെ വികസിപ്പിക്കുക എന്നതും ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപിത ലക്ഷ്യങ്ങൾ ആയിരുന്നു. പിന്നീട് ഉദ്ദേശ്യലക്ഷ്യങ്ങൾ വിപുലമാക്കപ്പെട്ട് മലയാള ഭാഷയെ പൊതുവേയും മലയാളത്തിലെ വൈജ്ഞാനിക സാഹിത്യത്തെ പ്രത്യേകിച്ചും സമ്പന്നമാക്കുന്നതിനുള്ള ഐതിഹാസികമായ മഹായജ്ഞമായി അത് പരിണമിച്ചു. ഇന്ന് നാലായിരത്തിലധികം വൈജ്ഞാനികസാഹിത്യ പുസ്തകങ്ങൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അക്കാദമിക്, അഡ്മിനിസ്ട്രേഷൻ, സെയിൽസ്, വിജ്ഞാനമുദ്രണം പ്രസ് തുടങ്ങിയ വിഭാഗങ്ങൾ ഉൾക്കൊള്ളുന്ന ഈ സ്ഥാപനത്തിൽ, നിലവിൽ 108 ജീവനക്കാരാണുള്ളത്. അതിൽ സ്ഥിരം ജീവനക്കാർ 17 പേരും ഡെപ്യൂട്ടേഷനിൽ 8 പേരും കരാർ ജീവനക്കാർ 78 പേരും ദിവസവേതനക്കാർ 5 പേരുമാണുള്ളത്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതിന് മുൻപ് തസ്തികകളുടെ കാറ്റഗറി നിശ്ചയിക്കുന്നതിനും പ്രശ്നങ്ങൾ പഠിക്കുന്നതിനും ഐ.എം.ജി എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തണം.

SRO, KBI

159

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

സാബു സി. ജോർജ്ജ്, ഷെർലി പീറ്റർ, എം. എസ്. ഗോപകുമാർ, റെഫി ജോൺ, സജിത ദാസ് & ആർ. വിനീത്

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, വികസന അതോറിട്ടികൾ, ദേവസ്വം ബോർഡുകൾ, ഹിന്ദു ചാരിറ്റബിൾ എൻഡോവ്മെന്റ് സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, കേരള മെഡിക്കൽ കൗൺസിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, വഖഫ് ബോർഡ്, കുടുംബശ്രീ, അനാഥാലയങ്ങൾ എന്നിവ ഉൾപ്പെടെ 1994-ലെ കേരള ലോക്കൽ ഫണ്ട് ആക്ട് സെക്ഷൻ 4(1)ന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന സ്ഥാപനങ്ങളുടെയും, കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളിലൂടെയും, മറ്റ് നിയമങ്ങൾ, ചട്ടങ്ങൾ എന്നിവ മുഖാന്തിരവും, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദ്ദേശാനുസരണവും സ്ഥാപനങ്ങളുടെ വാർഷിക ഓഡിറ്റ് നടത്തി ഓഡിറ്റ് റിപ്പോർട്ടുകൾ പുറപ്പെടുവിക്കുകയും ചെയ്യുന്നത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്.

വാർഷിക ഓഡിറ്റ് നടത്തി നഷ്ടം, പാഴ്ച്ചെലവുകൾ, ക്രമക്കേടുകൾ, ഏറ്റെടുക്കുന്ന പദ്ധതികളുടെയും, പ്രവർത്തനങ്ങളുടെയും വിജയ – പരാജയ വിശകലനം, സംവിധാനത്തിന്റെ പോരായ്മകൾ, അപാകതകൾ, ഫലപ്രദമാകാത്ത ചെലവുകൾ, നിലവിലെ സാമ്പത്തികസ്രോതസ്സുകളിൽ നിന്ന് സ്ഥാപനത്തിന് ലഭ്യമാകാവുന്ന വരുമാനം പിരിച്ചെടുക്കുന്നതിലെ കൃത്യത തുടങ്ങിയവ ഉൾപ്പെടുത്തി ഓഡിറ്റ് റിപ്പോർട്ടുകൾ നിയമം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ തന്നെ നിർവഹിക്കപ്പെടുന്നുണ്ട്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഉൾപ്പെടെ ഭരണപരവും, വികസന പരവുമായ തീരുമാനങ്ങളും, നടപടികളും സത്യസന്ധമായും, നീതിപൂർവ്വകമായും, കാര്യക്ഷമവുമായി നടപ്പിലാക്കുന്നു എന്നുറപ്പാക്കുകയും, സ്ഥാപനങ്ങൾ പൊതുപ്പണം ചെലവാ

ക്കുന്നതിൽ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനും, സാമ്പത്തിക നിയന്ത്രണം കൈവരിക്കുന്നതിനുമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്.

സ്ഥാപനങ്ങളുടെ സാമ്പത്തികതാല്പര്യങ്ങൾ സംരക്ഷിക്കാനുതകും വിധം ധനാഗമമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും ആയതിനായി സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ നിയമവിധേയമാണോയെന്ന് പരിശോധിച്ച് സാമ്പത്തിക ഉപദേശങ്ങൾ നൽകി സ്ഥാപനങ്ങളുടെ ധനകാര്യ മാനേജ്മെന്റിനെ ശരിയായ വഴിയിലേക്ക് നയിക്കുകയും ചെയ്യുന്നു.

തദ്ദേശ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ കൂടി പുറത്തുവരുന്ന പാഴ്ച്ചെലവുകൾ, അപാകതകൾ, പരാജയങ്ങൾ, സംവിധാനത്തിന്റെ പോരായ്മകൾ എന്നിവ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ഉത്തരവാദിത്തബോധം വർദ്ധിപ്പിക്കുന്നതിനും സാമ്പത്തികഅച്ചടക്കവും നിയന്ത്രണവും പാലിക്കുന്നതിനും സഹായകരമാകുന്നുണ്ടോ എന്നത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഓഡിറ്റ് പരാമർശങ്ങൾക്ക് യൂണിഫോമിറ്റി ഇല്ലാത്തത് പരാമർശങ്ങളുടെ തുടർനടപടികളിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഈ പോരായ്മ പരിഹരിക്കപ്പെടേണ്ടതുണ്ട്. ഫലപ്രദമായ ഓഡിറ്റിനു ഏറ്റവും ആവശ്യമായത് വിവരശേഖരണമാണ്. ഓഡിറ്റ് വകുപ്പിലെ ജീവനക്കാർക്ക് ഓഡിറ്റ് ചെയ്യപ്പെടുന്ന സ്ഥാപനത്തെക്കുറിച്ചും സ്ഥാപനം നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ചുമുള്ള കൃത്യമായ രീതിയിലുള്ള വിവരങ്ങൾ പലപ്പോഴും ലഭിക്കുന്നില്ല. ഇതിന് അടിയന്തിര പരിഹാരമുണ്ടാകേണ്ടതുണ്ട്.

സ്ഥാപനത്തിന്റെ ധനകാര്യ വിവരങ്ങളെക്കുറിച്ചും നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ചും പൊതുജനം അറിയുവാൻ ആഗ്രഹിക്കുന്ന പല കാര്യങ്ങളും ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്നില്ല. സർക്കാരിനും, സ്ഥാപനത്തിനും, പൊതുജനത്തിനും പ്രയോജനപ്പെടുന്ന രീതിയിലുള്ള വിവരങ്ങൾ അടങ്ങിയ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുവാൻ കഴിയുന്ന തരത്തിൽ ഓഡിറ്റ് നിർവഹണം മാറേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ടുകൾ ബന്ധപ്പെട്ട തദ്ദേശഭരണ വിഭാഗങ്ങൾ സമയബന്ധിതമായി പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതിന് വ്യക്തമായ സമയക്രമം നിശ്ചയിച്ചുകൊണ്ട് നിയമനിർമ്മാണം നടത്താൻ സാധിക്കുമോയെന്നും ആലോചിക്കേണ്ടതാണ്.

വി.കെ. പുഷ്പരാജ്, Mob: 9447337061

160

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ബി. ജയചന്ദ്രൻ

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മറ്റ് സ്വയംഭരണ സ്ഥാപനങ്ങളുമടക്കമുള്ളവയുടെ ഭരണ നിർവ്വഹണത്തിലും പദ്ധതി നിർവ്വഹണത്തിലുമുള്ള നേട്ടങ്ങളും പോരായ്മകളും പരിശോധിച്ച് വിലയിരുത്തി ഭരണകർത്താക്കളെ ബോധ്യപ്പെടുത്തുകയും ജനങ്ങളെ അറിയിക്കുകയും ചെയ്യുന്ന സ്റ്റാറ്റ്യൂട്ടറി സംവിധാനമാണ് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്. ഈ വകുപ്പ് നിർവ്വഹിക്കുന്ന ഓഡിറ്റ് സ്വയംഭരണ സ്ഥാപനങ്ങളുടെ വളർച്ചയ്ക്ക് സഹായകമായ തരത്തിൽ ജനാധിപത്യ മൂല്യബോധത്തിലധിഷ്ഠിതമായ ക്രിയാത്മക നിർദ്ദേശങ്ങൾ നൽകുകയെന്ന പരമപ്രധാനമായ ലക്ഷ്യം മുൻനിർത്തിയുള്ള പ്രവർത്തനങ്ങളാണ് നിർവ്വഹിക്കുന്നത്. സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകൾ പരിശോധിച്ച് തീർപ്പുകൽപ്പിക്കുന്ന കമ്മിറ്റി ഓൺ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് എന്ന നിയമസഭാ സമതിയുടെ നിർദ്ദേശാനുസരണം കഴിഞ്ഞ രണ്ട് ദശാബ്ദക്കാലം ഓഡിറ്റ് നിർവ്വഹണത്തിൽ ക്രിയാത്മക നിരവധി മാറ്റങ്ങൾ കൊണ്ടുവരുന്നതിന് കഴിഞ്ഞു.

2010 മുതൽ തന്നെ ഓഡിറ്റ് നിർവ്വഹണ രംഗത്ത് വിവരസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ഓഡിറ്റ് റിപ്പോർട്ടുകൾ പുറപ്പെടുവിക്കുന്നതിന് ഓഡിറ്റ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (AIMS) എന്ന സോഫ്റ്റ് വെയർ രൂപപ്പെടുത്തി. 2020 ൽ കേന്ദ്രപഞ്ചായത്തിരാജ് മന്ത്രാലയം ഓഡിറ്റ് ഓൺലൈൻ പോർട്ടൽ രാജ്യത്താകമാനം നടപ്പിലാക്കിയപ്പോൾ ഈ രംഗത്ത് സംസ്ഥാനം സ്വീകരിച്ച നടപടികളിലെ പുരോഗതിയും സംസ്ഥാനത്തിന്റെ അഭ്യർത്ഥനയും പരിഗണിച്ച് AIMS ൽ തന്നെ ഓഡിറ്റ് റിപ്പോർട്ടുകൾ പുറപ്പെടുവിക്കാൻ കേരളത്തിന് പ്രത്യേകാനുമതി ലഭിച്ചു. കേന്ദ്രം തയ്യാറാക്കിയ ഓഡിറ്റ് ഓൺലൈൻ പോർട്ടലുമായി നമ്മുടെ സോഫ്റ്റ് വെയറിനെ സംയോജിപ്പിക്കാനും അനുമതി ലഭിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ AIMS സോഫ്റ്റ് വെയറിനെ കേന്ദ്ര പോർട്ടലുമായി സംയോജിപ്പിക്കുന്നതിനുള്ള നടപടി ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി, വരുമാന വർദ്ധനവിനാവശ്യമായ നിർദ്ദേശങ്ങൾ എന്നിവയടക്കമുള്ള വിഷയങ്ങങ്ങൾ സംബന്ധിച്ച് പഠന റിപ്പോർട്ട് നൽകണമെന്ന് ആറാം ധനകാര്യ കമ്മീഷൻ നിർദ്ദേശിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 202-23 സാമ്പത്തിക വർഷം മുതൽ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ടാക്സ് ഓഡിറ്റ് നടത്തണമെന്ന സർക്കാർ നിർദ്ദേശം നടപ്പിലാക്കി.

കൺകറന്റ് ഓഡിറ്റ് സംവിധാനം നിലവിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ത്രൈമാസ അവലോകനം പരീക്ഷണാടിസ്ഥാനത്തിൽ തലശ്ശേരി നഗരസഭയിൽ നടപ്പിലാക്കി. വികസനോന്മുഖ സമീപനത്തോടെയും സദാജാഗ്രതയോടെയുമുള്ള ഈ ഓഡിറ്റ് നിർവ്വഹണ രീതി എല്ലാ കൺകറന്റ് ഓഡിറ്റ് സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിന് സർക്കാർ അനുമതി ലഭിക്കുന്നതോടെ ഈ രംഗത്ത് നിർണ്ണായാകമായ മുന്നേറ്റം ഉണ്ടാക്കാനാകും.

ശുചിത്വ പരിപാടികളും ജലസമൃദ്ധിയുമുള്ള ഗ്രാമങ്ങളും നഗരങ്ങളും സൃഷ്ടിക്കകയെന്ന സുസ്ഥിര വികസന ലക്ഷ്യങ്ങളിലൂന്നിയ നവകേരള സൃഷ്ടിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എത്രമാത്രം മുന്നേറിയിട്ടുണ്ടെന്ന പരിശോധനയടക്കം ഉൾപ്പെടുത്തിക്കൊണ്ടാണ് 2023-24 വർഷത്തെ ഓഡിറ്റ് പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനത്തിന്റെ വരുമാന വർദ്ധനവിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതിനോടൊപ്പം അനുകരണ മാതൃകകളെ പൊതുസമൂഹത്തിൽ അവതരിപ്പിക്കുന്നതിനുകൂടി ഓഡിറ്റ് ശ്രദ്ധിക്കേണ്ടതുണ്ട്. അക്കൗണ്ടിങ്ങ് മേഖലയിലെ വിവരസാങ്കേതികവിദ്യയും ആർട്ടിഫിഷ്യൽ ഇന്റലിജൻസും അടിസ്ഥാനമാക്കിയും ഡിജിറ്റൽ വിവരങ്ങൾ സുതാര്യതയോടെ ഓഡിറ്റ് നിർവ്വഹിക്കുന്നതിന് പരമാവധി പ്രയോജനപ്പെടുത്താന് കഴിയണം. ഇതിന് ഓഡിറ്റ് ചെയ്യപ്പെടുന്ന സ്ഥാപനങ്ങളിലെ ഡിജിറ്റെസേഷനും ഏറെ പ്രധാനമാണ്.

ഡെപ്യൂട്ടി ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, Mob: 9446176136

161

# Kerala State Audit Department
# Audit Information Management System [AIMS]

Manoj K. Nair

As part of the IT policy of the State of Kerala, the Kerala State Audit Department had implemented Project AIMS with the aim to automate the core audit processes mainly pre-audit, audit execution and post-audit. The project was rolled out in the year 2010 for auditing the LSGIs in three phases with the active support of the Government of Kerala.In the year 2020, during the Covid pandemic period, the Central Ministry of Panchayat Raj insisted to the state governments implement their application Audit Online to release the CFC grant to the States. As a result of active intervention of the state government and recognition of well developed LSG system in Kerala, MoPR exempted Kerala from implementing their application and allowed integration of AIMS data to Audit Online. This privilege was only given to the State of Kerala in the whole country. Over the years AIMS was modifed and several new facilities added have been improve the auditing standards and ensure transparency in conducting the audit of LSGIs. The application is hosted in state owned State Data Center.

The Government of Kerala accorded administrative sanction to the Kerala State Audit department to establish an Audit Training Center in 2019 at Gulati Institute of Finance and Taxation, Sreekariyam, Thiruvananthapuram with a vision to become a centre of excellence and innovation for good governance The center was modernized with state of the art licensed video conferencing from CISCO Webex technologies and interactive equipment with sensor mikes and cameras for online teaching, web team chats and webchat management facilities. The smart classroom is provided with digital interactive monitors with an online recording facility for recording online as well as live classes for faculty assessment and developing video teaching tools for future reference. The participants are provided with laptops equipped with high-speed internet connectivity for performing presentations in a smart class or online environment.The VC facility is integrated with the coordination cell functioning in the Directorate of KSAD and with the Sub offices for the trainees to interact online.

Audit O cer (HG), Kerala State Audit Directorate, iruvanthapuram, manojknair1@gmail.com, 9946042024

## 162

# ഭാവിയിലേക്കുള്ള വികസനാത്മക ആസൂത്രണ അവലോകന സംവിധാനം

എം. കലാമുദ്ദീൻ

കേരള സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങളെ ആസൂത്രണം ചെയ്യുന്നതിനും തൽസമയം അവലോകനം നടത്തുന്നതിനും പദ്ധതികളുടെ ഉത്പന്നങ്ങളും ഉപയുക്തതയും ദീർഘകാല പ്രഭാവവും മുൻകൂട്ടി കാണുന്നതിനും പദ്ധതി പൂർത്തിയായ ശേഷം വിശകലനം നടത്തുന്നതിനും സർക്കാർ നയങ്ങളുടെ സാമ്പത്തിക സാമൂഹിക പ്രഭാവങ്ങളെ സംബന്ധിച്ച് തുടർച്ചയായി വിശകലനം നടത്തുന്നതിനും യഥാസമയം ഗവൺമെന്റിനു മുന്നിൽ നിർദ്ദേശങ്ങൾ വയ്ക്കുന്നതിനുള്ള ഒരു അഡ്വൈസറി ബോഡി ആയിട്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് പ്രവർത്തിക്കേണ്ടത് സംസ്ഥാന ആസൂണ ബോർഡിന്റെ പ്രവർത്തനങ്ങളെ യാന്ത്രികതയിൽ നിന്ന് മാറ്റി സർഗാത്മകമാക്കേണ്ടതുണ്ട്.

നിലവിൽ തയ്യാറാക്കുന്ന സാമ്പത്തിക സർവ്വേ വാർഷിക പദ്ധതികൾ വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടുകൾ എന്നിവയ്ക്ക് പുറമേ പ്രത്യേകമായി തന്നെ സാമ്പത്തിക പ്രഭാവ റിപ്പോർട്ട് സാമൂഹ്യപ്രഭാവ റിപ്പോർട്ട് എന്നിങ്ങനെ വളരെ ശാസ്ത്രീയമായ റിപ്പോർട്ടുകൾ പ്രത്യേകമായി തയ്യാറാക്കേണ്ടതാണ്. സംസ്ഥാന ആസൂത്രണ ബോർഡിൽ ഒരു വിവരസമാഹരണ വിനിമയ വിഭാഗം (data bank) അനിവാര്യമാണ്.

വികേന്ദ്രീകൃത ആസൂത്രണം, ജില്ലാതലത്തിൽ പദ്ധതി നിരീക്ഷണം. പട്ടികജാതി പട്ടികവർഗ്ഗ പദ്ധതികളുടെ പ്രത്യേക നിരീക്ഷണം തുടങ്ങിയവയ്ക്കായി പ്രവർത്തിക്കുന്ന ജില്ലാ പ്ലാനിംഗ് ഓഫീസുകൾക്ക് കൃത്യവും യഥാസമയവും ഉള്ള സാങ്കേതിക ഉപദേശം സംസ്ഥാന ആസൂത്രണ ബോർഡിൽ നിന്ന് നൽകേണ്ടതുണ്ട്. ജില്ലാ പ്ലാനിങ് ഓഫീസുകൾ മുഴുവൻ സമയ നിരീക്ഷണ അവലോകന ഉപദേശക സംവിധാനമായി മാറേണ്ടതുണ്ട്. അതിനായി സംസ്ഥാന ആസൂത്രണ ബോർഡിലെ കോഡിനേഷൻ, ഇവാലുവേഷൻ ഡിവിഷനുകൾ ഒഴികെയുള്ള എല്ലാ ഡിവിഷനുകളും അതാത് ഡിവിഷനുകൾ കൈകാര്യം ചെയ്യുന്ന വകുപ്പുകളുടെ പദ്ധതികളെ സംബന്ധിച്ച് പ്രതിമാസ അവലോകനം നടത്തേണ്ടതും അങ്ങനെ അവലോകനം നടത്തുന്നതിന് ജില്ലാതലത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെ പ്രതിമാസ അവലോകനം നടത്തി ജില്ലാ പ്ലാനിങ് ഓഫീസ് ലഭ്യമാക്കുന്ന റിപ്പോർട്ട് ഉപയോഗിക്കേണ്ടതും ആണ്. ഇത്തരത്തിൽ നടത്തുന്ന അവലോകനങ്ങളിൽ നിന്നും ത്രൈമാസ റിപ്പോർട്ട് ഗവൺമെന്റിന് നൽകേണ്ടതും ഗവൺമെന്റിന് അത് ഉപയോഗിച്ച് അവലോകനം നടത്തുന്നതിനും നയപരമായി തീരുമാനമെടുക്കുന്നതിനും ഉതകുന്നതാവണം.

പ്രോജക്ട് അധിഷ്ഠിത പദ്ധതി നിർവഹണം ലോകവ്യാപകമായിരിക്കുന്നതിനാൽ സംസ്ഥാന തലത്തിൽ ഒരു പ്രോജക്ട് മാനേജ്മെന്റ് വിംഗ് കേന്ദ്ര പദ്ധതികൾ സി.എസ്.ആർ, ആഗോള ഫണ്ടുകൾ തുടങ്ങിയവ കണ്ടെത്തുന്നതിന് ഒരു സംസ്ഥാനതല പദ്ധതി വിഭാഗം കൂടി രൂപീകരിക്കാവുന്നതാണ്.

അസിസ്റ്റന്റ് ഡയറക്ടർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്

## 163

# നവകേരള നിർമ്മാണത്തിൽ ജില്ലാ ആസൂത്രണ സമിതികളുടെ പങ്ക്

എസ്.ആർ. സനൽ കുമാർ

എഴുപത്തിമൂന്ന്, എഴുപത്തിനാല് ഭരണഘടനാ ഭേദഗതികളെ തുടർന്ന് കേരളത്തിൽ നടപ്പാക്കിയ വികേന്ദ്രീകരണം ഭരണ നിർവഹണ രംഗത്തെ വലിയ പരിഷ്കാരങ്ങളിലൊന്നായി വിലയിരുത്തപ്പെടുന്നു. വികേന്ദ്രീകൃതാസൂത്രണത്തിൽ ജില്ലാതലത്തിലുള്ള ആസൂത്രണത്തിനും ഏകോപനത്തിനും സവിശേഷ പ്രാധാന്യമാണുള്ളത്. അതുകൊണ്ടാണ് ഏഴുപത്തിനാലാം ഭരണഘടനാ ഭേദഗതിയുടെ ഭാഗമായി ജില്ലാ ആസൂത്രണ സമിതി (District Planning Committee) സംവിധാനം ഭരണഘടനയിൽ (അനുച്ഛേദം 243 ZD) കൂട്ടിച്ചേർത്തത്. ഭരണഘടന നൽകിയിട്ടുള്ളതിനേക്കാൾ കൂടുതൽ ചുമതലകളും അധികാരങ്ങളും കേരളത്തിൽ ഡി.പി.സി.കൾക്ക് നൽകിയിട്ടുണ്ട്. ജില്ലാ വികസന പദ്ധതി തയ്യാറാക്കൽ, പ്രാദേശിക സർക്കാ

രുകളുടെ വാർഷിക പദ്ധതികൾക്ക് അംഗീകാരം നൽകൽ, ജില്ലയിൽ നടപ്പാക്കുന്ന മൊത്തം വികസന പ്രവർത്തനങ്ങളുടെ മോണിട്ടറിംഗ് തുടങ്ങി നിരവധി ചുമതലകൾ ഡി.പി.സി.യിൽ നിക്ഷിപ്തമാണ്. ചുമതലകൾ നിറവേറ്റാൻ ഡി.പി.സി.കൾക്ക് വിപുലമായ സഹായ സംവിധാനമാണ് നൽകിയിട്ടുള്ളത്.

ഡി.പി.സി.യുടെ മുഖ്യ ചുമതല ജില്ലാ ആസൂത്രണവും വികസന പ്രവർത്തനങ്ങളുടെ ഏകോപനവും സംയോജനവുമാണ്. അതിനുള്ള സുപ്രധാന ഉപാധിയാണ് ജില്ലാ പദ്ധതി. ഭരണഘടനാ ഭേദഗതിക്കു ശേഷം 2000-ൽ എല്ലാ ജില്ലകളിലും ജില്ലാ പദ്ധതി തയ്യാറാക്കി. എന്നാൽ ജില്ലാ പദ്ധതിയിലെ നിർദ്ദേശങ്ങൾ തുടർന്നുള്ള വർഷങ്ങളിലെ വികസന പ്രക്രിയയിൽ ഉൾച്ചേർക്കുന്നതിന് കഴിഞ്ഞില്ല. പതിമൂന്നാം പദ്ധതിയുടെ തുടക്കത്തിൽ കേരളം പുതിയ മാർഗരേഖ അവതരിപ്പിച്ചു. 'ജില്ലാ പദ്ധതി' വ്യവസ്ഥാപിതമാക്കുക എന്നതായിരുന്നു പുതിയ മാർഗരേഖയുടെ മുഖ്യലക്ഷ്യം. വിവിധതട്ട് ഗവൺമെന്റുകളും ഏജൻസികളും വികസനത്തിന്റെ മേഖലയിൽ നടത്തുന്ന ഇടപെടലുകൾക്ക് ദിശാബോധം നൽകുന്നതിനും കോട്ടങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനും ശരികളെയും നേട്ടങ്ങളെയും കൂടുതൽ ബലപ്പെടുത്തുന്നതിനും നല്ല മാതൃകകളെ വ്യാപിപ്പിക്കുന്നതിനും തെറ്റായ രീതികളെ നിരുത്സാഹപ്പെടുത്തുന്നതിനും വിവിധതട്ട് സർക്കാരുകൾ ഏറ്റെടുക്കുന്ന വികസന പ്രോജക്ടുകൾ തമ്മിൽ മെച്ചപ്പെട്ട സംയോജനം ഉറപ്പുവരുത്തുന്നതിനുമുള്ള ഒരു ഉപകരണമായാണ് ജില്ലാ പദ്ധതിയെ പുതിയ മാർഗരേഖ നിർവചിച്ചത്.

പുതിയ മാർഗരേഖ പ്രകാരം ജില്ലാ പദ്ധതിക്ക് രണ്ട് ഭാഗങ്ങൾ ഉണ്ടാകണം. ജില്ലാ വികസന പരിപ്രേക്ഷ്യമാണ് ആദ്യഭാഗം. കേന്ദ്ര-സംസ്ഥാന സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രാദേശിക സർക്കാരുകളുടെയും വാർഷിക പദ്ധതികൾ വിശദമായി വിലയിരുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ വരും വർഷത്തെ പദ്ധതി തയ്യാറാക്കുമ്പോൾ എടുക്കേണ്ട കരുതലുകളെക്കുറിച്ച് ഡി.പി.സി നൽകുന്ന നിർദ്ദേശങ്ങളാണ് രണ്ടാം ഭാഗം. ജില്ലാ പദ്ധതിയുടെ ആദ്യഭാഗം അഞ്ചുവർഷത്തിലൊരിക്കൽ ഓരോ പഞ്ചവൽസര പദ്ധതിയുടെയും തുടക്കത്തിൽ പരിഷ്കരിക്കണമെന്ന് നിർദ്ദേശിച്ചു. രണ്ടാം ഭാഗം വാർഷിക പ്രതിഭാസമായി കണ്ട് ഓരോ വർഷവും തയ്യാറാക്കണം. വികസന പ്രക്രിയയെ നിരന്തരം നവീകരിക്കുന്ന ഒരു ഉപാധിയായാണ് ജില്ലാ പദ്ധതിയെ പുതിയ മർഗരേഖ വ്യാഖ്യാനിച്ചത്. പുതിയ മാർഗരേഖയുടെ അടിസ്ഥാനത്തിൽ 2017-18 കാലയളവിൽ എല്ലാ ജില്ലകളിലും ജില്ലാ പദ്ധതികൾ തയ്യാറാക്കി. എന്നാൽ രണ്ടാം ഭാഗം എല്ലാ വർഷവും തയ്യാറാക്കുന്നതിന് കഴിഞ്ഞില്ല. ജില്ലാ വികസന പരിപ്രേക്ഷ്യം തയ്യാറാക്കിയിട്ട് അഞ്ചുവർഷം പിന്നിടുന്നു.

ഡി.പി.സി.കളിൽ നിക്ഷിപ്തമായ മറ്റ് ചുമതലകൾ തൃപ്തികരമായ രീതിയിൽ നിർവ്വഹിക്കുന്നുണ്ടെങ്കിലും മുഖ്യ ചുമതലയുടെ കാര്യത്തിൽ കാര്യമായ ഇടപെടൽ നടത്തുന്നുവെന്ന് പറയാൻ കഴിയുന്ന നിലയല്ല ഇന്നുള്ളത്. ഡി.പി.സി.കളെ വികേന്ദ്രീകൃതാസൂത്രണത്തിന്റെ കേന്ദ്ര സ്ഥാനത്ത് പ്രതിഷ്ഠിച്ചുകൊണ്ടാണ് ഒൻപതാം പദ്ധതിയിൽ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. ജനകീയാസൂത്രണം ആരംഭിച്ചിട്ട് കാൽ നൂറ്റാണ്ട് പിന്നിട്ടു. ജില്ലാതല ഉദ്യോഗസ്ഥരടക്കം വിപുലമായ സഹായ സംവിധാനം ഡി.പി.സി.ക്ക് ഉണ്ടായിട്ടും തുടക്കത്തിൽ വിഭാവനം ചെയ്ത ഒരു തലത്തിലേയ്ക്ക് ഉയരാൻ ഡി.പി.സി.കൾക്ക് കഴിഞ്ഞിട്ടുണ്ടോ എന്നൊരു വിലയിരുത്തൽ നടത്തേണ്ട സമയമാണിത്. ഇന്ന് നേരിടുന്ന ദൗർബല്യങ്ങൾ വിശദമായ ചർച്ചയ്ക്ക് വിധേയമാക്കണം. ഡി.പി.സി.കളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള ചർച്ചകൾ ഉണ്ടാകണം. മെട്രോപോളിറ്റൻ പ്ലാനിംഗ് കമ്മിറ്റികൾ (എം.പി.സി.കൾ) രൂപീകരിക്കുന്നതിനുള്ള പ്രാഥമിക ആലോചനകൾ കേരളത്തിൽ ആരംഭിച്ചിട്ടുണ്ട്. ഡി.പി.സി.കളും എം.പി.സി.കളും തമ്മിലുള്ള ചുമതലാ വിഭജനം അടക്കമുള്ള വിഷയങ്ങളിൽ ക്രിത്യമായ ധാരണ രൂപപ്പെടേണ്ടതുണ്ട് എം.പി.സി.കൾ രൂപീകരിക്കുന്നതോടെ ഡി.പി.സി.കൾ ദുർബലമാകുന്ന സാഹചര്യം ഉണ്ടാകാൻ പാടില്ല. എം.പി.സി.കൾ ആവശ്യമില്ല എന്നൊരു നിലപാടാണ് അധികാര വികേന്ദ്രീകരണ കമ്മിറ്റി (സെൻ കമ്മിറ്റി) സ്വീകരിച്ചത്. ഇതും ചർച്ച ചെയ്യപ്പെടണം.

കേരള സർക്കാർ ലക്ഷ്യമിടുന്ന നവകേരള നിർമ്മാണത്തിൽ വലിയ പങ്ക് വഹിക്കാൻ കഴിയുന്ന സ്ഥാപനങ്ങളാണ് ഡി.പി.സി.കൾ. ജില്ലാതല ഏകോപനവും സംയോജനവും ഉറപ്പാക്കി വികസനത്തിന്റെ ഫലപ്രാപ്തി വർദ്ധിപ്പിക്കാൻ കഴിയുന്ന സ്ഥാപനങ്ങളായി ഡി.പി.സി.കൾ മാറണം. പങ്കാളിത്ത ആസൂത്രണത്തിന് ഒരു മാതൃക സൃഷ്ടിക്കാൻ കഴിഞ്ഞപോലെ ഡി.പി.സി.യുടെ കാര്യത്തിലും ജില്ലാ പദ്ധതിയുടെ കാര്യത്തിലും രാജ്യത്തിന് മുന്നിൽ ഒരു മാതൃക അവതരിപ്പിക്കാൻ കേരളത്തിന് കഴിയണം.

M-9495058905, srsanal@gmail.com

164

# സ്റ്റാറ്റിസ്റ്റിക്കൽ ഡാറ്റയുടെ സമഗ്രത

ശശീന്ദ്രൻ എസ്.

ഫലപ്രദമായ ആസൂത്രണത്തിനും വികസന പരിപാടികളുടെ കാര്യക്ഷമമായ നടത്തിപ്പിനും, തെളിവുകൾ അടിസ്ഥാനമാക്കിയുള്ള തീരുമാനങ്ങൾ എടുക്കുന്നതിനും സ്ഥിതിവിവരക്കണക്കുകൾ സുപ്രധാന പങ്ക് വഹിക്കുന്നു. നാം ഇന്ന് നേടിയത് സംബന്ധിച്ചും ഇനിയും കൈവരിക്കേണ്ടവയെ സംബന്ധിച്ചും തീരുമാനങ്ങൾ എടുക്കുന്നതിനും ഡാറ്റ കൂടിയേ മതിയാകൂ. നാം വിഭാവനം ചെയ്യുന്ന പദ്ധതികൾ അത് അർഹിക്കുന്ന കൈകളിൽ എത്തുന്നതിനും, പുരോഗതിയും, വീഴ്ചകളും മനസ്സിലാക്കുന്നതോടൊപ്പം ഭരണത്തിന്റെ സുതാര്യതയും ഉത്തരവാദിത്തവും മൊത്തത്തിലുള്ള ഫലപ്രാപ്തിയും വർദ്ധിപ്പിക്കുന്നത്തിനും സ്ഥിതിവിവരകണക്കുള്ള പ്രാധാന്യം വലുതാണ്.

സ്ഥിതിവിവരക്കണക്കുകളുടെ ചിട്ടയായ ശേഖരണം, സമാഹരണം, വിശകലനം, വസ്തുനിഷ്ഠം, വ്യാഖ്യാനം, പ്രചരിപ്പിക്കൽ എന്നിവയുടെ ഉത്തരവാദിത്തമുള്ള സംസ്ഥാനത്തിന്റെ നോഡൽ ഏജൻസിയാണ് സാമ്പത്തിക, സ്ഥിതിവിവരക്കണക്ക് വകുപ്പ്. കാർഷിക മേഖലയിലെ നയരൂപീകരണത്തിനാവശ്യമായ വിവരങ്ങൾ കാർഷിക സർവേ, കാർഷിക സെൻസസ്, കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് വിപണിയിൽ ആവശ്യമായ തീരുമാനങ്ങൾ എടുക്കുന്നതിനായുള്ള വില വിവര ശേഖരണം, സംസ്ഥാന വരുമാനം കണക്കാക്കൽ, ദേശിയ തലത്തിൽ നയരൂപീകണ്ണത്തിനായുള്ള നാഷണൽ സാമ്പിൾ സർവ്വേ, സാമ്പത്തിക സെൻസസ്, പ്രാദേശിക തലത്തിലുള്ള ആസ്സൂത്രണത്തിനുള്ള അടിസ്ഥാന സ്ഥിതിവിവരക്കണക്കുകൾ ശേഖരണം, കാലിക പ്രാധാന്യമുള്ള വിഷയങ്ങളിൽ അടിസ്ഥാനമാക്കിയുള്ള വിവിധ സർവേകൾ, പഠനങ്ങൾ എന്നിവ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കിവരുന്നു.

വിവരാധിഷ്ഠിത ആസൂത്രണം കാര്യക്ഷമമാക്കുന്നതിനായി നിലവിലെ വിവരശേഖരണ സംവിധാനത്തെ കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്. ഇന്ന് നേരിടുന്ന വെല്ലുവിളികളെ കുറിച്ച് മനസ്സിലാക്കുകയും നൂതന സാങ്കേതികവിദ്യകളുടെ അടിസ്ഥാനത്തിൽ മാറ്റങ്ങൾ കൊണ്ടുവരുവാനും സാധിക്കേണ്ടതുണ്ട്.

ഡാറ്റ ശേഖരണത്തിലും വിശകലനത്തിലും ഏർപ്പെട്ടിരിക്കുന്ന വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം ഉറപ്പാക്കുകയും ഡാറ്റ ഷെയർ ചെയ്യുന്നതിനും ഡാറ്റ ദാതാക്കളിൽ നിന്ന് സുഗമമായ ഡാറ്റ ലഭ്യത ഉറപ്പുവരുത്തുന്നതിനും മതിയായ നിയമനിർമ്മാണം അനിവാര്യമാണ്.

ഡാറ്റ ശേഖരണ പ്രക്രിയകൾ കാര്യക്ഷമമാക്കുന്നതിനും പിശകുകൾ കുറയ്ക്കുന്നതിനും സമയബന്ധിതമായി മെച്ചപ്പെടുത്തുന്നതിനും ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ഡാറ്റ ശേഖരണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുക, സ്റ്റാറ്റിസ്റ്റിക്കൽ ഡാറ്റയുടെ സമഗ്രത, സുരക്ഷ എന്നിവ ഉറപ്പാക്കാൻ ഫലപ്രദമായ ഡാറ്റാ മാനേജ്മെന്റ് സിസ്റ്റങ്ങൾ നടപ്പിലാക്കുകയും വേണം.

ഡാറ്റാ അനാലിസിസ് വികസനത്തിന്റെ അടിസ്ഥാന രൂപമായിരിക്കെ വിവിധ മേഖലകളിലെ ഡാറ്റയെ ശേഖരിച്ച് ബിഗ് ഡാറ്റയാക്കി അതിനെ അനാലൈസ് ചെയ്യുന്ന big data analysis and report വകുപ്പായി എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിനെ മാറ്റണം. കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, ഇറിഗേഷൻ, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യ ക്ഷേമം, എൻജിനീയറിങ് വകുപ്പുകൾ എന്നിവയിലൂടെ സൃഷ്ടിക്കപ്പെടുന്ന ഡാറ്റകളെ cross analysis ചെയ്തു വ്യത്യസ്തമായ ദിശകളിൽ ഉപയോഗപ്പെടുത്താൻ കഴിയണം.

സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്, 9995884341

165

# പോലീസ് സേവനത്തിൽ തുല്യനീതി ഉറപ്പാക്കൽ

ബിന്ദു വി.സി.

പോലീസ് സേനയിൽ നിന്ന് സാധാരണ പൗരർക്ക് ലഭ്യമാകുന്ന സേവനത്തിന്റെ ഗുണമേന്മയും സർക്കാരിന്റെ പ്രതിച്ഛായയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. സംസ്ഥാനത്ത് സ്ത്രീ ശാക്തീകരണത്തിനും സുരക്ഷയ്ക്കും ക്ഷേമത്തിനും വേണ്ടി ആദ്യം (1988 ൽ) നിലവിൽ വന്ന സ്ഥാപനമാണ് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ (KSWDC). 2019 ൽ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ ഭേദഗതി

യിലൂടെ ട്രാന്സ്ജെന്റർ വ്യക്തികൾക്കും സ്ഥാപനം നിലവിൽ സേവനം നൽകി വരുന്നു. അതിക്രമം നേരിടുന്ന സ്ത്രീകൾക്ക്, സമയോചിത സഹായം ലഭ്യമാക്കുന്നതിന് വേണ്ടി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച 181 വനിതാ ഹെൽപ്പ് ലൈൻ (24x7) കേരള സർക്കാരിന് വേണ്ടി നടപ്പാക്കിയത് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനാണ്. 2017 മാർച്ചിൽ ആരംഭിച്ച ഹെൽപ്പ് ലൈനിന്റെ ആദ്യ ആറു മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിയ ഘട്ടത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും വിഷയങ്ങളിൽ സമയോചിതമായി ഇടപെടുന്നതിൽ സംസ്ഥാനത്തെ പല പോലീസ് സ്റ്റേഷനുകളിലും പോരായ്മയുണ്ടെന്ന് കണ്ടെത്തുവാൻ സാധിച്ചു.

പ്രത്യേകിച്ചും സ്ത്രീകൾ, കുട്ടികൾ, ലിംഗ, ലൈംഗിക ന്യൂനപക്ഷങ്ങൾ, പാർശ്വവത്ക്കരിക്കപ്പെട്ട മറ്റ് ജന വിഭാഗങ്ങൾ എന്നിവരോടുള്ള പോലീസ് സേനയുടെ പെരുമാറ്റം മെച്ചപ്പെടുത്തുക എന്നത് ആധുനിക സാമൂഹ്യ ജീവിതത്തിൽ പരമ പ്രധാനവുമാണ്. രാജ്യത്ത് ഏറ്റവും സുശക്തമായ രീതിയിൽ ജനകീയ പോലീസിംഗ് നടപ്പാക്കിയ സംസ്ഥാനമാണ് കേരളം, എന്നാൽ ചിലപ്പോഴെങ്കിലും സർക്കാരിനെ പ്രതിരോധത്തിലാക്കുന്ന സംഭവങ്ങൾ ഉണ്ടാകുന്നുണ്ട്.

പോലീസ് സേനയുടെ നീതിപൂർവ്വമായതും കാലാനുസൃതവുമായ പ്രവർത്തനങ്ങൾക്ക്, ഒരു സമൂഹത്തിൽ നിലനിൽക്കുന്ന വൈവിധ്യങ്ങളെയും ലിംഗപദവി വിവേചനത്തെയും കുറിച്ചുള്ള ശരിയായ അറിവ് നൽകുന്നതും, ജെൻഡർ അതിക്രമങ്ങൾക്ക് ഇരയായവരോടും പരാതിക്കാരോടും ഉള്ള മനോഭാവവും പെരുമാറേണ്ട രീതിയും പരിശീലിപ്പിക്കേണ്ടതും ഒരു ഉദ്യോഗസ്ഥ സമൂഹമെന്ന രീതിയിൽ അവരുടെ തൊഴിൽപരമായ ആവശ്യമാണെന്ന് വിലയിരുത്തപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ പോലീസ് ഉദ്യോഗസ്ഥർക്ക് വേണ്ടിയുള്ള ഒരു ലിംഗാവബോധ പരിശീലന പരിപാടി രൂപപ്പെടുത്തുന്നതിലേക്ക് നിരവധി ദേശീയ-അന്തർദ്ദേശീയ പോലീസ് പരിശീലന മാതൃകകൾ പഠന വിധേയമാക്കുകയും വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് മൂന്ന് ശിൽപശാലകൾ നടത്തുകയും ചെയ്തു. പരിശീലന മേഖലയിൽ വിദഗ്ധരായവരുടെ സഹായത്തോടെ പരിശീലന പുസ്തകവും കൈപ്പുസ്തകവും ശാസ്ത്രീയമായി തയ്യാറാക്കുകയും ചെയ്തു. ജെൻഡർവിഷയങ്ങളിലും അതിന്റെ സൈദ്ധാന്തീക വശങ്ങളിലും ബന്ധപ്പെട്ട നിയമങ്ങളിലും അവബോധം സൃഷ്ടിക്കുന്നതിനുള്ള പാഠങ്ങളോടൊപ്പം സ്വഭാവത്തിലും പെരുമാറ്റത്തിലും ഇടപെടലിലും മാറ്റം വരുത്തുന്നതിനുള്ള പാഠഭാഗങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. നാലു ദിവസം തുടർച്ചയായി നീണ്ടു നിൽക്കുന്ന പരിശീലന പരിപാടിയുടെ തുടക്കത്തിൽ, ഓരോ പരിശീലനാർത്ഥിയും, അവരുടെ ലിംഗാവബോധം (Gender awareness) എത്രത്തോളമുണ്ടെന്ന് ഒരു പ്രാഥമിക പരിശോധന (pre- test)യിലൂടെ കടന്നു പോകുന്നു; ഇതേ പരീക്ഷണം പരിശീലനം തീരുന്ന നാലാം ദിവസവും ആവർത്തിക്കപ്പെടുന്നു. പരിശീലനം പൂർത്തിയാക്കി തിരികെ ജോലിയിൽ പ്രവേശിച്ച് ആറുമാസത്തിനു ശേഷം ഇവരുടെ ജെന്റർ സമീപനത്തെ കുറിച്ച് മേലുദ്യോഗസ്ഥനിൽ നിന്നും വിവരം ശേഖരിക്കുകയും തുടർന്ന് ആവശ്യമെങ്കിൽ റിഫ്രഷർ ട്രെയിനിംഗിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

തികച്ചും പിതൃകേന്ദ്രീകൃതമായ കുടുംബങ്ങളിൽ ജനിച്ചു വളരുകയും, അതേ പുരുഷാധികാര മൂല്യങ്ങൾ ഊട്ടിയുറപ്പിക്കപ്പെടുന്ന സാമൂഹികാന്തരീക്ഷത്തിൽ പഠിച്ചു വളരുകയും ചെയ്ത സ്ത്രീ പുരുഷന്മാർ തന്നെയാണ് രാജ്യത്തെ ഭരണഘടന ഉറപ്പാക്കുന്ന തുല്യനീതി നിർവ്വഹണത്തിന്റെ ഏറ്റവും പ്രത്യക്ഷമായ ചുമതല വഹിക്കുന്ന പോലീസ് ജോലി ചെയ്യുന്നത്. അതുകൊണ്ട് തന്നെ ജനിച്ചു വളർന്ന സാമൂഹ്യ സാഹചര്യത്തിൽ നിന്നും ഉൾക്കൊണ്ട മൂല്യബോധവും രീതികളും പെട്ടെന്ന് വിട്ടൊഴിയാൻ സാധിക്കുകയില്ല. എന്നാൽ ഒരു തൊഴിലാളി സമൂഹമെന്ന നിലയിൽ, ഏല്പിക്കപ്പെട്ടിരിക്കുന്ന ജോലിയുടെ മികവുറ്റ നിർവ്വഹണം സാധ്യമാക്കുന്നതിനുള്ള പരിശീലനം (Human resource development/training) എന്ന രീതിയിൽ നൽകുന്നതിനാൽ ബോധ്യം മറ്റ് ലിംഗാവബോധ പരിശീലന പരിപാടികളിൽ നിന്നും വ്യത്യസ്തവും കൂടുതൽ സ്വീകാര്യവുമായി മാറുന്നുണ്ട്.

MD, KSWDC, മൊബൈൽ: 9400053280, 9497473280, E-mail: venpalabindu@gmail.com

166

## സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി

ബിജു എസ്.ബി.

സിഡിറ്റ് അഥവാ സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി 1988 ലാണ് സ്ഥാപിതമായത്. തുടക്കത്തിൽ ഇമേജിംഗ് ടെക്നോളജി രംഗത്ത് ഗവേഷണ പ്രവർത്തനങ്ങൾ നടത്താൻ സാംസ്കാരിക വകുപ്പിന്റെ കീഴിൽ തുടങ്ങിയ സ്ഥാപനം ഇന്ന് ഇൻഫർമേഷൻ ടെക്നോളജി വകുപ്പിന്റെ കീഴിൽ ഐ.ടി, ഐ.ടി അധിഷ്ഠിത സേവനങ്ങൾ നൽകുന്ന കേരളത്തിലെ സർക്കാർ മേഖലയിലെ പ്രമുഖ സ്ഥാപനമാ

യി മാറിയിട്ടുണ്ട്. എന്നാൽ ഇതുവരെ ഭരണപരമായി ഒരു ചട്ടക്കൂട് ഉണ്ടാക്കുവാൻ കഴിയാത്തതും മെച്ചപ്പെട്ട തുടർ പ്രവർത്തനത്തിന് വെല്ലുവിളിയാണ്. ഇത് പരിഹരിക്കുന്നതിനായുള്ള ഒരു മുന്നൊരുക്കമായി കരട് സ്പെഷ്യൽ റൂളിനെ കാണാവുന്നതാണ്. സ്വന്തം ഫണ്ടിൽനിന്ന് ശമ്പളം കൊടുക്കുകയും പുതിയ പ്രവർത്തനമേഖലകളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുകയും ചെയ്യുന്നുണ്ടെങ്കിലും മറ്റു സ്വയംഭരണ സ്ഥാപനങ്ങളിൽ ഉള്ളതുപോലെ സാമ്പത്തികവും സാങ്കേതികവും വിഭവശേഷിപരവും ഭരണപരവുമായ പരാധീനതകൾ സി – ഡിറ്റിലും നിലനിൽക്കുന്നുണ്ട്. ഇത്തരം പരാധീനതകൾ സി-ഡിറ്റിന്റെ പല പ്രവർത്തനങ്ങളെയും, പ്രത്യേകിച്ച് പ്രവർത്തന മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾ, പുതിയ പ്രവർത്തനമേഖലകളിലേക്കുള്ള മാറ്റം, സമയബന്ധിതമായി സേവനങ്ങൾ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ, തുടങ്ങിയവയെ കാര്യമായി ബാധിക്കുന്നുണ്ട്.

കൂടുതൽ സർക്കാർ സർക്കാരേതര മേഖലകളിലേക്ക് പ്രവർത്തനം വിപുലപ്പെടുത്തുകയും മറ്റു സംസ്ഥാനങ്ങളിലേക്ക് സേവനങ്ങൾ നൽകുന്നതിനുള്ള സാദ്ധ്യത പ്രയോജനപ്പെടുത്തിയും ഗവേഷണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, സ്റ്റാർട്ടപ്പുകൾ, സ്വതന്ത്ര സോഫ്റ്റ്‌വെയർ രംഗത്ത് പ്രവർത്തിക്കുന്ന വ്യക്തികൾ, സംഘടനകൾ തുടങ്ങിയവരുമായി ബന്ധം സ്ഥാപിക്കുക വഴിയും സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പാക്കാൻ കഴിയണം.

സാങ്കേതികരംഗത്ത് വരുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് പുതിയ സോഫ്റ്റ്‌വെയറുകൾ, ആധുനിക ഉപകരണങ്ങൾ തുടങ്ങിയവ ലഭ്യമാക്കി സാങ്കേതിക മികവുള്ള സ്ഥാപനങ്ങളുമായി സാങ്കേതികവിദ്യയ്ക്കായി കൈകോർത്ത് സ്വതന്ത്ര സോഫ്റ്റ്‌വെയർ/ഹാർഡ്‌വെയർ സങ്കേതങ്ങളുടെ സാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്തുകയും, ജീവനക്കാർക്ക് കൃത്യമായ ഇടവേളകളിൽ പരിശീലനം നൽകി ചടുലവും കാര്യക്ഷമവുമായ ഭരണസംവിധാനം ഒരുക്കിയും ഭരണരംഗം 100% കമ്പ്യൂട്ടർവൽക്കരിച്ചും വകുപ്പുകളിൽ കൂടുതൽ സ്വയംഭരണം കൊണ്ടുവന്നും സ്ഥാപനത്തെ ഉയർച്ചയിലേക്ക് നയിക്കുവാൻ കഴിയും.

ഡെ. ഡയറക്ടർ, C DIT, Mob: 9895076082, E-mail: bijusb@gmail.com

167

## സംസ്ഥാന പൊതുമേഖല - പ്രശ്നങ്ങൾ, പരിഹാരങ്ങൾ

ബിന്ദു വി.സി. & പ്രദീപ് കുമാർ പി.

പൊതുമേഖലാ സ്വയംഭരണ സ്ഥാപനങ്ങൾ നിലനിൽക്കേണ്ടതും പരിപോഷിപ്പിക്കപ്പെടേണ്ടതും ഒരു സാമൂഹിക ആവശ്യകതയാണെന്ന് ബോധ്യപ്പെടുത്തിക്കൊണ്ടാണ് പ്രളയവും കോവിഡും തീർത്ത അതിജീവനകാലം കടന്നു പോയത്. നവലിബറൽ പരിഷ്ക്കരണ നയങ്ങളുടെ കുത്തൊഴുക്കിലും നാം പൊതു ഉടമസ്ഥതയിൽ പിടിച്ച് നിർത്തിയ ആശുപത്രികളും, ഭക്ഷ്യവിതരണവും വിദ്യാഭ്യാസവുമുൾപ്പടെയുള്ള സേവന മേഖലകളും ദുരന്ത കാലത്ത് ഒരു ജനതയ്ക്ക് കൈത്താങ്ങായി മാറി.

വിവിധ പൊതു മേഖല സ്ഥാപനങ്ങൾ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകിയെന്ന് മാത്രമല്ല, പ്രളയ കാലത്ത് പ്രാദേശികമായും സംസ്ഥാന വ്യാപകമായും രക്ഷാ പ്രവർത്തനത്തിലും ദുരിതാശ്വാസ ജോലികളിലും അവ നിർണ്ണായക പങ്കു വഹിച്ചു. കോവിഡ് 19 മഹാമാരിയുടെ വ്യാപനത്തെ തുടർന്ന് സാനിട്ടൈസർ, മാസ്ക്, ഓക്സിജൻ എന്നിവ സമയോചിതമായി ലഭ്യമാക്കുന്നതിന് മുന്നിട്ടിറങ്ങിയതും സംസ്ഥാനത്തെ പ്രമുഖ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളായ കെ എസ് ഡി പി, ട്രാവൻകൂർ ടൈറ്റാനിയം, ടെക്സ്റ്റൈൽ കോർപ്പറേഷൻ, കെ എം എം എൽ, കെ സി സി പി എൽ തുടങ്ങിയവയാണ്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ബി പി സി എല്ലും, നമ്മുടെ കെ എം എം എല്ലും ജനങ്ങൾക്ക് വേണ്ടി ഓക്സിജൻ ബെഡ്ഡുള്ള ചികിത്സാസംവിധാനം ഒരുക്കി. ഇവയിലെ ജീവനക്കാരാവട്ടെ, ദുരിതാശ്വാസവുമായി ബന്ധപ്പെട്ട എല്ലാ സാലറി ചലഞ്ചുകളിലും ഒത്തൊരുമയോടെ കണ്ണി ചേർന്നു. കഴിഞ്ഞ മുപ്പതു വർഷത്തിലേറെയായി വെള്ളാനകളെന്നും അനാവശ്യ സാമ്പത്തിക ഭാരമെന്നും നിരന്തരം പഴി കേട്ടിരുന്ന, അല്ലെങ്കിൽ മുദ്ര കുത്തപ്പെട്ടിരുന്ന ഇവ ദുരിതകാലത്ത് നാടിനും നാട്ടാർക്കും ഏറ്റവും വേണ്ടപ്പെട്ടവയായി മാറി.

തൊണ്ണൂറുകൾ മുതൽ ഇന്ത്യയിൽ നടപ്പിലാക്കി വരുന്ന നവ ലിബറൽ പരിഷ്ക്കരണങ്ങളുടെ ഭാഗമായി രാജ്യത്തെമ്പാടും പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലനിൽപ് ഭീഷണിയിൽ ആയപ്പോഴും മരുഭൂമിയിലെ ഒറ്റപ്പെട്ട പച്ചത്തുരുത്തെന്ന പോലെ കേരളം പൊതു മേഖല സംരക്ഷണവും വികസനവും എന്ന ബദൽ മാതൃകയെ മുന്നോട്ട് കൊണ്ടുപോയിരുന്നു. കാലാകാലങ്ങളിൽ ഭരണത്തിൽ വന്നിരുന്ന ഇടതു മുന്നണി സർക്കാരുകൾ തികഞ്ഞ രാഷ്ട്രീയ ഇച്ഛാശക്തിയോടെ നയപരവും ഭരണപരവുമായ ഇടപെടലിലൂടെ, ഈ പൊതുമേഖല സ്ഥാപനങ്ങളെ പ്രവർത്തനക്ഷമമായും ലാഭകരമായും സംരക്ഷിച്ച് പോന്നു.

എന്നാൽ അതിദ്രുതം മാറുന്ന ഇന്നത്തെ സാമൂഹിക സാമ്പത്തിക വ്യവസ്ഥിതിയിലും മത്സരാധിഷ്ഠിതമായ ആഗോള കമ്പോള സംസ്കാരത്തിലും പിടിച്ചുനില്ക്കാനും വികസിക്കാനും കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ അതിവേഗത്തിൽ നയരൂപീകരണവും പദ്ധതിനിർവഹണവും നടത്തേണ്ടത് അത്യാവശ്യമാണ്. സർക്കാർ ഉടമസ്ഥതയിൽ ഉള്ള സ്ഥാപനങ്ങൾ എന്ന നിലയിൽ ഇത്തരം പ്രവർത്തനങ്ങളിൽ സർക്കാരിന്റെ വിവിധ വകുപ്പുകൾ / ഭരണ സംവിധാനങ്ങൾ ഭാഗഭാക്കാകുന്നുണ്ട്, കാലം ആവശ്യപ്പെടുന്ന രീതിയിൽ ഈ സ്ഥപനങ്ങളെ സർക്കാർ ഭരണ വകുപ്പുകൾ സഹായിക്കുന്നുണ്ടോ എന്നും സ്ഥാപനപരവും ഭരണപരവും ആയ ഏതെല്ലാം പ്രശ്നങ്ങൾ ആണ് ഇവ നേരിടുന്നതെന്നും, അവയെ പരിഹരിച്ച് കൊണ്ട് എങ്ങനെ വികസനം സാധ്യമാക്കാം എന്നും ഉള്ള ഒരു അന്വേഷണമാണ് ഈ ലേഖനം.

പരിശോധിക്കപ്പെടുന്ന വിഷയങ്ങളിൽ, സ്ഥാപനങ്ങളുടെ സ്വയംഭരണാധികാര അതിർത്തിയും, സമയബന്ധിതമായി ബിസിനസ്സ് തീരുമാനങ്ങൾ എടുക്കാനും നടപ്പിലാക്കാനുമുള്ള നിലവിലെ പരിമിതികളും, ഒട്ടു മിക്ക സ്ഥാപനങ്ങളെയും രൂക്ഷമായി ബാധിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തിക പ്രതിസന്ധിയും മാനവ ശേഷി ശോഷണവും ഉൾപ്പെടുന്നു.

1 (പ്രസിഡണ്ട്, SPATO), Mob: 9400053280, E-mail- venpalabindu@gmail.com

2 (ട്രഷറർ, SPATO), Mob: 9072865023, E-mail- pradeepttp@hotmail.com

168

# Public Sector Administration System In Kerala

The Public Sector in Kerala comprises diverse departments responsible for education, health, agriculture, infrastructure and social welfare. This study presents a comprehensive evaluation of Kerala's Public Administration System, unraveling its untapped potential to foster exemplary governance and holistic socio-economic development. The analysis reveals commendable strengths in service delivery and governance principles, juxtaposed with challenges arising from some bureaucratic inefficiencies and resource constrains. To harness this latent potential, strategic recommendations advocate for streamlined processes, synergistic coordination and judicious resource allocation, paving the way for an awe-inspiring transformation of Kerala's public administrative landscape, catalyzing sustainable progress and inclusive prosperity.

Using a mixed-methods approach, this study combines qualitative and quantitative methodologies. Primary and Secondary data were collected from various government departments, employees, stakeholders and citizens in Kerala. Qualitative analysis involved examining the organizational structure, decision-making processes, human resource management, information systems, accountability mechanisms and service delivery. Quantitative analysis utilized performance indicators and benchmarks them against national and international standards

The evaluation of Kerala's Public Administration System reveals strengths in service delivery, good governance, stakeholder engagement, and social welfare programs. Overcoming challenges like bureaucratic inefficiencies, limited resources, coordination issues and infrastructure gaps is pivotal. Strategic reforms to streamline processes, optimize resource allocation, enhance coordination and prioritize citizen-centric approaches are imperative. By implementing these reforms, Kerala can modernize its public administration, foster socio-economic development, and effectively meet the evolving needs of the people in a dynamic and progressive manner.

The study emphasizes the significance of Kerala Administrative Service (KAS) as a vital component of Kerala's public sector administration system. Strategic interventions are essential to enhance efficiency, effectiveness and citizen-centric service delivery within the administrative service. By addressing these challenges, policymakers and administrators can foster good governance, propel socio-economic development and ensure optimal outcomes for the people of Kerala.

169

## പൊതുമേഖല ഇന്നലെ – ഇന്ന് - നാളെ

പ്രദീപ് കുമാർ പി.

സ്വാതന്ത്ര്യാനന്തരകാലത്ത് ഇന്ത്യയെ സാമ്പത്തിക മായി ശക്തിപ്പെടുത്തേണ്ടുന്ന ആവശ്യകത ഉയർന്നു വരികയും അതിനാവശ്യമായ വ്യാവസായിക അടിത്ത റയും ഭാരമേറിയ മൂലധനവും സ്വകാര്യമേഖലയിൽ വേണ്ട അളവിൽ ഇല്ലാതെ വരികയും ചെയ്ത സാഹ ചര്യത്തിലാണ് രാഷ്ട്രനിർമ്മിതിക്കായി പൊതുമേഖ ലാസ്ഥാപനങ്ങൾ സർക്കാർ നേരിട്ട് സ്ഥാപിക്കണം എന്ന ആശയം ഉടലെടുക്കുന്നത്. തന്ത്രപ്രധാന മേ ഖലകൾ രാജ്യത്തിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട മേഖല എന്ന നിലയിൽ പരിപൂർണ്ണമായി സർക്കാർ നിയന്ത്രണത്തിൽ വേണം എന്നതും തീരുമാനിക്കപ്പെ ട്ടു. എന്നാൽ ഇവയെല്ലാം തന്നെ സർക്കാർ ചിലവിൽ അടിത്തറയുയർത്തിക്കഴിഞ്ഞാൽ സ്വകാര്യമേഖല യ്ക് കൈമാറ്റം ചെയ്യാം എന്നൊരു അലിഖിതതീരു മാനവും ഉണ്ടായിരുന്നു എന്നതാണ് വാസ്തവം.

തൊണ്ണൂറുകളുടെ തുടക്കത്തിലെ സാമ്പത്തിക നയ ത്തിലൂടെ ആഗോള വിപണിയിൽ മത്സരശേഷി വർ ധിപ്പിക്കാനെന്ന ന്യായത്തിൽ പൊതുമേഖലാസ്ഥാ പനങ്ങളെ സ്വകാര്യമേഖലയ്ക്ക് കൈമാറ്റം ചെയ്യാൻ ആരംഭിച്ചു. തുടർന്ന് പല തന്ത്രപ്രധാന മേഖലകളും സ്വകാര്യമേഖലയ്ക്ക് തുറന്ന് കൊടുക്കുകയും ചെയ്തു. ആദ്യമാദ്യം നഷ്ടത്തിലായ പൊതുമേഖലാസ്ഥാപ നങ്ങളെ നേരെയാക്കാൻ എന്ന രീതിയിലായിരുന്നു ഈ കൈമാറ്റമെങ്കിൽ തുടർന്ന് മഹാരത, നവരത്ന നിലവാരത്തിലുള്ള കമ്പനികൾ ഉൾപ്പെടെ ലാഭത്തി ലുള്ള സ്ഥാപനങ്ങൾ കൂടി തുച്ഛമായ വിലയ്ക്ക് വിറ്റഴി ക്കാനാണ് കേന്ദ്രസർക്കാരുകൾ നടപടികൾ സ്വീക രിച്ചത്. പൊതുമേഖലാ സ്ഥാപനങ്ങളെ വികസിപ്പിച്ച് അവയെ നിലനിർത്തുക എന്ന ബദൽ അവതരിപ്പിച്ച ത് ഇന്ത്യയിൽ കേരള സർക്കാർ മാത്രമാണ്. കേരളം എൽ ഡി എഫ് ഭരിക്കുന്ന കാലയളവിലെല്ലാം ഈ ബദൽ പ്രവർത്തനങ്ങൾക്ക് ആക്കം കൂടുകയും ചെയ്തു.

എന്നാൽ സാമൂഹികക്ഷേമ പ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുക്കുന്ന ഒരു സർക്കാർ എന്ന നിലയിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളെ ധനപര മായി താങ്ങിനിർത്താനോ അവയുടെ വികസനത്തി ന് ആവശ്യമായ തോതിൽ മൂലധനം ഖജനാവിൽ നിന്ന് കണ്ടെത്താനോ സർക്കാരിന് എല്ലാ കാലത്തും കഴിയണമെന്നില്ല. മാറുന്ന സാമ്പത്തിക സാമൂഹിക ക്രമത്തിൽ സംസ്ഥാന പൊതുമേഖലാസ്ഥാപനങ്ങൾ സ്വയമേവ ശക്തി പ്രാപിക്കാനും സ്വന്തം കാലിൽ നിൽക്കാനും ശ്രമിക്കേണ്ടതായിട്ടുണ്ട്. ഇത് സ്വയം വിമർശനാത്മകമായി ചില ചോദ്യങ്ങൾ ഉയർത്തു ന്നു. ശാസ്ത്ര സാങ്കേതികവിദ്യകളുടെ വളർച്ചയോടെ പുതിയ വികസന മേഖലകൾ സൃഷ്ടിക്കപ്പെടുമ്പോൾ അതിന് അനുസരിച്ച രീതിയിൽ ഉള്ള പൊതുമേഖല കളും സംസ്ഥാനത്ത് ഉയർന്ന് വരേണ്ടതുണ്ട്.

ഇന്നത്തെ മാറുന്ന സാമ്പത്തിക സാമൂഹിക വ്യവസ്ഥി തിയിലും ആഗോള കമ്പോള സംസ്കാരം ഉയർത്തുന്ന വെല്ലുവിളികളെ നേരിട്ടു കൊണ്ട് നില നിൽക്കാനും വികസിക്കാനും ഈ സ്ഥാപനങ്ങളുടെ ഉദ്ദേശ്യലക്ഷ്യ ങ്ങളിൽ കാലാനുസൃത മാറ്റം വരുത്തേണ്ടതിന് എന്ത് ചെയ്യാൻ കഴിയും, അടുത്ത പത്ത് വർഷങ്ങളിൽ ഓരോ സ്ഥാപനങ്ങളുടെയും സ്ഥാപിത ലക്ഷ്യങ്ങ ളിൽ ഏതൊക്കെ രീതിയിൽ, എന്തെല്ലാം മാറ്റം നാം വരുത്തേണ്ടതുണ്ട് എന്ന അന്വേഷണമാണ് ഈ പ്ര ബന്ധം.

ജനറൽ മാനേജർ, TTPL, മൊബൈൽ: 9072865023, E-mail: pradeepttp@hotmail.com

170

## സ്വയംഭരണ സ്ഥാപനങ്ങളും ഭരണസംവിധാനവും

ബിജു എസ്.ബി.

സ്വയംഭരണസ്ഥാപനങ്ങൾ കേരളത്തിന്റെ പൊതു വികസനത്തിന്, പ്രത്യേകിച്ച് അറിവ് അടിസ്ഥാന മാക്കിയ വികസന പ്രക്രിയകൾക്ക് വലിയ പങ്കാണ് വഹിക്കുന്നത്. വിവരസാങ്കേതികവിദ്യ, വിദ്യാഭ്യാസം, ധനകാര്യം, ആരോഗ്യം, സാമൂഹ്യക്ഷേമം തുടങ്ങിയ എല്ലാ പ്രധാന സെക്ടറുകളിലും ഇന്ന് കേരളത്തിൽ സ്വയംഭരണ സ്ഥാപനങ്ങൾ പ്രാധാന്യത്തോടെ പ്രവർ ത്തിക്കുന്നു. ഇങ്ങനെ സുപ്രധാന പങ്ക് കേരളത്തിന്റെ വികസന പ്രക്രിയയിൽ വഹിക്കുമ്പോഴും നമ്മുടെ സ്വയംഭരണ സ്ഥാപനങ്ങൾ നിരവധി വെല്ലുവിളികൾ അവയുടെ സ്വാഭാവികമായ പ്രവർത്തനങ്ങളിൽ നേരി ടുന്നുണ്ട്.

പ്രധാന വെല്ലുവിളികളായി എടുത്തുകാണിക്കാവുന്നവ മോശം ധനകാര്യസ്ഥിതിയും ഫണ്ടുകളുടെ ലഭ്യത ഇല്ലായ്മയും, ഭരണവകുപ്പിലെ ഉദ്യോഗസ്ഥരുടെ അനാവശ്യ ഇടപെടൽ, സ്വയംഭരണം ഇല്ലാത്ത അവസ്ഥ, ഭരണ രംഗത്തെ പോരായ്മകൾ എന്നിവയാണ്.

ഇത്തരം വെല്ലുവിളികൾ സർക്കാരിന്റെ മൊത്തത്തിലുള്ള പ്രവർത്തനത്തെയും ജനങ്ങൾക്ക് സേവനങ്ങൾ നൽകുന്ന പ്രവർത്തനങ്ങളെയും ഏതൊക്കെ തരത്തിൽ ബാധിക്കുന്നുണ്ട് എന്നത് പരിശോധിക്കേണ്ടതും അവ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമുണ്ട്. പ്രശ്നപരിഹാരത്തിനായിട്ടുള്ള നിർദ്ദേശങ്ങൾ എന്ന നിലയ്ക്ക് ഭരണപരവും സാമ്പത്തികവും ആയ സ്വയംഭരണം ഉറപ്പാക്കുക, സെക്രട്ടേറിയേറ്റിൽ നിന്നുള്ള ഡെപ്യൂട്ടേഷൻ നിയന്ത്രിക്കുക, ആഭ്യന്തര ഭരണസംവിധാനം മെച്ചപ്പെടുത്തുക തുടങ്ങിയവ പരിഗണിക്കാവുന്നതാണ്.

മേൽസൂചിപ്പിച്ച നടപടികൾ സ്വയംഭരണസ്ഥാപനങ്ങളുടെ കാര്യക്ഷമതയും വിശ്വാസ്യതയും കൃത്യതയും ഉറപ്പുവരുത്തുന്നതിനും സേവനങ്ങൾ കൃത്യമായി നൽകുന്നതിനുള്ള സംവിധാനം ഉറപ്പാക്കുന്നതിനും അതിലൂടെ ജനങ്ങളുടെ വിശ്വാസം നേടിയെടുക്കുന്നതിനുമാണ്.

ഡെ. ഡയറക്ടർ, സി-ഡിറ്റ്, മൊബൈൽ: 9895076082, 9388995499, E-mail: bijusb@gmail.com

171

# സ്വയംഭരണ സ്ഥാപനങ്ങളും നവകേരളവും

ടി.പി. സുധാകരൻ

കേരളത്തിന്റെ വളർച്ചയിൽ സർക്കാർ- സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് ഏറെ വലുതാണ്. നിലവിൽ 166 സ്വയം ഭരണ സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഏകദേശം ഒരു ലക്ഷത്തിലേറെ ജീവനക്കാർ/തൊഴിലാളികൾ ഈ സ്ഥാപനങ്ങളിൽ പണിയെടുക്കുന്നതായി കണക്കാക്കപ്പെടുന്നു.

ജീവനക്കാരുടെയും തൊഴിലാളികളുടേയും വേതനത്തിലെ അസമത്വം, വേതനം ലഭ്യമാക്കുന്നതിലുള്ള പ്രശ്നങ്ങൾ, ജീവനക്കാരുടേയും തൊഴിലാളികളുടേയും സർവീസുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, പെൻഷൻ സംബന്ധമായ പ്രശ്നങ്ങൾ, ഉൽപ്പന്നങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിൽ സ്വകാര്യമേഖലയുമായുള്ള മത്സരം, വിപണികൾ കണ്ടെത്തുന്നതിലും പ്രചാരണത്തിലുമുള്ള പ്രശ്നങ്ങൾ, സാമ്പത്തിക പരിമിതികളും ഫണ്ട് അനുവദിക്കുന്നതിലുമുള്ള പ്രശ്നങ്ങൾ, വകുപ്പുകളിലും മറ്റുമായി ഫയലുകൾ സമയാസമയം തീർപ്പാക്കതിരിക്കുന്നതിലുള്ള പ്രശ്നങ്ങൾ, സ്ഥാപനത്തെക്കുറിച്ച് യാതൊരു ധാരണയും മുൻ പരിചയവുമില്ലാത്തവർ നേതൃത്വത്തിൽ വരുന്നതും സെക്രട്ടേറിയേറ്റിൽ നിന്നും ഡെപ്യൂട്ടേഷൻ വഴി നിർബന്ധപൂർവ്വം നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ തുടങ്ങി നിരവധി പ്രശ്നങ്ങൾ ഈ മേഖലയിൽ നിലവിലുണ്ട്.

നവകേരളത്തിലെ ശ്രദ്ധേയമായ കാൽവെപ്പ് വിജ്ഞാനാധിഷ്ഠിത സമ്പദ്ഘടനയാണ്. ഇതിനെ അടിസ്ഥാനമാക്കിയ നയവും പരിപാടിയും പരിഗണിച്ച് പല സ്വയംഭരണ സ്ഥാപനങ്ങളിലും സമൂലമായ അഴിച്ചുപണി നടത്തേണ്ടതുണ്ട്. സർക്കാർ മൂലധനം വർധിപ്പിക്കാൻ സാധിക്കാത്ത നിലവിലെ സാഹചര്യത്തിൽ, മറ്റ് സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കാൻ സാധ്യതയുള്ളവയെ വിശദമായ പഠനത്തിലൂടെ കണ്ടെത്തി അവയുടെ മൂലധനവും പ്രവർത്തനങ്ങളും സംയോജിപ്പിക്കാൻ കഴിയണം. സമാന ലക്ഷ്യങ്ങൾ ഉള്ളവയെ സംയോജിപ്പിക്കുന്നതിലൂടെ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും വിവിധ സ്ഥാപനങ്ങളിൽ ഭരണകാര്യത്തിനായുള്ള അനാവശ്യ ചെലവ് കുറക്കുന്നതിനും അവയിൽ നിക്ഷേപിച്ചിരിക്കുന്ന മൂലധനത്തിന്റെ കാര്യക്ഷമമായ വിനിയോഗം സാധ്യമാക്കാനും കഴിയും. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് സഹായകമായ ചില നിർദ്ദേശങ്ങൾ മുന്നോട്ടുവെക്കുന്നു.

പല സ്ഥാപനങ്ങളും അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം അവയുടെ സാമ്പത്തിക സ്രോതസ്സ് തന്നെയാണ്. പുതിയ സാങ്കേതിക നൈപുണ്യവും, പ്രൊഫഷണലിസവും കൊണ്ടുവരണമെങ്കിൽ സാമ്പത്തികം പ്രധാനമാണ്. സർക്കാർ മൂലധനം വർദ്ധിപ്പിക്കുന്നത് ഇന്നത്തെ സാഹചര്യത്തിൽ പരിമിതിയുണ്ട്. സ്വകാര്യ-സഹകരണ- ദേശസല്കൃത ബാങ്കുകളും ധനകാര്യസ്ഥാപനങ്ങളുമായി ചേർന്ന് മൂലധനവും സാമ്പത്തിക മാനേജ്മെന്റും കാര്യക്ഷമമാക്കണം. നിലവിലുള്ള പ്രൊഫഷണലല്ലാത്ത മാനേജ്മെന്റ് സംവിധാനം പുനസംഘടിപ്പിക്കണം. സേർച്ച് കമ്മറ്റി രൂപീകരിച്ച് പ്രവൃത്തി പരിചയം, വൈദഗ്ധ്യം, മാനേജ്മെന്റ് അനുഭവങ്ങൾ തുടങ്ങിയ മാനദണ്ഡങ്ങളിലൂടെ മാനേജ്മെന്റ് നേതൃത്വത്തെ കണ്ടെത്തണം. രാഷ്ട്രീയ അതിപ്രസരത്തെക്കാൾ സ്ഥാപനം മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള പ്രൊഫഷണലിസത്തി

നായിരിക്കണം പ്രാധാന്യം നൽകേണ്ടത്. മാനേജ്മെന്റ് തലപ്പത്ത് അഡ്മിനിസ്ട്രേറ്റീവ് കേഡറിലുള്ള ഉദ്യോഗസ്ഥർക്ക് പരിഗണന നൽകരുത്.

ഓരോ സ്ഥാപനത്തിലും സീനിയർ ഉദ്യോഗസ്ഥർ, ജീവനക്കാർ, തൊഴിലാളികൾ എന്നിവർക്ക് സ്ഥാപനത്തിന്റെ സ്വഭാവവും പ്രവർത്തനവും പരിഗണിച്ച് പ്രത്യേക പരിശീലനങ്ങൾ നൽകണം. സാങ്കേതിക വിദ്യയിലും ഭരണ തലത്തിലും അവരെ അപ്ഡേറ്റ് ചെയ്യണം. സ്വയംഭരണ സ്ഥാപനത്തിന്റെ ഓട്ടോണമി നിലനിർത്തണം. സ്ഥാപനത്തിന്റെ സ്വഭാവവും പ്രവർത്തനങ്ങളും പരിഗണിച്ച് സ്വയം ഭരണ സ്ഥാപനമായി പ്രവർത്തിക്കുന്നതിനുള്ള സ്വാതന്ത്ര്യം ലഭ്യമാക്കണം. കണക്കുകളിലും മറ്റും കൃത്യമായ ഓഡിറ്റിങ്ങ് നിർബന്ധമാക്കണം. ജീവനക്കാരുടേയും തൊഴിലാളികളുടേയും സേവന വേതന സംവിധനം കൃത്യതയോടെ പ്രവർത്തനക്ഷമമാക്കണം.

മറ്റ് സ്വയം ഭരണ സ്ഥാപനങ്ങളുമായും സർക്കാർ -പൊതുമേഖലാ-സഹകരണ സ്ഥാപനങ്ങളുമായും പരസ്പരം സഹകരിച്ചും സംയോജിപ്പിച്ചും പ്രവർത്തിക്കണം. ഇതിനായുള്ള കാര്യക്ഷമമായ പ്രവർത്തനം ആവിഷ്കരിക്കണം. ഒരേതരത്തിൽ പ്രവർത്തിക്കുന്നതും, ഒരേ സേവനം പ്രദാനം ചെയ്യുന്നതുമായ സ്ഥാപനങ്ങളെ ഏകോപിപ്പിക്കണം. യോജിക്കാവുന്ന മേഖലകളിൽ കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ, ധനകാര്യസ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ചും സംയോജിപ്പിച്ചുമുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കണം.

നവകേരളം ലക്ഷ്യമാക്കി ഓരോ സ്ഥാപനത്തിന്റേയും വൈപുല്യത്തിനും ആധുനികവൽക്കരണത്തിനുമുള്ള പ്രത്യേക പദ്ധതികൾ തയ്യാറാക്കണം. മുഴുവൻ ജീവനക്കാരുടേയും തൊഴിലാളികളുടേയും, വിദഗ്ധരുടേയും, പ്രൊഫഷണലുകളുടേയും സ്ഥാപനം നിലനിൽക്കുന്ന പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും സഹകരണത്തോടെയും പങ്കാളിത്തത്തോടെയും ഇത് നിർവഹിക്കണം. തൊഴിലാളി സംഘടനകളും മാനേജ്മെന്റും ചേർന്നുള്ള ആരോഗ്യകരമായ അന്തരീക്ഷ സൃഷ്ടി പ്രധാനമാണ്. ഇത്തരത്തിൽ യോജിച്ച കൂട്ടായ്മ സൃഷ്ടിക്കാൻ കഴിയണം.

Mob: 9895029009, E-mail: tpsudhakaran@gmail.com

172

# നവകേരളത്തിൽ സി എം ഡി യുടെ വികസന സാദ്ധ്യതകൾ- ഒരു പരിശോധന

ഡോ. എം. മോഹനൻ

ശ്രീ. കെ. ടി. ചാണ്ടി കൺവീനർ ആയി കേരള ഗവണ്മെന്റ് രൂപീകരിച്ച സമിതിയുടെ ശുപാർശയിന്മേൽ 1978 ജൂലൈ മാസം 31 ന് ഇറങ്ങിയ ഗവണ്മെന്റ് ഉത്തരവ് പ്രകാരം ട്രാവൻകൂർ കൊച്ചി ലിറ്റററി, സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ ആക്റ്റ് -നു കീഴിൽ രൂപീകൃതമായിട്ടുള്ള ഒരു സ്വയം ഭരണ സ്ഥാപനമാണ് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (സി.എം.ഡി.).

കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റ് വികസനം (Management Development) ലക്ഷ്യമിട്ടുകൊണ്ട് അതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളെ (ഗവണ്മെന്റ്, പ്രൈവറ്റ്, പൊതുമേഖല, സംയുക്ത മേഖല) സംയോജിപ്പിച്ച് പ്രവർത്തിക്കാൻ ഉതകുന്ന ഒരു ഏകോപന സ്ഥാപനം എന്ന നിലയിലാണ് സി.എം.ഡി. വിഭാവനം ചെയ്യപ്പെട്ടിരുന്നത്. വ്യവസായ സംരംഭകത്വ വികസന പരിശീലനം, പൊതുമേഖല സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കായുള്ള മാനേജ്മെന്റ് വികസന പരിശീലനം, ചെറുകിട വ്യവസായ വികസനവുമായി ബന്ധപ്പെട്ടുള്ള പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കൽ തുടങ്ങിയ മേഖലകളിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനം വിപുലീകരണത്തിന്റെ ഭാഗമായി പ്രവർത്തനമേഖലയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. സാമൂഹിക ശാസ്ത്ര സംബന്ധമായ പഠനങ്ങൾ, സർവ്വേകൾ, പ്രോജക്ട് മാനേജ്മെന്റ്, കൺസൾട്ടൻസി, റിക്രൂട്ട്മെന്റ്, ട്രെയിനിംഗ്, മോണിട്ടറിംഗ് ആന്റ് ഇവാലുവേഷൻ, ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് എന്നീ മേഖലകളിലെ സംസ്ഥാനതല പ്രവർത്തനങ്ങളിൽ സജീവ സാന്നിധ്യമാണ് സി.എം.ഡി.

സംസ്ഥാന സർക്കാരിനെ പ്രതിനിധീകരിച്ച് ഗവണ്മെന്റ് സെക്രട്ടറിമാരും അക്കാദമിക പ്രാഗത്ഭ്യമുള്ളവരും, വ്യവസായ മേഖലയിൽ പ്രാവീണ്യം സിദ്ധിച്ചവരും അടങ്ങുന്ന ഗവേണിംഗ് ബോർഡി സി.എം.ഡി.യുടെ ഭരണം നിയന്ത്രിക്കുന്നു. ഭരണ പ്രാഗത്ഭ്യം തെളിയിച്ച് വിരമിച്ച ശാസ്ത്രജ്ഞരോ, സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരോ ആയിരിക്കും ഗവേണിംഗ് ബോർഡ് ചെയർമാൻ. നിലവിലെ സാഹചര്യത്തിൽ വിവിധ ഗവണ്മെന്റ് വകുപ്പുകൾക്കായി ഏറ്റെടുത്ത് നടത്തുന്ന ജോലികൾ പല തലങ്ങളിൽ അവതരിപ്പിച്ചും നെഗോഷിയേറ്റ് ചെയ്തും നേടി എടുക്കുന്നവയാണ്.

നിലവിലെ ഭരണ സംവിധാനത്തിൽ ഗവണ്മെന്റ് പ്രതിനിധികളുടെ ക്രിയാത്മകമായ ഇടപെടൽ സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രത മെച്ചപ്പെടുത്തുന്നതിനും പ്രവർത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും ഉപകരിക്കും. പദ്ധതി ഇതര ധനസഹായം ഇല്ലാതെ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനം എന്ന നിലയിൽ സർക്കാരിന്റെ പ്രതിനിധികളുടെ ഇത്തരത്തിലുള്ള ഇടപെടൽ സ്ഥാപനത്തിന്റെ സുസ്ഥിര വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. ഇത്തരത്തിലുള്ള ഇടപെടലുകളുടെ സാധ്യതകളും ആയതുമൂലം സർക്കാരിന് ഉണ്ടാകുന്ന ഗുണങ്ങളും പ്രാധാന്യത്തോടെ കാണേണ്ടതാണ്.

Assoc. Prof. CMD, Mob: 9447974997, E-mail id: mohananm67@gmail.com

173

# കേരളത്തിന്റെ അപെക്സ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് ഐ എം ജി യും നവകേരള കാലത്തെ ഭരണ നിർവഹണവും - സാധ്യതകളും പ്രതിബന്ധങ്ങളും

ഡോ. അനീഷ്യ ജയദേവ്

സർക്കാരിലെയും പൊതുമേഖലയിലെയും വിവിധ വിഭാഗങ്ങളിലെ ജീവനക്കാർക്കിടയിൽ മാനേജ്മെന്റ് കഴിവുകൾ, സംഘടനാപരമായ കഴിവുകൾ, നേതൃത്വഗുണങ്ങൾ, തീരുമാനമെടുക്കാനുള്ള കഴിവുകൾ എന്നിവ വികസിപ്പിക്കുന്നതിനായി പ്രവർത്തിക്കുന്ന കേരള സർക്കാരിന്റെ സ്വയംഭരണ സ്ഥാപനമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (IMG). കേരള സംസ്ഥാനത്തിനായുള്ള അപെക്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (എടിഐ) ആയി നിയുക്തമാക്കിയിട്ടുള്ള ഐഎംജിയിൽ സർക്കാർ ഉദ്യോഗസ്ഥരെ പരിശീലിപ്പിക്കാനുള്ള ചുമതല നിക്ഷിപ്തമാണ്. ഈ ഉത്തരവാദിത്വത്തിൽ, വിവിധ സർക്കാർ വകുപ്പുകൾക്കായി വിശദമായ പരിശീലന പദ്ധതികൾ വികസിപ്പിക്കുക, പരിശീലന സ്ഥാപനങ്ങളുടെ നെറ്റ് വർക്കിംഗ്, ഫാക്കൽറ്റി, വിഭവങ്ങളുടെ സമാഹരണം, ഈ സ്ഥാപനങ്ങളിൽ ലഭ്യമായ സൗകര്യങ്ങളുടെ നവീകരണം എന്നീ ജോലികൾ ഉൾപ്പെടുന്നു. സംസ്ഥാന തല സ്ഥാനമായ തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന ഇൻസ്റ്റിറ്റ്യൂട്ടിന്, പ്രാദേശിക പരിശീലന ആവശ്യകതകൾ നിറവേറ്റുന്നതിനായി കൊച്ചിയിലും കോഴിക്കോടും രണ്ട് പ്രാദേശിക കേന്ദ്രങ്ങളുമുണ്ട്.

ഐഎംജി, കേരളത്തിലെ സിവിൽ, പൊതു തൊഴിലാളികളെ അവരുടെ പ്രവർത്തന ഫലപ്രാപ്തിക്കും കാര്യക്ഷമതയ്ക്കും ആവശ്യമായ വൈദഗ്ധ്യം കൊണ്ട് സജ്ജരാക്കാൻ വിവിധ സർക്കാർ വകുപ്പുകളുമായി ചേർന്ന് പ്രവർത്തിക്കുന്നു, കർമ്മശേഷി വർദ്ധിപ്പിക്കുന്നതിന് ഗുണഭോക്താക്കളുടെ, അഥവാ പരിശീലനാർത്ഥികളുടെ ആവശ്യങ്ങൾ അനുസരിച്ച് കസ്റ്റമൈസ് ചെയ്ത പരിശീലന പരിപാടികളും, കോഴ്സുകളും രൂപപ്പെടുത്തുകയും അവ നടത്തി അവരുടെ ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്യുന്നു. കൂടാതെ, ഗവൺമെന്റിന്റെ സാമ്പത്തികവും സാമൂഹികവുമായ പ്രവർത്തനങ്ങളുടെ വികസനത്തിനുള്ള ഒരു പ്രധാന ഉപകരണമെന്ന നിലയിൽ ആധുനിക മാനേജ്മെന്റ് സയൻസിന്റെ സാധ്യതകളെക്കുറിച്ച് IMG അവബോധം സൃഷ്ടിക്കുന്നു; മാനേജ്മെന്റ് കഴിവുകൾ, സംഘടനാ ശേഷി, നേതൃത്വം, തീരുമാനമെടുക്കാനുള്ള കഴിവ് എന്നിവ വികസിപ്പിക്കുക; വികസന ആസൂത്രണവും അവയുടെ കാര്യക്ഷമമായ നടപ്പാക്കലിന് വേണ്ടിയുള്ള പരിശീലനവും, രാജ്യത്തിന് അനുയോജ്യമായ ആശയങ്ങളും വികസിപ്പിക്കുന്നതിനും നയ ബദലുകൾ രൂപപ്പെടുത്തുന്നതിനും പ്രവർത്തനപരവും നയപരവുമായ ഗവേഷണം നടത്തുക; മാനേജ്മെന്റ് സയൻസിന്റെ ഉപയോഗത്തിനായി പരോക്ഷമായി വ്യക്തികളെയും സംഘടനകളെയും സ്ഥാപനങ്ങളെയും വളർത്തുക, സഹായിക്കുക, പിന്തുണയ്ക്കുക; മാനേജ്മെന്റ് സയൻസിന്റെ വ്യാപ്തിയും പൊതുജനങ്ങൾക്കിടയിൽ ഉപയോഗവും വർധിപ്പിക്കുക, അതുവഴി സംസ്ഥാനത്തും പ്രദേശത്തും സാമ്പത്തിക വികസനത്തിനും സാമൂഹിക മാറ്റത്തിനുമുള്ള ഒരു മൂല്യവത്തായ ഉപകരണമായി അതിനെ കെട്ടിപ്പടുക്കുക എന്നതും ഐ എം ജി യുടെ ചുമതലയിൽ നടക്കുന്നു.

അസോ. പ്രൊഫസർ, ഐ എം ജി, Mob: 9497571803, E-mail- facultyimgdrajdev@gmail.com

174

# കെൽട്രോൺ

അനിൽ കുമാർ കെ.വി.

ഒരു വൈജ്ഞാനിക സമൂഹമാകാനുള്ള കേരളസമൂഹത്തിന്റെ തയ്യാറെടുപ്പിന്, വളരെയേറെ സംഭാവന നല്കാൻ കഴിയുന്ന സ്ഥാപനമാണ് കെൽട്രോൺ. സ്ഥലത്തിന്റെ കുറവ്, ഊർജ്ജ ലഭ്യതയിലെ കുറവ്, വൻകിട വ്യവസായങ്ങളുണ്ടാക്കുന്ന പാരിസ്ഥിതിക ആഘാതങ്ങൾ എന്നിങ്ങനെ, വ്യാവസായിക വളർച്ച കൈവരിക്കുന്നതിന് വിഘാതമായുള്ള നമ്മുടെ സംസ്ഥാനത്തിന്റെ പരിമിതികളെ മറികടന്നു കൊണ്ട് വികസിക്കാൻ കഴിയുമെന്ന നിലയിലും സാങ്കേതിക രംഗത്തെ മികച്ച മാനവശേഷിയുള്ള കേരളത്തിന് അനുയോജ്യമായ വ്യവസായം എന്ന നിലയിലുമാണ് 1973 ൽ കെൽട്രോൺ സ്ഥാപിക്കുന്നത്.

അഞ്ചു വർഷത്തിനുള്ളിൽ കേരളത്തിൽ പലയിടങ്ങളിലും ഇലക്ട്രോണിക്സ് ഉല്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ഒപ്പം ഇലക്ട്രോണിക് സാങ്കേതിക രംഗത്ത് കേരളത്തിന്റെ വിഭവശേഷി വർദ്ധിപ്പിക്കുന്നതിനും ധാരാളം തൊഴിലുകൾ സൃഷ്ടിക്കുന്നതിനും ചുരുങ്ങിയ കാലം കൊണ്ടു തന്നെ കെൽട്രോണിന് സാധിച്ചു. നല്ലൊരു ഇലക്ട്രോണിക്സ് ഗവേഷണ കേന്ദ്രം വളർത്തിയെടുക്കാനും കഴിഞ്ഞു.

എന്നാൽ പിന്നീട് പതിനഞ്ചിലേറെ വർഷം വളരെ ദയനീയമായ ഒരു സ്ഥിതിയിലൂടെയാണു് കെൽട്രോൺ കടന്നുപോയത്. 1990-ൽ നവലിബറൽ നയം ഇന്ത്യയിൽ നടപ്പിലാക്കാൻ ആരംഭിച്ചതോടെ കെൽട്രോണിന്റെ തകർച്ചയുടെ ഘട്ടം ആരംഭിച്ചു. നവ ഉദാരവല്ക്കരണം, പുതിയ സാങ്കേതികവിദ്യ നേടിയെടുക്കാൻ ഇന്ത്യയെപോലുള്ള രാജ്യങ്ങളെ സഹായിക്കും എന്ന പൊതുധാരണയ്ക്ക് വിരുദ്ധമായാണ് കാര്യങ്ങൾ നടന്നതു്. ദേശീയ വിപണി വിദേശക്കമ്പനികൾക്ക് വ്യാപകമായി തുറന്നുകൊടുക്കാൻ തുടങ്ങിയതോടെ കെൽട്രോണിനെ പോലുള്ള ദേശീയ സ്ഥാപനങ്ങൾക്ക് സാങ്കേതികവിദ്യ കൈമാറാതെ തന്നെ ഇന്ത്യയിൽ കാലുറപ്പിക്കാൻ വിദേശകമ്പനികൾക്ക് സാധിച്ചു. ആഭ്യന്തരവിപണിയിലടക്കം വിദേശ കമ്പനികളുടെ, ഉല്പന്നങ്ങളും സേവനങ്ങളും വൻതോതിൽ ആധിപത്യം പുലർത്തി.

കെൽട്രോണിനാകട്ടെ അതിവേഗതയിൽ വളർന്നു കൊണ്ടിരുന്ന സാങ്കേതിക മേഖലയ്ക്ക് അനുസൃതമായി വളരാനോ പുതിയ അറിവുകളെ സ്വായത്തമാക്കാനോ കഴിവുള്ള മാനവശേഷിയെ പിടിച്ച് നിർത്തുന്നതിനോ കഴിഞ്ഞില്ല. കെൽട്രോൺ ഉല്പന്നങ്ങൾ മിക്കതും കാലഹരണപ്പെട്ടു. ആധുനിക യന്ത്രസംവിധാനങ്ങൾ ഉപയോഗിച്ച് വളരെ വിപുലമായ തോതിൽ ഉല്പാദനം നടത്തിയാലെ ഇലക്ട്രോണിക് ഉല്പാദന വ്യവസായത്തിനു് നിലനില്ക്കാൻ സാധിക്കു എന്ന അവസ്ഥയിൽ കെൽട്രോണിനു് ആ രീതിയിൽ പുരോഗതി പ്രാപിക്കാൻ സാധിച്ചിരുന്നില്ല. ആദ്യകാല മാനേജ്മെന്റ് മികച്ചതായിരുന്നുവെങ്കിലും. രണ്ടാം നിരയെ വളർത്തിയെടുക്കാൻ സാധിച്ചിരുന്നില്ല. മുഖസ്തുതിയും പാദസേവയും തൊഴിൽ മികവിനെ മറികടക്കുന്ന നിലവന്നു. മികവുള്ളവർ കെൽട്രോൺ വിട്ടുപോകുന്ന പ്രവണതക്ക് ഇത് ആക്കംകൂട്ടി. സ്ഥാപനത്തിന്റെ സാമ്പത്തിക പ്രതിസന്ധിയും കൊഴിഞ്ഞുപോക്ക് വർദ്ധിപ്പിച്ചു.

വിവരസാങ്കേതികവിദ്യയുടെ ആഭ്യന്തര വിപണി, 2000-മാണ്ടോടെ ശക്തിയാർജ്ജിച്ചു വന്നതോടെ കെൽട്രോണിന് പുതിയ സാദ്ധ്യതകൾ തുറന്നുകിട്ടി. ആ രംഗത്ത് കെൽട്രോൺ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും, ഇ-ഭരണം, പൊതുസ്ഥാപനങ്ങളിൽ വിവരസാങ്കേതിക സംവിധാനമൊരുക്കൽ, തൊഴിലധിഷ്ഠിത സേവനങ്ങൾ നൽകൽ എന്നീ രംഗങ്ങളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കാനും കെൽട്രോണിനു് സാധിച്ചു. എന്നാൽ ഈ മേഖലകളിലും വേണ്ടത്ര സാങ്കേതിക സ്വാംശീകരണത്തിനുള്ള ശ്രമങ്ങൾ കാര്യമായി നടന്നില്ല. 2006–ൽ നിലവിൽ വന്ന ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് കേരളത്തിലെ വ്യവസായരംഗത്ത് നല്ല ഉണർവ്വുണ്ടായി. സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറി. പ്രതിരോധ മേഖലയിലെ അവസരങ്ങൾ കൂടുതൽ ഉപയോഗപ്പെടുത്തുവാൻ സാധിച്ചു. മറ്റു മേഖലയിലെ ഉല്പന്നങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തി. തുടർന്നു വന്ന വലതുപക്ഷ സർക്കാർ കെൽട്രോണിനെ വിറ്റുതുലക്കാൻ ശ്രമിച്ചെങ്കിലും, അവയെയൊക്കെ അതിജീവിക്കാൻ കെൽട്രോണിനു് സാധിച്ചു. നിലവിൽ കെൽട്രോൺ നല്ല പ്രവർത്തനമാണ് കാഴ്ചവെക്കുന്നത്. കോവിഡിന്റെ ഫലമായി ആഗോളതലത്തിൽ തന്നെ ബാധിച്ച, ഇലക്ട്രോണിക്സ് വ്യവസായ രംഗത്തെ പ്രതിസന്ധി ഘട്ടത്തിലും നല്ല തോതിൽ ഉല്പാദന വദ്ധനവ് നടത്തിയിട്ടുണ്ട്.

രൂപീകരണത്തിന്റെ 50 വർഷം പിന്നിടുന്ന ഈ സാമ്പത്തിക വർഷം 1000 കോടി രൂപയുടെ വിറ്റുവരവാണ് സ്ഥാപനം ലക്ഷ്യംവെക്കുന്നത്. അതിന് ആനുപാതികമായി കൂടുതൽ സാങ്കേതിക വിദഗ്ധർക്ക് തൊഴിൽ നല്കുവാൻ കെൽട്രോണിന് സാധിക്കണം. പവർ ഇലക്ട്രോണിക്സ്, തന്ത്രപ്രധാന മേഖലകൾ (പ്രതിരോധവും ബഹിരാകാശവും), ട്രാഫിക് എൻഫോഴ്സ്മെന്റ് ആൻഡ് മാനേജ്മെന്റ് സിസ്റ്റം, വിവരസാസാങ്കേതികവിദ്യകളും ഇ-ഭരണവും എന്നിവയാണ് നിലവിൽ

കെൽട്രോൺ പ്രവർത്തിക്കുന്ന പ്രധാന മേഖലകൾ.

മികച്ച ആധുനിക ഇലക്ട്രോണിക്സ് വ്യവസായ സ്ഥാപനമായി കെൽട്രോണിനെ ഉയർത്തുന്നതിന് ചില നിർദ്ദേശങ്ങളും ഈ പേപ്പർ മുന്നോട്ട് വെക്കുന്നു;

- സാങ്കേതിക വൈദഗ്ധ്യവും, തൊഴിൽ മികവും നേടിയെടുത്ത് ഒരു ആധുനിക വ്യവസായ സ്ഥാപനത്തിനൊത്ത രീതിയിൽ പ്രവർത്തിക്കാൻ, കെൽട്രോണിന്റെ മുൻനിര, ഇടനില മാനേജ്മെന്റിനെ മൊത്തത്തിൽ ഉടച്ചുവാർക്കണം. കെൽട്രോണിന്റെ ഘടനയും പ്രവർത്തനങ്ങളും അതിനായി പുനഃക്രമീകരിക്കണം.
- വിറ്റുവരവിൽ ഉല്പാദനത്തിന്റെ പങ്ക് ഇപ്പോഴുള്ള 20% ൽ നിന്നും 50%-മെങ്കിലുമായി രണ്ടു വർഷത്തിനുള്ളിൽ വർദ്ധിപ്പിക്കണം
- കേരളത്തിലെ ചെറുകിട, സ്വയം സംരംഭകരുടെ ഉല്പന്നങ്ങൾക്കും, സേവനങ്ങൾക്കും വിപണി കണ്ടെത്തുവാനായുള്ള ഒരു തണൽ സ്ഥാപനമായി കെൽട്രോൺ പ്രവർത്തിക്കണം.
- പ്രതിരോധ വകുപ്പിന്റെ ജോലികൾ, കെൽട്രോണിൽ പല യൂണിറ്റുകളിലായി നടക്കുന്നതിനു പകരം അവയെ ഏകോപിപ്പിച്ച് ഒറ്റ യൂണിറ്റിൽ തന്നെ കൈകാര്യം ചെയ്യുന്നതു്, അത്തരം പദ്ധതികളുടെ മെച്ചപ്പെട്ട നടത്തിപ്പിനും, പ്രതിരോധ മേഖലയിൽ കെൽട്രോണിന് കൂടുതൽ അവസരങ്ങൾ നേടിയെടുക്കുന്നതിനും സഹായിക്കും.
- കെൽട്രോണിന്റെ കീഴിൽ ഒരു മികച്ച ഗവേഷണ സ്ഥാപനം ആരംഭിക്കുക. ഒരു വ്യവസായ-അക്കാദമിക് പാരസ്പര്യത്തിലൂടെ, സമകാലീന സാങ്കേതിക സ്വയംപര്യപ്തത ഈ ഗവേഷണ സ്ഥാപനത്തിലൂടെ കൈവരിക്കുക.
- വേഫറുകൾ ഉപയോഗിച്ച് പവർ ഇലക്ട്രോണിക്സ് കമ്പോണന്റ്സ് നിർമ്മാണ കേന്ദ്രം, ഒരു മൾട്ടി ലെയർ പ്രിന്റിംഗ് സർക്യൂട്ട് ബോർഡ് നിർമ്മാണ കേന്ദ്രം, ഒപ്റ്റോ-ഇലക്ട്രോണിക്സ് ഉപകരണത്തിന്റെ നിർമ്മാണ കേന്ദ്രം തുടങ്ങി മാസ്റ്റർ പ്ലാനിൽ പ്രഖ്യാപിച്ച പദ്ധതികൾ തുടങ്ങാനുള്ള നടപടികൾ ഉടനെ ആരംഭിക്കുക.
- ഇന്നത്തെ സമൂഹത്തിന്റെ ആവശ്യങ്ങളും, വിപണിയുടെ സാദ്ധ്യതകളും കണ്ടെത്തി, അവ നടപ്പിലാക്കാൻ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച്, കേരളത്തിനു് ആവശ്യമായ ഉല്പന്നങ്ങളും, സാങ്കേതിക സേവനങ്ങളും നൽകുക.
- ടെലി കമ്മ്യൂണിക്കേഷൻ രംഗത്തു വേണ്ട ന്യൂജനറേഷൻ സ്വിച്ചുകളുടെ നിർമ്മാണത്തിൽ ഇടപെടുക.
- കഞ്ചിക്കോട്ടെ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, എറ്റെടുത്തു് കെൽട്രോണിന്റെ ഭാഗമാക്കുന്നതു് കെൽട്രോണിനും, ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിനും ഗുണകരമായിരിക്കും.
- ഇൻസ്ട്രുമെന്റേഷൻ, കൺട്രോൾ എഞ്ചിനീയറിംഗ് ഔട്ട്സോഴ്സ് ജോലികൾ, വൈദ്യുതിനിലയങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ, വിവരസാങ്കേതികവിദ്യാ പദ്ധതികൾ എന്നിവയുടെ ഇന്ത്യയിലും, വിദേശത്തുമുള്ള കൺസൽട്ടൻസി ജോലികൾ ഏറ്റെടുത്ത് നടപ്പിലാക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
- ഇലക്ട്രോണിക്സ്, ഐടി, ഇൻസ്ട്രുമെന്റേഷൻ, ഓട്ടോമേഷൻ, പവർ ഇലക്ട്രോണിക്സ്, രംഗത്തെ കേരളാ സർക്കാരിന്റെ പ്രവർത്തനങ്ങൾക്കു് കെൽട്രോണിനെ നോഡൽ എജൻസിയായി നിശ്ചയിക്കുക.
- പ്രതിരോധ, ബഹിരാകാശ മേഖലയ്ക്ക് വേണ്ടിയുള്ള ഇലക്ട്രോണിക്സ് ഉല്പന്ന ഗുണനിലവാരം ഉറപ്പാക്കാൻ എൻ.എ.ബി.എൽ അക്രഡിറ്റേഷനുള്ള ലാബിൽ പരിശോധന ആവശ്യമാണ്. കേരളത്തിന് ഇത്തരമൊരു സൗകര്യം ആവശ്യമാണ്. അരൂരിലെ കെൽട്രോൺ കൺട്രോൾസിലെ ലാബിന് എൻ.എ.ബി.എൽ അക്രഡിറ്റേഷൻ നേടിയെടുക്കുക.
- കെൽട്രോണിലെ ഇ.ആർ.പി നടപ്പാക്കുന്ന ജോലികൾ ഉടനടി പൂർത്തിയാക്കുക
- കരാർ ജീവനക്കാരുടെ വാർഷിക ശമ്പളവർദ്ധനാ നിരക്ക് കണക്കാക്കുന്നതിന് സുതാര്യമായ മാനദണ്ഡം വേണം. സ്ഥിരം ജീവനക്കാരുടേതിന് സമാനമായ ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ കരാർ ജീവനക്കാർക്കു് നൽകണം.

ജി.എം., കെൽടോൺ കൺട്രോൾസ്, മൊബൈൽ: 9447006466, E-mail: anilankv@gmail.com

175

## കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

പ്രേംനാഥ് രവീന്ദ്രനാഥ്

1951 ലെ SFC ആക്ട് പ്രകാരം, 1953 ഡിസംബർ 1 ന് ട്രാവൻകൂർ കൊച്ചിൻ ഫിനാൻഷ്യൽ കോർപ്പറേഷൻ എന്ന പേരിൽ സ്ഥാപിതമായ സ്ഥാപനം ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന വിഭജനത്തിനു ശേഷം 1956 ൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു. ഇപ്പോൾ കേ

രളത്തിൽ 16 ബ്രാഞ്ചുകൾ ഉള്ള കെ.എഫ്.സി.യുടെ ആസ്ഥാനം തിരുവനന്തപുരത്താണ്. ഈ സ്ഥാപനത്തിന്റെ 98.14% ഓഹരികളും കേരള സർക്കാരിന്റെ ഉടമസ്ഥയിലാണുള്ളത്.

ചെറുകിട വ്യവസായ മേഖലയെ ശക്തിപ്പെടുത്തുക വഴി സംസ്ഥാനത്തെ വ്യാവസായിക വളർച്ചയ്ക്ക് ആക്കം കൂട്ടുക എന്നതാണ് ഈ സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം. നാളിതുവരെ 65000 ത്തോളം സംരംഭങ്ങൾക്ക് വായ്പ അനുവദിച്ചിട്ടുണ്ട്. ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഒരു സംസ്ഥാന ധനകാര്യ സ്ഥാപനം കൂടിയാണ് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ.

- ഇന്ത്യയിലെ ഏറ്റവും മികച്ച സംസ്ഥാന ധനകാര്യ സ്ഥാപനം
- തുടർച്ചയായി ലാഭം രേഖപ്പെടുത്തുന്ന കേരള സർക്കാർ പൊതുമേഖല സ്ഥാപനം
- ISO അംഗീകാരമുള്ള പൊതുമേഖല സ്ഥാപനം
- 70 വർഷത്തെ സേവന പാരമ്പര്യം
- പ്രോജക്ട് ഫിനാൻസിംഗ് മേഖലയിലെ പ്രമുഖ സ്ഥാപനം

നിലവിൽ കെ.എഫ്.സി.യുടെ വായ്പാ ആസ്തി 6500 കോടി രൂപയായി ഉയർന്നിട്ടുണ്ട്. ഇതിനെ വിപുലീകരിച്ച് 2025 ഓടെ വായ്പാ ആസ്തി 10,000 കോടി രൂപയായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്. സമ്പദ് വ്യവസ്ഥയുടെ വളർച്ചയും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ലക്ഷ്യമാക്കി, ചെറുകിട-ഇടത്തരം സംരംഭങ്ങളെയും സ്റ്റാർട്ടപ്പുകളെയും പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എഫ്.സി. അതിന്റെ നയങ്ങളിൽ തനതായ മാറ്റങ്ങൾ ഉൾപ്പെടുത്തി പ്രവർത്തന മേഖലയെ കൂടുതൽ കാര്യക്ഷമമാക്കി. സമയോചിതമായി വായ്പകൾ നൽകുന്നതിനായി ബ്രാഞ്ച് ഓഫീസ് ലെവൽ, സോണൽ ലെവൽ ബിസിനസ് റിവ്യൂ കമ്മിറ്റികൾ (ബിആർസി) സൃഷ്ടിച്ച്, തത്വത്തിലുള്ള ക്ലിയറൻസിനായി ഈ കമ്മിറ്റികളെ (ബിആർസി) വികേന്ദ്രീകരിച്ചു. തത്വത്തിലുള്ള അംഗീകാരം നൽകി നടപടി ക്രമങ്ങൾ പൂർത്തിയാക്കി കൊണ്ട് കാലതാമസം കൂടാതെ വായ്പകൾ നല്കാൻ ഇതിലൂടെ സാധിക്കുന്നു. കിട്ടാക്കടം കുറക്കുക എന്ന ലക്ഷ്യത്തോടെ കിട്ടാക്കട വിഭാഗത്തിൽപെട്ട വായ്പകൾക്ക് കൂടുതൽ ഇളവുകൾ നൽകികൊണ്ട് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ നടപ്പിലാക്കി. ഇതര ധനകാര്യ സ്ഥാപനങ്ങൾ നൽകുന്ന വായ്പകളുടെ പലിശ നിരക്കിൽ നിന്നും ഗണ്യമായ കുറവ് വരുത്തി കെ.എഫ്.സി.ക്കു വായ്പ നൽകാൻ കഴിയുന്നതും കോർപറേഷന്റെ നേട്ടങ്ങളിലൊന്ന് തന്നെയാണ്. സംസ്ഥാനത്തെ AA റേറ്റു ചെയ്യപ്പെട്ട ഏക പൊതുമേഖലാ സ്ഥാപനം കൂടിയാണ് കെ.എഫ്.സി.

കാര്യക്ഷമമായ ഭരണ നിർവഹണവും, ജീവനക്കാരുടെ പൂർണ പിന്തുണയോടെയുള്ള പ്രവർത്തനവും കോർപറേഷനെ ലാഭത്തിലേക്ക് നയിക്കുന്ന പ്രധാന ഘടകങ്ങളാണ്. എല്ലാ വർഷവും കോർപറേഷൻ നേടുന്ന പ്രവർത്തനലാഭത്തിൽ നിന്നും ഒരു വിഹിതം ജീവനക്കാർക്ക് ഇൻസെന്റീവ് ആയി നൽകി വരുന്ന മാതൃകയും സ്ഥാപനം പിൻതുടരുന്നു.

ED, KFC, Mob: 9496030120, E-mail: premnathravindranath@kfc.org

176

## വനിതാ വികസന കോർപ്പറേഷൻ

ആശ എസ്.

സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം, സമൂഹത്തിൽ തുല്യ നീതി ഉറപ്പാക്കുന്നതിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും സമൂഹത്തിന്റെ ആകെയുള്ള സാമ്പത്തിക വികസനത്തിനും വഴി തെളിക്കുക എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ 35 വർഷങ്ങൾക്ക് മുമ്പ് 1988 ലെ ഇടതു മുന്നണി സർക്കാർ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ (KSWDC) എന്ന കമ്പനി സ്ഥാപിച്ചു. സ്ത്രീകൾക്കു വേണ്ടി സർക്കാർ തലത്തിൽ കേരളത്തിൽ ആരംഭിച്ച ആദ്യത്തെ സ്ഥാപനമായ വനിതാ വികസന കോർപ്പറേഷൻ തുടക്കത്തിൽ സ്ത്രീകളുടെ സാമ്പത്തികോന്നമനത്തെ മുൻ നിർത്തി കേന്ദ്ര ധന കാര്യ കോർപ്പറേഷനുകളിൽ നിന്നും ചെറിയ തോതിൽ സ്വയം തൊഴിൽ വായ്പ ചാനലൈസിംഗ് ജോലികളും വനിതാ ക്ഷേമ പദ്ധതികളും ഏറ്റെടുത്ത് നടത്തി വന്നിരുന്നു. മറ്റ് പല പൊതുമേഖലാ സ്ഥാപനങ്ങളുമെന്ന പോലെ, കാലാകാലങ്ങളിൽ വരുന്ന ഇടതു മുന്നണി സർക്കാരുകളുടെ സമയത്ത് സ്ഥാപനം കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ച വെച്ചിരുന്നുവെങ്കിലും ജനസംഖ്യയിൽ പകുതിയിലേറെ വരുന്ന ജനവിഭാഗത്തിന്റെ ശാക്തീകരണത്തിനും ക്ഷേമത്തിനും വേണ്ടി സ്ഥാപിച്ച കോർപ്പറേഷൻ അതിനനുസരിച്ചുള്ള വളർച്ചയും വികാസവും 2015-16 വരെ നേടിയിരുന്നില്ല എന്നതാണ് വസ്തുത.

2016-17 ൽ ഒന്നാം പിണറായി സർക്കാരിന്റെ ആദ്യ വർഷം സ്ഥാപനം വിതരണം ചെയ്തത് 36 കോടി രൂപയുടെ സ്വയംതൊഴിൽ വായ്പയാണ്. പുതുതായി സ്ഥാപനത്തിന്റെ ചുമതലയേറ്റ ബോർഡ് ബിസ്സിന

സ്സിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് തീരുമാനിച്ചു. പടി പടിയായി സർക്കാർ ഗ്യാരണ്ടി ഉയർത്തി വാങ്ങുകയും അതിനനുസരിച്ച് വാർഷിക ബിസിനസ്സ് ക്രമാനുഗതമായി വർദ്ധിപ്പിക്കുകയും ചെയ്തു. ഇത് സ്ഥാപനത്തിന്റെ റവന്യൂ വർദ്ധനവിനും ലാഭം കൂടുന്നതിനും നീക്കിയിരുപ്പിൽ വർദ്ധനവുണ്ടാക്കുന്നതിനും സഹായകമായി. വായ്പാ വിതരണത്തിലെ പ്രതിവർഷ ശരാശരി 2016 വരെ 35 കോടി രൂപ ആയിരുന്നുവെങ്കിൽ അത് കഴിഞ്ഞ ഏഴു വർഷം കൊണ്ട് ക്രമാനുഗതമായി ഉയർന്ന് 2022-23 ൽ 270.75 കോടി രൂപയായി ഉയർന്നിട്ടുണ്ട്. വായ്പാ തിരിച്ചടവിലും ഗണ്യമായ വർദ്ധനവ് ഇക്കാലയളവിൽ ഉണ്ടായി. കഴിഞ്ഞ മൂന്നര പതിറ്റാണ്ടിൽ ആകെ വിതരണം ചെയ്തിട്ടുള്ള വായ്പാ തുക 1138 കോടി രൂപയാണ്. ഇതിൽ 924 കോടി രൂപയും 2016-2023 കാലയളവിലാണ് എന്നത് വളരെ പ്രത്യേകമായി എടുത്ത് പറയേണ്ട വസ്തുതയാണ്.

സ്ത്രീ ശാക്തീകരണത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള സർക്കാർ നയവും, സർക്കാരിൽ നിന്നും ലഭ്യമായ ശക്തമായ പിന്തുണയുമാണ് വനിതാ വികസന കോർപ്പറേഷന്റെ ഇക്കാലയളവിലെ ദ്രുതഗതിയിലുള്ള വളർച്ചയ്ക്ക് നിദാനം. 1988 മുതൽ 2016-17 വരെ ആകെ ലഭിച്ചിട്ടുണ്ടായിരുന്ന സർക്കാർ ഗ്യാരന്റി 145 കോടി രൂപയുടേത് ആയിരുന്നുവെങ്കിൽ ഇപ്പോൾ ആയത് 845.56 കോടി ആയി ഉയർന്നിരിക്കുന്നു. ഇക്കാലയളവിൽ, പുതുതായി രണ്ട് ദേശീയ ധനകാര്യ കോർപ്പറേഷനുകളുടെ ചാനലൈസിംഗ് ഏജൻസി ആകുന്നതിനും, ട്രാൻസ്ജെൻഡർ വിഭാഗത്തിന് പ്രത്യേക വായ്പാ പദ്ധതി തുടങ്ങുന്നതിനും, ഇദംപ്രഥമമായി പട്ടിക വർഗ്ഗ വനിതാ ശാക്തീകരണ പദ്ധതി നടപ്പാക്കുന്നതിനും സാധിച്ചു. വായ്പ വിതരണത്തിന് പുറമെ കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ പതിനൊന്നോളം സ്ത്രീ സുരക്ഷ, ക്ഷേമ പദ്ധതികളും സ്ഥാപനം ഏറ്റെടുത്ത് നടത്തി വരുന്നു.

ഒരു പൊതുമേഖലാ സ്ഥാപനമെന്ന നിലയിൽ 2016-23 കാലഘട്ടത്തിൽ വനിതാ വികസന കോർപ്പറേഷന് ഉണ്ടായ വളർച്ച അത്യപൂർവമാണ്. സ്ഥാപനത്തിന്റെ അംഗീകൃത ഓഹരി മൂലധനം ഇരട്ടിയായി ഉയർത്തിക്കിട്ടി. (ആയത് 100 കോടിയായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുമാണ്). എല്ലാ ജില്ലകളിലും ഓഫീസുകളും രണ്ട് സബ് ജില്ല ഓഫീസുകളും, ഹെഡ് ഓഫീസിന് സ്ഥിരമായി ആസ്ഥാനവും, 5 പുതിയ വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളും സ്ഥാപിക്കുന്നതിന് ഇക്കാലയളവിൽ കഴിഞ്ഞു. ഒപ്പം 5 വർഷങ്ങളോളം പിന്നിലായിരുന്ന കണക്കുകളും ആഡിറ്റും തീർക്കുകയും ആയത് up to date ആക്കുകയും ചെയ്തു.

സ്ഥാപിത ലക്ഷ്യത്തിൽ നിന്ന് വ്യതിചലിക്കാതെ തന്നെ ബിസിനസും പ്രവർത്തന മേഖലയും വിപുലപ്പെടുത്തുകയും വരുമാനം വർധിപ്പിക്കുകയും ചെയ്തതോടൊപ്പം പ്രതീക്ഷിത ഗുണഭോക്താക്കളിലേക്ക് ഇറങ്ങിച്ചെന്ന് സ്ഥാപനത്തെയും സേവനങ്ങളെയും കൂടുതൽ പേരിലേക്ക് എത്തിക്കാനും, ഘടനാപരമായി സ്ഥാപനത്തെ ശക്തിപ്പെടുത്തുന്നതിനും ഇക്കഴിഞ്ഞ ഏഴു വർഷത്തിൽ സാധിച്ചിട്ടുണ്ട്.

M(P&F), KSWDC

## 177

# മിത്ര 181 – മാതൃകാ സേവനം

ദിവ്യ എം.എ.

2012-ൽ ലോക മനസാക്ഷിയെ ഞെട്ടിച്ച നിർഭയ സംഭവത്തെ തുടർന്ന് സ്ത്രീകൾക്ക് വേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ പദ്ധതി കേന്ദ്ര സർക്കാർ ആവിഷ്കരിക്കുകയും, ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളോടും ആയത് നടപ്പിലാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. നമ്മുടെ സംസ്ഥാനത്ത് ഈ ഹെല്പ് ലൈൻ നടപ്പിലാക്കുന്നതിന് നിയോഗിക്കപ്പെട്ടത് കേരള സർക്കാരിന്റെ കീഴിലുള്ള ഒരു പൊതുമേഖല സ്ഥാപനമായ വനിതാ വികസന കോർപ്പറേഷനാണ്.

2017 മാർച്ച് 27-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ 'മിത്ര' എന്ന് പേരിട്ട ഈ ഹെല്പ് ലൈൻ (WHL 24x7) ഉദ്ഘാടനം ചെയ്തു. ആറു വയസ്സ് പൂർത്തിയാക്കി മുന്നേറുന്ന ഈ ഹെല്പ് ലൈൻ ഇതിനിടെ ഒരു നിമിഷം പോലും പ്രവർത്തനം മുടക്കിയിട്ടില്ല എന്ന പ്രത്യേകതയാണ് മിത്ര 181 പദ്ധതിയെ സമാന ഹെല്പ് ലൈനുകളിൽ നിന്നും വ്യത്യസ്തമാക്കുന്നത്. രാജ്യത്തിന്റെ ഭരണ സിരാ കേന്ദ്രമായ ഡൽഹിയിൽ ഉൾപ്പടെ, ഹെല്പ് ലൈൻ സംവിധാനം, നടത്തിപ്പ് പ്രശ്നങ്ങളാൽ ഒന്നിലധികം പ്രാവശ്യം പ്രതിസന്ധിയിലായ സാഹചര്യം ഉള്ളപ്പോഴാണ് മികച്ച ഭരണ സംവിധാനത്തിലൂടെ, ഒരു നിമിഷം പോലും പ്രവർത്തനം നിലക്കാതെ ഹെല്പ് ലൈൻ പദ്ധതി നടത്തിപ്പ് വിജയകരമാക്കാം എന്ന മാതൃക മിത്ര 181 ന്റെ നടത്തിപ്പിലൂടെ സ്ത്രീ സംരക്ഷണ, വികസന മേഖലയിൽ മികവാർന്ന പ്രവർത്തന മുന്നേറ്റം കൈവരിച്ചിട്ടുള്ള കേരള സംസ്ഥാനവും വനിതാ വികസന

കോർപ്പറേഷനും മുന്നോട്ട് വെക്കുന്നത്.

കേന്ദ്ര സർക്കാർ സ്ഥാപനമായ സി-ഡാക് ന്റെ സഹായത്തോടെ ഹെല്പ് ലൈനിന് ആവശ്യമായ സോഫ്റ്റ് വയറും ഹാർഡ് വയറും മറ്റു അനുബന്ധ സംവിധാനങ്ങളും ഒരുക്കി. സ്ത്രീ ജീവനക്കാർ മാത്രം പ്രവർത്തിക്കുന്ന, കേരളം മുഴുവൻ 24 മണിക്കൂറും ഹെല്പ് ലൈൻ സേവനം നല്കേണ്ട കൺട്രോൾ റൂം സെറ്റ് ചെയ്യുന്നതിനുവേണ്ടി, തടസ്സമില്ലാതെ, 24 മണിക്കൂറും വൈദ്യുതി ലഭിക്കുന്ന, സുശക്തമായ നെറ്റ് വർക്ക് സംവിധാനമുള്ള, ബാഹ്യസമ്പർക്കം പരമാവധി കുറവും, സുരക്ഷിതവുമായ ടെക്നോപാർക്ക് ആണ് വനിതാ വികസന കോർപ്പറേഷൻ തിരഞ്ഞെടുത്തത്. നിയമത്തിലോ(LLB) സാമൂഹ്യ പ്രവർത്തനത്തിലോ(MSW) അക്കാദമിക് യോഗ്യതയുള്ള 12 വനിതാ ജീവനക്കാരും ഒരു ഹെല്പ് ലൈൻ മാനേജരും ഒരു നെറ്റ് വർക്ക് അഡ്മിനിസ്ട്രേറ്ററും ആണ് മൂന്ന് ഷിഫ്റ്റുകളിലായി (6am-2pm, 2pm-10pm, 10 pm-6 am) ഹെല്പ് ലൈൻ നടത്തിവരുന്നത്. ഇവർക്ക് ജോലിക്ക് പ്രവേശിക്കുമ്പോഴും നിശ്ചിത ഇടവേളകളിലും മികച്ച പ്രവർത്തനത്തിനാവശ്യമായ ട്രയിനിങ്ങുകൾ കോർപ്പറേഷൻ നല്കി വരുന്നു. ഡെസ്കിൽ സദാസമയവും ജീവനക്കാരെ ഉറപ്പാക്കുന്നതിലേക്ക് ഭക്ഷണ പാനീയങ്ങൾ ഉൾപ്പെടെ ജോലി സ്ഥലത്ത് വിതരണം ചെയ്യുന്നതിനും ഷിഫ്റ്റ് സമയത്ത് കൃത്യമായി ജീവനക്കാരെ എത്തിക്കുന്നതിന് വാഹന സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

പ്രതിസന്ധിഘട്ടത്തിലുള്ള സഹായ അഭ്യർത്ഥനകളും, വിവരാന്വേഷണവുമാണ് പ്രധാനമായും ഹെല്പ് ലൈൻ കൈകാര്യം ചെയ്യുന്നത്; അവശ്യ ഘട്ടങ്ങളിൽ ടെലി കൗൺസലിംഗും മിത്ര സ്ത്രീകൾക്ക് ലഭ്യമാക്കുന്നുണ്ട് സഹായം ആവശ്യമുള്ള വനിതക്ക് (പോലീസ്, ആശുപത്രി, കൗൺസലിംഗ്, നിയമ സഹായം, ഷെൽട്ടർ എന്നിങ്ങനെ), ആയത് ലഭ്യമാക്കാനുള്ള നെറ്റ് വർക്കിംഗും (സമൂഹത്തിലെ വിവിധ സേവന ദാതാക്കളുമായി ബന്ധപ്പെടുത്തൽ) തുടരന്വേഷണവും (follow up) മിത്ര ചെയ്യുന്നുണ്ട്. പ്രതിദിനം ശരാശരി 300 കോളുകൾ ഹെല്പ് ലൈനിൽ സ്വീകരിക്കപ്പെടുന്നുണ്ട്. കഴിഞ്ഞ ആറു വർഷത്തിൽ ഏകദേശം മൂന്ന് ലക്ഷത്തിലധികം കാൾ ഹിറ്റുകൾ ആണ് ഉണ്ടായിട്ടുള്ളത്. രണ്ട് ലക്ഷത്തിലധികം കോളുകൾക്ക് സേവനം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

24 മണിക്കൂറും പ്രവർത്തന നിരതമാകേണ്ട ഹെല്പ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ആലോചന യോഗങ്ങളിൽ, തുടക്കത്തിലെന്ന പോലെ അതിന്റെ പ്രവർത്തനം ഒരേ പോലെ ഊർജ്ജസ്വലമായി തുടർന്ന് കൊണ്ട് പോവുക എന്നത് സർക്കാർ മേഖലയിൽ പ്രായേണ അസാധ്യമാണ് എന്ന ആശങ്ക പല തലങ്ങളിൽ ഉയർന്നു വന്നിരുന്നു. ഇത്തരം ഒരു വെല്ലുവിളിയെ എങ്ങനെയാണ് വനിതാ വികസന കോർപ്പറേഷൻ നേരിട്ടതെന്നും, പ്രവർത്തനം ആരംഭിച്ച് നാളിതുവരെയും ബ്രേക്ക് ഡൗൺ സംഭവിക്കാതെ കൊണ്ട് പോകുന്നതിനു വേണ്ടി ഏതൊക്കെ തരത്തിലുള്ള മുന്നൊരുക്കങ്ങളും, തുടർ നടപടികളുമാണ് മിത്രയുടെ നടത്തിപ്പിൽ സ്വീകരിച്ചു വന്നിരുന്നത് എന്നതുമാണ് ഈ ലേഖനത്തിൽ വിശദമാക്കുന്നത്.

Manager (Mithra 181), KSWDC, 9446578450, divyasreejith7005@gmail.com

178

# കേരള സംസ്ഥാന ഐ ടി മിഷന്റെ നിലനിൽപ്പും പുനഃസംഘടനയും

അമ്പിളി കെ., സ്മിത ഡി.ആർ. & അശ്വതി എസ്.

വിവര സാങ്കേതികവിദ്യാ സംവിധാനങ്ങളും മാർഗങ്ങളും ഉപയോഗിച്ചുകൊണ്ട് ഭരണനിർവഹണ മേഖലയെ കൂടുതൽ സുതാര്യവും കാര്യക്ഷമവും വേഗത്തിലും ആക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാരിന്റെ ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി വകുപ്പിന്റെ കീഴിൽ സ്വയംഭരണാവകാശമുള്ള ഒരു സ്ഥാപനമായി കേരള സംസ്ഥാന ഐ.ടി. മിഷൻ 2000 ൽ നിലവിൽ വന്നു. സംസ്ഥാനത്തെ വിവരസാങ്കേതികവിദ്യയുടെ പ്രോത്സാഹനവും വികസനവും ഉന്നംവച്ചു കൊണ്ടു സംസ്ഥാന സർക്കാരിന്റെ എല്ലാ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും വിവിധ പദ്ധതികൾക്കു ആവശ്യമായ സാങ്കേതിക പിന്തുണ നല്കുക, വിവര സാങ്കേതിക മേഖലയിലേക്കാവശ്യമായ അടിസ്ഥാന സൗകര്യവികസനം നടപ്പിലാക്കുക, എല്ലാ സർക്കാർ സേവനങ്ങളും ഏറ്റവും എളുപ്പത്തിലും കാര്യക്ഷമമായും പൗരന്മാർക്കു ലഭിക്കുന്നതിനായുള്ള പദ്ധതികൾ ആവിഷ്കരിക്കുക, വിവിധ ഐ ടി സംരംഭങ്ങളുടെ ഏകോപനം നടപ്പിലാക്കുക, ഐടി നയം/ ഡാറ്റനയം/ സംഭരണ നയം മുതലായവയുടെ രൂപവൽക്കരണത്തിലും മറ്റു നടപടിക്രമങ്ങളിലും ഗവൺമെന്റിനു വിദഗ്ധ ഉപദേശം നൽകുക, ഐടി വ്യവസായങ്ങൾക്ക് ആവശ്യമായ മാനവവിഭവശേഷി വികസനത്തിനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുക, ഐ ടി സ്ഥാപനങ്ങളുടെ ഏകോപനം നടപ്പിലാക്കുക, ഐടി വ്യവസായങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വിവരങ്ങളും പിന്തുണയും നൽകി സംസ്ഥാനത്തേക്ക് ഐടി വ്യവസായങ്ങളെ ആകർഷിക്കാൻ

ലക്ഷ്യമിട്ടുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക, സാങ്കേതിക അഭിരുചി ഉൾപ്പെടുന്ന ഗവൺമെന്റിന്റെ പദ്ധതികൾ ഏറ്റെടുത്ത് ഗവൺമെന്റിന്റെ സാങ്കേതിക വിഭാഗമായി പ്രവർത്തിക്കുക എന്നിവയാണ് ഐ ടി മിഷന്റെ പ്രവർത്തന ലക്ഷ്യങ്ങൾ.

ആന്തരിക പ്രവർത്തനങ്ങൾക്കു ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ചുകൊണ്ട് KSITM-നെ പൂർണമായും പേപ്പർ ലെസ്സ് ഓഫീസ് ആക്കിമാറ്റാനുള്ള നടപടികൾ സ്വീകരിക്കുക. നേതൃത്വ വികസന പരിപാടികൾ നടപ്പിലാക്കുക. ഏറ്റവും പുതിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തിയിട്ടുള്ള നൈപുണ്യ വികസനപരിപാടികൾ, ശിൽപശാലകൾ, സർട്ടിഫിക്കേഷനുകൾ എന്നിവ നടപ്പിലാക്കേണ്ടതും ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സൈബർ സെക്യൂരിറ്റി, ഡാറ്റ അനലിറ്റിക്സ്, ബ്ലോക്ക്ചെയിൻ തുടങ്ങിയ പുതിയ സാങ്കേതിക മേഖലകളിൽ ജീവനക്കാരെ നിപുണരാക്കേണ്ടതുണ്ട്.

NIC, CDIT, KELTRON മുതലായ സ്ഥാപനങ്ങൾ software development രംഗത്ത് നിലനിൽക്കുമ്പോൾ അധിക സാമ്പത്തിക ബാധ്യതയോടുകൂടി software development ലേക്ക് KSITM തിരിയേണ്ടതുണ്ടോ എന്ന് പുനർചിന്തനം അനിവാര്യമാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക്ചെയിൻ, സൈബർ സുരക്ഷ, ഡാറ്റ അനലിറ്റിക്സ് തുടങ്ങിയ വളർന്നു വരുന്ന സാങ്കേതികവിദ്യകളെ തിരിച്ചറിയുകയും അതിന്റെ സവിശേഷതകൾ ഉൾപ്പെടുത്തിക്കൊണ്ട് നിലവിലുള്ള പദ്ധതികൾ സമയബന്ധിതമായി നവീകരിക്കുകയും അതിലൂടെ സർക്കാരും പൊതുജനവുമായുള്ള വിടവ് പൂർണമായും ഇല്ലാതാക്കുകയും ചെയ്യേണ്ടതാണ്.

---

1 KSITM

3 KSITM, Mgr CERTK, മൊബൈൽ: 9446142347, E-mail id : ambiliksitm@gmail.com

## 179

# കേരള ക്ലേയ്സ് & സിറാമിക്സ് ലിമിറ്റഡ് കണ്ണൂർ

ആനക്കൈ ബാലകൃഷ്ണൻ

1984-85 ൽ പ്രവർത്തനം ആരംഭിച്ചതു മുതൽ തുടർച്ചയായി 28 വർഷം ലാഭത്തിൽ പ്രവർത്തിക്കുകയും ഗവൺമെന്റിന് ലാഭവിഹിതം നൽകുകയും ചെയ്തു വന്ന മൈനിംഗ് കമ്പനി. പരിസ്ഥിതി പ്രശ്നങ്ങൾ ഉയർത്തി തദ്ദേശിയർ നടത്തിയ പ്രക്ഷോഭത്തെ തുടർന്ന് 2015 ൽ മൈനിംഗ് ജോലികൾ നിർത്തിവെക്കേണ്ടി വന്നു. ഇതേതുടർന്ന് 200 ഓളം ജീവനക്കാരെ സംരക്ഷിച്ചു നിർത്തേണ്ട ചുമതല ഏറ്റെടുത്തുകൊണ്ട് തികച്ചും വ്യത്യസ്തങ്ങളായ വൈവിധ്യവൽക്കരണ പദ്ധതികൾ കമ്പനി ആസൂത്രണം ചെയ്തു. കമ്പനിയുടെ കൈവശമുള്ള സ്ഥലം, ജീവനക്കാർ, യന്ത്ര സാമഗ്രികൾ എന്നീ വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിച്ച് പ്രവർത്തനം വൈവിധ്യവൽക്കരിക്കുക എന്നതായിരുന്നു കമ്പനിയുടെ ലക്ഷ്യം. സംസ്ഥാന സർക്കാർ അതിനു വമ്പിച്ച പിന്തുണ നൽകിയതോടെ അതു യാഥാർത്ഥ്യമായി.

കമ്പനിയുടെ മാങ്ങാട്ടുപറമ്പിലുണ്ടായ ബ്രിക് മാനുഫാക്ചറിംഗ് കമ്പനി സ്റ്റാർട് അപ്മിഷന്റെ സഹായത്തോടെ മലബാറിലെ ഏറ്റവും വലിയ ഐ.ടി. ഇൻകുബേഷൻ സെന്ററായി ഉയർന്നു. കമ്പനിയുടെ കൈവശമുള്ളതും പ്രധാന റോഡുകളോട് ചേർന്ന് നിൽക്കുന്നതുമായ സ്ഥലങ്ങളിൽ ബിപിസിഎൽ ലുമായി ചേർന്ന് പെട്രോൾ പമ്പുകൾ ആരംഭിച്ചു.

ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് വ്യാവസായിക പാർക്ക് സ്ഥാപിക്കുന്നതിലേക്ക് സ്ഥലം നിരപ്പാക്കുന്ന ജോലി ഗവൺമെന്റിന് ചെലവില്ലാതെ കമ്പനി ഏറ്റെടുത്തു. ഇതുവഴി ലഭിക്കുന്ന ലാറ്ററൈറ്റ് മലബാർ സിമന്റ്സിന് സിമന്റ് ഉൽപ്പാദനത്തിന് ഉപയോഗിക്കുന്നതിനായി നൽകുന്നു. ഇതുവഴി ഗവൺമെന്റിന് റോയൽറ്റിയും കമ്പനിയിലെ കുറേ തൊഴിലാളികൾക്ക് ജോലിയും ലഭിച്ചു.

പരമ്പരാഗത ചകിരി വ്യവസായത്തെ പ്രോൽസാഹിപ്പിക്കാനും കൂടി ഉദ്ദേശിച്ച് സർക്കാർ സഹായത്തോടെ 2 ഡീഫൈബറിംഗ് യൂണിറ്റുകൾ ആരംഭിച്ചു. കോവിഡ് എന്ന മഹാമാരി ഒരു അവസരമായി കണ്ട് സാനിറ്റൈസർ, ഹാന്റ് വാഷ് എന്നിവയുടെ വ്യാവസായിക ഉത്പാദനം തുടങ്ങി, ഒപ്പം ഫ്ലോർ ക്ലീനർ, ഡീമിനറലൈസ്ഡ് വാട്ടർ, അഗ്രി പിത്ത് കമ്പോസ്റ്റ് തുടങ്ങിയ യൂണിറ്റുകൾ ആരംഭിച്ചു. നാളികേര കർഷകർക്കു കൂടി സഹായകരമായ രീതിയിൽ സംയോജിത നാളികേര സംസ്കരണ യൂണിറ്റ് ആരംഭിച്ചു.

ഇതിനിടയിൽ പ്രകൃതി സംരക്ഷണത്തിന്റെ ഭാഗമായി മിയാവാക്കി മോഡൽ പച്ചത്തുരുത്ത് നിർമ്മിക്കുകയും സൗകര്യപ്രദമായ സ്ഥലങ്ങളിൽ പാഷൻ ഫ്രൂട്ട് ഉൾപ്പെടെ പലവിധ കൃഷി പ്രവർത്തനങ്ങളും ആരംഭിച്ചു.

2016 മുതൽ കേരളം ഭരിക്കുന്ന ഇടതുപക്ഷ സർക്കാരിന്റെ അകമഴിഞ്ഞ പിന്തുണയും കമ്പനി മാനേജ്മെന്റിന്റെ ഇച്ഛാശക്തിയും ജീവനക്കാരുടെ നിർ

ലോഭമായ സഹകരണവുമാണ് തുടർച്ചയായി അഞ്ചു വർഷം നഷ്ടത്തിലായിരുന്ന കമ്പനിയെ ലാഭകരമാക്കാൻ സഹായിച്ചത്. കമ്പനിയുടെ വൈവിധ്യവൽക്കരണത്തിലൂടെയാണിത് സാധിച്ചത്.

ഇത്തരം മാതൃകകൾ മറ്റു സ്ഥാപനങ്ങൾക്കും സ്വീകരിക്കാവുന്നതാണ്.

മാനേജിങ് ഡയറക്ടർ, KCCPL, മൊബൈൽ: 9446545270, E-mail: baluanakai@gmail.com

180

# കേരള ഫീഡ്സ്

പ്രമോദ് എം.

കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡും (KLDB) മിൽമയും (KCMMF) പ്രവർത്തനക്ഷമമായതിന് ശേഷവും സംസ്ഥാനത്തെ പാലുൽപാദനത്തിൽ ഗണ്യമായ നേട്ടം കൈവരിക്കാൻ കഴിയാത്തതിന്റെ വിടവ്, ഗുണമേന്മയേറിയ കാലിത്തീറ്റ ലഭ്യമാക്കുക വഴി നികത്തുന്നതിനു വേണ്ടിയാണ് 1995-ൽ കേരള ഫീഡ്സ് എന്ന സ്ഥാപനം മൃഗ സംരക്ഷണ വകുപ്പിന് കീഴിൽ രൂപീകരിക്കാൻ കേരള സർക്കാർ തീരുമാനിക്കുന്നത്. 1999-ൽ വിപണിയിലെത്തിയ 'കേരള ഫീഡ്സ് സമീകൃത കാലിത്തീറ്റ', ഉയർന്ന സാങ്കേതികതയുടെയും ഗുണമേന്മയുടെയും ഫലമായി അതുവരെ വിപണിയിൽ ഉണ്ടായിരുന്ന ബഹുരാഷ്ട്ര കമ്പനികളുടെതടക്കമുള്ള സ്വകാര്യ കാലിത്തീറ്റ ബ്രാന്റുകളെ പിന്നിലാക്കി വിപണി കീഴടക്കുകയുണ്ടായി. ഉത്പന്നത്തിന്റെ ആവശ്യകത, അതുവരെയുണ്ടായിരുന്ന ഉത്പാദനത്തോതിനെക്കാൾ വർധിച്ച സാഹചര്യത്തിൽ തൃശ്ശൂർ കല്ലേറ്റുംകരയിൽ നിലവിലുണ്ടായിരുന്ന പ്ലാന്റിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കുകയും തുടർന്ന് മറ്റു ജില്ലകളിൽ മൂന്ന് പുതിയ കാലിത്തീറ്റ പ്ലാന്റുകളും രണ്ട് അനുബന്ധ പ്ലാന്റുകളും സ്ഥാപിക്കുകയും ചെയ്തു.

ഉത്പാദനച്ചെലവിന്റെ 80 ശതമാനത്തോളം അസംസ്കൃതപദാർത്ഥങ്ങളുടെതാണ് എന്നത് കാലിത്തീറ്റ വ്യവസായത്തിന്റെ പ്രത്യേകതയാണ്. 90ശതമാനത്തിലേറെ അസംസ്കൃത വസ്തുക്കളും കൃഷിയുമായി ബന്ധപ്പെട്ടവയാണ് എന്നതും 98 ശതമാനത്തിലേറെ അസംസ്കൃത വസ്തുക്കൾക്കായി ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നു എന്നതും കേരള ഫീഡ്സ് നേരിടുന്ന വെല്ലുവിളികളാണ്. കാർഷിക മേഖല നേരിടുന്ന വിലക്കയറ്റത്തിനനുസരിച്ച് അസംസ്കൃതപദാർത്ഥങ്ങൾക്ക് വിലവർധനവ് ഉണ്ടാവുമ്പോൾ വിപണിയിലെ മറ്റു കാലിത്തീറ്റകളുടെ വിലയുമായി താരതമ്യം ചെയ്തു ആനുപാതികമായ തോതിൽ കാലിത്തീറ്റയുടെ വില വർദ്ധിപ്പിക്കുന്ന രീതി ആദ്യകാലങ്ങളിൽ സ്ഥാപനം കൈക്കൊണ്ടുവന്നിരുന്നു. എന്നാൽ കാലക്രമത്തിൽ സംസ്ഥാനത്തെ പാലിന്റെ വിലവർധനയിൽ സർക്കാർ ഇടപെട്ട് കൂടുതൽ നിയന്ത്രണങ്ങൾ കൊണ്ടുവരികയും അതിന് പ്രതിവിധി എന്ന രീതിയിൽ കാലിത്തീറ്റയുടെ വില വർദ്ധിപ്പിക്കുന്നതിൽ സർക്കാർ ഇടപെടുകയും ചെയ്യുന്ന സാഹചര്യം സംജാതമായി. വിപണി വിലയേക്കാൾ ചാക്കൊന്നിന് 150 ഉം 200 ഉം രൂപ കുറച്ച് വിൽക്കാൻ നിർബന്ധിതമായതോടെ കേരള ഫീഡ്സ് പ്രതിസന്ധി നേരിട്ടു തുടങ്ങി.

സർക്കാർതലത്തിൽ കാര്യങ്ങൾ ബോധ്യപ്പെടുത്തിയതിനെ തുടർന്ന് 2018-ൽ പ്രൈസിംഗ് പോളിസി ഇറക്കുകയും സ്ഥാപനത്തിന് സ്വന്തമായി കാലിത്തീറ്റ വില നിർണയം നടത്തുന്നതിനുള്ള അവകാശം സർക്കാർ നൽകുകയുമുണ്ടായി. എന്നാൽ ക്ഷീരമേഖലയിലെ പ്രതിസന്ധിയും പാലിന്റെ വില കൂട്ടാൻ പലപ്പോഴും തയ്യാറാകാത്തതിന്റെയും ഫലമായി ഇപ്പോഴും കാലിത്തീറ്റയുടെ വില നിർണയത്തിൽ പ്രശ്നങ്ങൾ തുടരുന്നു. ഇത് സ്ഥാപനം സ്ഥിരമായി വൻ നഷ്ടത്തിൽ പോകുന്നതിനും പ്രവർത്തന മൂലധനം തന്നെ ഇല്ലാതാകുന്ന സാഹചര്യത്തിലേക്കും നയിച്ചിരിക്കുകയാണ്. സർക്കാറിന്റെ ഇടപെടൽ മൂലം ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിന് തത്തുല്യമായ നഷ്ടപരിഹാരം സർക്കാരിൽ നിന്നും ലഭ്യമാകുന്നില്ല എന്ന് യാഥാർത്ഥ്യവും മുന്നിലുണ്ട്.

"സുരക്ഷിതമായ പാലിനും ആരോഗ്യമുള്ള പശുവിനും" ആയി രൂപം കൊണ്ട സ്ഥാപനം കേരളത്തിലെ ക്ഷീര മേഖലയുടെ മുഖം മാറ്റുന്നതിൽ നല്ലൊരു പങ്കു വഹിച്ചിട്ടുണ്ട് എന്നത് യാഥാർത്ഥ്യമാണ്. അസംസ്കൃത പദാർത്ഥങ്ങളുടേയും വിപണിയിൽ ലഭ്യമായ മറ്റ് ബ്രാന്റുകളുടെയും വിലയ്ക്ക് അനുസൃതമായി സ്വതന്ത്രമായ രീതിയിൽ വില കൂട്ടിയും കുറച്ചും ചലനാത്മകമായ വിലനിർണയം നടത്തുന്നതിനുള്ള സാഹചര്യം (Dynamic Pricing Policy) ഒരുക്കേണ്ടത് കേരള ഫീഡ്സ് എന്ന സ്ഥാപനത്തിന്റെ നിലനിൽപ്പിനും അതുവഴി ഗുണമേന്മയുള്ള, മിതമായ വിലയുള്ള കാലിത്തീറ്റ വിപണിയിൽ ലഭ്യമാക്കുന്നതിനും അവശ്യമാണ് എന്നതിലേക്ക് വെളിച്ചം വീശുന്നതിന് ഈ പ്രബന്ധം ഉദ്ദേശിക്കുന്നു.

Corporate Head (Materials), KFL, 9496227500, e mail id : pramodm100@gmail.com

181

# കെ എം എം എല്ലും കേരളത്തിന്റെ കരിമണൽ വ്യവസായത്തിന്റെ ഭാവിയും

സൂരജ് പദ്മനാഭൻ, അജേഷ് ചന്ദ്രൻ ബി.സി., മുഹമ്മദ് ഷബീർ പി.കെ.

കൊല്ലം, ആലപ്പുഴ ജില്ലകളുടെ തീരമേഖലയിൽ കാണപ്പെടുന്ന കരിമണലിന്റെ ക്രിയാത്മകമായ ഉപയോഗം ലക്ഷ്യമിട്ടു കൊണ്ട് നിലവിൽ വന്ന സ്ഥാപനമാണ് കൊല്ലം ചവറയിൽ സ്ഥിതി ചെയ്യുന്ന ദി കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ്. 1932ൽ സ്വകാര്യ സംരംഭകനായ എഫ്. എക്സ്. പെരേര, പെരേര ആൻഡ് സൺസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ മിനറൽ സെപ്പറേഷൻ പ്ലാൻ സ്ഥാപിച്ചു. 1956 ൽ ഇത് സംസ്ഥാന സർക്കാർ ഏറ്റെടുക്കുകയും പിന്നീട് 1972 ൽ കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് എന്ന പേരിൽ ഒരു പൊതുമേഖലാ കമ്പനിയായി മാറ്റുകയും ചെയ്തു.

കെഎംഎംഎൽ, വിക്രം സാരാഭായ് സ്പേസ് സെന്റർ (വി.എസ്.എസ്.സി), ഡിഫൻസ് മെറ്റലർജിക്കൽ റിസർച്ച് ലബോറട്ടറി (ഡി.എം.ആർ.എൽ) എന്നിവയുടെ സംയുക്ത സംരംഭമായ, രാജ്യത്തെ ആദ്യത്തെ ടൈറ്റാനിയം സ്പോഞ്ച് പ്ലാന്റ് (TSP) 2011 ഫെബ്രുവരി 27-ന് ഉദ്ഘാടനം ചെയ്യപ്പെട്ടു. ഇതോടെ, ടൈറ്റാനിയം ലോഹത്തിന്റെ അസംസ്കൃത വസ്തുവായ ടൈറ്റാനിയം സ്പോഞ്ച് ഉൽപാദന സാങ്കേതികവിദ്യയുള്ള ലോകത്തിലെ ഏഴാമത്തെ രാജ്യമായി ഇന്ത്യ മാറി. ഇന്ത്യയുടെ ബഹിരാകാശ ദൗത്യങ്ങൾക്കും പ്രതിരോധ മേഖലയ്ക്കും ആവശ്യമായ ടൈറ്റാനിയം സ്പോഞ്ച് വിതരണം ചെയ്യുന്നത് കമ്പനിയാണ്.

മിനറൽ സെപ്പറേഷൻ യൂണിറ്റ്, ടൈറ്റാനിയം പിഗ്മന്റ് യൂണിറ്റ്, ടൈറ്റാനിയം സ്പോഞ്ച് യൂണിറ്റ് എന്നീ മൂന്ന് യൂണിറ്റുകൾക്കുമായി ഒരു ബോർഡ് ഓഫ് ഡയറക്ടേഴ്സും ഒരു മാനേജിങ്ങ് ഡയറക്ടറുമാണ് ഉള്ളത്. മൂന്ന് യൂണിറ്റുകൾക്കും പ്രത്യേകം യൂണിറ്റ് മേധാവികളും, മൂന്നിന്റേയും ധനകാര്യ ഭരണത്തിന് ഒരു പൊതു മേധാവിയുമുണ്ട്.

ടൈറ്റാനിയം ഡയോക്സൈഡിന്റെ അന്തർദ്ദേശീയ മാർക്കറ്റ് വിലയിൽ ഇടക്കിടെ ഉണ്ടാകുന്ന ഉയർച്ച താഴ്ചകൾ, ഉത്പാദന പ്രക്രിയയിലുണ്ടാകുന്ന അയൺ ഓക്സൈഡ് ഖരമാലിന്യ പ്രശ്നം തുടങ്ങിയവയാണ് സ്ഥാപനം നേരിടുന്ന പ്രശ്നങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടവ.

പന്മന ഗ്രാമപഞ്ചായത്തിലെ കോലം, കളരി, മേക്കാട്, ചിറ്റൂർ, പൊൻമന, പൻമന, പോരൂക്കര എന്നീ വാർഡുകൾ കമ്പനിയുടെ പരിസരവാർഡുകളായി പരിഗണിച്ച് ഈ വാർഡുകളിൽ നിരവധി സാമൂഹിക വികസന, സംരക്ഷണ, ക്ഷേമ പ്രവർത്തനങ്ങൾ സ്ഥാപനം നടത്തിവരുന്നു. മെഡിക്കൽ ക്യാമ്പ്, കുടിവെള്ളവിതരണം, ഗ്രാമീണ മേഖലകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സാമ്പത്തിക സഹായങ്ങൾ, ചികിത്സാ ധനസഹായങ്ങൾ മുതലായവ സി.എസ്.ആർ ഫണ്ട് വഴി നൽകിവരുന്നു. കരിമണൽ ഖനനം നടത്തുന്ന സ്ഥലങ്ങളിലെ ഹരിത പുനരുജ്ജീവനം ലക്ഷ്യമിട്ട് 1000 തെങ്ങിൻ തൈകൾ നടുന്ന പദ്ധതി, തീരമേഖലയിൽ ജൈവ ഉദ്യാനമൊരുക്കുന്ന 'ഹരിതം ഈ തീരം' പദ്ധതി, തുടങ്ങി പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളും നടക്കുന്നുണ്ട്.

സ്ഥാപനത്തിന്റെ സുസ്ഥിര വികസനം ലക്ഷ്യമിട്ടു കൊണ്ട് വിഭാവനം ചെയ്തിട്ടുള്ള ബോയിലർ പ്രോജക്റ്റ്, ടിക്കിൾ പ്രീഹീറ്റർ പ്രോജക്റ്റ്, പ്രൊഡക്ഷൻ 40,000 ടണ്ണിൽ നിന്നും 60,000 ടണ്ണിലേക്ക് ഉയർത്താനുള്ള ഡി.ബോട്ടിൽ നെക്ക് പ്രോജക്റ്റ്, തുടങ്ങിയവ സമയ ബന്ധിതമായി പൂർത്തിയാക്കണം, പ്രധാന തസ്തികകളിൽ ഒഴിവ് വരുന്ന മുറക്ക് കൃത്യമായി നികത്തുന്നതിന് നടപടി സ്വീകരിക്കണം, എന്നിങ്ങനെ, ഭാവിയിലേക്ക് സ്ഥാപനത്തിന്റെ നിലനില്പിനെയും വളർച്ചയെയും പുരോഗതിയെയും ലക്ഷ്യമിട്ടു കൊണ്ട് ഭരണ തലത്തിലും പ്രവർത്തന തലത്തിലും വരുത്തേണ്ട മാറ്റങ്ങളെ കുറിച്ചുള്ള നിർദ്ദേശങ്ങൾ മുന്നോട്ട് വെക്കുന്നു.

---

KMML, Mob: 9562059499, E-mail: soorajpadmanabhan@gmail.com

## 182

# മലബാർ സിമന്റ്സ് ലിമിറ്റഡ്

ജിതേഷ് വി.

പൂർണമായും സർക്കാർ ഉടമസ്ഥതയിലുള്ള മലബാർ സിമന്റ്സ് ലിമിറ്റഡ്, കേരള സംസ്ഥാനത്തുടനീളമുള്ള ഉപഭോക്താക്കൾ ഉറപ്പുനൽകുന്ന മികച്ച നിലവാരമുള്ള സിമന്റുകളുടെ പര്യായമാണ്. 1978 ഏപ്രിലിൽ സ്ഥാപിതമായ കമ്പനി 1984 ഏപ്രിലിൽ അതിന്റെ വാളയാർ പ്ലാന്റിൽ ഉൽപ്പാദനം ആരംഭിച്ചു.

അടിസ്ഥാന നിർമാണ സാമഗ്രികൾ വിതരണം ചെയ്തുകൊണ്ട് മലബാർ സിമന്റ്സ് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് സംഭാവന നൽകുന്നു. പ്രതിവർഷം 4.2 ലക്ഷം ടൺ സിമന്റ് ഉൽപ്പാദന ശേഷിയുള്ള വാളയാറിലെ യൂണിറ്റാണ് ഏറ്റവും വലുത്. വിപുലീകരണ പരിപാടിയുടെ ഭാഗമായി, 2003 ഓഗസ്റ്റിൽ ആലപ്പുഴ ജില്ലയിലെ ചേർത്തലയിൽ 2.0 ലക്ഷം ടൺ ക്ലിങ്കർ-ഗ്രൈൻഡിംഗ് യൂണിറ്റ് കമ്മീഷൻ ചെയ്തു. അങ്ങനെ MCL-ന്റെ മൊത്തം സ്ഥാപിത ശേഷി 6.2 ലക്ഷം ടൺ ആണ്. ISO സർട്ടിഫിക്കേഷൻ നേടുകയും ഊർജ സംരക്ഷണത്തിലെ മികച്ച നേട്ടത്തിനുള്ള ദേശീയ അവാർഡ് നേടുകയും ചെയ്ത ആദ്യത്തെ പൊതുമേഖലാ സിമന്റ് കമ്പനിയാണ് MCL. കമ്മീഷൻ ചെയ്ത് 15 വർഷത്തിനുള്ളിൽ, കേരളത്തിലെ മൊത്തം സിമന്റ് ഉപഭോഗത്തിന്റെ 10% നിറവേറ്റാൻ മലബാർ സിമന്റ്സിന് കഴിഞ്ഞു. എന്നാൽ ഇന്ന് മലബാർ സിമന്റ്സ് അതിന്റെ എക്കാലത്തേയും വലിയ പ്രതിസന്ധികളിലൂടെ കടന്നുപോകുകയാണ്. മനുഷ്യവിഭവശേഷിയുടെ അപര്യാപ്തത, കാലങ്ങളായി തുടർന്ന് വന്നിരുന്ന സെയിൽസ് പോളിസിയിലെ അപാകതകൾ, പൊതുമേഖലാ സ്ഥാപനങ്ങൾക്കായി പ്രത്യേക വിൽപ്പന നയം ഇല്ലാത്തത്, സാങ്കേതിക രംഗത്തെ പിഴവുകൾ എന്നിങ്ങനെ ഒട്ടനവധി കാരണങ്ങൾ സ്ഥാപനത്തെ ഇപ്പോഴത്തെ അവസ്ഥയിലേക്ക് നയിച്ചതായി കാണാം.

രണ്ട് വർഷത്തിലേറെ കാലമായി സ്ഥിരം മാനേജിങ് ഡയറക്ടർ ഇല്ലെന്ന് മാത്രമല്ല കമ്പനിയിൽ സാങ്കേതിക വൈദഗ്ധ്യമുള്ള ഉന്നതോദ്യോഗസ്ഥന്മാരുടെ അഭാവം വർഷങ്ങളായി തുടരുകയാണ്. ഫാക്റ്ററി മാനേജരും കമ്പനിയുടെ സാങ്കേതിക തലവനുമായ ജനറൽ മാനേജർ (വർക്ക്സ്) തസ്തികയിൽ നിലവിലുള്ളത് ഒരു കരാർ ഉദ്യോഗസ്ഥനാണ്. കഴിഞ്ഞ ശമ്പള പരിഷ്കരണ സമയത്ത് ഒരു വർഷത്തിൽ കൂടുതലായി ഒഴിഞ്ഞു കിടക്കുന്നു എന്ന കാരണത്താൽ, ജനറൽ മാനേജർ (കമേർഷ്യൽ), ജനറൽ മാനേജർ (ഫിനാൻസ്), ഡെപ്യൂട്ടി ജനറൽ മാനേജർ(എഞ്ചിനീയറിംഗ്), ഡിജിഎം (പി &എ), മാനേജർ(പ്രൊഡക്ഷൻ), ജനറൽ മാനേജർ(ഫിനാൻസ്), ഡെപ്യൂട്ടി ജനറൽ മാനേജർ (എഞ്ചിനീയറിംഗ്) എന്നിങ്ങനെ കമ്പനിയിലെ നിരവധി ഉന്നത തസ്തികകൾ സർക്കാർ ഇല്ലാതാക്കി (abolished). ഡിജിഎം (പി &എ), മാനേജർ (പ്രൊഡക്ഷൻ), മാനേജർ(ഫിനാൻസ്), മാനേജർ(മറ്റീരിയൽസ്), ചീഫ് കെമിസ്റ്റ്, ചീഫ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ), ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (പ്രൊഡക്ഷൻ), ഡെപ്യൂട്ടി മാനേജർ (പ്രൊഡക്ഷൻ ആൻഡ് ക്വാളിറ്റി കൺട്രോൾ), ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ) എന്നീ സുപ്രധാന തസ്തികകൾ കമ്പനിയിൽ കാലങ്ങളായി ഒഴിഞ്ഞു കിടക്കുകയാണ്.

കമ്പനിയുടെ ഭരണ നിർവഹണത്തിലുള്ള അപാകതകൾ ഈ പ്രതിസന്ധികൾക്ക് പ്രധാന കാരണങ്ങളാണ്. ഈ കാരണങ്ങളിലേക്കും അവയുടെ പരിഹാരത്തിലേക്കുമുള്ള ഒരു അന്വേഷണമാണ് ഈ ലേഖനം.

AE (I), Malabar Cements Ltd., 9400317626, jitheshvenu@gmail.com

## 183

# കേരള സിറാമിക്സ് ലിമിറ്റഡ്

കൊല്ലം ജില്ലയിൽ കുണ്ടറയിൽ, ലഭ്യമായ കളിമണ്ണ് വ്യാവസായിക ആവശ്യത്തിന് ഉപയോഗിക്കുക എന്ന ലക്ഷ്യത്തോടെ സ്വാതന്ത്ര്യലബ്ധിക്ക് ഒരു പതിറ്റാണ്ട് മുൻപേ പ്രവർത്തനം ആരംഭിച്ച സ്ഥാപനമാണ് കേരള സിറാമിക് ലിമിറ്റഡ്. വളരെ മികച്ച രൂപത്തിൽ പ്രവർത്തന വിജയം കൈവരിച്ച് മുന്നോട്ട് പോയിരുന്ന സ്ഥാപനം 1990 കാലഘട്ടത്തോടെ നഷ്ടത്തിലേക്ക് എത്തുകയും ഗൾഫ് യുദ്ധകാലത്തുണ്ടായ ഇന്ധന ദൗർലഭ്യം നഷ്ടത്തിന് ആക്കം കൂട്ടുകയും ചെയ്തു. തുടർന്ന് പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കാനും അടച്ചുപൂട്ടാനും നിയോഗിക്കപ്പെട്ട ആർ.സി. ചൗധരി കമ്മിറ്റിയുടെ ശുപാർശ

പ്രകാരം 2003 ൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനത്തിന്റെ ഡിവിഷനുകൾ അടച്ചുപൂട്ടുകയും തുടർന്ന് പ്രവർത്തനം ക്ലെയ്സ് ആൻഡ് മിനറൽസ് എന്ന യൂണിറ്റിന്റെ മാത്രം പ്രവർത്തനമായി മാറുകയും ചെയ്തു. ഇവിടത്തെ ഉൽപ്പന്നം പ്രധാനമായും പേപ്പർ മില്ലുകൾക്ക് കോട്ടിങ് ആവശ്യത്തിനും കീടനാശിനി, ഡിറ്റർജന്റ് എന്നിവയുടെ ഫില്ലറുകളായും വ്യവസായ സ്ഥാപനങ്ങളിൽ ഉപയോഗിച്ചുവരുന്നു. സ്ഥാപനം 2016 ആയപ്പോഴും വൻ നഷ്ടത്തിൽ ആവുകയും അടച്ചുപൂട്ടലിന്റെ വക്കിലുമായി . 2016 അധികാരത്തിൽ വന്ന ഭരണസമിതി ചരിത്രപരമായ ഇടപെടലാണ് ആ സ്ഥാപനത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് വേണ്ടി നടത്തിയത്. കമ്പനിയുടെ ഉത്പാദനം വർദ്ധിപ്പിച്ച് ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണി വിഹിതം വർധിപ്പിക്കുവാനും അതിന് സഹായകരമായ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുവാനും അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുന്നതിനും ഉല്പാദന ചിലവ് കുറയ്ക്കുന്നതിനും വേണ്ടി ദീർഘവീക്ഷണത്തോടെ ഇടപെട്ടു. ഉയർന്ന വിലയുള്ള ഇന്ധനമായ ഡീസലിന് പകരം ചിലവ് കുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ LNG / LPG ഇന്ധന പ്ലാന്റിന്റെ നിർമ്മാണത്തിന് സർക്കാർ ധനസഹായം ലഭിച്ചതും ഈ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടി. ഇതോടൊപ്പം ഉല്പാദന ചെലവ് കുറയ്ക്കുന്നതിനായി കർമ്മ പദ്ധതി തയ്യാറാക്കി നടപ്പാക്കുകയും 2018-ൽ കമ്പനി വീണ്ടും പ്രവർത്തന ലാഭം കൈവരിക്കുകയും ചെയ്തു. 2015 -16 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 21 - 22 ആയപ്പോഴേക്കും ഉല്പാദനത്തിൽ 227 ശതമാനം വർദ്ധനവ് നേടുവാൻ ആയിട്ടുണ്ട്. 2021 -22 കാലഘട്ടത്തിൽ വിറ്റുവരവിൽ 455 ശതമാനം വർദ്ധനവ് നേടിയെടുത്തതിനോടൊപ്പം ഇന്ത്യയിലെ മുൻനിര പേപ്പർ നിർമ്മാണ കമ്പനികൾ ആയ ഐ.ടി.സി, TNPL കമ്പനികളെ ഉപഭോക്താക്കളായി നേടാനും സാധിച്ചു. 2015 16 ൽ 278 ലക്ഷം രൂപ തന്നാണ്ട് പ്രവർത്തന നഷ്ടത്തിൽ ആയിരുന്ന കമ്പനി 21 -22 ആയപ്പോഴേക്കും 65.29 ലക്ഷം രൂപ പ്രവർത്തന ലാഭത്തിൽ എത്തി. കമ്പനിയുടെ ഉത്പാദന ചിലവിന്റെ നാല്പത് ശതമാനം മുതൽ 50 ശതമാനം വരെ വൈദ്യുതി ചെലവിനമായിരുന്നു. അടിയന്തിര കർമ്മപദ്ധതിയിൽ ഈ ചെലവുകൾ കുറയ്ക്കുവാനാണ് മുൻഗണന നൽകിയത് ഇന്ധന ചെലവ് കുറയ്ക്കുവാനായി LPG യിലേക്ക് മാറാൻ 2017 – 18ൽ സർക്കാർ നടപ്പിലാക്കിയ പ്രോജക്ട് 2017 ഡിസംബറിൽ പൂർത്തീകരിച്ചു. ഇതുവഴി ഒരു ടണ്ണിന് 6000 രൂപയോളം വരുന്ന ഇന്ധന ചെലവ് 1800 രൂപയിലേക്ക് കുറയ്ക്കുവാനും സാധിച്ചു. രാജ്യത്തിന്റെ മാനവ വിഭവശേഷിയിൽ ഗണ്യമായ പങ്കുവഹിക്കുന്ന സ്ത്രീകളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിലും സ്ത്രീ തൊഴിൽ ശാക്തീകരണത്തിലും കേരളം പോലെ ജനസാന്ദ്രതയേറിയ ഒരു സംസ്ഥാനത്ത് തൊഴിൽ ശാലകൾ അനുവർത്തിക്കേണ്ട ഉത്തരവാദിത്തം വളരെ വലുതാണ് എന്നുള്ളത് കൊണ്ട് കമ്പനിയുടെ മാസ്റ്റർ പദ്ധതിയിൽ ഈ വിഷയം പരിഹരിക്കുവാനും ശ്രമിച്ചിട്ടുണ്ട്. സമാന മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികളെ ഏകീകരിച്ച് ഒരു ഭരണസംവിധാനത്തിൻ കീഴിലാക്കുക എന്നത് കാലങ്ങളായി പരിഗണിക്കപ്പെട്ടു വരുന്ന ഒരു വിഷയമാണ് സ്വകാര്യമേഖലയുമായി മത്സരിച്ച് മുന്നേറാൻ ഇത് പൊതുമേഖലയ്ക്ക് പ്രയോജനമാകുന്നു നിലവിൽ പൊതുമേഖല സ്ഥാപനങ്ങൾ തമ്മിൽ തന്നെ മത്സരിക്കുന്നതും ആർക്കും പ്രയോജനകരമല്ലാത്ത അവസ്ഥ അവസാനിപ്പിക്കുന്നതിനും ഇതുകൊണ്ട് കഴിയുന്നു. അതോടൊപ്പം ആഗോളീകരണത്തിന്റെ ഭാഗമായി ഉയർന്നുവരുന്ന വെല്ലുവിളികൾ നേരിടാനും പൊതുമേഖലാ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതുക്കൊണ്ട് സമാന സ്വഭാവം ഉള്ള ഏകീകരണം എന്ന ആശയം ഇക്കാലത്ത് ഏറെ പ്രസക്തവുമാണ്.

184

# നിയമസഭാ കമ്മിറ്റികളും പാർലമെന്ററി ജനാധിപത്യവും

സോണിമോൾ വി.

സംസ്ഥാനത്തെ ജനപ്രാതിനിധ്യം ഉറപ്പാക്കിയും ജനങ്ങളുടെ പ്രശ്നങ്ങളോട് പ്രതികരിച്ചും അവരോടുള്ള ഉത്തരവാദിത്വം നിറവേറ്റിയും ജനഹിതം മനസ്സിലാക്കി പ്രവർത്തിക്കുന്ന ജനാധിപത്യത്തിന്റെ പ്രതിഫലനമാണ് സംസ്ഥാന നിയമസഭകൾ. നിയമനിർമ്മാണം നിർവഹിക്കുക, സർക്കാർ നയങ്ങൾ പ്രയോഗത്തിൽ വരുത്തുക, ഭരണപരമായ കാര്യങ്ങൾ നിരീക്ഷിക്കുക, എക്സിക്യൂട്ടീവിന്റെ പ്രവർത്തനങ്ങളിൽ ജാഗ്രത പുലർത്തുക, സംസ്ഥാനത്തിന്റെ സാമ്പത്തിക കാര്യങ്ങളെ സംബന്ധിച്ച് സൂക്ഷ്മ പരിശോധന നടത്തുക, വാർഷിക ബജറ്റ് പാസാക്കുന്നതിനായി ഗണനീയമായ സമയം നീക്കിവയ്ക്കുക തുടങ്ങിയ പ്രധാന വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി നിയമസഭയ്ക്ക് അതിന്റെ നടപടിക്രമങ്ങളിലുടെ ഭരണപരമായ കാര്യങ്ങളിൽ ഒരു മേൽനോട്ടത്തിനപ്പുറം സസൂക്ഷ്മമായ നിരീക്ഷണം സാധ്യമാകുന്നത് ജനാധിപത്യ സംവിധാനത്തിന്റെ പരിപൂർണ്ണമായ അർത്ഥത്തിലുള്ള നിയമസഭാ സമിതികളെന്ന നിയമസഭയുടെ മിനിയേച്ചർ

സംവിധാനത്തിലൂടെയാണ്. പ്രതിപക്ഷവും ഭരണപക്ഷവും അടങ്ങുന്ന പാർലമെന്ററി സിസ്റ്റത്തിന്റെ ഒരു കൂട്ടുത്തരവാദിത്തം നിലനിർത്തിയുള്ള പ്രവർത്തനമാണ് നിയമസഭാ കമ്മിറ്റികളുടേത്.

ജനപ്രതിനിധികൾ ഉൾപ്പെടുന്ന സമിതികൾ ആയതുകൊണ്ട് തന്നെ ജനങ്ങളുടെ അടിസ്ഥാനപരമായ പ്രശ്നങ്ങൾ മനസ്സിലാക്കിക്കൊണ്ട് അവയെ ആഴത്തിൽ പഠിക്കുകയും ഗവൺമെന്റ് നയങ്ങൾ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുകയും ആവശ്യമുള്ള രേഖകൾ ഗവൺമെന്റിൽ നിന്ന് ആവശ്യപ്പെടുകയും ഉദ്യോഗസ്ഥരെ അവരുടെ കാഴ്ചപ്പാടുകൾ വിവരിക്കുന്നതിനായി ക്ഷണിച്ചു വരുത്തുകയും എക്സിക്യൂട്ടീവിനെ അവരുടെ ഉത്തരവാദിത്വങ്ങൾ ശരിയാംവിധം നിർവഹിക്കുന്നതിന് ജാഗരൂകരാക്കുകയും ചെയ്യുന്നതിനായി നിയമസഭാ സമിതികൾക്ക് കഴിയുന്നു.

കേരളത്തിൽ നിയമനിർമ്മാണ രംഗത്ത് നിയമസഭാ സമിതികളുടെ ചരിത്രത്തിന് 1868-ലെ തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിന്റെ രൂപീകരണത്തോടൊപ്പം തന്നെ പഴക്കമുണ്ട്. നിയമസഭകളുടെ പരിഗണനയ്ക്ക് വിധേയമാകേണ്ടുന്ന വിഷയങ്ങളുടെ ബാഹുല്യവും സങ്കീർണ്ണതയും കാലാനുഗതമായി വിവിധ നിയമസഭാ കമ്മിറ്റികളുടെ രൂപീകരണത്തിന് കാരണമായി. നിലവിൽ 4 ഫിനാൻഷ്യൽ കമ്മിറ്റികൾ, 14 വിഷയസമിതികൾ, 9 ക്ഷേമ സമിതികൾ, സഭയുടെ പ്രവർത്തനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ട 5 സമിതികൾ, പ്രിവിലേജ് എത്തിക്സ് അംഗങ്ങൾക്ക് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് എന്നിവ സംബന്ധിച്ച സമിതികൾ, പൊതുവായ രണ്ട് സമിതികൾ എന്നിവ ഉൾപ്പെടെ 37 സമിതികളാണ് കേരള നിയമസഭയിലുള്ളത്.

നിയമസഭയുടെ ലഘുരൂപമായ നിയമസഭാ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകി അവയുടെ ശിപാർശകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എക്സിക്യൂട്ടീവ് നിതാന്ത ജാഗ്രത പുലർത്തുന്നുണ്ടോ എന്ന വസ്തുത പരിശോധിക്കപ്പെടേണ്ടതാണ്. നിയമസഭയിൽ അവതരിപ്പിക്കുന്ന ബില്ലുകൾ സെലക്ട് കമ്മിറ്റിക്കും സബ്ജക്ട് കമ്മിറ്റിക്കും വിടുമ്പോൾ അവ വിശദമായി പഠിക്കുന്നതിന് സമയ പരിമിതിമൂലം കമ്മിറ്റികൾക്ക് സാധിക്കാറില്ല. ഭരണ സംവിധാനത്തിലും പദ്ധതി നടത്തിപ്പിലും മെച്ചപ്പെടുത്തലിനായി തിരുത്തലുകളും ഭേദഗതികളും സമിതികൾ നിർദ്ദേശിക്കുമ്പോൾ അവ വസ്തുനിഷ്ഠമായി വിലയിരുത്തി സ്വീകരിച്ചുകൊണ്ട് മുന്നോട്ട് പോകാൻ തയ്യാറാകുമ്പോൾ മാത്രമാണ് ജനാധിപത്യത്തിലും പാർലമെന്ററി സംവിധാനങ്ങളോടുമുള്ള സർക്കാരിന്റെ പ്രതിബന്ധത പാലിക്കപ്പെടുന്നത്.

നിയമസഭാ കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക എന്നത് ജനാധിപത്യത്തിന്റെയും ഭരണഘടനാമൂല്യങ്ങളുടെയും സംരക്ഷണത്തിന് കൂടുതൽ ശക്തി പകരുന്നതാണ്. കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ജനങ്ങൾക്ക് അനുഭവവേദ്യമാകുംവിധം കൂടുതൽ വിപുലപ്പെടുത്തുന്നതിലൂടെ സാമാജികർക്ക് ജനങ്ങളോട് കൂടുതൽ സംവദിക്കുന്നതിനും പൊതുജനങ്ങളുടെ അഭിപ്രായങ്ങളും താത്പര്യങ്ങളും അറിയുന്നതിനും ജനങ്ങളുടെ വിശ്വാസ്യത നേടുന്നതിനും സഹായകരമാകുന്നു. നിയമസഭാ കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അധികാര പരിധി വർദ്ധിപ്പിച്ചുകൊണ്ട് പൊതുസമൂഹത്തിന്റെ പ്രശ്നങ്ങളിൽ സജീവ ഇടപെടൽ നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ഈ പ്രബന്ധത്തിലുടെ മുന്നോട്ടു വയ്ക്കാനാഗ്രഹിക്കുന്നു.

അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, കേരള ലെജിസ്ലേറ്റീവ് അസംബ്ലി, 9633731199

185

# സാമാജികർ നിയമസഭാ പ്രവർത്തനങ്ങളിൽ ക്രിയാത്മകമായി ഇടപെടേണ്ടത് സംബന്ധിച്ച്

ഡി.ഡി. ഗോഡ്ഫ്രീ

നമ്മുടെ നിയമസഭയും നിയമനിർമാണ പ്രക്രിയയും ഭരണ സംവിധാനങ്ങളുമെല്ലാം ജനപ്രതിനിധികളെ കേന്ദ്രീകരിച്ചാണ് നിലനിൽക്കുന്നത്. ന്യായമായും ഒരു ജനാധിപത്യ ഭരണക്രമം അങ്ങനെ തന്നെയാണ് നിലനിൽക്കേണ്ടതും. ഇത്തരം ഒരു ജനകീയ ഭരണക്രമത്തെ ക്രിയാത്മകമായി മുന്നോട്ടു നയിക്കുന്നതിൽ അനന്യമായ പങ്കാണ് നമ്മുടെ സാമാജികർ വഹിക്കുന്നത്. മണ്ഡലങ്ങളിലെ വിവിധ പ്രവർത്തനങ്ങൾ എന്നതുപോലെ തന്നെ നിയമസഭയിലെ ഇടപെടലുകളായും വിവിധ നിയമസഭാ സമിതികളുടേയും പ്രവർത്തനങ്ങളുടെയും ഭാഗമായും നേതൃത്വമായുമെല്ലാം നാടിന്റെ പുരോഗതിക്കുവേണ്ടി വലിയ ഉത്തരവാദിത്വങ്ങളാണ് അവരിൽ നിക്ഷിപ്തമായിരിക്കുന്നത്. നമ്മുടെ സാമാജികരുടെ നിയമസഭയിലെ ക്രിയാത്മകമായ ഇടപെടലുകളെക്കുറിച്ചു പലപ്പോഴും ചർച്ചകളും വിമർശനങ്ങളുമൊക്കെ നടക്കാറുണ്ട്. സാമാജികർ പൊതുവിൽ മാധ്യമ സംവാദങ്ങളിലും മണ്ഡലത്തിലെ അടിസ്ഥാന വികസന കാര്യങ്ങളിലും ചെലുത്തുന്ന ശുഷ്കാന്തി നിയമസഭക്ക് അകത്തുള്ള ഗൗരവമേറിയ ഇടപെടലുകളിൽ ഉണ്ടാകാറില്ല എന്ന

വിമർശനം പലപ്പോഴും ഉയരാറുണ്ട്. സംസ്ഥാനത്തിന്റെ പൊതുവായ പുരോഗതിക്കും സാമാജികർ എന്ന രീതിയിലുള്ള ജനപ്രതിനിധികളുടെ വികാസത്തിനും നിശ്ചയമായും നിയമസഭയിലെ ഇടപെടലുകൾ സുപ്രധാനമാണ്.

സഭാചട്ടങ്ങളെക്കുറിച്ചും നിയമനിർമാണപ്രവർത്തനങ്ങളുടെ സങ്കീർണതകളെക്കുറിച്ചുമെല്ലാം ചർച്ചകളും ശില്പശാലകളുമെല്ലാം നിയമസഭ സംഘടിപ്പിക്കാറുണ്ട്. അതിൽ സാമാജികരുടെ പങ്കാളിത്തവും ഉണ്ടാകാറുണ്ട്. എന്നാൽ മാറുന്ന കാലഘട്ടത്തിലെ പൊതുപ്രവർത്തന രംഗത്തെ കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാടുകളിൽ കേവലം ചാനൽ ചർച്ചകളും ഇൻഫ്രാസ്ട്രക്ച്ചർ വികസനവും മാത്രമായി ചുരുങ്ങുന്നുണ്ടോ എന്നത് പരിശോധിക്കേണ്ടതാണ്. ഇത് പൊതുജനങ്ങളിൽ സാമാജികരെക്കുറിച്ചുള്ള തെറ്റായ കാഴ്ചപ്പാടുകളിലേക്കും പ്രതീക്ഷകളിലേക്കും നയിക്കുകയും ചെയ്യുന്നു. ഇവിടെ നമ്മൾ സ്വയം ഒരു സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കേണ്ട കാലം വന്നെത്തിയിരിക്കുകയാണ്. നമ്മുടെ വികസന മാനദണ്ഡങ്ങളെക്കുറിച്ചും എംഎൽഎ ഫണ്ടിന്റെ കാര്യക്ഷമ മായ വിനിയോഗത്തെക്കുറിച്ചുമെല്ലാം കൂടുതൽ ക്രിയാത്മകമായ ചർച്ചുകൾ ഉണ്ടാകണം. നിയമസഭയിൽ എങ്ങനെ ഇടപെടണമെന്നത് സംബന്ധിച്ചു സാമാജികർക്ക് വിശേഷിച്ചും പുതിയ ആളുകൾക്ക് കൃത്യമായ മാർഗദർശനങ്ങളും പ്രോത്സാഹനങ്ങളും നൽകേണ്ടതുണ്ട്. ഗൗരവതരമായി സഭ നടന്നുകൊണ്ടിരിക്കുമ്പോൾ അലസമായി ഇടപെടുകയും ഇരിക്കുകയും ചെയ്യുന്നവരെ കുറിച്ചുള്ള വിലയിരുത്തലുകളും ചർച്ചകളുമെല്ലാം സോഷ്യൽ മീഡിയയിലടക്കം ഇന്ന് വലിയതോതിൽ നടക്കുന്നുണ്ട്. ഇത് ജനാധിപത്യ പ്രക്രിയയെ കുറിച്ചുതന്നെ അവമതിപ്പുണ്ടാകാൻ കാരണമാകുന്നുണ്ട്. ഇന്ത്യയിൽ വർഗീയതയിലൂടെ മുതലാളിത്തം കൂടുതൽ ശക്തമായി പിടിമുറുക്കുന്ന ഒരു സാമൂഹിക-സാമ്പത്തിക വ്യവസ്ഥിതി നിർമിക്കാനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അവകാശപ്പോരാട്ടങ്ങൾ ഉയർത്തിക്കൊണ്ട് ഇതിനെതിരേയുള്ള ചെറുത്തുനിൽപ്പ് കൂടുതൽ കരുത്താർജിക്കേണ്ടതുണ്ട്. ക്രിയാത്മകതയിൽ വേരൂന്നി നിന്നുകൊണ്ടുള്ള ആഴത്തിലുള്ള, വർഗപരമായ ഇടപെടലുകളാണ് ആവശ്യം. ഇതിന് അടിസ്ഥാനപരമായി നന്നായി വിഷയങ്ങൾ പഠിക്കുകയും നന്നായി ഗൃഹപാഠം ചെയ്തു അവ സഭയിലടക്കം അവതരിപ്പിക്കുകയും ചെയ്യുകയാണ് വേണ്ടത്.

അഡീഷണൽ സെക്രട്ടറി, കേരള ലെജിസ്ലേറ്റീവ് അസംബ്ലി, 9446354591

186

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

ബി. ജയകുമാർ

ഇന്ത്യയിലെ ഏറ്റവും ശക്തമായ പബ്ലിക് സർവ്വീസ് കമ്മീഷനാണ് കേരളത്തിലുള്ളത്. ഏതാണ്ട് 70 ലക്ഷം ഉദ്യോഗാർത്ഥികൾ കേരളാ പി.എസ് സി യിൽ വൺ ടൈം രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. 1949-ൽ ആരംഭിച്ച ഈ സ്ഥാപനം കേരളത്തിലെ സർക്കാർ മേഖലയിൽ ജീവനക്കാരെ റിക്രൂട്ട് ചെയ്യുന്ന ഏജൻസിയായി പ്രവർത്തിക്കുന്നു. മാതൃകാപരമായി നടത്തുന്ന ഈ വകുപ്പ് കാലോചിതമായി വികസിച്ചിട്ടുണ്ടെങ്കിലും കാലഘട്ടം ആവശ്യപ്പെടുന്ന തരത്തിലുള്ള പരിഷ്കരണങ്ങൾ നടത്തേണ്ടതാണ്. പരീക്ഷകൾ, ഇന്റർവ്യൂ, കായിക ക്ഷമതാ പരീക്ഷകൾ, പ്രായോഗിക പരീക്ഷകൾ തുടങ്ങി നിയമന ശിപാർശകൾ വരെ വിപുലമായ പ്രവർത്തനങ്ങൾ നടത്തുന്നു.

ലാസ്റ്റ് ഗ്രേഡ് മുതൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് വരെയുള്ള ആയിരത്തി എഴുന്നൂറിൽ പരം തസ്തികകളിലേക്ക് കേരള പി.എസ്.സി തെരഞ്ഞെടുപ്പു നടത്തുന്നു. കാലാനുസൃതമായ പരിഷ്കാരങ്ങൾ നടത്തിയാണ് കാര്യക്ഷമത മെച്ചപ്പെടുത്തിയത്. 2001 ൽ ഒ.എം.ആർ മാതൃകയിൽ പരീക്ഷ തുടങ്ങി. 2002 ൽ സ്വന്തമായി വെബ് സൈറ്റ് തുടങ്ങി. 2007 ൽ അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കാൻ തുടങ്ങി. 2012 ൽ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് വൺ ടൈം വെരിഫിക്കേഷൻ തുടങ്ങി. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് ഇ- വേക്കൻസി സോഫ്റ്റ് വെയർ സംവിധാനം ആരംഭിച്ചു. പരീക്ഷാ ജോലികൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചു. ഫയൽ നീക്കം ഇ-ഓഫിസ് വഴിയാക്കി. ഉദ്യോഗാർത്ഥികൾക്കുള്ള അറിയിപ്പുകൾ പ്രൊഫൈൽ വഴിയും, എസ്.എം.എസ് അലർട്ട് വഴിയുമാക്കി. ഓൺലൈൻ പരീക്ഷ നടപ്പിലാക്കി. സ്വന്തം നിലയിൽ ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ സ്ഥാപിച്ചു. പരീക്ഷാ ഫലം വേഗത്തിലായി. ഓൺ സ്ക്രീൻ മാർക്കിങ്ങ് (OSM) പരീക്ഷാ രീതി വഴി എഴുത്തുപരീക്ഷ നടപ്പിലാക്കി. Double Valuation വഴി മൂല്യനിർണ്ണയത്തിൽ വിശ്വാസ്യത ഉറപ്പാക്കി. ഇ - റിസൾട്ട് പ്രോസോഫ്റ്റ് വെയർ മുഖാന്തിരം വിവിധ ചുരുക്കപട്ടികകൾ / റാങ്കു പട്ടികകൾ കാലതാമസമില്ലാതെ പ്രസിദ്ധീകരിക്കാൻ തുടങ്ങി. Digilocker വഴി ലഭിക്കുന്ന സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് സംവിധാന

മൊരുക്കി. വകുപ്പുതല പരീക്ഷയുടെ സർട്ടിഫിക്കറ്റ് ഡിജിലോക്കർ വഴിയും ലഭ്യമാക്കി. നിയമന ശിപാർശകൾ ഉദ്യോഗാർത്ഥികളുടെ പ്രൊഫൈൽ വഴി ലഭ്യമാക്കി. വിവിധ വകുപ്പുകൾക്കുള്ള നിയമന ശിപാർശകത്തുകൾ ഇ- വേക്കൻസി സോഫ്റ്റ് വെയർ വഴി നിയമനാധികാരികൾക്ക് ലഭ്യമാക്കി. വാർഷിക പരീക്ഷാ കലണ്ടർ തയ്യാറാക്കി. ഉദ്യോഗാർത്ഥികൾക്ക് പരീക്ഷാ തയ്യാറെടുപ്പിന് ആവശ്യമായ സമയം ലഭ്യമാക്കി. കേരളത്തിലെ വിവിവ സാമൂഹ്യ സാമ്പത്തിക ശ്രേണിയിൽപ്പെട്ടവർ സർക്കാർ സർവീസിന്റെ റെ ഭാഗമായത് ചട്ടമനുസരിച്ചുള്ള കേരള പി എസ് സിയുടെ റിക്രൂട്ട്മെന്റ് രീതി വഴിയാണ്. അതു കൊണ്ടു തന്നെ കേരളത്തിന്റെ സാമൂഹ്യ-സാമ്പത്തിക വികാസത്തിൽ കേരള പി എസ് സി യും വലിയ പങ്കു വഹിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തെ കൂടുതൽ കാര്യക്ഷമമാക്കുക എന്നത് സാമൂഹ്യനീതിക്കാവശ്യമാണ്.

പി.എസ്.സി യിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് നൂതനമായ രീതി വേണം. റിട്ടയർമെന്റ്, പ്രൊമോഷൻ, രാജി, ദീർഘമായ അവധി എന്നീ ഘട്ടങ്ങളിൽ സംജാതമാകുന്ന ഒഴിവുകൾ അതാത് സമയത്ത് തന്നെ റിപ്പോർട്ട് ചെയ്യുന്നതിന് SPARK വഴിയോ/ നൂതനമായ സോഫ്റ്റ് വെയർ മുഖാന്തിരമോ സംവിധാനമുണ്ടാക്കിയാൽ ഒഴിവുകൾ പൂഴ്ത്തിവെക്കുന്നുവെന്ന പരാതികൾക്ക് പരിഹാരമാകും. പുതിയ കോഴ്സുകളുടെ സ്വഭാവം പഠിക്കുന്നതിനും അവ ഏതൊക്കെ തസ്തികകളുടെ യോഗ്യതകളാവാം എന്നതിൽ അക്കാദമിക തലത്തിൽ പരിശോധന നടത്തണം.

ഉദ്യോഗാർത്ഥികളുടെ പരാതികൾ കേൾക്കുന്നതിനും തുടർ നടപടി വേഗത്തിലാക്കുവാനും PSC യിൽ ജില്ലകൾ തോറും കമ്മീഷൻ നേതൃത്വത്തിൽ അദാലത്ത് നടത്തുന്നത് കൂടുതൽ ജനകീയവും സുതാര്യവുമാകുന്നതിന് സഹായകമാണ്. പി.എസ്.സി. നിയമന ശിപാർശ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് നിയമനത്തിന് മുന്നോടിയായി ആവശ്യമായ പ്രാഥമിക പരിശീലനം നൽകുന്നതിനോ നിയമനം ലഭിച്ചയുടൻ വകുപ്പുതലത്തിൽ പരിശീലനം നൽകുന്നതിനോ സംവിധാനമുണ്ടാകുന്നത് കാര്യശേഷി മെച്ചപ്പെടുത്താൻ നല്ലതായിരിക്കും. ഇതിനായി സ്റ്റേറ്റ് സിവിൽ സർവ്വീസ് ട്രെയിനിംഗ് സെന്റർ സ്ഥാപിക്കാവുന്നതാണ്. PSC റാങ്ക് ലിസ്റ്റിൽ ഒഴിവുകളുടെ പല ഇരട്ടി ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തുന്നതു മൂലം നിയമനം കിട്ടാത്തവരുടെ എണ്ണം വളരെ കൂടുതലാണ്. ഇത്തരക്കാർ സംഘടിക്കുകയും പ്രതിഷേധിക്കുകയും ചെയ്യുന്ന പ്രവണതയുണ്ട്. അതിനാൽ റാങ്ക് ലിസ്റ്റ് ഘടന സംബന്ധിച്ച് പ്രായോഗികമായ തീരുമാനമുണ്ടാകുന്നത് ഉചിതമായിരിക്കും.

---

കേരള പി.എസ്.സി. എംപ്ലോയീസ് യൂണിയൻ

187

## ഇ-ഗവേർണൻസ്
## ജനോന്മുഖത – കാര്യക്ഷമത

ഗിരീഷ് ഐ.

വൈജ്ഞാനിക സമ്പദ് വ്യവസ്ഥ ജ്ഞാനസമൂഹത്തിന്റെ പ്രവർത്തനഫലമാണ്. വൈജ്ഞാനിക സമൂഹത്തിന്റെ ഏതൊരു ഇടപെടലുകളും സമ്പദ് വ്യവസ്ഥയെയും പ്രവർത്തനങ്ങളുടെ നിലവാരത്തെയും സ്വഭാവത്തെയും ഗുണത്തെയും മെച്ചപ്പെടുത്തുന്നതാണ് വൈജ്ഞാനിക സമ്പദ്വ്യവസ്ഥയിൽ അധിഷ്ഠിതമായ നവകേരളത്തിന്റെ ഭരണനിർവഹണം. അതിനൂതനവും അതിസൂക്ഷ്മവും കാര്യക്ഷമവും ആവേണ്ടതുണ്ട്. അപ്രകാരം ഭരണനിർവഹണം പ്രായോഗികതലത്തിൽ കൊണ്ടുവരുന്നതിന് അടിസ്ഥാന സൗകര്യം, ഘടന, സ്വഭാവം, ചിന്ത, പദ്ധതികൾ എന്നിവയെല്ലാം അതിനുതകുന്ന രീതിയിലേക്ക് മാറേണ്ടതുണ്ട്. ഇലക്ട്രോണിക് സംവിധാനവും പേപ്പർലസ് ഓഫീസ് കോൺസെപ്റ്റും ഇതിലേക്കുള്ള ഗുണപരമായ സംഭാവനകൾ ആണ്. ഇ- ഓഫീസ് ഫയൽ സംവിധാനം, ഇ- പെയ്മെന്റ്, ഇ-മെയിൽ, ഇ-പോർട്ടലുകൾ തുടങ്ങിയ സംവിധാനങ്ങൾ ഭരണനിർവഹണത്തിനായി ഉപയോഗപ്പെടുത്തുന്നത് കാര്യക്ഷമമായ സിവിൽ സർവീസിന് വളരെയധികം ഗുണകരമായിട്ടുണ്ട്. ഇതിന്റെ സാധ്യതകൾ കൂടുതൽ മെച്ചപ്പെടുത്തുന്നതോടൊപ്പം അവലോകനത്തിനും follow-up നും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കൂടി ഉപയോഗപ്പെടുത്തുമ്പോൾ സിവിൽ സർവീസ് കുറ്റമറ്റതാക്കാൻ സാധിക്കും.

ഇ ഗവേർണൻസ് നടപ്പിലാക്കുന്നതിനോടൊപ്പം നിലവിലുള്ള 'ഫയൽ നീക്കം' അതേപോലെ തന്നെ ഡിജിറ്റൽ സംവിധാനത്തിലേക്ക് മാറുക എന്നത് ഗുണകരമല്ല. ഉദാഹരണത്തിന് സർക്കാരിൽ നിന്നും ഒരു ആനുകൂല്യം ഗുണഭോക്താവിന് ഇ- പെയ്മെന്റ്

വഴി നൽകുമ്പോൾ "തെളിവി " നായി കടലാസിൽ സ്റ്റാമ്പ് ഒട്ടിച്ച അഡ്വാൻസ് രസീത് വാങ്ങി വയ്ക്കുന്ന ഓഫീസും അത് സമർപ്പിച്ചാൽ മാത്രമേ ബില്ല് മാറുകയുള്ളൂ എന്ന് വാശിപിടിക്കുന്ന ട്രഷറിയും മാറി ചിന്തിക്കേണ്ടതുണ്ട്. ഓഡിറ്റ് സംവിധാനം ഇപ്പോഴും ഇലക്ട്രോണിക് സംവിധാനത്തിലേക്ക് മാറാത്തതും ചിന്താഗതികൾ മാറാത്തതിന് ഒരു പ്രധാന ഉദാഹരണമാണ്. ഇലക്ട്രോണിക് രേഖപ്പെടുത്തലുകൾ ഉള്ളപ്പോൾ തന്നെ ഓഡിറ്റിനായി രജിസ്റ്ററുകളും ഫയലുകളും ഹാർഡ്കോപ്പിയായി സമർപ്പിക്കേണ്ടുന്ന ഓഡിറ്റിന്റെ പഴഞ്ചൻ ചിന്താഗതികളും നിയമങ്ങളും മാറുമ്പോൾ മാത്രമേ ഭരണനിർവഹണം കാര്യക്ഷമമായി മുന്നോട്ടു പോവുകയുള്ളൂ. വൈജ്ഞാനിക നവകേരളത്തിന്റെ ഭരണനിർവഹണത്തിന് ഉതകുന്ന തരത്തിൽ നിയമങ്ങളും ചട്ടങ്ങളും കാലാനുസൃതമായി അതിസൂക്ഷ്മതലത്തിൽ പരിഷ്കരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

ഒരു സർക്കാർ വകുപ്പിന്റെ കാര്യക്ഷമത അതിലെ ജീവനക്കാരുടെ ഉദ്പാദനക്ഷമത ആണെന്ന് കാണേണ്ടതുണ്ട്. അതുകൊണ്ട് അവരുടെ ഔട്ട്പുട്ട് പരിശോധനാ വിധേയമാക്കുന്ന സംവിധാനങ്ങൾ കൊണ്ടുവരേണ്ടതുണ്ട്. വൈജ്ഞാനിക സമൂഹത്തിലെ ഉത്പാദന പ്രക്രിയ ഏതെങ്കിലും കേന്ദ്രത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഒരു ഫാക്ടറി കൺസെപ്റ്റിൽ മാത്രമുള്ളതല്ല. ഓഫീസ് എന്ന ആശയം നാല് ചുമരുകൾക്കുള്ളിൽ ഒതുങ്ങുന്ന പ്രവർത്തന കേന്ദ്രം എന്നത് വളരെ അടിസ്ഥാനപരമായി ഉള്ളതും ചുമരുകൾക്കപ്പുറത്തേക്ക് വികസിക്കുന്ന പ്രവർത്തന മണ്ഡലത്തോട് കൂടിയുള്ളതുമാണ്.ഈ ആശയത്തെ വളരെയധികം പിന്തുണയ്ക്കുന്നതാണ് ഇ- ഓഫീസ് സംവിധാനം. കോവിഡ് മഹാമാരിയുടെ പ്രതിസന്ധി ഘട്ടത്തിൽ ഭരണനിർവഹണത്തിൽ ഇ- ഓഫീസ് സംവിധാനം നിർണായക പങ്കുവഹിച്ചിട്ടുണ്ട്. ഒരു ഫാക്ടറി സംവിധാനത്തിൽ ഹാജർ രേഖപ്പെടുത്തുന്നതിന്റെ സാങ്കേതിക സംവിധാനമായി പഞ്ചിങ്ങ് സമ്പ്രദായത്തെ കാണാമെങ്കിലും ഇ- ഓഫീസിന്റെ വിശാലതയെ പരിമിതപ്പെടുത്തുന്നതാണ് പഞ്ചിംഗ് സംവിധാനം. കൂടാതെ പഞ്ചിങ് ഉറപ്പാക്കുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ കാര്യക്ഷമതയും ഔട്ട്പുട്ടും ഉറപ്പാക്കപ്പെടുന്നില്ല എന്നതും അതിന്റെ പരിമിതിയാണ്. ഫയൽ പരിശോധിക്കുന്നതിലും ഫയലിന്റെ നീക്കങ്ങളിലുമാണ് ഇ- ഓഫീസിലെ സംവിധാനം എങ്കിൽ പരിശോധിക്കുന്ന ഫയലുകളുടെ എണ്ണവും ഫയലുകൾ നീക്കുന്നതിന്റെ വേഗതയും മനസ്സിലാക്കി ജീവനക്കാരുടെ ഔട്ട്പുട്ട് കണ്ടെത്തുവാനും ഇ- ഓഫീസിൽ സംവിധാനം വരേണ്ടതുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംവിധാനത്തിലൂടെ കാര്യക്ഷമത പരിശോധിക്കുന്നതിനുള്ള വൈജ്ഞാനിക സാങ്കേതിക സംവിധാനം നടപ്പാക്കുക എന്നത് വൈജ്ഞാനിക സമൂഹത്തിലെ ഭരണ നിർവഹണത്തിന് കൂടുതൽ ശക്തിയും ഉണർവും നൽകുമെന്ന കാര്യത്തിൽ സംശയമില്ല.

മാനേജർ, ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ, കോഴിക്കോട്, Mob 807531549

188

# വിജ്ഞാന സമ്പദ് വ്യവസ്ഥയിലെ ഭരണ നിർവ്വഹണം

പ്രൊഫ. (ഡോ.) കെ.ജെ. ജോസഫ്

സാമ്പത്തിക വികസനത്തിലും സമ്പദ്വ്യവസ്ഥയുടെയും സമൂഹത്തിന്റെയും സർവതോന്മുഖമായ പരിവർത്തനത്തിന്റെ കാര്യത്തിലും കേരളം ഇന്ന് മുമ്പെന്നത്തേക്കാളും കൂടിയ ആവേഗത്തോടെ കുതിക്കുന്നു എന്ന് മാത്രമല്ല ഇക്കാര്യത്തിൽ മറ്റെല്ലാ ഇന്ത്യൻ സംസ്ഥാനങ്ങളെയും പിന്നിലാക്കി രാജ്യത്തിന് തന്നെ മാതൃക ആയി മാറുകയും ചെയ്തിരിക്കുന്നു. കേരളത്തെ ഒരു വിജ്ഞാന സമ്പദ്വ്യവസ്ഥയാക്കി മാറ്റാനുള്ള നമ്മുടെ ശ്രമങ്ങളിലും അതോടൊപ്പം, ഭാവിയെ മുന്നിൽ കണ്ട് വരുംകാലത്തേക്ക് ആവശ്യമായ മാനുഷികവും, സാമൂഹികവും, ഭൗതികവുമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും കെട്ടിപ്പടുക്കുന്നതിനുമുള്ള സംസ്ഥാനത്തിന്റെ വിവിധ സംരംഭങ്ങളിലും ഈ മുന്നേറ്റം വളരെ വ്യക്തമായി കാണാൻ കഴിയും.

എന്നാൽ വിജ്ഞാന സമ്പദ് വ്യവസ്ഥ എന്ന മഹത്തായ ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടി പ്രവർത്തിക്കുന്ന വ്യത്യസ്ത സ്ഥാപനങ്ങളുടെ പ്രവർത്തന രീതിയിലും അവ മറ്റുള്ളവയുമായി ബന്ധപ്പെടുന്ന രീതിയിലും കാര്യമായ മാറ്റം വരുത്തേണ്ടതുണ്ട്. ഇത് സ്ഥാപനത്തിനുള്ളിലും, സ്ഥാപനങ്ങൾ തമ്മിലുള്ള ബന്ധങ്ങളിലും നിലവിൽ അനുവർത്തിച്ചു വരുന്ന രീതികളിലും, നയങ്ങളിലും, ചട്ടങ്ങളിലും, നടപ്പ് രീതികളിലും ഒക്കെ തന്നെ അടിമുടി അഴിച്ചുപണി ആവശ്യപ്പെടുന്നു. ഈ പരിവർത്തനം സാധ്യമാക്കുന്നതിന്, അടിയന്തിരമായി സ്ഥാപനപരമായ നിലവിലെ പരിമിതികൾ കണ്ടെത്തുകയും ഭരണസംവിധാനത്തെ പുനരൂപകൽപ്പന നടത്തുകയും ചെയ്യേണ്ടതുണ്ട്. പ്രത്യേ

കിച്ചും, ആധുനിക സമ്പദ്‌വ്യവസ്ഥകളുടെയും സമൂഹങ്ങളുടെയും പ്രധാന വിഭവമായ അറിവിന്റെ ഉൽപാദനത്തിൽ നേരിട്ട് പങ്കാളികൾ ആകുന്ന സ്ഥാപനങ്ങളുടെ കാര്യത്തിൽ ഇത് അത്യന്തം പ്രസക്തമാണ്.

ഇത്തരത്തിൽ ബൃഹത്തായ മാറ്റങ്ങൾ വരുത്തുന്നതിലേക്ക്, വിശാലമായ തലത്തിലെ അനുഭവങ്ങളിൽ നിന്നുള്ള അറിവുകളാണ് ആവശ്യം. ഭരണ സംവിധാനവുമായി കാലങ്ങളായി ബന്ധപ്പെട്ട് പ്രവർത്തിച്ചു വന്ന ഗിഫ്റ്റിന്റെ (GIFT) അനുഭവത്തിന്റെ അടിസ്ഥാനത്തിൽ, ഭാവിയിലെ വലിയ മാറ്റത്തിലേക്കുള്ള ചുവട് വെയ്പ്പിന് കൃത്യമായ ദിശാബോധം നൽകുന്നതോടൊപ്പം, മുന്നോട്ടുള്ള പോക്കിൽ വരാവുന്ന പ്രശ്നങ്ങളെയും നിലവിലെ പരിമിതികളെയും ഈ ലേഖനത്തിലൂടെ വരച്ചു കാട്ടുന്നു.

Director, GIFT, 9895818471, e mail id: director@gift.res.in

189

## വിജ്ഞാന സമ്പദ് വ്യവസ്ഥ

പ്രൊഫ. (ഡോ) കെ.ജെ. ജോസഫ്

സാമ്പത്തിക വികസനത്തിലും സമ്പദ്‌വ്യവസ്ഥയുടെയും സമൂഹത്തിന്റെയും സർവതോന്മുഖമായ പരിവർത്തനത്തിന്റെ കാര്യത്തിലും കേരളം ഇന്ന് മുമ്പെന്നത്തേക്കാളും കൂടിയ ആവേഗത്തോടെ കുതിക്കുന്നു എന്ന് മാത്രമല്ല ഇക്കാര്യത്തിൽ മറ്റെല്ലാ ഇന്ത്യൻ സംസ്ഥാനങ്ങളെയും പിന്നിലാക്കി രാജ്യത്തിന് തന്നെ മാതൃക ആയി മാറുകയും ചെയ്തിരിക്കുന്നു. കേരളത്തെ ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥയാക്കി മാറ്റാനുള്ള നമ്മുടെ ശ്രമങ്ങളിലും അതോടൊപ്പം, ഭാവിയെ മുന്നിൽ കണ്ട് വരുംകാലത്തേക്ക് ആവശ്യമായ മാനുഷികവും, സാമൂഹികവും, ഭൗതികവുമായ അടിസ്ഥാന സൗകര്യങ്ങൾ കെട്ടിപ്പടുക്കുന്നതിനുള്ള സംസ്ഥാനത്തിന്റെ വിവിധ സംരംഭങ്ങളിലും ഈ മുന്നേറ്റം വളരെ വ്യക്തമായി കാണാൻ കഴിയും.

എന്നാൽ വിജ്ഞാന സമ്പദ് വ്യവസ്ഥ എന്ന മഹത്തായ ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുന്ന വ്യത്യസ്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന രീതിയിലും അവ മറ്റുള്ളവയുമായി ബന്ധപ്പെടുന്ന രീതിയിലും കാര്യമായ മാറ്റം വരുത്തേണ്ടതുണ്ട്. ഇത് സ്ഥാപനത്തിനുള്ളിലും, സ്ഥാപനങ്ങൾ തമ്മിലുള്ള ബന്ധങ്ങളിലും നിലവിൽ അനുവർത്തിച്ചു വരുന്ന രീതികളിലും, നയങ്ങളിലും, ചട്ടങ്ങളിലും, നടപ്പ് രീതികളിലും ഒക്കെ തന്നെ അടിമുടി അഴിച്ചുപണി ആവശ്യപ്പെടുന്നു. ഈ പരിവർത്തനം സാധ്യമാക്കുന്നതിന്, അടിയന്തിരമായി സ്ഥാപനപരമായ നിലവിലെ പരിമിതികൾ കണ്ടെത്തുകയും ഭരണസംവിധാനത്തെ പുനർരൂപകൽപ്പന നടത്തുകയും ചെയ്യേണ്ടതുണ്ട്. പ്രത്യേകിച്ചും, ആധുനിക സമ്പദ്‌വ്യവസ്ഥകളുടെയും സമൂഹങ്ങളുടെയും പ്രധാന വിഭവമായ അറിവിന്റെ ഉൽപാദനത്തിൽ നേരിട്ട് പങ്കാളികൾ ആകുന്ന സ്ഥാപനങ്ങളുടെ കാര്യത്തിൽ ഇത് അത്യന്തം പ്രസക്തമാണ്. ഇത്തരത്തിൽ ബൃഹത്തായ മാറ്റങ്ങൾ വരുത്തുന്നതിലേക്ക്, വിശാലമായ തലത്തിലെ അനുഭവങ്ങളിൽ നിന്നുള്ള അറിവുകളാണ് ആവശ്യം. ഭാവിയിലെ വലിയ മാറ്റത്തിലേക്കുള്ള ചുവട് വെയ്പ്പിന് കൃത്യമായ ദിശാബോധം നൽകുന്നതോടൊപ്പം, മുന്നോട്ടുള്ള പോക്കിൽ വരാവുന്ന പ്രശ്നങ്ങളെയും നിലവിലെ പരിമിതികളെയും പരിഗണിക്കേണ്ടതുണ്ട്

വിജ്ഞാനത്തെ സമ്പത്താക്കി മാറ്റി ജനങ്ങളുടെ ജീവിതത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി തൊഴിൽ സൃഷ്ടിക്കുന്ന മേഖലയുമായി കണ്ണി ചേർക്കണം. വിദ്യാഭ്യാസനന്തരം കേരളത്തിൽ തന്നെ തൊഴിലെടുക്കുവാൻ പര്യാപ്തമാക്കുന്ന രീതിയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നൈപുണി വികസന കേന്ദ്രങ്ങളാക്കി മാറ്റണം. ഈ കേന്ദ്രങ്ങളെ നൈപുണി ആർജ്ജിക്കാൻ ആഗ്രഹിക്കുന്ന വിദ്യാസമ്പന്നരായ മറ്റുള്ളവർക്ക്കൂടി ആശ്രയിക്കാവുന്ന തരത്തിൽ പ്രത്യേക ഏജൻസി വഴി ബന്ധിപ്പിക്കണം. ആർജ്ജിക്കുന്ന വിജ്ഞാനവും നൈപുണിയും ലോകത്തിന്റെ ഏതു ഭാഗത്തും ജോലിയെടുക്കാൻ പര്യാപ്തമായ രീതിയിൽ അന്താരാഷ്ട്ര നിലവാരമുള്ളതാക്കാൻ നമുക്ക് സാധിക്കണം.

ഡയറക്ടർ, GIFT, മൊബൈൽ: 9895818471, E-mail: director@gift.res.in

190

# വിവര സാങ്കേതിക സമന്വയം ഭരണ നിർവഹണത്തിൽ - കേരള സ്റ്റേറ്റ് പോർട്ടൽ

താര ഇ.ടി.

കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ച് സർക്കാർ സംവിധാനങ്ങളെല്ലാം പൊതുജനങ്ങളിലേക്ക് വേഗത്തിലെത്തിക്കുന്ന സാങ്കേതികവിദ്യയുടെയും വിവരദായക സംവിധാനങ്ങളുടെയും സമഗ്ര സമന്വയമാണ് കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ (kerala.gov.in).

തികച്ചും സുതാര്യമായി സർക്കാർ നടപ്പിലാക്കുന്ന സേവനങ്ങൾ, പദ്ധതികൾ, ആനുകൂല്യങ്ങൾ, അവകാശങ്ങൾ, അറിയിപ്പുകൾ, പ്രസിദ്ധീകരണങ്ങൾ തുടങ്ങിയ സർക്കാർ സംവിധാനങ്ങളെല്ലാം ഏതൊരു സാധാരണ പൗരനു പോലും ഒരൊറ്റ പ്ലാറ്റ്ഫോമിലൂടെ വേഗത്തിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തിലാണ് പോർട്ടൽ രൂപകൽപന ചെയ്തത്. കേരളത്തിന്റെ ഔദ്യോഗിക സംവിധാനമായ ഈ പ്ലാറ്റ്ഫോം ജനങ്ങൾക്ക് സംസ്ഥാനത്തെയും, സർക്കാരിന്റെ ഭരണ സംവിധാനങ്ങളെയും അറിയുന്നതിനും വിലയിരുത്തുന്നതിനും സഹായകമാണ്.

പ്രധാന പോർട്ടലിനു പുറമെ വിവിധ സർക്കാർ വകുപ്പുകളുടെ മുഴുവൻ സേവനങ്ങളും ഓൺലൈൻ ആയി ലഭിക്കുന്ന 'സേവനം സർവീസ് പോർട്ടൽ', സർക്കാരിന്റെ വിവിധ വകുപ്പുകൾ പുറപ്പെടുവിക്കുന്ന ഓർഡറുകൾ സർക്കുലറുകൾ, ടെൻഡറുകൾ അറിയിപ്പുകൾ, വിജ്ഞാപനങ്ങൾ എന്നിവയെല്ലാം ഒറ്റ ക്ലിക്കിൽ ലഭ്യമാക്കുന്ന 'ഡോക്യുമെന്റ് റെപ്പോസിറ്റോറി പോർട്ടൽ', 'നോട്ടീസ്ബോർഡ്' എന്നിവയും സർക്കാർ സേവനങ്ങളുടെ സ്ഥിതി വിവരങ്ങൾ ലഭിക്കുന്ന ഡാറ്റ പോർട്ടൽ ആയ 'ഡാഷ്ബോർഡ്', മുഖ്യമന്ത്രിയുടെ 'പരാതി പരിഹാര പോർട്ടൽ' എന്നീ സബ്പോർട്ടലുകളും കേരള സ്റ്റേറ്റ് പോർട്ടലിന്റെ ഭാഗമാണ്. പൊതുജനങ്ങൾക്ക് സർക്കാരുമായുള്ള അകലം കുറയ്ക്കുവാൻ ഈ പോർട്ടൽ വഴി സാധ്യമാകുന്നതിനോടൊപ്പം തന്നെ നമ്മൾ ഓരോരുത്തരുമാണ് സർക്കാരെന്ന ആശയം അർത്ഥവത്താകുന്ന തരത്തിലാണ് ഈ പോർട്ടൽ രൂപകൽപ്പന ചെയ്തിട്ടുള്ളത്.

സ്ത്രീകൾ, കുട്ടികൾ, വിദ്യാർത്ഥികൾ, കർഷകർ, വിദ്യാർഥികൾ, വയോധികർ, ദുർബല വിഭാഗങ്ങൾ, വ്യവസായികൾ, ടൂറിസ്റ്റുകൾ, വിദേശികൾ, അങ്ങനെ സമൂഹത്തിന്റെ നാനാതുറകളിലുള്ളവർക്ക് ഒരുപോലെ ആശ്രയിക്കാൻ പറ്റുന്ന ഏറ്റവും വലിയ വിവരദായക സംവിധാനമായാണ് കേരള സ്റ്റേറ്റ് പോർട്ടൽ പ്രവർത്തിക്കുന്നത്.

ഗുണഭോക്തൃ സൗഹൃദ സംവിധാനത്തിലാണ് പോർട്ടലിന്റെ ഉള്ളടക്കം ക്രമീകരിച്ചിരിക്കുന്നത്. വിവരങ്ങളുടെ ലഭ്യതയും സ്വഭാവവും അനുസരിച്ച് വാർത്തകൾ, ലേഖനങ്ങൾ, ആനുകാലികങ്ങൾ, പോസ്റ്ററുകൾ, ഫോട്ടോസ്, സ്റ്റാറ്റിസ്റ്റിക്സ്, ഗ്രാഫ് എന്നിങ്ങനെ വിവിധ തരത്തിലാണ് പോർട്ടലിന്റെ ഉള്ളടക്കം സൃഷ്ടിച്ചിരിക്കുന്നത്. ഏകദേശം ഏഴായിരത്തിൽ അധികം ലേഖനങ്ങൾ പോർട്ടലിൽ ഉൾകൊള്ളുന്നു. വിവിധ വകുപ്പുകൾ ഇറക്കുന്ന ഉത്തരവുകൾ, നോട്ടിഫിക്കേഷനുകൾ, മന്ത്രിസഭ തീരുമാനങ്ങൾ, നിയമങ്ങളും ചട്ടങ്ങളും, പൗരാവകാശ രേഖകൾ, സർക്കുലർ തുടങ്ങി എല്ലാ ഡോക്യുമെന്റുകളുടെയും കേന്ദ്രീകൃത ഡാറ്റ ശേഖരണമാണ് സ്റ്റേറ്റ് പോർട്ടലിന്റെ ഭാഗമായ ഡോക്യുമെന്റ് പോർട്ടൽ. പൊതുജനങ്ങൾക്ക് ആവശ്യമായ 1,85,709 സർക്കാർ ഉത്തരവുകൾ, 2,160 മന്ത്രി സഭ തീരുമാനങ്ങൾ, 431 നിയമങ്ങളും ചട്ടങ്ങളും 235 ഓർഡിനൻസ് എന്നിവ നിലവിൽ ഡോകുമെന്റ് പോർട്ടലിൽ ലഭ്യമാണ് .

ഭരണനേട്ടങ്ങൾ ആധികാരികതയോടെ സമഗ്രവും കൃത്യവും ലളിതവുമായി നേരിട്ട് പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള ചാലകശക്തിയായി നിലകൊള്ളുന്ന പോർട്ടൽ ഉള്ളടക്ക നിലവാരത്തിലും സാങ്കേതിക മികവിലും മുന്നിലാണ്. ഡിപ്പാർട്ട്മെന്റ് ഓഫ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് ആൻഡ് പബ്ലിക് ഗ്രീവൻസ് (ഡിഎആർപിജി) പുറത്തിറക്കിയ റിപ്പോർട്ട് പ്രകാരം ദേശീയ ഇ-സേവന ഡെലിവറി അസെസ്മെന്റിൽ വിവരങ്ങളും സേവന ലിങ്കുകളും ലഭ്യമാക്കുന്ന മികച്ച ഏകജാലക സംവിധാനത്തിനുള്ള ഒന്നാം റാങ്ക് 2022 -ൽ പോർട്ടലിന് ലഭിച്ചു. സംസ്ഥാനങ്ങൾ, കേന്ദ്ര ഭരണ പ്രദേശങ്ങൾ, കേന്ദ്ര മന്ത്രാലയങ്ങൾ എന്നിവ പൗരന്മാർക്ക് എങ്ങനെ ഫലപ്രദമായി ഓൺലൈൻ സേവനങ്ങൾ നൽകുന്നു എന്നത് വിശകലനം നടത്തിയാണ് റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയത് പ്രവേശനക്ഷമത, ഉള്ളടക്ക ലഭ്യത, ഉപയോഗ എളുപ്പം, സുരക്ഷയും സ്വകാര്യതയും എന്നിങ്ങനെ 4 പരാമീറ്ററുകൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിന്റെ ഔദ്യോഗിക പോർട്ടൽ ഒന്നാം സ്ഥാനത്ത് എത്തിയത്.

കേരള സംസ്ഥാന ഐടി മിഷന്റെ ഉടമസ്ഥതയിലുള്ള പോർട്ടലിന്റെ രൂപകൽപ്പന നിർവ്വഹിച്ചിരിക്കുന്നത് സി-ഡിറ്റും ഉള്ളടക്കം കൈകാര്യം ചെയ്യുന്നത് വിവര പൊതുജന സമ്പർക്ക വകുപ്പുമാണ്.

സീനിയർ റിസർച്ച് അസോസിയേറ്റ്, C DIT, മൊബൈൽ: 9747035643, E-mail id: tharakrishna1@gmail.com

## 191

# സേവനം സർവീസ് പോർട്ടൽ

താര ഇ.ടി. & ഗോപിക എസ്.

സർക്കാർ ജനങ്ങൾക്ക് വേണ്ടി നടപ്പിലാക്കുന്ന സേവനങ്ങൾ ഓരോ പൗരന്റെയും അവകാശമാണെന്നു തിരിച്ചറിഞ്ഞ് സർക്കാർ സേവനങ്ങൾ ഓരോരുത്തരുടെയും കൈകളിൽ എത്തിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. കോവിഡ് മഹാമാരിയുടെ സാമൂഹ്യ പശ്ചാത്തലം ഓരോ പൗരനും തങ്ങളുടെ വീടുകളിൽ ഇരുന്നു സർക്കാർ സംവിധാനങ്ങൾ പ്രയോഗികമാക്കേണ്ടതിന്റെ ആവശ്യം ത്വരിതപ്പെടുത്തി. ഇത്തരത്തിലുള്ള സാമൂഹ്യ അവസ്ഥയെ മുൻനിർത്തി കേരള സർക്കാർ രൂപം കൊടുത്ത ഡിജിറ്റൽ സംവിധാനമാണ് 'സേവനം' ഇ- സർവീസ് പോർട്ടൽ.

സർക്കാർ സേവനങ്ങൾ പൊതുജങ്ങൾക്ക് ഒരു ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുക എന്നതാണ് കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലിന്റെ ഭാഗമായ സേവനം ഇ-സർവീസ് പോർട്ടലിന്റെ ബൃഹത്തായ ലക്ഷ്യം. തങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ യൂണിവേഴ്സൽ സെർച്ച് ബാർ ഉപയോഗിച്ച് തിരയാനും കണ്ടെത്തുവാനുമുള്ള സൗകര്യം ഇ-പോർട്ടലിൽ ഉണ്ട്. കൂടാതെ ഉപഭോക്തൃ സൗഹൃദപരമായി സേവനങ്ങളെ കർഷകർ, വിദ്യാർഥികൾ, സ്ത്രീകളും കുട്ടികളും, യുവജനങ്ങൾ &നൈപുണ്യ വികസനം, സാമൂഹ്യ സുരക്ഷ&പെൻഷനേഴ്സ്, യൂട്ടിലിറ്റീസ്, മറ്റു സേവനങ്ങൾ എന്നിങ്ങനെ ഏഴു വിഭാഗങ്ങളിലായി തരംതിരിച്ച് ഓരോ ഉപഭോക്താവിനും സേവനങ്ങൾ എളുപ്പത്തിൽ കണ്ടെത്തുവാൻ സഹായിക്കുന്നു. നിത്യജീവിതത്തിൽ അനിവാര്യമായ ജനന/ മരണ/ വിവാഹ സർട്ടിഫിക്കറ്റുകൾ, ഡ്രൈവിംഗ് ലൈസൻസുകൾ, പ്രോപ്പർട്ടി രജിസ്ട്രേഷൻ, പെർമിറ്റുകൾ, നികുതികൾ, ബില്ലുകൾ, ഫീസ് തുടങ്ങിയവ ഈ സേവനങ്ങളിൽ ഉൾപ്പെടുന്നു. ദിവസങ്ങളോളം അപേക്ഷയുമായി ഓഫിസുകൾ കയറിയിറങ്ങുന്നത് ഒഴിവാക്കാൻ ഇ സേവനം പോർട്ടലിൽ മിനിറ്റുകൾക്കുള്ളിൽ സാധിക്കും.

---

1 സീനിയർ റിസർച്ച് അസോസിയേറ്റ്

2 സീനിയർ പ്രോഗ്രാമർ, C DIT, മൊബൈൽ: 9747035643, e mail id: tharakrishna1@gmail.com

## 192

# മാനുവൽ നവീകരണം കാലവിളമ്പം കൂടാതെയുള്ള സേവനം

ഭരണനിർവഹണത്തിന്റെ സമസ്ത മേഖലകളിലും ജനകീയ പങ്കാളിത്തം എന്ന ആശയത്തിൽ ഊന്നിയ അധികാര വികേന്ദ്രീകരണ പ്രക്രിയ പലപ്പോഴും പലവിധ കാരണങ്ങളാൽ ചുവപ്പുനാടയിലും കടലാസിൽ ഒതുങ്ങുന്നതുമായ ആക്ഷേപം ഉയരാറുണ്ട് ഗ്രാമസഭകൾ പോലും കൃത്യമായ അർത്ഥത്തിൽ ചേരാൻ കഴിയാറില്ല ഫലത്തിൽ വികേന്ദ്രീകരണ ആസൂത്രണത്തിന്റെ ഉദ്ദേശശുദ്ധി ചോദ്യം ചെയ്യപ്പെടുന്നു.

സാധാരണ ജനങ്ങൾ വിവിധ ആവശ്യങ്ങൾക്കായി സമീപിക്കുന്ന തദ്ദേശസ്ഥാപനങ്ങളിൽ കൃത്യമായ അവഗാഹം ഉള്ള ഉദ്യോഗസ്ഥരുടെ അഭാവം സേവനതലത്തിലെ കാലവിളമ്പത്തിന് ഇടയാകുന്നു. വിഷയാധിഷ്ഠിത പരിശീലനം കൃത്യമായ ഇടവേളകളിൽ നൽകപ്പെടുന്നു എന്ന് ഉറപ്പാക്കുക മാത്രമാണ് ഇതിന് പോംവഴി. തട്ടുകളുടെ എണ്ണം കുറയ്ക്കുകയും ഓരോ തട്ടുകളിലും കൃത്യനിർവഹണത്തിന് വ്യക്തമായ ഉത്തരവാദിത്വം നിർവചനം നടത്തുകയും വേണം. ചുമതല വിഭജനത്തിൽ സുതാര്യത ഉണ്ടാകണം. ഇത് സംബന്ധിച്ച് എൽ എസ് ജി ഡി മാനുവലിൽ കൃത്യമായി രേഖപ്പെടുത്തണം. മേഖല അടിസ്ഥാനത്തിലുള്ള ചുമതല നിർവഹണത്തിന് വകുപ്പുകൾ തമ്മിലുള്ള ഏകോപനം സാധ്യമാകണം. വാലുവേഷൻ, അർഹത നിർണയം എന്നിവയുടെ സുതാര്യത ഉറപ്പാക്കുന്നതിനും ഇതുവഴി അഴിമതി സാധ്യത കുറയ്ക്കുന്നതിനും കൃത്യമായ മാനദണ്ഡങ്ങൾ രൂപപ്പെടുത്തണം. സിറ്റിസൺ പോർട്ടൽ പൗരന്മാരുടെതാണെന്ന് ബോധ്യമുണ്ടാകുന്ന നിലയിൽ സാങ്കേതികമായ നൂലാമാലകൾ ഇല്ലാത്ത സർട്ടിഫിക്കറ്റുകൾ ഐ എൽ ജിഎംഎസ് വഴി എല്ലാ തദ്ദേശസ്ഥാപനങ്ങൾക്കും നൽകാവുന്ന രീതിയിൽ വിപുലപ്പെടുത്തണം. തദ്ദേശസ്ഥാപനങ്ങളിലേക്ക് ചുമതലമാറ്റം നടത്തപ്പെട്ട വകുപ്പുകളിൽ മതിയായ മനുഷ്യവിഭവം കൂടി ലഭ്യമാക്കേണ്ടതുണ്ട്.

193

# ആരോഗ്യരംഗത്ത് ഭരണപരമായ ഇടപെടലുകളും പരിഷ്കാരങ്ങളും ആവശ്യമുള്ള കാര്യങ്ങൾ (Governance issues in Health and administrative reforms)

ഡോ. ജഗദീഷ്

ഒരു ജനതയുടെ ആരോഗ്യം എന്നത്, നിലനിൽക്കുന്ന രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക, പരിസ്ഥിതിക ഘടകങ്ങളാൽ നിർണയിക്കപ്പെടുന്നവയാണ്. ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻ ഈ ഓരോ മേഖലയിലും ഉള്ള ഇടപെടലുകളും പ്രവർത്തനങ്ങളും പ്രധാനമാണ് .ജനങ്ങളുടെ വിവിധ ആരോഗ്യ ആവശ്യങ്ങൾ പരിഹരിക്കപ്പെടാൻ ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കുന്ന ആശുപത്രി -ആരോഗ്യ സംവിധാനങ്ങളും ആവശ്യമാണ്. ഈ സംവിധാനങ്ങളെ സൂക്ഷ്മതലത്തിൽ വിശകലനവിധേയമാക്കി, കാലോചിതമായ മാറ്റങ്ങൾ ആവശ്യമാണെങ്കിൽ അത് നടത്തേണ്ടതുണ്ട്. മാറ്റങ്ങൾ വന്നിട്ടില്ലെങ്കിൽ പൊതുജനാരോഗ്യ സംവിധാനങ്ങളിലൂടെ ഉദ്ദേശിച്ച ഫലം ജനങ്ങൾക്ക് ലഭ്യമാകാതിരിക്കാനും, അതോടൊപ്പം നമ്മുടെ സംവിധാനങ്ങൾ കലഹരണപ്പെട്ടതാണെന്ന് അവ കൈകാര്യംചെയ്യുന്നവർക്ക് അനുഭവപ്പെടാനുമിടയുണ്ട്. പൊതുജനാരോഗ്യ ഭരണ സംവിധാനങ്ങളും ആശുപത്രി ഭരണ സംവിധാനങ്ങളും കാര്യക്ഷമമാക്കാനുള്ള പബ്ലിക് ഹെൽത്ത് കേഡറും ആശുപത്രി ഭരണ കേഡറും രൂപീകരിക്കപ്പെടണം.

ഒരുകാലത്ത് ഗ്രാമീണ മേഖലകളിൽ ആയിരുന്നു, പൊതുജനാരോഗ്യ പ്രശ്നങ്ങൾ കൂടുതലായി കണ്ടുവന്നിരുന്നതെങ്കിൽ, ഇപ്പോൾ ഡെങ്കിപ്പനിയും സീക്കായും അടക്കമുള്ള പകർച്ചവ്യാധികൾ പലപ്പോഴും നഗരമേഖലകളിലാണ് കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെടുന്നത് . എന്നാൽ പകർച്ചവ്യാധികളുടെ കാര്യത്തിലുള്ള മുന്നൊരുക്കങ്ങളും ചിട്ടയായ രീതിയിൽ ഗ്രാമപ്രദേശങ്ങളെപ്പോലെ പലപ്പോഴും നടത്താനും കഴിയാറില്ല. ഇതു പരിഹരിക്കാനായി നഗരകാര്യവകുപ്പിലെ ജീവനക്കാരെ ആരോഗ്യവകുപ്പിന് കീഴിൽ കൊണ്ടുവന്ന് ഫലപ്രതമായ ഏകോപനത്തിലൂടെ ഇതിനൊരു പരിഹാരം കാണാൻ ശ്രമിക്കേണ്ടതുണ്ട്. കേരളത്തിലെ ആരോഗ്യ നയത്തിലും ഇക്കാര്യം എടുത്തു പറയുന്നുണ്ട്. അതുപോലെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താനുള്ള നടപടികൾ ഏറ്റെടുക്കേണ്ടതുണ്ട്. അതതു തദ്ദേശഭരണ പ്രദേശത്തു ഭക്ഷ്യസുരക്ഷ ഫലപ്രദമായി കോഡിനേറ്റ് ചെയ്യാനുള്ള പൊതുവായ ഭരണചുമതല തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന കാര്യവും പരിഗണിക്കാവുന്നതാണ്.

ആയുഷ്മാൻ ഭാരത് പ്രോഗ്രാമിന്റെ ഭാഗമായും സംസ്ഥാന ആരോഗ്യ ബഡ്ജറ്റിന്റെ ഭാഗമായുള്ള ഫണ്ട് വഴിയാണ് കേരളത്തിൽ ആരോഗ്യ ഇൻഷുറൻസ് നടന്നുവരുന്നത്. ഒരുകാലത്ത് ആരോഗ്യ വകുപ്പിന് ലഭിച്ചുകൊണ്ടിരുന്ന ഫണ്ടാണ് ഇൻഷുറൻസ് പ്രോഗ്രാം വഴി ചെലവഴിച്ചു വരുന്നത്. അർഹതപ്പെട്ടവിഭാഗം ജനങ്ങൾക്ക് (ബിപിഎൽ അടക്കം) നിർദ്ദേശിക്കപ്പെട്ട ആരോഗ്യസേവനങ്ങൾ എംപാനൽ ചെയ്ത ആശുപത്രികളിൽ വഴി പൂർണ്ണ സൗജന്യമായി, ഗുണമേന്മയോടെ ലഭിക്കുന്നുണ്ടോ എന്ന് അറിയാനുള്ള സംവിധാനങ്ങളൊന്നും ഇന്ന് നിലവിലില്ല. ഇന്ത്യയിലെ തന്നെ പലയിടങ്ങളിൽ നിന്നുമുള്ള പഠനങ്ങൾ കാണിക്കുന്നത്, അർഹതപ്പെട്ട മുഴുവൻ വിഭാഗം ജനങ്ങളെയും എംപാനൽ ചെയ്യുന്നതിലും, ചികിത്സ സേവനങ്ങൾ ശാസ്ത്രീയമായും തൃപ്തികരമായും ലഭ്യമാകുന്നതിൽ ഒരുപാട് പോരായ്മകൾ ഉണ്ടെന്നാണ്. ഓരോ തദ്ദേശഭരണ സ്ഥാപനതലത്തിലും ജനപ്രതിനിധികളെക്കൂടി പങ്കാളികളാക്കിക്കൊണ്ടുള്ള ഒരു ജനകീയ മേൽനോട്ട - മോണിറ്ററിംഗ് സംവിധാനത്തിന് രൂപം കൊടുക്കുക വഴി ഇക്കാര്യങ്ങൾ കുറേക്കൂടി കാര്യക്ഷമമാക്കാൻ കഴിയും.

സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും മറ്റ് ആരോഗ്യ സ്ഥാപനങ്ങളിലും, ഒഴിവു വരുന്ന ഡോക്ടർമാരുടെയും മറ്റു വിവിധ വിഭാഗം പാരമെഡിക്കൽ ജീവനക്കാരുടെയും, ഫീൽഡ് വിഭാഗം ജീവനക്കാരുടെയുമൊക്കെ തസ്തികകളിൽ സമയബന്ധിതമായി നിയമനം നടത്തുന്നതിന് മെഡിക്കൽ റിക്രൂട്ട്മെന്റ് ബോർഡുകൾ നിലവിലുണ്ട്. സംസ്ഥാനത്ത് ആരോഗ്യ വകുപ്പിൽ ഇക്കാര്യം പരിഗണിക്കുന്നതാണെന്ന് 2019 ലെ സംസ്ഥാന ആരോഗ്യ നയത്തിലും വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ ആശുപത്രികളിലെയും മറ്റ് ആരോഗ്യ സ്ഥാപനങ്ങളിലെയും ആശുപത്രി ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികളും പീരിയോഡിക് മെയ്ന്റനൻസും നടത്താനുള്ള ജില്ലാതല സംവിധാനം ജില്ലാ പഞ്ചായത്തുകളിൽ നടത്തണം. അതുപോലെ സംസ്ഥാന ജില്ലാതലങ്ങളിലും ആരോഗ്യ സ്ഥാപനത്തിലും അലോപ്പതി, ആയുർവേദം, ഹോമിയോ, യൂനാനി, സിദ്ധ നാച്ചുറോപ്പതി തുടങ്ങിയ വിവിധ ചികിത്സാ വിഭാഗങ്ങളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം സാധ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

ജനങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്താനുള്ള ബാധ്യത ഭരണഘടനയുടെ മാർഗനിർദ്ദേശക തത്വ

ങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള രാജ്യമാണ് നമ്മുടേത്. കേന്ദ്ര- സംസ്ഥാന സർക്കാരുകൾക്ക് ഇത് ഉറപ്പുവരുത്താനുള്ള ബാധ്യതയുണ്ട്. ലോകാരോഗ്യസംഘടന നിർദ്ദേശിക്കുന്ന രീതിയിലുള്ള സാർവത്രിക ആരോഗ്യപരിരക്ഷ (Universal Health Coverage-UHC) ഘട്ടംഘട്ടമായി ഉറപ്പുവരുത്താനുള്ള പ്രതിബദ്ധതയും ഇന്ത്യാഗവൺമെന്റ് വ്യക്തമാക്കിയിട്ടുള്ളതാണ്. ആരോഗ്യകാര്യങ്ങളിൽ എന്നും മുന്നിൽ നിന്നിട്ടുള്ള നമ്മുടെ സംസ്ഥനത്ത് ആരോഗ്യ അവകാശ നിയമ നിർമ്മാണം നടത്തേണ്ടതുണ്ട്.

194

## സേവനാവകാശ നിയമം – പ്രായോഗിക പരിമിതികൾ

മാത്യു ജോസ് കെ.

സേവനാവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഈ നിയമപ്രകാരമുള്ള പ്രയോജനം സാധാരണ ജനങ്ങൾക്ക് തീരെ ലഭ്യമല്ല. അത് നിയമത്തിന്റെ തന്നെ ദൌർബല്യങ്ങൾ കൊണ്ടാണ്. സേവനങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥരോട് നിർദ്ദേശങ്ങളും ഉത്തരവുകളും നൽകുന്ന ഓഫീസിലെ ഉയർന്ന ഉദ്യോഗസ്ഥർ തന്നെ, ഇക്കാര്യത്തിൽ ഉണ്ടാകുന്ന വീഴ്ചകൾക്ക് തങ്ങളുടെ കീഴുദ്യോഗസ്ഥർക്ക് ശിക്ഷാനടപടി വിധിക്കണമെന്ന നിയമത്തിലെ വ്യവസ്ഥ പ്രായോഗികമായി നടപ്പിലാക്കാൻ ബുദ്ധിമുട്ടുള്ളതാണ്. കൂടാതെ വിവരാവകാശ നിയമത്തിൽ പറയുന്നതുപോലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ അഥവാ നിയുക്താധികാരി നിർദ്ദേശിക്കുന്ന കാര്യങ്ങൾ, മറ്റു ഉദ്യോഗസ്ഥർ ചെയ്യുന്നില്ലെങ്കിൽ, അവരെ പ്രത്യേകിച്ച് ഒന്നും ചെയ്യുവാൻ ഈ നിയമത്തിൽ വകുപ്പില്ല. കൂടാതെ ജനങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുന്ന വ്യത്യസ്തങ്ങളായ സേവനങ്ങൾ ഉണ്ടെങ്കിലും, പലതും വകുപ്പുകൾ നോട്ടിഫിക്കേഷൻ ചെയ്തിരിക്കുന്ന സേവനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല.

9447033457

195

## ഡിജിറ്റലൈസ്ഡ് പരാതി പരിഹാര സംവിധാനം

ജയൻ എം.വി.

വികസിത നവകേരളം വാർത്തെടുക്കാൻ പ്രയത്നിക്കുന്ന, വിശിഷ്യാ ഇന്ത്യക്കാകെത്തന്നെ മാതൃകകൾ ഉയർത്തികൊണ്ടു വന്നുള്ള, ബദലുകൾ സൃഷ്ടിച്ചെടുത്തു കൊണ്ടുള്ള നയങ്ങളുമായി മുമ്പോട്ട് പോകുമ്പോൾ സർക്കാർ ലക്ഷ്യം കൈവരിക്കുന്നതിൽ സിവിൽസർവ്വീസിന് വലിയ പങ്ക് വഹിക്കാനാകും. സർവ്വീസ് ഡെലിവറിയുടെ വേഗം വർദ്ധിപ്പിക്കുന്നതിനും സേവനം മെച്ചപ്പെടുത്തുന്നതിനും സാധിക്കും.

പൊതു പരിഹാര സംവിധാനത്തിനായി ഒരു ഡിജിറ്റൽ ആപ്പിന് രൂപം നൽകണം. ആപ്പിൽ പ്രവേശിക്കുമ്പോൾ തന്നെ ഏത് വകുപ്പിലേക്കുള്ള പരാതിയാണെന്ന് രേഖപ്പെടുത്തിക്കഴിയുമ്പോൾ തന്നെ ആ പരാതി ഒരേ സമയം പ്രസ്തുത വകുപ്പിലേക്കും സി.എം പോർട്ടലിലേക്കും പോകണം. സി.എം പോർട്ടൽ ശരിക്കുമൊരു മോണിറ്ററിംഗ് സെൽ കൂടിയായി പ്രവർത്തിക്കണം. പൊതു ജനങ്ങൾക്ക് ഒരു ഓഫീസിലും പോകാതെ വീട്ടിലിരുന്നും പരാതി സമർപ്പിക്കാനുള്ള സംവിധാനമുണ്ടാകണം.

എല്ലാ വകുപ്പുകളുടെയും വെബ് സൈറ്റിനൊപ്പം പരാതി പരിഹാര സെൽ പ്രവർത്തിപ്പിക്കണം.ഇതിന് ഏകീകൃത പാറ്റേൺ, പരാതികൾ നിർബന്ധമായും നിശ്ചിത ദിവസങ്ങൾക്കുള്ളിൽ / സമയത്തിനുള്ളിൽ പരിഹരിക്കൽ, പരാതി പരിഹാര പോർട്ടൽ കൈകാര്യം ചെയ്യാൻ പ്രത്യേകം ജീവനക്കാരെ നിയമിക്കൽ, പരാതി പരിഹാരം കുറ്റമറ്റതും സമയബന്ധിതവുമാക്കാൻ ആവശ്യമായ പരിശീലനം എല്ലാ ജീവനക്കാർക്കും നൽകൽ, മൂന്ന് മാസത്തിലൊരിക്കൽ പരാതി പരിഹാര സെൽ യോഗം ചേർന്ന് പുരോഗതി വിലയിരുത്തി ജില്ലാ തലത്തിൽ കളക്ടർക്കും സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറിക്കും റിപ്പോർട്ട് സമർപ്പിക്കൽ എന്നിവയാണ് പ്രധാന നിർദ്ദേശങ്ങൾ. പരാതികളുടെ തൽസ്ഥിതി സംബന്ധിച്ച് പരാതിക്കാരന് യഥാസമയം അറിയാൻ കഴിയണം.

റവന്യൂ വകുപ്പ്, ജയിൽ വകുപ്പ്, വനം വകുപ്പ്, സർവ്വേ ലാന്റ് റിക്കോർഡിംഗ് വകുപ്പ്, ഭക്ഷ്യസുരക്ഷാ വകുപ്പ്, GST വകുപ്പ്, രജിസ്ട്രേഷൻ, വനിതാ ശിശു വികസന

വകുപ്പ്, കാർഷിക സേവന കാർഷിക വികസന കർഷക ക്ഷേമ, ലോട്ടറി, ജലഗതാഗത, ഫിഷറീസ്, LSGD, മൃഗസംരക്ഷണം, ക്ഷീരവികസനം തദ്ദേശ സ്വയംഭരണം, പൊതുവിതരണം എന്നീ വകുപ്പുകളിൽ കുറ്റമറ്റ ഡിജിറ്റലൈസ്ഡ് പരാതി പരിഹാര പോർട്ടൽ ആവശ്യമാണ്. സേവനം വീട്ടുപടിക്കൽ എന്നതായിരിക്കണം സിവിൽ സർവീസിന്റെ മുഖമുദ്ര. പതിവ് മാന്വൽ രീതിക്ക് മാറ്റം വരുത്തി എല്ലാ കാര്യങ്ങളും ഇ-ഓഫീസ് സംവിധാനത്തിൽ വന്നാൽ ഇക്കാര്യത്തിൽ വലിയ മാറ്റമുണ്ടാകും.

പരാതികളും പഴുതുകളും പിഴവുകളുമില്ലാത്തതും സാർവ്വത്രികവും സൗജന്യവുമായതും വിളിച്ചാൽ വിളിപ്പുറത്തെത്തുന്നതുമായ സേവനത്തിനും പരാതി സമർപ്പണത്തിനും മോണിറ്ററിംഗ് സംവിധാനത്തിനുമായി ഡിജിറ്റൽ കേസ് രജിസ്റ്റർ കം ക്വിക് റെസ്പോൺസ് മോണിറ്ററിംഗ് സെല്ലിന് രൂപം നൽകണം. ഇതിനായി ഒരു ഏകജാലക മൊബൈൽ ആപ്ലിക്കേഷന് രൂപം നൽകണം.

ഡയറി എക്സ്റ്റൻഷൻ ഓഫീസർ, കണ്ണൂർ, 9447852530

## 196

# പരാതി പരിഹാര സംവിധാനം

മാത്യു ജോസ് കെ.

സർക്കാർ ഓഫീസുകളിൽ പലയിടത്തുമുള്ള പരാതി പരിഹാര സംവിധാനം പരിതാപകരമായ നിലയിലാണ്. സർക്കാർ ഉദ്യോഗസ്ഥർ നിർബന്ധമായും പാലിക്കേണ്ട ഓഫീസ് മാനുവലുകൾ പ്രകാരമുള്ള ഉത്തരവാദിത്തങ്ങൾ യഥാസമയം നിർവഹിക്കാത്തതാണ് അതിൽ പ്രധാനം. ഉത്തരവാദിത്തങ്ങൾ നിർവഹിക്കാത്തവർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുവാൻ, ഉയർന്ന ഉദ്യോഗസ്ഥർക്ക് തടസ്സമാകുന്നത് പ്രധാനമായും ടി നിയമങ്ങളിലെ പ്രാവീണ്യകുറവും പലവിധത്തിലുള്ള സമ്മർദ്ദവും ധൈര്യമില്ലായ്മയുമാണ്. മാന്വലുകളിൽ പറയുന്ന ഫൈവ് ഡേ നിയമം, പരാതിക്കാരന് മറുപടി നല്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ പലപ്പോഴും ഓഫീസുകളിൽ പാലിക്കാറില്ല. സർക്കാർ ഉദ്യോഗസ്ഥർ എല്ലാം പാസായിരിക്കേണ്ട നിയമങ്ങളിലും, ചട്ടങ്ങളിലും സർക്കാർ ഉദ്യോഗസ്ഥർക്കുള്ള പെരുമാറ്റച്ചട്ടമോ, അച്ചടക്ക നിയമമോ ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ടുതന്നെ ഉദ്യോഗസ്ഥരിൽ നല്ലൊരു വിഭാഗത്തിനും ഇത്തരം കാര്യങ്ങൾ പാലിക്കേണ്ടതാണ് എന്നുള്ള ബോധ്യവും ഇല്ല. പരാതി പരിഹാര സംവിധാനം ഫലപ്രദമാകുന്നതിന് ഇത്തരം വിഷയങ്ങൾ ഗൗരവപൂർവ്വം ചർച്ച ചെയ്യാൻ കഴിയണം.

അഡിഷണൽ സെക്രട്ടറി ടു ഗവൺമെന്റ് (റിട്ട.), കവടിയാർ, തിരുവനന്തപുരം, Mob: 9447033457

## 197

# നഷ്ടോത്തരവാദിത്തവും പൊതുജന പരാതി പരിഹാരവും

പി.എസ്. പ്രിയദർശനൻ

ഭരണനിർവഹണത്തിന്റെ ഘട്ടത്തിൽ ക്രമരഹിതവും നിയമവിരുദ്ധവുമായ പ്രവർത്തനംകൊണ്ട് സർക്കാരിന് നഷ്ടം വരുത്തുന്നതിന്റെ ഉത്തരവാദിത്വം നിർണയിച്ച് പ്രസ്തുത നഷ്ടം തിരിച്ചുപിടിക്കാനും വരവിനങ്ങളിൽ ശരിയാംവിധം പരിശോധന നടത്താനും ഫലപ്രദമായ ഓഡിറ്റ് സംവിധാനം ആവശ്യമാണ്. ഓഡിറ്റ് നിർവഹണത്തിനു വേണ്ടി രൂപീകരിച്ച വകുപ്പാണ് ഓഡിറ്റ് വകുപ്പ്.

ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി ഏപ്രിൽ മാസം യോഗം ചേർന്ന് C&AG, KSAD, SPA എന്നീ മൂന്നിന്റേയും ഓഡിറ്റ് പ്രോഗ്രാം നിശ്ചയിക്കണമെന്ന് ARC ശുപാർശ ചെയ്യുന്നു. ഈ മൂന്ന് ഏജൻസികളിൽ ഒന്നുമാത്രം ഒരു വർഷം ഒരു LSGD യിൽ ഓഡിറ്റ് നടത്തുന്നുള്ളൂ എന്ന് ഉറപ്പാക്കുവാനാണിത്. (ഓഡിറ്റ് ബാഹുല്യത്തിനുള്ള പരിഹാര നിർദ്ദേശം)

മൂന്ന് ഏജൻസികൾക്കും നിയമങ്ങളും ചട്ടങ്ങളും വ്യക്തമായ ചുമതലകളും പ്രവർത്തന രീതികളും നിഷ്കർഷിച്ചിട്ടുണ്ട്. ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി എന്ന നിയമങ്ങളിൽ പരാമർശിക്കാത്ത ഒരു അധിക സംവിധാനം ഒഴിവാക്കേണ്ടതാണ്. ഓഡിറ്റ് നിയമാനുസൃതം സമയബന്ധിതമായും സുതാര്യമായും കാര്യക്ഷമമായും നടക്കുന്നത് ഉറപ്പാക്കുകയാണ് വേണ്ടത്.

ഒന്നിലേറെ ഏജൻസികൾ ഒരേതരം ഓഡിറ്റ് സമ്പ്രദായം സ്വീകരിക്കുന്നത് ഒഴിവാക്കുകയാണ് വേണ്ടത്. TGS എന്താണെന്ന് ഗൗരവമായി പരിശോധിക്കണം.

AG അല്ലെങ്കിൽ KSAD ഇതിൽ ഒരു ഏജൻസി മാത്രമേ ഒരു സ്ഥാപനത്തിൽ ഒരു സാമ്പത്തിക വർഷത്തെ ഓഡിറ്റ് നടത്തിയാൽ മതി എന്നത് ഭരണഘടനക്കും ചട്ടങ്ങൾക്കും വിരുദ്ധമാണ്. സ്വാഭാവിക നടപടിക്രമം KSAD, TGS മേൽനോട്ടത്തിലല്ല നിയമാനുസൃതമായാണ് പ്രവർത്തിക്കുന്നത്. (എല്ലാ ഖണ്ഡികയിലും TGS Supervision നിൽ ഒന്നു പരാമർശിച്ചു പോകുന്ന യഥാർത്ഥ വസ്തുത പരിശോധിച്ച് വ്യക്തത വരുത്തണം) സംസ്ഥാന ഓഡിറ്റ് വകുപ്പ് പ്രവർത്തിക്കുന്നത് LFA Act & Rules and Manual പ്രകാരമാണ്. TGS സംസ്ഥാന സർക്കാരിൽ നിന്നും C&AG പ്രത്യേക കാലയളവിലേക്കു വാങ്ങിയിട്ടുള്ള അനുമതിയാണ്. KSAD നിർവ്വഹിച്ച ഓഡിറ്റിമേൽ C&AG ഓഡിറ്റ് ആവർത്തിക്കേണ്ടതില്ല. ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ CR ൽ രേഖപ്പെടുത്തൽ നടത്തണമെന്നത് അസംബന്ധമാണ്. CR തയ്യാറാക്കുന്നതിന് നിലവിൽ വ്യക്തമായ ചട്ടങ്ങളുണ്ട്. അത് പാലിച്ചാൽ മതിയാകും. അതുപോലെ തന്നെ അച്ചടക്ക നടപടികൾക്കും വ്യക്തമായ ചട്ടങ്ങൾ നിലവിലുണ്ട്. അതിന് അനുസൃതമായ രേഖപ്പെടുത്തൽ തുടരാവുന്നതാണ്. നിയമസഭാ കമ്മിറ്റി അതത് വർഷം തന്നെ ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പുകൽപ്പിക്കണം. ഓഡിറ്റ് റിപ്പോർട്ട് തുടർ നടപടി സഭാകമ്മറ്റി സെക്രട്ടറിയേറ്റ് സമയബന്ധിതമായി തുടർനടപടി സ്വീകരിക്കണം ഓഡിറ്റ് അറിയിപ്പ് HOD മാർക്കു കൂടി നൽകണം. SPA എന്ന ആന്തരിക ഓഡിറ്റ് സംവിധാനം സ്ഥാപനം/വകുപ്പ്/ അധികാരി ആര് നിർവ്വഹിക്കണം എന്ന് സർക്കാർ വ്യക്തമാക്കണമെന്ന് ശുപാർശ ചെയ്യുന്നു. ആന്തരിക ഓഡിറ്റ് സംവിധാനം വകുപ്പ് തലത്തിലാണ് പ്രവർത്തിക്കേണ്ടത്. എല്ലാ വകുപ്പിലും അത്തരത്തിലാണ് നടന്നുവരുന്നതും. SPA റിപ്പോർട്ടിലെ പരിഹാര നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പാക്കണം. തയ്യാറാകാത്ത ഉദ്യോഗസ്ഥരെ ''അവസാന ആശ്രയം'' എന്ന നിലയിൽ ശിക്ഷണ നടപടി പരിഗണിക്കാവുന്നതാണ്. CR ചട്ടങ്ങൾക്ക് അനുസൃതമായ രേഖപ്പെടുത്തലും നടത്താവുന്നതാണ്. പെർഫോമൻസ് ഓഡിറ്റ് എന്ന ആന്തരിക പരിശോധനാ സംവിധാനം ശക്തമാണെങ്കിൽ ധനകാര്യ ഇൻസ്പെക്ഷനും, SPD പരിശോധനയും ഒഴിവാക്കാവുന്നതാണ്. ''സാംഖ്യ'' സോഫ്റ്റ്‌വെയർ പൂർണ്ണതോതിൽ നടപ്പാക്കണം. ARS Website ൽ വരണം. സോഷ്യൽ ഓഡിറ്റിനു സഹായകരമായ വിധം ARS ലെ സവിശേഷ പരാമർശങ്ങൾ സോഷ്യൽ ഓഡിറ്റിനു നൽകണം. സ്വാതന്ത്ര്യവും അർദ്ധജൂഡീഷ്യൽ അധികാരവുമുള്ള ഓഡിറ്റ് കമ്മീഷൻ നിലവിൽ വരണം. Dy AG തലവനാകണം എന്നത് ഒഴിവാക്കണം.) AR നേരിട്ട് സഭയ്ക്ക് നൽകണം. ഉദ്യോഗസ്ഥരുടെ ചുമതലാ നിർവ്വഹണവും അവരിൽ അർപ്പിതമായ ഉത്തരവാദിത്വവും പരസ്പരം ബന്ധിപ്പിക്കുന്ന സംവിധാനം ഉറപ്പാക്കണം. ഓഡിറ്റിന്റെ ലക്ഷ്യം സംബന്ധിച്ച് വകുപ്പുകൾക്ക് അവബോധം സൃഷ്ടിക്കുന്ന നടപടികൾ സ്വീകരിക്കണം. നിർദ്ദിഷ്ട ലക്ഷ്യപ്രാപ്തിക്ക് ഇത് അനിവാര്യമാണ്. ഓഡിറ്റർമാർക്ക് ഓഡിറ്റ് നടപടിക്രമത്തിൽ ആവശ്യമായ പരിശീലനം നൽകണം.

198

# Responsive Governance for Kerala: A case Competency-Based Civil Service

Dr. Ram Mohan R. & Aswin T.K.

The imperative to enhance governance effectiveness and optimize public service delivery necessitates the implementation of competency-based civil service. Competency-based management in the civil service plays a vital role in promoting good governance and service delivery. This strengthens public trust in the civil service and cultivates a culture of transparency, integrity, fairness that aligns with the Right to Service. Competency-based management offers several benefits for civil service. Enhanced performance and productivity, strategic alignment with organizational goals, succession planning, accountability & high-quality services for the public, Professional growth for employees, fair and transparent evaluation, job satisfaction, employee engagement, and commitment to achieving goals are the takeaways for employees. The absence of competency-based civil service creates a substantial gap between the available competencies and the demands on civil service. Despite the introduction of the Right to Service Act, a significant gap exists between citizens' expectations and the actual delivery of services. The paper addresses the need for implementing competency-based management in response

to grievances regarding public service delivery. The competency framework project undertaken by the Institute of Management in Government (IMG) in 4 departments of the Government of Kerala – Local Self Government, Scheduled Tribe Development, Police, and the un-bifurcated Social Justice signaled a significant milestone in governance research. The study's findings hold great implications for service delivery, professionalization, and overall governance practices. The identified competencies address the specific needs of personnel within departments, facilitating effective public interaction and the delivery of high-quality services. Overcoming resistance to change is crucial. Developing expertise for comprehensive competency frameworks that aligns with departmental needs and ensuring fairness and transparency in the recruitment process are the major challenges.

1 Professor, IMG

2 Project Associate, IMG

199

## Accountability, Social Audit, and Corruption

Dr. Gita Gopal

This paper argues that social audit, a tool of social accountability, has been accepted in Kerala as an instrument to monitor financial management and performance at the local government levels. This results from a long history of social accountability in Kerala, way before such accountability became popular in the international development world. However, despite the significant progress made in this area, there are still some ways to go before the social audit process gains traction in the State. The paper identifies several issues that need to be addressed to improve the effectiveness of social audits. It utilizes the framework in CAG's Auditing standards: (i) Independence; (ii) Accountability and Transparency; (iii) Ethics; and (iv) Quality assurance. It concludes that the legal framework is scattered across variety of legislations and regulations. To enhance the independence of social audits, it argues that there is need for a cohesive framework that institutionalises social audits in the overall regulatory framework with a harmonised set of rules, provision of sufficient funds, and transparent appointment of auditors. To enhance accountability and transparency, the paper suggests that the findings of all social audits should be placed on record in an MIS at the Panchayat level and made available to the public. There is also a need to monitor the pro-active disclosure of information as required by the Audit Standards and the Kerala Panchayat Act. Further, auditors at the local levels should be given simple IT tools that will help enhance transparency. To improve ethics, relevant training and guidance should be included in the capacity development program. Quality assurance of social audits will depend on compliance with the applicable guidelines. Some process of internal and external quality assurance of social audits must be institutionalised at the Panchayat and the State level.

# 200

## നവകേരളകാലത്തെ ഭരണ നിർവ്വഹണം
## അഴിമതി നിർമ്മാർജ്ജനം

അഴിമതി രഹിതവും കാര്യക്ഷമവുമായ ഒരു സിവിൽ സർവ്വീസ് നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുക യെന്നത് സർവ്വീസ് സംഘടനകളുടെ പ്രതിജ്ഞാബ ദ്ധമായ മുദ്രാവാക്യമാണ്. നവലിബറൽ നയങ്ങളു ടെ ഭാഗമായിട്ടാണ് അഴിമതി ഒരു വലിയ സാമൂഹ്യ വിപത്തായി മാറിയതെങ്കിലും ക്രിപ്റ്റോ – കോർ പ്പറേറ്റ് ഭരണ വ്യവസ്ഥ അഴിമതിയുടെ ആഴവും പരപ്പും വ്യാപിപ്പിച്ചു. ജീവനക്കാർ ചെയ്യുന്ന അധിക ജോലിയുടെയും ക്രമം വിട്ട് പെട്ടെന്ന് ചെയ്ത് നൽകു ന്ന സേവനത്തിനുള്ള പ്രതിഫലം എന്ന രീതിയിൽ കൈമടക്ക് സമ്പ്രദായവും ഇതിന്റെ ഭാഗമായി നില നിൽക്കുന്നുണ്ട്. എന്നാൽ അഴിമതി എന്നത് ഇത്ത രത്തിലുള്ള കൈമടക്ക് വാങ്ങി ചെയ്യുന്ന കാര്യങ്ങൾ മാത്രമാണെന്ന് തെറ്റിദ്ധരിക്കരുത്. സേവനങ്ങളും ചെ യ്യേണ്ട പ്രവർത്തനങ്ങളും നിശ്ചിത സമയത്ത് ചെയ്ത് നൽകാതെ വൈകിപ്പിക്കുന്നതും അഴിമതി തന്നെയാ ണ്. സർക്കാർ നടപടിക്രമങ്ങൾ പലതും അഴിമതി നടത്തുന്നതിന് പഴുതിടുന്നവയാണ്. ഇതിന്റെ ഏറ്റ ക്കുറച്ചിലിനനുസരിച്ച് വിവിധ വകുപ്പുകളിൽ വിവിധ വ്യാപ്തിയിൽ അഴിമതി നടന്നുവരുന്നു.

കേരളത്തിൽ 1999 ലെ ലോകായുക്ത നിയമത്തി ന്റെയും 1988 ലെ അഴിമതി നിരോധന നിയമത്തി ന്റെയും അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള വിജി ലൻസ് കോടതികളും ട്രിബ്യൂണലുകളും അഴിമതി കേസുകൾ നടത്തുന്നുണ്ട്.

അഴിമതി നിർമ്മാർജ്ജനം പൂർണ്ണതോതിൽ നട ത്താൻ കഴിഞ്ഞിട്ടില്ലെങ്കിലും അഴിമതി പല സംവി ധാനത്തിലും പൂർണ്ണമായി ഇല്ലാതാക്കിയ പല മാതൃ കകളും കേരളത്തിൽ തന്നെയുണ്ട്. ഉദാഹരണമായി 2006-2011 ലെ ഇടതു പക്ഷ സർക്കാരിന്റെ കാലത്ത് അഴിമതി രഹിത വാളയാർ സ്ഥാപിക്കാനായി. വാളയാർ ചെക്ക് പോസ്റ്റിലൂടെ കടന്നുവരുന്ന ചര ക്കുകൾക്ക് ഈടാക്കുന്ന നികുതി പിരിക്കുന്നതിലും മറ്റും നടന്ന അഴിമതിയും കൈക്കൂലിയും പൂർണ്ണമാ യി ഇല്ലാതാക്കാനും അതു വഴി സംസ്ഥാന വരുമാ നത്തിൽ വർദ്ധനവ് വരുത്താനും അന്നത്തെ ഗവൺ മെന്റ് സംവിധാനത്തിന് കഴിഞ്ഞിട്ടുണ്ട് എന്നത് വസ്തുതയാണ്. അത് തികച്ചും മാതൃകാപരവുമാ ണ്. അതുപോലെത്തന്നെ ആരോഗ്യമേഖലയിൽ വിവിധ ആശുപത്രികളിൽ അഴിമതിരഹിത മാതൃകാ സംവിധാനം കൊണ്ടുവരുന്നതിനും സാധിച്ചിട്ടുണ്ട്.

2005 ലെ വിവരാവകാശ നിയമം അഴിമതി തടയു ന്നതിന് സഹായകമായിട്ടുള്ള ഒരു നിയമമാണ്. എന്നാൽ ആ നിയമവും ചിലപ്പോൾ അഴിമതിക്ക് വേണ്ടി ദുരുപയോഗം ചെയ്യുന്ന സാഹചര്യവും നില വിലുണ്ട്. അഴിമതി നിർമ്മാർജ്ജനത്തിനുള്ള പ്രധാന നിർദ്ദേശങ്ങൾ അന്യത്ര ചേർക്കുന്നു.

ജീവനക്കാർക്ക് കൃത്യമായ ട്രെയിനിംഗ് നൽകുക, വിവിധ ഓഫീസുകളിൽ നിന്നും നൽകുന്ന സേ വനങ്ങൾ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുക, വകുപ്പുകളിൽ ഇന്റേണൽ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുക, സോഷ്യൽ ഓഡിറ്റിംഗ് ഫലപ്ര ദമാക്കുക, ജീവനക്കാരുടെ ട്രാൻസ്ഫർ വ്യവസ്ഥകൾ കുറ്റമറ്റതും കാര്യക്ഷമവുമാക്കുക, കൃത്യമായി നട പ്പാക്കുക, ആധുനിക സാങ്കേതികവിദ്യയുടെ ഉപ യോഗത്തിലൂടെ അഴിമതിയെ നേരിടുക, വാതിൽപ്പടി സേവനം ഫലപ്രദമാക്കുക, നിലവിലുള്ള വിജിലൻസ് ആന്റ് ആന്റീകറപ്ഷൻ ബ്യൂറോയെ പുനസംഘടിപ്പി ക്കുക, ഓഫീസുകളിൽ വരുന്ന ജനങ്ങൾക്ക് ലഭിച്ച സേവനത്തെ സംബന്ധിച്ച് അവരിൽ നിന്നും feed back വാങ്ങുക. Feed back പരിശോധിച്ച് മാറ്റങ്ങൾ വരുത്തുക.

# 201

## ഭിന്നശേഷി സൗഹൃദ കേരളം
## എത്തിപ്പെടാൻ കഴിയാത്തവരിലേക്ക് എത്തിച്ചേരൽ

ശ്രീജ സി.എസ്., സിജോ എ.എസ്. & സി. ചന്ദ്രബാബു

ഭിന്നശേഷിക്കാർക്ക് ശരിയായ പരിചരണം, സംരക്ഷ ണം, പരിശീലനം, തൊഴിൽ, പുനരധിവാസം എന്നി വയ്ക്ക് മറ്റുള്ളവരുടെ പോലെതന്നെ തുല്യമായ അർഹ തയുണ്ട്. ഭിന്നശേഷി ജനസംഖ്യ. ഭിന്നശേഷിയുടെ തരം, ഭിന്നശേഷിയുടെ ആരംഭം, ഭിന്നശേഷിക്ക് സാ ധ്യമായ കാരണങ്ങൾ, ഗ്രാമീണ, നഗര ജനസംഖ്യ. അവരുടെ സാമ്പത്തിക സ്ഥിതി മുതലായവയുമായി ബന്ധപ്പെട്ട കൃത്യവും, ആശ്രയയോഗ്യവുമായ വിവ

രങ്ങൾ ശരിയായ ആസൂത്രണത്തിനും, നയരൂപീകരണത്തിനും പദ്ധതികൾ വികസിപ്പിക്കുന്നതിനും, അത്യന്താപേക്ഷിതമാണ്. ഇന്ത്യയൊട്ടാകെ ഭിന്നശേഷി മേഖലയിലെ സമ്പൂർണ സെൻസസ് ആരംഭിച്ച ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം.

കേരളത്തിലെ ഭിന്നശേഷിക്കാരുടെ പുനരധിവാസ ചികിത്സക്കും നിർണ്ണയത്തിനുമായി സാമൂഹ്യ സുരക്ഷാ മിഷന്റെ നേതൃത്വത്തിൽ ജില്ലാ ആശുപത്രികളുമായി സഹകരിച്ച് ജില്ലാ ഏർളി ഇന്റെർവെൻഷൻ സെന്ററുകളും, മെഡിക്കൽ കോളേജുകളിലെ റീജ്യണൽ ഏർളി ഇന്റെർവെൻഷൻ സെന്ററുകളും കൂടാതെ അപ്പക്സ് സ്ഥാപനങ്ങളായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (NISH), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ (NIPMR), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസസ് (IMHANS) എന്നിവയും പ്രവർത്തിക്കുന്നു.

വ്യത്യസ്ത മേഖലകളിലേക്കും, കേരളത്തിലെ വ്യത്യസ്ത സ്ഥലങ്ങളിലേക്കും, ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന ആദിവാസികൾ ഉൾപ്പെടെ എല്ലാവരിലേക്കും സേവനങ്ങൾ എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ വിവിധ പദ്ധതികൾ NIPMR ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. NIPMR ൽ നടത്തിവരുന്ന പുനരധിവാസ ചികിത്സാ സേവനങ്ങൾ നേരിട്ട് ലഭിക്കാൻ സാധ്യതയില്ലാത്ത കുട്ടികൾക്കും മുതിർന്നവർക്കും എത്തിച്ചേരാൻ സാധിക്കാത്ത ആളുകളിലേക്ക് എത്തിച്ചേരുന്നതിനായി ആധുനിക ചികിത്സ ഉപകരണങ്ങൾ സജ്ജമാക്കിയ ഒരു ആംബുലൻസ് ആണ് റിഹാബ് ഓൺ വീൽസ്.

നിലവിലെ മൊബൈൽ ഇൻവെൻഷൻ യൂണിറ്റുകളിൽ ഇൻബിൽറ്റായ തെറാപ്പി സംവിധാനങ്ങളില്ലാത്തത് പരിഗണിച്ചുകൊണ്ട് കേൾവി പരിശോധന, ഭിന്നശേഷി സഹായ ഉപകരണങ്ങളുടെ ആവശ്യകതാനിർണ്ണയം, ഫിസിയോ തെറാപ്പി, സ്പീച്ച് തെറാപ്പി, ഒക്യുപ്പേഷണൽ തെറാപ്പി, ബിഹേവിയറൽ തെറാപ്പി എന്നിവ ഉൾപ്പെടുന്ന വിപുലമായ മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റാണ് റിഹാബ് എക്സ്പ്രസ്.

റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (KSRTC) യിൽ നിന്നും ഒരു ലോ ഫ്ലോർ AC ബസ് വാടകക്ക് എടുത്ത് ഭിന്നശേഷി സൗഹൃദമാക്കുകയും, ഈ ബസ്സിൽ ആവശ്യമായ രൂപ മാറ്റം വരുത്തി ചികിത്സാ സൗകര്യം ഒരുക്കി, പുനരധിവാസ ചികിത്സാ സേവനങ്ങൾ ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ ക്യാമ്പുകൾ നടത്തി ഭിന്നശേഷിക്കാർക്ക് ആവശ്യമായ സേവനം നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം.

വളർച്ച വിളംബം നേരിടുന്ന കുട്ടികളെ തിരിച്ചറിയുകയും, പിന്തുണ നൽകുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് നേരത്തെയുള്ള ഇടപെടൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്.

കുട്ടികൾക്കുള്ള നേരത്തെയുള്ള ഇടപെടൽ ക്യാമ്പുകൾ വിലമതിക്കാനാവാത്ത ഔട്ട് റീച്ച് പ്രോഗ്രാമായി വർത്തിക്കുന്നു. ഇത് കുട്ടികളുടെ വളർച്ചാ വിളംബം തിരിച്ചറിയുകയും, ഇടപെടാൻ സഹായിക്കുകയും ചെയ്യുന്നു. ഒരു മൾട്ടി ഡിസിപ്ലിനറി സമീപനം, അനുയോജ്യമായ ഇടപെടലുകൾ, മാതാപിതാക്കളുടെയും തെറാപ്പിസ്റ്റുകളുടെ സജീവ പങ്കാളിത്തം എന്നിവ സംയോജിപ്പിക്കുന്നതിലൂടെ, ഈ ക്യാമ്പുകൾ കുട്ടികളുടെ വളർച്ച വിളംബം നേരത്തെ കണ്ടെത്തി ഇടപെടുന്നതിൽ മികച്ച സംഭാവനയാണ് നൽകുന്നത്. കഴിഞ്ഞ അഞ്ചുവർഷ കാലയളവിൽ ഔട്ട് റിച്ച് പ്രോഗ്രാമിന്റെ ഭാഗമായി 5729 ഓളം കുട്ടികൾക്കും മുതിർന്നവർക്കും ഈ സേവനങ്ങൾ നൽകുവാൻ സാധിച്ചു.

NIPMR നടപ്പിലാക്കുന്ന ഔട്ട് റീച്ച് പ്രോഗ്രാമുകൾ മാതൃകാ പരിപാടിയാണ്. ഇതുപോലെയുള്ള മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ കാരിന്റെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ ഇനിയും ഉണ്ടാകേണ്ടതാണ്. എന്നാൽ മാത്രമേ ചികിത്സ സ്ഥാപനങ്ങളിൽ എത്തി ചേരാൻ സാധികാത്തവർക്ക് ആവശ്യമായതും സമയബന്ധിതവുമായ ചികിൽസ ലഭ്യമാക്കുകയുള്ളൂ.

1 Social Worker (Ph 9288008987)

2 Social Worker (Ph: 9567948796)

3 Executive Director (Ph: 9446389848)

202

# ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിയുള്ളവരുടെ സാമുഹ്യ പുനരധിവാസം - പ്രശ്ങ്ങൾ, പരിഹാരങ്ങൾ

ഡോ. ജയരാജ് എം.കെ.

ശാരീരികവും മാനസികവുമായ ഭിന്നശേഷിയുള്ള ഒരു വലിയ വിഭാഗം നമുക്കിടയിൽ ഉണ്ടെങ്കിലും അന്ധത, ബധിരത, അസ്ഥി-ചലന അംഗപരിമിതർ തുടങ്ങി ദൃശ്യമായ ശാരീരിക പിന്നോക്കാവസ്ഥ അനുഭവിക്കുന്നവരാണ് എപ്പോഴും പരാമർശിക്കപ്പെടുന്നത്. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ ദൂർബലരും പരസഹായം ആവശ്യമുള്ളവരുമാണ്. ശാരീരികമായ അംഗപരിമിതരെ പോലെ തങ്ങളുടെ

അവകാശങ്ങളെക്കുറിച്ച് ചിന്തിക്കുവാനോ അവ നേടിയെടുക്കുവാനുള്ള കഴിവോ ഇല്ലാത്തതിനാൽ അവർ അനുഭവിക്കുന്ന പ്രശ്നങ്ങളും വലുതാണ്. ഈ വിഭാഗത്തെക്കുറിച്ച് പൊതുവെ സമൂഹത്തിന് തികഞ്ഞ അജ്ഞതയും മുൻവിധിയുമാണ്. സമൂഹത്തിൽ ഈ വിഭാഗത്തിന്റെ അംഗസംഖ്യ അഭൂതപൂർവ്വമായി വർദ്ധിക്കുന്ന പ്രവണതയുള്ളതിനാൽ അരികുവൽക്കരിക്കപ്പെട്ട സ്ഥിതിവിശേഷം മാറേണ്ടതുണ്ട്.

കുട്ടികളിൽ ഉണ്ടാകുന്ന ഇത്തരം ബുദ്ധി പരിമിതികൾ നേരത്തെ തിരിച്ചറിഞ്ഞ്, കൃത്യമായ പരിശീലനം നൽകുന്നത് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു പരിധി വരെ സഹായകമാകുമെങ്കിലും അത് പൂർണ്ണമായ പരിഹാരമല്ല. നമ്മുടെ നാട്ടിൽ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന മുതിർന്ന വ്യക്തികൾക്ക് 18 വയസ്സുവരെയുള്ള വിദ്യാഭ്യാസം മാത്രമാണ് ലഭ്യമാക്കുന്നത്. അതിന് ശേഷം ഇവരുടെയും കുടുംബങ്ങളുടെയും നിലനിൽപ്പ് തന്നെ പ്രതിസന്ധിയിലാണ്.

പൊതുവെ പറഞ്ഞാൽ, മറ്റ് ഭിന്നശേഷി വിഭാഗങ്ങൾക്കായി അനുവർത്തിച്ചു വരുന്ന പുനരധിവാസ സമീപനങ്ങൾ, വൈയക്തികമായ സവിശേഷതകൾ ഏറെയുള്ള ബുദ്ധിപരമായി വെല്ലുവിളികൾ നേരിടുന്നവർക്കും യാന്ത്രികമായി അനുവർത്തിക്കുന്നതിന്റെ ദുരന്തഫലമായിട്ടാണ് സമൂഹത്തിൽ ഇന്നും ബുദ്ധിപരമായി വെല്ലുവിളികൾ നേരിടുന്നവരുടെ പ്രശ്നങ്ങളിൽ കാര്യമായ പരിഹാരം കാണാൻ കഴിയാത്തത്.

ബുദ്ധിപരമായി വെല്ലുവിളികൾ നേരിടുന്ന മുതിർന്ന വ്യക്തികൾക്ക് 18 വയസ്സിന് ശേഷമുള്ള തൊഴിലധിഷ്ഠിത പരിശീലനത്തിന്റെയും തൊഴിലിന്റെയും ആവശ്യകതയും അതിലൂടെ ഇത്തരം വ്യക്തികളുടെയും കുടുംബങ്ങളുടെയും പ്രതിസന്ധികൾ നീക്കി അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനെക്കുറിച്ചും ഗൗരവമായി ആലോചിക്കേണ്ടതുണ്ട്.

ഇത്തരം വ്യക്തികളിൽ 80%, ആളുകൾക്കും ജോലിക്ക് പോകാനും വരുമാനം നേടാനും സാധിക്കും. സാങ്കേതിക പരിജ്ഞാനം ആവശ്യമില്ലാത്തതും, ആവർത്തന സ്വഭാവമുള്ളതും സുരക്ഷിതവുമായ ജോലികളാണ് ഇവർക്ക് ചെയ്യാൻ കഴിയുക. ഇത്തരത്തിലുള്ള ജോലികൾ സമൂഹത്തിൽ നിരവധിയുണ്ട്. അവ കണ്ടെത്തി അതുമായി ബന്ധപ്പെട്ടുള്ള പരിശീലനം നൽകി അവരെ ജോലിയിൽ പ്രവേശിപ്പിക്കാവുന്നതാണ്.

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ നിയന്ത്രണത്തിലുള്ള യു.എൽ.സി,സി.എസ് ഫൌണ്ടേഷൻ ഇത്തരത്തിൽ മാതൃകാപരമായി ഒരു പദ്ധതി നടപ്പിലാക്കുന്നുണ്ട്. കോഴിക്കോട് എരഞ്ഞിപ്പാലത്തുള്ള നായനാർ ബാലികാ സദനത്തിൽ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന മുതിർന്ന വ്യക്തികൾക്ക് തൊഴിലധിഷ്ഠിത പരിശീലനവും തുടർന്ന് വിവിധ സ്ഥാപനങ്ങളിൽ പ്ലേസ്മെന്റ് ട്രെയിനിങ്ങും നൽകുന്നതാണ് പദ്ധതി. ഇത്തരത്തിൽ, നൂറോളം വ്യക്തികൾ ഇപ്പോൾ കോഴിക്കോട് ജില്ലയിലെ വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്തു വരുന്നു.

ഭിന്നശേഷിക്കാരായ മുതിർന്ന വ്യക്തികളെ ആദ്യം വിവിധ തലങ്ങളിൽ വിശദമായി രക്ഷിതാക്കളോടൊപ്പവും ഒറ്റയ്ക്കും വിദഗ്ധരായ സ്പെഷ്യൽ എഡ്യുക്കേറ്റർമാർ വിശകലനം ചെയുകയും തുടർന്ന് വൊക്കേഷണൽ ട്രെയിനിങ് സെന്ററിൽ പ്രവേശനം നൽകി പരിശീലിപ്പിക്കുകയും ചെയ്യുന്നു. ഇതിലൂടെ സ്പെഷ്യൽ എഡ്യുക്കേറ്റർമാർ അവർക്ക് അനുയോജ്യമായ ജോലി സ്ഥലവും ജോലിയും കണ്ടെത്തി ജോലിയിൽ പ്രവേശിപ്പിക്കുന്നത് ജോലി ചെയ്യുന്ന സ്ഥാപനത്തിലെ അധികാരികൾക്കും ജീവനക്കാർക്കും അവബോധം നൽകുകയും ജോലിയിൽ പ്രവേശിപ്പിച്ചതിന് ശേഷം സ്പെഷ്യൽ എജുക്കേറ്റർമാർ കൃത്യമായ ഇടവേളകളിൽ നേരിട്ട് എത്തി വിശകലനം നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യും. ആശുപത്രികൾ, ബാങ്കുകൾ, സൂപ്പർമാർക്കറ്റുകൾ, മുതിർന്ന പൌരർക്കുള്ള പകൽ പരിപാലന കേന്ദ്രങ്ങൾ, വാഹന വർക്ക് ഷോപ്പുകൾ, ബേക്കറികൾ തുടങ്ങിയ സ്ഥലങ്ങളിലാണ് ഇവർ ജോലിചെയ്തു വരുന്നത്. 2017 മുതൽ ഇത്തരം വ്യക്തികൾ നായനാർ സദനത്തിൽ നിന്ന് ജോലിക്ക് പോകുന്നുണ്ട്. തൊഴിൽദാതാക്കൾ ഇവരുടെ സേവനത്തിൽ തൃപ്തരാണ്. ജോലിക്ക് പോകുന്ന ഭിന്നശേഷിക്കാരായ മുതിർന്ന വ്യക്തികൾക്കും അവരുടെ കുടുംബങ്ങൾക്കും സാമ്പത്തികമായും സാമൂഹികമായും ഉണ്ടായ പ്രകടമായ മാറ്റം ഏറെ പ്രചോദനകരമാണ്. ഇത്തരം വ്യക്തികൾക്കായി കേരളത്തിലുടനീളം നടപ്പാക്കാവുന്ന ഒരു ഉത്തമ മാതൃകയുമാണ് ഈ പദ്ധതി.

---

ഡയറക്ടർ,യു .എൽ.സി.സി.എസ്. ഫൗണ്ടേഷൻ

203

# ഭരണപരിഷ്കാര കമ്മീഷൻ ശുപാർശകളോടുള്ള പ്രതികരണം

സി.ജെ. ജോസഫ് പഠനഗവേഷണ കേന്ദ്രം

ഭരണപരിഷ്കാര കമ്മീഷന്റെ വയോജന പരിപാലനം സംബന്ധിച്ച റിപ്പോർട്ടിൽ വയോജന പരിപാലന നിയമവുമായി ബന്ധപ്പെട്ട് ട്രൈബ്യൂണൽ, അപ്പലേറ്റ് ട്രൈബ്യൂണൽ കേസ് നടത്തിപ്പും അവയുടെ പരിഹാരമാർഗങ്ങൾ എന്നിവ സംബന്ധിച്ച് മാത്രമേ പരാമർശിക്കുന്നുള്ളൂ.

മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി വയോജനങ്ങളുടെ സംഖ്യ ഇവിടെ കൂടുതലാണ് ഒപ്പം അവർ നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണ്. ഐക്യരാഷ്ട്ര സംഘടനയുടെ ജനറൽ അസംബ്ലി 1991 ൽ വയോജനങ്ങളെ സംബന്ധിച്ച് 15 ഇന അവകാശ പട്ടിക ഐക്യകണ്ഠേന അംഗീകരിക്കുകയുണ്ടായി. സ്വാതന്ത്ര്യം, പൊതുപങ്കാളിത്തം, സംരക്ഷണം, സ്വയം പര്യാപ്തത, അർഹിക്കുന്ന പരിഗണന നൽകൽ എന്നിവ പ്രഥമ പരിഗണനയിൽ പെടുന്നു. ഇതനുസരിച്ച് ഇന്ത്യയും വയോജന നയം പ്രഖ്യാപിക്കുകയുണ്ടായി.

ജനസംഖ്യയുടെ കാര്യത്തിൽ നാം ഒരു വ്യത്യസ്തഘട്ടത്തിലാണ്. ജനന - മരണ നിരക്കുകൾ കുറഞ്ഞതും ആയുർദൈർഘ്യം കൂടിയതും വയോജനങ്ങളുടെ ശതമാനം വർദ്ധിച്ചു. ഇതോടൊപ്പം വയോജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളും വർദ്ധിച്ചു. കുടുംബത്തിലും സമൂഹത്തിലും വയോജനങ്ങൾ ഏറെ അവഗണിക്കപ്പെടുകയും ഒറ്റപ്പെടുകയും ചെയ്യുന്നുണ്ട്. വയോജനങ്ങളുടെ ശാരീരിക ആരോഗ്യം സംരക്ഷിച്ചുകൊണ്ട് അവരുടെ മാനസിക ആരോഗ്യത്തിനും സാമ്പത്തിക പ്രശ്നങ്ങൾക്കും പരിഹാരം കാണാം.

സംസ്ഥാനത്തെ ത്രിതല ഭരണത്തിലെ അധ്യക്ഷൻമാരുടെ യോഗം ചേർന്ന് വയോജന പരിപാലനത്തിനുള്ള പ്രോജക്ട് പരിശോധിച്ചു വിവിധ കർമ്മപരിപാടികൾക്ക് രൂപം നൽകേണ്ടതാണ്. വിവിധ തലങ്ങളിൽ വയോജന ക്ലബ്ബുകൾ ആരംഭിക്കേണ്ടതാണ്. ത്രിതല ഭരണ സംവിധാനത്തിൽ ഇതിനുള്ള രൂപരേഖ തയ്യാറാക്കി നൽകേണ്ടതാണ്. ഈ ക്ലബ്ബുകൾ വഴി കൃത്യമായ ഇടവേളകളിൽ വിവിധതരം വയോജന ക്ഷേമ പരിപാടികളും ആരോഗ്യ പരിശോധനകളും നടത്തി വിവരം ശേഖരിക്കേണ്ടതാണ്.

വയോജന പരിപാലനവുമായി ബന്ധപ്പെട്ട കുടുംബാരോഗ്യ കേന്ദ്രങ്ങൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, സബ് സെന്ററുകൾ, താലൂക്ക് ആശുപത്രികൾ തുടങ്ങി വിവിധ പൊതു ആരോഗ്യ സ്ഥാപനങ്ങൾ വഴി സ്ഥിരമായി ആരോഗ്യ പരിശോധന നടത്തി വേണ്ട ഇടപെടലുകൾ നടത്തേണ്ടതാണ്.

ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ ജില്ലാതലത്തിൽ പൊതു സ്വകാര്യ മേഖലകളിലെ ആരോഗ്യ കേന്ദ്രങ്ങൾ വഴി വയോജന പരിപാലനത്തിന് വേണ്ടിയുള്ള സഹായസഹകരണങ്ങൾ ഉറപ്പാക്കേണ്ടതാണ്. ഇതിനായി വിവിധ പരിശോധന ലാബുകൾ, ക്ലിനിക്കുകൾ, സന്നദ്ധ സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ, വ്യക്തികൾ, സ്ഥാപനങ്ങൾ, പ്രസ്ഥാനങ്ങൾ എന്നിവ ഉപയോഗപ്പെടുത്തേണ്ടതാണ്.

വയോജന മിത്രം പരിപാടി സംസ്ഥാനമെട്ടാകെ വ്യാപിപ്പിക്കുക. തദ്ദേശ ഭരണ സ്ഥാപനതലത്തിൽ പരിശോധന സന്ദർശന തീയതി ക്രോഡീകരിച്ച് ചുമതല ഏർപ്പെടുത്തുക. അംഗൻവാടിതലം മുതൽ ഇതിനു വേണ്ട ഇടപെടലുകൾ നടത്തേണ്ടതാണ്.

വിവിധ പ്രായക്കാരുടെ വിദ്യാഭ്യാസം, തൊഴിൽ പരിചയം, ആരോഗ്യം പരിശീലന ആവശ്യകത എന്നിവ കണക്കിലെടുത്ത് വേണ്ട പരിശീലനങ്ങൾ നൽകിയും ചെറുകിട സംരംഭങ്ങൾ ആരംഭിക്കാനുള്ള സഹായം ലഭ്യമാക്കുക. എല്ലാ പൊതു സ്ഥാപനങ്ങളും വയോജന സൗഹൃദമാക്കുന്നതിന്റെ ഭാഗമായി റാംപ്, ലിഫ്റ്റ് തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തുക.

ജില്ലയിലെ വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന വയോജനക്ഷേമ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും നേതൃത്വം നൽകുന്നതിനുമുള്ള ഒരു സംവിധാനം ആയിരിക്കണം ജില്ലാ റിസോഴ്സ് സെന്റർ. ഇതുവഴി സേവനം ആവശ്യമുള്ള ഗുണഭോക്താക്കളുടെ വിവരശേഖരണം നടത്തുക, അവ പട്ടികപ്പെടുത്തൽ, ഡിജിറ്റൈസേഷൻ, വിജ്ഞാന വ്യാപനം, വിവിധ പരിശീലനങ്ങൾ, ഉപദേശക മാർഗ്ഗ നിർദ്ദേശങ്ങൾ നൽകൽ, പ്രത്യേക പരിശോധനകൾ, റഫറൽ ആൻഡ് ബാക്ക് റഫറൽ സിസ്റ്റം നടപ്പാക്കൽ എന്നിവയായിരിക്കണം ജില്ലാ റിസോഴ്സ് സെന്ററിന്റെ ചുമതലകൾ.

---

കെ.ജി.ഒ.എ. സംസ്ഥാന കമ്മിറ്റി ഓഫീസ്

## 204

## വയോജന ക്ഷേമം

കേരളത്തിലെ 80 ലക്ഷത്തോളം മുതിർന്ന പൗരന്മാരിൽ 55 ലക്ഷം പേരുടെയും വരുമാനം സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ആണ്. അടിസ്ഥാന വരുമാനം ഇല്ല എന്നതാണ് ഇവർ നേരിടുന്ന പ്രധാന പ്രശ്നം

ഇന്ത്യയിൽ ആദ്യമായി വയോജനമായും രൂപീകരിച്ച കേരളത്തിൽ 2009-ലെ കേന്ദ്ര നിയമങ്ങളുടെ ചുവടുപിടിച്ച് ചട്ടങ്ങൾ രൂപീകരിക്കപ്പെട്ടു .അതിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട ട്രീബ്യൂണലുകൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ സമയബന്ധിതമായി നടപ്പിലാക്കപ്പെടുന്നില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളിൽ 5% -ൽ കുറയാത്ത തുക വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കുമായി ചെലവാക്കേണ്ടതുണ്ട്.ഓരോ ജില്ലകളിലെയും വയോജന കൗൺസിലുകളുടെ പ്രവർത്തനത്തിൽ കാതലായ മാറ്റം ആവശ്യമാണ്.

സ്വന്തം വീട്ടിൽ നിന്ന് ഇറക്കി വിടുക, ഭക്ഷണവും മരുന്നും കൃത്യമായി നൽകാതിരിക്കുക, വീടുകളിൽ പൂട്ടിയിടുക, സ്വത്തും പെൻഷനും അപഹരിക്കുക, വായ്പ എടുത്ത് കടക്കെണിയിൽ ആക്കുക തുടങ്ങിയ നിരവധി പീഡനങ്ങൾക്ക് വയോജനങ്ങൾ ഇരയാകുന്നുണ്ട്.ഇത് പരിഹരിക്കുന്നതിന് 2006 ലെ വയോജന നയം കാലോചിതമായി പുതുക്കണം. വയോജന ക്ഷേമ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറണം. വയോജന കമ്മീഷൻ രൂപീകരിക്കേണ്ടതുണ്ട്. വാർഡ് തല ഹെൽപ് സെന്ററുകൾ രൂപീകരിക്കണം. ബോധവൽക്കരണത്തിനുള്ള ഫലപ്രദമായ പരിപാടികൾ ഉണ്ടാകണം.

## 205

## സ്ത്രീകൾ, കുട്ടികൾ, ഭിന്നശേഷി, വയോജനം, അതിഥി തൊഴിലാളികൾ

എം. വിജയകുമാർ

സ്ത്രീകൾ, കുട്ടികൾ, ഭിന്നശേഷി, വയോജനം, അതിഥി തൊഴിലാളികൾ എന്നിവരുടെ ക്ഷേമത്തിനായി സമഗ്രവും സുവ്യക്തവുമായ നിയമങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ട്.നിലവിലുള്ള നിയമങ്ങളുടെ അവലോകനവും വിശകലനവും നടത്തി അവയെ കാര്യക്ഷമവും ഫലപ്രദവും സമ്പുഷ്ടവുമാക്കി പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള വ്യാപകവും പ്രചണ്ഡവുമായ ബോധവൽക്കരണ പരിപാടികൾ നടത്തേണ്ടത് അത്യാവശ്യമാണ്. വിവരസാങ്കേതികവിദ്യയുടെ മികവ് പൂർണമായും ഉപയുക്തമാക്കണം.

Juvenile Justice (Care and Protection of Children) Act 2019 നടപ്പിലാക്കുന്നതിനായി ഉള്ള ചട്ടങ്ങൾ സർക്കാർ അടിയന്തരമായി പുറപ്പെടുവിക്കേണ്ടതാണ്. സ്ത്രീധന നിരോധന നിയമം സംബന്ധിച്ച ബോധവൽക്കരണത്തിന് അംഗൻവാടികളിലെ വയോജന കേന്ദ്രവുമായി ബന്ധപ്പെട്ട Resource Persons -നെ നിയോഗിക്കണം.തുല്യ വേതന നിയമം നടപ്പിലാക്കുന്നതിന് നിയോഗിക്കപ്പെട്ട കമ്മിറ്റികൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതുണ്ട്.തൊഴിലിടങ്ങളിലെ ഇന്റേണൽ കംപ്ളെയിന്റ്സ് കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്. വയോജന പരിപാലന കേന്ദ്രങ്ങളിൽ നഴ്സിംഗ്, പാരാ മെഡിക്കൽ വിദ്യാർഥികളുടെ സേവനം അവർക്ക് വരുമാനം കൂടി ലഭ്യമാവുന്ന തരത്തിൽ ഇന്റേൺഷിപ്പായി നടപ്പിലാക്കാവുന്നതാണ്.

Protection of Children from Sexual Offences Act 2012, The Commission for Protection of Child Rights Act 2005, The Protection of Women from Domestic Violence Act 2005, The Dowry Prohibition Act 1961, The Maintenance and Welfare of Parents and Senior Ctizens Act 2007, Kerala Inter-State Migrant Workmen (Regulation of Employment and Conditions of Services) Rules 1983, Kerala Migrant Workers Welfare Fund Scheme 2010, തുല്യവേതന നിയമം 1976,തൊഴിൽ സ്ഥലങ്ങളിലെ ലൈംഗിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2018 എന്നീ നിയമങ്ങൾ മുഴുവൻ പൊതുസമൂഹത്തിന്റെയും ശ്രദ്ധയിലും ബോധ്യത്തിലും കൊണ്ടുവരണം.

പൂജപ്പുര

# 206

## ദുർബല വിഭാഗങ്ങളുടെ പരിഗണന ഭരണ പരിഷ്കാര കമ്മീഷൻ ശുപാർശ പ്രതികരണം

സി.ജെ. ജോസഫ് പഠന ഗവേഷണ കേന്ദ്രം

മത്സ്യത്തൊഴിലാളികൾ, പട്ടികജാതി, പട്ടിക വിഭാഗക്കാർ, കോളനി നിവാസികൾ, തെരുവ് നിവാസികൾ തുടങ്ങി ദുർബല വിഭാഗങ്ങൾക്ക് ആവശ്യമായ സഹായ ഘടകങ്ങൾ എത്തിച്ച് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുക എന്നതാവണം മുഖ്യ പരിഗണന. അതിനായി ഭരണ പരിഷ്കാര കമ്മീഷനുകൾ വിവിധങ്ങളായ ശുപാർശകളാണ് സമർപ്പിച്ചിട്ടുള്ളത്. ഭവനരാഹിത്യമാണ് തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളും വനമേഖലയിലെ ആദിവാസി വിഭാഗങ്ങളും അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഇത് പരിഹരിക്കുന്നതിനായി ഭവന പദ്ധതികൾ നടപ്പാക്കുമ്പോൾ ഗുണഭോക്താക്കളെ ബന്ധപ്പെട്ട വകുപ്പുകൾക്ക് തെരഞ്ഞെടുക്കുവാൻ കഴിയണം. തീരദേശ ഭവനങ്ങളുടെ അറ്റകുറ്റപ്പണിക്കും പുനർവൈദ്യുതീകരണത്തിനും പ്രത്യേക പരിഗണന ഉണ്ടാകണം. ട്രോളിംഗ് നിരോധന കാലത്ത് സ്പെഷ്യൽ കിറ്റ് നൽകുക മത്സ്യത്തൊഴിലാളികൾക്കായി റിട്ടയർമെന്റ് ബെനിഫിറ്റ് സ്കീം, മത്സ്യ വിപണനത്തിൽ ഇടനിലക്കാരുടെ ഇടപെടൽ ഒഴിവാക്കുക മത്സ്യഫെഡിന്റെ സംഭരണശേഷി ഉയർത്തുക എന്നിവ അനിവാര്യം. തീരദേശത്തും വനമേഖലയിലും ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ അവിടങ്ങളിലെ ജനവിഭാഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കണം. പട്ടികജാതി പ്രമോട്ടർമാരുടെ സേവനം 50 കുടുംബങ്ങൾക്ക് ഒന്ന് എന്ന രൂപത്തിൽ ക്രമപ്പെടുത്തണം അവർ ആഴ്ചയിൽ ഒരിക്കലെങ്കിലും ഭവന സന്ദർശനം നടത്തി വിദ്യാർഥികളുടെ പഠനം വിലയിരുത്തി ബന്ധപ്പെട്ട തദ്ദേശ സ്വയം സ്ഥാപനത്തിന്റെ ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റികൾക്ക് റിപ്പോർട്ട് ചെയ്യണം. ദുർബല വിഭാഗങ്ങളുടെ പഠനനിലവാരം ഉയർത്തുന്നതിന് വേണ്ടി ആരംഭിച്ച റസിഡൻഷ്യൽ സ്കൂളുകളെ നവോദയ വിദ്യാലയത്തിന്റെ നിലവാരത്തിലേക്ക് ഉയർത്തണം. പട്ടയം ലഭിക്കാത്തവർക്ക് അടിയന്തരമായി പട്ടയം ലഭ്യമാക്കുന്നതിനും തെരുവ് നിവാസികളുടെ കൃത്യമായ വിവരശേഖരണം നടത്തി അവരെ പുനരധിവസിപ്പിക്കുവാനും ഇടപെടലുകൾ ഉണ്ടാകേണ്ടതുണ്ട്. കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ഒരു പട്ടികവർഗ്ഗ നയം ആവിഷ്കരിക്കുകയും എല്ലാവർക്കും തിരിച്ചറിയൽ കാർഡും അർഹതപ്പെട്ട എല്ലാവർക്കും സാമൂഹ്യ സുരക്ഷാ പെൻഷൻ ഉറപ്പാക്കുന്നതിനും ഭൂമി അന്യാധീനപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുകയും ഭൂമിയുടെ ഡിജിറ്റൽ രേഖ തയ്യാറാക്കി രജിസ്ട്രേഷൻ, റവന്യൂ വകുപ്പുകളിൽ സൂക്ഷിച്ച് വീണ്ടും ഭൂമി അന്യാധീനപ്പെടാതിരിക്കാൻ നടപടി ഉണ്ടാകണം. തെരുവ് നിവാസികളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിന് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഇവരുടെ പങ്കാളിത്തം ഉറപ്പാക്കണം. ദേശീയ നഗര ഉപജീവന ദൗത്യം പദ്ധതിയിലൂടെ വികസനത്തിൽ ഉള്ള പരിശീലനം നൽകി തൊഴിൽ സ്ഥലങ്ങളും ഉറപ്പാക്കേണ്ടതുണ്ട്.

KGOA സംസ്ഥാന കമ്മിറ്റി

# 207

## സ്ത്രീസുരക്ഷ - ഭരണപരിഷ്കാര കമ്മീഷൻ മൂന്നാം റിപ്പോർട്ട് ശുപാർശകളിന്മേലുള്ള പ്രതികരണം

സി.ജെ. ജോസഫ് പഠന ഗവേഷണ കേന്ദ്രം

### വനിതാ സംരക്ഷണ നിയമങ്ങളിൽ വരുത്തേണ്ട ഭേദഗതികൾ

### സ്ത്രീധന നിരോധന നിയമം 1961

സ്ത്രീധന നിരോധന നിയമം 1961 പ്രകാരം വിവാഹവുമായി ബന്ധപ്പെട്ട സ്ത്രീയുടെ വീട്ടുകാരും ബന്ധുക്കളും സ്വമേധയോ നൽകുന്ന സമ്മാനങ്ങൾക്കും (സ്വത്ത്/ ധനം) വിവാഹ ചെലവിനും നിർബന്ധമായും പരിധി നിശ്ചയിക്കേണ്ടതാണ്. നിശ്ചിത പരിധിക്ക് മുകളിൽ വരുന്ന സമ്മാനങ്ങളും, വിവാഹ ചെലവിനെയും സ്ത്രീധനം എന്ന ഗണത്തിൽ പെടുത്തുന്നതാണ് എന്ന രീതിയിൽ നിയമത്തിൽ മാറ്റം വരുത്തേണ്ടതാണ്. കൂടാതെ സ്ത്രീധനം കൊടുക്കുന്നതും വാങ്ങുന്നതും കുറ്റകരമായതിനാൽ സ്ത്രീധ

നം ആവശ്യ പ്പെടുന്ന സംഭവങ്ങൾ കുറയ്ക്കാൻ സഹാ യകരമാകും.

വിവാഹവുമായി ബന്ധപ്പെട്ട് വധൂവരന്മാർക്ക് ലഭിക്കു ന്ന സമ്മാനങ്ങളുടെ അളവും, മൂല്യവും തിട്ടപ്പെടുത്തി രേഖപ്പെടുത്തി വയ്ക്കുന്നതും അഭികാമ്യമായിരിക്കും. സംസ്ഥാനതലത്തിലും, ജില്ലാതലത്തിലും ടി നിയ മവുമായി ബന്ധപ്പെട്ട ഉപദേശക സമിതി രൂപീകരി ക്കേണ്ട തും ജില്ലാതല ഉപദേശക സമിതിയിൽ ജില്ല യിലെ വനിതാ സംരക്ഷണ ഓഫീസറെ അംഗമായി ഉൾപ്പെടുത്തേണ്ടതുമാണ്.

കോടതികളിൽ സ്ത്രീധന നിരോധന നിയമപ്രകാരം കേസ് നടക്കുന്ന അവസരത്തിൽ കോടതി മുമ്പാകെ ഹാജരായി തെളിവ് നൽകേണ്ട ചുമതല കൂടിയുള്ള ഉദ്യോഗസ്ഥനാണ് സ്ത്രീധന നിരോധന ഓഫീസർ എന്നിരിക്കെ സ്ത്രീധന നിരോധന ഓഫീസർ ആയി ഒരാളെയും അന്വേഷണ ഉദ്യോഗസ്ഥനായി മറ്റൊരാ ളെയും നിയമിക്കുന്നത് പ്രശ്നങ്ങൾക്ക് കാരണമാകാ റുണ്ട്.

സ്ത്രീധനം ആവശ്യപ്പെടുന്ന സംഭവങ്ങൾ ശ്രദ്ധയിൽ പെട്ടാൽ ഏതു വ്യക്തിക്കും സ്ത്രീധന നിരോധന ഓഫീസറെ അറിയിക്കാം എന്ന രീതിയിൽ നിയമ ത്തിൽ മാറ്റം അനിവാര്യമാണ്.

### ഗാർഹിക അതിക്രമങ്ങളിൽ നിന്ന് വനിതകളെ സംരക്ഷിക്കുന്ന നിയമം 2005

ഗാർഹിക അതിക്രമങ്ങളിൽ നിന്ന് വനിതകളെ സം രക്ഷിക്കുന്ന നിയമം 2005 പ്രകാരം 60 ദിവസത്തി നുള്ളിൽ കേസ് അവസാന തീർപ്പാക്കേണ്ടതിനാൽ കേസുകൾ പരിഗണിക്കുന്നതിന് ജില്ലാതലത്തിലും താലൂക്ക് തലത്തിലും പ്രത്യേക കോടതികൾ സ്ഥാപി ക്കുക. പരാതിക്കാർക്ക് അപേക്ഷകൾ കോടതിയിൽ ഫയൽ ചെയ്യുന്നതിനായി ഇ- ഫയലിംഗ് സംവിധാനം ഏർപ്പെടുത്തുകയും സ്ത്രീ സൗഹൃദ അന്തരീക്ഷം ഒരുക്കുകയും ചെയ്യുക. ഗാർഹിക അതിക്രമത്തിന് ഇരയാകുന്നവർക്ക് താൽക്കാലിക ഇടക്കാല സംര ക്ഷണ ഉത്തരവ് അനുവദിക്കുന്നതിനുള്ള അധികാരം ജില്ലയിലെ വനിതാ സംരക്ഷണ ഓഫീസർക്ക് നൽ കാവുന്നതാണ്. ടി നിയമപ്രകാരമുള്ള സംരക്ഷണ ഉത്തരവിന്റെ ലംഘനം നടത്തുന്ന എതിർകക്ഷിക്കു ള്ള ശിക്ഷ വർദ്ധിപ്പിക്കേണ്ടതാണ്. കൂടുതൽ കാര്യ ക്ഷമമായി ജീവനാംശ ഉത്തരവുകൾ നടപ്പിലാക്കുന്ന തിന് റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ ഉൾപ്പെടുത്തുക

### തുല്യത നിയമം 1976

നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സം സ്ഥാനതലത്തിലും ജില്ലാതലത്തിലും കമ്മറ്റികൾ രൂപീകരിക്കുക. വനിതാ ശിശു വികസന വകുപ്പിന്റെ പ്രതിനിധികളായി ജില്ലാ വനിത ശിശു വികസന ഓഫീസർ, വനിതാ സംരക്ഷണ ഓഫീസർ എന്നിവ രെ സമിതിയിൽ അംഗങ്ങളായി ഉൾപ്പെടുത്താവുന്ന താണ്.

തൊഴിൽ സ്ഥലങ്ങളിലെ ലൈംഗിക അതിക്രമങ്ങ ളിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2013

എല്ലാ തൊഴിലിടങ്ങളിലും ഇന്റേർണൽ കമ്മിറ്റി രൂ പീകരിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ DDPO റിവ്യൂ നടത്തേണ്ടതാണ്. കൂടാതെ ടി നിയമത്തെ പറ്റി ബോധവൽക്കരണം നടത്തുക.

ഗാർഹിക അതിക്രമങ്ങൾ, സ്ത്രീ പീഡനങ്ങൾ, സമൂ ഹത്തിലെ ലിംഗ അസമത്വം എന്നിവ ഇല്ലാതാക്കുന്ന തിനുള്ള മറ്റ് നിർദ്ദേശങ്ങൾ

വനിതാ സംരക്ഷണ ഓഫീസിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുകയും സ്ഥിരം ജീവനക്കാരെ പബ്ലിക് സർവീസ് കമ്മീഷൻ വഴിയോ ബൈ ട്രാൻ സ്ഫർ വഴിയോ നിയമനം നടത്തുക. ടി നിയമപ്രകാ രം രൂപീകരിച്ചിട്ടുള്ള കമ്മറ്റിയിൽ ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറിയെ ഉൾപ്പെടുത്തുന്നത് സഹാ യകരമാവും. ജാഗ്രത സമിതി എല്ലാ മാസവും വിളിച്ചു ചേർക്കുക.

സ്കൂളുകളിൽ ജെൻഡർ ക്ലബ്ബുകൾ രൂപീകരിച്ച് വിവിധ ബോധവൽക്കരണ ക്ലാസുകൾ നടത്തുക.

### പോലീസ്

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്ര മങ്ങൾ റിപ്പോർട്ട് ചെയ്യുന്ന അവസരത്തിൽ പോലീസ് അടിയന്തിരമായും അനുഭാവ പൂർണ്ണമായും നടപടി കൾ എടുക്കേണ്ടതാണ്.

### വനിതാ കമ്മീഷൻ

വനിതാ കമ്മീഷനിൽ ലഭിക്കുന്ന ഗാർഹിക അതിക്രമ പരാതികളിൽ സൗജന്യ നിയമസഹായം ഉൾപ്പെടെ യുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ലീഗൽ എയ്ഡ് സെൽ രൂപീകരിക്കാവുന്നതാണ്.

### കുടുംബശ്രീ സംവിധാനങ്ങൾ

സ്ത്രീ ശാക്തീകരണ സംരക്ഷണ പ്രവർത്തനങ്ങ ളിൽ കുടുംബശ്രീയും, സ്ത്രീ ശാക്തീകരണ സ്ത്രീ സംരക്ഷണ പ്രവർത്തനങ്ങളുടെ മുഖ്യ ചുമതലയുള്ള വനിതാ ശിശു വികസന വകുപ്പും സംയോജിച്ച് പ്ര വർത്തിക്കണം.

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ, സ്ത്രീ ധന പീഡനം എന്നിവ കൈകാര്യം ചെയ്യുന്നതിന് ചൈൽഡ് ലൈൻ മാതൃകയിലുള്ള ഒരു സംവിധാനം എല്ലാ ജില്ലയിലും രൂപീകരിക്കുകയോ കുടുംബശ്രീ യുടെ സ്നേഹിത ഹെൽപ്പ് ഡെസ്കിലേതു പോലെയുള്ള ജീവനക്കാരെ വനിത സംരക്ഷണ ഓഫീസുകളിൽ നിയമിക്കുകയോ ചെയ്ത് സ്ത്രീ സംരക്ഷണ സംവി ധാനങ്ങൾ ശക്തിപ്പെടുത്തുന്നത് അതിക്രമങ്ങൾ തടയാൻ സഹായകരമാണ്.

208

# പരിസ്ഥിതി സൗഹൃദ ഭരണനിർവഹണം

ഫാസിൽ മുഹമ്മദ്

നമ്മുടെ സംസ്ഥാനത്തെ സാമ്പത്തിക വളർച്ചയ്ക്ക് പ്രധാന പങ്ക് വഹിക്കുന്ന ഒന്നാണ് നിർമ്മാണ രംഗം. എന്നാൽ അനിയന്ത്രിതമായ നിർമാണം പരിസ്ഥിതിക്ക് വൻ ആഘാതം സൃഷ്ടിക്കുവാൻ കാരണമാകുന്നു. പ്രത്യേകിച്ചും നമ്മുടെ സംസ്ഥാനം പ്രകൃതിവിഭവങ്ങൾക്കു ലഭ്യത കുറവുള്ള പരിസ്ഥിത ലോല പ്രദേശം കൂടി ആണ്. പ്രകൃതിയും, പ്രകൃതി വിഭവങ്ങളും സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് പൊതുമരാമത്തു വകുപ്പ് വാസ്തുശില്പ വിഭാഗത്തിന്റെ നേതൃത്വത്തിൽ കെട്ടിട നിർമാണ രംഗത്ത് ഊർജ പര്യാപ്തത, മെച്ചപ്പെട്ട മാലിന്യ സംസ്കരണം, പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം എന്നിവ ലക്ഷ്യം വെച്ച് ഹരിത നിർമാണ ആശയങ്ങൾ / മാർഗങ്ങൾ രൂപീകരിച്ചിട്ടുള്ളത്.

പ്രകൃതി വിഭവങ്ങളുടെ നിയന്ത്രിത ഉപയോഗവും മെച്ചപ്പെട്ട അന്തരീക്ഷ വായു വെള്ളം എന്നിവയുടെ ഗുണമേന്മ നിലനിർത്താനും അത് വഴി ആവാസ വ്യവസ്ഥയും ജൈവവൈവിധ്യം പരിപാലിക്കുക, വൈദ്യുതി അടക്കമുള്ളവയുടെ ഉപയോഗം ഗണ്യമായി ചുരുക്കുന്ന രീതിയിലുള്ള രൂപകല്പന, കെട്ടിടത്തിന്റെ ജീവിത ചക്രത്തിലുടനീളം കുറഞ്ഞ അളവിൽ ഊർജ്ജം, വെള്ളം,മറ്റ് വിഭവങ്ങൾ എന്നിവ ആവശ്യമായി വരുന്ന നിർമാണ രീതി, തമാസക്കാർക്ക് / ജീവനക്കാർക്ക് ആവശ്യമായ തോതിൽ വായു, വെളിച്ചം, ശബ്ദം എന്നിവ ലഭ്യമാകുന്ന തരത്തിലുള്ള നിർമാണം, തൊഴിലാളികളുടെയും ഉപയോക്താക്കളുടെയും ആരോഗ്യ ശുചിത്വ നിലവാരം ഉയർത്തുക, വിഭവങ്ങളുടെയും ഊർജ്ജത്തിന്റെയും ക്രിയാത്മകവും നിയന്ത്രിതവുമായ ഉപയോഗം പാലിക്കുക, പൊതുമരാമത്തിന്റെ കീഴിലുള്ള സർക്കാർ കെട്ടിടങ്ങളുടെ മേഖലയിൽ പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുടെ സംഘത്തിന്റെ രൂപകൽപന മുതലുള്ള പ്രവർത്തികളിൽ ഉൾപ്പെടുത്തി ഹരിത നിർമാണത്തിന് വേണ്ട മുൻകൈ എടുക്കുക. GRIHA ഉൾപ്പടെ ഉള്ള തോതിനു വേണ്ട കാര്യങ്ങളിൽ മേൽനോട്ടം വഹിക്കുക, മറ്റു സർക്കാർ കെട്ടിടങ്ങൾ ഹരിത നിർമാണ ചട്ടത്തിന്റെ കീഴിൽ കൊണ്ട് വരുക. കോർ കമ്മിറ്റിയുടെ സഹായത്തോടെ ഗൃഹമാനദണ്ഡങ്ങൾ പാലിക്കാൻ നിഷ്കർഷിക്കുക, അഞ്ഞൂറ് ചതുരശ്ര മീറ്ററിന് താഴെയുള്ള വാസഗൃഹം ഒഴികയുള്ള എല്ലാ കെട്ടിടങ്ങളും ചട്ടത്തിന്റെ കീഴിൽ കൊണ്ടുവരികയും ഗൃഹ റാങ്കിങ് നിർബന്ധമാക്കുകയും ചെയ്യുക, നിലവിൽ ഉള്ള രണ്ടായിരത്തി അഞ്ഞൂറ് ചതുരശ്ര മീറ്ററിന് മുകളിൽ ഉള്ള എല്ലാതരം കെട്ടിടങ്ങളും ചട്ട പരിധിയിൽ കൊണ്ടുവരിക, സർക്കാർ ഒരു കോർ കമ്മിറ്റി രൂപീകരിച്ചു മേൽ വിഷയത്തിൽ മേൽനോട്ടവും മാർഗ്ഗനിർദ്ദേശങ്ങളും നൽകുക, ഹരിത നിർമാണത്തിന്റെ ആവശ്യകതയെ കുറിച്ചും പാലിക്കേണ്ട കാര്യങ്ങളെ കുറിച്ചും പരിശീലനവും ബോധവത്കരണവും നൽകുക എന്നിവയാണ് കാലിക പ്രാധാന്യമുള്ള ലക്ഷ്യങ്ങൾ

ആർകിടെക്റ്റ്, PWD, Phone:-9544154278, Email:fazilmwahid@gmail.com

209

# Comments on ARC Report VII Public Infrastructure Development and Management

C.J. Joseph Padana Gaveshana Kendram

Effective functioning of government requires support of well organised and efficient administrative system. The system needs to be dynamic and subject to constant review to ensure that it is concomitant with changing demands of its stakeholder's both internal and external. Quality of infrastructure forms the basis for effective delivery of services by government. Development indices of a society can be gauged through the quality of infrastructure available to society. It is an important aspect of the economy, as any investment in infrastructure has a direct impact on economy. Economic infrastructure includes services like electricity, transport, roads,

water system, communications, irrigation etc. and social infrastructure includes education and health services. The 7th Administrative Reforms Commission Report, constituted by Government of Kerala encompass time delays and cost runs in creation of social assets in the state and other government issues in infrastructure development and management, aspects of road infrastructure governance system and skill-up gradation and training of human resources and technological changes. This paper is an attempt to comment on Social infrastructure life cycle, Road infrastructure and public infrastructure and management and also to critically evaluate proposed recommendations in a pragmatic way.

KGOA State Committee

210

## എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം

കേരള സർക്കാർ മാലിന്യ പരിപാലനത്തിനായുള്ള സംസ്ഥാന നയവും അതിനുള്ള തന്ത്രങ്ങളും 2018-ൽ തന്നെ വിജ്ഞാപനം ചെയ്തിട്ടുണ്ട്. മാലിന്യത്തിന്റെ അളവ് കുറയ്ക്കുവാനും പ്രാദേശികമായി തന്നെ ഉറവിട മാലിന്യ സംസ്കരണത്തിനുമുള്ള ഉചിതമായ മാർഗ്ഗങ്ങൾ സ്വീകരിക്കുവാനും ഉള്ള നിർദ്ദേശങ്ങൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിച്ച് ജൈവവളമായി രൂപാന്തരപ്പെടുത്തൽ, അജൈവ ഗാർഹിക മാലിന്യങ്ങൾ സമാഹരിക്കുന്നതിനും ശാസ്ത്രീയമായ സംസ്കരണം ഉറപ്പാക്കൽ, വൻകിട നഗരങ്ങൾക്ക് അതിനൂതന മാലിന്യ സംസ്കരണ പ്ലാന്റുകൾ, പുനഃചക്രമണം നടത്തുവാൻ സാധിക്കുന്ന മാലിന്യങ്ങൾ അങ്ങനെ ഉപയോഗിക്കൽ, പൊതുസ്ഥലങ്ങളും ഓഫീസ് സമുച്ചയങ്ങൾ മാലിന്യമുക്തമായി സൗന്ദര്യവൽക്കരിക്കുക, മാലിന്യ നിർമാർജനത്തെ കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കാൻ വീഴ്ച വരുത്തുന്നവർക്കെതിരെ നിയമനടപടികൾ ഏർപ്പെടുത്തൽ തുടങ്ങി നിരവധി നിർദ്ദേശങ്ങൾ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി മാലിന്യത്തിന്റെ അളവ് കുറയ്ക്കുക നിത്യജീവിതത്തിൽ നടക്കുന്ന ചടങ്ങുകളിൽ ഉൾപ്പെടെ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുക, ഒറ്റത്തവണ ഉപയോഗിച്ച് ഉപേക്ഷിക്കുന്ന സാധനങ്ങൾ ഒഴിവാക്കുക, അജൈവ വസ്തുക്കൾ വലിച്ചെറിയുന്നതും കത്തിക്കുന്നതും നിരുത്സാഹപ്പെടുത്തുക, സർക്കാർ ഓഫീസുകളിൽ പരിസ്ഥിതി സൗഹൃദമായ മാലിന്യ സംസ്കരണം നടത്തുക . തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ മൂന്ന് മാസത്തിലൊരിക്കൽ ഒരു ഗ്രീൻ ഓഡിറ്റ് നടത്തുന്നത് നന്നായിരിക്കും

മാലിന്യമുക്ത നവകേരളം എന്ന ലക്ഷ്യം നേടുന്നതിനും 2024 മാർച്ചിൽ കേരളം മാലിന്യമുക്തമാക്കണമെന്നും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ജനകീയ ഹരിത ഓഡിറ്റിങ്ങിലൂടെ ലക്ഷ്യപ്രാപ്തിയിൽ എത്തുവാൻ ഉള്ള ശ്രമങ്ങൾ നടത്താവുന്നതാണ്. ഓഫീസുകളിലും സമുച്ചയങ്ങളിലും മാതൃകാപരമായി ശുചിത്വം പരിപാലിക്കാനും, മാലിന്യ സംസ്കരണം നടത്തുവാനും ഓരോ ജീവനക്കാരനും ബാധ്യതയുണ്ട്. ഓരോ വ്യക്തികളുടേയും കാർബൺ ഫുട് പ്രിന്റ് സ്വയം പരിശോധിച്ച് കുറവു വരുത്താൻ കഴിയുന്ന രീതിയിൽ പ്രാദേശിക ഭരണകൂടത്തിന്റെ ഇടപെടലുകളും അത്യാവശ്യമാണ്.

211

## ക്ലീൻ കേരള കമ്പനി

പി. കേശവൻ നായർ

ഖരമാലിന്യ പരിപാലനം ഇന്ന് സംസ്ഥാനം നേരിടുന്ന വലിയ വെല്ലുവിളികളിൽ ഒന്നാണ്. സാമൂഹ്യ, ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ നിരവധി നേട്ടങ്ങൾ കൈവരിച്ച നമ്മുടെ സംസ്ഥാനം ഖരമാലിന്യ പരിപാലനത്തിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് പിന്നിലാകുന്ന സാഹചര്യം ദുഃഖകരമാണ്. അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തിച്ചേരുന്ന പാക്കേജിംഗ് മെറ്റീരിയലുകൾ, കുറഞ്ഞ കാലയളവിൽ പാഴ്വസ്തുക്കളായി മാറുന്ന ഇലക്ട്രോണിക്ക് ഉല്പന്നങ്ങളുടെ ആധിക്യം. ആതുര ശുശ്രൂഷ മേഖലയിലെ വളർ

ച്ചക്കൊപ്പം വർദ്ധിച്ചു വരുന്ന ബയോ മെഡിക്കൽ മാലിന്യം, ഗാർഹിക ആപത്കര മാലിന്യവും സാനിട്ടറി മാലിന്യവും തുടങ്ങിയവ സൃഷ്ടിക്കുന്നത് വലിയ വെല്ലുവിളികളാണ്. ഈ സാഹചര്യം നേരിടുന്നതിന് ജനങ്ങളെ പ്രാപ്തരാക്കുന്ന കാമ്പയിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തുടക്കമായിട്ടുണ്ട്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ് മാലിന്യ പരിപാലനമെങ്കിലും കാലാനുസൃതമായ സാങ്കേതികവിദ്യകൾ ഏറ്റെടുത്തു നടപ്പാക്കുന്നതിനുള്ള ശക്തമായ പിന്തുണാ സംവിധാനം അനിവാര്യമാണ്. കഴിഞ്ഞകാല അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ഈ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിൽ ക്ലീൻ കേരള കമ്പനിക്ക് സാധിക്കും. ഇതിലേക്കായി കമ്പനിയെ കാലോചിതമായി നവീകരിക്കുകയും ശക്തിപ്പെടുത്തുകയും വേണം.

കൺസൾട്ടന്റ് സോളിഡ് വേസ്റ്റ് മാനേജ്മെന്റ്

## 212

# അതിഥി തൊഴിലാളികൾ

കുടിയേറ്റ തൊഴിലാളികൾ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു തൊഴിൽ സ്രോതസ്സാണ്. കേരളത്തിലെ കുടിയേറ്റ തൊഴിലാളികളെ ഇവിടെ അറിയപ്പെടുന്നത് അതിഥി തൊഴിലാളികൾ എന്ന പേരിലാണ് അവരുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടി സംസ്ഥാന ഭരണപരിഷ്കാര കമ്മീഷൻ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി അതുമായി ബന്ധപ്പെട്ട പഠനങ്ങൾ നടത്തി ശുപാർശകളും സമർപ്പിച്ചിട്ടുണ്ട്. കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമത്തിനും അവരുടെ എണ്ണം കൃത്യമായി ലഭിക്കുന്നതിനും വേണ്ടി ലേബർ കമ്മീഷണറേറ്റ് മുഖേന ആവാസ് എന്നൊരു പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി തൊഴിലിടങ്ങളിൽ അപകടങ്ങളിൽ പെടുന്ന തൊഴിലാളികൾക്കും അപകടങ്ങളിൽ മരണപ്പെടുന്ന സാഹചര്യത്തിൽ അവരുടെ കുടുംബങ്ങൾക്കും ധനസഹായം നൽകിവരുന്നു. അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷനു വേണ്ടി ഇ-ശ്രം എന്ന ഒരു പോർട്ടൽ കൂടി ലേബർ കമ്മീഷണറേറ്റ് നടപ്പിലാക്കുന്നുണ്ട്. ഇത് ഒരു മൊബൈൽ ആപ്പ് സംവിധാനമാണ്. കൂടാതെ മറ്റ് സംസ്ഥാനങ്ങളിൽ ഒന്നും ഇല്ലാത്ത വിധം കേരളത്തിൽ അതിഥി തൊഴിലാളികൾക്കായി സർക്കാർ വക താമസ സൗകര്യം കൊടുക്കുന്നു, അതായത് കുറഞ്ഞ വാടകയ്ക്ക് വൃത്തിയുള്ള ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ചു നൽകി വരുന്നുണ്ട്. ഈ പദ്ധതി അപ്നാഘർ എന്ന പേരിലാണ് അറിയപ്പെടുന്നത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമവും രജിസ്ട്രേഷനും സംബന്ധിച്ച് പ്രധാന പങ്കു വഹിക്കാനുണ്ട്. സേഫ്റ്റി ഹെൽത്ത് ആൻഡ് വർക്കിംഗ് കണ്ടീഷൻസ് കോഡ് 2020 നിലവിൽ വന്ന സാഹചര്യത്തിൽ ഭരണപരിഷ്കാര കമ്മീഷൻ നിർദ്ദേശിച്ച പല ശുപാർശകളും കാലഹരണപ്പെട്ടിരിക്കുകയാണ്. അതായത് കരാറുകാരുടെ റിക്രൂട്ട്മെന്റ്, എംപ്ലോയ്മെന്റ് ലൈസൻസ്, സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ എന്നീ വ്യവസ്ഥകളും തൊഴിലാളി നൽകേണ്ട സെക്യൂരിറ്റി ഡെപ്പോസിറ്റ്, മെഡിക്കൽ ചെക്കപ്പ് തുടങ്ങിയ പല സുപ്രധാന വ്യവസ്ഥകളും ഒഴിവാക്കപ്പെട്ടിരിക്കുന്നു. ഈ അപാകതകൾ പരിഹരിച്ച് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിച്ചാൽ കേരളം അതിഥി തൊഴിലാളി സൗഹൃദ സംസ്ഥാനം ആകും.

## 213

# നവകേരള ഭരണനിർവഹണത്തിൽ പൗരൻമാരുടെ കടമകൾ

ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന ക്ഷേമരാഷ്ട്ര സങ്കൽപ്പം രൂപപ്പെട്ടതോടെ ജനങ്ങൾക്ക് സേവനം നൽകുന്ന ജനാധിപത്യ ഭരണകൂടത്തിന്റെ നിർവഹണ ഏജൻസിയായി സിവിൽ സർവ്വീസ് രൂപപ്പെടുകയും ശക്തിപ്പെടുകയും വിപുലീകരിക്കപ്പെടുകയും ചെയ്തു. ജനാധിപത്യ സംവിധാനത്തിൽ ജനങ്ങൾ/പൗരൻമാർ ഫലപ്രദമായി നയരൂപീകരണത്തിലും ഭരണ നിർവ്വഹണത്തിലും ഇടപെടുമ്പോൾ മാത്രമെ ക്ഷേമരാഷ്ട്രം എന്ന സങ്കൽപ്പം സാർത്ഥമാവുകയുള്ളു.

73,74 ഭരണഘടന ഭേദഗതിയുടെ ഫലമായി അധികാര വികേന്ദ്രീകരണം യാഥാർത്ഥ്യമാവുകയും കേരളത്തിൽ ജനപങ്കാളിത്തത്തോടെ വികേന്ദ്രീകൃതാസൂത്രണം നടപ്പിലാക്കുന്നതിന് തുടക്കം കുറിക്കുകയും ചെയ്തു. 1967 ൽ നടപ്പിലാക്കിയ ഭൂപ

രിഷ്കരണത്തിനു ശേഷം കേരളം കണ്ട മഹത്തായ ചുവടുവയ്പായിരുന്നു ഈ നടപടി. മുകളിൽ നിന്നും താഴോട്ട് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിരുന്ന പദ്ധതികൾക്ക് പകരമായി താഴെ തട്ടിൽ ജനങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കി പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും അതിന്റെ നിർവഹണത്തിലടക്കം അവരെ പങ്കാളികൾ ആക്കുകയും ചെയ്തതോടു കൂടി വമ്പിച്ച മാറ്റങ്ങളാണ് നാട്ടിൽ സംജാതമായത്. 1995-96 ൽ 1.15 ലക്ഷം കിലോ മീറ്റർ പ്രാദേശിക റോഡുകൾ ഉണ്ടായിരുന്നിടത്ത് 2018-19 ഓടുകൂടി 2.32 ലക്ഷം കിലോമീറ്റർ റോഡുകൾ പൂർത്തിയാക്കാൻ കഴിഞ്ഞു. 1993-94 ൽ കേരളത്തിലെ ദാരിദ്ര്യ രേഖക്ക് കീഴിൽ 25 % കുടുംബങ്ങൾ ആണ് ഉണ്ടായിരുന്നത് എങ്കിൽ ആയത് അതിവേഗം കുറച്ച് 1 ശതമാനത്തിൽ താഴെ ആക്കുവാൻ കഴിഞ്ഞു. 20 ലക്ഷത്തോളം വീടുകൾ 25 വർഷത്തിനകം പണി കഴിപ്പിച്ചു. പൊതു ആരോഗ്യ സംവിധാനങ്ങൾ മെച്ചപ്പെട്ടത് വഴി അവയെ ആശ്രയിക്കുന്നവരുടെ എണ്ണം 1997 ൽ 28 ശതമാനം ആയിരുന്നത് 2018 ൽ 48 ശതമാനം ആയി വർദ്ധിച്ചു. പൊതു വിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർന്നതോടുകൂടി അൺ എയ്ഡഡ് വിദ്യാലയങ്ങളിലേക്കുള്ള കുട്ടികളുടെ ഒഴുക്ക് കുറയുകയും ഏഴ് ലക്ഷത്തിലധികം കുട്ടികൾ പുതുതായി സർക്കാർ സ്കൂളുകളിലേക്ക് വന്നു ചേരുകയും ചെയ്തു. ഇവ എല്ലാം സാധ്യമാക്കിയത് നാടിന്റെ വികസനകാര്യങ്ങളിൽ ജനകീയ ഇടപെടൽ ഉണ്ടായതുകൊണ്ട് മാത്രമാണ്. സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ച് ജീവനക്കാരും ജനപ്രതിനിധികളും ബഹു ജനങ്ങളും തമ്മിലുള്ള ബന്ധം സുദൃഢമാക്കുന്നതിനും വികസന ക്ഷേമ പ്രവർത്തനങ്ങൾ ഫല പ്രദമായി നടപ്പിലാക്കുന്നതിനും ജനകീയാസൂത്രണം പ്രസ്ഥാനം നിർണ്ണായക പങ്ക് വഹിച്ചു. നാടിന്റെ വികസന കാര്യങ്ങളിൽ ജനകീയ ഇടപെടൽ ആസൂത്രണത്തിലും നിർവഹണത്തിലും സാധ്യമാക്കിയതോടെ ഉദ്യോഗസ്ഥകേന്ദ്രീകൃതമായ ആസൂത്രണ നിർവഹണ പ്രക്രിയയിൽ നിന്നും ആർജിച്ചിട്ടുള്ള നേട്ടങ്ങളേക്കാൾ വലിയ പുരോഗതിയാണ് ഉണ്ടായിട്ടുള്ളത്.

പൗരാവകാശ രേഖ പ്രസിദ്ധീകരിക്കൽ, സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കൽ എന്നിവ യാഥാർത്ഥ്യമായി. ഭരണ സംവിധാനത്തിൽ വിവിധ സർക്കാർ ഓഫീസുകളിൽ നിന്നും പൗരൻമാർക്ക് ലഭ്യമാകുന്ന സേവനങ്ങളും അവയുടെ വ്യവസ്ഥകളും അവലഭ്യമാക്കുന്ന സമയപരിധിയും സംബന്ധിച്ചും അറിയാനുള്ള അവകാശം പൗരാവകാശ രേഖ പ്രസിദ്ധീകരിക്കപ്പെട്ടതോടെ ലഭിച്ചു. ഇതോടൊപ്പം വിവരാവകാശ നിയമവും സേവനാവകാശ നിയമവും ഫലപ്രദമായി ഉപയോഗിച്ചാൽ സർക്കാർ സംവിധാനങ്ങളിലെ അഴിമതിയും സേവനങ്ങൾ ലഭിക്കുന്നതിനുള്ള അനാവശ്യ കാലതാമസങ്ങളും ഒഴിവാക്കാൻ ജനങ്ങൾക്ക് കഴിയും.

ജനങ്ങൾക്ക് സർക്കാർ സേവനങ്ങൾ നേരിട്ട് ഓഫീസുകളിൽ പോകാതെ തന്നെ ലഭിക്കുന്ന ഓൺലൈൻ പോർട്ടലുകളും മൊബൈൽ ആപ്പുകളും ഇന്ന് ലഭ്യമാണ്. അക്ഷയ കേന്ദ്രങ്ങളിലൂടെയും സേവനങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷകൾ സമർപ്പിക്കാൻ കഴിയും. കെട്ടിട നികുതി, ഭൂനികുതി, വെള്ളക്കരം, മോട്ടോർ വാഹന നികുതി, വിവിധ തരം സർട്ടിഫിക്കറ്റുകൾ മുതലായ പൂർണ്ണമായും ഓൺലൈനായി നിർവഹിക്കാൻ കഴിയും. ബന്ധപ്പെട്ട വകുപ്പുകളുടെ വെബ് സൈറ്റുകളിൽ ഇവയെല്ലാം വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയെല്ലാം വ്യക്തമായി ഫലപ്രദമായി വിനിയോഗിച്ചാൽ സർക്കാർ സംവിധാനങ്ങളിലെ അഴിമതി ഇല്ലാതാക്കാനും സുതാര്യമായി സേവനങ്ങൾ ലഭിക്കുന്നതിനും സാധിക്കും. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് വനിതാ ഹെൽപ്പ് ലൈൻ, ചൈൽഡ് ഹെൽപ്പ് ലൈൻ നമ്പറുകൾ ലഭ്യമാണ്. കൂടാതെ റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാന്റ് തുടങ്ങിയ പൊതു സ്ഥലങ്ങളിൽ ഹെൽപ്പ് ഡെസ്കുകളും കിയോസ്കുകയും സ്ഥാപിച്ചിട്ടുണ്ട്. അത്യാവശ്യ ഘട്ടങ്ങളിൽ സേവനം ലഭിക്കുന്നതിന് പോലീസ്, ആംബുലൻസ്, ഫയർ & റെസ്ക്യു സർവ്വീസ് മുതലായവയുടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ നമ്പറുകളും ഉണ്ട്. വാർഡുതല ആരോഗ്യ ജാഗ്രതാ സമിതികളുടെ ഫലപ്രദമായ ഇടപെടൽ പകർച്ച വ്യാധികൾ തടയുന്നതിനും യഥാസമയം ചികിൽസ ഉറപ്പാക്കുന്നതിനും സഹായിക്കും. കോവിഡ് മഹാമാരിക്കാലത്ത് കേരളം ഇത് ദർശിച്ചതാണ്. ദുരിതാശ്വാസ ക്യാമ്പുകളിൽ കമ്മ്യൂണിറ്റി കിച്ചൺ, വസ്ത്രങ്ങൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ മുതലായവ ജനകീയ ഇടപെടലിലൂടെ വിഭവങ്ങൾ സമാഹരിച്ച് സംഘടിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

പൗരാവകാശങ്ങളെക്കുറിച്ചുള്ള വേണ്ടത്ര രീതിയിലുള്ള അവബോധമില്ലായ്മയാണ് പ്രധാന പ്രശ്നം. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റ ആദ്യ ഘട്ടങ്ങളിൽ ഉണ്ടായിരുന്ന ജനകീയ പങ്കാളിത്തവും ഇടപെടലും ഇന്ന് കുറഞ്ഞിട്ടുണ്ട്. ഗ്രാമ/വാർഡ് സഭകളിൽ പങ്കെടുക്കുന്നവരുടെ എണ്ണത്തിലും ഗണ്യമായി കുറവുണ്ടായിട്ടുണ്ട്. വിവിധ ഓൺലൈൻ സേവനങ്ങളെ കുറിച്ചും മൊബൈൽ ആപ്പുകളെകുറിച്ചും അജ്ഞത നിലനിൽക്കുന്നു. ഇതിനെ മിറകടക്കുന്നതിന് വാർഡ് ഗ്രാമസഭകൾ, നോട്ടീസ് ബോർഡുകളിലും വെബ്സൈറ്റുകളിലുമുള്ള പരസ്യം, ഡേറ്റാബേസ് ഏകീകരണം, Online platform, സേവനാവകാശ നിയമം ഓൺലൈൻ പരാതി പരിഹാര സംവിധാനം, വെബ്പോർട്ടൽ, മൊബൈൽ ആപ്പ്, കേന്ദ്ര സേവന പോർട്ടൽ, പരിശീലനം എന്നിവ പ്രാവർത്തികമാക്കണം. സംസ്ഥാന സേവനാവകാശ കമ്മീഷൻ രൂപീകരിക്കണം.

## 214

# പൊതുഭരണത്തിൽ സോഷ്യൽമീഡിയ സ്വാധീനം

അനുജ വി.എൻ. & ഭാവപ്രിയ ജെ.യു.

ലോകത്തെമ്പാടും പൊതുഭരണത്തെ രൂപപ്പെടുത്തുന്നതിൽ സോഷ്യൽ മീഡിയയുടെ സ്വാധീനം വളരെ വലുതാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഉയർന്ന സാക്ഷരതാ നിരക്കും പൗരബോധവും കേരളത്തിന്റെ പൊതുഭരണത്തിൽ സോഷ്യൽ മീഡിയയുടെ സ്വാധീനം ആഴത്തിലുള്ളതാക്കി. സർക്കാരും ജനങ്ങളും തമ്മിലുള്ള ആശയവിനിമയത്തിന്റെ ഏറ്റവും സുതാര്യമായ വഴിയായി ഇതിനോടകം സോഷ്യൽ മീഡിയ മാറിയിട്ടുണ്ട്. ഈ ഡിജിറ്റൽ വിപ്ലവം കേരളത്തിലെ പൊതുഭരണരംഗത്ത് ഗുണപരവും ആരോഗ്യകരവുമായ അന്തരീക്ഷം സൃഷ്ടിച്ചിരിക്കുന്നു.സർക്കാർ തലത്തിലെ വിവിധ വകുപ്പുകൾ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെ നേരിട്ട് ജനങ്ങളിലേക്ക് എത്താൻ തുടങ്ങിയതോടെ ജനങ്ങൾക്ക് 'അറിയാനുള്ള അവകാശം' കൂടുതൽ വേഗത്തിലും ആഴത്തിലും പ്രാപ്യമായി. ഇടനിലക്കാരില്ലാതെ നേരിട്ട് ജനങ്ങളിലേക്ക് ആധികാരികമായ വിവരം എത്താൻ തുടങ്ങിയത് ഒരു വൈജ്ഞാനിക സമൂഹത്തിലേക്കുള്ള വളർച്ചയുടെ ആദ്യ ചവിട്ടുപടിയായി മാറി. ജനങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിനും അത് കണക്കിലെടുത്തുകൊണ്ടുള്ള ഭരണത്തിനും ഇത് വഴിവെച്ചു. സർക്കാരും സർക്കാർ ഉദ്യോഗസ്ഥരും സുതാര്യമായ ഈ സംവിധാനത്തിലൂടെ ജനങ്ങളോട് കൂടുതൽ പ്രതിബദ്ധതയുള്ളവരായി.

ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം, ട്വിറ്റർ, വാട്ട്സ്ആപ്പ് മുതലായ പ്ലാറ്റ്ഫോമുകളിലൂടെയുള്ള തൽക്ഷണ ആശയവിനിമയം പൊതുഭരണത്തിനുണ്ടാക്കിയ നേട്ടം ചെറുതല്ല. ഇ-ഗവേണൻസ് പോലെ ജനജീവിതം എളുപ്പമാക്കുന്ന ആശയങ്ങൾ ആവിഷ്കരിക്കുമ്പോഴല്ല, അത് ജനങ്ങളുടെ ജീവിതത്തിന്റെ ഭാഗമാകുമ്പോഴേ വിജയത്തിലെത്തുന്നുള്ളൂ. ഈ മേഖലയിൽ കേരളം കൈവരിച്ച നേട്ടങ്ങൾ സാമൂഹിക മാധ്യമങ്ങൾക്കും ചെറുതല്ലാത്ത പങ്കുണ്ട്. ജാതി-മത-വർഗ-വർണ-ലിംഗ-പ്രായ വ്യത്യാസമില്ലാതെ, ഭാഷയുടെ പോലും പരിമിതികളില്ലാതെ ആശയവിനിമയത്തിന്റെ സാധ്യമായ എല്ലാ രൂപങ്ങളിലും സർക്കാർ ജനങ്ങളിലേക്കെത്തുന്നു. പൗരന്മാരുടെ ആശങ്കക അറിയിക്കുന്നതിനും സഹായം തേടുന്നതിനും സർക്കാർ സംരംഭങ്ങളെക്കുറിച്ചുള്ള അറിവ് നേടുന്നതിനും അത് വിലയിരുത്തുന്നതിനും കെൽപ്പുള്ള ജനാധിപത്യ ഉപകരണമായി സോഷ്യൽ മീഡിയ മാറി. ഇതിലൂടെ പൊതുജനവികാരം വേഗത്തിൽ മനസ്സിലാക്കാനും പ്രശ്നങ്ങൾ തിരിച്ചറിയാനും ഉടനടി പ്രതികരിക്കാനും പൊതു സേവനങ്ങളുടെ വിതരണം മെച്ചപ്പെടുത്താനും സർക്കാരിന് കഴിയുന്നു.

സോഷ്യൽ മീഡിയയിലൂടെ കേരളത്തിലെ പൊതുഭരണത്തിന്റെ സുതാര്യത വർദ്ധിച്ചതോടെ സർക്കാർ നയങ്ങൾ, പരിപാടികൾ, സംരംഭങ്ങൾ എന്നിവയെക്കുറിച്ച് അറിയാനും പൗരന്മാർക്ക് ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ എളുപ്പത്തിൽ നിരീക്ഷിക്കാനും സൂക്ഷ്മമായി പരിശോധിക്കാനും കഴിയുന്നു. അഴിമതിയും കെടുകാര്യസ്ഥതയും തുറന്നുകാട്ടുന്നതിനും കൃത്യമായ അന്വേഷണങ്ങളിലേക്കും തിരുത്തൽ നടപടികളിലേക്കും സർക്കാരിനെ നയിക്കാനും അധികാരമുള്ളവരായി ജനങ്ങൾ മാറിയിരിക്കുന്നു. പൊതുഭരണത്തിൽ ജനാഭിപ്രായവും പങ്കാളിത്തവും ഇതിലൂടെ ഉറപ്പാക്കാനായി. ജനാധിപത്യ മൂല്യങ്ങൾ ആഴങ്ങളിലേക്ക് വേരുറപ്പിക്കാൻ സഹായിക്കുന്ന ശക്തമായ അടിത്തറ നിർമ്മിക്കുന്നതിൽ സോഷ്യൽ മീഡിയയുടെ പങ്ക് പ്രസക്തമാണ്.

1 Content Analyst, CDIT

2 Content Developer, CDIT, മൊബൈൽ: 8281958517, E-mail id: anuja@cdit.org

## 215

# സിവിൽ സർവ്വീസിൽ നിന്നും വിരമിച്ചവരും നവ കേരള കർമ്മ പദ്ധതിയിൽ അണിചേരുക

ജി. പ്രസാദ്

കേരളത്തിലെ പൊതുമണ്ഡലത്തിൽ നാം ഇന്ന് അനുഭവിക്കുന്ന ഗുണപരമായ എല്ലാ നേട്ടങ്ങൾക്കും നിദാനമായ കഴിഞ്ഞകാല പ്രവർത്തനങ്ങളിൽ നിസ്തുലമായ പങ്കുവഹിച്ച ഒരു സമൂഹമാണ് ഇന്നത്തെ കേരള സ്റ്റേറ്റ് സർവീസ് പെൻഷൻകാർ. കഴിഞ്ഞ മൂന്നു ദശകങ്ങളായി രാജ്യത്ത് നടപ്പിലാക്കി കൊണ്ടിരിക്കുന്ന നവ ഉദാരവൽക്കരണ നയങ്ങൾ മൂലം തൊഴിലില്ലായ്മയും, പിരിച്ചുവിടലും, പൊതുമേഖല സ്ഥാപനങ്ങളുടെ തകർച്ചയും, സ്വകാര്യവൽക്കരണവും, വിലക്കയറ്റവും രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ അവസാനത്തെ ദൃഷ്ടാന്തമാണ് “വൺ ഇന്ത്യ വൺ പെൻഷൻ” മുദ്രാവാക്യം. അതിന്റെ വക്താക്കൾ ഉയർ

ത്തുന്ന മുദ്രാവാക്യത്തിലെ കേവല താല്പര്യങ്ങളെ തുറന്നുകാണിക്കാനും പരാജയപ്പെടുത്തുവാനും നാം തയ്യാറാകേണ്ടതുണ്ട്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ സാമൂഹ്യ പുരോഗതി പരിശോധിക്കുമ്പോൾ വിവിധ സംസ്ഥാനങ്ങളിൽ പുരോഗതിയുടെ ഏറ്റക്കുറച്ചിലുകൾ കാണാൻ കഴിയും. കേരളമാകട്ടെ ഇതര സംസ്ഥാനങ്ങളെക്കാൾ മെച്ചപ്പെട്ട പല സൂചകങ്ങളുമായി പ്രഥമ സ്ഥാനത്ത് എത്തിയിരിക്കുന്നു. മാനുഷിക വികസന സൂചികകളിൽ എല്ലാം കേരളം ബഹുദൂരം മുന്നിലാണ്. വിദ്യാഭ്യാസം, പൊതുജനാരോഗ്യം, സ്ത്രീപുരുഷ അനുപാതം, സ്ത്രീശാക്തീകരണം, ഉയർന്ന മിനിമം വേതനം, ആയുർദൈർഘ്യം, തദ്ദേശ സ്വയംഭരണം തുടങ്ങിയവയിലെല്ലാം കേരളം രാജ്യത്തിന്റെ മാതൃകയാണ്. കേരള മോഡൽ എന്ന ഖ്യാതി നേടാനും ഈ പുരോഗതിക്ക് കഴിഞ്ഞു. കേരളത്തിലെ ആദ്യത്തെ ജനകീയ സർക്കാർ നടപ്പിലാക്കിയ അടിസ്ഥാനപരമായ നയങ്ങൾ സാമൂഹ്യ അസമത്വവും സാംസ്കാരിക നീചത്വങ്ങളും ഇല്ലാതാക്കാൻ ലക്ഷ്യമിട്ടുള്ളതായിരുന്നു. ആ സർക്കാരിന്റെ പുരോഗമനാത്മകമായ വികസന കാഴ്ചപ്പാടിന്റെ അടിത്തറയിലായിരുന്നു കഴിഞ്ഞ 65 വർഷക്കാലത്തെ കേരളത്തിന്റെ സാമൂഹ്യ വളർച്ച. അധികാര വികേന്ദ്രീകരണത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കഴിഞ്ഞ കാൽ നൂറ്റാണ്ട് നടത്തിയ ജനകീയസൂത്രണ പ്രക്രിയയിലൂടെ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ ലോകോത്തര ശ്രദ്ധ പിടിച്ച് പറ്റി. സംസ്ഥാനം നേരിടുന്ന ധനകാര്യ വെല്ലുവിളികൾ പൊതുസമൂഹത്തിനെന്നപോലെ പെൻഷൻ സമൂഹത്തെയും ബാധിക്കുക സ്വാഭാവികമാണ് വളരെ കുറഞ്ഞ വിഭവസമാഹരണവും വളരെ ഉയർന്ന വികസന ആവശ്യങ്ങളുമുള്ള ഒരു സാഹചര്യമാണ് കേരളത്തിലുള്ളത്. സമൃദ്ധമായ ഒരു സംസ്ഥാനം എന്ന പൊതു ലക്ഷ്യത്തിലേക്ക് നീങ്ങാൻ സംസ്ഥാനങ്ങളെ പൂർണമായും പിന്തുണയ്ക്കേണ്ട കേന്ദ്രസർക്കാർ നിർഭാഗ്യവശാൽ പലപ്പോഴും രാജ്യത്തെ സാമ്പത്തിക കുഴപ്പത്തിലേക്ക് നയിക്കുന്നു. കേന്ദ്രസർക്കാർ അന്താരാഷ്ട്ര ലോബികളുടെ കുരുക്കിൽ പെട്ടിരിക്കുകയാണ്. ഓരോ വർഷം കഴിയുംതോറും സംസ്ഥാനത്തിനുള്ള സ്വതന്ത്ര ഫണ്ടിന്റെ അളവ് കുറഞ്ഞു വരുന്നതിനാൽ സംസ്ഥാനങ്ങളുടെ ധനപരമായ സ്വയംഭരണ അവകാശവും കുറഞ്ഞുവരുന്നു. ഇത്തരം സാമ്പത്തിക നയങ്ങൾക്കെതിരെ രാജ്യത്ത് നടക്കുന്ന പ്രക്ഷോഭങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന സംഘടനയാണ് കെ എസ് എസ് പി യു. ഇതര സംഘടിത പ്രസ്ഥാനങ്ങളെ പോലെ ഈ നയങ്ങൾക്കെതിരെയുള്ള പ്രക്ഷോഭങ്ങളിൽ ഓരോ പെൻഷൻകാരനെയും അണിനിരത്തുക എന്നത് സംഘടനയുടെ പ്രതിജ്ഞാബദ്ധമായ കടമയാണ് . ഈ കടമ പൂർണമായി നിർവഹിക്കാൻ സംഘടനയ്ക്ക് ജനങ്ങളുടെ പിന്തുണ ആർജിക്കാൻ കഴിയണം. സാമൂഹ്യപ്രവർത്തനങ്ങൾ പൂർവാധികം സജീവമാക്കണം. സുനാമി, നേപ്പാൾ, ഓഖി, പ്രളയം, കോവിഡ് തുടങ്ങിയ ദുരന്തങ്ങളിൽ അഭിമാനാർഹമായ രീതിയിൽ നാം സഹായിച്ചു. ആളുകൾക്ക് നൽകുന്ന പ്രതിമാസ പെൻഷൻ, ചികിത്സാ സഹായം തുടങ്ങി കഴിഞ്ഞ കാലങ്ങളിൽ നാം നടപ്പിലാക്കിയിട്ടുള്ള എല്ലാ ക്ഷേമ പ്രവർത്തനങ്ങളും തുടർന്നും നടത്താൻ നാം തയ്യാറാകണം. മുപ്പതാം വാർഷിക സമ്മേളനം നടത്തിയ ഈ ബ്രഹത് സംഘടന ഇന്ന് നാനാ മേഖലകളിൽ വിദഗ്ധരായ അംഗങ്ങളെക്കൊണ്ട് സമ്പന്നമാണ്. പരിചയസമ്പത്തും വിജ്ഞാനവും വിദ്യാഭ്യാസ യോഗ്യതയും ഉള്ള നിരവധിപേർ വിവിധ പദവികളിൽ നിന്ന് വിരമിച്ച് സേവന തൽപരതയും സന്നദ്ധതയും കൈമുതലായിട്ടുള്ളവരുടെ ഇവരുടെ കഴിവുകൾ ഔദ്യോഗിക ഉത്തരവാദിത്വമില്ലെന്ന സാങ്കേതിക കാരണത്താൽ സമൂഹത്തിന് പ്രയോജനപ്പെടാതെ പോകുന്ന സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്.

ബദൽ രാഷ്ട്രീയത്തിന്റെ നിരവധി പുതിയ മാതൃകകൾ ലോകത്തിനു മുന്നിൽ കാഴ്ചവെച്ച കേരളത്തിലെ സർക്കാർ വരുന്ന 25 വർഷം കൊണ്ട് വികസിത രാജ്യങ്ങളിലേതു പോലെ ഗുണമേന്മയുള്ള ജീവിതനിലവാരത്തിലേക്ക് കേരള സമൂഹത്തെ കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യത്തോടെ നടത്തിവരുന്ന “നവ കേരള മിഷൻ" കർമ്മപദ്ധതിയുടെ ഭാഗമാകാൻ സർവ്വീസ് പെൻഷൻകാർക്ക് കഴിയേണ്ടതുണ്ട്.

കോട്ടയം, 7025608435

## 216

# നവകേരളകാലത്തെ ഭരണ നിർവ്വഹണം റിട്ടയർ ചെയ്തവരുടെ സന്നദ്ധ സേവനത്തിനുള്ള കർമ്മ പരിപാടി

ഡോ. അജിത, എസ്. പ്രസൂൺ മംഗലത്ത് & ബിജുമോൾ കെ.ടി.

പഴയകാലത്തെ അപേക്ഷിച്ച് ഇന്ന് ആരോഗ്യരക്ഷാരംഗത്തെ പുതിയ കണ്ടുപിടുത്തങ്ങളും ആരോഗ്യ പരിരക്ഷയെക്കുറിച്ചുള്ള ജാഗ്രതയും ശരാശരി ആയുസ് ഉയർത്തുന്നതിനപ്പുറം മനുഷ്യരുടെ കർമ്മശേഷി വർധിപ്പിച്ചു എന്ന് നിസംശയം പറയാവുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോവുന്നത്. ഇന്ന് കേരള സർക്കാർ സർവീസിൽ പെൻഷൻ പ്രായം 56 വയസ്സും, കേന്ദ്രസർക്കാർ വകുപ്പുകളിലും മറ്റുചില സ്ഥാപനങ്ങളിലും 60 വയസ്സുമായി നിജപ്പെടുത്തിയിരിക്കുന്നു. മുപ്പതുവർഷത്തെ സർവീസുള്ള, 56 വയ

സ്സിൽ പെൻഷൻ പറ്റിയ, ഒരു ജീവനക്കാരൻ അദ്ദേഹത്തിന്റെ ഏറ്റവും പ്രൊഡക്ടീവ് ആയ കാലഘട്ടം മുഴുവൻ സർക്കാർ സേവനത്തിനുവേണ്ടി വിനിയോഗിക്കുകയും തൽഫലമായി വളരെയധികം അനുഭവ പരിചയവും സേവന-നിയമ കാര്യങ്ങളിൽ എടുത്തു പറയാവുന്ന പ്രാഗത്ഭ്യവും ഉള്ള വ്യക്തി ആയിരിക്കും. പക്ഷെ നിർഭാഗ്യമെന്നു പറയട്ടെ ഇവരിൽ പലർക്കും അവരവരുടെ കഴിവുകൾ വേണ്ടരീതിയിൽ ഉപയോഗിക്കുന്നതിനോ, സന്നദ്ധതയുള്ളവരുടെ പ്രാഗത്ഭ്യം വേണ്ടരീതിയിൽ ഉപയോഗപ്പെടുത്തുന്നതിനോ രാജ്യത്തിനാവുന്നില്ല എന്നത് വളരെ നിർഭാഗ്യകരമാണ്.

വിരമിച്ച ജീവനക്കാരെയും സേവന സന്നദ്ധരായ ചെറുപ്പക്കാരെയും വിവിധ സർക്കാർ സംവിധാനങ്ങളെയും കൂട്ടിയിണക്കുവാനുള്ള ഒരു വേദിയുടെ അഭാവം, സേവനങ്ങൾ ആവശ്യമുള്ളവർക്ക് സേവനസന്നദ്ധയും പരിചയ സമ്പത്തുമുള്ള വ്യക്തികളെ കണ്ടെത്തുവാൻ ഒരു ഡാറ്റാബേസ് നിലവില്ലാത്ത സാഹചര്യം, സന്നദ്ധ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകുവാൻ താല്പര്യമുള്ളവർക്ക് വേണ്ടത്ര പ്രോത്സാഹനവും പരിഗണയും ലഭിക്കാത്ത അവസ്ഥ തുടങ്ങിയവയാണ് ഇതിനുള്ള പ്രധാന കാരണങ്ങൾ.

പൊതുജനാരോഗ്യം, ലഹരിവിരുദ്ധ ബോധവൽക്കരണം, സാങ്കേതികവിദ്യാ കൈമാറ്റവും നൈപുണ്യ വികസനവും, പഞ്ചായത്തീരാജ് സംവിധാനങ്ങൾക്കുള്ള പ്രോജക്ടുകൾ തയ്യാറാക്കൽ, ദുരന്തനിവാരണം ലഘൂകരണം, മുന്നൊരുക്കങ്ങളും പുനരധിവാസവും, ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം മുതലായവയുടെ ബോധവൽക്കരണ പരിശീലന പരിപാടികൾ, കൗമാരക്കാർക്കും മുതിർന്നവർക്കുമുള്ള കൗൺസിലിംഗ് സഹായം, വിദ്യാർഥികൾക്കുള്ള ഫിനിഷിങ് സ്കൂൾ, വയോജന സൗഹൃദ പ്രവർത്തനങ്ങൾ വഴി അവരുടെ മാനസിക ആരോഗ്യം മെച്ചപ്പെടുത്തൽ, പ്രാദേശികടിസ്ഥാനത്തിൽ നടക്കുന്ന വിവിധ പ്രവർത്തങ്ങളുടെയും പരിപാടികളുടെയും ഏകോപനം തുടങ്ങിയ മേഖലകൾ വിരമിച്ച ജീവനക്കാർക്ക് കാര്യക്ഷമമായി ഇടപെടാവുന്ന തലങ്ങളാണ്.

മേൽപറഞ്ഞ പ്രവർത്തങ്ങൾക്കുള്ള ഒരു സന്നദ്ധ സേന രൂപീകരിച്ച് സംസ്ഥാന, ജില്ലാ, ബ്ലാക്ക്, ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻതല ഭരണ സംവിധാനവും ധന സമാഹരണ വിനിയോഗ മാർഗ്ഗങ്ങളും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുമുള്ള ഒരു രൂപരേഖ സമർപ്പണം ഉണ്ടാകേണ്ടതുണ്ട്

217

## ശേഷി വികസനം - ഭരണ പരിഷ്കാര കമ്മീഷൻ ശുപാർശകൾ സംബന്ധിച്ച പ്രതികരണം

സി.ജെ. ജോസഫ് പഠനഗവേഷണ കേന്ദ്രം

ഒരു ജോലി വിജയകരമായി നിർവ്വഹിക്കാൻ ഒരാളെ പ്രാപ്തനാക്കുന്ന വിവിധ ഘടകങ്ങളുടെ സംയോജനമാണ് കാര്യശേഷി അഥവാ Competency. കാര്യക്ഷമമായ ഭരണനിർവ്വഹണത്തിന് സിവിൽ സർവീസിൽ ആവശ്യമായ നൈപുണ്യങ്ങളും സംബന്ധിച്ച് ഘടനാപരമായ ഒരു യോഗ്യതാ ചട്ടക്കൂട് ആവശ്യമാണ്. ഓരോ വകുപ്പിലെയും തസ്തികകളുടെ പ്രതീക്ഷിക്കപ്പെടുന്ന സേവനനിലവാരവും തൊഴിൽ പ്രകടനസൂചകങ്ങളും കാര്യശേഷി മെച്ചപ്പെടുത്തലിനുള്ള പരിശീലന സംവിധാനങ്ങളും വ്യവസ്ഥ ചെയ്യപ്പെടണം. ഇവയുടെ നിരന്തര നിരീക്ഷണങ്ങളും പോരായ്മകൾ പരിഹരിക്കലുമുണ്ടാകണം. ധർമ്മവും, ചുമതലകളും, ജീവനക്കാരുടെ പ്രവർത്തനക്ഷമത ഉയർത്താനുള്ള പരിശീലനങ്ങളുടെ പ്രാധാന്യം പലപ്പോഴും കണക്കിലെടുക്കപ്പെടുന്നില്ല. ഫണ്ട് വകയിരുത്തലും അപര്യാപ്തമാണ്. ഫണ്ട് വിനിയോഗത്തിനപ്പുറം പരിശീലനമാണോ നൽകുന്നത് എന്ന വിലയിരുത്തലോ നടക്കുന്നില്ല.

പരിശീലനത്തിന്റെ ഗുണപരതയ്ക്ക് ആവശ്യമായ പരിശീലനാവശ്യങ്ങൾ കൃത്യമായി കണ്ടെത്തി പരിശീലനങ്ങൾ ശാസ്ത്രീയമായി രൂപകൽപന ചെയ്യുകയും മികച്ച പരിശീലന സ്ഥാപനങ്ങളെ കണ്ടെത്തുകയും വേണം യാന്ത്രികവും സാമ്പ്രദായികവുമായ പാഠ്യപദ്ധതികൾ ഉപേക്ഷിക്കണം. അതാത് വകുപ്പുകളിൽ നിന്നുതന്നെ അർപ്പണ മനോഭാവവും വിഷയത്തിൽ താല്പര്യവും ഉള്ള പരിശീലകരെ കണ്ടെത്തണം. പരിശീലനാവശ്യങ്ങൾ കണ്ടെത്തൽ, പരിശീലന രൂപകൽപന, നിർവ്വഹണം, വിലയിരുത്തൽ എന്നിവയിൽ പരിശീലകർക്ക് വൈദഗ്ധ്യം ഉണ്ടാകണം.

ജീവനക്കാരുടെ പെർഫോമൻസ്, നിലവാര സൂചിക നിർവ്വചിക്കപ്പെടണം. ഓരോ തസ്തികയുടെയും പ്രവർത്തന മാന്വൽ പ്രസിദ്ധീകരിക്കണം. മാന്വലിൽ ഓരോ ചുമതലയും ഏത് നിലവാരത്തിൽ എത്രമാത്രം കാര്യക്ഷമതയോടെ നിർവ്വഹിക്കണം എന്ന നിലവാര സൂചിക (Performance Standard and Bench Marking) ഉണ്ടാകണം. ഏതൊരു ജീവനക്കാരന്റെയും പ്രവർ

ത്തനങ്ങളും തീരുമാനങ്ങളും സർക്കാർ നയങ്ങളുടെ പ്രതിഫലനമായിരിക്കണം. പൊതുസേവനത്തിൽ ജീവനക്കാരുടെ പ്രവർത്തനങ്ങളും പെരുമാറ്റരീതികളും നിശ്ചിത മാനദണ്ഡങ്ങളിലും മൂല്യങ്ങളിലും ധാർമികതയിലും അധിഷ്ഠിതമായിരിക്കുണം. ഇത് പൊതുജനങ്ങൾക്ക് സിവിൽ സർവീസിനോടുള്ള വിശ്വാസം വർദ്ധിപ്പിക്കും. സർവീസ് പെരുമാറ്റച്ചട്ടങ്ങൾ കാലോചിതമായി പരിഷ്കരിക്കപ്പെടണം. ആശയപരമായി അപ്പെക്സ് ലെവൽ, സെക്കൻഡ് ലെവൽ, തേർഡ് ലെവൽ എന്നീ മൂന്ന് ലെവലുകളിലായി തയ്യാറാക്കുന്ന Comprehensive Civil Service Code, രണ്ടാംARC യിൽ നിർദ്ദേശിക്കപ്പെട്ട ജീവനക്കാർക്കുള്ള Code of Ethics എന്നിവ സ്വീകാര്യമാണ്.

ഒരു ജീവനക്കാരൻ, പൊതുനിരീക്ഷണം തന്റെ മേലുണ്ട് എന്ന ബോധ്യത്തോടെ പൊതുതാല്പര്യം സംരക്ഷിച്ചു കൊണ്ടും പൊതു ഉത്തരവാദിത്വം ഉയർത്തിപ്പിടിച്ചു കൊണ്ടും പെരുമാറണം. സർക്കാരിന്റെ പ്രതിച്ഛായയെയും പ്രവർത്തനങ്ങളെയും ദോഷകരമായി ബാധിക്കാത്ത തീരുമാനങ്ങളായിരിക്കണം ജീവനക്കാർ കൈക്കൊള്ളേണ്ടത്. ഭരണഘടനയോടും നിലവിലെ നിയമങ്ങളോടുമുള്ള കൂറ് ഉറപ്പിക്കുന്ന പ്രതിജ്ഞ എടുക്കണമെന്നത് സ്വീകാര്യമാണ്. ജീവനക്കാരുടെ ഭാഗത്തു നിന്നുമുള്ള കൃത്യനിഷ്ഠ, മാന്യമായ വേഷവിധാനം, മറ്റുള്ളവരെ ബഹുമാനിക്കൽ, പൊതുജനങ്ങളോടുള്ള മാന്യമായ പെരുമാറ്റം എന്നിവയെല്ലാം സ്വീകാര്യമാണ്.

സെന്റർ ഫോർ ഗുഡ് ഗവേണൻസ് – കേരളത്തിന്റെ ഡിവിഷൻ ചീഫ് ഗസറ്റഡ് കാറ്റഗറി ഏത് സ്റ്റാറ്റസ് എന്ന് വ്യക്തമാക്കണം. ഡൊമൈൻ എക്സ്പെർട്ട് ഓപ്പൺ മാർക്കറ്റ് എന്നത് സുതാര്യമാകണം. കൂടാതെ പ്ലാനിങ് ഡിവിഷൻ, മാനേജ്മെന്റ് ഡിസിഷന്റെ ഭാഗമായി ഉൾപ്പെടുത്താം. മാസ്റ്റർ ഡാറ്റയുടെ സുരക്ഷയും സ്വകാര്യതയും ഉറപ്പാക്കണം. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ വെർചൽ ഓഫീസ്, ക്ലാസ് മുറികൾ എന്നിവയുടെ സാധ്യത ഉപയോഗപ്പെടുത്തണം.ഉദ്യോഗസ്ഥർക്ക് കൂടുതൽ യോഗ്യതകളും സർട്ടിഫിക്കറ്റുകളും നേടുന്നതിന് സർക്കാർ അവസരം നൽകണം. ട്രെയിനിംഗുകളും പെർഫോമൻസ് അപ്രൈസലുകളും തമ്മിൽ ബന്ധിപ്പിക്കാനുള്ള നിർദേശം, കൃത്യമായ കാരണങ്ങളാൽ പരിശീലനത്തിൽ ഉൾപ്പെടാൻ കഴിയാതെ പോകുന്നവർക്ക് ദോഷകരമാകാത്ത രീതിയിൽ വേണം നടപ്പാക്കേണ്ടത്.

KGOA സംസ്ഥാന കമ്മിറ്റി ഓഫീസ്, തിരുവനന്തപുരം

218

## സദ്ഭരണം - യോഗ്യത ചട്ടക്കൂടിന്റെ അനിവാര്യത (ARC റിപ്പോർട്ട്) പ്രതികരണം

സി.ജെ. ജോസഫ് പഠന ഗവേഷണകേന്ദ്രം

ഒരു ജോലി അല്ലെങ്കിൽ ഒരു പ്രവർത്തനം വിജയകരമായി നിർവഹിക്കാൻ ഒരു വ്യക്തിയെ പ്രാപ്തനാക്കുന്ന കഴിവുകൾ, അറിവ്, മനോഭാവം, പെരുമാറ്റങ്ങൾ എന്നിവയുടെ സംയോജനത്തെയാണ് 'കോമ്പിറ്റൻസി' (ശേഷി; പ്രാപ്തി/കഴിവ്) എന്ന പദം കൊണ്ട് പൊതുവെ വിവക്ഷിക്കുന്നത്.

- കാര്യക്ഷമമായ ഭരണ നിർവഹണത്തിന് സിവിൽ സർവീസിൽ പൊതുവിലും ഭരണതലത്തിലെ ഓരോ തസ്തികകളിലേക്കും പ്രത്യേകമായും ആവശ്യമായ കഴിവുകളും നൈപുണ്യങ്ങളും സംബന്ധിച്ചു ഘടനാപരമായ ഒരു യോഗ്യതാ ചട്ടക്കൂട് അത്യാവശ്യമാണ്.
- ഭരണത്തിന്റെ ഓരോ തലത്തിലും ജീവനക്കാരിൽ നിന്ന് പ്രതീക്ഷിക്കുന്ന പ്രകടന മികവിനെ വിശാലമായി വിവരിക്കുന്ന ഒരു മാതൃകയാണ് ശേഷികളെ സംബന്ധിക്കുന്ന ഈ യോഗ്യതാ ചട്ടക്കൂട് (Competancy framework).

1. ഓരോ വകുപ്പിലെയും തസ്തികകളുടെ ധർമവും അതനുസരിച്ചുള്ള ജോലി ഉള്ളടക്കവും, ചുമതലകളും കൃത്യമായി നിർവചിക്കപ്പെടണം. ആ തസ്തികയിൽ നിന്നും പ്രതീക്ഷിക്കുന്ന സേവന നിലവാരത്തെ അടിസ്ഥാനമാക്കി വ്യക്തമായ തൊഴിൽ വിവരണം തയ്യാറാക്കേണ്ടതുണ്ട്. അവയെ ആധാരമാക്കി തസ്തികകളുടെ യോഗ്യതയും, കഴിവുകൾ, ശേഷികൾ, നൈപുണ്യങ്ങൾ എന്നിവ സംബന്ധിച്ച പ്രകടന സൂചകങ്ങളും വ്യവസ്ഥ ചെയ്യണം. വ്യക്തമായ തൊഴിൽ വിവരണത്തിന്റെയും പ്രകടന സൂചകങ്ങളുടെയും അഭാവത്തിൽ, ചെയ്ത ജോലിയുടെ വിലയിരുത്തൽ വസ്തുനിഷ്ഠമായി അളക്കാൻ സാധിക്കില്ല.
2. ജീവനക്കാരുടെ പ്രകടനം ഉയർത്തുന്നതിനുള്ള കാര്യക്ഷമമായ ഒരു മാനേജ്മെന്റ് ഗൈഡ് എന്ന നിലയിലാവണം. യോഗ്യത ചട്ടക്കൂടിന്റെ രൂപപ്പെടുത്തൽ. ഒരു ജീവനക്കാരന്റെ വ്യക്തഗത കഴിവുകളെ ശേഷീതരവുമായി താരതമ്യം ചെയ്ത് പോരായ്മകൾ പരിഹരിക്കുന്നതിനും ശേഷീ നിലവാരം

ഉയർത്തുന്നതിനും ഉതകുന്ന തലത്തിലുള്ള പരിശീലന സംവിധാനം ഉണ്ടാവണം.

3. ജോലിയിൽ പ്രാപ്തമാക്കേണ്ട കഴിവ്, നൈപുണി എന്നിവ സംബന്ധിച്ച പ്രകടന സൂചകങ്ങളും, മാനദണ്ഡങ്ങളും വസ്തുനിഷ്ഠമായിരിക്കണം. യോഗ്യത ചട്ടക്കൂടിനകത്ത് ഇവയുടെ നിരന്തര നിരീക്ഷണസംവിധാനവും പോരായ്മകൾ പരിഹരിക്കലും ഉൾപ്പെടണം.
4. വ്യക്ത്യധിഷ്ഠിത കഴിവുകളിലും, ശേഷികളിലും സഹജമായ വ്യത്യാസങ്ങൾ ഉണ്ടാവുമെന്നതിനാൽ അടിസ്ഥാന ശേഷികളിൽ മുൻഗണന പുലർത്തുന്ന ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് അതത് കേഡറിലെ തല്പരമേഖലയിലെ തസ്തികകളിൽ ജോലി ചെയ്യാൻ അവസരമുണ്ടാകണം.
5. കേന്ദ്രീകൃതമായ ഒരു സംസ്ഥാന പരിശീലന പരിപാടിക്കു (ടമേലേ ഠൃമശിശിഴ ജഹമി) എല്ലാ വകുപ്പുകളുടെയും പരിശീലന പരിപാടികൾ ഏകോപിപ്പിക്കുന്നതിനു കമ്മീഷൻ ശുപാർശ ചെയ്യുന്നുണ്ട്. പരിശീലനത്തിനായി പൊതുവായി 2% ഫണ്ട് വകയിരുത്തേണ്ടതാണെന്നും വകുപ്പുകൾ ഈ ആവശ്യത്തിന് പ്രത്യേകം വകയിരുത്തൽ നടത്തേണ്ടതില്ലെന്നും നിർദ്ദേശമുണ്ട്. വിവിധ വകുപ്പുകളുടെ യോഗ്യത ചട്ടക്കൂടുകൾ തമ്മിൽ കാര്യമായ വ്യത്യാസങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാലും, ഓരോ വകുപ്പിലെയും ശേഷീ വികാസവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ വ്യത്യസ്തമാകുമെന്നതിനാലും പൊതു പരിശീലന പരിപാടിക്ക് കീഴിൽ വിശേഷാൽ പരിശീലനങ്ങൾക്കായി വകുപ്പ് തലത്തിലുള്ള ഫണ്ട് വകയിരുത്തലാണ് അഭികാമ്യമാവുക.

## Performance Management

- ജീവനക്കാരുടെ പ്രവർത്തനക്ഷമത ഉയർത്തുന്നതിന് പരിശീലനങ്ങൾക്കുള്ള പ്രാധാന്യം വേണ്ടത്ര കണക്കിലെടുക്കുന്നതിന് കഴിഞ്ഞിട്ടില്ല.
- പരിശീലനങ്ങൾക്കായുള്ള ഫണ്ടിന്റെ വകയിരുത്തൽ അപര്യാപ്തമാണ്.
- വകയിരുത്തിയ ഫണ്ട് ചിലവഴിക്കുന്നതിനപ്പുറം പരിശീലനങ്ങൾ ജീവനക്കാരുടെ പ്രവർത്തക്ഷമത ഉയർത്തുന്നതിന് സഹായകമാവുന്നില്ല.
- സംഘടിപ്പിക്കുന്ന പരിശീലനങ്ങൾ എന്നതിനപ്പുറം ഓരോ വിഭാഗത്തിലുള്ള ഉദ്യോഗസ്ഥരുടെയും ചുമതല കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് വളർത്തിയെടുക്കേണ്ട വ്യക്തിപരമായ നൈപുണികളും ശേഷിയും വളർത്തുന്നതിനോ ജീവനക്കാർ സേവനമനുഷ്ഠിക്കുന്ന സ്ഥാപനങ്ങൾ ഓരോന്നും സമൂഹത്തിന് നല്കേണ്ട സംഭാവനകളോ സേവനങ്ങളോ സംബന്ധിച്ച് വ്യക്തമായ ധാരണയില്ലാതെയാണ് പരിശീലനങ്ങൾ.
- പരിശീലനങ്ങൾ സംഘടിപ്പിക്കുന്ന സ്ഥാപനങ്ങളിലൂടെ കാര്യപ്രാപ്തി മെച്ചപ്പെടുത്തേണ്ടതുണ്ട്.
- പരിശീലനങ്ങൾ ശാസ്ത്രീയമായി രൂപകല്പന ചെയ്യുന്നതിന് പരിശീലനാവശ്യങ്ങൾ കൃത്യമായി കണ്ടെത്തണം. ഇതിന് ആവശ്യമായ വിദഗ്ധ പരിശീലനം സംഘടിപ്പിക്കുന്ന സ്ഥാപനങ്ങൾക്കില്ല.
- പരിശീലനാവശ്യങ്ങൾ കണ്ടെത്തുന്നതിന് (training needs assessment) ശാസ്ത്രീയമായ പഠനങ്ങൾ, വിശകലനങ്ങൾ ആവശ്യമാണ്.
- ഇവയൊന്നും ഇല്ലാതെ സാമ്പ്രദായികമായും യാന്ത്രികമായുമാണ് പരിശീലനങ്ങളുടെ പാഠ്യപദ്ധതി തയ്യാറാക്കുന്നത്.
- ഓരോ വിഭാഗം ജീവനക്കാർക്കും പരിശീലനം നൽകുന്നതിന് ബന്ധപ്പെട്ട വകുപ്പിൽ നിന്നും പരിശീലനത്തിന് നേതൃത്വം നൽകുന്നതിന് താൽപര്യവും അർപ്പണ മനോഭാവവും ഉള്ള പരിശീലകരെ കണ്ടെത്തി വിദഗ്ധ പരിശീലനം നൽകണം.
- പരിശീലനവുമായി ബന്ധപ്പെട്ട പരിശീലനാവശ്യങ്ങൾ കണ്ടെത്തൽ, (training needs assessment) പരിശീലനം രൂപകൽപ്പന ചെയ്യൽ (training design) പരിശീലന നിർവ്വഹണം (training implementation) പരിശീലന വിലയിരുത്തൽ (training evaluation) എന്നീ വ്യത്യസ്ത വിഷയമേഖലകളിൽ വൈദഗ്ധ്യം നേടിയവരായിരിക്കണം പരിശീലകരായി പ്രവർത്തിക്കേണ്ടത്.
- അതാത് വകുപ്പിൽ അനഭിമതരായവരെ തസ്തിക മാറ്റം വഴി നിയമിക്കേണ്ടതല്ല പരിശീലന സ്ഥാപനത്തിലെ നിയമനം.
- ജീവനക്കാരുടെ പ്രവർത്തനക്ഷമത ഉയർത്തുന്നതിനും പ്രവർത്തനക്ഷമത വിലയിരുത്തുന്നതിനും ആവശ്യമായ നിലവാരം എന്ത് (Performance standards) കൃത്യമായി നിർവ്വഹിക്കണം.
- ഓരോ തസ്തികയിലും സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരുടെ ചുമതലകൾ ഉത്തരവാദിത്തങ്ങൾ സംബന്ധിച്ച വ്യക്തത ഉണ്ടാകുന്നതിന് സഹായകമായ പ്രവർത്തന മാനുവൽ (functional manuel) തയ്യാറാക്കി പ്രസിദ്ധീകരിക്കണം.
- പ്രവർത്തന മാനുവലിൽ ഓരോ ചുമതലയും ഉത്തരവാദിത്തവും ഏത് നിലവാരത്തിൽ എത്ര മാത്രം: കാര്യക്ഷമതയോടെ നിർവ്വഹിക്കേണ്ടതുണ്ട് എന്നതു സംബന്ധിച്ച നിലവാരസൂചിക (performance standard and Bench making) തയ്യാറാക്കുകയും അവ കാലാനുസൃതമായി പുതുക്കുകയും വേണം.
- ഇത്തരം നിലവാരസൂചനകകൾ കൈവരിക്കുന്നതിന് സഹായകമായ വിധത്തിലായിരിക്കണം പരിശീലനങ്ങൽ രൂപകൽപ്പന ചെയ്ത് നടപ്പാക്കണം.

## Ethics & Civil service Code
## ധാർമികതയും പൊതു സേവന നിയമസംഹിതയും

1. പൊതുസേവനത്തിൽ ജീവനക്കാരുടെ പ്രവർത്തനങ്ങളും പെരുമാറ്റവും തീരുമാനങ്ങളും നിശ്ചിത മാനദണ്ഡങ്ങളുടെയും തത്വങ്ങളുടെയും മൂല്യങ്ങളുടെയും അടിസ്ഥാനത്തിലും അതിലുപരി ധാർമികതയിലും ആയിരിക്കണം എന്നത് സ്വീകാര്യമാണ്. ജീവനക്കാർ തമ്മിലും പൊതുജനങ്ങളോടും ഈ വിധമുള്ള ബന്ധത്തിന് ഓരോ സ്ഥിരതയും ആവശ്യമാണ് എന്നതും സ്വീകാര്യമാണ്.
2. ഏതൊരു ജീവനക്കാരന്റേയും പ്രവർത്തന ഫലവും തീരുമാനം എടുക്കലും സർക്കാരുകളുടെ നയങ്ങളുടെ പ്രതിഫലനമാകണം. ജീവനക്കാരുടെ ന്യായമായ പ്രതികരണവും നിഷ്പക്ഷതയും കാര്യക്ഷമതയും പൊതുജനങ്ങൾക്ക് സിവിൽ സർവീസിനോടും ജനാധിപത്യത്തോടും ഉള്ള വിശ്വാസം വർദ്ധിപ്പിക്കുന്നതാകണം എന്നത് സ്വീകാര്യമാണ്.
3. സർവീസിലെ നിലവിലെ പെരുമാറ്റച്ചട്ടം ആധുനിക കാലത്തിനു അനുസരിച്ചും സമൂഹം ആവശ്യപ്പെടുന്നതിന് അനുസരിച്ച് പരിഷ്ക്കരിക്കണം. കൂട്ടിച്ചേർക്കൽ - ഓരോ ഡിപ്പാർട്ട്മെന്റിന്റെയും പ്രവർത്തനങ്ങളും രീതിയും കണക്കിലെടുത്തുവേണം പരിഷ്ക്കരണം.
4. ആശയപരമായി അപെക്സ് വെലൽ, സെക്കന്റ് ലെവൽ, തേർഡ് ലെവൽ എന്നിങ്ങനെ മൂന്നു ലെവലിലായി തയ്യാറാക്കുന്ന comprehensive civil service code എന്നത് സ്വീകാര്യമാണ്.
5. ഇന്ത്യ ഗവൺമെന്റ് 2nd ARC യിൽ നിർദ്ദേശിച്ച ജീവനക്കാരുടെ code of ethics ൽ ഉൾപ്പെട്ട എല്ലാ തത്വങ്ങലും സ്വീകാര്യമാണ്.
6. കൃത്യമായ മൂല്യങ്ങൾ ജീവനക്കാർ അവരുടെ ജോലി നിർവഹണത്തിൽ പ്രകടമാക്കേണ്ടതാണ്. തുടർന്ന് അതിൽ പറയുന്ന എല്ലാ മൂല്യങ്ങളും സ്വീകാര്യമാണ്.

## Ethical Values

പൊതു ഉത്തരവാദിത്തം ഉയർത്തിപ്പിടിച്ചു നിഷ്പക്ഷമായി, പൊതു നിരീക്ഷണം ഉണ്ട് എന്ന ബോധ്യത്തോടെ പൊതു താല്പര്യം സംരക്ഷിക്കുന്ന തരത്തിൽ ജീവനക്കാരൻ പെരുമാറണം. സ്വകാര്യ താല്പര്യങ്ങളേക്കാൾ തീരുമാനം എടുക്കുമ്പോൾ സർക്കാരിന്റെ പ്രവർത്തനങ്ങളെ ദോഷമായി ബാധിക്കാത്ത പൊതുതാല്പര്യം ആയിരിക്കണം കണക്കിലെടുക്കേണ്ടത്. ഒരു തരത്തിലും തീരുമാനങ്ങൾ സാമ്പത്തിക ലാഭക്കണ്ണോടെ ആകരുത്. സർക്കാരിന്റെ യാതൊരുവിധ പ്രോപ്പർട്ടിയും ഔദ്യോഗിക ആവശ്യത്തിന് അല്ലാതെ പ്രത്യക്ഷമായോ പരോക്ഷമായോ ഉപയോഗിക്കുകയോ അതിനു അനിവാദിക്കുകയോ ചെയ്യരുത്. ഇവയെല്ലാം സ്വീകര്യമാണ്. ജീവനക്കാർ ഉചിതമായ ഘട്ടങ്ങളിൽ മേൽ ധാർമികതയും നീതിബോധവും ഊട്ടി ഉറപ്പിക്കുന്ന പ്രതിജ്ഞകൾ പുതുക്കുന്നതിനുള്ള അവസരം ഉണ്ടാകണം. പുതിയതായി സർവീസിൽ പ്രവേശിക്കുന്നവരും ഭരണഘടനയോടും നിലവിലെ നിയമങ്ങളോടും ഉള്ള കൂറ് ഉറപ്പിക്കുന്ന പ്രതിജ്ഞ എടുക്കണം എന്നത് സ്വീകാര്യമാണ്.

## Etiquette

ജീവനക്കാർ എങ്ങനെ ആയിരിക്കണം പെരുമാറേണ്ടത് എന്ന് വിശദമായി പറയുന്നു. കൃത്യനിഷ്ഠ, മാന്യമായ വേഷധാരണം, മറ്റുള്ളവരെ ബഹുമാനിക്കൽ, മുൻപിൽ വരുന്ന പൊതുജനത്തോട് മാന്യമായ പെരുമാറ്റം തുടങ്ങിയ എല്ലാം സ്വാകാര്യമാണ്.

## സെന്റർ ഫോർ ഗുഡ് ഗവേണൻസ് (CGG) - കേരളം

### നിർദ്ദേശം
### Division

1. ഡിവിഷൻ ചീഫ് സ്റ്റാറ്റസ് - ഗസറ്റഡ് കാറ്റഗറി ഏത് എന്ന് പറയണം.
2. ഡൊമൈൻ എക്സ്പെർട്ട് - ഓപ്പൺ മാർക്കറ്റ് - എന്നത് സുതാര്യം ആക്കണം.
3. ഡിവിഷൻ കൂടാതെ പ്ലാനിംഗ് ഡിവിഷൻ (മാനേജ്മെന്റ് divisin ന്റെ ഭാഗമായി ഉൾപ്പെടുത്താം)
4. മാസ്റ്റർ ഡാറ്റാ - സുരക്ഷയും സ്വകാര്യതയും ഉറപ്പുവരുത്തണം.

### ലൊക്കേഷൻ
### നിർദ്ദേശം

1. മിനിമം ഇൻഫ്രാസ്ട്രക്ചർ - ആധുനിക വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ വിർചൽ ഓഫീസ്, ക്ലാസ് മുറികൾ എന്നിവയുടെ സാധ്യത ഉപയോഗപ്പെടുത്തണം.

### ഓഡിറ്റ്

അംഗീകൃത സ്ഥാപനം ഓഡിറ്റ് നടത്തും എങ്കിലും അതിനു സർക്കാരിന്റെ മേൽനോട്ടവും അംഗീകാരവും ഉറപ്പ് വരുത്തണം.

### അധികനിർദ്ദേശങ്ങൾ

1. ഉദ്യോഗസ്ഥർക്ക് ഈവനിംഗ്/അവധി ദിന ക്ലാസുകളിലൂടെ കൂടുതൽ യോഗ്യതകളും സർട്ടിഫിക്കറ്റുകളും നേടുന്നതിന് സർക്കാർ കൂടുതൽ അവസരങ്ങൾ ഉണ്ടാക്കണം. ഇക്കാര്യത്തിൽ യൂണിവേഴ്സിറ്റികളുമായി ചേർന്ന് IMG യുടെ നേതൃത്വത്തിൽ പദ്ധതി തയ്യാറാക്കണം.
2. ട്രെയിനിംങ്ങുകളും പെർഫോമൻസ് അപ്രൈസലുകളും തമ്മിൽ ബന്ധിപ്പിക്കുന്നതിനു 9.4 നിർദ്ദേശമായി നൽകിയിട്ടുണ്ട്. ട്രെയിനിംഗ് നീഡ്

അസ്സസ്മെന്റ് നടത്തുന്നതിന് ഇത് സഹായകര മാണെങ്കിലും ഉദ്യോഗ കയറ്റത്തിനും മറ്റു ട്രെയി നിങ്ങുകൾ നിർബന്ധമാക്കുന്ന സ്ഥിതിയിലേക്ക് വന്നാൽ, ചില കാരണങ്ങൾ കൊണ്ട് പരിശീല നങ്ങളിൽ ഉൾപ്പെടാതെ പോകുന്നവർക്ക് പ്രൊ മോഷനും മറ്റും തടസം വരാനുള്ള സാദ്ധ്യതകൾ ഉണ്ട്. ഇത് പരിഗണിച്ചു വേണം നിർദ്ദേശം നടപ്പാ ക്കേണ്ടത്.

219

## സർക്കാർ ഇടപാടുകൾ പ്രൊഫഷണലിസത്തിലേക്ക് നീങ്ങണം

വിപിൻ കെ.എം.

ജോലിഭാരം അല്ലെങ്കിൽ ഭാരിച്ച ഉത്തരവാദിത്വം ഉള്ള തസ്തികകൾ ഏതൊക്കെയെന്ന് ഏതെങ്കിലും ഒരു ജില്ല അടിസ്ഥാനമാക്കി പഠനവിധേയമാക്കണം. വിവിധ തസ്തികകൾക്ക് ഉത്തരവാദിത്വം സർക്കാർത ലത്തിൽ തന്നെ നൽകുന്ന രീതിയിലേക്ക് കാര്യങ്ങൾ ക്രമീകരിക്കണം. പ്രധാനമായി ജനങ്ങളുമായി നേരിട്ട് ഇടപഴകുന്നത് വില്ലേജ് ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ വഴിയാണ്. ഈ ഓഫീസുകൾ കാര്യക്ഷമമാ ക്കുന്നതിന് ജോലിഭാരം സംബന്ധിച്ച പഠനം നടത്ത ണം.

പദ്ധതികളും അടങ്കൽ പ്രവർത്തനങ്ങളും വിലയി രുത്തുന്നതിനും അവലോകനം ചെയ്യുന്നതിനുള്ള തസ്തികകൾ ഓഫീസുകളിൽ ശക്തി വർദ്ധിപ്പി ക്കുകയാണ്. നിർവഹണ തലങ്ങളിലേക്ക് ആണ് സംവിധാനം ശക്തിപ്പെടുത്തേണ്ടത്. വിലയിരുത്തൽ, അവലോകനം നടത്തുന്ന ഉദ്യോഗസ്ഥർക്കും പദ്ധ തിയുടെ നടത്തിപ്പിൽ ബാധ്യത വരുന്ന രീതിയിൽ നടപടിക്രമങ്ങൾ വിഭാവനം ചെയുണം. ജനപ്രതിനി ധികൾക്കൊപ്പം ഒന്നോ രണ്ടോ പ്രധാന ഉദ്യോഗസ്ഥർ മാത്രം മതിയാകും.ഇത്തരം തസ്തികകളിലേക്ക് സ്ഥ ലംമാറ്റ അപേക്ഷകൾ ധാരാളം ലഭിക്കുന്ന അവസ്ഥ യുണ്ട്.

ഓഫീസുകളിലെ സേവനങ്ങൾ പൂർണ്ണമായി ഓൺലൈൻ വഴി ആക്കണം. ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് എന്തെങ്കിലും തടസ്സം വരുമ്പോൾ ആയത് ഫോൺ വഴി പരിഹരിക്കുന്നതിനുള്ള സംവി ധാനങ്ങളും ഹെൽപ് ലൈൻ വഴി ഏർപ്പെടുത്തണം. ഹെൽപ്ഡെസ്കിൽ ഫോൺ വഴി അന്വേഷണങ്ങൾ നടത്താൻ സൗകര്യം വേണം.

കേവലം ചെറിയ കാലയളവിലുള്ള പരിശീലന പരി പാടികൾക്കൊണ്ട് പ്രൊഫഷണൽ (ആരോഗ്യം / സാങ്കേതികം) വിഭാഗങ്ങൾക്ക് പുതിയ രീതികൾ പ്രാ യോഗികതലത്തിൽ നടപ്പിലാക്കുന്നതിന് പ്രയാസം ഉണ്ട്. പ്രശസ്തമായ സ്ഥാപനങ്ങളിൽ പരിശീലനം നൽകി, പ്രയോഗിക തലത്തിൽ എത്തിക്കുന്നതിനു ള്ള നടപടികൾ സ്വീകരിക്കണം.റോഡ് നിർമ്മാണ പ്രവർത്തിക്കും കെട്ടിട നിർമ്മാണ പ്രവർത്തിക്കും പ്രീ ഫാബ്രിക്കേറ്റഡ് സാങ്കേതികവിദ്യകൾ നിർബന്ധമാ യി നടപ്പിലാക്കണം.

വർഷാവർഷം പദ്ധതി പണം ചെലവാക്കുന്നതിന്, ശതമാന കണക്കിൽ പ്രാധാന്യം നൽകുന്നതിന് പകരം പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിൽ കേന്ദ്രീക രിച്ച് പദ്ധതി ചെലവിനോടൊപ്പം പദ്ധതിയുടെ ഗുണ മേൻമയ്ക്കും പ്രാധാന്യം നൽകുന്ന രീതി ഉണ്ടാകണം. വേറിട്ട മാതൃകാ പദ്ധതികൾ പ്രോത്സാഹിപ്പിക്കണം. ടേക്ക് എ ബ്രേക്ക് ഷെൽട്ടർ പോലെയുള്ള പദ്ധതിക ൾ ഉദാഹരണം.

പ്രധാന ചട്ടങ്ങൾ ലളിതമായ ഭാഷയിൽ പ്രചരിപ്പി ക്കണം. പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള സമയം കുറക്കാൻ സാധിക്കും. ഇതിനായി അതത് സ്ഥാപനങ്ങളിലെ ബോർഡുകൾ പ്രയോജനപ്പെടു ത്താവുന്നതാണ്.

എത്രയൊക്കെ ശ്രമം നടത്തിയിട്ടും ഇപ്പോഴും ഭരണ സിരാകേന്ദ്രത്തിൽ ഉൾപ്പെടെ പല ഫയലുകളും നിരവധി ഉദ്യോഗസ്ഥരാണ് കാണുന്നത്. ഇത് കുറ ച്ചില്ലെങ്കിൽ ഭരണനിർവഹണം കാര്യക്ഷമം ആവില്ല . ഇതിനായി ചട്ടങ്ങൾ മാറ്റേണ്ടതുണ്ടെങ്കിൽ ആയതു കൂടി പരിശോധിക്കണം.

കാര്യക്ഷമത വർധിപ്പിക്കുന്നതിന്റെ ഭാഗമായി സ്വയം വിലയിരുത്തുന്നതിനുള്ള ഓൺലൈൻ ടെസ്റ്റുകൾ നിശ്ചിത കാലയളവുകളിൽ ഉണ്ടാകണം. ആയതു പ്രൊമോഷന്റെ ഭാഗമാക്കണം.

ഏറ്റവും നല്ല മാനുഷിക വിഭവശേഷിയാണ് പി എസ് സി വഴി ലഭിക്കുന്നത്. ആ മാനുഷിക വിഭവ ശേഷിയെ കാലഘട്ടത്തിനനുസരിച്ച് വാർത്തെടുത്താ ൽ കൺസൾട്ടൻസികളുടെ ആവശ്യമേ വരുന്നില്ല. പ്രൊഫഷണലുകൾക്കും ഗവേഷകർക്കും വേണ്ട പ്രാ ധാന്യം നൽകണം. നിലവിൽ താരതമ്യേന പ്രാധാന്യം കുറവായിട്ടാണ് കാണുന്നത്. ക്ലറിക്കലിസം അളവ് വകുപ്പുകളിൽ വളരെ കൂടുതലാണ്. ക്ലറിക്കലിസത്തി ൽ നിന്ന് പ്രൊഫഷണലിസത്തിലേക്ക് കാര്യങ്ങൾ നീങ്ങണം.

തദ്ദേശ എഞ്ചിനീയറിങ് വിഭാഗം

220

## Capacity Building

1. CECell

   Started in institutions of Technical Education to upgrade skill knowledge to the public using available infrastructure during off times. Consultancy works under taken by the institutions are also managed through this scheme. The income generated was utilized for the development of the college and part of the profit was credited to CCEK. But now the process has been centralized and colleges are unable to design their own courses . The courses are done by different private agencies and CCEK activities have been diverted from the the main objective. They have started an Engineering College at Moonnar which is not at all beneficial for both the society and CCEK. An IAS academy a fashion designing institute are also functioning under CCEK.
2. BoSch Service Centre : Industry ready laboratories were set by BoSCH at GPC Kalamasseri and CET Trivandrum. Students get real industrial exposure. Students are given internships at these labs. The faculty members were trained by the company, became master trainers and they train the staff as well as the students. Institution provided only the space for institution.
3. Meenangadi : GPC Meenangadi under took a project of the District administration and established solar lighting system for the ST colonies of the district where KSEB did not have any access.
4. Prison : Many instituions are joining with the Dept of Prison to train the inmates
5. Thru NSS Asset survey : NSS volunteers have conducted asset survey of the state during 2004-05 in collaboration with the local bodies.
6. Punarjini : A project by the NSS Technical Cell to repair assets of Government instituions. They started with Government hospital and later Punarjini was conducted at their own institutions.
7. Office of GPC Palakkad : They computerized the record room and converted the office to digital.
8. CDTP : Started as a purely Central Govt project to impart skill to the marginalized public thru polytechnic. Now State Government is also supporting with equal share as that of the central share. The fund flow is not so smooth due to so many technical reasons.
9. UKEIRI – A project by the MHRD in collaboration with UK Government. Three institutions GPC Kannur, GPC Palakkad, GWPC Thrissur were selected for collaboration from our state. Our staff members were trained and a new system was developed in the se institutions. Leadership training were given to faculty members of other institution also. The UK professionals were leading the training.
10. VELT : A project by MHRD and Australian Govt. Three faculty members were given training under the scheme.
11. PAT : Production and training centres were established in two Polytecnics. GWPC Kozhikode and GPC Perumbavur with the help of state Govt. Products manufactured by the students and given to Govt instituions. Students were given stipend also.
12. IOC : Small industrial units were set up in polytechnics in collaboration with industries. During free students work in these units and the products are returned to

the industry. Students are able to earn while learning.

13. Material Testing Centres : Material testing centres are established mainly under the Civil Engineering Department of institutions.

14. IIIC : An AICTE funded project established in KGPC Kozhikode and GPC Kalamasseri for strengthening industry institute interaction

221

## കാര്യശേഷി വികസനം (Capacity Building)

ശേഷി വികസനം എന്നത് ലക്ഷ്യം നിറവേറ്റാൻ ഉള്ള കഴിവും സംവിധാനവും ഒരുക്കലാണ്. ആഗോളവൽക്കരണനയങ്ങൾക്ക് ബദലായി ജനകീയാസൂത്രണ പദ്ധതി നടപ്പാക്കാൻ കേരളത്തിൽ ഇടതുപക്ഷ സർക്കാരിന് കഴിഞ്ഞു. പ്രാദേശിക സർക്കാരുകളെ ശക്തിപ്പെടുത്തി നവകേരളം ലക്ഷ്യമാക്കിയുള്ള ബദൽ നയങ്ങൾ നടപ്പാക്കുകയാണ് കേരളത്തിൽ.ഈ ലക്ഷ്യം പൂർത്തീകരിക്കാൻ കേവലം പരിശീലനത്തിനപ്പുറം ബദൽ നയങ്ങൾക്കനുസരിച്ച് ജീവനക്കാരെ പ്രാപ്തരാക്കണം. ജനകീയ സിവിൽ സർവീസ് ലക്ഷ്യമിട്ട് മാതൃകകൾ സൃഷ്ടിക്കണം. ജീവനക്കാരുടെ അറിവ്, നൈപുണി, അഭിരുചി എന്നിവയോടൊപ്പം ശരിയായ പെരുമാറ്റരീതി (behavioural changes) കൂടി ലക്ഷ്യമിടണം. പരിശീലനത്തിന്റെ നീതിശാസ്ത്രം (pedagogy) കാര്യമായി പരിഷ്കരിക്കണം. സംസ്ഥാനത്തിന്റെ വികസനത്തിന് ആക്കം കൂട്ടാൻ 1956ന് ശേഷം രൂപീകരിക്കപ്പെട്ട നാല് ഭരണപരിഷ്കരണ കമ്മീഷനുകളും ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടുകളും സിവിൽസർവീസിന്റെ ശേഷി വികസിപ്പിക്കുന്നതിനുള്ള ഒട്ടേറെ നിർദേശങ്ങൾ മുന്നോട്ടു വച്ചിട്ടുണ്ട്.

കാലങ്ങളായി നിലവിലുള്ള സിവിൽസർവീസ് വേഗത കുറഞ്ഞതും ഫലപ്രാപ്തിയിൽ ശ്രദ്ധിക്കാത്തതും, പ്രക്രിയകളിൽ കുടുങ്ങി കിടക്കുന്നതും, ഉദ്യോഗസ്ഥ മേധാവിത്വ വിധേയമായതും, ശ്രേണീബദ്ധമായ മാറ്റങ്ങളെ ഉൾക്കൊള്ളാൻ മടിക്കുന്നതുമാണ്. കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് വേഗത്തിൽ പ്രതികരിക്കാൻ സർക്കാരിനെ പ്രാപ്തമാക്കുന്നതല്ല നിലവിലെ സിവിൽ സർവീസ്.

സിവിൽ സർവീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിവിധയിനം പരിശീലന പരിപാടികൾ വിവിധ വകുപ്പുകൾ ആവിഷ്കരിച്ചു നടപ്പാക്കി വരുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ കീഴിൽ ഉള്ള മുഖ്യ പരിശീലന സ്ഥാപനങ്ങളായ IMG, KILA ഉൾപ്പെടെയുള്ളവ ഈ പ്രവർത്തനങ്ങൾ നിർവഹിക്കുന്നു. വകുപ്പുകളുടെ കാര്യക്ഷമത, ജീവനക്കാരുടെ ശേഷി വികസനം, കാലഘട്ടത്തിനനുസരിച്ച് വരുത്തേണ്ട മാറ്റങ്ങൾ തുടങ്ങി വിവിധ വിഷയങ്ങൾ പരിഗണിച്ചാണ് പരിശീലന പരിപാടികൾ നടപ്പാക്കി വരുന്നത്. സംസ്ഥാനത്തിന്റെ ദീർഘകാലത്തെ ലക്ഷ്യം ആയിരുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് യാഥാർത്ഥ്യമാക്കിയത് ഭരണനിർവ്വഹണത്തിൽ ഒരു പ്രധാന നാഴികക്കല്ലാണ്.

KAS ലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്കുള്ള പരിശീലനം, വിവിധ വകുപ്പുകളിലെ മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന ജീവനക്കാർക്ക് വകുപ്പുകൾ ഏർപ്പെടുത്തിയിട്ടുള്ള അംഗീകാരങ്ങൾ, വകുപ്പുകൾ സ്വന്തം നിലയിൽ തയ്യാറാക്കിയ പരിശീലന കേന്ദ്രങ്ങൾ തുടങ്ങിയവ ശേഷി വികസനത്തിലൂടെ മികച്ച ഭരണനിർവഹണം നടത്തുന്നതിനുള്ള എടുത്തുപറയാവുന്ന ഇടപെടലുകളാണ്. സോഷ്യൽ ഓഡിറ്റിങ്ങും പൗരാവകാശരേഖയും ഇതിലുൾപ്പെടുന്നു.

കേരള സിവിൽ സർവീസിൽ 93 വകുപ്പുകൾ ആണുള്ളത്. ഈ വകുപ്പുകളിലെ വിവിധ തസ്തികകളിലായി അഞ്ചരലക്ഷത്തോളം ജീവനക്കാരും അധ്യാപകരും ജോലിചെയ്യുന്നു. എയ്ഡഡ് മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാരും ഇതിലുൾപ്പെടുന്നു. സർക്കാർ ജീവനക്കാരെ നിയമിക്കുന്നത് പൊതു പരീക്ഷയുടെ അടിസ്ഥാനത്തിൽ/ ആശ്രിതനിയമനം/ മറ്റു പ്രത്യേകനിയമനം/എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ മുഖേനയാണ്. നിയമനത്തിനു വേണ്ടിയുള്ള പരീക്ഷക്ക് തയ്യാറാക്കുന്ന സിലബസുമായി ഒരു ബന്ധവും ജോലി ലഭിച്ച ശേഷം ചെയ്യുന്ന പ്രവർത്തികളിൽ ഉണ്ടാകാറില്ല. ചെയ്യേണ്ടുന്ന ജോലിയെ സംബന്ധിച്ചുള്ള അറിവില്ലായ്മ, ജോലിയിൽ പ്രവേശിക്കുന്നതു മുതൽ വിരമിക്കുന്നതുവരെ പ്രത്യേകിച്ച് ജോലി സ്വഭാവത്തിൽ മാറ്റം വരുമ്പോൾ ഉൾപ്പെടെ പരിശീലനം കൃത്യസമയത്ത് നൽകാത്തത്, പരിശീലനങ്ങൾ വർഷാവസാനത്തിൽ ഫണ്ട് ചെലവഴിക്കുന്നതിനായി മാത്രം കാണുന്നത്, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതകുറവ്, ഇ-ഗവേണൻസ് സംബന്ധിച്ച് ജീവനക്കാർക്ക് ധാരണയില്ലാത്തത്, ആധുനിക സാങ്കേതികവിദ്യ സംബന്ധിച്ച് പരിശീലനം ലഭിക്കാത്തത്, ജീ

വനക്കാരുടെ ഉത്തരവാദിത്വം ചുമതലകൾ എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ധാരണയില്ലാത്തത് എന്നതെല്ലാം പ്രശ്നങ്ങളായി നിൽക്കുന്നു

ജീവനക്കാർ ജോലിയിലേക്ക് പ്രവേശിക്കുന്ന സമയത്ത് തന്നെ ബോധന പരിശീലനവും ഘട്ട പരിശീലനവും നടത്തണം. ഇവ കൂടാതെ കേരളത്തിലെ പരിശീലന സ്ഥാപനങ്ങളിൽ വിഷയാടിസ്ഥാനത്തിൽ പ്രത്യേക പരിശീലനം,നവീകരണ സാധ്യതകൾ,പ്രശ്നപരിഹാര പരിശീലനം, എന്നിവയെല്ലാം ആവശ്യാനുസരണം നടത്തേണ്ടതുണ്ട്. വകുപ്പ് തലവൻ മുതൽ ഓഫീസ് അറ്റൻഡന്റ് വരെയുള്ള ജീവനക്കാർക്ക് നിരന്തര പരിശീലനം നൽകേണ്ടതാണ്.

പരിശീലനവുമായി ബന്ധപ്പെട്ട പരിശീലന ആവശ്യങ്ങൾ കണ്ടെത്തൽ (training need assessment) പരിശീലനം രൂപകല്പന ചെയ്യൽ (training design) പരിശീലനം നിർവ്വഹണം (training implementation) പരിശീലന വിലയിരുത്തൽ (training evaluation) എന്നിങ്ങനെ വ്യത്യസ്ത മേഖലകളിൽ വൈദഗ്ധ്യം നേടിയവരായിരിക്കണം പരിശീലകരായി പ്രവർത്തിക്കേണ്ടത്. പരിശീലനത്തിനായി ഓരോ വകുപ്പും പദ്ധതി വിഹിതത്തിൽ നിന്ന് പണം നീക്കിവെക്കണം. മുഴുവൻ വകുപ്പുകളിലും നിലവിലുള്ള എല്ലാ തസ്തികകളിലും സ്പെഷൽ റൂൾ രൂപീകരിക്കണം. വകുപ്പുതല മാന്വലുകളും അവയുടെ കാലാനുസൃത പരിഷ്കരണവും നടക്കണം.വിവിധ തലത്തിലുള്ള പരിശോധനകളും നിരന്തരം നടത്തണം

ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി സമയബന്ധിതമായും കാര്യക്ഷമമായും ഫലപ്രദമായും ജീവനക്കാർക്ക് സിവിൽ സർവീസിൽ ഇടപെടാൻ കഴിയും. സർക്കാർ മുന്നോട്ടുവയ്ക്കുന്ന വികസന ക്ഷേമ മേഖലകളിലെ ജനപക്ഷ ബദലുകൾ അന്തിമ ഗുണഭോക്താവിലേയ്ക്ക് കാര്യക്ഷമമായി എത്തിക്കാൻ കഴിയും.